
ഭാഷാകവിത

അഥവാ

പദ്യസാഹിത്യം

ഗ്രന്ഥകർത്താ

വിദ്വാൻ, ടി. എം. ചുമ്മാർ



ഭാഷാകവിത

അഥവാ

പദ്യസാഹിത്യം

Approved by
The Text Book Committees of Madras, Cochin and Travancore
and prescribed as a Text Book by the Madras University.



ഗ്രന്ഥകർത്താ

വിദ്വാൻ, ടി. എം. ചുമ്മാർ

വില 1—8—0

Revised Second Edition

‘തൃച്ചേവടിപ്പൊടി തങ്ങും നിലത്താക്കി
താഴ്ത്തുക താഴ്ത്തുകെന്നെൻതലയെ
തോരാതകണ്ണീരൊഴുക്കിയൊഴുക്കുക
തീരെ ഞാൻ തേടുമഹംകൃതിയെ’

ഗീതാഞ്ജലി

Printed at
The Little Flower Press, Thevara,
1941—1116

വിഷയാനുക്രമണിക

അവതാരിക

വിദ്വാൻ, ററി. എം. ചുമ്മാർ രചിച്ച "ഭാഷാകവിത" എന്ന ഭാഷാപദ്യസാഹിത്യചരിത്രഗ്രന്ഥത്തിന്റെ രണ്ടാംപതിപ്പാണു സഹൃദയസമക്ഷം ഇപ്പോൾ അവതീൎണ്ണമാകുന്നതു്. ഒന്നാംപതിപ്പിൽ ഉൾപ്പെടുത്തുവാൻ സാധിക്കാതെപോയ ചില വിഷയങ്ങൾകൂടി ഗ്രന്ഥകാരൻ ഇതിൽ ചേൎക്കുകയും, ഗ്രന്ഥത്തിന് ആകപ്പാടെ ഒരു ക്രമീകരണം വരുത്തുകയും ചെയ്തിട്ടുണ്ടു്. പാരാവാരംപോലെ പരന്നുകിടക്കുന്ന ഭാഷാപദ്യസാഹിത്യത്തിന്റെ എല്ലാമുഖങ്ങളെയും വിവരിക്കുന്നതിനു മി. ചുമ്മാർ ശ്രമിച്ചിട്ടില്ലെങ്കിൽ, അവശ്യം വക്തവ്യങ്ങളായ അംശങ്ങളിൽ ഒന്നും ഒഴിച്ചിട്ടുമില്ല. രാമചരിതകാരൻമുതൽ ചങ്ങമ്പുഴ കൃഷ്ണപിള്ളവരെയുള്ള കേരളീയകവികളെപ്പററിയെല്ലാം പ്രസ്തുതഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്നു.

പദ്യസാഹിത്യത്തെപ്പററി സ്ഥൂലമായും എന്നാൽ അന്യൂനമായും ഉള്ള ഒരു ജ്ഞാ

നം അനുവാചകന്മാൎക്ക് ഇതിൽനിന്ന് അനായാസേന ലഭ്യമാകുന്നതാണ്. അതിൽ കൂടുതലായി ഗ്രന്ഥകാരനു വിവക്ഷയുമില്ല. ചില പ്രസ്താവനകളെപ്പററി ചില വായനക്കാൎക്ക് അഭിപ്രായഭേദമുണ്ടാകാം; അതു് ഇത്തരത്തിലുള്ള പുസ്തകങ്ങളുടെ വിഷയത്തിൽ സൎവ്വസാധാരണവുമാണ്. ചുരുക്കത്തിൽ പറയുകയാണെങ്കിൽ ശ്രീമതി ലളിതാംബിക അന്തൎജ്ജനം പ്രസ്താവിച്ചിട്ടുള്ളതുപോലെ, "കേരളകവിതാസമുച്ചയത്തിന്റെ സാരസൎവ്വസ്വം പിഴിഞ്ഞെടുത്തു് ഒരു കൈക്കുമ്പിളിലാക്കിത്തരുമ്പോൾ അതെങ്ങനെയാസ്വദിച്ചു രസിക്കാതെയിരിക്കും? ഗ്രന്ഥത്തിന്റെ സമ്പാദകനെ അഭിനന്ദിച്ചു് അനുഗ്രഹിക്കാതെയിരിക്കും?" എന്ന് ഓരോ ഭാഷാഭിമാനിയും ഇതു വായിക്കുമ്പോൾ തന്റെ ഹൃദയത്തോടു ചോദിക്കാതെയിരിക്കുകയില്ല. ഈമാതിരി ഒരു പുസ്തകം പ്രസിദ്ധീകരിക്കുവാൻ എത്രമാത്രം പ്രയാസമുണ്ടെന്നുള്ളതു് ആ കാന്താരത്തിൽക്കൂടി സഞ്ചരിച്ചിട്ടുള്ളവൎക്കേ അറിഞ്ഞുകൂടൂ.

എത്രനിലയ്ക്കു നോക്കിയാലും ഏററവും ശ്ലാഘനീയമായ ഈ സദ്വ്യവസായത്തിൽ ഉ

ത്തിമാനായ ഈ യുവാവിനു ഞാൻ ഉത്ക
ർഷത്തിനു് ആശീർവ്വാദം ചെയ്തുകൊള്ളുന്നു. കേര
ളീയർക്കു് അനുകരണം ആനന്ദപ്രദമായിത്തീര
വാൻ അർഹതയുള്ള “രാധാകവിത”യ്ക്കു് ഇ
നിയും അനേകം പതിപ്പുകൾ ഉണ്ടാകുന്നതി
നും, ഓരോ പതിപ്പും അതിനു മുമ്പുള്ളതിനെ
അതിശയിക്കുന്നതിനും ഇടവരട്ടെ എന്നുള്ള
ഹൃദയംഗമമായ പ്രാർത്ഥനയോടുകൂടി തൽക്കാ
ലം വിരമിക്കുന്നു.



തിരുവനന്തപുരം, }
9—7—'41. } ഉള്ളൂർ

പ്രസ്താവന

ഈ പുസ്തകത്തിന്റെ ഒന്നാംപതിപ്പിനെപ്പററി ഞാൻ ചെയ്തിരുന്ന പ്രസ്താവനകൾതന്നെ ഈ പതിപ്പിന്നും ബാധകമാകയാൽ അതിവിടെ ആവർത്തിച്ചുകൊള്ളട്ടെ.

“മലയാളത്തിലെ മണിപ്രവാളകവിത' എന്ന നാമധേയത്തിൽ ഒരു ലേഖനപരമ്പര ‘ധർമ്മരാജ്യം” എന്ന പത്രത്തിൽ ഞാൻ പ്രസിദ്ധപ്പെടുത്തിവന്നിരുന്നു. പല കാരണങ്ങളെക്കൊണ്ടും അതു മുഴുവനാക്കുവാൻ കഴിഞ്ഞില്ല. ഇപ്പോൾ അതു പൂർത്തിയാക്കി കുറച്ചുരൂപഭേദത്തോടും നാമഭേദത്തോടുംകൂടി പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നതാണ് ഈ കൃതി. ഈദൃശമായ ഒരു സാഹിത്യഗ്രന്ഥം പ്രസിദ്ധപ്പെടുത്തുവാനുള്ള യോഗ്യത, എനിക്കുണ്ടെന്ന് ഞാൻ ലവലേശം അഭിമാനിക്കുന്നില്ല. കേരളീയമഹാകവികളിൽ പലരുടെയും കൃതികൾ പാരായണംചെയ്ത അവസരങ്ങളിൽ, അവയിൽ ചിലഭാഗങ്ങൾ അതിയായ ആസ്വാദ്യതയുള്ളതായി എനിക്കു തോന്നിയിരുന്നു. പ്രസ്തുതഭാഗങ്ങളെ വെളിപ്പെടുത്തുന്നതു്, സാഹിത്യകാരന്മാരുടെ പരമോദ്ദേശ്യത്തെ സഫലീഭൂതമാക്കുവാൻ അല്പമെങ്കിലും സഹായിക്കുന്നതായിരിക്കുമെന്ന് ആ അവസരങ്ങളിൽ ഞാൻ വിചാരിക്കാതിരുന്നില്ല. ആ ഒരു വിചാരത്തിന്റെ ഫലമായിട്ടാണ് ഇപ്പോൾ “ഭാഷാകവിത” ആവിർഭവിക്കുന്നതു്.

‘പ്രാജ്ഞന്മാരുടെ കൃതികളെപ്പററി ചിന്തിക്കുന്ന മൂഢന്മാരാണ് നിരൂപകന്മാർ’ എന്ന് കാർലൈൽ എന്ന പണ്ഡിതൻ പ്രസ്താവിച്ചിട്ടുള്ളതായി കേട്ടിട്ടുണ്ട്. അതു് ഏറെക്കുറെ പരമാർത്ഥമായിരിക്കാം. എന്നാൽ, കാവ്യപാരായണാവസരത്തിൽ ഒരു ഭാവുകൻ ഏതൊരു വികാരത്തെ പ്രാപിച്ചുവോ, അതിനെ പരോപകാരാർത്ഥം പ്രകാശിപ്പിക്കുവാൻവേണ്ടി നിഷ്പക്ഷബുദ്ധ്യാ കാവ്യത്തെ വിമർശിക്കുന്നതു് അത്രതന്നെ മൂഢതാപ്രമാണമെന്നു തോന്നുന്നില്ല. നേരെമറിച്ച്, സാഹിത്യത്തിന്റെ പരമപ്രയോജനത്തെ വർദ്ധിപ്പിക്കുവാൻ

അതു് [illegible] ഉപകരിക്കാതിരിക്കയില്ലെന്നാണെന്റെ [illegible] വിനീതമായ അഭിപ്രായം. പ്രസ്തുതകൃതി, ഒരു സാഹിത്യപ്രസ്ഥാനചരിത്രമാകേണമെന്ന ലേഖകന്നുദ്ദേശമു ദ്ദേശിക്കുന്നതല്ല. ഭാഷാസാഹിത്യത്തിലെ ഓരോ പ്രസ്ഥാനത്തെയും കാലാനുക്രമം അനുസരിച്ചു് പ്രതിപാദിക്കാൻ ഇതിൽ കഴിയുന്നതും ശ്രമിച്ചിട്ടുണ്ട്. പ്രതിപാദനസൗകര്യം പ്രധാനമായി പരിഗണിക്കയാൽ ഇപ്രകാരത്തിന് ചിലേടത്ത് അല്പം ചില വ്യതിയാനങ്ങൾ വരാതെ കഴിച്ചിട്ടില്ലാതില്ല. ഓരോ പ്രസ്ഥാനത്തെയുംപറ്റി വിവരിച്ചിട്ടുള്ള സന്ദർഭങ്ങളിൽ ചില കവികളെയും കൃതികളെയുംപറ്റി് ഇനിയും പ്രസ്താവിക്കേണ്ടതായിട്ടുണ്ടായിരിക്കാം; ചില പ്രസ്ഥാനങ്ങളെപ്പറ്റി് കൂടുതൽ വിവരിക്കേണ്ടതായിട്ടുണ്ടായിരിക്കാം. [illegible] അപ്രകാരം ചെയ്യാതിരുന്നിട്ടുള്ളതാണ്. [illegible] ഈ വിഷയത്തിൽ അഭിപ്രായവ്യത്യാസം ഉണ്ടാകാൻ പാടില്ലായ്കയില്ല."

[illegible], ആകൃതിയിലും പ്രകൃതിയിലും ഈ പതിപ്പിനു സാരമായ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. സഹൃദയന്മാർക്കു കൂടുതൽ സ്വീകാര്യമായിരിക്കുമെന്നാണ് എന്റെ പ്രതീക്ഷ. കഴിഞ്ഞ പതിപ്പിൽ ചേർക്കാതെപോയിരുന്ന പുതിയ ചില വിഷയങ്ങൾകൂടി ഇതിലുൾക്കൊള്ളിച്ചിട്ടുമുണ്ട്. ഗ്രന്ഥത്തിന്റെ ആകെപ്പാടെ ഒരു പുനഃക്രമീകരണവും [illegible] ചെയ്തിട്ടുള്ളതാണ് ഈ [illegible]. ഭാഷാസാഹിത്യത്തിലെ സകലകൃതികളെയും കവികളെയുംപറ്റി പ്രതിപാദിച്ചുകഴിഞ്ഞുവെന്ന് ഞാൻ അവകാശപ്പെടുന്നില്ല. എന്നാൽ ഭാഷാകവിതയിലെ ഓരോ ശാഖകളിലും, പ്രസ്ഥാനങ്ങളിലുമുള്ള [illegible] നിൽക്കുന്ന കാര്യങ്ങളെക്കുറിച്ചും സമഗ്രമായ ഒരു [illegible] ഇതിൽ ശ്രമിച്ചിട്ടുണ്ട്. സകലവിധ [illegible] ഒരു 'സമഗ്രമായ' [illegible] ലോകത്തിന് [illegible] പ്രസംഗങ്ങളും [illegible]

മായിട്ടാണല്ലൊ അനുഭവപ്പെടുന്നതു്. ആ സംഗതിയിലും ഗ്രന്ഥകാരൻ ഈ പതിപ്പിൽ ശ്രദ്ധിച്ചിട്ടുണ്ടെന്നു വായനക്കാർക്കു കാണാവുന്നതാണു്.

ഈ പുതിയ പതിപ്പിനു സമുചിതമായ ഒരവതാരിക എത്ര സുപ്രവേശം എഴുതിത്തന്നു്, ഗ്രന്ഥത്തെയും ഗ്രന്ഥകാരനേയും ഹൃദയപൂർവ്വം അനുഗ്രഹിച്ചിട്ടുള്ള സാക്ഷാൽ കേരളസാഹിത്യസാർവ്വഭൌമൻ, മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യർ എം. ഏ. ബി. എൽ. അവർകളുടെ സൌമനസ്യത്തിനും കാരുണ്യത്തിനും കൃതജ്ഞത പ്രകാശിപ്പിക്കുവാൻ ഈ ഗ്രന്ഥകാരൻ ശക്തനാകുന്നില്ല. അരശ്ശതാബ്ദത്തിലധികം കാലമായി അനന്യസുലഭമായി കൈരളിയുടെ സർവ്വതോമുഖമായ അഭിവൃദ്ധിക്കായി സർവ്വാത്മനാ യത്നിച്ചുകൊണ്ടിരിക്കുന്ന ഈ മഹാപുരുഷന്റെ മഹാമനസ്കതയ്ക്കു വിധേയമായ എന്റെ കൂപ്പുകൈമാത്രമേ പ്രതിനന്ദിയായി അർപ്പിക്കുവാനുള്ളു. ഭാഷാചരിത്രവിഷയകമായ മഹാകവിയുടെ ചില അഭിപ്രായങ്ങളോടു ഗ്രന്ഥകാരൻ വിയോജിച്ചിട്ടുണ്ടെങ്കിലും, ആ വിഷയത്തിൽ മഹാനായ അദ്ദേഹം ചെയ്തുകൊണ്ടിരിക്കുന്ന വിപുലമായ ഗവേഷണങ്ങളും സേവനങ്ങളും ഈ ഗ്രന്ഥരചനയിൽ എനിക്കു് അത്യധികം ഉപകരിച്ചിട്ടുണ്ടെന്നുള്ള വസ്തുത കൃതജ്ഞതാപുരസ്സരം ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

ആദ്യപതിപ്പിനു് അവതാരിക, ആമുഖം, അഭിപ്രായം മുതലായവ എഴുതി, എന്നെയും, എന്റെ കൃതിയെയും അനുഗ്രഹിച്ചിട്ടുള്ള പണ്ഡിതവര്യന്മാരെ ഞാൻ ഈ അവസരത്തിലും ആദരപൂർവ്വം അനുസ്മരിക്കതന്നെ ചെയ്യുന്നു. ആ മഹാനുഭാവന്മാരുടെ പ്രസ്താവനകളിൽ ചില ഭാഗങ്ങൾ കൃതജ്ഞതയോടുകൂടി ഈ പതിപ്പിൽ എടുത്തുചേർത്തിട്ടുണ്ടു്. സുപ്രസിദ്ധസാഹിത്യകാരന്മാരായ എന്റെ ചില മാന്യസുഹൃത്തുക്കളുടെ ഗണ്യമായ സഹായവും ഇതിന്റെ പുനഃപ്രകാശനത്തിൽ എനിക്കു ലഭിച്ചിട്ടുണ്ടെന്നുള്ള വസ്തുതയും വിസ്മരണീയമല്ല. ആ ഗുണകാംക്ഷികളോടു് എനിക്കുള്ള കടപ്പാടു് അവാച്യമത്രെ.

ഈ ഗ്രന്ഥത്തിന്റെ മുദ്രണം സംബന്ധിച്ച സകല ചെലവു കളും തല്ക്കാലത്തേയ്ക്കു വഹിച്ചിട്ടുള്ള ദേവര ചെറുപുഷ്പമുദ്രാലയ ഭാരവാഹികളുടെ ഔദാര്യത്തിന് ഈ ഗ്രന്ഥകാരൻ അതിവ കൃത ജ്ഞനാണെന്നുള്ള സംഗതി ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

'ഭാഷാകവിത'യുടെ ഈ പുനർമ്മുദ്രണത്തിന് ഇത്ര വേഗത്തിൽ എന്നെ പ്രേരിപ്പിച്ചിട്ടുള്ളത്, ഒന്നാംപതിപ്പിൽ ഉദാരമതികളായ സഹൃദയന്മാർ എനിക്കു നൽകിയ പ്രോത്സാഹനമാണ്. മഹി രാശിസദൃശകലാശാലകൾ വിദ്യാർത്ഥികൾക്കു ഇതൊരു പാഠ്യപു സ്തകമായി അംഗീകരിച്ചതും മറ്റൊരുവിധത്തിൽ പ്രേരകമാകാ തിരുന്നിട്ടില്ല. മഹാമനസ്കരായ മേല്പറഞ്ഞ എല്ലാവരോടും എനി ക്കുള്ള അകൈതവമായ നന്ദിയെ ഇവിടെ പ്രകാശിപ്പിക്കുകയും, മേലിലും ഉദാരമായ പ്രോത്സാഹനങ്ങൾ ഉണ്ടാകണമെന്ന് അഭ്യ ർത്ഥിക്കുകയും ചെയ്തുകൊണ്ട് ഭാഷാകവിതയുടെ ഈ പുതിയ പ തിപ്പ് സപ്രശ്രയം സജ്ജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

ഗ്രന്ഥകർത്താ

118—ാം പേജ് 19—ാം വരിയിൽ അകത്തൂട്ടു രാമാചാര്യരുടെ ഗി രിജാകല്യാണം എന്നതു് മല്ലൂരാചാര്യരുടെ ഗിരിജാകല്യാണം എന്നും 306—ാംപേജ് 16—ം 17—ം വരികളിൽ ജഗന്നാഥപണ്ഡിതരുടെ മതം എന്നതു വാമനപണ്ഡിതന്റെ മതം എന്നും തിരുത്തിവായിക്കുമാറാകണം.

ഒന്നാംപതിപ്പിനെപ്പററി:-

ശ്രീമാൻ ടി. എം. ചുമ്മാർ അവർകളുടെ 'പദ്യസാഹിത്യം' എന്ന ഈ പുസ്തകം പലവിധത്തിലും പ്രകൃഷ്ടമായ പ്രയോജനത്തിനും പ്രശംസയ്ക്കും പാത്രമായ ഒരു കൃതിയാണെന്നുള്ളതിൽ സംശയമില്ല. മലയാളപദ്യസാഹിത്യത്തിന്റെ ആദിമുതല്ക്കു നാളിതുവരെയുള്ള ഒരു ചെറുചരിത്രവും, പര്യാലോചനവുമാണ് ഗ്രന്ഥത്തിലെ വിഷയം. വക തിരിച്ച്, തരം തിരിച്ച്, കാര്യം പറഞ്ഞിരിക്കുന്നതിൽ ഗ്രന്ഥകർത്താവു കാണിച്ചിരിക്കുന്ന പരിശ്രമശീലവും പ്രബന്ധപരിചയവും ഇന്നത്തെ യുവസാഹിത്യകാരന്മാരിൽ പലർക്കും ഒരു മാതൃകയായിരിക്കേണ്ടതാണ്. പറയേണ്ടതു വിടാതെയും, ക്ലിഷ്ടതകൂടാതെയും കാര്യം ചെറുവാക്യങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നതു കാണുമ്പോൾ ഏതൊരു സഹൃദയനും തലകുലുക്കാതിരിക്കുകയില്ല; മാത്രമല്ല, ഈ യുവസാഹിത്യകാരന്റെ ഭാവിസാഹിത്യജീവിതം ഭാസുരമാണെന്നു സമ്മതിക്കുകയും, അതിന് ആശിസ്സു നല്കുകയും ചെയ്യാതിരിക്കുകയുമില്ല.

അമ്മാമൻതമ്പുരാൻ തിരുമനസ്സുകൊണ്ട്.

ഈ പദ്യസാഹിത്യചരിത്രത്തിൽ തൽകർത്താവു കണ്ണിൽ കണ്ടതെല്ലാം വാരിവലിച്ചിട്ടിട്ടില്ല; അഭിപ്രായപ്രകടനമെന്ന നാട്യത്തിൽ വായിൽ വന്നതെല്ലാം കോരിച്ചൊരിഞ്ഞിട്ടുമില്ല; കഴിയുന്നത്ര കാലനിർണ്ണയംചെയ്ത്, കവികളേയും അവരുടെ കാവ്യങ്ങളേയുംകുറിച്ച്, അടുക്കി ഒതുക്കി എഴുതീട്ടുള്ള ഈ പുസ്തകം ശ്രീമാൻ ചുമ്മാരവർകളുടെ പാണ്ഡിത്യത്തെയും ശിക്ഷണസാമർത്ഥ്യത്തെയും സവിശേഷം പ്രകാശിപ്പിക്കുന്നുണ്ടെന്ന് ഞാൻ ഒന്നുകൂടി ആവർത്തിച്ചുപറയുന്നു.

സാഹിത്യകുശലൻ, ടി. കെ. കൃഷ്ണമേനോൻ.

പദ്യസാഹിത്യത്തിന്റെ ക്രമപ്രവൃദ്ധമായ വളൎച്ചയെ കാണിക്കത്തക്കവണ്ണം, ഇതുപോലെ, 'ഭാഷാകവിത'യെ സമഗ്രമായി നിരൂപണംചെയ്യുന്ന ഒരു ഗ്രന്ഥം ഇതുവരെ ഭാഷയ്ക്കു ലഭിച്ചിട്ടില്ല. ഇതു പദ്യസാഹിത്യഭണ്ഡാഗാരത്തിലേയ്ക്കു വായനക്കാരുടെ ശ്രദ്ധയെ നയിക്കുകയും, അതിൽ നിക്ഷിപ്തമായിരിക്കുന്ന വിജ്ഞാനനിധി കരസ്ഥമാക്കുന്നതിനും, മാനസികരസം സമ്പാദിക്കുന്നതിനും അവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. തന്നിമിത്തം ഈ കൃതി സാഹിത്യവിദ്യാൎത്ഥികൾക്കു പ്രത്യേകിച്ചും പ്രയോജനപ്രദമാണ്.

മോൺസിഞ്ഞോർ നടുവത്തുശ്ശേരി.

'ഭാഷാകവിത അഥവാ പദ്യസാഹിത്യം' എന്ന സാഹിത്യചരിത്രപരമായ നിരൂപണഗ്രന്ഥത്തിന്റെ ആവിൎഭാവം കാലോചിതമായിട്ടുണ്ട്. വിദ്വാൻ, ടി. എം. ചുമ്മാരവർകളുടെ അദ്ധ്യക്ഷതയിൽ, രാമചരിതകൎത്താവുമുതൽ ഇന്നത്തെ പ്രശസ്ത സാഹിത്യകാരന്മാർവരെയുള്ളവരെല്ലാം വരിക്കുവരിയായ് വന്ന്, തങ്ങളുടെ കൃതികളിലെ ഏതാനും വരികളെങ്കിലും ചൊല്ലിക്കേൾപ്പിച്ചുകൊണ്ടിരിക്കുന്ന ഈ പദ്യസാഹിത്യസമ്മേളനത്തിൽ ഏതൊരു ഭാഷാഭിമാനിയും സംബന്ധിക്കേണ്ടതാണെന്നു ഞാൻ സസന്തോഷം അഭിപ്രായപ്പെടുന്നു.

മഹാകവി വള്ളത്തോൾ.

നിങ്ങളുടെ ഉദ്യമം ഏറ്റവും സ്തുത്യൎഹംതന്നെ. ഇങ്ങനെ ഒരു ഗ്രന്ഥം അത്യന്താപേക്ഷിതമാണ്. ഇത്തരത്തിലുള്ള ഗ്രന്ഥങ്ങൾ നാട്ടിൽ പ്രചരിക്കുന്നതുമൂലം കാവ്യഗ്രന്ഥങ്ങൾക്ക് അതുകൂടാതെയുള്ള വില്പന വൎദ്ധിക്കുന്നതായിരിക്കും.

ഡോക്ടർ, പി. ജെ. തോമസ്.

നിങ്ങളുടെ നിസ്തുലമായ ഭാഷാഭിമാനം കൈരളിയ്ക്കു അത്യന്താപേക്ഷിതമായ ചരിത്രശാഖയിലേയ്ക്കു തിരിഞ്ഞതിൽ സാഹിത്യ

ങ്ങൾക്ക് അതിയായ കൃതജ്ഞതയുണ്ട്. കഥയാവട്ടെ, കാവ്യമാവട്ടെ, അപാരമധുരമായ കാവ്യശകലങ്ങൾതന്നെയാവട്ടെ, ചെറിയ തോതിലല്ലെങ്കിൽ രചിക്കയോ, ദഹിക്കയോ ചെയ്യാത്ത ഇക്കാലത്തു്, കേരളകവിതാസമുച്ചയത്തിന്റെ സാരസർവ്വസ്വവും പിഴിഞ്ഞരിച്ച് ഒരു കൈപ്പുസ്തകത്തിലൊതുക്കിത്തരുമ്പോൾ അതെങ്ങിനെയാസ്വദിച്ചു രസികരാതിരിക്കും? ആരു് അതിന്റെ സമ്പാദകനെ അഭിനന്ദിച്ച് അനുഗ്രഹിയ്ക്കാതെയിരിക്കും?

എൻ. ലളിതാംബിക അന്തർജ്ജനം.

മി. ചുമ്മാരിന്റെ 'ഭാഷാകവിത അഥവാ പദ്യസാഹിത്യം' എന്ന പുസ്തകം സാഹിത്യചരിത്രത്തിന്റേയും നിരൂപണത്തിന്റേയും അംശങ്ങൾ കലർന്നതാണ്. മലയാളപദ്യസാഹിത്യത്തിന്റെ ആദിമുതൽ ഇന്നുവരെയുള്ള ഒരു ചരിത്രം സംക്ഷിപ്തമായും സംഘടിതമായും ഇതിൽ പ്രസ്താവിച്ചിരിക്കുന്നു. ചരിത്രഭാഗം വിദ്യാർത്ഥികൾക്കു പ്രത്യേകം ഉപകരിക്കത്തക്കവണ്ണം വിഭജിച്ചും വിശദീകരിച്ചും കാണിച്ചിട്ടുണ്ട്... പദ്യസാഹിത്യത്തെപ്പറ്റി സമഗ്രമായി പഠിക്കുന്നതിനു വിദ്യാർത്ഥികളെ ഈ ഗ്രന്ഥം പ്രത്യേകം സഹായിക്കുന്നതാണ്. സരസോജ്ജ്വലമായ ഒരു ഭാഷയാണ് ഈ പുസ്തകത്തിൽ ഉള്ളതു്. മുഷിയാതെ വായിക്കുവാൻ അതു സഹായിക്കുന്നുണ്ട്. മലയാളഭാഷയ്ക്കു് ഒരു നേട്ടമായിട്ടുതന്നെ ഗണിക്കാവുന്ന ഈ പുസ്തകത്തിനു പ്രചുരപ്രചാരം ആശംസിച്ചുകൊള്ളുന്നു.

മാതൃഭൂമി.



ഭാഷാകവിത

അദ്ധ്യായം 1

പ്രാചീനകാലം

ഭാഷയുടെ ഉല്പത്തി.

മലയാളം തമിഴിൽനിന്നു ഭിന്നിച്ചു് ഒരു പ്രത്യേകഭാഷ എന്ന നിലയെ അംഗീകരിച്ചുതുടങ്ങിയതു്, കൊല്ലവർഷാരംഭത്തോടുകൂടി മാത്രമാണു്. അതിനാൽ അതിനുമുമ്പുള്ള കേരളസാഹിത്യത്തെപ്പററി ഇവിടെ ചിന്തിക്കേണ്ട ആവശ്യമില്ലല്ലോ. എന്നാൽ കേരളീയർ അക്കാലംവരെ എങ്ങനെയാണു് സാഹിത്യസേവനം ചെയ്തിരുന്നതെന്നു്, ഇവിടെ ന്യായമായി ഒരു ചോദ്യം ഉണ്ടാകാവുന്നതാണു്. "കേരളത്തിലും അതിന്റെ കിഴക്കൻപ്രദേശങ്ങളിലും പൂർവ്വകാലങ്ങളിൽ ഒരു ഭാഷയേ നടപ്പുണ്ടായിരുന്നുള്ളുവെന്നും, ആ ഭാഷ തമിഴായിരുന്നുവെന്നും" ഓർക്കുന്ന ഭാഷാപണ്ഡിതന്മാരോടു്, അന്നത്തെ പൊതുഭാഷയായിരുന്ന തമിഴിൽതന്നെയാണു് കേരളീയരും ഗ്രന്ഥനിർമ്മാണം ചെയ്തുവന്നിരുന്നതെന്നു പ്രത്യേകിച്ചു പറയേണ്ടതായിട്ടില്ല. "പതിററിപ്പത്തു്," "ചിലപ്പതികാരം" മുതലായ തമിഴ്കൃതികൾ, കപിലർ, ഇളങ്കോവടികൾ തുടങ്ങിയ കേരളീയരിൽനിന്നും ഇ

ങ്ങനെ ഉണ്ടായിട്ടുള്ള സാഹിത്യസമ്പത്തുകളാകുന്നാണു വിചാരിച്ചുപോരുന്നതു്. പ്രസ്തുതകൃതികൾ ഇന്നു തമിഴ്സാഹിത്യത്തിൽ ഉൾപ്പെട്ടുപോയിട്ടുണ്ടെങ്കിലും, അവ കേരളസംസ്കാരത്തിന്റെ ആദ്യത്തെപ്പടിയെ ചിത്രീകരിക്കുന്ന കൃതികളാണെന്നുള്ളതിനു സംശയമില്ല.

ക്രിസ്ത്വബ്ദാരംഭത്തിനു വളരെ മുമ്പുതന്നെ ആര്യന്മാരായ നമ്പൂതിരിമാർ കേരളത്തിൽ കുടിയേറിപ്പാർത്തുതുടങ്ങിയിരുന്നു; തന്നെയുമല്ല, ക്രിസ്ത്വബ്ദാരംഭത്തോടടുത്തു് അവർ കേരളത്തിലെ പ്രബലന്മാരും ഭരണാധികാരികളുമായിത്തീരുകയും ചെയ്തു. പെരുമാൾഭരണത്തിനു മുമ്പുവരെ തളിയാതിരിമാരാണു് കേരളഭരണം നടത്തിയിരുന്നതെന്നുള്ള സംഗതി ചരിത്രപ്രസിദ്ധമാണല്ലോ. ശുകവൂർ, പന്നിയൂർ മുതലായ ഗ്രാമക്കാർ തിരുനാവാ മണപ്പുറത്തു യോഗം ചേർന്നു്, "പെരുമാളുകളെ വെച്ചു് ഭരിക്കുവാൻ—പെരുമാൾ വേണമൊരുത്തനുത്തമൻ" എന്നു തീരുമാനിച്ചതും മററും കേരളചരിത്രത്തിലെ അതിപ്രധാനമായ ചില വസ്തുതകളാണു്. എന്നാൽ കേരളത്തിലെ ദ്രാവിഡരുമായി സമുദായബന്ധം തീരെയില്ലാതെ ഒരു പ്രത്യേകജനവിഭാഗം എന്ന നിലയിൽത്തന്നെയായിരിക്കണം നമ്പൂരിമാർ ഇക്കാലമത്രയും വർത്തിച്ചിരുന്നതു്. അതിനാൽ അവരുടെ അന്നത്തെ സാഹിതീസമുല്യങ്ങൾ ആര്യഭാഷയായ സംസ്കൃതത്തിൽത്തന്നെയായിരുന്നുവെന്നു വേണം വിചാരിക്കുവാൻ. സംസ്കൃതഭാഷാസമ്പന്നന്മാരായ ദ്രാവിഡന്മാരും ആ ഭാഷയിൽത്തന്നെ സാഹിത്യവ്യവസായം ചെയ്തിരുന്നതായി വെളിപ്പെടുന്നുണ്ടു്. കൊല്ലവ

ഷ്പാരംഭത്തിനുമുമ്പു തിരുവഞ്ചിക്കളത്തു വാണരുളിയിരുന്ന കുലശേഖരചക്രവർത്തിയുടെ മുകുന്ദമാല, തപതീസംവരണം, ധനഞ്ജയം മുതലായ കൃതികൾ ഈവിധം ഉത്ഭവിച്ചിട്ടുള്ളവയായി അനുമാനിക്കാമെന്നു തോന്നുന്നു. ഇങ്ങനെ കൊല്ലവഷ്പാരംഭത്തോടടുത്ത്—അഥവാ, മലയാളം ഒരു പ്രത്യേകഭാഷ എന്ന നിലയെ പ്രാപിച്ചുതുടങ്ങിയ കാലത്ത്—കേരളത്തിൽ രണ്ടുതരം സാഹിത്യമാണു പ്രചരിച്ചിരുന്നതെന്നു മിക്കവാറും വ്യക്തമാകുന്നു. ഒന്നു തനിത്തമിഴും; മറേറതു ശുദ്ധസംസ്കൃതവും.

കൊല്ലവഷ്പത്തിന്റെ ഉൽപത്തി, കേരളത്തിൽ വലുതായ ഒരു പരിവത്തനഘട്ടത്തെയാണു പ്രത്യക്ഷീകരിക്കുന്നതു്. "അദ്വൈതവേദാന്തവാരിധിയായിട്ടും—ആചാര്യശങ്കരനനൃനശങ്കരൻ" അവതരിച്ചതും, ബുദ്ധമതത്തെ തുരത്തി വൈദികമതം പുനസ്ഥാപിച്ചതും ഈ ഘട്ടത്തിലായിരുന്നല്ലോ. അത്രതന്നെയുമല്ല, മൂവരശരുടെ കുലങ്ങൾ ക്ഷയിച്ചുതുടങ്ങിയതും, മററു പലസാഹചര്യങ്ങളും ഒത്തുകൂടി കേരളീയർ ഒരു പ്രത്യേകജനതയായിത്തീരുവാൻ ആരംഭിച്ചതും ഈ ഘട്ടംമുതല്ക്കുതന്നെയാണു് പ്രത്യേകജനവിഭാഗം എന്ന നിലയിൽ, ഗ്രാമ്യത്വം, ദേശീയത്വം എന്നിവ കൂടിക്കൂടി കേരളീയരുടെ ഭാഷയും പ്രത്യേകതയെ പ്രാപിക്കുവാൻ തുടങ്ങി. നമ്പൂരിമാർ കേരളത്തിലെ നായന്മാരുമായി കൂടുതൽ ബന്ധം ഉറപ്പിക്കുവാൻ പുറപ്പെട്ടതും ഈ ഘട്ടംമുതല്ക്കുതന്നെയായിരിക്കാം. അതോടുകൂടി നമ്പൂരിമാരും കേരളീയരുമായുള്ള സമ്പക്കവും വർദ്ധിച്ചുവന്നിരിക്കാൻ ഇടയുണ്ടല്ലോ.

ഇവയുടെയെല്ലാം ഫലമായി, അന്നാൾവരെ, അനേകം കൊടുന്തമിഴുകളിൽ ഒന്നുമാത്രമായിരുന്ന മലനാട്ടുതമിൾ —അതായതു കേരളഭാഷ—അതിന്റെ പ്രാഗ്രൂപത്തിൽ നിന്നു വളരെ വ്യത്യാസപ്പെട്ട ഒരു സ്വതന്ത്രഭാഷയായിത്തീരുന്നതിന് ഇടയായി.

പ്രാരംഭകൃതികൾ.

മനുഷ്യർക്കെന്നപോലെ ഭാഷകൾക്കും ബാല്യം, കൗമാരം എന്നു തുടങ്ങിയ ചില വികാസദശകൾ ഉള്ളതായി ഭാഷാശാസ്ത്രകാരന്മാർ നിർണ്ണയിച്ചിട്ടുണ്ട്. കൊല്ലവർഷാരംഭംമുതൽ ഏകദേശം അഞ്ഞൂറുവർഷത്തോളം മലയാളഭാഷ ശൈശവാവസ്ഥയിൽത്തന്നെ കഴിഞ്ഞുകൂടി. ഈ കാലഘട്ടത്തിനിടയ്ക്കു് ഒട്ടുവളരെ ഗാനങ്ങൾ ഭാഷയിൽ ഉത്ഭവിക്കുകയുണ്ടായി. പ്രായേണ എല്ലാഭാഷകളിലും ഗാനസാഹിത്യമാണു് ആദ്യമുണ്ടായിട്ടുള്ളതെന്നു ചരിത്രവേദികൾ അഭിപ്രായപ്പെടുന്നു. ഗ്രീക്കുകാരുടെ "ഇലിയഡും" "ഒഡീസി"യും, ഇംഗ്ലീഷ്കാരുടെ "ബെയോഫും", ഇന്ത്യക്കാരുടെ "ഋഗ്വേദ"ഗ്രന്ഥങ്ങളും മറ്റും ഈ അഭിപ്രായത്തിന് ഉപോൽബലകങ്ങളായിരിക്കുന്നുണ്ടുതാനും.

എന്തായാലും നമ്മുടെ ഭാഷയെ സംബന്ധിച്ചിടത്തോളവും സാഹിത്യത്തിന്റെ പ്രഥമപ്രരോഹം മേൽപ്രകാരംതന്നെയാണു്; പലതരം പാട്ടുകളാണു നമ്മുടെ സാഹിത്യത്തിന്റെ ആദിമദശയിലുണ്ടായിട്ടുള്ളതു്. ദേശപരദേവതകളായി കുടികൊള്ളുന്ന ഭദ്രകാളി, അയ്യപ്പൻ മുതലായ ദേവതകളെക്കുറിച്ചുള്ള സ്തോത്രങ്ങൾ, വീ

രപുത്രന്മാരുടെ അപദാനങ്ങളെ വർണ്ണിക്കുന്ന ഗാനങ്ങൾ, ചിലജാതിക്കാരുടെ കുലവൃത്തി നടത്തുന്നതിൽ ഉപയോഗിക്കുന്നതിനുതകുന്ന ഗീതങ്ങൾ, വിനോദങ്ങൾക്കുമാത്രമായിട്ടുള്ള ഗാനങ്ങൾ, എന്നിങ്ങനെ വിവിധങ്ങളായ ആവശ്യങ്ങളെ പുരസ്കരിച്ചിട്ടുള്ള ഒട്ടുവളരെ ഗീതങ്ങൾ മലയാളത്തിൽ ഉണ്ടായിട്ടുണ്ട്. ഭദ്രകാളിപ്പാട്ട് തോററംപാട്ട്, മാവാരതംപാട്ട്, ശാസ്ത്രാങ്കപ്പാട്ട്, നിഴൽക്കുത്തുപാട്ട്, സർപ്പംപാട്ട്, ശാസ്താംപാട്ട്, തിയ്യാട്ടുപാട്ട്, പുള്ളുവർപാട്ട്, മണ്ണാർപാട്ട്, പാണർപാട്ട്, കൃഷിപ്പാട്ട്, തമ്പുരാൻപാട്ട്, വടക്കൻപാട്ട്, പടപ്പാട്ട്, ഓണപ്പാട്ട് ഇങ്ങനെ വിവിധനാമധേയങ്ങളിലായി അവ ഇന്ന് അറിയപ്പെട്ടുവരുന്നു. ദേവപ്രീതിക്കായി ഭദ്രകാളിക്ഷേത്രങ്ങളിൽ പുരാതനകാലംമുതൽ പാടിവരുന്ന ഒരുതരം പാട്ടാണു ഭദ്രകാളിപ്പാട്ട്. ദാരികവധമാണ് ഇതിലെ കഥ. ഈ ഗാനത്തിനുതന്നെ തോററംപാട്ട് എന്നുള്ള നാമധേയവുമുണ്ട്. വണ്ണാൻ എന്ന ജാതിക്കാർ പാടിവരുന്നതുകൊണ്ടു വണ്ണാൻപാട്ട് എന്ന പേരും പറഞ്ഞുവരുന്നു. ചില സ്ഥലങ്ങളിൽ കുറുപ്പന്മാർ എന്ന ഒരു വർഗ്ഗക്കാരും ഇതു പാടാറുണ്ട്. മററു പാട്ടുകളും ചിലതു് ഇതുപോലെ തന്നെ പല പേരുകളിൽ വ്യവഹരിച്ചുപോരുന്നുണ്ട്. മാതൃകയ്ക്കായി മേൽപ്രസ്താവിച്ച ഗാനങ്ങളിലെ ചില വരികൾ താഴെ ഉദ്ധരിക്കാം:—

"പുരഹര തിരുനയനങ്ങൾ വിളങ്ങും
പുരമതൽപെറ്റൊരെന്മകൾ കാളീ
നിന്നുടെ ചരിതമുരച്ചാനിപ്പോ–
ളെന്നുടെ വാചനമിതെന്നും പോരാ ....

ശാരികൻ തന്നോ പടികൾ തോറ്റ് —
ധീരത കാളി വിളിച്ചീടുന്നു
ദാരികവീരാ പോരിനു വാടാ—
പാരതിൽവഞ്ചം പൂണ്ടുകിടക്ക
ആരെടാ വന്നു വിളിച്ചീടുന്നു—
ആരിപ്പോരാണോ ശത്രുപ്പോരാണോ”

(ഭദ്രകാളിപ്പാട്ട്)

“തലമുടിയും വിരിച്ചു കണ്ണീരോടി
മക്കളെ മൂടിയിരുത്തിയിരിക്കുന്നേരം
വന്നു വീഴുന്തീയിൻ പൊരികളെല്ലാം
പൂക്കളായ് പൊഴിയുന്ന പൂമിയിങ്കൽ
അപ്പോൾ തീയടിച്ചു കെടുത്തു ഭീമൻ
മാതാവിനെപ്പുണർന്നു തൊഴുതുനിന്നു (മാവാരതപ്പാട്ട്)

മൂലംപോയ് മൂലംപോയ് മൂലമായതു
മൂലക്കിഴങ്ങിന്നു ഉണ്ടല്ലോ വള്ളി
ഉണ്ടായ വള്ളിക്കു മൂലമാണല്ലോ
മേൽപ്പടന്നതു കീഴ്പ്പടനം (വള്ളോൻപാട്ട്)

ഭക്തിപൂർത്തീശനായായ് വേഷം പൂണ്ടോ—
നായാടനമയരും താനുമന്നിലംപിടിച്ചുമായി
ആരാൻ വനം പുകന്നു ക്രീഡിച്ചു നടന്ന കാലം
താമസാദ്ര പിറന്ന പിള്ളയാഴികയും വിനായകൻ താൻ.

(ശാസ്താംപാട്ട് — ശാത്രക്കളി)

“ഒന്നാനാം കുന്നിന്മേൽ ഓരടിക്കുന്നിന്മേൽ
ഒന്നല്ലോ മക്കൾ പാല നട്ടു
പാലപ്പൂവിലവന്നു, പൂവന്ന കാവന്ന
പാലപ്പൂ പാൽക്കൊട്ട പാർത്തിവരെ
ഞാനല്ല പൈങ്കിളി, താമരപ്പൈങ്കിളി
ഞാനിരുന്നാടുന്ന പൊന്നരങ്ങിൽ കിളി
പുണ്ടുകവുപ്പുറം ഇവർക്കുവപ്പുറം
മഞ്ഞച്ചിറകിളി കൂടറിഞ്ഞു.” (ഓണപ്പാട്ട്—ഉഴവർ)

ഈമാതിരി ഗാനങ്ങളാണ്. കൈരളിയുടെ മൂലസമ്പത്ത്

ഇവ പരമ്പരയാ വായ്പ്പാഠമായി ചൊല്ലി പഠിച്ചുപോന്നിട്ടുള്ളവയാകയാൽ മിക്കവയ്ക്കും പ്രാഗ്രൂപത്തിൽനിന്നു വളരെ അന്തരം വന്നുപോയിട്ടുണ്ടെന്നുള്ളതിനു യാതൊരു സംശയവുമില്ല.

രാമചരിതം.

കേരളിയുടെ ശൈശവഘട്ടത്തിന്റെ അവസാനത്തിലുണ്ടായിട്ടുള്ള രാമചരിതമത്രെ ഇന്നുവരെ നമുക്കു ലഭിച്ചിട്ടുള്ള പ്രാചീനഗാനങ്ങളിൽ പ്രഥമഗണനീയമായിട്ടുള്ളതു്. പ്രസ്തുതകൃതി "ചീരാമൻ" എന്നൊരു കവിയാൽ നിൎമ്മിതമാകുന്നു.

ആതിതേവനിലമിഴ്ന്ത മനകാമ്പുടയ ചീ–
രാമനാൻപിരാനിയററിന തമിഴ്കവി വല്ലോർ

എന്നുള്ള പ്രയോഗം അതിലേയ്ക്കു ലക്ഷ്യമാണു്. ചീരാമൻ എന്നതു ശ്രീരാമൻ എന്നതിന്റെ തത്ഭവമത്രെ. തന്റെ പേരിനോടു ചേൎത്തു "ശ്രീ" എന്ന പദം പ്രയോഗിച്ചിരിക്കയാലും, തന്റെ കുലദൈവം അനന്തശയനനായ ശ്രീപത്മനാഭനാണെന്നു്, 'ലോകിലോകചയനാ! കവിയെനക്കരുൾചെയ്യ്'. "ലോകിലോകചയനൻ ചരണതാരണവരേ" 'പല്ലനാപൻ നൽവിമാനവരമേറിയ തളിപ്പാലൂടല്ലൂമെല്ലെ നിന്റെഴുന്നുള്ളത്തുടങ്ങിനാൻ' എന്നിങ്ങനെയുള്ള പ്രസ്താവങ്ങളാൽ പ്രത്യക്ഷമായിരിക്കയാലും, തിരുവിതാംകൂർ ഭരിച്ചിരുന്ന ഒരു ശ്രീരാമവൎമ്മാവാണു് പ്രസ്തുതകൃതിയുടെ കൎത്താവെന്നു ഗവേഷകമൂൎദ്ധന്യനായ മഹാകവി ഉള്ളൂർ പ്രസ്താവിക്കുന്നു. കൊല്ലവൎഷം

നാലാം നൂററാണ്ടിൻെറ അവസാനത്തിലാണ മണിക ണ്ഠാഭിരാമാലംകൃതനായ പ്രസ്തുത ശ്രീവീരരാമവർമ്മാവ് ഭരിച്ചിരുന്നതു് എന്നുകൂടി അദ്ദേഹം അഭിപ്രായപ്പെട ന്നുണ്ട്.

‘പ്രാചീനമലയാളമാതൃകകൾ’ എന്ന പേരിൽ ഈ കൃതിയുടെ 30 പടലങ്ങൾ ആദ്യമായി പ്രസിദ്ധപ്പെ ടുത്തിയതു്, മഹാകവി പരമേശ്വരയ്യർ അവർകൾതന്നെ യാണ്. പിന്നീട്, ‘ശ്രീചിത്രോദയമഞ്ജരീഭാഷാഗ്രന്ഥാ വലി’യിൽ ഉൾപ്പെടുത്തി ആകെയുള്ള 164 വൃത്തങ്ങ ളും തിരുവിതാംകൂർ ഗവർമ്മെണ്ടിൽനിന്നും പ്രസിദ്ധ പ്പെടുത്തുകയുണ്ടായിട്ടുണ്ട്. മിക്കവാറും പതിനൊന്നു പാ ട്ടുകൾ കഴിയുന്നതോടുകൂടി ഓരോ വൃത്തവും അവ സാനിക്കുന്നു. അതനുസരിച്ചാണ പടലമെന്നും, വൃത്ത മെന്നും ഓരോ പ്രസാധകന്മാർ പേർ കൊടുത്തിട്ടുള്ളതെ ന്നുകൂടി ഇവിടെ പറഞ്ഞുകൊള്ളട്ടെ.

രാമചരിതം ഒരു തമിൾകൃതിയാണെന്നു ചില പ ണ്ഡിതന്മാൎക്ക് അഭിപ്രായമില്ലാതെയുമില്ല. മലയാളം ത മിഴിൽനിന്നു ക്രമേണ ഭേദിച്ചുണ്ടായ ഒരു ഭാഷയാണെ ന്നു് ആരംഭത്തിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. മലയാളത്തി ൻെറ പ്രാഗ്രൂപം കൊടുന്തമിഴാണെന്നു കേരളപാണിനീ യത്തിൽ പറഞ്ഞിട്ടുള്ളതു നോക്കുക. പുരാതനകാലത്തു കേരളത്തിൽ സൎവ്വത്ര വ്യാപിച്ചിരുന്ന ഈ തമിഴ്, അനു നാസികാതിപ്രസരാദിനയത്താൽ ഒരു പ്രത്യേകഭാഷ യായി പരിണമിച്ചിട്ടുള്ളതാകുന്നു, ഇപ്പോഴത്തെ മലയാ ളമെന്നു് ഭാഷാശാസ്ത്രനിഷ്ണാതന്മാർ തീരുമാനിച്ചുകഴി

ഞ്ഞിട്ടുള്ളതാണ്. രാമചരിതം അങ്ങനെയുള്ള ഒരു പരിണാമഘട്ടത്തിൽ — നാലാംനൂററാണ്ടിന്റെ അവസാനത്തിൽ— സംഭൂതമായിട്ടുള്ള ഒരു കൃതിയായിരിക്കണമെന്ന് അതിലെ പല പ്രയോഗങ്ങളും തെളിവു നൽകുന്നമുണ്ട്:—

'അയഞ്ഞ മനതകാനൊപാട്ട്' ഇതിൽ 'ഞ്ച' എന്ന അക്ഷരം, 'അനുനാസികമാദേശം — പിൻപ്രത്യയഖരത്തിന്' എന്ന നിയമപ്രകാരം 'ഞ്ഞ' എന്നായി തീർന്നിരിക്കുന്നതു നോക്കുക. അതുപോലെതന്നെ 'ഴ' എന്ന തമിഴക്ഷരം 'ള'യായും, 'ന്റ' 'ന്ന'യായും പലേടത്തും രൂപാന്തരപ്പെട്ടിട്ടുണ്ട്.

'തളപിരിഞ്ഞിളകിന കടൽ' എന്നതിൽ, 'പിരിയ്ന്തു' എന്ന പ്രയോഗം താലവ്യാദേശത്താൽ 'പിരിഞ്ചു' എന്നും, പിന്നീട് അനുനാസികാതിപ്രസരത്താൽ 'പിരിഞ്ഞു' എന്നും ആയിത്തീർന്നിട്ടുള്ളതു തമിഴക്ക് ഈ കൃതിയിലുള്ള അവകാശത്തെ നിഷേധിക്കുന്നുണ്ടല്ലോ.

"അരക്കമണ്ഡലം അങ്കിനേർതുടക്കനെപ്പുവന്ന' 'മുടിന്തഭിലിൽ വീഴ്ന്തു' എന്നിവയിൽ ചെന്തമിഴ്ഭാഷാനിയമത്തിനു വിരുദ്ധമായി പുരുഷപ്രത്യയം കൂടാതെ പൂർണ്ണക്രിയാപദങ്ങൾ പ്രയോഗിച്ചിരിക്കുന്നു. 'ഉണ്ടായിതൊരുട്ടൊരു പിണക്കമവർതമ്മിൽ', 'മനവർപിരാനൊട്ടു വഴക്കിന മുതിർന്നാൻ', 'പോർവില്ലുമായരിയ പോക്കുളരിപുകുവാൻ', 'കോയിൽകൊൾകയിനിയെന്നമേ' എന്നിങ്ങനെ തമിഴ്ഭാഷയിൽ പ്രയോഗമില്ലാത്ത ഒട്ടനേകം പ്രയോഗങ്ങളും ഇതിൽ കാണാവുന്നതാണ്. ഇങ്ങനെ പല രീതികളും അവ്യവസ്ഥിതമായി രാമചരിതത്തിൽ കാണുന്നതുകൊണ്ട് ഇതു് ഒരു തമിഴ്കൃതിയല്ലെന്നും, മലയാളം തമിഴിൽനിന്നു ഭിന്നിച്ചുതുടങ്ങിയ കാലത്തുണ്ടായ ഒരു പ്രാചീനമലയാളകൃതിയാണെന്നും തീരുമാനിക്കാവുന്നതാണ്.

വെള്ളവാരണം, മാതുരിയം വാചി, തനള്ളി വിയതി തായി

നാൾ എന്നാളുടങ്ങി സംസ്കൃതീകൃതവും സംസ്കൃതമയവുമായ പ്രയോഗങ്ങളും, 'മലർവില്ലിതയല്ലനാതനെ' എന്നിങ്ങനെ വിശേഷണവിശേഷ്യങ്ങൾക്കു സംസ്കൃത ഭാഷാ നിയമമനുസരിച്ചുള്ള വിഭക്തിപ്പൊരുത്തങ്ങളും, 'അനന്നം വടിവുള്ളനാവടിവ്' 'തൊഴപ്പെട്ടന രചൻ' എന്നിങ്ങനെയുള്ള സംസ്കൃതസന്ധികളും പ്രസ്തുതകൃതിയിൽ ചില സ്ഥലങ്ങളിൽ കാണാം. അനന്താ, വിയതി, വാചി, വാചാ, അമരണാന്തം, ചരണേ, കേകിനാം എന്നാളുടങ്ങി അനേകം ശുദ്ധസംസ്കൃതപദങ്ങളും അവിടവിടെയായി ഇതിൽ സ്ഥലം പിടിച്ചിട്ടുണ്ട്. ആ സ്ഥിതിക്ക് ഇതു് ഭാഷയിലെ ഒരു മണിപ്രവാളകൃതിയായി സങ്കല്പിക്കാമോ എന്ന സംശയിക്കേണ്ടിവരുന്നു.

എന്നാൽ മേൽപ്രസ്താവിച്ച രീതിയിലുള്ള പ്രയോഗങ്ങൾ രാമചരിതത്തിൽ വളരെ വിരളമായിട്ടേ കാണ്മാൻ സാധിക്കയുള്ളൂ. ബഹുഭൂരിഭാഗവും തീരെ സംസ്കൃതസമ്പർക്കമില്ലാത്തതും തമിഴ്പ്രചുരവിഷ്ടവുമായ ഭാഷയാണ്. ആകയാൽ മേൽപ്രകാരമുള്ള ഒരു ചിന്തയ്ക്കു് ഈ കൃതിയിൽ ലേശവും അവകാശം സിദ്ധിക്കുന്നില്ലെന്നു പറയേണ്ടതില്ലല്ലൊ.

> പടയുടെ തിരപ്പിനോടും പരവയെയതിചയിക്കും
> നടമകം തെറിനോടും നലംകിളർ നിലങ്കന്നൻ
> ഇടയിടർന്തരികലങ്ങ വെയ്യ വീഴ്ത്തങ്ങു
> കൊടുമചേർ പുരിവർ കവടരെന്തുതെതറിന്താൻ. 265.

ഈദൃശമായ രീതിയാണ് പ്രസ്തുതകൃതിയിൽ സാർവ്വത്രികമായിട്ടുള്ളതു്. എന്നുതന്നെയുമല്ല, മലയാളഭാഷയുടെ പ്രഥമവ്യാകരണമായ ലീലാതിലകത്തിൽ മണിപ്രവാളകാവ്യലക്ഷണം നിർവ്വചിച്ചിട്ടുള്ളതിനോടു രാമചരിത

ത്തിന്ന യാതൊരടുപ്പവും കാണുന്നില്ല.

'ഭാഷാസംസ്കൃതയോഗോ മണിപ്രവാളം' മണിപ്രവാളമെന്നാൽ, മണിസ്ഥാനീയങ്ങളായ കേരളഭാഷാപദങ്ങളും, പ്രവാളസ്ഥാനീയങ്ങളായ സംസ്കൃതഭാഷാപദങ്ങളും സമ്മേളിപ്പിച്ചു വസന്തതിലകാദിവൃത്തങ്ങളിൽ വിരചിച്ചിട്ടുള്ള കവിത എന്നത്രമാണ് ലീലാതിലകത്തിൽ വിവരിച്ചിട്ടുള്ളത്. ഈ ലക്ഷണം രാമചരിതത്തിൽ തീരെ അസംഗതമാണല്ലൊ. 'ദ്രാവിഡ സംഘാതാക്ഷര നിബദ്ധമെതുകാമോനവൃത്തവിശേഷയുക്തം പാട്ട്'—ദ്രാവിഡഭാഷയിൽ ഉള്ള അക്ഷരങ്ങൾമാത്രം ചേർന്നതും, എതുക—ദ്വിതീയാക്ഷരപ്രാസം—മോനം—ആദ്യാക്ഷരപ്രാസം എന്നിവയോടുകൂടിയതും, ദ്രാവിഡവൃത്തങ്ങളിൽ എഴുതപ്പെട്ടതുമായ കൃതികൾക്ക 'പാട്ട്' എന്ന നാമകരണം പ്രസ്തുതഗ്രന്ഥത്തിൽ ചെയ്തുകാണുന്നുമുണ്ട്.

> 'തരതലന്താനളന്ത പിലമാകിയ മലനാനവർ
> തനകമചനമാർ വാനോർ കിളരുമാറാർത്തനെ
> കരകലന്താ പൊരുനാനവമാനായ
> കരളലിന്താ പൂരാനെ മുരാരീകണ്ടാ
> ഇതാമനാ പാതനാക്കെ നീ കനി-
> ഞ്ഞുരുകമായി പിണിപ്പെറാനിങ്ങാടുള്ളു
> ചിതതാനാൾ പണിതോനാളാ തമകണ്ണ-
> ത്തിമാനനാ പൂനങ്കുമന്നവനെ'

എന്നീ മട്ടിൽ എതുക, മോനം മുതലായ ലക്ഷണങ്ങൾ സാമാന്യമായി രാമചരിതത്തിൽ യോജിക്കുന്നതിനാൽ ഈ കൃതി പാട്ടിന്റെ ഗണത്തിൽമാത്രം ഉൾപ്പെടുന്നതു മാണ്.

രാമചരിതം വാത്മീകിരാമായണത്തെ അനുകരിച്ച് എഴുതിയിട്ടുള്ള ഒരു കാവ്യമാകുന്നു. എങ്കിലും കവിസ്വാതന്ത്ര്യം ഇതിൽ പലേടത്തും പ്രത്യക്ഷമായി കാണാം. ശബ്ദാർത്ഥങ്ങളിലുള്ള നിഷ്കർഷയും അതുപോലെതന്നെ. ഔചിത്യം, രസം മുതലായ വിഷയങ്ങളിലും കവി, കാര്യമായിത്തന്നെ ശ്രദ്ധിച്ചിട്ടുണ്ട്. സീതാവിരഹത്താൽ നിരീഹനും നിർവ്വീര്യനുമായിത്തീർന്ന രാമനെ ചൊടിപ്പിക്കുവാൻ സുഗ്രീവൻ ചെയ്യുന്ന ഉപക്രമം നോക്കുക:—

അരചർകോനേ! മെനക്കെലാതെ ഉയിർ പിടിത്തിവണ്ണം
പൂഴികളാലെ തഴ്ന്നു പോകമതല്ല കാലം,
ഇതുപൊഴു കാമുകർ അകമിഴവാനതനെയറിക്കാൻ
കരുതുക; കളകരവോടു ഒരുകളെക്കുക കോപമിപ്പോൾ. 2–12

വിഭീഷണൻ, സീതയെ തിരിയെക്കൊടുത്തു യുദ്ധംകൂടാതെ കഴിക്കുവാൻവേണ്ടി രാവണനോടു പ്രസംഗിക്കുന്നിടത്തു രാമനെപ്പററി പ്രസ്താവിക്കുന്ന ഭാഗം ശ്രദ്ധേയമാണ്:—

വേന്തർകോൻറ നയനകിവിള്ളുവക്കുതങ്ങളിൽ—
ച്ചാന്തിരചർ മുനിവർതേടും തനിമറക്കുതലാകി
പൂന്തളെഴുതലാക പീലിതെ പൂണാരണി ലലക്കുപ്പൂൺപാ—
യർന്തെഴുമരക്കർ നമ്മായ വനവാതരിത്തതല്ലാ! 7–73

ഇങ്ങനെ രമണീയങ്ങളായ പല പദ്യങ്ങളും രാമചരിതത്തിലുണ്ട്.



അദ്ധ്യായം 2

മണിപ്രവാളകാവ്യങ്ങൾ

ഉണ്ണുനീലീസന്ദേശം.

ലീലാതിലകം എന്ന വ്യാകരണഗ്രന്ഥത്തിലെ വിധികളെ ആദരിച്ചാലോചിക്കുമ്പോൾ ചില സംഗതികൾ വ്യക്തമാകാതിരിക്കുന്നില്ല. മലയാളഭാഷയിലെ ആദിമസാഹിത്യം മണിപ്രവാളമെന്നും, പാട്ടെന്നും ഉള്ള രണ്ടു ശാഖകളായിട്ടാണ് ആരംഭം മുതല്ക്കേ പുറപ്പെട്ടിട്ടുള്ളത്. ഇവയിൽ കൂടുതൽ പഴക്കം പാട്ടുകൾക്കുതന്നെയാണ്. മലയാളം തമിഴിൽനിന്നു പിരിഞ്ഞു് ഒരു പ്രത്യേകഭാഷയായിത്തീരുവാൻ തുടങ്ങിയ ആ ആരംഭഘട്ടം മുതല്ക്കേ, സംസ്കൃതത്തിൻെറ ചാർച്ചയും വേഴ്ചയും അതിനു സിദ്ധിച്ചുതുടങ്ങിയെന്ന് ഇതിനുമുമ്പു സൂചിപ്പിച്ചിട്ടുള്ളതാണല്ലൊ. ഭാഷയിലെ മണിപ്രവാളപ്രസ്ഥാനത്തിൻെറ ആവിർഭാവവും ആ വഴിക്കുതന്നെയാണ്. 'ഇന്ത്യയിലെ നാട്ടുഭാഷകൾക്കെല്ലാം സംസ്കൃതവുമായി ഓരോവിധം മൂലബന്ധങ്ങളും, തന്നിമിത്തം പല ശ്രേയസ്സുകളും സംഭവിച്ചിട്ടുണ്ടെന്നു കാണാം. എന്നാൽ ആ ഭാഷകളിൽ ഒന്നിലും ഉണ്ടായിട്ടില്ലാത്തതും, ഉണ്ടാകുവാൻ പാടില്ലാത്തതും, മലയാളഭാഷയ്ക്കു പ്രത്യേകം സിദ്ധിച്ചിരിക്കുന്നതും ആകുന്നു പ്രശസ്തമായ മണിപ്രവാളരീതി."*

---

* സാഹിത്യമഞ്ജരിക 2-ാം ഭാഗം

ഈ പ്രസ്ഥാനത്തിൽ ആദിമദശയിൽ ഉണ്ടായിട്ടുള്ള കൃതികൾ ഏതെല്ലാമെന്നു പറയത്തക്ക തെളിവുകളൊന്നും നമുക്കിതേവരെ ലഭിച്ചുകഴിഞ്ഞിട്ടില്ല; എന്നുവരികിലും ലീലാതിലകത്തിൽ ഒററശ്ലോകങ്ങളായും ഗ്രന്ഥഭാഗങ്ങളായും അനേകം മണിപ്രവാളപദ്യങ്ങൾ ഉദ്ധരിച്ചുകാണുന്നതിൽനിന്ന്, 'തിലക'ത്തിൻെറ പുറപ്പാടിനുമുമ്പുതന്നെ പലവിധ മണിപ്രവാളകവിതകൾ ഭാഷയിൽ ഉണ്ടായിക്കഴിഞ്ഞിട്ടുണ്ടെന്നു തീരുമാനിക്കാവുന്നതാണ്. "ഉണ്ണുനീലിസന്ദേശം" എന്ന കൃതി അത്തരത്തിൽ ഉൾപ്പെട്ടതും, പാട്ടുശാഖയിൽ രാമചരിതം എന്നപോലെ, ഇന്നേവരെ നമുക്കു ലഭിച്ചുകഴിഞ്ഞിട്ടുള്ള മണിപ്രവാളകൃതികളിൽ കവിത്വംകൊണ്ടും, പ്രാചീനത്വംകൊണ്ടും പ്രഥമസ്ഥാനം അർഹിക്കുന്നതുമത്രെ.

തിലകത്തിൻെറ രചന മിക്കവാറും ആറാം നൂറാണ്ടിൽ ആയിരിക്കണമെന്നാണ് പല പണ്ഡിതന്മാരുടേയും അഭിപ്രായം. ആ കാലത്തിനു വളരെമുമ്പേതന്നെ മലയാളത്തിൽ മണിപ്രവാളകവിതയ്ക്കു ധാരാളം പ്രചാരം സിദ്ധിച്ചിരുന്നുവെന്ന് ആ കൃതി വ്യക്തമാക്കുന്നുണ്ട്. എന്നാൽ നാം ഇന്നു ഗ്രഹിക്കുന്ന മണിപ്രവാളത്തിനും, ലീലാതിലകകാലത്തെ മണിപ്രവാളത്തിനും തമ്മിൽ വലുതായ അന്തരമുണ്ടെന്നുള്ളതും ഇവിടെ വിസ്മരിച്ചുകൂടാത്തതാണ്. പാട്ടല്ലാത്ത ഭാഷാസംസ്കൃതയോഗത്തെയാണല്ലൊ മണിപ്രവാളമെന്നു ലീലാതിലകത്തിൽ നിർദ്ദേശിച്ചിട്ടുള്ളത്. വിഭക്ത്യന്തങ്ങളായ സംസ്കൃതപദങ്ങൾ അന്നത്തെ — തിലകകാലത്തെ — മണിപ്രവാള

ത്തിൽ ആവശ്യമായിരുന്നു. ഉണ്ണുനീലിസന്ദേശം മുതലായവയിൽ വിശേഷണവിശേഷ്യങ്ങളായ മലയാളശബ്ദങ്ങൾക്കുപോലും വിഭക്തിപ്പൊരുത്തം വരുത്തിക്കാണുന്നുണ്ട്:—

> 'കണ്ണുംമാനേർമിഴികൾക്കിനോ മന്മഥാരാതിതന്നെ
> തങ്കാല്യത്തിന്നൊരുതിലകമേ തിരൾ പൂട്ടപ്പിരാനെ
> കാൺകൂ പിന്നെക്കമലവനിതക്കിമ്പമേ, നിൻവിയമ്പേ–
> രാളും കാഴ്ചിപിതരു, മെതിരില്ലാത്തമാംഗല്യകീർത്തി.'

> 'കുണ്ടം വഞ്ചിൻനിറമുടയൊരന കൈകനീരോരു തിരൾ–
> ത്തൂണും ചാർത്തും പരനെ വരമാതിന്ന മെയ്പ്പാതിയൊനെ
> മണ്ണും മാനെപ്പൂരനെ ശരണീകമ്പിപാലാക്കിയൊനെ–
> ക്കാണെ പോവിൽ തമാവിടെനി കണ്ടിച്ചുർത്തമ്പിരാനെ.'

എന്നീവക പ്രയോഗങ്ങൾ നോക്കുക. 'സമ്മേ സംസ്കൃതീകൃതാച' എന്ന 'തിലക'സൂത്രപ്രകാരം ദ്രാവിഡപ്രകൃതികളിൽ സംസ്കൃതപ്രത്യയാംശങ്ങളും ലകാരങ്ങളും കൂടി അക്കാലത്തു പ്രയോഗിച്ചുവന്നിരുന്നു:—

> ആനാലൂർനീലിവിരഹവിധുരോ മാണിരത്നാന്തകാമീ
> മാത്തൂർജാതോ മദന വിവശസ്സ്വല്ലകോവാനരാലേഖ

എന്നും,

> പുന്നപ്പൂവിൻ പരിമളമുതാമാരുതന്നാലയാതോ
> ഉണ്ണൈയാണാമീതാവിധ നാരുരു നീ പിന്നിടേഥാ:

എന്നുംമററുമുള്ള സന്ദേശപദ്യങ്ങൾ ഇതിനുദാഹരണങ്ങളാകുന്നു.

ഉണ്ണുനീലിസന്ദേശത്തിന്റെ കാലം ഏതെന്നോ, കർത്താവ് ആരെന്നോ ഇതേവരെ ഖണ്ഡിതമായി നിർണ്ണ

യിച്ചുകഴിഞ്ഞിട്ടില്ല. പ്രാമാണികന്മാരായ പണ്ഡിതന്മാരിൽ പലരുടെയും അഭിപ്രായങ്ങൾ ഈ വിഷയത്തിൽ അത്യന്തം ഭിന്നങ്ങളാണ്. അവരിൽ ചിലരുടെ അഭിപ്രായങ്ങളുടെ സാജാത്യവൈജാത്യങ്ങളെക്കുറിച്ചു കുറഞ്ഞൊന്നു പര്യാലോചിക്കേണ്ടിയിരിക്കുന്നു. എന്നാൽ അതിനുമുമ്പായി പ്രസ്തുതകാവ്യത്തിന്റെ ഇതിവൃത്തം ഇവിടെ സംഗ്രഹിക്കുന്നതു് ഉചിതമായിരിക്കുമെന്നു വിശ്വസിക്കുന്നു.

ഇതിവൃത്തം.

വടക്കുംകൂർരാജ്യത്തിന്റെ തലസ്ഥാനനഗരമായ 'വടമധുര' എന്ന കടുത്തുരുത്തിദേശത്തു വീരമാണിക്കമെന്നുകൂടി പേർപറഞ്ഞുവരുന്ന മുണ്ടയ്ക്കൽഭവനത്തിലെ ഉണ്ണുനീലിക്ക്, അവളുടെ പ്രിയതമൻ ഒരു സന്ദേശമയയ്ക്കുന്നതാണ് ഇതിലെ പ്രതിപാദ്യവിഷയം. സന്ദേശകാവ്യങ്ങൾക്കെല്ലാം പൂർവ്വവർത്തിയും മാർഗ്ഗദീപവുമായിട്ടുള്ളതു മേഘസന്ദേശമോ, അല്ലെങ്കിൽ രാമായണത്തിലെ ഹനുമൽസന്ദേശംതന്നെയോ എന്നുള്ള വാദം എങ്ങനെയും കിടന്നുകൊള്ളട്ടെ. ഒരു കാര്യം തീർച്ചതന്നെ. എല്ലാ സന്ദേശകാവ്യങ്ങളിലും ഒരു സാമാന്യനിയമവിധേയത കാണുന്നുണ്ടെന്നുള്ളതിൽ രണ്ടുപക്ഷമില്ല. നായികാനായകന്മാരുടെ വിരഹാവസ്ഥവഴി വിപ്രലംഭശൃംഗാരരസപ്രതിപാദനമാണല്ലോ, സന്ദേശകാവ്യങ്ങളുടെ പരമോദ്ദേശ്യം. അതിൽ ഈ കാമിനീകാമുകന്മാരുടെ വിരഹാവസ്ഥയിൽ, കാമുകൻ അഥവാ നായകൻ സന്ദേശഹാരിയെ കണ്ടുപിടിക്കുക, അനന്തരം സന്ദേശഹരണ്ണ നായി

കാഗൃഹത്തിൽ ചെന്നു ചേരുന്നതുവരെയുള്ള മാൎഗ്ഗം നിൎദ്ദേശിക്കുക, ഇത്രയും പൂൎവ്വഭാഗമായും; നായികാപുരിവൎണ്ണന, പ്രാണപ്രേയസിയുടെ ദയനീയസ്ഥിതിവൎണ്ണന, സന്ദേശവാക്യം എന്നിത്രയും ഉത്തരഭാഗമായും ഹാതുമൽ സന്ദേശകാലംമുതൽ അഥവാ മേഘസന്ദേശകാവ്യകാലം മുതൽ ഇന്നുവരെ ഗതാനുഗതികത്വേന സൎവ്വസന്ദേശകാവ്യങ്ങളിലും നിബന്ധിച്ചുകാണുന്നുണ്ട്. പ്രസ്തുതസന്ദേശത്തിലും ഈ നിയമവിധേയത്വം സ്പഷ്ടമായി കാണാമെന്നുള്ളതു താഴെ പ്രതിപാദിക്കുന്ന കഥാവസ്തുവിൽനിന്നും വ്യക്തമാകുന്നതാണ്.

സന്ദേശത്തിലെ നായികാഗൃഹമായ മുണ്ടയ്ക്കൽഭവനത്തിൽ, ഒരു രാത്രി നായികാനായകന്മാർ കിടന്നുറങ്ങുമ്പോൾ കാമാതുരയായ ഒരു യക്ഷി, നായകനെ എടുത്തുകൊണ്ട് ആകാശദേശംവഴി തെക്കോട്ടു പായുന്നു. ഏകദേശം തിരുവനന്തപുരത്തായപ്പോൾ നായകൻ ഉണരുന്നു. ഉണ്ണുനീലിയിൽനിന്നു വിരഹിതനായ നായകൻ, നാരസിംഹമന്ത്രം ജപിക്കുകയും, ഭീതയായ യക്ഷി, ക്ഷണത്തിൽ നായകനെ വിട്ട് ഓടിപ്പോകുകയും ചെയ്യുന്നു. വായുവിന്റെ സഹായത്താൽ "എല്ലിനു വലിയ കേടൊന്നും പററാതെ" നായകൻ, ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിനു സമീപം വന്നുവീഴുന്നു. സമയം സുപ്രഭാതം. മോഹാലസ്യമെല്ലാം തീൎന്ന്, 'അമ്മെ, ദേശംപുനരിവിടമേതെന്നു നാടെൻറമെല്ലാം' അറിവാൻ കഴിയാതെ പരിഭ്രമിക്കുമ്പോൾ, ക്ഷേത്രത്തിലെ പ്രഭാതസ്തുതി കേട്ട്, ദിങ്മോഹം നീങ്ങി, പ്രസ്തുത ക്ഷേത്രത്തിലെ വാതിൽ മാടത്തിൽ

കയറിയിരിക്കുന്നു. വസന്തത്തിന്റെ ആവിർഭാവം വിരഹിയെ വല്ലാതെ പീഡിപ്പിച്ചുതുടങ്ങി. ഈ ഘട്ടത്തിലാണ് യദൃച്ഛയാ അവിടെ വന്നെത്തിയ തൃപ്പാപ്പൂർ മൂപ്പ് ആദിത്യവർമ്മയെ കണ്ടുമുട്ടുന്നത്. കുശലപ്രശ്നാനന്തരം നായകൻ തന്റെ ദയനീയസ്ഥിതിയെ വിവരിച്ചു രാജാവിനെ ഗ്രഹിപ്പിക്കയും അദ്ദേഹംവഴി നായികയ്ക്കു സന്ദേശം കൊടുത്തയയ്ക്കാൻ തീരുമാനിക്കയും ചെയ്യുന്നു. മാർഗ്ഗനിർദ്ദേശമാണ് അടുത്തപടി.

തിരുവനന്തപുരംമുതൽ വടമധുരവരെയാണ് ഇതിലെ മാർഗ്ഗം വർണ്ണിക്കുന്നത്. ആദ്യം അവിടെയുള്ള ക്ഷേത്രങ്ങളിലെ ദേവന്മാരെയെല്ലാം വന്ദിച്ച്, പടിഞ്ഞാറെ ഗോപുരത്തൂടെ പുറപ്പെടുന്നു. അംബുരാശിയുടെ ഉദാരമായ തീരംവഴിക്കാണ് യാത്ര. ഉച്ചയോടുകൂടി തൃപ്പാപ്പൂർ എത്തുന്നു. അമൃതേത്തു മുതലായവ കഴിഞ്ഞ് അവിടെനിന്നു പുറപ്പെട്ടു മുതലപ്പൊഴി കടന്ന്, പുത്തിടത്തങ്ങാടിയിൽക്കൂടി പോകുന്നു. വഴിക്കു വർക്കലെ പ്രതിഷ്ഠയുള്ള 'നന്ദഗോപാന്വയേന്ദു'വിനെ വന്ദിച്ചു സന്ദേശഹരന്റെ കുലപുരിയായ കൊല്ലംരാജധാനിയിൽ എത്തുന്നു. കൊല്ലത്ത് അന്നു രാജ്യഭാരം ചെയ്യുന്നതു സന്ദേശഹരന്റെ ജ്യേഷ്ഠനായ രവിവർമ്മരാജാവാണ്. ജ്യേഷ്ഠനായ രാജാവിനെ അദ്ദേഹത്തിന്റെ മന്ത്രിവഴി സന്ദേശവിവരം അറിയിച്ചിട്ട്, സന്ദേശഹരൻ അവിടെ നിന്ന് അന്നുതന്നെ പുറപ്പെടുന്നു. 'മുച്ചന്തികൾ ചുഴലമതവും വാണിയ'വും കണ്ടു സന്തുഷ്ടനായി സന്ധ്യയോടുകൂടി കരിപ്പൂക്കുളത്തു ചെന്നുചേരുന്നു.

പിറേറദിവസം രാവിലെ എഴുന്നേററു കൊല്ലംരാജ്യത്തിന്റെ വടക്കെ അതിൎത്തിയിലുള്ള പടയറ എന്ന സ്ഥലത്തുകൂടി ഓടനാടിൽ പ്രവേശിച്ച് കായംകുളത്തങ്ങാടിയിൽക്കൂടിപ്പോയി, മററവും കടന്നു കണ്ടിയൂരെത്തുന്നു. അവിടെനിന്നു മടങ്ങിവന്ന് അന്നത്തെ ഓടനാട്ടുരാജാവായ രവിവൎമ്മയെ കാണുന്നു. അദ്ദേഹത്തിന്റെ ആതിഥ്യമേററ് അന്നത്തെ നിശ അവിടെത്തന്നെയാണു് കഴിക്കുന്നതു്. വഴിക്കു പൂൎവ്വപരിചയമുള്ള അനേകം കുടിലാളകമാരെ സന്ദേശഹരൻ കണ്ടുപോകുന്നുണ്ടെന്നുള്ള കഥയും ഇവിടെ സ്മരണീയമാണ്.

മൂന്നാംദിവസം പ്രഭാതത്തിൽ യാത്ര തുടൎന്നു വീണ്ടും കണ്ടിയൂൎതന്നെ വരുന്നു.

> 'പിറേറന്നാളെഴുന്നേററിതരുണിമാൎകണ്ണിമാൎമൗലിമാലേ, നീ
> മററംപിന്നിട്ടിരിയപ്പുഴയും കണ്ടിയൂരെ വരേണം.'

പിന്നീട്, ചെന്നിത്തല, നാമം, തിരുവൻവണ്ടി, പനയന്നാർകാവു മുതലായ സ്ഥലങ്ങൾ കടന്നു, ചിറവായ്സ്വരൂപത്തിന്റെ വാസസ്ഥാനമായ തെന്നൂരത്തിയിൽ എത്തി 'പഴ്വാരെന്റെ ചൊല്ലും ചടങ്ങും നടത്തി' വീണ്ടും പുറപ്പെടുകയായി. തിരുവല്ല, കരിനാട്ട്, മുത്തൂററം നാലുകോടി, തിരുക്കൊടിത്താനം ഇവ കടന്നു തെക്കുംകൂർ രാജ്യത്തിൽ പ്രവേശിക്കുന്നു. രാജധാനിയിൽ ഉണ്ടെങ്കിൽ, രാമവൎമ്മ എന്നുപേരുള്ള അന്നത്തെ തെക്കുംകൂർരാജാവിനെ കണ്ടുപോകാൻ പറയുന്നുണ്ട്. പിന്നീടു 'മരുത്തോണീവിരചിതനടപ്പന്തലൂടെ നടന്നു' തിരുവാഞ്ചപ്പുഴ കടന്ന്, 'തിരിഞ്ഞെത്തുടി ക്ഷേത്രമാന്തർ', എത്തുന്നു. ഉത്തരം

തേവാരവും അവിടെ നടത്തി വീണ്ടും പുറപ്പെട്ടു കോതനല്ലൂർ കടന്നു ബിംബിലീപാലകന്മാരുടെ സിന്ധുദ്വീപിൽ വന്നുചേരുന്നു. ഇതോടുകൂടി മാർഗ്ഗക്രമവും പൂർവ്വഭാഗവും അവസാനിക്കുന്നു.

ഉത്തരഭാഗത്തിൽ, വടക്കുംകൂർരാജ്യത്തിന്റെ രാജധാനിയായ വടമധുരയെ സവിസ്തരം വർണ്ണിക്കുന്നു. സന്ദേശഹരനോട് അന്ന് അവിടെ രാജ്യഭാരംചെയ്യുന്ന 'മണികണ്ഠാദിത്യസാമന്തമൌലി'യെ ചെന്നുകാണുന്നതിന്നു പ്രത്യേകം ആവശ്യപ്പെടുന്നുണ്ട്. പ്രസ്തുതരാജധാനിയിൽത്തന്നെയുള്ള ചിരികണ്ടൻ, കോതവർമ്മൻ, ഇരവിമണികണ്ഠൻ, രാമവർമ്മൻ മുതലായവർ സന്ദേശഹരനെ പ്രത്യേകം വന്നുകണ്ടു കുശലപ്രശ്നങ്ങളും ചെയ്യാതിരിക്കുന്നില്ല. രാജധാനിക്കു സമീപമുള്ള 'മലിചിറ' എന്ന പൊയ്കയെ സവിശേഷം വർണ്ണിക്കുന്നുണ്ട്:—

'നീരാടീടുന്നവർ മിലദലച്ഛത്രം പൂർണ്ണചന്ദ്രാഭിരാമം
വക്ത്രം മുഗ്ദ്ധാംഭോജമുഴറാൻ കൃത്യമാമൻപ്രസൂനം
കൂടിപ്പിന്നെത്തരളിവിനോദമെടുക്കുന്നുവിണ്ടിച്ചിരിച്ചി—
ട്ടാതങ്കാനന്ദം പകലപി നിറയ്ക്കുന്നതല്ലീടുമൊന്റ്'

ഏതാദൃശമായ മലിചിറയുടെ 'കിഴക്കിൻചിറയ്ക്കു' പിൻവശത്തായിട്ടാണ് വീരമണിക്കമെന്ന പ്രസിദ്ധമായ നായികാഗൃഹം സ്ഥിതിചെയ്യുന്നതു്. പിന്നീടു ഗൃഹവർണ്ണന തുടങ്ങുന്നു:—

'മന്ദപ്രായന്ത്യാലഭിതഗതയേ കൈവിരൽക്കൈവിരലു—
ളുഞ്ഞായമ്മകൊണ്ടുപതിരാഹിക്കും നീലരത്നാങ്കുരംകൊണ്ട്,
ചാണാൽ മുച്ചാണിടപടിയകംപൂമടുത്താളുമാഭേ
കാണാം, ചൊല്ലുമ്പുഴുതുടനിടത്തുണ്ടു സോപാനമാർഗ്ഗം'

എന്നുതുടങ്ങിയ വർണ്ണനയ്ക്കുശേഷം നായികയെ ആപാദ

ചൂഡം വർണ്ണിക്കുകയും അവളുടെ വിരഹവ്യഥയെ പ്രദർശിപ്പിക്കുകയും ചെയ്യുന്നു. വിരഹത്തിൽ തനിക്കു ന്യായമായി സങ്കടപ്പെടാൻ അവകാശമുണ്ടെന്നു സന്ദേശഹരന്നു സ്വയം ബോദ്ധ്യമാകത്തക്കവണ്ണം അത്യന്തം ഹൃദയാവർജ്ജകമായും സ്വാഭാവികമായുമാണു് ഈ ഭാഗം വർണ്ണിക്കുന്നതു്:—

'നീലശ്ലക്ഷ്ണം പുറപ്പുറമുമിപ്പൊണ്ണിന്റെ കൈത്തണ്ടമേലാ—
നീലപ്പൂത്തിൻപരിചെഴുമിളന്തയ്യലാം ശ്യാമളാംഗി
കാലത്താലുറവുടമന്തരന്തരം പൂതിരന്ധ്രസ്വനാര്യാ
തോലിത്താഴത്തവശപതിതാ ശയ്യതിപ്രാണനാഥാ' ....

'ദേവീം നിദ്രാമുപഗതവതീം ചാലതാൻ്റെയറിഞ്ഞന്നോ—
ത്തന്നെക്കണ്ടിപ്പൊഴുതുമതൊന്നെന്ന സ്വപ്നാവലോകേ
ആർദ്രാവസ്ഥകൾ സന്ദേശസ്മൃതിയാലേ ശോകക്ലിന്നധൈര്യാ
പള്ളത്തിൽപ്പോലും മുഴുകി മുറയിട്ടങ്ങിരിക്കും സാദ്ധ്വീ വാ'

ഇങ്ങനെ നായികയുടെ ശയനീയസ്ഥിതിയെ അഥവാ വിപ്രലംഭശൃംഗാരത്തിന്റെ വിവിധഘട്ടങ്ങളെ മധുരമായി വർണ്ണിച്ചശേഷം, സന്ദേശവിവരങ്ങളും "തേററ"ത്തിന്നായ് അടയാളവാക്യങ്ങളും നൽകുന്നു. ഒടുവിൽ സന്ദേശവാഹകന്റെ 'പുനർദ്ദർശനാനന്ദലക്ഷ്മി'യെ പ്രാർത്ഥിച്ചുകൊണ്ടു് കാവ്യവും അവസാനിപ്പിക്കുന്നു.

കാലം.

സഹൃദയഹൃദയാഹ്ലാദകമായ ഈ സന്ദേശകാവ്യം, 1081-ലെ "രസികരഞ്ജിനി"വഴിക്കത്രേ കേരളീയർക്ക് ആദ്യമായി പരിചയപ്പെട്ടതു്. ഇതിന്റെ നിർമ്മാണകാലം ക്രിസ്ത്വബ്ദം 119-ൽ ആയിരിക്കണമെന്നു രസികരഞ്ജിനിപത്രാധിപർ അഭിപ്രായപ്പെടുന്നു.

> “അന്നയാലോകേ വിപുലമനസാമന്യസാമാന്യമദ്യ—
> ത്യർത്ഥാനർത്ഥാപഗമവിശദമക്ഷാർത്ഥിതാ ചാതുരന്താം
> ന്യക്ഷേണൈഷാ നിജഗുരുതയാ നേഷ്യതേ തച്ഛിരേഷം
> സാദ്ധ്യം തസ്മിന്നപി ച സമഗ്രം ഭാവമേതദ്ഭവേദ്യ”

എന്നുള്ള ശുകസന്ദേശത്തിലെ പദ്യം പ്രസ്തുതകാവ്യത്തിൽ,

> “ഇത്ഥം നാനാകുശലമവനോടാപ്പൃച്ഛ്യ പൂർവ്വം വിചാരി—
> ‘ച്ഛായാലോകേ വിപുലമനസാ’മെന്ന ശുൽപ്പട്ടകോട്ടി
> പ്രാർത്ഥിച്ചാൻ തൻകരുമവനെ പ്രാർത്ഥനീയാത്മഭാവം
> സ്വാർത്ഥം പ്രത്യർത്ഥികളിലെഴിന്തെക്കലക്കുന്നോം വിവേകം”

എന്ന പദ്യത്തിൽ സൂചിപ്പിച്ചുകാണുകയാൽ, ശുകസന്ദേശത്തിനുശേഷമായിരിക്കണം ഇതിൻെറ ഉത്ഭവമെന്നാണ് അദ്ദേഹം ഊഹിക്കുന്നതു്.

> ‘ലക്ഷ്മ്യാരംഗേ ശരദി ശശിനസ്തുംഗശൃംഗേ കദാചിൽ
> പ്രേമ്ണാസ്വൈരസ്വപിതുരവിതാരാമപാലിഃ ക്വചാലിഃ
> ഭോഗാവസ്ഥാം കപിതഹൃതയാ ലോകസ്തനീതപ്പുതസ്യാഃ
> ശ്രാന്തസ്സുപ്തഃ ശുകമിതിശിരാ ശ്രൂയതാ സന്ദേശ’

എന്നുകാണുന്ന ശുകസന്ദേശത്തിലെ പ്രഥമപദ്യത്തിൽ ‘ലക്ഷ്മ്യാരംഗേശരദി’ എന്നുള്ള ഭാഗം കലിദിന സംഖ്യയെ സൂചിപ്പിക്കുന്നതാണെന്നും, ആ സ്ഥിതിക്കു ക്രിസ്തുവർഷം 102-നിടയ്ക്കാണ് അതിൻെറ നിർമ്മാണകാലമെന്നും അദ്ദേഹം നിർണ്ണയിക്കുന്നു. അതുപോലെതന്നെ ഉണ്ണുനീലിസന്ദേശത്തിലെ പ്രഥമപദ്യമായ,

> ‘സൂര്യകരകരതാഴീസ്വപാദ്യു നീലബാലചൂഡം
> തിരതല്ലാളിതിയനീരായംഗരാഗാളിതാമം
> കരകലിതകലാപാ മംഗളം പിംഗളാക്ഷം
> മലമകളുലപൂണ്ടം ദൈവതം വെൽവൃതാക’

എന്നുള്ളതിലെ ‘അംഗരാഗം’ എന്ന ഭാഗം കലിദിന

സംഖ്യയെ സൂചിപ്പിക്കുന്നതാണത്രെ. ഇതിനെ ആസ്പദമാക്കി നോക്കുമ്പോൾ, പ്രസ്തുത സന്ദേശത്തിന്റെ നിൎമ്മാണകാലം, ക്രിസ്തുവൎഷം 119 നിടയ്ക്കാണെന്നു കാണാം. ഈ അഭിപ്രായത്തെ ആദരിക്കുന്നപക്ഷം, പ്രസ്തുതകാവ്യം ഏകദേശം 1800 വൎഷത്തിലധികം പഴക്കമുള്ള ഒരു കൃതിയാണെന്നു വന്നുകൂടുന്നതാണ്. ഇതു തീരെ തെററാണെന്നു പറയേണ്ടതില്ലല്ലോ. മലയാളഭാഷ തമിഴിൽ നിന്നു ഭിന്നിച്ച് ഒരു പ്രത്യേകഭാഷ എന്ന നിലയെ അൎഹിച്ചുതുടങ്ങിയതുതന്നെ, കൊല്ലവൎഷാരംഭത്തിനുശേഷമാണെന്നു ഭാഷാശാസ്ത്രകാരന്മാരിൽ പലരും അഭിപ്രായപ്പെടുന്നു. അതിനുമുമ്പു, എന്നുവച്ചാൽ, പത്തുപതിനൊന്നു നൂററാണ്ടുകൾക്കുമുമ്പു- ഇങ്ങനെ ഒരു കൃതി ഉത്ഭവിച്ചു എന്നൂഹിക്കുന്നതു വളരെ സാഹസമായിരിക്കും. ഉണ്ണുനീലിസന്ദേശത്തെക്കാൾ മുമ്പു ഉണ്ടായിട്ടുള്ളതെന്നു പല കാരണങ്ങളാലും നിൎണ്ണയിക്കാവുന്ന രാമചരിതത്തിന്റെ ആവിൎഭാവംപോലും, കൊല്ലം നാലാം ശതവൎഷത്തിലൊ, അതിൽ പിന്നീടൊ ആയിരിക്കണമെന്നാണ് ഭാഷാപണ്ഡിതന്മാരിൽ പലരുടെയും അഭ്യൂഹം. ആ സ്ഥിതിക്ക് സന്ദേശത്തിന്റെ നിൎമ്മാണകാലം, രാമചരിതത്തിനു മുമ്പായിരിക്കാൻ ഒരിക്കലും വഴികാണുന്നില്ല. ശുകസന്ദേശത്തിലേയും ഉണ്ണുനീലിസന്ദേശത്തിലേയും മേല്ക്കാണിച്ച ശ്ലോകങ്ങളിലെ ചില പദങ്ങൾക്ക്, കലിദിനസംഖ്യ കണക്കാക്കി നോക്കുമ്പോൾ ലഭിക്കുന്ന പരസ്പരൈക്യത്തെമാത്രം ആസ്പദമാക്കി, ഇങ്ങനെ നിൎണ്ണയിച്ചുതുടങ്ങിയാൽ വളരെ അബദ്ധങ്ങൾക്കു ഹേതുവാകുകയേയുള്ളു. കലിദിനസംഖ്യ പദ്യരൂപത്തിലാക്കി

ത്തീർപ്പാൻ കേരളകവികൾ യത്നം ചെയ്തുതുടങ്ങിട്ടുള്ളതു മേല്പത്തൂരിന്റെ കാലംമുതല്ക്കാണെന്ന 'ഭാരതഗാഥ'യുടെ പ്രസാധകനായ ചിറയ്ക്കൽ കോവിലകത്തെ രാമവർമ്മരാജാവവർകൾ പ്രസ്താവിച്ചിട്ടുള്ള സംഗതി, ഈ സന്ദർഭത്തിൽ ഏററവും സ്മരണീയവും ആദരണീയവുമായിത്തോന്നുന്നു. ആകയാൽ 'ലക്ഷ്മ്യപ്രാരംഭേശരദി' 'അംഗരാഗം' എന്നീ പദങ്ങൾക്ക് 'കാകതാലീയന്യായേന' സിദ്ധിച്ച പൂർവ്വാപരൈക്യം ആസ്പദമാക്കി അവയുടെ കാലനിർണ്ണയം ചെയ്യാമെന്നു തോന്നുന്നില്ല.

ഗവേഷകവിചക്ഷണനായ മഹാകവി പരമേശ്വരയ്യർ അവർകൾ ഉണ്ണുനീലിസന്ദേശത്തിന്റെ നിർമ്മാണകാലം കൊല്ലവർഷം 541-നും 550-നും ഇടയ്ക്കാണെന്ന് അനേക തെളിവുകൾ ഹാജരാക്കി അഭിപ്രായപ്പെടുന്നു. 'ഭാഷാപോഷിണി'യുടെ 1091-ലെ മേടം- ഇടവം ലക്കങ്ങളിൽ അദ്ദേഹം ഈ സംഗതിയെ സംബന്ധിച്ച സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. 1092-ലെ 'ഭാഷാപോഷിണി'ലക്കങ്ങളിൽ നിരൂപകാഗ്രഗണ്യനായ പി. കെ. നാരായണപിള്ള അവർകളും പ്രസ്തുതകൃതിയുടെ കാലനിർണ്ണയത്തിൽ യുക്തിയുക്തമായ അഭിപ്രായങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. സാധകബാധകങ്ങളായ അനേകം യുക്തികളെ പ്രദർശിപ്പിച്ച നിരൂപണംചെയ്യുന്ന മി. പി. കെ, ഒടുവിൽ മി. പരമേശ്വരയ്യരുടെ അഭിപ്രായത്തോടു യോജിക്കുകയത്രെ ചെയ്യുന്നതു്. അതിനാൽ സന്ദേശത്തിന്റെ കാലനിർണ്ണയവിഷയത്തിൽ പരമേശ്വരയ്യർ അവർകൾ പ്രകടിപ്പിച്ചിട്ടുള്ള യുക്തികളെത്തന്നെ

നമുക്കിവിടെ മുഖ്യമായി പരിശോധിച്ചുനോക്കാം. അദ്ദേഹത്തിന്റെ അഭിപ്രായഗതി ഏതാണ്ടിപ്രകാരമാണ്:–

'ഉണ്ണുനീലീസന്ദേശത്തിന്റെ കാലം നിർണ്ണയിക്കുന്നതിനു വളരെ സൗകര്യമുണ്ട്. സാധാരണ സന്ദേശങ്ങളിൽ തിര്യക്കുകൾ ദൌത്യം വഹിക്കുന്നു. ഇവിടെ ഒരു രാജാവാണ് ആ കൃത്യം നിർവ്വഹിക്കുന്നതു്. ആ രാജാവ് ആരെന്നും, എന്നു ജീവിച്ചിരുന്നു എന്നും അറിഞ്ഞാൽ മതി. ആദിത്യവർമ്മ എന്നുപേരുള്ള സന്ദേശഹരനായ രാജാവിനു തൃപ്പാപ്പൂർമൂപ്പും, സർവ്വാംഗനാഥൻ, സംഗ്രാമധീരൻ എന്നീ ബിരുദങ്ങളും ഉണ്ടായിരുന്നുവെന്നു പ്രസ്തുതഗ്രന്ഥത്തിലെ പലഭാഗങ്ങൾകൊണ്ടും തെളിയുന്നുണ്ട്. ഇങ്ങനെ സംഗ്രാമധീര, സർവ്വാംഗനാഥ ബിരുദങ്ങൾകൊണ്ട് അങ്കിതന്മാരായി തിരുവിതാംകൂറിൽ രണ്ടു ആദിത്യവർമ്മമാർ മാത്രമേ ഉണ്ടായിട്ടുള്ളു. അവരിൽ ഒരാൾ കൊല്ലവർഷം 550 മുതല്ക്കും, മറെറ ആൾ 636 മുതല്ക്കുമാണ് രാജ്യം ഭരിച്ചിട്ടുള്ളതു്. ഇവരിൽ ആദ്യത്തെ സർവ്വാംഗനാഥൻ വടശ്ശേരി കൃഷ്ണൻകോവിലിൽ ഒന്നും, തിരുവമ്പാടിക്ഷേത്രത്തിൽ രണ്ടും, ഇങ്ങനെ മൂന്നു ശിലാശാസനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. 'സിംഹരന്ധ്ര ച ബൃഹസ്പതൗ സമകരോദബ്ദേ ച ചോളപ്രിയേ' എന്ന ലേഖനത്തിലെ 'ചോളപ്രിയ' എന്നതു കാലമുദ്രയാകയാൽ അതിനു പരല്പേരുപ്രകാരം ശകാബ്ദം 1296, അതായതു കൊല്ലം 549—550-ാമാണ്ട് എന്നു സിദ്ധിക്കുന്നതാണ്.

ഷട്ത്രിംശത്യപി ഷഷ്ഠികേഷു ശ്രീമദ്ഗുണാനാമാദ്യോ കലാനാം കലാ-
ന്യസ്യാസ്യ യുധി ഭൂപതിംശ്ച വിജയേ സർവ്വാംഗനാഥോസ്യ്യതഃ

എന്നതുടങ്ങിയുള്ള ആദ്യത്തെ ശാസനത്തിൽ പ്രതിപാദിച്ചിട്ടുള്ള സർവ്വാംഗബിരുദയോഗ്യത, സന്ദേശത്തിലെ സർവ്വാംഗനാഥനായ ആദിത്യവർമ്മയിൽ പ്രകടമായി കാണുന്നുണ്ടെന്നു മി. പി. കെ. യുടെ ലേഖനത്തിൽ തെളിയിച്ചിട്ടുമുണ്ട്.

'രാജ്യാനാമതിനിയപതി നെല്ലിനാമിൻറായുധാനാം
വിദ്യാനാമുചമപിപെരുമാൾ വീരസംഗ്രാമധീര,
നാലിനമറാവുപതിരമിൻറക്കലോകത്രയാണാം
ഗ്രാമാണാമ ശ്രീയമരതിനാം വാഴ്ത്തുമാദാരപൂർവ്വം.'

ഇത്യാദി സന്ദേശത്തിലെ കവിപ്രശ്നഭാഗങ്ങൾതന്നെ മതിയായ ദൃഷ്ടാന്തമാണ്. ഈവക സംഗതികൾകൊണ്ടു മേല്പറഞ്ഞ ആദിത്യവർമ്മരാജാവാണ് സന്ദേശം വഹിക്കുന്നതെന്നു സ്പഷ്ടമായി കാണാവുന്നതുമത്രെ.

പ്രസ്തുത ആദിത്യവർമ്മരാജാവിനു തൃപ്പാപ്പൂർ മൂപ്പു കിട്ടിയതു് 541 മുതല്ക്കാണെന്നു പത്മനാഭസ്വാമിക്ഷേത്രത്തിൽ ഗ്രന്ഥവരി കാണുന്നുണ്ട്.

'വ്യാഘ്രാമം'കൊണ്ടുഴകിവളതിരാമമോളം

എന്ന ശ്ലോകം സന്ദേശത്തിൽ കാണുന്നതുകൊണ്ട്, സന്ദേശഹരനായ ആദിത്യവർമ്മ തുലുക്കൻപടയോടു പൊരുതിട്ടുള്ളതായി വിചാരിക്കേണ്ടിയിരിക്കുന്നു. ക്രിസ്തുവർഷം 1320-നു, കൊല്ലം 495-നിടയ്ക്കാണ് തുലുക്കൻപട മാലിക്കാഫറുടെ നേതൃത്വത്തിൽ ദക്ഷിണഭാഗത്തേയ്ക്കു വന്നിട്ടുള്ളതു്. ഇതേവരെ പ്രസ്താവിച്ച എല്ലാസംഗതികളെയും ക്രോഡീകരിച്ചുനോക്കുമ്പോൾ, മേല്പറഞ്ഞ ആദിത്യവർമ്മരാജാവിനു തൃപ്പാപ്പൂർ മൂപ്പുകിട്ടിയ 541-നശേ

ഷവും, രാജ്യഭാരം സിദ്ധിച്ച 550-നു മുമ്പുമായിരിക്ക
ണം ഈ കൃതിയുടെ നിൎമ്മാണകാലം.'

> 'അഞ്ജാംപക്കാ വരമിളയുമാലോ വാരവും വീരമാലേ
> നാളും നൽകാ നളിനവനിതാകിയനേ രുമ്പിലെയ്ക്,
> മേടം ഭവനാടരിൽകർക്കടമേ, രാശിയും വാഗധീശൻ
> നാലാമേടത്തമഴുപുറമതാളിതികാമാഖ്യയോനേ'

എന്ന പദ്യത്തെ അടിസ്ഥാനമാക്കി, 549-കുംഭം 23-ാം
തീയതി ഉദയാൽപരം 7½ നാഴികയും, അശ്വതിനക്ഷത്ര
വും പഞ്ചമിതിഥിയും, വ്യാഴവാരവും, മേടംരാശിയും,
കൎക്കടകത്തിൽവ്യാഴവും, യോജിച്ചുവന്ന മുഹൂൎത്തത്തിലാ
ണ് നായകൻ സന്ദേശമയക്കുന്നതെന്നും കൃത്യമായിപ്പറ
യാം.[1] ഭാഷാശൈലിയും പ്രസ്തുത കാലഘട്ടത്തെ കുറിക്കു
ന്ന ഒരു പ്രത്യേകതെളിവായി മിസ്റ്റർ പരമേശ്വരയ്യർ
പ്രസ്താവിക്കുന്നുണ്ട്.

ഭാഷാഭിമാനിയും നിരൂപണമൎമ്മവേദിയുമായ ആ
റ്റൂർ കൃഷ്ണപ്പിഷാരോടി അവർകൾ ഉള്ളൂരിന്റെമേൽ
പ്രസ്താവിച്ച അഭിപ്രായങ്ങളിൽ മിക്കവയോടും യോജി
ക്കുന്നുണ്ടെങ്കിലും, ചില സംഗതികളിൽ ഭിന്നിച്ചു സ്വത
ന്ത്രമായ മറെറാരഭിപ്രായം പുറപ്പെടുവിക്കുന്നു. അദ്ദേഹ
ത്തിന്റെ അഭിപ്രായത്തിൽ ഉണ്ണുനീലിസന്ദേശത്തി
ന്റെ നിൎമ്മാണകാലം 550നു മുമ്പ്, - അതായത് ഏ
കദേശം 500-ാമാണ്ടിനു സമീപിച്ചായിരിക്കണമെന്നാ
ണ്. മുഖ്യമായി മൂന്നു സംഗതികളെ അടിസ്ഥാനമാക്കി
യാണ് അദ്ദേഹം സ്വാഭിപ്രായം സ്ഥാപിക്കുന്നത്.

അതിൽ ഒന്ന് വടക്കേരി കൃഷ്ണൻകോവിലിലും, തിരു
വമ്പാടിക്ഷേത്രത്തിലും ഉള്ളതായി മുമ്പു പറയപ്പെട്ട ശി

ലാലോചനങ്ങളെ അടിസ്ഥാനമാക്കിയത്രെ. അദ്ദേഹം പറയുന്നതിന്റെ ചുരുക്കമിതാണു്:—

‘സൎവ്വാംഗനാഥബിരുദമുള്ളവരായി രണ്ടല്ല, മൂന്നു് ആദിത്യവൎമ്മമാർ തിരുവിതാംകൂറിൽ ഉണ്ടായിരുന്നതായി കാണാവുന്നതാണു്, ശിലാശാസനങ്ങൾ മൂന്നും ഒരാൾതന്നെ സ്ഥാപിച്ചതാണെന്നു തീരുമാനിച്ചുകൂടാ. രണ്ടുപേരുടേതായിരിക്കാനാണു് ഇടയുള്ളതു്. ഇതിൽ വടശ്ശേരി കൃഷ്ണൻകോവിലിലുള്ള ലേഖനത്തിൽ, സൎവ്വാംഗനാഥനെന്ന ബിരുദനാമമുള്ള ആദിത്യവൎമ്മയാണു് അതു സ്ഥാപിച്ചിരിക്കുന്നതെന്ന സംഗതി, വ്യക്തമായി കാണിച്ചിരിക്കുന്നു. രണ്ടാമത്തേതായ തിരുവമ്പാടി ക്ഷേത്രത്തിന്റെ വടക്കേഭിത്തിയിലുള്ള ലേഖനത്തിൽ, അതു സ്ഥാപിച്ചതു് ഒരു സൎവ്വാംഗനാഥനാണെന്നുമാത്രവും; മൂന്നാമത്തേതായ തെക്കേ കട്ടിമത്തിലുള്ള ലേഖനത്തിൽ ഒരു ആദിത്യവൎമ്മരാജാവു് എന്നുമാത്രവും വിശദമാക്കിയിരിക്കുന്നു. ആദ്യത്തെ ലേഖനത്തിൽ സൎവ്വാംഗനാഥബിരുദം കിട്ടാനുള്ള കാരണം വ്യക്തമായി കാണിച്ചിരിക്കുന്നതുകൊണ്ടു് അതിലെ ആദിത്യവൎമ്മ പ്രാചീനനാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. തിരുവമ്പാടിയിലേതു രണ്ടും, കുലകൂടസ്ഥനായ ആദിത്യവൎമ്മയുടെ പിൻഗാമിയായ ഒരാളുടേതായിരിക്കണം. കൊല്ലവൎഷം 505-ൽ തൃപ്പാപ്പൂർമൂപ്പിൽ സ്ഥാനമുണ്ടായിരുന്ന ഒരാദിത്യവൎമ്മ, വൈക്കം ക്ഷേത്രത്തിലെ കണക്കുകൾ പരിശോധിച്ചിട്ടുള്ളതായി കാണുന്നുണ്ടെന്നു മി. ശങ്കുണ്ണിമേനോന്റെ ചരിത്രത്തിൽ പറയുന്നു. പ്രസ്തുത ആദിത്യവൎമ്മ 507 മുതൽ 510 വരെയാണത്രെ രാജ്യം ഭരിച്ചിരുന്നതു്. അതിനാൽ ‘ചോള

പ്രിയ' എന്ന ശകാബ്ദത്താൽ കിട്ടുന്ന കൊല്ലം 550-നി ടക്കു തൃപ്പാപ്പൂർമൂപ്പു വാണിരുന്ന ആദിത്യവർമ്മയല്ല ഇ ദ്ദേഹമെന്നും, ആദ്യത്തെ ലേഖനമായ വടശ്ശേരി കോവി ലിലെ ലേഖനം സ്ഥാപിച്ച ആദിത്യവർമ്മതന്നെയാണ് സന്ദേശഹരൻ എന്നും തീരുമാനിക്കേണ്ടിയിരിക്കുന്നു.

രണ്ടാമത്തെ സംഗതി തുലുക്കൻപടയോടു പൊരു തിയിട്ടുള്ളതായി പ്രസ്താവിച്ചിട്ടുള്ള ഭാഗമാണ്. മാലി ക്കാഫറും സൈന്യങ്ങളും ദക്ഷിണ ഇന്ത്യയിലേയ്ക്കു ആ ദ്യമായി വന്നതു ക്രിസ്ത്വബ്ദം 1310-1313-ൽ കൊല്ലം 485-488-ാമാണ്ടിടയ്ക്കാണെന്നു ദേശചരിത്രകാരന്മാർ പ്രസ്താവിക്കുന്നു. ആ സ്ഥിതിക്ക് കൊല്ലം 500-ാമാണ്ടി നോടടുത്തു ജീവിച്ചിരുന്ന ആദ്യത്തെ ആദിത്യവർമ്മ തുലു ക്കൻ പടയോടു പൊരുതിയിട്ടുള്ളതായി സന്ദേശത്തിൽ പ്രസ്താവിച്ചിട്ടുള്ളതിൽ യാതൊരു അസാംഗത്യദോഷവും ഉണ്ടാകാനിടയില്ല.

മൂന്നാമത്തെ വാദം, "അഞ്ചാംപക്കം വരമിതുത ലോം... ഭൂതികാമാദ്യയോഗഃ" എന്നുള്ള മേൽപ്രസ്താവി ച്ച ശ്ലോകത്തെ അടിസ്ഥാനമാക്കിയാണ്. ഇതിൽ 'നളി നവനിതയ്ക്കിമ്പനേ' എന്നഭാഗം സംബോധനയായി എടുത്തും നാളുംമുമ്പിലേതു് എന്നന്വയിച്ചും, അശ്വതി നാളും പഞ്ചമി തിഥിയുമെന്ന മി. പരമേശ്വരയ്യർ വ്യാ ഖ്യാനിക്കുന്നതു് അത്ര ശരിയായിരിക്കുന്നില്ല. 'നാളും ന ൽനളിനവനിതയ്ക്കിമ്പനേ മുമ്പിലേതു'— അതായതു് വിഷ്ണുദൈവതമായ തിരുവോണത്തിനു മുമ്പിലേതായ

ഉത്രാടംനാൾ എന്നാണ് അൎത്ഥം കല്പിക്കേണ്ടതു്. അത
നുസരിച്ചു നോക്കുമ്പോൾ, ഉത്രാടം നക്ഷത്രവും പഞ്ച
മിതിഥിയും മേടം ഉദയരാശിയും കൎക്കടകത്തിൽ വ്യാഴ
വും ആയിട്ടുള്ള സമയത്താണ് സന്ദേശം അയയ്ക്കുന്നതെന്നു
വന്നുകൂടും. കൎക്കടകവ്യാഴകാലങ്ങളിലെ മേടമാസത്തിൽ
ഉത്രാടവും പഞ്ചമിയും യോജിച്ചുവരുന്ന ദിവസം മേല്പ
റഞ്ഞ കാലഘട്ടത്തിനിടയ്ക്കു്, 490–മേടത്തിൽ മാത്രമേ
ശരിയായി കാണുന്നുള്ളു. അതിനാൽ സന്ദേശമയയ്ക്കുന്ന
തായി സങ്കല്പിച്ചിട്ടുള്ളതു കൊല്ലം 490–മേടം 30–ാംനു-
പുലൎച്ചസമയമാണെന്നു നിൎണ്ണയിക്കാം'.

മേല്പറഞ്ഞ അഭിപ്രായഭേദങ്ങളിൽനിന്ന് ഉണ്ണുനീ
ലീസന്ദേശത്തിന്റെ രചനാകാലം, ഇനിയും അവ്യവ
സ്ഥിതമായിത്തന്നെ സ്ഥിതിചെയ്യുന്നുവെന്ന് ഊഹിക്കേ
ണ്ടിയിരിക്കുന്നു. എന്നാൽ ഏകദേശം 6–ാം നൂററാണ്ടി
ന്റെ ഉത്തരാൎദ്ധത്തിനുമുമ്പ് ഇതിന്റെ നിൎമ്മാണം സം
ഭവിച്ചിട്ടുണ്ടെന്ന് അനുമാനിക്കുന്നതിൽ വലിയ അപാ
കമൊന്നും വരുവാനിടയില്ലാത്തതാണ്. ഭാഷാരീതി മുത
ലായവയും ഏതൽകാലഘട്ടത്തിന് അനുഗുണമായിത്ത
ന്നെ കാണുന്നു. 'നാളും നന്റേ നളിനവനിതയ്ക്കിമ്പനേ
മുമ്പിലേത്തു്'. എന്നുള്ളതിനു മഹാപണ്ഡിതന്മാർ രണ്ടു
പേരും ചെയ്തിട്ടുള്ള വ്യാഖ്യാനങ്ങൾ ഓരോപ്രകാരത്തിൽ
ശരിയായിരിക്കുന്നുണ്ട്. അതനുസരിച്ചു ജ്യൗതിഷി
കന്മാരെക്കൊണ്ടു ചെയ്യിച്ചിട്ടുള്ള കാലനിൎണ്ണയങ്ങളിൽ
ഏതെങ്കിലും ശരിയാണെന്നോ, ഏതെങ്കിലും തെററാ
ണെന്നോ പറവാൻ തരമില്ലാതെയാണിരിക്കുന്നതു്. ശി

ലാലേഖനങ്ങളെ സംബന്ധിച്ചുള്ള അഭിപ്രായങ്ങളും, ഏകദേശം ഇതുപോലെതന്നെ. കൊല്ലം 550-നുമുമ്പ് ആദിത്യവൎമ്മ ഉണ്ടായിരുന്നുവെന്നും, അദ്ദേഹമായിരിക്കണം വടശ്ശേരി കോവിലിലെ ശിലാശാസനം സ്ഥാപിച്ചിട്ടുള്ളതെന്നുമുള്ള സംഗതി, വൈക്കം ക്ഷേത്രത്തിൽ കാണുന്ന ഗ്രന്ഥവരിയെ ആധാരമാക്കിയാണല്ലൊ തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുതവിഷയത്തിലും പ്രാമാണികന്മാരായ ചരിത്രകാരന്മാർതമ്മിൽ ഭിന്നിക്കുന്നുണ്ട്. മി. "ശങ്കുണ്ണിമേനോനും മി. നാഗമയ്യായും 505-മാണ്ടിടയ്ക്കു ആദിത്യവൎമ്മരാജാവു വൈക്കത്തു മേല്ക്കോയ്മ സ്വീകരിച്ചതായി പറയുന്നു. മി. കെ. പി. പത്മനാഭമേനോന്റെ കൊച്ചിരാജ്യചരിത്രമനുസരിച്ച് 584-മാണ്ടിങ്ങനെ നടന്നതായി മി. മഹാദേവയ്യർ പറയുന്നു." ഈ സ്ഥിതിക്ക് പ്രസ്തുതരേഖയുടെ വിശ്വാസയോഗ്യത നമുക്കെങ്ങനെ നിർണ്ണയിക്കാൻ കഴിയും? എന്നാൽ ഒരു സംഗതി തീരുമാനിക്കുന്നതിൽ വികല്പം തോന്നുന്നില്ല. സന്ദേശഹരനായ ആദിത്യവൎമ്മ ചിറവായ്സ്വരൂപത്തിലെ ഒരു അംഗവും, കൊല്ലത്തു രാജ്യഭാരംചെയ്തിരുന്ന ഇരവിവൎമ്മന്റെ ഭ്രാതാവുമാണെന്നുള്ളത് സ്പഷ്ടമാണ്.

> നാരീമൗലേ! മമ മലർമകൾക്കണ്ണിതിപ്പാന്തിരിപ്പാ–
> ട്ടൂരെന്റില്ലം ഭൗമമിളമാൻകണ്ണി! വേണാട്ടിലേക്ക്
> താരാനാഥപ്രതിമവദനെ! പേരുമാദിച്ചനെൻ
> പാരേറീടും പുകളിരവിവൎമ്മന്നനുജന്മാവൻ ഞാൻ. ഉ. സ. 77.

ഇതിലെ ഇരവിവൎമ്മൻ പ്രസിദ്ധനായ ജയസിംഹപുത്രൻതന്നെ ആയിരിക്കണം. എന്തെന്നാൽ–

“ജ്ഞാത്വിന്ദ്രേണനിക്ഷിടിമതലം നൽകുവാൻ പാരിജാതം
വിഭ്രാൻപത്മാകരദിനകരം വിശ്വലോകൈകദീപം
മുററിക്കൂട്ടം പെരിയപരചക്രേന്ദു ചക്രാശ്രമാണാം
കാറാക്കാർമർച്ചരികഴലിമാർമാരനെക്കാൺക പിന്നെ.

വേലപ്പെട്ടിന്നഴകുപൊഴിയും കണ്ണനെപ്പോരിൽമാററാർ
മൂലത്തിന്നേ മുടിവിനൊരു മുക്കണ്ണനെപ്പുണ്യകീർത്തി
വേരിച്ചല്ലാർമനസിജ! കരൾക്കണ്ണനെച്ചെന്റു നേരെ
കേരളക്കേക്കിരുപ്പ്ട്രനിരവിവരമാല്യവേഷാഢ്യർക്കോനെ.”

പൂ. സ. 76, 77.

എന്നിങ്ങനെ സന്ദേശത്തിൽ ചെയ്തിട്ടുള്ള വൎണ്ണന,

‘പരരാണം പാണ്ഡ്യചോളേശ്വരർ നിജമകുടീരത്നനിരാർപ്പിതപീഠം
നീരാജിപ്പിച്ചു കാൽത്താർതൊഴുമളവു യഥാവാഞ്ഛിതം കാമിതന്നിൽ
പാരാവാരാംബരാലംകൃതധരമഖിലപ്രാജ്യസാമ്രാജ്യലക്ഷ്മീ—
താരാധീശാന്വയാലങ്കൃതമുകുള ജയസിംഹാത്മജൻ താവകീനൻ.’

എന്നു മഹാകവി ഉള്ളൂർ മംഗളമഞ്ജരിയിൽ വൎണ്ണിക്കുന്ന പ്രസിദ്ധനായ ആ രവിവൎമ്മചക്രവൎത്തിയെ ഉദ്ദേശിച്ചുതന്നെയായിരിക്കണം. അങ്ങനെ സംഭവിക്കുന്നപക്ഷം അധികം ശങ്കയ്ക്കു് അവകാശം സിദ്ധിക്കുന്നില്ല. എന്തെന്നാൽ പ്രസ്തുത ജയസിംഹാത്മജൻ കൊല്ലം 490-നിടയ്ക്കു കൊല്ലംപട്ടണത്തെ രാജധാനിയാക്കി രാജ്യഭാരം ചെയ്തിരുന്നതായി ചരിത്രകാരന്മാർ പ്രസ്താവിക്കുന്നു. അതിനാൽ അനുജനായ ആദിത്യവൎമ്മയുടെ കാലവും അതിനു സമീപിച്ചായിരിക്കണമെന്നു് അനുമാനിക്കാവുന്നതാണല്ലോ. ഈ അഭിപ്രായം ഗണ്യമായിക്കരുതാവുന്നപക്ഷം, മിസ്റ്റർ പിഷാരോടിയുടെ കാലനിൎണ്ണയത്തിനു കൂടുതൽ സാംഗത്യവും സാമഞ്ജസ്യവും ഉള്ളതായി വിചാരിക്കേണ്ടിയിരിക്കുന്നു.

ഭാഷാരീതിയെ അടിസ്ഥാനമാക്കി നോക്കുമ്പോൾ സന്ദേശം 'രാമചരിത'ത്തിനു പിമ്പും, 'ലീലാതിലകാദി' കൃതികൾക്ക് അടുത്തും ഉള്ള ഒരു കാലഘട്ടത്തിൽ ഉണ്ടായിട്ടുള്ള ഒന്നാണെന്നുമാത്രം പറയാം. 'യൽസത്യം തൽഭവതു–' എന്ന സന്ദേശപദ്യം ലീലാതിലകത്തിൽ കാണുന്നതുകൊണ്ട് ലീലാതിലകത്തിനു മുമ്പാണെന്നു പറവാൻ മടിക്കേണ്ടതില്ല. ലീലാതിലകത്തിന്റെ കാലവും ഇതുപോലെതന്നെ വിവാദവിഷയമായിരിക്കയാൽ അതിനെ അടിസ്ഥാനമാക്കി ഒരഭിപ്രായവും പുറപ്പെടുവിച്ചുകൂടാത്തതാണ്. 490–നും 550നും ഇടക്കുള്ള ഭാഷാരീതികൾക്കു തമ്മിൽ വലിയ അന്തരമൊന്നും ഉണ്ടാകാനിടയില്ലാത്തതിനാൽ ആ വഴിക്ക് ആരവർ പ്രവൃത്തികളിൽ ആരുടേയും അഭിപ്രായത്തോടടുക്കുവാൻ കഴിയാതെയുമിരിക്കുന്നു.

ചുരുക്കിപ്പറയുന്നതായാൽ, വിശ്വാസയോഗ്യമായ ഇതരതെളിവുകൾ കിട്ടുന്നതുവരെ 'യൽസത്യം തൽഭവതു പുണർതം' എന്നുള്ള പദ്യത്തെ അടിസ്ഥാനമാക്കി, ലീലാതിലകത്തിനു മുമ്പും,–'ആസ്ഥാലോകേ വിപുലമനസാ–' എന്നുള്ള ശുകസന്ദേശപദ്യത്തെ അടിസ്ഥാനമാക്കി, ശുകസന്ദേശത്തിനുശേഷവും ആണ് ഈ സരസകാവ്യത്തിന്റെ രചന എന്നു നിർണ്ണയിക്കുന്നതിനേ ഇപ്പോൾ നിർവ്വാഹമുള്ളൂ.

കർത്തൃത്വം.

പ്രസ്തുതസന്ദേശത്തിന്റെ കർത്തൃത്വത്തെ അധികരിച്ചുള്ള അന്വേഷണം ഇതിനേക്കാൾ ദുരൂഹമായിരിക്കുന്നു.

ഏതോ ഒരു ചാക്യാരാണ് ഇതിൻെറ കർത്താവെന്നു ചിലർ വാദിക്കുന്നു. ഈ വാദത്തിൻെറ അസാധുത്വത്തെ പ്രസ്തുതഗ്രന്ഥത്തിൻെറ അവതാരികയിൽ പിഷാരോടി അവർകൾ വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്:—

> 'കണ്ടാമല്ലോ തളിയിലിരവം കൂത്തു നാമന്നൊരിക്കൽ–
> ത്തങ്ങൾവേഷം കെട്ടിയൊരു തപതിയാർ നങ്ങയാരെന്നെ നോക്കി
> അന്യൂനസ്നേഹാൽ കിമപി കുതുകാൽ പ്രാകൃതം കൊണ്ടവാദീൽ
> പിന്നെക്കണ്ണീലണയവിരഹം വിത്തുമങ്ങിൻെറ നിന്നു.'

ഉ: സ. 94.

എന്നുള്ള നായകൻെറ അടയാളവാക്യശ്ലോകമാണ് ഇവിടെ താങ്ങായിട്ടുള്ളത്. 'ഇതിൽ തപതിയുടെ വേഷം ധരിച്ച നങ്ങയാർ എന്നെ നോക്കി പ്രാകൃതഭാഷയിൽ പറഞ്ഞു എന്നതിന്, തപതിയുടെ വാക്ക നാടകകഥാനായകനായ സംവരണനെ ഉദ്ദേശിച്ചാകയാൽ, ആ നാടകവേഷം ധരിച്ച ചാക്യാരെ നോക്കി പറഞ്ഞു എന്നാണർത്ഥമെന്നും, അവിടെ 'എന്നെനോക്കി' എന്നു പ്രയോഗിച്ചിരിക്കുന്നതുകൊണ്ടു സന്ദേശനായകൻ ആ ചാക്യാരാണെന്നു സിദ്ധിക്കുന്നുവെന്നുമാണ് നായകനും കവിയും ചാക്യാരാണെന്നുള്ള പക്ഷത്തിന്നടിസ്ഥാനം.'

നാമന്നൊരിക്കൽ തളിയിൽ ഇരവം കൂത്തു കണ്ടല്ലോ എന്നുള്ളതിന്, സന്ദേശത്തിലെ നായികാനായകന്മാരായ ദമ്പതിമാർ കണ്ടു എന്നാണല്ലോ അർത്ഥം. ആ സ്ഥിതിക്കു വേഷം കെട്ടിയ ചാക്യാരാണ് നായകൻ എന്ന് അനുമാനിക്കുന്നതിൻെറ യുക്തി എന്തെന്നു മനസ്സിലാകുന്നില്ല. ഇരുവരും അടുത്തിരുന്നു കൂത്തുകണ്ടുകൊണ്ടിരിക്കവെ ഉണ്ടായ സംഭവത്തെ വിവരിക്കുന്നിടത്ത്, അതിൽ ഒരാൾ,

അരങ്ങത്തു വേഷംകെട്ടിയിരുന്നു എന്നു സങ്കല്പിക്കുന്നതു് പാരമാർത്ഥമല്ലേ? 'ഇരുവരംക്കൂത്തു്' എന്നുള്ളതിലെ ഇരുവം—ഇരുവർ—എന്ന പദം കൂത്തിന്റെ വിശേഷണമായി ഉപയോഗിക്കാതെ, നാം ഇരുവർ തമ്മിയിൽ കൂത്തു കണ്ടുവല്ലോ എന്നു ചേർത്തു പറയുന്നതായാൽ ഈ വാദത്തിന്റെ സാംഗത്യരാഹിത്യം ഒന്നുകൂടി സ്പഷ്ടമാകുകയും ചെയ്യും. അപ്പോൾ, 'എന്നെ നോക്കി' എന്നുള്ളതിനു സദസ്സിൽ ഞാൻ ഇരിക്കുന്ന സ്ഥലത്തേക്കു നോക്കി എന്നുള്ള അർത്ഥം സ്പഷ്ടമായി കിട്ടുന്നതുമാണു്. അതോടുകൂടി ചാക്യാർവാദത്തിന്റെ പ്രാബല്യംതന്നെ നശിക്കുകയും ചെയ്യും.

ഇനി മറെറാരഭിപ്രായമാണു് ഈ വിഷയത്തിൽ പ്രബലമായിട്ടുള്ളതു്. പണ്ഡിതവര്യനായ പരമേശ്വരയ്യർ അവർകളത്രെ ഈ പക്ഷത്തിലെ പ്രാമാണികൻ. അദ്ദേഹം പറയുന്നതിങ്ങനെയാണു്:—

'സന്ദേശകാവ്യങ്ങളിലെല്ലാം കവിയും നായകനും ഒരാൾതന്നെയായിരിക്കുകയാണു് സാധാരണസമ്പ്രദായം. പ്രസ്തുതകൃതിയും അതിൽനിന്നു വ്യത്യസ്തമല്ല. ഇതിലെ നായകൻ, അന്നത്തെ വടക്കുംകൂർ രാജാക്കന്മാരിൽ ഒരാളായിരിക്കണം.' ഇതിലേയ്ക്കു പല യുക്തികളും അദ്ദേഹം പറയുന്നുണ്ടു്: സന്ദേശത്തിലെ,

ഇന്ദുക്ഷീരാബ്ധിരാമാമടിതൊഴുതുഗിരാം ....
പൂമാതിൻ നയനാന്തഭൃംഗനളിനീ ....
വെള്ളിക്കുന്നിന്നമിച്ചോ ....

എന്നീ പ്രസ്താവനാവാക്യങ്ങൾകൊണ്ടു് ഉണ്ണുനീലി വെൺപലനാട്ടുരാജാവിന്റെ പൂന്നാരം അഥവാ പ്രേയസിയാ

ണെന്നും, മാരജപരപരവശനാകയാൽ നായകനായ കവി തന്നെ, തന്റെ പ്രേയസിക്ക സന്ദേശമയക്കുന്നതാണെന്നും വെളിവാകുന്നുണ്ടു്. മണികണ്ഠപദം തെക്കുംകൂർ വടക്കുംകൂർ രാജാക്കന്മാരുടെ ബിരുദമായിരുന്നു. സന്ദേശഹരനും താനും രാജ്യഭാരംചെയ്യുന്ന രാജാക്കന്മാരല്ലാസ്സയാലും, കടുംബപ്രമാണി പ്രേയസീഗൃഹത്തിനു സമീപത്തുതന്നെ ഉണ്ടാവുകയാലുമാണു് അവിടെചെന്നു (വടക്കുംകൂറാളിന്റെ) ആ സാമന്തരാജാവിനെചെന്നുകണ്ടു് അനുവാദംവാങ്ങിക്കണമെന്നു് പ്രത്യേകം ഉപദേശിക്കുന്നതു്... എല്ലാംകൊണ്ടും നായകൻ വടക്കുംകൂർരാജവംശത്തിൽ ഇളമുറക്കാരിൽ ഒരാളായിരുന്നുവെന്നു തീർച്ചപ്പെടുത്താം. 'യൽസത്യം തൽഭവതു' എന്ന പദ്യംകൊണ്ടു് ഉണ്ണുനീലിയുടെ ഭർത്താവു്, പുണർതംനാൾതമ്പുരാൻ ആയിരുന്നു എന്നുകൂടി പറയാവുന്നതാണു്.'

മി. പരമേശ്വരയ്യരുടെ മേൽപ്പറഞ്ഞ അഭിപ്രായത്തിൽനിന്നു വളരെ ഭിന്നമായിട്ടാണു് പി. കെ. പ്രസ്താവിക്കുന്നതു്. അദ്ദേഹം അഭിപ്രായപ്പെടുന്നതിങ്ങനെയാണു്:—

"ഉണ്ണുനീലീസന്ദേശം കവി തന്റെ കളത്രത്തിനോടു പറയുന്നതായിട്ടാണു് രചിച്ചിട്ടുള്ളതു്." 'ഇല്ലത്തിന്നുന്നതിംതേ...സുകൃതിരതനംമദീയം' എന്ന ശ്ലോകാൎദ്ധം നോക്കുക. ഇവിടെ ഉണ്ണുനീലി എന്നശബ്ദം സംബോധനയാണെന്നു ഭ്രമിക്കുവാൻ അവകാശമില്ല. സംബുദ്ധിയാണെങ്കിൽ 'വിതരതു' എന്നലോട്ടു് പ്രഥമൈകവചനക്രിയാപദം നിരാലംബമായിപ്പോകുമെന്നൊരു ബുദ്ധിമുട്ടു നേരിടുന്നു. ശ്രീദേവിയെക്കൊണ്ടു വിളിപ്പണി എടുപ്പിക്ക

ത്തക്ക ഭൃത്യാതിരീതിയുള്ളവളാണ് ഉണ്ണുനീലി. അതുകൊണ്ട് നിന്റെ കലസമ്പത്തിനു സാക്ഷാൽ ലക്ഷ്മിയേക്കാൾ ഉണ്ണുനീലിയാണ് പ്രാർത്ഥനീയ എന്നു കാവ്യലിംഗാലപ്രാണിതമായി കവി നായികാവൎണ്ണനം ചെയ്യുന്നു. ഇതുകൊണ്ട് ഉണ്ണുനീലി കവിയുടെ പരിഗ്രഹമല്ലെന്നു സ്പഷ്ടമാകുന്നു. പോരെങ്കിൽ,

> ‘ഞങ്ങൾക്കാതങ്കഴകചാഴിയും മികവുണ്ടെന്നുള്ള ഭാവം
> വങ്ങാർകോലക്കുഴലികൾ ശിലാമുണ്ണുനീലീമുഖാനാം
> കൊങ്ങേരികൊങ്ങണമണിവം കൊണ്ടുകൊണ്ടാത്തരാഗം
> പങ്ങേലപ്പോലെ പരമനാവം കോപി കാമീ ജനാനാം’

എന്നു കവി, കാന്തയോടു പറയുന്ന അടുത്ത ശ്ലോകംകൊണ്ട് ഉണ്ണുനീലി കവിയുടെ ഭാൎയ്യയല്ലെന്നു സ്ഫടികംപോലെ സ്പഷ്ടമാകുന്നു.”

നായിക വെമ്പലനാട്ടുരാജാവായ പുണർതംനാൾ മണികണ്ഠന്റെ പത്നിയാണെന്നു മി. പരമേശ്വരയ്യർ പറയുന്നതിലും തെല്ലു പ്രമാദം സംഭവിച്ചുകാണുന്നു.

> ‘മാറാടികീഴ്മങ്ങവർ പിന്നെയൊന്നു നാട്ടും നരിപ്പും
> ചോറാടിക്കും മനുജവരനെക്കാൺക നീ ചെന്റു പിന്നെ
> ക്രൂറാടിമൻറാക്കുയിതുടവുനീലൊട്ടുകം വടക്കിൻ-
> കൂറാളിമൻറാരിനിയമണികണ്ഠാഖ്യ സാമന്തമൌലിം’

എന്നിങ്ങനെ ഉത്തരസന്ദേശത്തിൽ, സന്ദേശഹരൻ വടമധുരയിൽ ചെന്നാൽ മണികണ്ഠനേയും മററു രാജാക്കന്മാരേയും കണ്ടുപോകണമെന്നു പറയുന്നുണ്ട്. തിരുവനന്തപുരത്തിരിക്കുന്ന നായകനായ മണികണ്ഠരാജാവ് അവിടെ ഇല്ലാത്തസ്ഥിതിക്ക് ഈ കൃത്യം സാധിക്കാൻ നിവൃത്തിയില്ലല്ലൊ. സന്ദേശഹാരി വടമധുരയിൽചെ

ന്നു മണികണ്ഠനുമായി കണ്ടുമുട്ടി സംസാരിക്കുന്നതുമുണ്ട്. പുണർതംനാളാം തമ്പുരാനായ നായകന്റെ കാരണവരാണ് ഈ മണികണ്ഠൻ എന്നു സങ്കല്പിക്കുന്നപക്ഷവും,

'ഉണ്ണുണ്ണൂൽച്ചെൻറിനിയ വിരഹവ്യാകുലാമുണ്ണുനീലീം
കണ്ടിട്ടെന്റെ മയിതഗദിതം സാന്ത്വനാർത്ഥം വദേഥാഃ
കണ്ടിക്കൂട്ടം കുസുമശരനോടൊട്ടിനാൾ നിന്നതപ്പോ—
ന്റുണ്ണെൻ കയ്യിൽ കിമപി മൃതസഞ്ജീവനം മന്ത്രബീജം'

എന്നിങ്ങനെ സന്ദേശഹരനെക്കൊണ്ട് അദ്ദേഹത്തോടു പറയിക്കുമെന്നു കരുതാവുന്നതുമല്ല. സന്ദേശഹരൻ കൊല്ലത്തുചെല്ലുമ്പോഴും ഈ സംഗതി അദ്ദേഹത്തിന്റെ ജ്യേഷ്ഠനായ 'ഇരവിവർമ്മാദിത്യവേണാടർകോനെ' മന്ത്രിപ്രവരനായ മാമ്പിള്ളിയെക്കൊണ്ടുമാത്രം അറിയിച്ചാൽ മതി എന്ന് ഉപദേശിക്കുന്ന ഉചിതജ്ഞനായ കവി (നായകൻ) ഇവിടെ ആചാരവിപരീതമായി പ്രവർത്തിച്ചുവെന്നു വരുന്നതുമല്ലല്ലോ.

"പൂമാതിൻനയനാന്ത" ഇത്യാദി ശ്ലോകത്തിനു മഹാലക്ഷ്മിയുടെ കടാക്ഷവിലാസരംഗവും, ഭൂമിക്കു പീയൂഷദീപവും, മണികണ്ഠരാജാവിന്, അതായതു വെമ്പലനാട്ടിന്–ആഭരണവും, കാമദേവന്റെ കുലദേവതയും ആയ ഉണ്ണുനീലി എന്നത്രം പറഞ്ഞാൽ മതിയാകുന്നതാണ്. അങ്ങനെ ചെയ്യുന്നതാണ് യുക്തം" എന്നു മി. പി. കെ. നാരായണപിള്ള അഭിപ്രായപ്പെടുന്നു. ആറ്റൂരിന്റെ അഭിപ്രായവും ഇതിൽനിന്ന് അധികം ഭിന്നമല്ല.

"കവി തന്റെ ഭാര്യയുടെ നിർബ്ബന്ധപ്രകാരം മാരജ്വരപരവശനായിട്ട് എന്നുവെച്ചാൽ, ഭാര്യ നിർബ്ബന്ധിക്കുന്നതിനെ ഉപേക്ഷിപ്പാൻ ശക്തിയില്ലാത്തവനായിട്ട്,

ഉണ്ണുനീലിയെയും ആ സ്ത്രീയുടെ ഭർത്താവിനേയും നായികാനായകന്മാരാക്കിക്കല്പിച്ച് ഒരു സന്ദേശകാവ്യം സ്വഭാര്യയോടു പറയുന്ന നിലയിൽ നിർമ്മിക്കയാണു ചെയ്തിട്ടുള്ളതെന്നാണ് ആ പ്രസ്താവനാശ്ലോകങ്ങളിൽ ആകപ്പാടെ വന്നുകൂടുന്നത്. ഭാര്യയോടു പറയുന്ന നിലയിൽ ഓരോ ഗ്രന്ഥങ്ങൾ ഓരോ കവികൾ നിർമ്മിച്ചിട്ടുള്ളതു ധാരാളം പ്രസിദ്ധവുമാണ്. കവിയുടെ ഭാര്യ, പക്ഷെ ഉണ്ണുനീലിയുടെ ഒരു തോഴിയോ മറെറാ ആയിരുന്നിരിക്കാം."

ഇങ്ങനെ ഈ പണ്ഡിതവര്യന്മാരുടെ അഭിപ്രായഭേദങ്ങളെ തോലനംചെയ്തുനോക്കുമ്പോൾ, പ്രസ്തുതഗ്രന്ഥത്തിലെ കവിയും നായകനും രണ്ടാളാണെന്നുള്ള പക്ഷത്തിനാണ് യുക്തിയും സാരസ്യവും അധികം ഉള്ളതെന്നു കാണാവുന്നതാണ്. എന്നാൽ ഈ കവിയൊ നായകനൊ ആരെന്നുള്ളതു സന്ദേശത്തിലെ ഒരു ഭാഗംകൊണ്ടും വ്യക്തമാകുന്നില്ല.

"തിരുവനന്തപുരംമുതൽ കടുത്തുരുത്തിവരെ വഴിമേൽ കുലസ്ത്രീകുലത്തിൽ ഉൾപ്പെട്ടതെന്നു സംശയിക്കേണ്ട അനേകം സ്ത്രീജനങ്ങളുമായി അനാശാസ്യമായി പരിചയപ്പെട്ട ഒരു മനുഷ്യനാണ് നായകൻ. 'എണ്ണററീടും ഗുണസമുദയം ചേർന്നിണങ്ങും കുരങ്ങാട്ടുണ്ണിച്ചക്കിക്കടൽ വനിതയാം മൽപ്രിയാപ്രേമബന്ധാ' ഇത്യാദി ശ്ലോകങ്ങൾ നോക്കുക. വടക്കുംകൂർ രാജാക്കന്മാരിൽ ഒരാൾക്ക് ഇങ്ങനെ ഒരു പരിചയത്തിനു വകകാണുന്നില്ല. നായകൻ നാടോടിയായ ഒരു കേരളബ്രാഹ്മണനാണെന്നു വിചാരിക്കുന്നതു കുറേക്കൂടി യുക്തമായിരിക്കും' എന്നാണ് ഈ സംഗതിയിൽ പി. കെ. അഭിപ്രായപ്പെടുന്നത്. ഗ

ന്ഥത്തിന്റെ പല ഭാഗങ്ങളും ഈ അഭിപ്രായത്തിന്റെ സ്വാരസ്യത്തിനു മാററുകൂട്ടുന്നതായിരിക്കുന്നുമുണ്ട്:—

"പാന്തൾത്തേനാൻതലൈലിലൈയനാൾ. . . ചാണ്വെൻവളചൊല്ലി"
(ഉ. സ. 95)

"ആടിക്കാലേ നിശി ചെറിയതാംതോഴി...നില്ലുതമെന്നാൾ"
(ഉ. സ. 96)

എന്നീ അടയാളവാക്യങ്ങളും മററും അനുസരിച്ച് ആലോചിക്കുമ്പോൾ പി. കെ. യുടെ മേൽപ്പറഞ്ഞ അഭിപ്രായത്തിനു ശക്തികൂടുന്നു.

ലീലാതിലകം എന്ന ഗ്രന്ഥത്തിൽ പല ദേശക്കാരും പല തരക്കാരുമായ നായികമാരെസംബന്ധിച്ചുള്ള മണിപ്രവാളപദ്യങ്ങൾ ധാരാളം ഉദ്ധരിച്ചുകാണുന്നുണ്ട്. കേരളത്തിൽ അവിടവിടെയായി ചുററിനടന്നിരുന്ന അനേകം കവികൾ അക്കാലത്തുണ്ടായിരുന്നുവെന്നാണ് ഇതിൽനിന്ന് അനുമാനിക്കേണ്ടതായുള്ളത്. അവർ ഉണ്ണുനീലീസന്ദേശംപോലുള്ള സന്ദേശകാവ്യങ്ങളൊ, മററ ശ്ലോകങ്ങളൊ പലതും രചിച്ചിരിക്കാനിടയുണ്ട്. അത്തരത്തിലുള്ള ഒരു സഞ്ചാരകവിയായിരിക്കണം ഉണ്ണുനീലീസന്ദേശകാരൻ എന്നൂഹിക്കുന്നത് അത്യന്തം സമീചീനമായിരിക്കുമെന്നു തോന്നുന്നു. കേരളീയസ്ത്രീകൾക്കു ചാരിത്രശുദ്ധി തീരെ ആവശ്യമില്ലെന്നു തോന്നുമാറ് ഇതിൽ അനവധി സ്ത്രീകളെ പ്രത്യക്ഷപ്പെടുത്തിയിരിക്കുന്നതുകൊണ്ടുതന്നെ, ഇതിലെ കവിയൊ, നായകനൊ ഇന്ദുലേഖയിലെ സൂരിനമ്പൂതിരിപ്പാടിന്റെ വർഗ്ഗത്തിൽപ്പെട്ട ഒരാളായിരിക്കണമെന്നു മിക്കവാറും തീരുമാനിക്കാവുന്നതുമാണ്.

എന്നാൽ, ഈ നമ്പൂതിരി ആരായിരിക്കാമെന്നുള്ള അന്വേഷണവും മേൽപ്രകാരം നിഷ്ഫലോദയമായേവരൂ. ഒരുപക്ഷേ, ആറാവർ ഊഹിക്കുന്നതുപോലെ അക്കാലത്തു രവിവർമ്മചക്രവർത്തിയുടെ സദസ്സിൽ ഉണ്ടായിരുന്ന കവികളിൽ ഏതെങ്കിലുമൊരാളായിരിക്കാം എന്നൊരു അനുമാനംചെയ്യുന്നതിനും വിരോധം കാണുന്നില്ല. എന്തെന്നാൽ:—

'യദ്യാകാംക്ഷസി വീക്ഷിതും ഗുണാർത്ഥിൻ ചേതസ്സമസ്താൻ ഗുണാൻ
കോലംബാഖ്യമപേഹി ദക്ഷിണദിശാസീമന്തരത്നം പുരം
അത്രാസ്തേ യത്ഭുജേന കീർത്തിശശിനഃ പൂർവ്വാചലേനോദ്വഹ-
ന്നബ്ധിമ്മേഖലഭൂതലം യദുപതിഃ കല്പദ്രുമോ ജംഗമഃ.'

[ഗുണാഭിലാഷിയായ മനസ്സേ, സകലഗുണങ്ങളും ഒന്നിച്ചുകാണാൻ നീ കാംക്ഷിക്കുന്നുവെങ്കിൽ, ദക്ഷിണദിക്കിന്റെ സീമന്തരത്നമായിരിക്കുന്ന കോലംബപുരത്തേക്കു പോയാലും. അവിടെ, ഭുജപരാക്രമത്താൽ കീർത്തിചന്ദ്രനെ പൂർവ്വാദ്രിയിൽ ഉദിപ്പിച്ചുകൊണ്ടു ജംഗമകല്പദ്രുമമായും, ആഴികാഞ്ചിയാൽ ചുറ്റപ്പെട്ട വിപുലമായ ഭൂമിക്കു സനാഥനായുമിരിക്കുന്ന യദുവംശരാജാവായ രവിവർമ്മകുലശേഖരപ്പെരുമാൾ ശോഭിക്കുന്നു.] എന്നിങ്ങനെ പ്രഖ്യാതനായ ആ ജയസിംഹാത്മജനെ

'അർത്ഥിശ്രേണീകല്പിതഫലം നൽകുവാൻ പാരിജാതം....'
'വേലപ്പൂണ്ണിന്നഴകുപൊഴിയും. . . .'

ഇത്യാദിപദ്യങ്ങളാൽ സന്ദേശത്തിൽ സവിശേഷം വർണ്ണിച്ചിട്ടുള്ളതു വിചാരിക്കുമ്പോൾ, പ്രസ്തുതകവി, ആ ചക്രവർത്തിയുടെ സദസ്യന്മാരായ കവികളിൽ ഒരാളായിരിക്കണമെന്ന് ഊഹിക്കുന്നതിൽ അത്രതന്നെ അപാകമൊന്നും കാണുന്നില്ല. ഇതരതെളിവുകൾ കിട്ടുന്നതുവരെ

ഇപ്പറഞ്ഞ അനുമാനത്തിന് അധികം ശൈഥില്യം വരുവാനിടയില്ലെന്നും തോന്നുന്നു.

ഇതിവൃത്തസംഗ്രഹത്തിൽനിന്ന് ഈ കാവ്യത്തിന്റെ പ്രതിപാദനരീതിയുടെ വൈശിഷ്ട്യം, കവിയുടെ കല്പനാശക്തി എന്നിവ സ്പഷ്ടമാകുന്നതാകയാൽ ആ ഭാഗം ഇവിടെ ഇനിയും വിവരിക്കുവാൻ ഉദ്യമിക്കുന്നില്ല. ഈ രസികകവിയുടെ ഭക്തിവിഷയകമായുള്ള വർണ്ണനാചാതുരിയെ പ്രസ്പഷ്ടമാക്കുന്ന രണ്ടു മനോഹരപദ്യങ്ങൾമാത്രം ഉദ്ധരിച്ചുകൊണ്ട് ഈ ഭാഗം അവസാനിപ്പിക്കാം.

കാലിക്കാലിൽത്തകവിന പൊടിച്ചാർത്തുകൊണ്ടാത്തശോഭം
പീലിക്കുന്തൾക്കലിതമിഴിക്കം പീതകൗശേയവീതം
കോദ്യം കോലക്കുഴലുമിയലും ബാലഗോപാലലീലം
കോലം നീലത്തരണിയതാവും കോയിൽക്കോട്ടകത്തെന്തചേതഃ — പു. 47.

കണ്ണസ്സൂരനേനമതിമുദാ കൈനീട്ടിക്കൊണ്ടയിൽനേർ
നമ്പിച്ചീടും നരകമഥനം നന്ദഗോപസ്യസൂനും,
മഞ്ജുളം മധുരമധുരം വേണുമാത്രം ജയന്തം
വന്ദിക്കേണം വരഗുണനിധേ! നൽക്കലത്തപ്പിരാനെ. — പു. 97.

ചന്ദ്രോത്സവം.

ഉണ്ണുനീലീസന്ദേശത്തിനുശേഷം, അതിനോട് ഏതാണ്ടു തുല്യത വഹിക്കുന്നതായി, ആവിർഭവിച്ചിട്ടുള്ള മറെറാരു ചേതോഹരകൃതിയാണു 'ചന്ദ്രോത്സവം.'

> "അന്നേരം കലശിലകിമവാസ്തവി കല്പ്പാന്തം [illegible]—
> ണാലിനായനമരോജത്തം നാസികാഗ്ര് മാലിബാണം
> [illegible] മലമിളകിടും [illegible]
> [illegible] [illegible] [illegible]."

"മധുരമധുരഭാഷാസംസ്കൃതാന്യോന്യസമ്മേ-
ളനസുരഭിലയാ / സ്വർകാവ്യവാണി വിളങ്ങാ
തെളിയുക പരമിന്നും, മേളിനീ ചന്ദ്രികാ തേൻ-
പൊഴിയുമൊരു കലാഭൻ മാലകൊണ്ടെന്നപോലെ."

എന്നിങ്ങനെ ഭാഷാസംസ്കൃതാന്യോന്യസമ്മേളനമായ ഒരു സുന്ദരരീതിയാണ് ഇതിൽ സാർവ്വത്രികമായി കാണുന്നതു്.

പ്രസ്തുതകൃതിയിലെ കഥാവസ്തു, കേവലം കവികല്പിതവും നിസ്സാരവുമാകുന്നു. ഒരു നായിക ചന്ദ്രോത്സവം കൊണ്ടാടുന്നതു സംബന്ധിച്ചുള്ള വർണ്ണനമാണ് ഇതിലുള്ളതു്. അതിനാൽ പ്രസ്തുതകൃതിക്കു ചന്ദ്രോത്സവമെന്ന പേർ അന്വർത്ഥം തന്നെ.

"ഒരു ഗന്ധർവ്വനും കിന്നരിയുംകൂടി 'മധുവിധു' അനുഭവിച്ചുകൊണ്ടിരിക്കുമ്പോൾ എങ്ങുനിന്നില്ലാത്ത ഒരു പരിമളം അവിടെ പരക്കുന്നു. കിന്നരിയാകട്ടെ അതു്, ഏതോ ഒരു പുഷ്പത്തിൽനിന്നാണെന്നു ഭ്രമിച്ചു തന്റെ ഭർത്താവിനോട് ഉടൻ പോയി ആ പുഷ്പം കൊണ്ടുവരുവാനാവശ്യപ്പെടുന്നു.

"പരിമളമൊഴി പാഞ്ചാലിക്കു പണ്ടൊരുനാളൻ
പടപൊരുതു ജയിച്ചും തന്നകൊണ്ടെന്നപോലെ."

ഗന്ധർവ്വൻ നവസൗരഭ്യാനുസാരിയായി അംബരമാർഗ്ഗേണ പോയിപ്പോയി ഒടുവിൽ ചിററിലപ്പുള്ളിനാട്ടിന്റെ ഉപരിഭാഗത്തെത്തുന്നു. അപ്പോഴാണു കാര്യം മനസ്സിലാകുന്നതു്.

"ആറ്റുതീയിലെരു പൂവല്ലൊരുത്തം പൂർണ്ണചന്ദ്രോ-
ത്സവപരിമളമാത്ര മേദിനീചന്ദ്രികായാ:"

ഈ വിവരം കിന്നരിയോടു തിരിച്ചുചെന്നു പറയുന്നതോടുകൂടി, താൻ കണ്ട ചന്ദ്രോത്സവാഘോഷവും ഗന്ധർവ്വൻ തന്റെ പ്രേയസിക്കു വർണ്ണിച്ചുകൊടുക്കുന്നു. ഇതാണു ചന്ദ്രോത്സവത്തിലെ ഇതിവൃത്തം." *

ഈ കാവ്യവിഷയത്തെ അഞ്ചുഭാഗമായി തിരിച്ചു വർണ്ണിച്ചിരിക്കുന്നു. ഒന്നാംഭാഗത്തിൽ നായികാമാതൃവർണ്ണനമാണു മുഖ്യം. നായികയായ മേദിനീവെണ്ണിലാവിന്റെ ജനനം, ബാല്യം, യൗവനാരംഭം തുടങ്ങിയ വിഷയങ്ങളത്രെ രണ്ടാംഭാഗത്തിൽ വർണ്ണിച്ചിട്ടുള്ളതു്. ശ്രീമംഗലഭവനം, സ്ത്രീസമാജം മുതലായ സംഗതികൾ മൂന്നാംഭാഗത്തിലും, ശരൽക്കാലം, സ്ത്രീപുരുഷന്മാരുടെ ചന്ദ്രോത്സവത്തിനുള്ള വരവ്, എന്നിവ നാലാംഭാഗത്തിലും വർണ്ണിച്ചിരിക്കുന്നു. നാനാപ്രകാരേണയുള്ള സദസ്യർ, അവസാനദിവസത്തെ സന്ധ്യ എന്നിവയുടെ വർണ്ണനമാണു് അഞ്ചാംഭാഗത്തിലുള്ളതു്.

ക്ലാസിക്കുകവികൾക്കു സഹജമായുള്ള കല്പനാശക്തി, വർണ്ണനാവൈഭവം, അവലോകനപാടവം മുതലായ പലതും പ്രസ്തുതകൃതിയിൽ പ്രശംസാർഹമായവിധത്തിൽ പ്രശോഭിക്കുന്നുണ്ടു്. ഒന്നുരണ്ടുപദ്യങ്ങൾ മാത്രം ഇവിടെ ഉദ്ധരിക്കാം.

*സാഹിത്യ ചരിത്ര സംഗ്രഹം

ചരമശിഖരിപീഠേ പാടലന്നാളികേരം
ദ്യുമണിവലയരൂപം വെച്ചുവിച്ചിന്നയാരം
ജഗതി കളതി തപ്പിച്ചീടിനാൻ ചുടൊഴിച്ചു—
നിഖിലഭുവനജാലകാന്തിയാം മന്ത്രവാദി. 5—55

അഥ തപനബിംബം പാതി മുങ്ങുന്നനേരം
പരമപരനുടെ വിഗ്രഹം വിളങ്ങി
കനകകലശമിന്ദോരത്തരേ സൻകരിച്ചു—
അപഹൃതമിവലക്ഷ്മ്യാ മേദിനീചന്ദ്രികായാഃ 5—56

അഞ്ചാംദിവസത്തെ സന്ധ്യയുടെ വർണ്ണനമാണിത്. ഉത്സവരീതിക്കനുയുക്തമായ ഈ വർണ്ണന എത്രകണ്ട് ആസ്വാദ്യമാണെന്ന പറയേണ്ടതില്ലല്ലൊ.

ശബ്ദാർത്ഥങ്ങളുടെ സമഞ്ജസമായ സമ്മേളനം മുതലായ ഗുണവിശേഷങ്ങൾകൊണ്ടു ചന്ദ്രോത്സവം, മദ്ധ്യകാലത്തിലെ മണിപ്രവാളകൃതികളിൽ മേലെക്കിടയിൽ സ്ഥിതിചെയ്യുന്ന ഒന്നാണ്. എന്നാൽ ഈ കൃതിക്ക് അതർഹിക്കുന്നിടത്തോളം പ്രാധാന്യവും പ്രചാരവും സിദ്ധിച്ചിട്ടില്ലെന്ന സമ്മതിച്ചേതീരൂ. "വേശാംഗനാവൃത്തിരിയം വിശീർണ്ണാ വിരാജതേ സംപ്രതി കേരളേഷു" എന്ന പ്രസ്താവിച്ചിട്ടുള്ള കവി, അത്തരം അനാശാസ്യങ്ങളും അപഹാസ്യങ്ങളുമായ വൃത്തികളെ ഇതിൽ അധികമായി പ്രതിഫലിപ്പിച്ചുകാണിക്കാൻ ശ്രമിച്ചതുതന്നെയായിരിക്കാം ഇതിന്റെ പ്രചാരക്കുറവിനും, ആധുനികരുടെ അനാസ്ഥയ്ക്കും മുഖ്യമായ കാരണമെന്ന കരുതേണ്ടിയിരിക്കുന്നു.

കാലവും കവിയും.

ചന്ദ്രോത്സവത്തിന്റെ കാലം, കർത്തൃത്വം എന്നി

വയെപ്പററി ക്ലപ്തമായ തീരുമാനമൊന്നും ഇതേവരെ ഉണ്ടായിട്ടില്ലെന്നുതന്നെ പറയാം. പുനം, ശങ്കരൻ മുതലായ കവികളുടെ ജീവിതകാലത്തിൻെറ അവസാനത്തിലൊ, അഥവാ അവരുടെ മരണാനന്തരം ഏററവും അടുത്തകാലത്തൊ, ആയിരിക്കാം ഈ കൃതിയുടെ നിൎമ്മാണം എന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

'മദയതി പുനമിന്നും അഖിലചക്രവാളം.'

ഇതിൽ "ഇന്നും" എന്നു പ്രയോഗിച്ചിട്ടുള്ളതു്, മുൻഗാമിയായിരുന്ന പുനം തൻെറ കാലത്തും, അഥവാ വയോവൃദ്ധനായ പുനം ഇപ്പോഴും, സ്വകൃതികളെക്കൊണ്ടു ഭൂചക്രവാളത്തെ മദിപ്പിക്കുന്നു എന്നുള്ളതിനെയാണല്ലൊ വിശദമാക്കുന്നതു്. പുനം, ഉദ്ദണ്ഡൻ, ശങ്കരൻ മുതലായവർ സമകാലീനന്മാരായിരുന്നുവെന്നുള്ളതു്, അവരെ സംബന്ധിച്ച ഐതിഹ്യങ്ങൾകൊണ്ടു പ്രസിദ്ധവുമാണു്. ഏഴാം നൂററാണ്ടിലാണു പുനം ജീവിച്ചിരുന്നതെന്നു നിൎണ്ണയിക്കുവാൻ ചേന്നാസ്സിൻെറ തന്ത്രസമുച്ചയത്തിലെ കലിദിനസംഖ്യ തെളിവുനൽകുന്നുണ്ടല്ലൊ. ആ സ്ഥിതിക്കു പുനത്തിൻെറ ജീവിതകാലമായ ഏഴാം നൂററാണ്ടിൻെറ ഉത്തരാൎദ്ധത്തിലൊ, എട്ടാം നൂററാണ്ടിൻെറ പൂൎവ്വാൎദ്ധത്തിലൊ ആയിരിക്കാം ഈ കൃതിയുടെ രചന എന്നു കല്പിക്കുന്നതിൽ വലിയ അപാകമുണ്ടെന്നു തോന്നുന്നില്ല.

ഗ്രന്ഥകാരനെപ്പററിയുള്ള ഭാഗം ഇതിലും ദുരൂഹമായിരിക്കുന്നു. "കവനോദയകാർ എഴുത്തച്ഛനിലാണു് ഇതിൻെറ കൎത്തൃത്വം സ്ഥാപിക്കുന്നതു്. മേല്പത്തൂർ ആയിരിക്കണം ഇതിൻെറ പ്രണേതാവെന്നു ഭാഷാചരിത്ര

കൎത്താവ്, പി. കെ., ഉള്ളൂർ മുതലായവർ ഊഹിക്കുന്നു. വിഷയസ്വഭാവവും, വൎണ്ണനകളുടെ ഗതിയും ആലോചിച്ചാൽ പരമഭാഗവതന്മാരായ എഴുത്തച്ഛനും മേല്പത്തൂരും ഈ മാതിരി കൃതികൾ രചിച്ചുവെന്നു വിശ്വസിക്കാൻ ന്യായമില്ല. ഉദ്ദണ്ഡപ്രഭൃതികളുടെ സമകാലീനനും, അരിയന്നൂർദേശക്കാരനുമായ ഒരു കേരളബ്രാഹ്മണനായിരിക്കണം ഇതിന്റെ കൎത്താവെന്നു പി. ശങ്കരൻനമ്പ്യാർ അവർകൾ അഭിപ്രായപ്പെടുന്നു. വിഷയം, പ്രതിപാദനസമ്പ്രദായം മുതലായവയെ അടിസ്ഥാനപ്പെടുത്തി നോക്കുമ്പോൾ, ഒരു കേരളബ്രാഹ്മണനായിരിക്കണമെന്നുള്ള അഭിപ്രായത്തിനു യാതൊരസാംഗത്യവും കാണുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു.



അദ്ധ്യായം 3.

ചമ്പൂക്കൾ.

ലീലാതിലകത്തിൽ വിധിച്ചിട്ടുള്ള മണിപ്രവാളരീതി അതിന്റെ മൂർദ്ധന്യതയിൽ എത്തിയതു മദ്ധ്യകാലമലയാളത്തിൽ ചമ്പൂകാരന്മാരുടെ ആവിർഭാവത്തോടുകൂടിയാണ്.

‘അലത്ത ദ്വാരകന്യാസന്നിധൌ പൃക്ക തൊഴി—
പ്പുരികമ്മിലതിപ്പൃഥുലാകാപി വാചിപ്രഗത്ഭാ
സരസി മരുവുമേതൊരു ഭേകിൻ നീരെനോക്കി—
ക്കലിതമൃദുലഹാസം വാചമൂചേ ഗഭീരം.’

എന്നും മററുമുള്ള പ്രയോഗങ്ങളും നോക്കുക. ചന്ദ്രോത്സവത്തിലെ രീതിയും ഇവയിൽനിന്ന് അധികം ഭിന്നമല്ലല്ലോ.

നിഗമവിടപിശാഖാലംബിനീ സൽഫലാഢ്യാ
സുകൃതികളെ വിട്ടൊന്നകലാനാപി ക്ഷീണയന്തി
അനവധിതരുമൂലാകാംക്ഷിതാ കല്പവല്ലീ
മിശതു ഹരികുമാരീ മന്ദിരാവാസിനീനാ

ചമ്പുക്കളും ചന്ദ്രോത്സവവും ലീലാതിലകത്തിനു ശേഷം, അഥവാ മദ്ധ്യമലയാളകാലത്ത്, ഉത്ഭവിച്ചിട്ടുള്ള കൃതികളാണെന്നു സൂചിപ്പിച്ചുവല്ലൊ. തിലകത്തിലെ വിധിപ്രകാരമുള്ള മണിപ്രവാളത്തിന്റെ സുവർണ്ണദശയും ഈ കാലഘട്ടംതന്നെ.

ചമ്പുക്കളിൽ, രാമായണം, നൈഷധം, ഭാരതം, കാമദഹനം, കൊടിവിരഹം, രാജരത്നാവലീയം, ബാണ

യുദ്ധം, കംസവധം, കിരാതം, ചെല്ലൂർനാഥോദയം, നാരായണീയം, തൈങ്കൈലനാഥോദയം എന്നിവയാണ് ഏററവും മുഖ്യമായിട്ടുള്ളവ. ഇവയിൽ നൈഷധം മഴമംഗലത്തു നമ്പൂരിയുടേതെന്നു പ്രസിദ്ധമാകുന്നു.

ദില്ലീവല്ലഭ! നീലകണ്ഠസുകവേ! ചെല്ലൂരനാഥോദയം
ചിത്രം പണ്ഡിതമം പുനാശചരിതം നാരായണീയം തഥാ;
ഭാരതസാരതത്വം ഗിരാ മമ ഭവാൻ തൈങ്കൈലനാഥോദയ—
പ്രത്യഗ്രാഖ്യകലൻ പ്രബന്ധരത്നം പ്രബന്ധം പ്രബന്ധോത്തമം.

എന്നു കാണുന്നതിൽനിന്നു മേല്പറഞ്ഞ മൂന്നു കൃതികളും 1591 മുതൽ 1615വരെ കൊച്ചിയിൽ വാണരുളിയിരുന്ന വീരകേരളതമ്പുരാൻ തിരുമനസ്സിലെ ആശ്രിതനായ നീലകണ്ഠകവിയാൽ വിരചിതമായതെന്നു സ്പഷ്ടമാണ്. ബാക്കി മിക്ക പ്രബന്ധങ്ങളും സുപ്രസിദ്ധനായ പുനത്തിന്റേതെന്നുമാണ് ഊഹിച്ചുപോരുന്നതു്. ഇതിൽ ഭിന്നാഭിപ്രായങ്ങളുമില്ലെന്നില്ല.

കൊച്ചിയിൽ ഉണ്ടായിരുന്ന രാമവർമ്മ എന്ന ഒരു രാജാവിനെ നായകനാക്കി അദ്ദേഹത്തിന്റെ അപദാനങ്ങളെ പ്രകീർത്തിച്ചുകൊണ്ട് എഴുതിയിട്ടുള്ള ഒരു കൃതിയാണ് രാജരത്നാവലീയം. ഈ കൃതി സാമൂതിരിപ്പാട്ടിലെ സദസ്യനായ പുനത്തിന്റേതാകുവാൻ തരമില്ലെന്നും, ഒരുപക്ഷെ മഴമംഗലത്തിന്റേതായിരിക്കുവാനാണ് ഇടയുള്ളതെന്നും പക്ഷാന്തരമുണ്ട്. രാമായണം, ഭാരതം, ബാണയുദ്ധം മുതലായ കൃതികളിൽ പരസ്പരം കാണുന്ന ശൈലീസാമ്യമാണല്ലൊ, അവയെല്ലാം ഒരാളുടെ — പുനത്തിന്റേ — തായിരിക്കണമെന്ന് ഊഹിക്കുവാൻ കാരണമായിട്ടുള്ളതു്. പുനത്തിന്റേതെന്നു പ്രസിദ്ധമായിട്ടുള്ള

ബാണയുദ്ധം മുതലായ ചമ്പുക്കളിലെ ചില വൎണ്ണനകൾ
ക്കും രാജരത്നാവലീയത്തിലെ ചില വൎണ്ണനകൾക്കും പര
സ്പരം കാണുന്ന അത്യന്തസാദൃശ്യമത്രെ അതും പുനത്തി
ന്റേതായിരിക്കണമെന്നുള്ള അഭ്യൂഹത്തിനു കാരണം.
ഈ സംഗതി എങ്ങനെ തീരുമാനിക്കുന്നതായിരുന്നാലും
ഭാഷയിലെ ചമ്പൂപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവും,
അതിൽ അജയ്യമായ പുകളൊളിപരത്തിയിട്ടുള്ള ആളും
പുനംനമ്പൂരിയാണെന്നുള്ളതിൽ പക്ഷാന്തരത്തിനവകാ
ശമില്ലാത്തതാണ്.

> മദനസമരസമ്മർദ്ദാന്തതോൽഭ്രാന്തകാന്താ—
> മണിതമധുരമാധ്വീമുഗ്ദ്ധകാവ്യാഭിപൂർണ്ണൈഃ
> മധുമദമണമോലും പദ്യരത്നങ്ങളെക്കൊ—
> ണ്ടതതി പുനമിന്നും ഇന്നു ചക്രവാളം.
>
> മധുമൊഴി! പുനമെന്നാനർക്കവിശ്രേണി സാര—
> സ്വാദുപരിമളമോലും പദ്യമെന്നൊരുവിനകൾ

എന്നിങ്ങനെ ചന്ദ്രോത്സവകർത്താവും,

> അധിഗതകരളമഗ്ര്യഗിരഃ കവയഃ
> കവയന്തു വയന്തു നന്ദനാൽപ്രണാമാഃ
> പുളകോൽഗമകാരിവാചഃ പ്രസരം
> പുനമേവ പുനഃ പുനസ്സ്മരാമഃ.

ഇങ്ങനെ ഉദ്ദണ്ഡശാസ്ത്രികളും ഈ മഹാകവിയെ പ്രശം
സിച്ചിട്ടുള്ളത്, ഗദ്യപദ്യമയമായ ചമ്പൂകാവ്യങ്ങളുടെ
അനിതരസാധാരണമായ മാഹാത്മ്യം കൊണ്ടുതന്നെയാ
ണല്ലൊ.

എന്നാൽ ഈ മഹാകവിയുടെ ജീവിതകാലം ഇനി
യും വിവാദരഹിതം നിൎണ്ണയിച്ചുകഴിഞ്ഞിട്ടില്ല. പുനം,
ഉദ്ദണ്ഡൻ, ശങ്കരകവി, ചേന്നാസ്സുനമ്പൂരി എന്നിവരെ

അനുബന്ധിച്ച് ഒട്ടുവളരെ ഐതിഹ്യങ്ങൾ സാഹിത്യലോകത്തിൽ പ്രസിദ്ധങ്ങളായിട്ടുണ്ട്. പരദേശികനായ ഉദ്ദണ്ഡശാസ്ത്രികൾ,

> പലായദ്ധ്വം പലായദ്ധ്വം രേരേ! ദുഷ്കവികുഞ്ജരാഃ
> വേദാന്തവനസഞ്ചാരീ ഹ്യായാത്യുദ്ദണ്ഡകേസരീ

എന്നുള്ള ഗർജ്ജനത്തോടുകൂടിയാണല്ലോ കേരളത്തിലേയ്ക്കു കടന്നുവന്നതു്. അദ്ദേഹത്തെ സാമൂതിരിപ്പാട്ടിലേയ്ക്കു് ആദ്യമായി പരിചയപ്പെടുത്തിയതു്,

> പ്രക്രീഡൻ കാർത്തവീര്യക്ഷ്മാപനഗരവിഭ്രമോ–
> ന്മകരസാഗരവാര–
> ത്തുംഗാരാലോലകല്ലോലമുഖരിതതടാ–
> [illegible]
> [illegible]
> ഹിന്ദോളത്തോദ്ദണ്ഡസൂരി–
> സ്സോയം തേ വിക്രമക്ഷ്മാവര, നികടഗത–
> [illegible]

എന്നുള്ള പദ്യത്താൽ ചേന്നാസ്സുനമ്പൂതിരിപ്പാടാണത്രെ. ഉത്തരക്ഷണത്തിൽത്തന്നെ ഉദ്ദണ്ഡൻ സാമൂതിരിയെ പ്രശംസിച്ച് ഒരു ശ്ലോകം നിർമ്മിച്ചുചൊല്ലി അടിയറ വയ്ക്കുകയും, സാമൂതിരി അത്യന്തം സന്തുഷ്ടനായിത്തീരുകയും ചെയ്തു. ശാസ്ത്രി അടിയറവച്ച ശ്ലോകം ഇതാണ്:–

> ഉദ്ദണ്ഡാഹവദണ്ഡനായക! ഭവ–
> ദ്യാത്രാസു ഘോഷത്ത്രിയാം–
> ഹേതുഃ കേതുരതീവ്യ സസ്ത്രുസരണിം
> ഗച്ഛൻ നിരാതങ്കസ്സതാം
> ലോകേഷ്വർപ്പിതപടത്വമങ്ങളമിഹ–
> ക്ഷ്മാർദ്ധ്യമുദ്രാമിമാ
> അപാരം ശശിബിംബമസ്മൃതി ഗുണാൻ
> ദന്തീവ്യൂഹാനിതം ഗുണൈഃ

‘ഉദ്ദണ്ഡകേസരി’യുടെ ഈ ശ്ലോകത്തിന്റെ ആശയ സാരസ്യത്താൽ അതിമാത്രം സന്തുഷ്ടനായിത്തീർന്ന സാമൂതിരി അന്നുമുതൽ ശാസ്ത്രിയെ തന്റെ സദസ്യനായി സ്വീകരിക്കുകയും ചെയ്തപ്പോൾ, കേതുവിശേഷണമായ ഉദ്ദണ്ഡശബ്ദം സദസ്യർക്ക് വളരെ രസിക്കുകയാൽ ഭട്ടരംഗനാഥപ്രിയനന്ദനനായ ശാസ്ത്രിക്ക് അന്നുമുതൽ ഉദ്ദണ്ഡൻ എന്നുള്ള പേർ പ്രസിദ്ധമായിത്തീരുകയും ചെയ്തുവത്രെ. ഭാഷാകവിതയേയും, ഭാഷാകവികളെയുംകുറിച്ച് വളരെ പുച്ഛമായിരുന്ന ഈ ശാസ്ത്രികൾ പരിഹാസമായി ഒരിക്കൽ—

> ഭാഷാകവി നിരാശങ്കം
> ലോകകരവലീ ഭാതി ഭുവനത്രയേ
> പ്രായേണ വൃത്തഹീനാഃ
> സ്യുസ്സർവ്വലോകേ നിരസ്യതേ പ്രസഭം

എന്ന ശ്ലോകം “പതിനെട്ടരക്കവിയോഗ”ത്തിൽവെച്ചു തട്ടിവിട്ടു. ആ കവിസമാജത്തിൽ “അരക്കവി” മാത്രമായിരുന്ന പുനംനമ്പൂരി, ആ യോഗത്തിൽവെച്ചുതന്നെ താഴെപ്പറയുന്ന ശ്ലോകം ചൊല്ലി സാമൂതിരിപ്പാട്ടിലേയ്ക്ക് അടിയറവെയ്ക്കുകയുണ്ടായി—

> ആരിത്തമ്പീകടാക്ഷാഞ്ചലമധുപകലാരാമ! രാമാജനാനാം
> നീരിൽത്താർബാണ! വൈരാകരനികരതമോമണ്ഡലീചണ്ഡഭാനോ!
> നേരത്താരാജരാജ നിള്ളാംതാരുക്കരി കളരാത്രിക്കുരന്നമേഘാകളികാ—
> ന്നേരത്തിന്നിപ്പുറം വിക്രമനൃവര! ധരാ ഹന്ത! കല്പാന്തതോയേ.

ഈ ശ്ലോകം കേട്ടുകൊണ്ടിരുന്ന ഉദ്ദണ്ഡന് അതിലെ ‘ഹന്ത’ പദപ്രയോഗം ഏറെ രസിക്കുകയാൽ ‘അന്തഹന്തയ്ക്കിന്തപ്പട്ട്’’ എന്നുപറഞ്ഞു തനിക്ക് അന്നു സദസ്സിൽനിന്നു കിട്ടിയ ഉത്തരീയപ്പട്ടും, പണക്കിഴിയും പുനത്തി

ന സമ്മാനമായി കൊടുക്കുകയും ചെയ്തുവത്രെ. അത്രതന്നെയുമല്ല— "അധികേരളമഗ്ര്യഗിര" എന്ന മേലുഝരിച്ചു പദ്യത്താൽ ഉദ്ദണ്ഡൻ പുനത്തെ അത്യധികം അഭിനന്ദിക്കുകയും ചെയ്തുവെന്നമാണ് പ്രസിദ്ധമായ ഒരൈതിഹ്യം. ഇങ്ങനെയുള്ള ഐതിഹ്യങ്ങൾ വേറെയും അനേകമുണ്ട്. ഈവക്കൈതിഹ്യങ്ങളെ ആധാരമാക്കുന്ന പക്ഷം മേല്പറഞ്ഞവർ എല്ലാവരും സമകാലികന്മാരും, പുനംനമ്പൂരി, 600–ാമാണ്ടിനിടയ്ക്കു ജീവിച്ചിരുന്നയാളും ആയിരുന്നുവെന്ന നിരാക്ഷേപം തീരുമാനിക്കാമെന്നു തോന്നുന്നു. എന്തെന്നാൽ തന്ത്രസമുച്ചയകർത്താവായ ചേന്നാസ്സനമ്പൂരിയുടെ കാലം 604–ാമാണ്ടാണെന്നു പ്രകൃതഗ്രന്ഥംവഴി നിർണ്ണയിച്ചിട്ടുള്ളതിനാൽ, അദ്ദേഹത്തിന്റെ സമകാലികനായിരുന്ന പുനത്തിന്റെ കാലവും, അതിൽനിന്ന് അധികം ഭിന്നമായിരിക്കാൻ ഇടയില്ലല്ലൊ. മഴമംഗലം മിക്കവാറും പുനത്തിന്റെ പിൻഗാമിയായി ജീവിച്ചിരിക്കുവാനേ വഴിയുള്ളു.

> ഉല്ലാഭൈരവം പരിസരസൃഷ്ടം ശംബരാരേ ബാലക്കൃഷ്ണം
> ലോപാമുദ്രാ സഖതിലകിതാം ദിക്ക്മുഖം ഭൂഷയിഷ്യൻ
> കോലാനേലാവനസുരഭിലാൻ യാഹി യത്ര പ്രഥന്തേ
> വേലാതീതപ്രഥിതവചസഃ ശങ്കരാദ്യാഃ കവീന്ദ്രാഃ

എന്നിങ്ങനെ കോകിലസന്ദേശത്തിലും,

> ശ്രീശങ്കരേണ വിദുഷാ കവിസാർവ്വഭൗമേ—
> നാനന്ദമങ്ഗതിനാ പൃഥതോ ഗതേന
> ശ്രീമന്മുകുന്ദമുരളീ മധുരസ്വരേണ
> പദ്യൈരവദ്യരഹിതൈരതതായ്ക്കു മാനാ

എന്നിങ്ങനെ ചന്ദ്രോത്സവത്തിലും ശ്ലാഘിച്ചിരിക്കുന്ന ശ്രീകൃഷ്ണവിജയകർത്താവായ ശങ്കരകവി തന്നെയായിരി

ഷണം, നൈഷധചമ്പുകൎത്താവായ മഴമംഗലം എന്നൊ
രൂഹം, കെ. ശങ്കരമേനോൻ അവർകൾ ഭാഷാരാമായ
ണചമ്പുവിൻെറ അവതാരികയിൽ ചെയ്തിട്ടുള്ളതു് ഈ
അവസരത്തിൽ സ്മരണീയമാകുന്നു. ഇതു പ്രമാദരഹിത
മെങ്കിൽ നൈഷധചമ്പുവും 7-ാംനൂററാണ്ടിൽതന്നെ നി
ൎമ്മിച്ചതായി സങ്കല്പിക്കാവുന്നതാണു്. പുനംനമ്പൂരി 9-ാം
നൂററാണ്ടിലാണു ജീവിച്ചിരുന്നതു് എന്നൊരഭിപ്രായം
ഭാഷാചരിത്രകാരൻ പുറപ്പെടുവിച്ചുകാണുന്നുണ്ടു്. പുനം,
ഉദ്ദണ്ഡൻ, ചേന്നാസ്സ് എന്നിവരെ സംബന്ധിച്ചുള്ള
ഐതിഹ്യത്തിനു സാരമായ ഇളക്കം തട്ടാതിരിക്കുന്നിട
ത്തോളംകാലം ഭാഷാചരിത്രകാരൻെറ അഭിപ്രായം ആ
ദരണീയമായി കരുതാവുന്നതല്ല. ഏതായാലും 600-ാമാ
ണ്ടുമുതൽ 900-ാമാണ്ടുവരെയുള്ള കാലഘട്ടത്തിനിടയിൽ
ഭാഷയിൽ പല ചമ്പൂപ്രബന്ധങ്ങളും ഉണ്ടായിട്ടുണ്ടെന്നു
ള്ളതു നിരാക്ഷേപമത്രെ. അവക ഗ്രന്ഥങ്ങൾ ഏതെല്ലാ
മെന്നും, അവയുടെ നിൎമ്മാതാക്കൾ ആരെല്ലാമെന്നും, നി
ൎണ്ണയിക്കുന്നതിനു ഭാഷാപ്രണയികളുടെ അന്വേഷണശ
ക്തി ഒന്നുമാത്രമേ ഇനിയും അവലംബമായിരിക്കുന്നുള്ളു.
അക്കഥ നിൽക്കട്ടെ.

ഭാഷാചമ്പുക്കളുടെ ഉല്പത്തികാരണം ഇന്നും വാദ
ഗ്രസ്തമായിരിക്കുന്നു. പണ്ഡിതാഗ്രേസരനായ കൊളത്തേ
രി ശങ്കരമേനോൻ അവർകൾ ഈ വിഷയത്തെ പുര
സ്കരിച്ചു പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായം ശ്രദ്ധേയമാ
കയാൽ, അതിലെ ചില ഭാഗങ്ങൾ ഇവിടെ ഉദ്ധരിച്ചു
കൊള്ളുന്നു.

“ആദികാലംമുതല്ക്കുതന്നെ കേരളത്തിൽ പുരാണ

കഥകളെ വിസ്തരിച്ചുപറഞ്ഞു മനസ്സിലാക്കുന്നതിനായി പല ഏർപ്പാടുകളും ചെയ്തിട്ടുണ്ടായിരുന്നു. അക്കൂട്ടത്തിൽ 'കൂത്തി'നാണു പ്രാധാന്യം കല്പിച്ചിട്ടുണ്ടായിരുന്നതു്. ക്ഷേത്രങ്ങളിൽവെച്ചു പുരാണകഥകളെ ബാഹ്യചമല്ക്കാരത്തോടുകൂടി വർണ്ണിച്ചു മനുഷ്യഹൃദയത്തെ വികസിപ്പിക്കുന്ന കാര്യത്തിൽ ചാക്യാന്മാർ അത്യന്തം വിദഗ്ദ്ധന്മാരായിരുന്നു...

കൂത്തുപറയുന്നതിനു പാടവമുള്ള ചാക്യാന്മാർ കുറവായും കേൾക്കുവാനാഗ്രഹമുള്ള ജനങ്ങളുടെ സംഖ്യ വർദ്ധിച്ചുമിരുന്ന മുൻകാലത്തു നമ്പ്യാന്മാരും കഥാപ്രസംഗത്തിൽ പ്രവേശിക്കായിരുന്നില്ല. കൂത്തുപറയുന്നതു ചാക്യാന്മാരുടെ കുലധർമ്മമാകയാലും, അതിനെ മററുള്ളവർക്കു് അനുകരിച്ചു നടത്തുവാൻ അന്നത്തെ സമുദായഘടന അനുവദിക്കായ്കയാലും, നമ്പ്യാന്മാർ ചെയ്യുന്ന പുരാണകഥാപ്രസംഗത്തിനു 'പാഠക'മെന്നു പ്രസിദ്ധിയുണ്ടായി. കാലക്രമത്തിൽ ബ്രാഹ്മണരും, അമ്പലവാസികളും സമുദായത്തിന്റെ ആവശ്യമോ അപേക്ഷയോ അനുസരിച്ചു പാഠകം പറഞ്ഞുതുടങ്ങി...

ആദ്യകാലങ്ങളിൽ കൂത്തിനും, പാഠകത്തിനും ഉപയോഗപ്പെടുത്തിവന്നിരുന്ന ഗദ്യപദ്യങ്ങൾ മലയാളഭാഷയിൽ പ്രത്യേകം ഈ ആവശ്യത്തിലേയ്ക്കായി എഴുതിയുണ്ടാക്കിയിട്ടുള്ളവതന്നെയായിരുന്നു. ചാക്യന്മാരും പാഠകക്കാരും കൂത്തിനോ പാഠകത്തിനോ ആരംഭിക്കുന്ന സമയം, മന്ത്രംപോലെ ആദ്യമായി മനസ്സുകൊണ്ടു ചൊല്ലാറുള്ളതു്, ഒരു ഭാഷാശ്ലോകമാണു്. അതു താഴെ ചേർക്കുന്നു:—

ഭൂദാരാണാം ദാനവാനാം നിരുപമപൃതനാവാരരാശീനാം ധരിത്രീ–
ഭാരാണാം ലീലയാ താനരരുളുകിനോടു സംഹാരപാത്രീകൃതം നിതാന്തം
ക്ഷീരാബ്ധൌ ലോലഭുജംഗാധിപശയനതലേ യോഗനിദ്രാമുദാരാം
നേരേ കൈകൊണ്ടു ലക്ഷ്മീകുളുർമുല പുണരും പത്മനാഭം ഭജേഹം:

ശിവപരമായ കഥ പറയുവാനാണു ഭാവമെങ്കിൽ താഴെ ചേർക്കുന്ന ശ്ലോകംകൂടി ചൊല്ലിവരാറുണ്ട്.

ലോകാനാമേകനാഥം പദതളിരിൽ വണങ്ങും ജനാനാമശേഷാ–
മാകാംക്ഷാം പൂരയന്തം നയനശിഖിശിഖാലീഢപുഷ്പായുധാംഗം
ഏകീഭാവായ കന്നിന്മകളെ നിജശരീരാർദ്ധമായ് ചെയ്തുപെറ്റും
ശോഭാശോണേന നാളീക്കം ദിവ്യപരിസ്ഫുരം ചന്ദ്രചൂഡം ഭജേഹം'

ഇതിന്റെശേഷം ചെയ്യുന്ന ഉപന്യാസവും ഭാഷയിലാണു്. ഇത്രയും അവതാരികയോടുകൂടി ശ്ലോകാർത്ഥവും ഫലപ്രയോജനവും പറഞ്ഞു്, പരമേശ്വരൻ അഥവാ വിഷ്ണുതന്നെ സേവ്യനെന്നു സാധിക്കുന്നു....

ഇതിന്റെശേഷം രാമായണം കഥയുടെ മാഹാത്മ്യം പറഞ്ഞു് ആ കഥയിൽ പ്രവേശിക്കുന്നു. ഇങ്ങനെയായിരുന്നു പൂർവ്വകാലങ്ങളിൽ കഥാവതരണം ചെയ്തിരുന്ന സമ്പ്രദായം. തദനന്തരം ഭാഷാഗദ്യപദ്യാത്മകമായ പ്രബന്ധം ചൊല്ലി, വിസ്തരിച്ചു്, അർത്ഥം പറഞ്ഞു്, ശ്രോതാക്കളെ സന്തോഷിപ്പിച്ചിരുന്നു.

ഇങ്ങനെ നടന്നുവരുന്ന കാലത്താണു തിരുവഞ്ചിക്കുളത്തു വാണരുളിയിരുന്ന കുലശേഖരവർമ്മമഹാരാജാവു 'ധനഞ്ജയം' മുതലായ നാടകങ്ങളുണ്ടാക്കി ചാക്യാന്മാരെക്കൊണ്ടു് അഭിനയിപ്പിച്ചുതുടങ്ങിയതു്. സംസ്കൃതഭാഷയിൽ അധികം പരിചയമില്ലാത്തവരായ ശ്രോതാക്കളുടെ ബോധത്തിനും വിനോദത്തിനുമായി വിദൂഷകൻ, കഥാ

പാത്രങ്ങൾ ചൊല്ലുന്ന പദ്യങ്ങളുടേയും, പറയുന്ന ഗദ്യ
ങ്ങളുടേയും ഭാഷാന്തരങ്ങളെക്കൂടി ഭാഷാപദ്യരൂപത്തിൽ
ചൊല്ലുക പതിവായിരുന്നു. ഈ ആവശ്യത്തിലേയ്ക്കു വേ
ണ്ട സകല പദ്യങ്ങളും 'തോലൻ' ഉണ്ടാക്കീട്ടുള്ളതായിട്ടാ
ണു കേൾവി. ഇങ്ങനെ കുലശേഖരവർമ്മമഹാരാജാവി
ന്റെ ആജ്ഞാനുസരണം അഭിനയിച്ചുപോന്ന നാടക
ങ്ങളിൽ പണ്ഡിതന്മാരെ രമിപ്പിക്കുന്നതിനു സംസ്കൃതഗ
ദ്യപദ്യങ്ങൾ ഉണ്ടായിരുന്നതുപോലെതന്നെ, പാമരന്മാ
രെ രസിപ്പിക്കുന്നതിനു ഭാഷാപദ്യങ്ങളും ധാരാളമായി
ഉപയോഗപ്പെടുത്തിയിരുന്നു...

ചാക്യാന്മാരും നമ്പ്യാന്മാരും കൂത്തിനും പാഠകത്തി
നും ഉപയോഗപ്പെടുത്തിവന്നിരുന്ന ഭാഷാശ്ലോകങ്ങളെ
ല്ലാം കാലക്രമത്തിൽ പ്രചാരലുപ്തമായിത്തീർന്നു. മദ്ധ്യകാ
ലത്തു വിദ്വാന്മാരായ നമ്പൂരിമാർ പുരാണകഥകളെ ഭാ
ഷാചമ്പൂരൂപത്തിൽ എഴുതിയതു ചാക്യാന്മാരെക്കൊണ്ടും
നമ്പ്യാന്മാരെക്കൊണ്ടും കഥ പറയിക്കുന്നതിനുവേണ്ടി
യാണ്."

വടക്കുംകൂർ രാജരാജവർമ്മരാജാവവർകളുടെ അഭി
പ്രായവും ഏതാണ്ടു മേല്പറഞ്ഞവിധംതന്നെയാകുന്നു.
"സാഹിത്യമഞ്ജുഷിക" ഒന്നാംഭാഗത്തിൽ അദ്ദേഹം ഇ
ങ്ങനെ പ്രസ്താവിച്ചിരിക്കുന്നു:—

"കൂത്തു പറയുന്നതിനു ചാക്യാന്മാർ ആദ്യകാലത്തു
രാമായണഭാരതാദിസംസ്കൃതചമ്പുക്കളിൽനിന്നും പദ്യ
ങ്ങൾ ഉപയോഗിച്ചുവന്നു. അവർ സന്ദർഭാനുകൂലമായി
മററു കൃതികളിൽനിന്നും ശ്ലോകങ്ങൾ ഉദ്ധരിച്ച് അർത്ഥം

വിവരിക്കുക സാധാരണമാണ്. ഇതുകൊണ്ടൊന്നും ചാക്യാന്മാരുടെ മാറ്റത്തിന്ന സാഫല്യം ലഭിച്ചില്ല. അതിന്ന പ്രത്യേകം രസകരമായ ഒരു പ്രബന്ധപ്രസ്ഥാനം ഉണ്ടാകേണ്ട ആവശ്യം നേരിട്ടുകൊണ്ടുതന്നെയിരുന്നു. ഈ സന്ദർഭത്തിലാണു ഭാഷാചമ്പുക്കളുടെ ആവിർഭാവം...കൂത്തിന് ഉപയോഗിക്കുന്നതിന്ന ചാക്യാന്മാർക്കുവേണ്ടിയാണു ഭാഷയിൽ ചമ്പുക്കൾ ഉണ്ടായിട്ടുള്ളതു്." മററു ജാതിക്കാർക്കു പാഠകം പറയുന്നതിന്നായി ഭാഷാചമ്പുക്കൾ നിർമ്മിച്ചുവെന്നു ആററൂർ കൃഷ്ണപ്പിഷാരടി അവർകളും പ്രസ്താവിക്കുന്നു.

എന്നാൽ കൊളത്തേരിപ്രഭൃതികളുടെ മേൽപ്രസ്താവിച്ച അഭിപ്രായം മുഴുവൻ ശരിയാണോ എന്നു സംശയിക്കേണ്ടിവരുന്നു. ചാക്യാന്മാരുടേയും ചമ്പുക്കളുടേയും കഥാവതരണരീതിയിൽ കാണുന്ന സാദൃശ്യമാണത്രെ, പ്രബന്ധങ്ങൾ സംസ്കൃതശബ്ദപദ്യങ്ങളുടെ സ്ഥാനത്തു് ഉപയോഗിക്കുവാനായി എഴുതിയിട്ടുള്ളതാണെന്ന് ഊഹിക്കുവാനുള്ള ഒരു പ്രധാനകാരണം. കഥാവതരണരീതിയിൽ പരസ്പരം കാണുന്ന ഈ സാദൃശ്യം ഘുണാക്ഷരന്യായേന സംഭവിച്ചുകൂടെന്നില്ലല്ലൊ. ചമ്പുക്കളിലെ ശ്ലോകങ്ങൾ ചാക്യാന്മാർ ചൊല്ലിവരാറുണ്ടെന്നു വാദിക്കുന്നപക്ഷം, ചമ്പൂപ്രബന്ധങ്ങളുടെ ഉല്പത്തിക്കുശേഷം, അവ ചാക്യാന്മാർ പ്രബന്ധങ്ങളിൽനിന്നു സന്ദർഭാനുസാരേണ സ്വീകരിച്ചിട്ടുള്ളതുമാത്രമാണെന്നു കല്പിക്കുന്നതാണു ന്യായം. ആകയാൽ കൂത്തിന്റെയൊ പാഠകത്തിന്റെയൊ ആവശ്യത്തെ പുരസ്കരിച്ചല്ല ഭാഷയിൽ ചമ്പുക്കൾ ആവിർഭവിച്ചിട്ടുള്ളതെന്നു സങ്കല്പിക്കേണ്ടിയിരിക്കുന്നു. നേരെ

മറിച്ച്, സംസ്കൃതത്തിലെ പ്രസ്ഥാനങ്ങളെ അനുകരിച്ചു ഭാഷയിൽ പല പ്രസ്ഥാനങ്ങളും ഉത്ഭവിച്ചിട്ടുള്ളതുപോലെ— സന്ദേശം, മഹാകാവ്യം മുതലായവ ആ സാഹിത്യത്തിലെ പ്രസ്ഥാനങ്ങളുടെ പ്രതിബിംബങ്ങളാണല്ലോ—ഭോജൻ, അനന്തഭട്ടൻ മുതലായവരുടെ പ്രബന്ധരീതിയെ അനുകരിച്ച് ഭാഷയിൽ ഉണ്ടായിട്ടുള്ള ഒരു പ്രസ്ഥാനവിശേഷംമാത്രമാണ് ഇതെന്നു കല്പിക്കുന്നതാണ് അധികം സമീചീനമായിരിക്കുന്നതു്. മഹാകവി ഉള്ളൂർ, കുന്നേഴത്തു പരമേശ്വരമേനോൻ, അമ്മാമൻ തമ്പുരാൻ എന്നിതുടങ്ങിയ സഹൃദയവര്യന്മാർ ഈ അഭിപ്രായത്തിനാണ് കൂടുതൽ സാമഞ്ജസ്യം കല്പിച്ചിട്ടുള്ളതെന്നുകൂടി ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ.

ഭാഷാചമ്പുക്കളുടെ ഉത്പത്തിയെക്കുറിച്ചുള്ള വാദം എന്തുതന്നെയായിരുന്നാലും മണിപ്രവാളപ്രസ്ഥാനത്തിന്റെ പരമോൽകൃഷ്ടദശ, ചമ്പുപ്രബന്ധങ്ങളുടെ ആവിർഭാവത്തോടുകൂടിയാണു പ്രത്യക്ഷമായതെന്നുള്ള വസ്തുത നിരാക്ഷേപമാകുന്നു.

"സാധാരണ ചമ്പുക്കളെല്ലാം തുടങ്ങുന്നതു് ഒരു വന്ദനശ്ലോകത്തോടുകൂടിയായിരിക്കും. അതുകഴിഞ്ഞാൽപിന്നെ കഥാസൂചനം, അഥവാ വസ്തുനിർദ്ദേശമായി. കവി തന്റെ തോഴരോടു കുശലപ്രശ്നോത്തരരൂപമായി എന്തെങ്കിലും പ്രസ്താവിക്കയോ, ലോകന്യായത്തെ പ്രതിപാദിക്കയോ ചെയ്തു് അതിന് ഉപമാനമായി ഒരു കഥയെ ഉപന്യസിക്കുക"*യാണു ചെയ്യുന്നതു്. രാമായണചമ്പുവിൽ

* സാഹിത്യചരിത്രസംഗ്രഹം.

രാവണോത്ഭവകഥയെ സൂചിപ്പിക്കുന്നതു നോക്കുക:

> വത്സന്നാമനാമാഗോ വിശ്രവസ്സിനുടെ വന്നിതു നന്ദിനലത്തു—
> ന്നേരം ജൊഴാ! വിളങ്ങും മനസി മമ സമാകമ്പിതേ വൻപ്രസാദം
> ക്ഷീരാബ്ധൗ ശൗര്യശാലിപൊരുമാറിനാശത്തെ ചെന്നു നാരായണനായതും
> ഉന്നതരെ കേൾക്കുംവിധം പണ്ടേപരിചോടുള്ളിതുവോതുപോലെ

ഭാരതത്തിൽ പാഞ്ചാലീസ്വയംവരത്തിലെ വസ്തു നിർദ്ദേശം ഇതാണു്.

> ഗാംഭീര്യനദസ്വരൂപം നൗകരിഹജ്ജിനം ചിന്തയാ മദ്ധ്യനാഡീ
> നാടിമദ്ധ്യേ വിളങ്ങുന്നസ്ത്രലോകത്തിന നരനന്ദ്യ നല്ലോരുപായം
> പാരേ പാഞ്ചാലിയാണാളിടനൊത്തുമ വരുമെന്നാ കഥാ ചേതനായാം
> പഞ്ചാനാം പാണ്ഡവാനാമിതി ജയിച്ചിതു ഗാഥാ പണ്ടു പാഞ്ചാലജായാം.

അടുത്തപടി കഥാകഥനമാണു്. അതിനിടയ്ക്കു നഗരാർണ്ണവശൈലാദികൾ കണ്ടുകിട്ടിയാൽ വർണ്ണനയുടെ തിരക്കുകൊണ്ടു കഥാകഥനംതന്നെ ഇല്ലാതാകും.

ചമ്പൂകളിലെ കഥാവസ്തു, എത്രതന്നെ നിസ്സാരമായിരുന്നാലും, വർണ്ണനയുടെ ഗാംഭീര്യംകൊണ്ടു് അതു സർവ്വലോകത്തേയും അതിശയിക്കുന്നതാണു്. ഇതിവൃത്തം പുരാണോപാത്തമാകയാൽ കവിക്കു യാഥാർത്ഥ്യത്തേയും ചരിത്രത്തേയും ഭയപ്പെടേണ്ട ആവശ്യമില്ലല്ലൊ. തന്നിമിത്തമത്രേ വർണ്ണനകളിൽ അതിരുകടന്ന അതിശയോക്തി മുതലായ അലങ്കാരങ്ങൾ ധാരാളമായി പ്രയോഗിക്കുവാൻ ചമ്പൂകർത്താക്കൾക്കു സാധിച്ചിട്ടുള്ളതു്. പ്രതിഭാപ്രധാനമായ ലോകാവലോകനമാണു ചമ്പൂപ്രബന്ധങ്ങളിൽ മുഖ്യം. ഗദ്യവർണ്ണനകളിൽ പലേടത്തും സമകാലസംഗതികളെ നമ്പൂരിമാരുടെ ഫലിതത്തോടുകൂടി പ്രതി

ഫലിപ്പിച്ചിട്ടുള്ളതു കാണാം. യഥാൎത്ഥജീവിതത്തിൻെറ ചിത്രീകരണത്തിൽ കേരളീയകവികൾക്കുണ്ടായ ആവേശത്തിൻെറ ആദ്യപടികളായി ചമ്പൂക്കളിലെ ഈദൃശ വൎണ്ണനകളെ ഗണിക്കാമെന്നു തോന്നുന്നു. സീത, പാഞ്ചാലി, ദമയന്തി എന്നീ നായികമാരുടെ സ്വയംവരാഘോഷ വൎണ്ണനകൾ ഓരോന്നും അതതുപ്രബന്ധങ്ങൾ വായിച്ചുതന്നെ ഗ്രഹിക്കേണ്ടവയാണ്. രാമായണത്തിൽ സീതാസ്വയംവരാഘോഷഘട്ടത്തിൽ ആയുസ്സിൻെറ അധികാരികളായ വൈദ്യന്മാരെ പിടികൂടി കണക്കിനു ശകാരിക്കുന്ന ഒരുഭാഗം നോക്കുക:—

കണ്ണമെന്നു പഠിച്ചുമിടിച്ചും — [illegible]—
ട്ടിടയിലരച്ചും [illegible] — [illegible]
കല്യാണഘൃതം [illegible] — [illegible]—
[illegible]
[illegible] — മറ്റുമൊരോരോന്നു പേരുംചൊല്ലീ—
[illegible]
[illegible] — [illegible] ചില നല്ലമന്ത്രങ്ങൾ
വിരവൊടു വരുത്തുകയെന്നുപറഞ്ഞും — [illegible]
സ്വാദുള്ളതു പോരാ തങ്ങൾക്കിന്നു — [illegible]—
[illegible]
[illegible] പേടിപ്പിച്ചും — [illegible]
[illegible]
വ്യാധിതനാക്കി [illegible] — [illegible]—
[illegible] — [illegible] വിരവൊടുചെയ്യു—
[illegible] — വൈദ്യകദംബം [illegible].

സീതയുടെ രംഗപ്രവേശമാണു താഴെ ചേൎക്കുന്നതു്:—

[illegible]
[illegible]

മന്ദം മന്ദം നയന്തീ ഘനജഘനഭരം പ്രാഭൃതപ്രായമഗ്രേ
മന്ദാക്ഷാലംകൃതാക്ഷീ മനസിജകലികാ മൈഥിലീ സാ നടന്നാൾ.
ക്ലിഷ്ടം ഭോഗപാളീവിവലനമധുരം മാലികാം കയ്ത്തലേ ചേ–
ർത്താളീമന്ദാവലംബാ നിജതനുമഹസാ രംഗമുദ്ദ്യോതയന്തീ
വ്രീളാവേശേന രാമാനനമിടയിടയിൽ കണ്ണുനോക്കി പ്രമോദാ–
ദ്ദ്യൂതലോലാ മെല്ലെമെല്ലെന്നരികിലുപഗതാ കോമളാഢ്യം പവിത്ര്യം.

ഏതാദൃശപദ്യങ്ങളുടെ രസികത അനുഭവൈകവേദ്യമെ
ന്നേ പറയാവൂ. ചമ്പുപ്രബന്ധങ്ങളുടെ ഗുണഗണങ്ങളിൽ
പ്രധാനമായിട്ടുള്ള ഒന്നു നൂതനത്വം തോന്നിക്കുന്ന ഈ
മാതിരി മനോധർമ്മങ്ങളുടെ സൗരഭ്യവും സൗലഭ്യവും ത
ന്നെ. പരശുരാമവിജയത്തിൽ, സ്വയംവരാനന്തരം ദശ
രഥപുത്രന്മാരുടെ അയോദ്ധ്യയിലേയ്ക്കുള്ള എഴുന്നള്ളത്തു
വർണ്ണിച്ചിരിക്കുന്ന ഭാഗം, തിരുവനന്തപുരത്തും തൃപ്പൂണി
ത്തുറയിലും മററും പണ്ടു നടന്നിരുന്ന ചില മഹോത്സവ
ങ്ങളുടെ സ്മരണയെ ഉദ്ദീപിപ്പിക്കുവാൻ തികച്ചും പര്യാ
പ്തമാണ്. അയോദ്ധ്യാപുരിയിലെ പട്ടാഭിഷേകത്തെ വ
ർണ്ണിക്കുന്നിടത്തും മററും കേരളത്തിൽ അന്നു നടപ്പുണ്ടാ
യിരുന്ന ആഘോഷങ്ങളിൽ ചിലതിൻെറ ചിത്രീകരണ
മാണു ചെയ്തിട്ടുള്ളതെന്നു കാണുവാൻ യാതൊരു പ്രയാ
സവുമില്ല.

ഭൂവാ നല്ല വിശേഷം കേൾ നീ–
നമ്മുടെ കല്യാണമെന്നൊരു ഭാഗ്യം

എന്നിങ്ങനെ തന്മയത്വത്തിനും രസവർദ്ധനവിനും വേ
ണ്ടി കഥാപാത്രങ്ങൾക്കനുഗുണമായ ഭാഷാരീതി പ്രയോ
ഗിക്കുന്നതിലും ചമ്പൂകർത്താക്കൾ അതിചതുരന്മാരായിരു
ന്നു. ചമ്പുക്കളിലെ ഈദൃശവർണ്ണനകളുടെ വികാസരൂപ

മാണ് നാം ഇക്കൂട്ടുകളിൽ കാണുന്നതെന്നുകൂടി ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

ചമ്പുക്കളുടെ നിർമ്മാണം ചാക്യാന്മാരുടെ ആവശ്യത്തെ പുരസ്കരിച്ചുകൊണ്ടായിരുന്നാലും, അല്ലെങ്കിലും, യഥാവസരം ഭഗവൽഭക്തിയേയും, സദാചാരതത്വങ്ങളേയും ഉപദേശിക്കുന്നതിൽ പ്രബന്ധകർത്താക്കൾ ബദ്ധശ്രദ്ധരായിക്കാണുന്നുണ്ട്. ആസന്നമരണനായ ബാലിക്കു ശ്രീരാമദേവൻ നൽകുന്ന ഒരു പ്രബോധനം നോക്കുക:—

ദാരന്നും കാന്തയെന്നും പെരുകിയ ധനമെന്നും മമാപത്യമെന്നും
കാണുന്നല്ലോ ഹന്ത, മോഹിച്ചനവധി നിനച്ചാലുമെന്തിൻ കാര്യമിങ്ങു
പ്രാണൻ പോയാലിതാരാർ കരുതുമളവിലൊന്നും തനിക്കമ്പിലൊരു—
ത്രാണം ചെയ്യാനൊരുത്തൻ തരമതുകൾ കേൾത്തോർക്കനമേ നീ.

യഥാർത്ഥമായ ആത്മസംസ്കരണത്തിന് ഇത്തരം പ്രബോധനങ്ങളാണല്ലോ പ്രയോജനപ്പെടുക. ഇമ്മാതിരി ധർമ്മോപദേശങ്ങൾ ഈദൃശകാവ്യങ്ങളിൽ പലസ്ഥലത്തും സുലഭമായി കാണാവുന്നതാണ്.

ഈ വിശിഷ്ടകാവ്യങ്ങളിലെ ഭാഷാപ്രയോഗമാണ് അധുനാതനന്മാരിൽ അധികംപേരുടേയും ലലാടസങ്കോചത്തിനു കാരണമായിത്തീർന്നിട്ടുള്ളത്. തനിസംസ്കൃതമായിട്ടുള്ള ഗദ്യപദ്യങ്ങൾതന്നെ ഈവക പ്രബന്ധങ്ങളിൽ ധാരാളമായിട്ടുണ്ട്. വിഭക്ത്യന്തങ്ങളായ സംസ്കൃതപദങ്ങളും ദീർഘസമാസങ്ങളും നിറഞ്ഞുള്ള മണിപ്രവാളപദ്യങ്ങൾ അങ്ങനെ ഒരുവക. ഇവയെല്ലാം സംസ്കൃതാനഭിജ്ഞന്മാരായ കാവ്യരസികന്മാരെ ക്രമത്തിലധികം ക്ലേശിപ്പിക്കുമെന്നു പറയേണ്ടതില്ലല്ലൊ. ഭൂരിഭാഗവും നാളികേര

പാകത്തിൽ നിർമ്മിതമായ ഈവക കൃതികളിൽ ലളിത
പദപ്രയോഗം വളരെ കുറഞ്ഞുപോയിട്ടുള്ളതുതന്നെയാ
ണു് അവയുടെ രസാസ്വാദനവിഷയത്തിൽ ഇന്നുള്ളവരെ
വിഷമിപ്പിക്കുന്നതു്. കാവ്യപ്രചാരത്തെ ലോപിപ്പിക്കു
വാനുള്ള കാരണവും അതുതന്നെ. സംസ്കൃതാഭിജ്ഞന്മാ
രായ പ്രബന്ധകർത്താക്കൾക്കു് ഏററവും സ്വാധീനമായി
രുന്നതു് ആ ഭാഷയാകയാലാണു് ഇങ്ങനെ പക്ഷപാതം
വന്നുകൂടിയതെന്നേ പറയുവാനുള്ളു. ഉചിതമായ വ്യാഖ്യാ
നങ്ങളോടുകൂടി ഈവക പ്രബന്ധങ്ങൾ പരിഷ്കരിച്ചു
പ്രസിദ്ധപ്പെടുത്തിയാൽ ഇന്നത്തേക്കാൾ പ്രചാരം സി
ദ്ധിക്കുമെന്നുള്ളതിനു സംശയമില്ല. ഭാഷാനൈഷധചമ്പു
വിനു ശ്രീമാൻ പാട്ടത്തിൽ പത്മനാഭമേനോൻ 'പ്രാ
ഞ്ജലി' എന്ന അതിവിസ്തൃതമായ ഒരു വ്യാഖ്യാനം എ
ഴുതി ചേർത്തിട്ടുണ്ടു്. അതുതന്നെ ദുഷ്കരമായ ശ്രമം ചെയ്യു
ല്ലെങ്കിലും രാമായണാദിഗ്രന്ഥങ്ങൾക്കും അർത്ഥഗ്രഹണ
സമർത്ഥമായ ചില വ്യാഖ്യാനങ്ങൾ ഉണ്ടാകുന്നതു സാമാ
ന്യജനങ്ങൾക്കു പ്രയോജനകരമായിരിക്കും; അല്ലാത്തപ
ക്ഷം, സംസ്കാരോല്ലീഢമതികളായ വിദഗ്ദ്ധജനങ്ങൾക്കു
മാത്രമേ ഇത്തരം കൃതികൾകൊണ്ടു് ഏതെങ്കിലും ഉപ
യോഗമുണ്ടാകുവാൻ ഇടയുള്ളു.

ചമ്പൂഗ്രന്ഥങ്ങളിലെ ഭാഷയെപ്പററി ഒരു സഹൃദ
യൻ പ്രസ്താവിച്ചിട്ടുള്ളതു് ഇങ്ങനെയാണു്:—

"ചമ്പുക്കളിലെ ഭാഷ, മാങ്ങാപ്പുളിശ്ശേരിയിലെ അ
ണ്ടിപോലെ സംസ്കൃതപദബാഹുല്യത്തിനിടയ്ക്കു പേരിനു്
ഒന്നോരണ്ടോ ഭാഷാപദങ്ങൾമാത്രം ചേർത്തു ഘടിപ്പിച്ചി
ട്ടുള്ള ഒന്നാണു്. അതിനാൽ സംസ്കൃതവികലന്മാർക്കു് ഇവ

സ്വല്പം നാളികേരപാകമായി തോന്നുന്നതിൽ അതിശയിക്കാനില്ല. പക്ഷെ, വിശേഷണവിശേഷ്യങ്ങളായ പദങ്ങളെയും സംസ്കൃതമലയാളവിഭക്ത്യന്തപദങ്ങളെയും പരസ്പരം സംഘടിപ്പിക്കുന്നതിൽ പ്രയോഗിക്കാറുള്ള കൗശലവിശേഷത്താൽ ആപാദചൂഡം സ്ഫുരിക്കുന്ന ദ്രാക്ഷാപാകം വരുത്തി ചമ്പൂക്കാർ മരത്തലയന്മാരെക്കൂടി രസിപ്പിക്കാറുണ്ട്." ഈ അഭിപ്രായം അക്ഷരംപ്രതി ശരിയാണെന്ന് ചമ്പൂഗ്രന്ഥങ്ങളിൽ പരിചയിച്ചിട്ടുള്ളവർക്ക് അല്പമൊക്കെ ഗ്രഹിക്കുവാൻ കഴിയും. ചില ഉദാഹരണങ്ങൾ താഴെ ഉദ്ധരിച്ചുകൊള്ളുന്നു:—

പാലാഴിത്തുള്ളലാൽ തൻ കിരണനികരകല്ലോലജാലൈരലംഭോലാ—
ലീലാരംഗം ഉരഃശേഖരമണിശയനേ ശേഷനാഗേ ശയാനം
മേലേമേലേ തൊഴുന്നേൻ ജഗദുദയപരിത്രാണസംഹാരലീലാ
ലോലാത്മാനം പരിത്യക്തഭുവന സകലഭോഗസ്പൃഹം വാസുദേവം.

(നാരായണീയം)

നാഥേ! നീ ചൊടിയാതെ വരിക വരിക നിൻ ഉൾത്തടം നീക്കി നിൽക്ക—
പാരിൽ സംവാദയാമി പ്രണയിനി! നയനേ മാകൃതാ ബാഷ്പപൂരം
ചേതോരമ്യാമിവള്ളും അവാചനസ്യാസമാധുരീമെന്ന കള്ളും
ജാതാനന്ദേന കേൾക്കനിത്ത ധരണീകുക്ഷൗ പുണ്യമേ മനോജ്ഞനേ.

കലയന്തി കരേ മാലാം — തുലയന്തി തതിം തഥാ
ദമയന്തി ശതാംശം — നമയന്തി മുഖാംബുജം (നൈഷധം)

ഓമൽപാദാംബുജം തൊഴുതിടുവതിനായ് കൈക്കൊണ്ടു പൂമേനി കൂടി—
ക്കോരപ്പുളകാംബരംകൊണ്ടണിമണികരം കയ്പിടിച്ചുൾപ്പുലർക്കി
ശ്രീമഞ്ജീരമഞ്ജുകാഞ്ചിതമിയലവ കോമളാംഗ്യം പദാബ്ജം—
കാമതം നീയതാനം ചതുരസഖികളാൽപ്രാപകല്യാണരംഗം

(ഭാരതം)

അനന്തരം മന്ദമന്ദം വികചകളിൽനിലവായ മാലേയപത്ര-
സ്യന്ദം കൊണ്ടേറെ മുഴിനപ്രാന്തമങ്ങിക ശിരോദയാചിതാമാഭായരം
മിന്നം പ്രാചീവധൂടികഴിക്കിവുടനാണിരുന്നൊരുപൊൻതാലിപോലെ
നന്നായ് മേളം കലരുന്നവരുമുദയഗിരി മണ്ഡലം പ്രാഭരാസീൽ
(രാമായണം)

ഇത്യാദിപദ്യങ്ങളിലെ ശബ്ദഭംഗി ഒന്നുതന്നെ ഏതൊരു പട്ടപാമരനെക്കൂടി രസിപ്പിക്കയില്ല?

ഇതിനുപുറമെ, ചമ്പുക്കളിലെ പ്രാസപ്രചുരവും സംഗീതാത്മകവുമായ ഗദ്യഘടനയും ശ്രോതാക്കളെ ആകർഷിക്കുന്നതിനു കൂടുതൽ പര്യാപ്തമായിത്തീരുന്നുണ്ട്. നൈഷധത്തിലെ താഴെ ഉദ്ധരിക്കുന്ന വർണ്ണന എത്ര മനോമോഹനമായിരിക്കുന്നുവെന്നു നോക്കുക:—

അസ്തഗിരിശിഖരമസ്തകസീമനി ഭാസ്കരദേവൻ മറയുന്നേരം
ഗതിവഴി സവിതരിഗ്രഹകളിൽനിന്നതിമിരകരീശതിമകണ്ണേരം
ദിക്കുറിയുക്കുമ ഉസ്രമെന്ന തരക്ഷുഗണങ്ങൾ തിമിർക്കുന്നേരം
കാട്ടിൽനടുവിൽ കാട്ടാളാവലി കൂട്ടംകൂടിനടപ്പുന്നേരം
മല്ലീവല്ലീഫുല്ലാവലിയിൽ മെല്ലെ മെല്ലെ വിരിയുന്നേരം
പക്ഷികൾ വൃക്ഷാവലിയിലടങ്ങിയിണങ്ങിയുറങ്ങുന്നേരം
കാർകുഴലികൾ കാമിനിമാർതൻ കോമളമുലകളിലണയുന്നേരം
ക്രോഷ്ടുനാദം കാട്ടിൽനടുവിൽ കൂട്ടംകൂടിപ്പാടുന്നേരം
മയിലുകൾ പീലികൾ ചാലെ വിരിച്ചു—നൃത്തവുമാടിയടങ്ങുന്നേരം
ഞെരുങ്ങിയുടൻ തടവികൾതോറും കരടികൾ കടുതരമലറുന്നേരം
ഘൂകകുലങ്ങടെ ഭീകരസ്വരപടലീ - ഭീഷണനിനാദം കലരുന്നേരം
ശ്രോത്രാനന്ദം ചേർത്തീടാതെ ഝില്ലീകാവലി കരയുന്നേരം
പിശിതാശനജനമ്പുമ്പൽ പിശാചികളശിവനിനാദം കലരുന്നേരം
കനകൾപോലെ കനിവൊടു ചില പാന്ഥികളൊളിച്ചോടുന്നേരം
കാനനനികരം നിരുപമിതാവിധം ഭീതിപൂണ്ടു നടുങ്ങുന്നേരം
സപ്ലാശ്ചഗൻ മച്ചുരശ്രയ—നന്ദ്യാമേ കണ്ടാലും നിറച്ചും
ശമനനിരോധം കലാപനമേശെ നിശസാരമെയോ മഴിതാ ഭയായോ

ഏതാദൃശഭാഗങ്ങളും വായിക്കുന്ന ഏതൊരു സഹൃദയനാണു സാഹിത്യസുധാൎണ്ണവത്തിൽ മജ്ജനോന്മജ്ജനം ചെയ്യാതിരിക്കുക! ചുരുക്കിപ്പറയുകയാണെങ്കിൽ നമ്പൂരിമാരുടെ മണിപ്രവാളത്തിന്റെ മാഹാത്മ്യം, അഥവാ മണിപ്രവാളത്തിന്റെ മനോഹാരിത്വം, ബോധപ്പെടണമെന്നുള്ളവർ ചമ്പൂഗ്രന്ഥങ്ങളെത്തന്നെ വായിച്ചേ മതിയാവൂ.



അദ്ധ്യായം 4.

പാട്ടുകൾ.

രാമകഥപ്പാട്ട്.

മദ്ധ്യകാലമലയാളത്തിൽ ഉദിച്ചുയൎന്നിട്ടുള്ളതും, 'പാട്ട്' എന്ന ഇനത്തിൽ ഉൾപ്പെട്ടിട്ടുള്ളതുമായ പദ്യസാഹിത്യത്തെപ്പററിയാണു നമുക്ക് ഇനി അല്പം ആലോചിക്കുവാനുള്ളതു്. ഭാഷയുടെ ആദ്യഘട്ടത്തിൽ, അഥവാ, കരിന്തമിഴ്കാലത്തിൽ, ഉണ്ടായിട്ടുള്ള രാമചരിതത്തിന്നശേഷം ഈ ശാഖയിൽ ഉത്ഭവിച്ചിട്ടുള്ള ഗണനീയമായ ഒരു കൃതി, നെയ്യാററിൻകര ഔവ്വാടുതുറ അയ്യിപ്പിള്ള ആശാൻെറ 'രാമകഥപ്പാട്ടാ'ണ്. കൊല്ലം അഞ്ചാംശതവൎഷത്തിൻെറ അവസാനത്തിലായിരിക്കണം ഇതിൻെറ രചനാകാലമെന്ന് ഊഹിച്ചുവരുന്നു.

> 'ആലമുണ്ടോൻതൻ തെമന്താ! ആൎക്കരുതേതാണേയമ്പാൽ
> ചീലമുന്നടികൾ പൊററിപ്പിറുപചർത്തിറങ്ങി തോണായ്
> കോലമുൻകടവയററിൻകവാരമുളചെയ്തു
> വേലയിൻ തിരപോലൊന്നൻ മേതയിൽ ഞാൻറുവാരേ!'

എന്നിങ്ങനെയുള്ള തമിഴ്രൂപങ്ങളുടെ ആധിക്യം വിചാരിച്ചാൽ ഈ കൃതി രാമചരിതത്തേക്കാൾ പ്രാചീനമാണോ എന്നു സംശയിക്കാതിരിക്കുകയില്ല. പക്ഷെ, അതു തെക്കൻ തിരുവിതാംകൂറിൽ അന്നു നടപ്പുണ്ടായിരുന്ന ദേശ്യഭാഷയായ കരിന്തമിഴിൽ എഴുതിയതുകൊണ്ടു മാത്രം തോന്നുന്നതാണ്. ഉത്തരകേരളത്തിൽ ഇക്കാലത്തുതന്നെ ഉത്ഭവിച്ചിട്ടുള്ള പല പാട്ടുകളും ഇതിൽനിന്നു

വളരെ വ്യത്യാസപ്പെട്ട ഭാഷയിൽ കാണപ്പെടുന്നവെന്നു
ള്ളതു് ഇതിനു തെളിവായിരിക്കുന്നു. സംസ്കൃതപദങ്ങ
ളെ തത്ഭവങ്ങളാക്കി പ്രയോഗിക്കുന്ന സമ്പ്രദായം രാമ
ചരിതത്തിലെപ്പോലെ ഇതിലും കാണുന്നുണ്ടു്. പുരുഷ
പ്രത്യയനിരാസനം മുതലായവ ഈ കൃതിയിലും അവ്യവ
സ്ഥിതമായിത്തന്നെ ചെയ്തുകാണുന്നു.

II

കണ്ണശ്ശകൃതികൾ.

കൊല്ലം ആറാംശതവർഷത്തിൽ ജീവിച്ചിരുന്ന ക
ണ്ണശ്ശപ്പണിക്കന്മാരാണു ഭാഷയുടെ കൗമാരദശയിൽ
സാരമായ സാഹിത്യപരിശ്രമം ചെയ്തിട്ടുള്ള കേരളമ
ഹാകവികൾ. മാധവപ്പണിക്കർ, ശങ്കരപ്പണിക്കർ, രാമ
പ്പണിക്കർ എന്ന മൂന്നുപേരെയാണു 'കണ്ണശ്ശന്മാർ' എ
ന്ന പദംകൊണ്ടു നിർദ്ദേശിച്ചുവരുന്നതു്. 'വാനവർകിനു
സമമാകിയ നിരണമഹാദേശേ വന്നുളവായ' ഇവരിൽ
മാധവപ്പണിക്കർ 'ഭഗവൽഗീതാ'കർത്താവും, ശങ്കരപ്പ
ണിക്കർ 'ഭാരതമാലാ'കർത്താവും, രാമപ്പണിക്കർ 'രാമാ
യണം' 'ശിവരാത്രിമാഹാത്മ്യം' തുടങ്ങിയ അനേകം കൃ
തികളുടെ കർത്താവുമത്രെ.

കേവലം കരിന്തമിഴായി കഴിഞ്ഞിരുന്ന മലയാള
ഭാഷയെ അതിൽനിന്നു് അല്പാല്പമായി ഭിന്നിപ്പിച്ചു്,
സംസ്കൃതപദപ്രയോഗങ്ങൾകൊണ്ടു മോടിക്കൂട്ടി മലയാ
ളഭാഷയ്ക്കു നവമായ ഒരു ചൈതന്യത്തെ പ്രദാനംചെയ്ത
കവിവീരന്മാരാണു നിരണംദേശീയരായ കണ്ണശ്ശപ്പണി

കന്മാർ. നിരണവൃത്തം എന്ന പേരിൽ ഇന്നു പ്രസിദ്ധ
മായിത്തീൎന്നിട്ടുള്ള ദ്രാവിഡവൃത്തത്തിന്റെ ഉപജ്ഞാതാ
ക്കളും ഇവരത്രെ. ലോകമഹാകൃതിയായ ഭഗവൽഗീത
യെ മലയാളത്തിലേക്കു് ആദ്യമായി വിവൎത്തനംചെയ്തിട്ടു
ള്ള മഹാകവിയായ മാധവപ്പണിക്കർ, ഇവരിൽ എ
ല്ലാംകൊണ്ടും ഭാഷാഭിമാനിയായ ഏതു കേരളീയന്റെ
യും നിത്യസ്മരണാസ്പദമാണു്.

"ആത്മതത്വമൊരുത്തനു് മനതാരിനമറിവാകയില്ല ജഗൽപൂൎവ്വമാ—
യുത്ഭവമരണാദികൾ കരണാദികളൊന്നിനോടും കൂടാതൊഴിവാകയേ
പൂൎണ്ണമണംപോൽ സഹാവരചരമൊട്ടു പൂൎവാരാമതപൂൎണ്ണതം പൊതുമായ് നി—
ന്നെപ്പൊഴുതും സച്ചിൽസുഖമായ് നിന്നീടിന പരമാത്മാവാം തൊഴുന്നേൻ"

എന്ന തുടങ്ങിയുള്ള ഗീതാവാക്യങ്ങൾ ശയ്യാഗുണം, അ
ക്ലിഷ്ടമായ പദപ്രയോഗം എന്നിവയാൽ എത്രയോ ഹൃ
ദയാവൎജ്ജകമായിരിക്കുന്നു! മഹാവിദ്വാനും ഭക്തജനാഗ്ര
ഗണ്യനുമായ ഈ മഹാകവി, ശബ്ദാൎത്ഥങ്ങളിൽ ചെയ്തു
കാണുന്ന നിഷ്കൎഷ അത്യന്തം ആദരാസ്പദവും അനുകരണീ
യവുമായിരിക്കുന്നു.

അറിവീലൊരുവനുമെന്നുടെ തനി
ലാകാരം ഞാൻ പുനരിതുകാലം ജ്ഞാ—
നവിശേഷത്തിനു സമാനമാനാം ക—
ൎമ്മങ്ങളിതെന്നിവ ഫലവും ഞാൻ
അറിവേ കേൾവയും ഞാൻ കാപ്പതു ഞാ—
നവിനോടൊത്തതുവും ഞാൻ
തിരുവെഴുപ്പത്തിവാൻ സ്മൃതിഞാൻ ക്ഷമ ഞാൻ
തികഴ്ഗായത്രിച്ഛന്ദസ്സും ഞാൻ. 10. 14.

ഗീതയുടെ മാഹാത്മ്യത്തെ പ്രസ്താവിക്കുന്നതിങ്ങനെയാ
ണു്:—

'അംഭോജങ്ങൾ വിരിഞ്ഞതിനാലലയതിലത്തരം വാപികൾ ശോഭിക്കും;
കൊമ്പോട്ടയർ കരിയും ശോഭിക്കും കൂർത്തുഴകീടിന മദജലമതിനാൽ,
പൊൻകുംഭമതിൻ മണിയാശോഭിക്കും ഉദ്യാനം ശോഭിക്കും ലസ്സുമനാ-
ലമ്പീടിന ഭാവൽഗീതയുമറിവോർ സഭ നന്നവേ ശോഭിക്കും.' 18—43

ഇതുപോലെ മധുരമധുരങ്ങളായ പദ്യങ്ങൾ എത്രവേണമെങ്കിലും ഗീതയിൽനിന്ന് ഉദ്ധരിക്കാവുന്നവയായുണ്ട്.

നിരണത്തു പണിക്കന്മാരിൽ ഏററവും ഇളയ ആൾ രാമപ്പണിക്കരത്രെ. 'കണ്ണശ്ശൻ' എന്ന പദംകൊണ്ടു സാധാരണമായി നിർദ്ദേശിക്കുന്നതും അദ്ദേഹത്തെത്തന്നെയാണ്. 'മഹാഗുരുവരനായുഭയകവീശ്വരനായ മഹാത്മാ' എന്നാണു ഭഗവൽഗീതാകർത്താവായ മാധവപ്പണിക്കരെപ്പററി ഈ രാമപ്പണിക്കർ പ്രസ്താവിക്കുന്നതു്. രാമപ്പണിക്കരുടെ കൃതികളിൽ ഏററവും മുഖ്യമായതു രാമായണമത്രെ. ഇതിലെ ശബ്ദാർത്ഥങ്ങളുടെ സമഞ്ജസമായ ചേരുവ ഏററവും മനോഹരമായിരിക്കുന്നു.

"പുഷ്കരപത്രാനനൻ കൌസല്യാപുത്രൻ ജാനകിയോടു മേവാനേ
പുഷ്കരിണീമധ പമ്പാം കണ്ടേ പുഷ്പശരാതുരമാനസനായ
തൽസുമിത്രാപുത്രനെ നോക്കിത്താനന്നുരചെയ്താൻ കാനനമെങ്ങും
മിക്കവസന്തവിലാസംകൊണ്ടു വിരാജിതമായിതു വീര! പാരാ!"

ഇത്യാദി ഭാഗങ്ങൾ നോക്കുക. ചില ദിക്കിൽ മലയാളപദങ്ങളോടു സംസ്കൃതതൽസമപദങ്ങളെ കൂട്ടിയിണക്കി–

"അംബുജപത്രമനോഹരനേത്രാവന്യോന്യം തുല്യൌ നരവീരൌ
സന്തതി താപസവേഷൌ ജടാസമാനൌ ചാപധരൌ ശരപാണീ
[illegible] നാളിഹ കണ്ടറിയേണം നാം മുഖ്യഗുണോൽകരരായ ഭവന്തൌ
തുമ്പമകറ്റിപ്പവർകൾക്കില്ലാക്കിയ സുകുമാരൌ നരസിംഹസമാനൌ"

"ധാരാധരനികരത്തെ [illegible] ധരാധരമിതു ശോഭിപ്പതു പാരായ്
നേരേ വാനരവാലധിയിൽ [illegible] സുഗ്രീവനതു നേരായ്"

എന്നിങ്ങനെ പ്രയോഗിച്ചിരിക്കുന്നതു കണ്ടാൽ മലയാളത്തിലെ മണിപ്രവാളത്തിന്റെ മാൎഗ്ഗദൎശികൾ ഇവരാണോ എന്നുകൂടി ശങ്ക തോന്നാതിരിക്കയില്ല. ഭഗവൽപ്രസ്താവം വരുമ്പോൾ കണക്കില്ലാതെ പൎയ്യായപദങ്ങൾ പ്രയോഗിക്കുന്ന സമ്പ്രദായം എഴുത്തച്ഛന്റേതായി പറയാറുണ്ടെങ്കിലും, ആ വിഷയത്തിൽ എഴുത്തച്ഛനപോലും ഉന്നതസ്ഥാനം വഹിക്കുന്നതു കണ്ണശ്ശപ്പണിക്കരാണെന്നു കാണാവുന്നതാണ്.

> 'ആരണകാരണനായ പുരാനമരാധിപനന്നതനനാദി മുകുന്ദൻ
> പൂരണനായറിവാനരുതാകിയ പുണ്യപുമാൻ പുരുഷോത്തമനമലൻ
> താരണിപാലക ബാലകനായവതാരം ചെയ്തവനാകിയ രാമൻ
> മാരുതി സുഗ്രീവാദികളോടു മകിഴ്ന്തങ്ങനമൎന്തിവിടെയിരുന്നാൻ.'

ഇങ്ങനെ ഒരു നിൎമ്മലഹൃദയത്തിൽനിന്നു നിൎഗ്ഗളിക്കുന്ന ഭക്തിരസം ഇതിൽ പലേടത്തും സ്പഷ്ടമായി വിളങ്ങുന്നു. വൎണ്ണനകളിൽ പല ഭാഗത്തും പ്രശംസാൎഹമായ വിധത്തിൽ മനോധൎമ്മം പ്രയോഗിച്ചുകാണുന്നുണ്ട്. സീതാവിയോഗകാലത്തു രാമൻ, മാല്യവാന്റെ ശിഖരത്തിൽ വസിക്കുമ്പോൾ വന്നണഞ്ഞ വൎഷൎത്തുവിനെ വൎണ്ണിച്ചിട്ടുള്ള ഭാഗം ഇവിടെ പ്രസ്താവയോഗ്യമാണ്:—

> 'ഇടിയാകിന്ന മിഴാവൊലിയൊടുടനൊവക്കും പരിതാപം കളവാൻ
> ചുടരേറും മിന്നർപ്പൂമാരാകിയ തുയവികൾ കൊരുത്തി വിളക്കാൽ
> വടിവേറും വരിവണ്ടുകൾ പാടമയൂരാദികൾ മകിഴ്വൊടു തുള്ളും
> തരുനാകിയ കാർകാലം വന്നൊരു നാടകമാടുംപോലിതു പാരായ്.'

എന്നിങ്ങനെയുള്ള പല ഉല്ലേഖങ്ങളും സാഹിത്യരസം വഴിഞ്ഞൊഴുകുന്ന മററനേകം ഭാഗങ്ങളും രാമായണത്തിൽനിന്നും ഉദ്ധരിക്കത്തക്കവയായുണ്ട്. പാട്ടുകളുടെ

ഗണത്തിൽ കണ്ണശ്ശകൃതികൾക്കുള്ള മാന്യസ്ഥാനം സാ
ഹിത്യലോകത്തിൽ എന്നും അനപലപനീയമായിത്ത
ന്നെ ഇരിക്കുമെന്നുള്ളതിനു രണ്ടുപക്ഷമില്ല.

III

കൃഷ്ണഗാഥ.

കണ്ണശ്ശപ്പണിക്കർക്കുശേഷം ഭാഷാപദ്യസാഹിത്യ
ത്തിന്റെ ഈ ശാഖയെ ഏററവും വിശിഷ്ടമായ രീതി
യിൽ പരിപോഷിപ്പിച്ചിട്ടുള്ളതു പ്രസിദ്ധനായ ചെറുശ്ശേ
രിനമ്പൂരിയത്രേ. കൃഷ്ണഗാഥ അല്ലെങ്കിൽ കൃഷ്ണപ്പാട്ട് എ
ന്നുള്ളതാണ് അദ്ദേഹത്തിന്റെ കൃതികളിൽ പ്രഥമസ്ഥാ
നത്തെ അർഹിക്കുന്നതു്. കൊല്ലവർഷം 650-നുശേഷവും
750-നുമുമ്പും ആയിരിക്കണം ഈ കൃതിയുടെ രചനാകാ
ലമെന്നു പ്രാമാണികന്മാരായ സാഹിത്യകാരന്മാരിൽ പ
ലരും സങ്കല്പിച്ചുവരുന്നു.

കൃഷ്ണഗാഥയുടെ കർത്താവു ചെറുശ്ശേരിനമ്പൂരിയാ
ണെന്നുള്ള സംഗതിയിൽ ഭിന്നാഭിപ്രായങ്ങൾ ഇല്ലാതില്ല.
കവനോദയപ്രവർത്തകന്മാർ അതു പുനത്തിന്റെ കൃതി
യാണെന്നു നിർണ്ണയിക്കുന്നു. കവനോദയക്കാരുടെ വാദമുഖ
ങ്ങളെ ഉചിതരീതിയിൽ ഖണ്ഡിച്ചു്, കൃഷ്ണഗാഥയുടെ
കർത്തൃത്വം ചെറുശ്ശേരിയിൽത്തന്നെ പുനഃസ്ഥാപിക്കാൻ
നിരൂപകശിരോരത്നമായ ശ്രീമാൻ പി. കെ. ചെയ്തിട്ടുള്ള
മഹോദ്യമം സർവ്വഥാ വിജയപ്രദമായിത്തീർന്നിട്ടുണ്ടെന്നു
നിഷ്പക്ഷപാതികൾ സമ്മതിക്കുന്നതും, സംവദിക്കുന്നതു
മാണ്. എന്നാൽ പി. കെ. യുടെ അഭിപ്രായത്തെ, പി
ന്നീടു കണ്ടൂർ മുതലായവർ ഖണ്ഡിക്കാൻ ശ്രമിച്ചിട്ടുണ്ടെ

ന്നുള്ള കഥ, ഇവിടെ വിസ്തരിക്കുന്നില്ല. തദനന്തരം ചില രസികന്മാർ കൃഷ്ണഗാഥയുടെ കർതൃത്വം പൂന്താനത്തിന്റെ തലയിൽ വെച്ചുകെട്ടാൻ നിഷ്പ്രയോജനമായി ഉദ്യമിച്ചിട്ടുള്ളതായും അറിയുന്നു. പക്ഷെ ഇവ ഒന്നും പി. കെ യുടെ നിരൂപണത്തെ അധഃകരിക്കത്തക്ക വൈദഗ്ദ്ധ്യമുള്ളവയല്ലെന്നു പരിശോധനയിൽ നിഃസംശയമായി കാണാവുന്നതാണ്.

കൃഷ്ണഗാഥയുടെ കർത്താവു പുനമാണെന്നു വാദിക്കുന്നതിൽ പല പ്രതിബന്ധങ്ങളും വന്നുകൂടുന്നുണ്ട്. ഒന്നാമതു പുനത്തിന്റെ കൃതികൾ ചമ്പുക്കളാണെന്നുള്ളതു സുപ്രസിദ്ധമാകുന്നു.

> "മധുരമൊഴി പുനമെന്നോ നമ്പൂരിയോടൊത്ത സാര—
> സ്വാതപതിമുഖമൊഴും പദ്യഭേദൈരനേകൈഃ
> പകലിരവു വളർത്തീടുന്ന മന്ദാപമ്പോ"

എന്നിങ്ങനെ ചന്ദ്രോത്സവത്തിലും മററും കാണുന്ന പ്രസ്താവങ്ങൾതന്നെ അതിലേയ്ക്കു മതിയായ തെളിവുകളാണ്.

ഭാഷാരീതി പരിശോധിക്കുമ്പോഴും ചമ്പൂകർത്താവായ പുനത്തിന്റെ കൃതിയാണു കൃഷ്ണഗാഥയെന്നുള്ള വാദത്തിന് അടിസ്ഥാനമില്ലാതെ തീരുന്നു.

> "മധുരമധുര ഭാഷാസംസ്കൃതാന്യോന്യസംഘ—
> ടനസുഭഗിലയം (സ്സൽ കാവ്യവാണീ വിലാസം."

എന്നിങ്ങനെ ചന്ദ്രോത്സവത്തിൽ പ്രസ്താവിക്കുന്ന ഒരു രീതിയാണു ചമ്പുക്കളിലുള്ളതു്. പുനംനമ്പൂരിക്ക് അധികം സ്വാധീനമായിട്ടുള്ളതും വൈറ്റ്പ്രണിദ്ധ്യമായ അ

ന്തരം മണിപ്രവാളഭാഷയത്രെ. നേരെമറിച്ചു ശുദ്ധദ്രാവിഡപദങ്ങളെക്കൊണ്ടുള്ള കൈകാര്യമേ ഗാഥാകർത്താവിനുള്ളൂ.

'വെള്ളുതയെക്കണ്ടൊരു കള്ളൻ താനന്നേരം
വെള്ളിലാവള്ളി തിരിച്ചു ചൊന്നാൻ
ഉറ്റവരെ തന്നിൽ നീ വെള്ളുവാച്ചിട്ടപ്പോൾ
മറ്റവരെക്കണ്ടിട്ടു കേഴുമല്ലോ.'

എന്നിങ്ങനെയുള്ള കൃഷ്ണഗാഥയിലെ ശുദ്ധഭാഷാരീതിക്കും,

'താളേ വൃഥാ നിന്നെക്കരുതു ഭാത–
ഭൃശാ റിഫാളേ ഭുജകാന്തി തായേ,
ഉത്തുംഗങ്ങളൊക്കെ ബുദ്ധിപോലെ–
സുശ്രീമശ്രീവമഹം കരിക്കു'

എന്നിങ്ങനെയുള്ള ചമ്പുക്കളിലെ മണിപ്രവാളരീതിക്കും തമ്മിലുള്ള അന്തരംതന്നെ ആ ഇരുകൃതികളും ഇരുവരുടേതാണെന്ന പ്രത്യക്ഷമായി വിളിച്ചു പറയുന്നു. അങ്കി, നങ്ങി, തിട്ടതി, അകലി, പൂകണ്ണു, ഓയം മുതലായ പ്രാചീനപദപ്രയോഗങ്ങൾ കൃഷ്ണഗാഥയിലെന്നപോലെ സുലഭമായി ചമ്പുഗ്രന്ഥങ്ങളിൽ ഒന്നിലുംതന്നെ കാണുന്നില്ല. കൃഷ്ണഗാഥ പുനത്തിന്റേതല്ലെന്നുള്ളതിന് ഇതും അനിഷേധ്യമായ തെളിവു നൽകുന്നു.

പുനം, സാമൂതിരിപ്പാട്ടിലെ പതിനെട്ടരക്കവിസമാജത്തിലെ ഒരംഗമായിരുന്നുവെന്നുള്ളതു പ്രസിദ്ധമാണ്. എന്തെന്നാൽ,

“ശാസ്ത്രജ്ഞരാം സകല ദ്വിജന്മാ
പ്രാജ്ഞന്മാരെക്കവിപൂർണ്ണന്മാ
ഉത്തമാം കൃഷ്ണസഭായാം,”

"പാലാഴി മാതുതാൻ പാലിച്ചുപോരുന്ന
കോലാധിനാഥരായവർകൾ
ആജ്ഞയെച്ചെയ്തുസാദാജ്ഞനായുള്ള ഞാൻ
പ്രാജ്ഞരെന്നിങ്ങനെ ചൊല്ലിപ്പോരം."

എന്നിങ്ങനെ കൃഷ്ണഗാഥയിൽ കാണുന്ന ഭാഗങ്ങളിൽ നിന്നു ഗാഥയുടെ കൎത്താവു കോലത്തിരിരാജാവായിരുന്ന ഉദയവൎമ്മയുടെ സഭ്യനാണെന്നു വ്യക്തമാകുന്നു. കൃഷ്ണഗാഥയുടെ കൎത്തൃത്വം ചമ്പൂകൎത്താവായ പുനംനമ്പൂരിയുടെ തോളിൽനിന്നു താഴെ ഇറക്കുവാൻ ഇതും മതിയായ ഒരു തെളിവത്രെ.

എന്നാൽ ഗാഥാകൎത്താവായ ഈ ചെറുശ്ശേരിയുടെ ജീവിതകാലമേതെന്നോ, നാമധേയമെന്തെന്നോ, ഇനിയും ഖണ്ഡിതമായി നിൎണ്ണയിച്ചുകഴിഞ്ഞിട്ടില്ല. ഏതൽ സംബന്ധമായി മി. ടി. ബാലകൃഷ്ണൻനായർ ബി. ഏ. ചിറയ്ക്കൽകോവിലകത്തുനിന്നു സമ്പാദിച്ച ചില രേഖകളെ അടിസ്ഥാനമാക്കി ഏതാനും വിവരങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതു് ഇവിടെ പ്രസ്താവയോഗ്യമായി തോന്നുന്നു. പ്രസ്തുതവിവരണങ്ങളുടെ സംഗ്രഹം ഇതാണു്:—

'കൊല്ലവൎഷം 621 മുതൽ 640 വരെ കോലത്തിരി രാജ്യം ഭരിച്ചിരുന്നതു് ഉദയവൎമ്മ എന്ന രാജപുംഗവനത്രെ. അദ്ദേഹത്തിന്റെ ആശ്രിതന്മാരായി പൊനത്തിൽ ശങ്കരൻനമ്പിടി (നമ്പൂരി) എന്നും, പൊനത്തിൽ കുഞ്ഞിനമ്പിടി എന്നും രണ്ടുപേർ ഉണ്ടായിരുന്നതായി "ചിറയ്ക്കൽ കോലോംപെട്ടോലച്ചാൎത്തി"ന്റെ പകൎപ്പിൽ

കാണുന്നു. 627- ൽ സാമൂതിരിയും കോലത്തിരിയും തമ്മിൽ ഒരു സന്ധി നടന്നു. 629-ൽ ശങ്കരൻനമ്പിടിക്കു കോലത്തിരി ചില സ്ഥാനമാനങ്ങൾ കല്പിച്ചുകൊടുക്കുകയും, കുഞ്ഞിനമ്പിടിയെ സാമൂതിരിക്കോവിലകത്തേയ്ക്കു കല്പിച്ചയയ്ക്കുകയും ചെയ്തിട്ടുള്ളതായി പ്രസ്തുതരേഖയിൽനിന്നു വ്യക്തമാകുന്നുണ്ട്. ഇങ്ങനെ സാമൂതിരിക്കോവിലകത്തെത്തിയ പൊനത്തിൽ നമ്പിടിയായിരിക്കാം, പക്ഷെ, ചമ്പുക്കളുടെ കർത്താവായ "അരകവി." കോലത്രപന്റെ ആജ്ഞയനുസരിച്ചുണ്ടാക്കിയ കൃഷ്ണപ്പാട്ടു പൊനത്തിൽ ശങ്കരൻനമ്പിടിയുടെ കൃതിയാണെന്ന്, കൃഷ്ണഗാഥയുടെ ചില താളിയോലഗ്രന്ഥങ്ങൾകൊണ്ടു പ്രത്യക്ഷപ്പെടുന്നു. അതിനാൽ ഗാഥയുടെ കർത്താവു പൊനത്തിൽ ശങ്കരൻനമ്പൂരിയും, അദ്ദേഹത്തിന്റെ ജീവിതകാലം 700-നു മുമ്പും ആണെന്നു നിർവ്വിവാദമായിപ്പറയാം.'

കൊല്ലവർഷം 650-നും 750-നും മദ്ധ്യേയായിരിക്കുന്നം ചെറുശ്ശേരി ജീവിച്ചിരുന്നതെന്ന് ഭാഷാചരിത്രകാരനും, നിരൂപകവര്യനായ പി. കെ. നാരായണപിള്ള അവർകളും അഭിപ്രായപ്പെട്ടിട്ടുണ്ട്. മി. നായരുടെ വിവരണങ്ങളും മിക്കവാറും അതിനോടു യോജിക്കുന്നു. ചേന്നാസ്സ്, ഉദ്ദണ്ഡൻ, പുനം മുതലായവർ സമകാലികന്മാരായിരുന്നുവെന്നാണല്ലോ ഐതിഹ്യം. ഈ സംഗതികൾ എല്ലാം ചേർത്ത് ആലോചിക്കുമ്പോൾ പൊനത്തിൽ അവകാശിയായിത്തീർന്ന കൃഷ്ണഗാഥാകർത്താവായ ചെറുശ്ശേരിനമ്പൂരിയുടെ ജീവിതകാലം, കൊല്ലം 7-ാംശതകമാണെന്നൂഹിക്കുന്നതിൽ അധികം അബദ്ധമില്ലെന്നു എനിക്കും തോന്നുന്നു.

കൃഷ്ണഗാഥ, ചെറുശ്ശേരിയുടെ കൃതിയാണെന്നുള്ള ഐതിഹ്യത്തേയും മി. നായർ പ്രസ്തുതലേഖനത്തിൽ വിമർശിച്ചിട്ടുണ്ട്. 'കാവിൽ പൊനത്തിൽ, എന്ന ഒരില്ലം ഇന്നും വടക്കൻകോട്ടയം താലൂക്കിലുണ്ടത്രെ. 150 വർഷങ്ങൾക്കു മുമ്പു കോലത്തുനാട്ടിൻെറ തലസ്ഥാനം വളപട്ടണം കോട്ടയായിരുന്നു. ഈ കോട്ടയ്ക്കുപുറമെ കോലത്തിരിക്ക് അന്നു "കോട്ടകൾ വേറെയുമുണ്ടായിരുന്നു. ഈ 12 കോട്ടകൾക്കു 12 ചേരിക്കല്ലുകളുടെ സ്ഥാനമാണുണ്ടായിരുന്നതു്. കല്യാശ്ശേരി, കീഴ്ചേരി, ചെറുച്ചേരി മുതലായവ ഇവയിൽ ഉൾപ്പെടുന്നു. കണ്ണൂർ മുതൽ വളപട്ടണം കോട്ടവരെയുള്ള ചേരിക്കല്ലിൻെറ പേരായിരുന്നു ചെറുശ്ശേരി അഥവാ ചെറശ്ശേരി എന്നതു്. കാഞ്ഞൂരഗ്രാമം ചെറുശ്ശേരി ചേരിക്കല്ലിലെ ഏകനമ്പൂതിരിഗ്രാമമായിരുന്നു. ചില ഗ്രഹങ്ങൾക്കു ദേശപ്പേരുതന്നെ ചിലപ്പോൾ കല്പിക്കാറുള്ള പതിവനുസരിച്ചു പ്രസ്തുതനമ്പൂരിയില്ലം ചെറുശ്ശേരിയില്ലമായിത്തീർന്നു. കാഞ്ഞൂരഗ്രാമത്തിൽ 12 ഇല്ലങ്ങളുണ്ടായിരുന്നതിൽ ഒന്നാണു മേല്പറഞ്ഞ കാവിൽ പൊനത്തിൽ ഇല്ലം. ചെറുശ്ശേരി ഇല്ലത്തിൽ ഒരുകാലത്തു് ഒരു നമ്പൂരി മാത്രമായി അവശേഷിക്കയും അദ്ദേഹത്തെ പ്രസ്തുതഗ്രാമത്തിലുള്ള പൊനത്തിലില്ലത്തിലേയ്ക്കു ദത്തെടുക്കുകയും ചെയ്തിട്ടുള്ളതായി പഴമക്കാർ പറയുന്നുണ്ടത്രെ." ഈ സംഗതി വാസ്തവമായി വിശ്വസിക്കാമെങ്കിൽ, ദത്തിന്നു മുമ്പു രചിച്ച കൃതിയായിരിക്കാം ചെറുശ്ശേരിഭാരതം. കൃഷ്ണപ്പാട്ട പൊനത്തിൽ അവകാശിയായിത്തീർന്നശേഷം നിർമ്മിച്ച കൃതിയുമായിരിക്കാം. അങ്ങനെ വരുമ്പോൾ ചെറുശ്ശേരിയുടെ കൃതിയാണു കൃഷ്ണപ്പാ

ട്ട് എന്നു പറയുന്നതിലും യുക്തിഭംഗമില്ലല്ലൊ.

> "ആജ്ഞയാ കോലഭൂപസ്യ പ്രാജ്ഞസ്യോദയവർമ്മണഃ
> കൃതായാം നശ്യതേ ഭാവഃ കലിർഭാരതഗാഥയാ"

എന്നു ഭാരതഗാഥയിൽ കാണുന്നതുകൊണ്ട്, അതിന്റെയും കർത്താവ് ഉദയവർമ്മയുടെ ആശ്രിതനായിരുന്നുവെന്നുള്ളതു സ്പഷ്ടമാകുന്നു. അതുമല്ല, 'പൊന്നത്തിൽ ശങ്കരൻനമ്പിടി രചിച്ച കൃഷ്ണപ്പാട്ട്', 'പൊന്നത്തിൽ ശങ്കരസൂരിണാ വിരചിതാ ശ്രീ ഭാരതഗാഥാ' എന്നിങ്ങനെ ലേഖനം ചെയ്യപ്പെട്ടിട്ടുള്ള കൃഷ്ണഗാഥയുടേയും ഭാരതഗാഥയുടേയും താളിയോലഗ്രന്ഥങ്ങൾ കണ്ടുകിട്ടിയിട്ടുണ്ടെന്നു മി. നായർ പ്രസ്താവിക്കുന്ന സ്ഥിതിക്ക്, ചെറുശ്ശേരിഭാരതം, പൊന്നത്തില്ലത്തിലേയ്ക്കു ദത്തെടുക്കപ്പെടുന്നതിനു മുമ്പും, കൃഷ്ണഗാഥ പൊന്നത്തിൽ ദത്തെടുക്കപ്പെട്ടതിനു ശേഷവും കോലഭൂപന്റെ ആജ്ഞയനുസരിച്ച് ശങ്കരൻ നമ്പിടി വിരചിച്ചതാണെന്നു തീരുമാനിക്കുന്നതിൽ യാതൊരസാംഗത്യവും ഉള്ളതായി തോന്നുന്നില്ല.

കൃഷ്ണഗാഥയുടെ കർത്താവു ചെറുശ്ശേരിയോ, പുനമോ, പൂന്താനമോ ഇനി വേറെ വല്ലവരുമൊ ആയിരുന്നുകൊള്ളട്ടെ. മദ്ധ്യഘട്ടത്തിൽ ഉദിച്ചുയൎന്നിട്ടുള്ള ഭാഷാസാഹിത്യത്തിലെ പാട്ടുശാഖയിൽ പ്രസ്തുതകൃതിയെ അതിശയിക്കത്തക്ക, എന്നല്ല, അതിനോടു സമീപിക്കത്തക്ക, മറെറാരു കൃതി ഉണ്ടായിട്ടില്ലെന്നു തീൎത്തുപറയാം. ഭാഗവതം ദശമസ്കന്ധത്തിന്റെ ഒരു സംക്ഷേപതൎജ്ജമയാണു കൃഷ്ണഗാഥ. "ക്ഷേത്രാണി സസ്യസമ്പദ്ഭിഃ കർഷകാണാം മുദം ദദുഃ" എന്നുള്ള മൂലത്തിന് "വർഷത്തെക്കണ്ടുള്ള

കൎമ്മികളാരെല്ലാം – ഹൎഷത്തെപ്പൂണ്ടു തുടങ്ങീതപ്പോൾ"
എന്നിങ്ങനെയുള്ള ഭാഗങ്ങൾ തൎജ്ജമയുടെ സാമാന്യരീതിയെ കാണിക്കുന്നു. ഗാഥ, ഭാഗവതത്തിന്റെ ഒരു തൎജ്ജമയാണെന്നുവരികിലും ഭാഗവതത്തിൽ കാണുന്ന അസ്വരസഭാഗങ്ങൾ ഹൃദയാവൎജ്ജകമായ ഒരു സ്വതന്ത്രരീതിയിൽ ഗാഥയിലേയ്ക്കു പകൎത്തുവാൻ കവി നല്ലപോലെ യത്നിച്ചിട്ടുണ്ട്.

സംസ്കൃതസാഹിത്യത്തിൽ സുപരിചിതനായിരുന്ന ഗാഥാകൎത്താവ്, പ്രസ്തുതസാഹിത്യകൃതികളിലെ അനേകം ആശയങ്ങൾ യഥാവസരം സ്വകാവ്യത്തിൽ പ്രതിഫലിപ്പിക്കുവാൻ ശ്രമിക്കാതിരുന്നിട്ടില്ല. വിക്രമോൎവ്വശീയം, കുമാരസംഭവം, രഘുവംശം, അനൎഘരാഘവം, ശ്രീകൃഷ്ണവിലാസം മുതലായ പ്രശസ്തകൃതികളിൽനിന്നെല്ലാം ഉചിതങ്ങളായ പല ആശയങ്ങളും കവി ഇതിൽ യഥാസ്ഥാനം എടുത്തു പ്രയോഗിച്ചിട്ടുള്ളതു കാണുവാൻ കഴിയും. ഗാഥയുടെ മാറ്റു വൎദ്ധിപ്പിക്കുവാൻ ഇതും ഒരു കാരണമാണ്. ഒരു ഉദാഹരണം മാത്രം ഇവിടെ പ്രസ്താവിക്കാം. ത്രികാലജ്ഞനായ നാരദൻ, സ്വപുത്രിയെ ശ്രീകൃഷ്ണൻ വേൾക്കുമെന്നുള്ള സുവാൎത്ത ഭീഷ്മകനെ ഗ്രഹിപ്പിക്കുന്നു. പിതൃസന്നിധിയിൽ നില്ക്കുന്ന ഭഗിനി പ്രസ്തുതവൃത്താന്തം കേട്ടു ലജ്ജാവനമ്രമുഖിയായിത്തീരുന്നു. ആ രംഗത്തെ,

"ഉത്സുകം തന്നിൽ വാൎച്ച ചമച്ചുള്ള
നഖങ്ങളെണ്ണിനാൾ മെല്ലെ മെല്ലെ"

എന്നിങ്ങനെയാണു ഗാഥാകൎത്താവു ചിത്രീകരിക്കുന്നതു്.

പ്രസ്തുതാശയമാകട്ടെ,

> ഏവം വാദിനി ദേവർഷൌ — പാർശ്വേ പിതുരധോമുഖീ
> ലീലാ കമലപത്രാണി — ഗണയാമാസ പാർവ്വതീ"

എന്നുള്ള കുമാരസംഭവത്തിലെ ശ്ലോകത്തെ അനുകരിച്ചു കവി പ്രയോഗിച്ചിട്ടുള്ളതാകുന്നു. അതുപോലെ തന്നെ ഇതിലെ ഋതുവർണ്ണനം ശ്രീകൃഷ്ണവിലാസം ഏഴാം സർഗ്ഗത്തിലെ ഋതുവർണ്ണനത്തെ മിക്കവാറും ആശ്രയിച്ചുള്ളതാണ്.

കൃഷ്ണഗാഥയുടെ സർവ്വപ്രധാനമായ പ്രശസ്തിക്കു കാരണം, അതിലെ ശബ്ദാർത്ഥചാതുരതയാണ്. സുലളിതപദങ്ങളെ സുമനോഹരമായ വിധത്തിൽ സംയോജിപ്പിച്ചു സഹൃദയശ്രവണങ്ങളെ സുഖിപ്പിക്കുന്നതിൽ ഈ കവികോകിലത്തിനുള്ള പാടവം, ഗാഥയുടെ ഏതുഭാഗത്തു നോക്കിയാലും സ്പഷ്ടമാകുന്നതാണ്. ചമ്പൂകാവ്യങ്ങൾ പാരായണം ചെയ്തിട്ടുള്ളവർക്ക് ഒരിക്കലും വിസ്മരിക്കുവാൻ കഴിയാത്ത വെണ്ണിലാവ്, വെന്നിക്കൊടി, നീണാൾ, മുറുവൽ, അഴകുപൊഴിയും, പുകൾമികും എന്നതുടങ്ങിയ ചില സുകുമാരപദങ്ങളെപ്പോലെതന്നെ പൂവലംഗം, പൂവൽമേനി, മാൺപു്, ചെമ്മെ, ചെഞ്ചെമ്മെ, നറുങ്ങ്, വാറ്, പരിചു്, കഞ്ചൻ, അമരം, ഞായം മുതലായ ഒട്ടനേകം ദ്രാവിഡപദങ്ങൾ ഗാഥ വായിക്കുന്നവരുടെ ഹൃദയത്തിൽനിന്നും വിട്ടുപോകുന്നതല്ല.

> "ഓമനപ്പൂവൽമെയ് മേനിയിൽക്കൊണ്ടപ്പോൾ
> കോൾമയിർ തിങ്ങുമെഴുന്നു മെയ്യിൽ"
>
> "കോമളച്ചുണ്ടു പിളുർന്നു നിന്നീടുന്നോരു
> ഓമനിച്ചീടുവാൻ തോന്നുമത്"

"മെല്ലെന്നെടുത്തു പുരാൻ തിണ്ണിടിനാൻ
പല്ലവം വെല്ലുമപ്പുറലംഗം"

എന്നും മററുമുള്ള ഭാഗങ്ങളും നോക്കുക. ഈ കൃതിയിലെ സാമഞ്ജസ്യമനോഹരമായുള്ള ശബ്ദഘടന ഒന്നുതന്നെ, ഈ മഹാകവിയുടെ വിജയവൈജയന്തിയെ നാട്ടെങ്ങും നാട്ടുന്നതിനു തികച്ചും പര്യാപ്തമായിരിക്കുന്നു. കൃഷ്ണഗാഥയുടെ ജീവൻതന്നെ മേല്പറഞ്ഞ രാമണീയകമാണെന്നു പറയാം.

പദസ്വാധീനശക്തി ഗാഥാകർത്താവിന് എത്രമാത്രമെന്നു പറയുവാൻ പ്രയാസം. "ശബ്ദങ്ങളെദ്ദാസരെയെന്നപോലെ ശരിക്കു കീഴ്‌നിർത്തി"യിരുന്ന ഈ കവിമൂർദ്ധന്യനു പ്രാസപ്രയോഗവിഷയത്തിൽ ലേശവും ക്ലേശം ഒരിടത്തും സംഭവിച്ചിട്ടില്ല.

"പൈതങ്ങളോടു പറഞ്ഞു നിന്നങ്ങനെ
പൈ തങ്ങളുമറിഞ്ഞീലല്ലോ."
"ചാരായി വന്നൊന്നുണ്ടായതെങ്കിലും
ചാരായിവന്നീല മേനി തന്നിൽ
ഊരായി വന്നു തുടങ്ങിനാനെങ്കിലും
ഊടായിവന്നീല കല്യനേരം."

എന്നിങ്ങനെ തനിമലയാളപദങ്ങളെക്കൊണ്ടു കവി കാണിച്ചിരിക്കുന്ന ചെപ്പടിവിദ്യ ആരെയും അത്ഭുതപരതന്ത്രരാക്കുന്നതാണ്. ഗാഥയിൽ അധികഭാഗവും ശുദ്ധദ്രാവിഡപദങ്ങളാണെന്നുള്ളതാണു ഭാഷയെ സംബന്ധിച്ചിടത്തോളം ആ കൃതിക്കുള്ള പ്രത്യേകമെച്ചം. ഗാഥയുടെ അവസാനഭാഗങ്ങളിൽ കവി ചെയ്യുന്ന ചില സ്തുതികൾ സംസ്കൃതബഹുലമാണെന്നുള്ള വസ്തുത ഇവിടെ വി

സ്മരിച്ചിട്ടില്ല. പക്ഷെ അവ മൊത്തത്തിൽ വളരെ തുച്ഛ
വും, അൎത്ഥഗ്രഹണത്തിന്ന യാതൊരുവക പ്രതിബന്ധമി
ല്ലാത്തവയുമാകുന്നു.

അൎത്ഥാലങ്കാരങ്ങളുടെ സാരസ്യവും സമൃദ്ധിയും ഗാ
ഥയിൽ ഉള്ളതുപോലെ മലയാളത്തിലെ മറെറാരു കാവ്യ
ത്തിലും ഇല്ലെന്നുതന്നെ പറയാം. ഉപമ, ഉൽപ്രേക്ഷ,
അതിശയോക്തി, വാസ്തവോക്തി മുതലായ അലങ്കാര
ങ്ങൾക്ക് ഇതിൽ ഒരു കയ്യുംകണക്കുമില്ല. കൃഷ്ണഗാഥയുടെ
രീതി ദീപ്രമാണെന്നു കേരളപാണിനി അഭിപ്രായപ്പെടു
വാൻ കാരണവും ഇതുതന്നെ. കാവ്യപാരായണാവസര
ത്തിൽ ഈ അലങ്കാരങ്ങളുടെ ഇടതിങ്ങൽകൊണ്ടു കാവ്യ
കന്റെ അപ്രതിഹതമായ പുരോഗതിക്ക് അല്പം മാന്ദ്യം
വന്നുകൂടുന്നുണ്ട്. ആലങ്കാരികതാപ്രമാണ വൎണ്ണനയുടെ ഈ
ഒഴുക്കമില്ലായ്മയ്ക്കു കാരണമെന്നു പറയേണ്ടതില്ലല്ലൊ.
എങ്കിലും ആവക വൎണ്ണനകളുടെയും അലങ്കാരപ്രയോഗ
ങ്ങളുടെയും വൈചിത്ര്യവും ചമൽക്കാരപൂൎണ്ണതയും അനുഭ
വൈകവേദ്യമെന്നേ പറയാവൂ. ഉണ്ണികൃഷ്ണന്റെ അവ
താരത്തെ വൎണ്ണിക്കുന്ന ഭാഗം നോക്കുക:—

> “കോമളയായൊരു ദേവകി തന്നുടെ
> വാൎകൂല തന്നിലലങ്കരിച്ചുള്ളൻ
> ശോകിയാതൊരു കല്പകവല്ലിമേൽ
> മേവിനിന്നീടുന്ന ദിവ്യഫലം
> ഉണ്മ തന്നിലങ്ങായതു കാണായി.”

ഇവിടെ കുമാരോദയം എത്രകണ്ട് ആസ്വാദ്യതമമായി
ട്ടാണു വൎണ്ണിച്ചിരിക്കുന്നതെന്നു ചിന്താകുശലന്മാരായ അ
ലങ്കാരരസികന്മാർതന്നെ വിധി കല്പിച്ചുകൊള്ളട്ടെ.

"കാർകുകിൽ മാലയാൽ പാതി മറഞ്ഞൊരു
വാർമതിയെപ്പുതൻ താഴന്നപോലെ
കുന്തളജാലം കൊണ്ടുമറിതമാകുതാൻ
ചന്തമെന്തരക്കാറുന്ന വൊരാസ്യമായ്"

എന്നുതുടങ്ങി ഈററില്ലത്തിൽ അർദ്ധരാത്രി അവതരിച്ച കംസാരിയായ ശിശുവിനെ ആപാദചൂഡം വർണ്ണിച്ചിട്ടുള്ളതിൽ പ്രയോഗിച്ചിരിക്കുന്ന അലങ്കാരവൈവിധ്യമോ, കംസൻ കീഴ്പ്പോട്ടു തല്ലുവാനോങ്ങിയ നേരത്തു മേല്പോട്ടുപോയി അംബരത്തിൽ ലംബിതയായി നിന്ന അംബികയുടെ നഖശിഖാഗ്രപര്യന്തമുള്ള വർണ്ണനകളിലെ മനോധർമ്മവിലാസമോ, ദേവകിയുടെ ഗർഭവർണ്ണനയിൽ പ്രയോഗിച്ചിരിക്കുന്ന അലങ്കാരങ്ങളുടെ സാരസ്യമോ, പൂതനാമോക്ഷത്തിലെ ചില ഭാഗങ്ങളിലെ അലങ്കാരങ്ങളുടെ അത്യന്തചാരുതയോ, ഗ്രന്ഥവിസ്തൃതിയെ ഭയന്നു് ഇവിടെ ഉദ്ധരിക്കുവാൻ ഉദ്യമിക്കുന്നതേയില്ല.

ശൃംഗാരരസത്തോടു കവിക്കുള്ള പക്ഷപാതിത്വം ഗാഥയുടെ ഏതുഭാഗം നോക്കിയാലും പ്രത്യക്ഷമാകുന്നതാണു്. ഹേമന്തലീലാവർണ്ണനം, രാസക്രീഡ മുതലായ ഭാഗങ്ങൾ പ്രസിദ്ധങ്ങളാണല്ലോ. ഇങ്ങനെ കവി ശൃംഗാരരസപക്ഷപാതിയാണെന്നുവരികിലും അവസരോചിതമായി ഇതരരസങ്ങളെയും പ്രകാശിപ്പിക്കുന്നതിൽ അദ്ദേഹം ശ്രദ്ധിക്കാതിരുന്നിട്ടില്ല. ഹേമന്തകാലവർണ്ണനയിൽ,

"ശീതമെത്തുന്ന ഹേമന്തകാലമാം
ഉന്മത്തിൻ കോമരമെന്നപോലെ
ഇതിക്കു തന്നിലേ മാമലാകമെല്ലാം
ചാലേ വിറച്ചു തുടങ്ങീതപ്പോൾ

> ദന്തങ്ങളെക്കൊണ്ടല്ലോ താളം പിടിച്ചിതു
> സന്ധ്യതൻ വാദിച്ചിതന്നേരം"

എന്നിങ്ങനെ ആ കാലത്തെ ശ്രുതബാധ എന്നപോലെ സങ്കല്പിച്ച്, ആ ബാധോപദ്രവംകൊണ്ടു മാലോകരെല്ലാം വിറച്ചുതുടങ്ങുന്നതും അന്നവർ ദന്തങ്ങളെക്കൊണ്ടു താളംപിടിക്കുന്നതും മറ്റുമായി വർണ്ണിച്ചിട്ടുള്ളതിന്റെ രസികത്വം അനിർവ്വചനീയമായിരിക്കുന്നു. കവിയുടെ പരിഹാസരസം ഇവിടെ എത്രകണ്ടു പ്രശാന്തമായി പരിലസിക്കുന്നുവെന്നു നോക്കുക. വരപ്രാപ്തിക്കുശേഷം വരദാതാവായ ശിവനെത്തന്നെ നശിപ്പിക്കുവാൻ ഒരുമ്പെടുന്ന വൃകാസുരനെ ഭയപ്പെട്ടോടുന്ന ശിവന്റെ ഓട്ടം, എത്രത്തോളം ഫലിതമായിട്ടുണ്ടെന്ന് ആ ഭാഗം വായിച്ചുതന്നെ അറിയേണ്ടതാണ്.

മനുഷ്യസ്വഭാവത്തെയും അതിന്റെ അവസ്ഥാന്തരങ്ങളെയും ഹൃദയംഗമമായി വർണ്ണിക്കുന്നതിലാണ കവിത്വം കളിയാടുന്നതെങ്കിൽ, ആ വിഷയത്തിലും ചെറുശ്ശേരി തികച്ചും വിജയശ്രീലാളിതനായിത്തീർന്നിട്ടുണ്ടെന്നു നിസ്സംശയം പ്രസ്താവിക്കാം. കൃഷ്ണലീലകളെ വർണ്ണിക്കുന്ന ഗാഥയിലെ ആദ്യഭാഗങ്ങൾ ഏറ്റവും ഹൃദയാവർജ്ജകങ്ങളെന്നേ പറയാവൂ.

> "ഒട്ടു പിടിച്ചു നിന്നൊട്ടു നടക്കയും
> പൊട്ടുന്ന വീഴ്കയും കേഴുകയും
> അമ്മമാർ ചെന്നങ്ങു പൊക്കിയെടുക്കയും
> എന്മകൻ വാഴ്കെന്നു ചൊല്ലുകയും
> മെയ്യിൽ കയറുകയും വീണല്ലാമമ്മമാർ
> പക്കിപ്പോയതെന്നങ്ങു ചൊല്ലുകയും"

മററും ചെയ്യുന്ന ഭാഗങ്ങൾ ശൈശവപ്രകൃതിയെ എത്ര മനോജ്ഞമായി ചിത്രീകരിക്കുന്നു! സ്വാഭാവികവൎണ്ണനകളെക്കൊണ്ടു സമ്പൂൎണ്ണമായിട്ടുള്ള വത്സസ്തേയം മുതലായ ഭാഗങ്ങൾ വായിക്കുന്ന ഏതൊരുവനാണു് ആനന്ദമകരന്ദപ്പുഴയിൽ ആറാടാത്തതു്? സുഭദ്രാഹരണം, രുഗ്മിണീസ്വയംവരം മുതലായ ഘട്ടങ്ങൾ കാവ്യരസം വഴിഞ്ഞൊഴുകുന്നവയാണെന്നു മാത്രം പറയുവാൻ ഇവിടെ നിവൃത്തിയുള്ളു. വൃന്ദാവനത്തിലെ ജീവജാലങ്ങളെ 'വിരോധിസത്വോജ്ഝിതപൂൎവ്വമത്സര'ങ്ങളാക്കിത്തീൎക്കുന്ന ലീലാഗോപാലന്റെ മുരളിയുടെ അന്യാദൃശമാധുൎയ്യം, കൃഷ്ണഗാഥയിൽനിന്നുതന്നെ ആസ്വദിക്കേണ്ടതാണു്. എന്തിനധികം, പ്രകൃതിയിലെ നിസൎഗ്ഗസുന്ദരങ്ങളായ വിവിധവസ്തുക്കളേയും മനുഷ്യസ്വഭാവത്തിന്റെ അവസ്ഥാന്തരങ്ങളേയും തന്മയത്വത്തോടുകൂടി വൎണ്ണിച്ചു സഹൃദയസമ്മോദം വൎദ്ധിപ്പിക്കുന്ന ഈ കൃതി, മലയാളസാഹിത്യത്തിലെ സമുന്നതമായ ഒരു കാവ്യപ്രകാശമാവും, ഇതിന്റെ കൎത്താവായ ചെറുശ്ശേരി, മലയാളകവികളിൽ അഗ്രപൂജയെ അൎഹിക്കുന്ന ഒരു മഹാകവിയും, ആണെന്നുമാത്രം ചുരുക്കിപ്പറഞ്ഞുകൊള്ളുന്നു. ചെറുശ്ശേരിഭാരതം എന്ന കൃതിയും ഈ കവിയാൽതന്നെ വിരചിതവും ഇണ വിഷയത്തിൽ കൃഷ്ണഗാഥയോടു സാമീപ്യമുള്ളതുമത്രെ. "ചെറുശ്ശേരിയുടെ എരിശ്ശേരിൽ കഷണമില്ലെ"ന്നു് ആക്ഷേപിക്കുന്ന രസികന്മാർ സാഹിത്യസദസ്സിലിരിക്കുമ്പോൾ അതു വേണ്ടതുപോലെ ഇളക്കിനോക്കിയാൽ മേൽപ്രകാരം ആസ്വാദ്യമായ പല ഭാഗങ്ങളും കാണാതിരിക്കുകയില്ല; നിശ്ചയം.

കൃഷ്ണഗാഥയ്ക്കുശേഷം ആ രീതിയിൽ പറയത്തക്ക കൃതികൾ ഒന്നും ഉണ്ടായിട്ടുള്ളതായി കാണുന്നില്ല. ഒരു വർഷങ്ങൾക്കുമുമ്പ് കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ തർജമചെയ്തു ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിയിരുന്ന ഭാഗവതം, ഈ ഇനത്തിൽ പിന്നീടുണ്ടായിട്ടുള്ള കൃതികളിൽ മുഖ്യമായി കരുതാവുന്നതാണ്.

മാർഗ്ഗംകളിപ്പാട്ട്.

കേരളീയക്രിസ്ത്യാനികളുടെ മതതത്വങ്ങളേയും സഭാചരിത്രങ്ങളേയും ആധാരമാക്കി പ്രാചീനകാലം മുതല്ക്കേ പല പാട്ടുകളും മലയാളത്തിൽ ഉത്ഭവിച്ചിരിക്കുവാനിടയുണ്ട്. എന്നാൽ അവ മിക്കവാറും ഇന്നു ലുപ്തപ്രചാരങ്ങളോ, നഷ്ടപ്രായങ്ങളോ ആയിത്തീർന്നിരിക്കയാണ്. ഒരുപക്ഷെ, ഇവയിൽ പലതും 1599-ൽ നടന്ന ഉദയമ്പേരൂർ സൂനഹദോസുകാലത്തു ഭസ്മീകൃതമായിപ്പോയതായി സങ്കല്പിക്കുവാനും അവകാശമില്ലാതില്ല. സാഹിത്യചക്രവർത്തിയായിരുന്ന കേരളവർമ്മവലിയകോയിത്തമ്പുരാൻ ജനിക്കുന്നതിനുപോലും വളരെ വർഷങ്ങൾക്കുമുമ്പു തന്നെ, മലയാളഗദ്യസാഹിത്യസരണിയെ വെട്ടിത്തുറക്കുകയും, അതിൽ പല ശാസ്ത്രഗ്രന്ഥങ്ങൾകൂടി നിർമ്മിക്കുകയും ചെയ്തിട്ടുള്ള ക്രിസ്ത്യാനികൾ, പദ്യസാഹിത്യത്തിലും അധികം അധഃസ്ഥിതരല്ലാത്ത ഒരു നിലയെ പ്രാപിച്ചിരിക്കുവാനാണ് ഇടയുള്ളതെന്നു നിഷ്പക്ഷന്മാർ സമ്മതിക്കുക തന്നെ ചെയ്യും. മാർഗ്ഗംകളിപ്പാട്ടുകൾ, 'പരിചമുട്ടുകളിപ്പാട്ടുകൾ' ദാവീദിന്റെ പാന, വാതിൽതുറപ്പാട്ട്, പള്ളിപ്പാട്ടുകൾ എന്നിങ്ങനെ വിഖ്യാതങ്ങളായിത്തീർന്നിട്ടുള്ള പല

കൃതികളും, ക്രൈസ്തവപദ്യസാഹിത്യത്തിന്റെ പൗരാണികത്വത്തെ പ്രസ്പഷ്ടമാക്കുന്ന നഷ്ടശിഷ്ടങ്ങളിൽ ചിലതുമാത്രമാണ്. ഇങ്ങനെയെല്ലാമിരുന്നിട്ടും 'ഭാഷാചരിത്ര'ത്തിൽ ഈ വക സംഗതികളെപ്പററി യാതൊന്നും പറയാത്തതു് എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല.

മേൽസൂചിപ്പിച്ച പദ്യകൃതികളിൽ മിക്കവയും കൃഷ്ണഗാഥയുടെ കാലത്തോ, അതിൽനിന്ന് അധികം അന്തരം ഇല്ലാത്ത പിൽക്കാലത്തോ ഉത്ഭവിച്ചതായിരിക്കുവാനാണ് ഇടയുള്ളതു്. ഭാഷയുടെ പഴക്കംകൊണ്ടു 'മാർഗ്ഗംകളിപ്പാട്ടി'ന് ഇവയിൽ ഏററവും പ്രാക്തനത്വം നൽകേണ്ടിയിരിക്കുന്നു. ഇതിലെ വിഷയം, ക്രിസ്തുവിന്റെ ശിഷ്യനായ മാർത്തോമ്മാ ഇൻഡ്യയിൽ വന്നതും, പല അത്ഭുതങ്ങൾ പ്രവർത്തിച്ചു ഹൈന്ദവരെ ക്രിസ്തുമാർഗ്ഗത്തിലേയ്ക്കു നയിക്കുന്നതും, മററുമായുള്ള പ്രേഷിതന്റെ ചരിത്രസംഗ്രഹമത്രെ. പാട്ടിന്റെ ആരംഭം മാർത്തോമ്മാവന്ദനമാണ്. ആ ഭാഗം താഴെ ചേർക്കുന്നു.

'മെയ്യണിന്ത പീലിയും മയിൽക്കുൾത്തൊങ്ങലും മേനിയും
പിടിത്തണ്ടുംകയ്യും മെയ്യും പൂണ്ടാണങ്ങം വാഴ്കവേ
വാഴ്ക വാഴ്ക നമ്മുടെ പരിഷയെല്ലാം ഭൂമിമേൽ
വഴിക്കുറയ് നടക്കവേണ്ടി വന്നവരോ നാമെല്ലാം
അഴിവുകാലം വന്നടുത്തു അലയുന്ന നിൻമക്കളെ
അഴിയായ് വല്ലും കാത്തരുളുവാൻ കഴിവു പെറുക മാർത്തോമ്മൻ.
മലമേൽനിന്ന വെള്ളനാവു ചമത്തിമാരി എന്നപോൽ
മെയ്മേലേറി നിന്ന നില കാണവേണം പന്തലിൽ
പട്ടുകൾ പണിപ്പൊരു പവിഴമുത്തുമാലയും
അലങ്കരിച്ച പന്തലിൽ വന്നുതിക്കവേണം മാർത്തോമ്മൻ
അലങ്കരിച്ച പന്തലിൽ വന്നെഴുന്നരുൾക മാർത്തോമ്മൻ
അലങ്കരിച്ച പന്തലിൽ വന്നനുഗ്രഹിക്കേണം മാർത്തോമ്മൻ.'

[ഈ ഭാഗത്തിന്, സാഹിത്യചരിത്രസംഗ്രഹത്തിൽ പഴയപാട്ടുകളുടെ മാതൃകയായി ഉദ്ധരിച്ചിട്ടുള്ള

"മുടിക്കണിന്ത തിങ്കളോ മുകത്തു കൊന്റു മുമ്പിനാൽ
മുകിന്തു കാർമണികളോ ചിലമ്പുതെല്ലാം തെല്ലവേ
നടക്കുമുള്ളൊരാനപോലിളക്കമുള്ള നമ്പി
നയനമൊന്നരന്റെയുള്ള നയനനാർ കൺപിള്ള
അരുണങ്ങളിലഴനാൽ മുതിർന്നുള്ള പാലിക
മടക്കൊടിയ പീടം വാടാ വിളങ്ക ചെയ്പു കണ്ണുടി"

എന്ന ഭാഗത്തോടു ഭാഷാസംബന്ധമായി അത്യന്തസാദൃശ്യം കാണുന്നുണ്ട്.]

ഇതിലെ തമിഴ്മയമായ ഭാഷാപ്രയോഗം ശ്രദ്ധേയമാണ്. എന്നാൽ അനന്തരഭാഗങ്ങളിൽ ഇത്രതന്നെ തമിഴ്പദങ്ങൾ കാണുന്നില്ല. പ്രേഷിതനായ തോമ്മാ സ്വർഗ്ഗത്തിൽ നിർമ്മിച്ചിട്ടുള്ള ഹർമ്മ്യത്തെ വർണ്ണിച്ചു ചോഴപ്പെരുമാളെ കേൾപ്പിക്കുന്ന ഒരു ഭാഗം നോക്കുക:—

"ചിത്രം വിചിത്രങ്ങളെത്ര മനോഹരം ആകാശിലൃശ്ശില്പ കാണ്മാൻ
ചിന്തതെളിയും പടിയുള്ള വാതിൽകൾ മുന്നൂറ്റിയറുപതും പതിച്ച്
അൻപരിലമ്പനിരിക്കുമാളികകൾ ഇരുപതു തട്ടുകളുണ്ട്
ശാന്തിയായിരിക്കുവതിലുള്ളതാളികൾ കാണുന്നിതുകൂടുന്നതാക്ക്
മുത്തുവഴിയായി മർത്ത്യരതിന്മേലാരാൻ അതുപോലിപ്പോ മാണിക്യം
അതിശ്രേഷ്ഠമുള്ളിയും നാലുമാളികമാതിൽ മാളികമേലതിന്മേൽ
അതിനൊരു മണ്ഡപമാളികമുമ്പിലുള്ളതാ നീയറി ചൊവ്വെ തിരുവല്ലം
ആധിത്തുടങ്ങിയൊരാശ്ചര്യത്തിലീപ്പുക്കാൻ ഇരുപ്പമാനതിൽ പാത്തുവൽ
സമിതിയിലെന്നാൽ ദീപികളില്ലതിൽ നൂറ്റിൽപരം വഴിയേറു
കോവിലകത്തിൽ പോകുവതിനായി രണ്ടുവഴികളും പത്ത്
ഗോപുരമായതിലേറുവതിനായ് എഴുണ്ടു കൊറവിച്ചെന്ന്
ഇത്തരം വാക്കുകൾ കേട്ടിട്ടു രാജനും ഉത്തരമായതു ചൊല്ലി"

(൭-ാം പാദം)

ഇങ്ങനെ പല ഭാഗങ്ങളിലും ആരംഭത്തിലെ തമിഴംശം തീരെ കുറഞ്ഞുകാണുന്നു. സാഹിത്യപരിണാമത്തിന്റെ ഒരു പ്രാരംഭദശയെക്കുറിക്കുന്ന ഈ കൃതിയിൽ സാഹിത്യഗുണത്തിനും വലിയ കുറവില്ലെന്ന് ഉദ്ധൃതഭാഗങ്ങൾ തെളിവുനൽകുന്നുണ്ടല്ലോ.

കേരളത്തിലെ സുറിയാനിക്രിസ്ത്യാനികളുടെ വിവാഹോത്സവങ്ങൾക്കു മാർഗ്ഗംകളി ഒരു കാലത്ത് ഒഴിച്ചുകൂടാത്ത ഒരു ചടങ്ങായിരുന്നു. സംഗീതസാഹിത്യങ്ങൾക്കു പുറമെ അഭിനയപരമായ ഒരു കഥാഭാഗംകൂടി മാർഗ്ഗംകളിയിൽ സമ്മേളിച്ചിട്ടുണ്ട്. ഈ കളിയുടെ ഉല്പത്തിക്കു കാരണമായ സംഗതി ഏതെന്ന് ഇനിയും വ്യക്തമായിക്കഴിഞ്ഞിട്ടില്ല. ഇതിനെ സംബന്ധിച്ചു ഡാക്ടർ പി. ജെ. തോമസ് അവർകൾ, "കേരളത്തിലെ ക്രിസ്തീയസാഹിത്യം" എന്ന കൃതിയിൽ പ്രസ്താവിച്ചിട്ടുള്ള ഭാഗം ശ്രദ്ധേയമായിരിക്കുന്നു:—

"പന്ത്രണ്ട് ആളുകൾ അരയും തലയും മുറുക്കി ശിരസ്സിൽ മയിൽപ്പീലിതിരുകി വിളക്കു ചുററിനിന്നുകൊണ്ടാണ് ഈ കളി നടത്താറുള്ളത്. നമ്പൂതിരിമാരുടെ യാത്രക്കളിയോട് ഏതാണ്ടൊരു സാമ്യം ഇതിനുണ്ടെന്നു കേട്ടിട്ടുണ്ട്. ഒരുപക്ഷേ അതനുകരിച്ചാണ് ഈ കളി ഉണ്ടായതെന്നും വരാം. യാത്രക്കളിതന്നെ ബൗദ്ധന്മാരുടെ ആക്രമണം തടയാൻവേണ്ടി ഉണ്ടാക്കപ്പെട്ടതാണെന്നാണ് കേരളോല്പത്തിയിൽ കാണുന്ന ഐതിഹ്യം. ഈ ആക്രമണം പള്ളിബാണപ്പെരുമാളുടെ കാലത്തുണ്ടായതാകയാൽ അന്നത്തെ ബൗദ്ധർ സാക്ഷാൽ ഗൗതമബുദ്ധ

ന്റെ അനുയായികളല്ലെന്നും പ്രത്യുത, ക്രിസ്ത്യാനികൾതന്നെയായിരുന്നുവെന്നും ഊഹിക്കേണ്ടിയിരിക്കുന്നു. എങ്കിലും യാത്രക്കളിയെ അനുകരിച്ചാണു നസ്രാണികൾ മാർഗ്ഗംകളി കെട്ടിയുണ്ടാക്കിയതെന്നു തീർത്തു പറയാൻ നിവൃത്തിയില്ല. അതിന്റെ ഉൽപത്തി വേറൊരുവിധത്തിലാണെന്നുംവരാം. തോമാശ്ലീഹായെ സംബന്ധിച്ച പ്രഖ്യാതമായ ഒരാട്ടക്കഥ ഉറഹാ (Edessa) മുതലായ ദേശങ്ങളിൽ മൂന്നാം നൂററാണ്ടുമുതൽക്കെ നടപ്പുണ്ടായിരുന്നു. 'തോമ്മായുടെ നടപടികൾ' (Acta Thomae) എന്ന പ്രസിദ്ധ സുറിയാനികൃതിയാണിതു്. ഈ കൃതി രംഗത്തിൽ അഭിനയിക്കുന്നതു് ഒരു പുണ്യകർമ്മമായും ആ നാട്ടുകാർ കരുതിവന്നു. ഈ സ്ഥിതിക്കു കാലാന്തരത്തിൽ അവിടെനിന്നു വന്ന വിദേശനസ്രാണികൾ കൊണ്ടുവന്നതാണു് മാർഗ്ഗംകളിയുടെ മാതൃകയെന്നുംവരാം. കൃതിയുടെ പഴക്കം ശരിയായി നിർണ്ണയിക്കാൻ തക്ക ലക്ഷ്യമൊന്നും ഇല്ലെങ്കിലും പോർത്തുഗീസ് സമ്പർക്കത്തിനുമുമ്പുള്ള നമ്മുടെ ഒരു പൂർവ്വസ്വത്താണിതെന്നു് അനുമാനിക്കുന്നതിൽ വലിയ അസംബന്ധമില്ല." പ്രസ്തുതകൃതിയുടെ കർത്താവു് ആരെന്നു് ഇതേവരെ നിർണ്ണയിക്കപ്പെട്ടിട്ടില്ല.

മാർഗ്ഗംകളിപ്പാട്ടിനുശേഷം ഉണ്ടായിട്ടുള്ളതും, മാർത്തോമ്മായുടെ ചരിത്രത്തെത്തന്നെ സംഗ്രഹിച്ചെഴുതിയിട്ടുള്ളതുമായ വേറൊരു കൃതിയാണു്, 'റമ്പാൻപാട്ടു്.' ഇതു മാളിയേക്കൽ തോമ എന്ന പേരായ ഒരു കേരളീയവൈദികന്റെ കൃതിയെ തോമ എന്നുതന്നെ പേരായ വേറൊരാൾ സംഗ്രഹിച്ചിട്ടുള്ളതാണത്രെ.

'ആയിരത്തറുനൂറ്റൊന്നാമാണ്ടിൽ ചെയ്തുള്ളൊരു ചരിതമതിൽ
പിരിവുകൾ മാറിയെടുത്തതുമിവിട മെളിയവരറിവാൻ പാടി— എന്നും,

'ഏഴായിരമെഴുനൂറ്റെഴുപത്താറാം കർക്കടകം മൂന്നാംദിവസം
ആരാധനയോടിതെല്ലാവരും അറിവാൻ ദൈവം കൃപചെയ്യൂ.'

എന്നും മററുമുള്ള ഭാഗങ്ങളിൽനിന്നു ക്രിസ്തുവർഷം 1601 ന്, കൊല്ലം 776 നിടയ്ക്കാണ് ഈ സംഗ്രഹം ഉണ്ടായിട്ടുള്ളതെന്നു വ്യക്തമാകുന്നുണ്ട്.

കല്യാണപ്പാട്ടുകൾ.

കേരളീയക്രിസ്ത്യാനികളുടെ കല്യാണപ്പാട്ടുകളിൽ പലതും വളരെ പഴക്കമുള്ളവയാണ്. പുരാതനരീതിയിലുള്ള കല്യാണത്തിന്റെ ചടങ്ങുകളെ അനുസ്മരിപ്പിക്കുന്നവയാണ് ഈ പാട്ടുകളെല്ലാം. പലതും വളരെ രസാവഹമായിരിക്കുന്നു. കല്യാണത്തിന്റെ നാലാംദിവസം രാത്രി, മണവാളന്റെ അമ്മായിയമ്മ മണവറയുടെ വാതൽ തുറക്കാൻ അപേക്ഷിച്ചുകൊണ്ടു പാടുന്ന പാട്ടാണത്രെ അടച്ചുതുറപ്പാട്ട്. അതിൽ ചില ഭാഗങ്ങൾ താഴെ ഉദ്ധരിക്കുന്നു:—

"മാരത്തും മണവറയിൽ മണവാളൻ കതകടച്ചു
ഏങ്കുംപൂകൾ പൊഴിയുന്ന ഏന്നിയ മണവാളാ
സന്തോഷൻ മറിതാതാം അന്നുമുതൽ മങ്കമാരും
താഴിയോടെ നീയടച്ച മണവറയുടെ വാതൽ ചുറ്റും
പൊന്നാം പൂമേടാത പൊന്നുന്തായൊലിയാന്ന വാതൽ മുട്ടി
മണിമേനിമാറിത്തൂങ്ങലാല മാവി വന്നു വാതൽ മുട്ടി
പൂമാതിരക്കുറ്റാലെ റാളുന്ന് വന്നു വാതൽ മുട്ടി
ഉലയാത്ത പൊന്നുതിവന്നതിയോടെ വാതൽ മുട്ടി

ഉറ്റോരു ചങ്ങാതിവന്നൊരുതിരയോടെ വാതുക്കൽ കൂടി
പെറ്റോരായർ മണിവിളക്കും പിടിച്ചുനിന്ന വാതുക്കൽ കൂടി
വട്ടകക്കിണ്ടിയും തരാം വട്ടമൊത്ത താലം തരാം
കട്ടിൽതരാം മെത്തതരാം കണ്ടിരിപ്പാൻ വിളക്കുതരാം ......

എൻമകനേ മണവാളാ! മണവാട്ടിയുടെ വാതിൽ തുറ
ഇത്രയും അനുഗ്രഹിച്ചെന്നെ നീയതെല്ലാമറിയാതെ
ചിത്തിരത്തിലൊത്തവണ്ണം ചിത്രപ്പണികളോടെയും
പുത്തിലയാലത്തിരിയായിരമായ് പൊഴുതുതാനിരിക്കിലയാം
മണവാളനുറക്കമതിൽ തോഴൻ വന്ന വാതിൽ തുറ
വാതിൽ തുറപ്പിൻ, പുറപ്പെടിൻ, നീരാടുവാൻ നേരമായി.”

ഇങ്ങനെ എണ്ണപ്പാട്ട്, കളിപ്പാട്ട് മുതലായി പലതും വളരെ രസകരമായവയാണ്.

കേരളത്തിലെ ക്രിസ്ത്യാനികളുടെ പഴയ പള്ളികൾ ഓരോന്നിനെ സംബന്ധിച്ചും പ്രത്യേകം പ്രത്യേകം പാട്ടുകൾ രചിച്ചിട്ടുണ്ട്. കടുത്തുരുത്തി, കോട്ടയം മുതലായ പള്ളികളുടെ പാട്ടുകളിൽ അന്നത്തെ രാജാക്കന്മാർ ക്രിസ്ത്യാനികൾക്കു ചെയ്തുകൊടുത്തിട്ടുള്ള ദാനകൃത്യങ്ങളെയും മറ്റും പറ്റി പ്രസ്താവിച്ചുകാണുന്നുണ്ട്. കടുത്തുരുത്തി വലിയപള്ളിയുടെ പാട്ടിൽനിന്ന് ഒരു ഭാഗം താഴെ ചേർക്കുന്നു:—

“മലപ്പുനാട്ടിലെഴുന്ന തുറാൻ
രായിനാൻ തമ്പുരാൻ ദിവ്യാകരയോട്
നാലെട്ടിക്കിടിയിങ്ങാണർക്കുടി
നന്മയാലൊത്തു പറഞ്ഞവാരെ
കാലത്തു പള്ളി കടുത്തുരുത്തിൽ
കന്നേലയ് വെച്ചതിന്നാശക്കുറി
നാരെട്ടുമൂന്നു വടകംക്കുറിൽ
നായകൻ മന്നനെ [illegible]

അടകൾ പൊൻപണം കാഴ്ചവെച്ചു
ന്യായമല്ലാതെ ഭൂമി കൊടുത്തവരോ
വാഴാതെ തച്ചർ പറയർക്കുഴി
അമ്പിനാൽ പള്ളിക്കു സ്ഥാനം കണ്ടവർ
ചേരലാത്ത തെക്കോ വടക്കൊതിരു
ചൊവ്വര കിഴക്കു പടിഞ്ഞാറന്ന
സ്ഥാനവും കണ്ടു തറയുമടിച്ചു
തച്ചർക്കുടനെ പണവും കൊടുത്തു”

അണ്ണാവിപ്പാട്ടുകൾ.

മേൽപറഞ്ഞ പാട്ടുകളുടെ കാലത്തോടടുത്തുതന്നെ ഉത്ഭവിച്ചിട്ടുള്ളവയും, കരപ്പുറംക്രിസ്ത്യാനികളുടെ ഇടയിൽ കൂടുതൽ പ്രചരിച്ചിരുന്നവയുമായ ചില പുരാതന പാട്ടുകളെപ്പററിയും ചില സംഗതികൾ നമുക്കിന്ന് അറിയുവാൻ സാധിച്ചിട്ടുണ്ട്. “അണ്ണാവിമാർ” എന്നു പറഞ്ഞുവരുന്ന നാട്ടാശാന്മാർ നിർമ്മിച്ചു പുരാതനകാലങ്ങളിൽ അവരുടെ ശിഷ്യപരമ്പരയെ അഭ്യസിപ്പിച്ചുപോന്നിരുന്നവയാണു പ്രസ്തുതഗാനങ്ങൾ. അതിനാൽ ഇവയെ “അണ്ണാവിപ്പാട്ടുകൾ” എന്നു പറയുന്നതിൽ വലിയ യുക്തിഭംഗമില്ലെന്നു തോന്നുന്നു. ഈ പാട്ടുകളിൽ ചിലതു പരിശകളിക്കാർ പാടി അഭിനയിച്ചും വരാറുണ്ട്. തന്നിമിത്തം “പരിശകളിപ്പാട്ടുകൾ” എന്ന സംജ്ഞയും ഇവയ്ക്കു യോജിക്കായ്കയില്ല. പ്രസ്തുതപാട്ടുകളിൽ ക്രിസ്തുവിൻെറ പീഡാനുഭവത്തെ വർണ്ണിക്കുന്ന കൃതിയിലെ ഒരു ഭാഗം താഴെ ഉദ്ധരിക്കുന്നു:-

മരത്താൽ വന്ന പിഴമരത്താലകറ്റുവാൻ
മരത്തിലേറി വാനംപൂകിയൊരേശുനാഥേ!

നിനവിൽപ്പോലും നന്മചെയ്തിട്ടില്ല വിനകൾക്കൊള്ള
നിനയ്ക്കുമ്പിരാതെ നീ തുണയ്ക്കു കർത്തിയേ!

ഈ കൃതിക്കു മാർഗ്ഗംകളിപ്പാട്ടിന്റെ കാലത്തോടടുത്ത പ്രാചീനത്വം തോന്നുന്നുണ്ട്. ഭാഷയും രചനയും ഏററവും അഭിനന്ദനീയമായിരിക്കുന്നു. അയ്യാവിപ്പാട്ടുകളിൽ അഥവാ പരിശകളിപ്പാട്ടുകളിൽ "വീരാപതി" എന്ന കൃതി വളരെ പ്രാധാന്യത്തെ അർഹിക്കുന്നുണ്ട്. പേരു കൊണ്ടുതന്നെ അതു് ഒരു വീരചരിതമാണെന്നു വ്യക്തമാകുന്നുണ്ടല്ലോ.

പെരുമ്പടപ്പുമഹാരാജാവിന്റെ പടത്തലവന്മാരിൽ അഗ്രഗണ്യനായിരുന്ന മഹോദയപുരത്തു കളത്തുങ്കൽ വക്കിയുടെ ഭാര്യയത്രെ ഇതിലെ നായിക. സൗന്ദര്യത്തിലും സൗശീല്യത്തിലും ഒന്നുപോലെ പ്രഖ്യാതയായിരുന്ന ഈ വീരവനിത പൂർണ്ണഗർഭിണിയായിത്തീർന്നിരുന്ന കാലത്തു കോഴിക്കോട്ടും പെരുമ്പടപ്പും തമ്മിൽ ഒരു ഘോരസമരം ആരംഭിച്ചു. ഈ സമരത്തിൽ സാമൂതിരിയുമായി പോരാടുവാൻ രാജകല്പനയനുസരിച്ചു വക്കി പുറപ്പെട്ടു. യുദ്ധം മൂന്നുനാലുമാസം നീണ്ടുനിന്നു; ഒടുവിൽ സാമൂതിരി നിശ്ശേഷം പരാജിതനായി. പരാജയത്തിനുള്ള കാരണങ്ങളെ പ്രാശ്നികന്മാരെക്കൊണ്ടു ഗണിപ്പിച്ചുനോക്കിയതിൽ, വക്കിക്കു് അനുകൂലപതി സ്വാധീനമായിരിക്കുന്നകാലംവരെ, അവനെ തോല്പിക്കുവാൻ വിഷമമാണെന്നു ദൈവജ്ഞന്മാർ വിധികല്പിച്ചു. അതിനാൽ ആ വധൂരത്നത്തെ അപഹരിക്കുവാൻ സമർത്ഥന്മാരായ ഏതാനും മഹമ്മദീയഭടന്മാർ സാമൂതിരിയുടെ കല്പനയനുസരിച്ചു പുറപ്പെട്ടു. അവർ രാത്രിയിൽ വക്കിയുടെ ഗൃഹത്തി

ലെത്തി. തങ്ങൾ വക്കിയുടെ സ്നേഹിതന്മാരാണെന്നും മ
റും പറഞ്ഞു് ആ സാധ്വിയെ വിശ്വസിപ്പിച്ചു് അവി
ടെ കടന്നുകൂടി. ഒടുവിൽ അവളെ ബലാൽക്കാരമായി
പിടിച്ചുകൊണ്ടുപോകുവാനാണു് അവർ ഉദ്യമിച്ചതു്. എ
ന്നാൽ സമൎത്ഥയും വീരയുമായ അവൾ അവരുടെ കയ്യില
കപ്പെടാതെ അകത്തു കടന്നു വാതിലടച്ചു്, മാനഭംഗം നേ
രിടാതെ രക്ഷപ്പെട്ടു. ഇതിനിടയിൽ മൂന്നുമാസംമാത്രം
പ്രായമായിരുന്ന അവളുടെ ശിശു ആ കാപാലന്മാരുടെ ക
യ്യിൽ അകപ്പെടുകയും, ആ അശുദ്ധഹൃദയന്മാർ ആ ഇളം
പൈതലിനെ ഞെക്കിക്കൊല്ലുകയും ചെയ്തു. വിജയശ്രീലാ
ളിതനായ വക്കി പ്രഭാതത്തിൽ സ്വഗൃഹത്തിൽ എത്തി
യപ്പോൾ കണ്ടകാഴ്ച എത്ര മൎമ്മഭേദകമായിരുന്നുവെന്നു
വിവരിക്കേണ്ടതില്ലല്ലോ. എന്നാൽ ആ വീരാഗ്രണി ഒട്ടും
സങ്കോചമെന്യെ ഞെക്കിക്കൊന്ന ശിശുവിന്റെ പ്രേത
ത്തെ ആ നിഷ്ഠുരന്മാരെക്കൊണ്ടുതന്നെ തീററിക്കുകയും,
അവസാനത്തിൽ അവരെ വധിക്കുകയും ചെയ്തു. ഈ സം
ഭവങ്ങൾ എല്ലാം അറിഞ്ഞ പെരുമ്പടപ്പുമൂപ്പിന്നു വക്കി
ക്കു പല സ്ഥാനമാനങ്ങളും, വക്കിയുടെ വീരപത്നിക്കു വീ
രശൃംഖലയും കല്പിച്ചു സമ്മാനിച്ചു. ഇതാണു് വീരപത്നി
യിലെ കഥയുടെ ചുരുക്കം. വീരപത്നിയിലെ വൎണ്ണ
നകൾ എല്ലാം വളരെ ഹൃദ്യമായിട്ടുണ്ടു്. വക്കി പൂൎണ്ണഗ
ൎഭിണിയായ പ്രിയതമയെ വിട്ടു യുദ്ധത്തിനു പുറപ്പെട്ട
പ്പോൾ പാടുന്ന ഒരു ഭാഗം നോക്കുക:—

കാന്തനേ! കാരുണ്യരൂപനേ! നീ കനി-
ഞ്ഞീടേണമെങ്കലിന്നായവണ്ണം
നാടിനെ, വീടിനെ, പെൺകൊടിയെ വിട്ടു
[illegible] ഞാൻ [illegible]— കാന്തനേ—

ജീവനെ നിങ്കൽ ഞാൻ കാണുമാറായ്വൂ
വാത്സല്യം വദ്ധ്യമിന്നിതാ കയ്യിലേന്തി
പൊൽക്കമം നോക്കി നടന്നിരുമ്പോൾ
തിരിച്ചൊററ നോട്ടത്തിനിടയുമില്ല— കത്തനാ—
ജീവന്റെ ജീവനെൻ പെൺവയററിൽ
അയ്യൊ ജീവിക്കുന്നൊമ്പിക്കേ! കാത്തുകൊൾക!......

എത്ര രോമാഞ്ചപ്രദമായ ഒരു ഗാനം! കുഞ്ഞിനെ ഞെ-
ക്കിക്കൊല്ലുമ്പോൾ ആ സാധ്വി വിലപിക്കുന്ന ഭാഗം ക-
ണ്ണീരോടുകൂടിയല്ലാതെ ഒരാൾക്കും വായിക്കുവാൻ സാധി-
ക്കുന്നതല്ല. ഗൃഹനായകൻ അകമ്പടിക്കാരൊന്നിച്ചു വി-
ജയധ്വനി മുഴക്കി പ്രഭാതത്തിൽ സ്വഗൃഹത്തിലേയ്ക്കു
വന്നുചേരുന്ന ഒരു ഭാഗംകൂടി ഇവിടെ ഉദ്ധരിക്കാം:—

എണ്ടിശയും പുകഴുന്ന നമ്മുടെ—മന്നവൻ പാദം ശുശ്രൂഷയിൻ ലോകരേ,
മാനവിക്രമൻ തന്നുടെ—വിക്രമം—മാടമ്പിമാരോടൊത്തതമാ ലോകരേ!
കോട്ടവീടുകളൊക്കെയടിച്ചുട—ച്ചാനക വാൾപടവീട്ടുപോലാക്കി ഞാൻ
വീട്ടുചേരുന്നൊരെൻ പെൺമണിക്കുള്ളോരാ—ഗാത്രത്തീക്കുവാൻ ഞാനിതാ
[പോകുന്നു.....

ഇവിടെ നായകന്റെ രാജഭക്തി, വീരത്വം, കൃതജ്ഞത
എന്നിവയെല്ലാം എത്ര സ്പഷ്ടമായി പ്രകാശിപ്പിച്ചിരിക്കു-
ന്നുവെന്നു നോക്കുക.

പൗരസ്ത്യസഭയുടെ അതിവന്ദ്യനേതാവായി റോ-
മാസിംഹാസനത്തിൽനിന്നും അയക്കപ്പെട്ട വരാപ്പുഴ
മെത്രാപ്പോലീത്തായുടെ ആഗമനത്തിൽ കൊടുങ്ങല്ലൂരെ
ള്ളമല കരപ്പുറത്തുകാരുടെ എതിരേല്പിനെ സൂചിപ്പിക്കു-
ന്ന ഒരു വഞ്ചിപ്പാട്ടാണ് ഇതിനടിയിൽ ചേർക്കുന്നത്:—

റോമാപ്പുരി വാണരുളും ക്രിസ്തുവിന്റെ കാര്യക്കാരൻ
മാർത്തോമ്മാൻ കൂട്ടുകാരൻ പരമാസൂനമാ

മരുമകൻ പള്ളമേറു പാപ്പായെന്നീ തിരുനാമം
ഉരുക്കണ്ടവർക്കൊക്കെയുള്ളൊന്നാക തലവൻ
മലങ്കര വാഴുകകൊണ്ടു ചെമ്മെനാൻ മുടിവെച്ചുകൊണ്ടു
മലയാളികൾക്കിതിലെഴുന്നള്ളി
കൊടുങ്ങല്ലൂർ വാണോരുള്ളം തിരുമുഖം കാണ്മാനായ്
വടിവിലെഴുന്നള്ളത്തു കർപ്പൂരത്ത
ആവതിൽപ്പരം പുകഴ്മമ്പർപ്പൂരത്താനം വഞ്ചി
ചെമ്പന്തത്തിലുള്ളെത്താത്ത വെൺകൊറ്റക്കുട
പൊന്നാക്കട കൊടി വടി പൊന്നാക്കൂം മിന്നം പൊളും
ആനാഥമ്പലൊത്തുകൂട്ടിയിറക്കി ഊടി
ആളുകൂടി വലിച്ചോടി ഓടിയോടിക്കരപറ്റി
മാളികമേൽത്തിരുമുറ്റം നിറഞ്ഞു ലോകർ.

അതിമനോഹരവും ആത്മാർത്ഥ്യപ്രതീതി ജനിപ്പിക്കുന്നതുമായ ഒരു വർണ്ണനയാണിതെന്ന് ആരെയും പറഞ്ഞറിയിക്കേണ്ടതില്ലല്ലോ. രാമപുരത്തുവാര്യരുടെ കുചേലവൃത്തം വഞ്ചിപ്പാട്ടിനു മുമ്പു രചിച്ചിട്ടുള്ള ഒരു കൃതിയാണിതെന്നുകൂടി വായനക്കാർ അനുസ്മരിക്കേണ്ടതുണ്ട്. കാവ്യരചനയിൽ കവിക്കു ലേശവും ക്ലേശം സംഭവിക്കുന്നില്ല. കരപ്പുറം ക്രിസ്ത്യാനികളുടെ ഇടയിൽ പ്രചരിച്ചുകൊണ്ടിരുന്ന വേറെയും നല്ല ഗാനങ്ങൾ ഉള്ളതായി അറിയുന്നുണ്ട്.

കേരളീയക്രിസ്ത്യാനികളുടെ സാഹിതീസമുച്ചയങ്ങളെ തെളിയിക്കുന്ന പുരാതനപദ്യകൃതികൾ ഇന്നു വളരെ വിരളമായിട്ടേ അവശേഷിച്ചിട്ടുള്ളൂ. കൃഷ്ണഗാഥാദികൃതികൾപോലെതന്നെ ക്രിസ്ത്യാനികൾക്കും ഓരോതരം പാട്ടുകൾ ഉണ്ടായിരുന്നുവെന്ന് ഇതേവരെ പ്രത്യക്ഷമായിട്ടുള്ള കൃതികളിൽനിന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. അവ ഓരോന്നും കേരളസംസ്കാരത്തിന്റെ ഓരോ

ഭാഷാപരിണാമങ്ങളെ കുറിക്കുന്നവയുമായിരിക്കാൻ ഇടയുണ്ട്. മാൎഗ്ഗംകളിപ്പാട്ട്, വീരപാതി തുടങ്ങിയവയെപ്പോലെയുള്ള പ്രാചീനകൃതികൾ പലതും ചിതലിന്റെ മുതലായും, ഇരുട്ടുമുറികളിലെ മൂലകളിൽ പാഴ്മണ്ണുപിടിച്ച് അദൃശ്യരൂപമായും ഇന്നും സ്ഥിതിചെയ്യുന്നുണ്ടായിരിക്കണം. ഭാഷാദേവിയുടെ നൈസൎഗ്ഗികലാവണ്യത്തെ ഹൃദയംഗമമായ വിധത്തിൽ പ്രസ്ഫുടമാക്കിക്കാണിക്കുന്ന ഏതാദൃശഗാനങ്ങൾ ഏതൊരു ഭാഷയ്ക്കും, എന്നും അഭിമാനഹേതുകംതന്നെ.



അദ്ധ്യായം 5

തുഞ്ചത്തെഴുത്തച്ഛൻ

മലയാളഭാഷയുടെ പിതാവായി സമസ്തകേരളീയരാലും സമാരാധിക്കപ്പെട്ടുവരുന്ന ഒരു മഹാകവിയാണു തുഞ്ചത്തുരാമാനുജനെഴുത്തച്ഛൻ. ഈ മഹാകവിയുടെ ജീവിതകാലത്തേയും കൃതികളേയുംകുറിച്ചുള്ള അഭിപ്രായഭേദങ്ങൾ ഇനിയും അവസാനിക്കാറായിട്ടുണ്ടെന്നു തോന്നുന്നില്ല. എന്നുവേണ്ട, വാസ്തവമായ നാമധേയംപോലും ഇന്നും അജ്ഞാതമത്രെ. 'രാമാനുജൻ' എന്ന് ഇപ്പോൾ നാം സാധാരണ പറഞ്ഞുവരുന്ന അഭിധാനം 'വിദ്യാവിലാസിനി' എന്ന മാസികയുടെ ആവശ്യത്തെ പുരസ്കരിച്ചു കേരളവർമ്മപ്രഭൃതികൾ നിർമ്മിച്ചിട്ടുള്ളതായിട്ടാണ് അറിയുന്നത്. അതിനുശേഷമായിരിക്കണം ഭാഷാചരിത്രകാരൻ മുതൽപേർ എഴുത്തച്ഛന്റെ സാക്ഷാൽ നാമധേയമായി ഇതിനെ സങ്കല്പിച്ചുപോന്നിട്ടുള്ളത്.

> 'അഗ്രജൻ മമ സതാം വിദുഷാമഗ്രേസരൻ
> സദ്ഗുരുനാഥനനേകാന്തേവാസികളോടും
> ഉൾക്കാമ്പതിങ്കൽ വാഴ്ക രാമനാമാചാര്യനും
> മുഖ്യന്മാരായ ഗുരുഭൂതന്മാർ മറ്റുള്ളോരും'

എന്ന് അദ്ധ്യാത്മരാമായണം കിളിപ്പാട്ടിന്റെ പ്രാരംഭത്തിൽ കാണുന്ന ഭാഗം, വലിയകോയിത്തമ്പുരാൻ മുതൽപേർക്ക് നാമനിർമ്മാണവിഷയത്തിൽ പ്രധാനോപകരണമായി ഭവിച്ചിരിക്കാം.

'രാമാനുജാഖ്യനാകും രാമശിഷ്യനാലിദം
സോമനാം കണ്ഡപുരാധീശൻ തന്നനുഗ്രഹാൽ'

എന്നു ബ്രഹ്മാണ്ഡപുരാണത്തിൽ കാണുന്ന ഭാഗത്തെ അടിസ്ഥാനമാക്കി, ശിഷ്യനായ കരുണാകരൻ എഴുത്തച്ഛൻ 'രാമശിഷ്യൻ' എന്നു പ്രയോഗിച്ചിരിക്കയാൽ, എഴുത്തച്ഛന്റെ പേർ 'രാമൻ' എന്നായിരിക്കണമെന്നു ആർ. നാരായണപ്പണിക്കർ അവർകൾ ഊഹിക്കുന്നു.

'വന്ദേഹം ഗുരുസമ്പ്രദായമനിശം തുഞ്ചത്തെഴും ശ്രീഗുരും
വന്ദേ ശ്രീകരുണാകരാഖ്യ പരമം ശ്രീസൂര്യനാരായണം
വന്ദേ ദേവഗുരും പരാപരഗുരും ഗോപാലശ്രീമദ്ഗുരും
വന്ദേ നിത്യമനന്തപൂർണ്ണമമലം വന്ദേ സമസ്താൻ ഗുരൂൻ'

എന്നുള്ള പദ്യം ഗുരുപരമ്പരയെ പ്രാരംഭംമുതൽ അനുസ്മരിക്കുന്നതാണെങ്കിൽ 'തുഞ്ചത്തെഴും ശ്രീഗുരും' എന്നുള്ളത് അദ്ധ്യാത്മരാമായണത്തിൽ പ്രതിപാദിച്ചിട്ടുള്ള 'രാമനാമാചാര്യർ' തന്നെയായിരിക്കാമെന്നും, സാക്ഷാൽ എഴുത്തച്ഛന്റെ പേർ കരുണാകരൻ എന്നുതന്നെയായിരിക്കാമെന്നും പി. കെ. നാരായണപിള്ള അവർകൾ അഭിപ്രായപ്പെടുന്നു. ഇതുപോലെ ഭിന്നങ്ങളായ അഭിപ്രായങ്ങൾ ഇനിയും കണ്ടേയ്ക്കാം. ഏതായാലും ഈ കേരളീയമഹാകവിയുടെ യഥാർത്ഥനാമധേയം അദ്യാപി അജ്ഞാതമെന്നുതന്നെ പറയേണ്ടിയിരിക്കുന്നു.

'കവീന്ദ്രനാരായണപാദ—രാജ്യം സമാരാധിതനെഴുത്തച്ഛൻ'

ആ നാട്ടെഴുത്തച്ഛന്റെ ജന്മഭൂവ്, പൊന്നാനിത്താലൂക്കിൽ വെട്ടത്തുനാട്ടു ദേശത്ത് തൃക്കണ്ടിയൂർ ശിവക്ഷേത്രത്തിനു പടിഞ്ഞാറു മാറി, തിരൂർ റെയിൽവേ സ്റ്റേഷന്

അല്പം തെക്കുഭാഗത്തുള്ള തുഞ്ചൻപറമ്പാണെന്നുള്ള സം
ഗതിയിൽ അധികം പക്ഷാന്തരം കാണുന്നില്ല.

ഈ മഹാകവിയുടെ ജീവിതകാലം എന്നായിരുന്നു
വെന്ന് ഇനിയും നിർവിവാദം തീരുമാനിക്കാൻ കഴിയാ
തെയാണിരിക്കുന്നതു്. ഡാക്ടർ ഗുണ്ടർട്ട് മുതലായ പാ
ശ്ചാത്യപണ്ഡിതന്മാർ ക്രിസ്ത്വബ്ദം 17-ാംശതകത്തിൽ
(കൊല്ലം 776-875 വരെ) ആയിരിക്കണമെന്നൂഹിക്കു
ന്നു. കൊല്ലം 600-ാമാണ്ടിടയ്ക്കെന്നു 'കേരളകൗമുദീ'ക
ർത്താവായ കോവുണ്ണിനെടുങ്ങാടി പ്രസ്താവിക്കുന്നു. 750
നും, 825 നും മദ്ധ്യേയായിരിക്കണമെന്നാണ് ശ്രീമാൻ
ആർ. നാരായണപ്പണിക്കർ അഭിപ്രായപ്പെടുന്നതു്. പി.
കെ. യാകട്ടെ, കൊല്ലം 729-ാമാണ്ടു സമീപിച്ചായിരി
ക്കാമെന്ന് ഊഹിക്കുന്നു. കൊല്ലവർഷം 700 നും 800 നും
മദ്ധ്യേയായിരിക്കണമെന്നുള്ളതാണു ഭാഷാചരിത്രകർത്താ
വായ ഗോവിന്ദപ്പിള്ളയുടെ അഭിപ്രായം. മേല്പത്തൂർ ഭട്ട
തിരിപ്പാടും എഴുത്തച്ഛനും സമാനകാലീനന്മാരായിരുന്നു
വെന്നും, ഭട്ടതിരിയാണ് എഴുത്തച്ഛനെ അമ്പലപ്പുഴരാ
ജാവുമായി പരിചയപ്പെടുത്തിയതെന്നും ഉള്ള ഐതി
ഹ്യം പ്രസിദ്ധമാണല്ലൊ. ഭട്ടതിരിപ്പാടു നാരായണീയം
എഴുതിത്തീർന്നതു്, 'ആയുരാരോഗ്യസൗഖ്യം' എന്ന ക
ലിദിനസംഖ്യയാൽ അറിയപ്പെടുന്ന കൊല്ലം 762 വൃശ്ചി
കം 28-ാംതീയതിയാണെന്നുള്ളതു സ്പഷ്ടവുമത്രെ. 'പവി
ത്രകരമ്യുള്ളഃ' എന്ന കലിദിനസംഖ്യകൊണ്ടു കിട്ടുന്ന കൊ
ല്ലവർഷം 787 ചിങ്ങത്തിലാണ് അദ്ധ്യാത്മരാമായണം
മൂലം അമ്പലപ്പുഴരാജാവിന്റെ കൈയിൽ കിട്ടിയതെ
ന്നും, അതു് ആ രാജാവിന്റെ കല്പനപ്രകാരം എഴുത്ത

ച്ഛൻ ആര്യലിപിയിൽ പകർത്തിയെന്നും, അതോടുകൂടി കിളിപ്പാട്ട നിർമ്മിച്ചുവെന്നും മററുമാണല്ലൊ വിശ്വസിച്ചുവരുന്നതു്. പ്രസ്തുത സംഗതികളെ അധികം അവിശ്വസിക്കേണ്ട ആവശ്യം ഇല്ലാത്തതിനാൽ 8-ാം ശതവർഷത്തിലാണു് എഴുത്തച്ഛൻ ജീവിച്ചിരുന്നതെന്നുള്ള ഭാഷാചരിത്രകർത്താവിൻെറ അഭിപ്രായംതന്നെ കൂടുതൽ ആദരണീയമായി കരുതാമെന്നു തോന്നുന്നു.

എഴുത്തച്ഛൻെറ കൃതികളെപ്പററി പറയുമ്പോഴാണു് സർവ്വോപരിയായ വൈഷമ്യം വന്നുകൂടുന്നതു്. ഭാഷാചരിത്രകാരൻ എഴുത്തച്ഛൻെറ വകയായി, ശിവപുരാണം, ദേവീമാഹാത്മ്യം, അദ്ധ്യാത്മരാമായണം, ഇരുപത്തിനാലുവൃത്തം, ഭാഗവതം, ഹരിനാമകീർത്തനം, ചിന്താരത്നം, കേരളനാടകം, ശതമുഖരാമായണം, പാതാളരാമായണം, ഭാരതം എന്നിതുകളും കൃതികളെ സങ്കല്പിക്കുന്നു. എന്നാൽ ഇവയിൽ പലതും എഴുത്തച്ഛൻേറതല്ലെന്നാണു് അധുനാതനന്മാരുടെ അഭിപ്രായം.

ശിവപുരാണത്തിനു നമ്പ്യാരുടെ തുള്ളലുകളുമായി അവിതർക്കിതമായ സാദൃശ്യം ഉള്ളതുകൊണ്ടും, 'മനക്കോട്ടുവാഴും മഹാമാനശാലി'യായ ബാലരാമനെ പ്രസ്തുതകൃതിയിൽ സ്തുതിച്ചിട്ടുള്ളതുകൊണ്ടും, അതു് എഴുത്തച്ഛൻേറതല്ലെന്നു സകാരണം ചിലർ വിധികല്പിച്ചിട്ടുള്ളതാണു്.

ഇരുപത്തിനാലുവൃത്തം എഴുത്തച്ഛൻെറ കൃതിയാണെന്നാണു് പരക്കെയുള്ള വിശ്വാസം. എന്നാൽ അതിനും ഇടയിടെ ഇളക്കംതട്ടിയിരിക്കുന്നു. പ്രസ്തുതകൃതിയിൽ പുനംനമ്പൂരിയുടെ രാമായണചമ്പുവിൻെറ ഛായ സാ

ർത്തികമായും, അവസാനത്തിൽ രഘുവംശത്തിന്റെ അനുകരണം അധികമായും കാണുന്നതിനാൽ അത് എഴുത്തച്ഛന്റേതായിരിക്കാൻ ഇടയില്ലെന്ന് ആർ. നാരായണപ്പണിക്കർ ഊഹിക്കുന്നു. പി. കെ-യും എഴുത്തച്ഛന്റെ കർത്തൃത്വത്തെ നിഷേധിക്കുന്നുണ്ട്. പരകീയച്ഛായാഹരണത്തെക്കാൾ എഴുത്തച്ഛന്റെ സഹജമായ ഗൗരവബുദ്ധിക്കു വിപരീതമായ ബാലിശരീതി അതിൽ കാണുന്നുവെന്നുള്ളതാണ് പി. കെ. യുടെ ആക്ഷേപത്തിനുള്ള പ്രധാനകാരണം. ഭാഗവതം എഴുത്തച്ഛന്റെ കൃതിയായിരിക്കാൻ ഇടയില്ലെന്നാണ് ആധുനികപണ്ഡിതന്മാരിൽ പലരുടേയും അഭിപ്രായം. "ഇതിലെ വാക്യരണിയെ സൂക്ഷ്മദൃഷ്ട്യാ പരിശോധിക്കുന്നതായാൽ അതിൽ എഴുത്തച്ഛന്റേതല്ലാതെ മറെറാരാളിന്റെ കൈകൾക്കൂടി പ്രവർത്തിച്ചിരിക്കുന്നതായി തോന്നിപ്പോകുന്നു. പക്ഷേ, അദ്ദേഹത്തിന്റെ ശിഷ്യവർഗ്ഗംകൂടി ഇടയ്ക്കിടെ സഹായിച്ചുവെന്നു വന്നേക്കാം." എന്നാണ് കേരളസൂരിവര്യനായ ആർ. ഈശ്വരപിള്ള അവർകളും അഭിപ്രായപ്പെട്ടിട്ടുള്ളത്.

'ബാദരായണമുഖനിർഗ്ഗതം ഭാഗവതം
സ്കന്ധങ്ങളതിലേഴുമഞ്ചുമുള്ളതിലിഹ
തുഞ്ചത്തുമേവും രാമാനുജനാമെഴുത്തച്ഛൻ
അച്യുതൻതന്നിൽ ഭക്തി മുഴുക്ക നിമിത്തമായ്
നവമസ്കന്ധത്തോളമുള്ളൊരു കഥയെല്ലാം
ഭാഷയിലൊരു ഗീതമായുരചെയ്യാൻ മുന്നം.'

എന്നു പുന്നശ്ശേരി ശ്രീധരൻനമ്പി പ്രസ്താവിക്കുന്നതിൽനിന്ന്, നവമസ്കന്ധശേഷമുള്ള ഭാഗം എഴുത്തച്ഛ

ന്റേതല്ലെന്നു സ്പഷ്ടവുമാകുന്നു. നവമംവരെയുള്ള ഭാഗം തന്നെ എഴുത്തച്ഛന്റേതെന്നു വിശ്വസിക്കാമോ എന്നു കൂടി പി. കെ. ശങ്കിക്കുന്നു. ഇങ്ങനെ എഴുത്തച്ഛൻകൃതികളെന്നു സങ്കല്പിച്ചുവരുന്നവയിൽ പലതിന്റേയും കർത്തൃത്വം ഇപ്പോൾ സംശയാസ്പദമായി തീർന്നിരിക്കയാണ്.

എന്നാൽ രാമായണം, ഭാരതം, ഹരിനാമകീർത്തനം, ചിന്താരത്നം ഇത്രയും കൃതികളുടെ കർത്തൃത്വവിഷയത്തിൽ ആർക്കും വിതർക്കമുള്ളതായി അറിയുന്നില്ല. ഭാഷാചരിത്രകർത്താവ് കുഞ്ചൻനമ്പ്യാരുടേതായിരിക്കണമെന്ന് ഊഹിച്ചിട്ടുള്ള 'ഉത്തരരാമായണം', കവിതാസാദൃശ്യംകൊണ്ട് എഴുത്തച്ഛന്റേതായിരിക്കണമെന്നുകൂടി പി. കെ. അഭിപ്രായപ്പെടുന്നുണ്ട്.

എഴുത്തച്ഛൻ കൃതികളുടെ മാഹാത്മ്യത്തെ – അഥവാ അവ എത്രകണ്ട് മലയാളപദ്യസാഹിത്യത്തെ പരിപോഷിപ്പിച്ചിട്ടുണ്ടെന്നുള്ള സംഗതിയെക്കുറിച്ചാണ് നമുക്കിവിടെ ചിന്തിക്കുവാനുള്ളത്.

കണ്ണശ്ശൻ, ചെറുശ്ശേരി മുതൽപേരുടെ 'പാട്ട്'കൾ ഒരുവഴിക്കും, പുനം മുതൽപേരുടെ മണിപ്രവാളകൃതികൾ മറെറാരുവഴിക്കും, മലയാളപദ്യസാഹിത്യത്തെ മുന്നോട്ടു നയിച്ചിരുന്നുവെന്ന് ഇതിനുമുമ്പിൽ സൂചിപ്പിച്ചിട്ടുള്ളതാണല്ലൊ. മേല്പറഞ്ഞ കൃതികൾ എല്ലാംതന്നെ ആര്യലിപിയിൽ എഴുതിവന്നിരുന്നതായും വിചാരിക്കാവുന്നതാണ്. പക്ഷെ എഴുത്തച്ഛനെപ്പററി പ്രതിപാദിക്കുന്ന പലരും, അന്ധമായ ഭക്ത്യാവേശംകൊണ്ടോ, മറെറന്തു കാരണങ്ങൾകൊണ്ടൊ എന്നറിയുന്നില്ല, അനർഹമായ

പല സംഗതികളും അദ്ദേഹത്തോടനുബന്ധിച്ചു പ്രസ്താ
വിക്കുന്നതിൽ ബദ്ധശ്രദ്ധരായിക്കാണുന്നു. അവയിൽ
ഏററവും മുഖ്യമായ ഒന്ന്, എഴുത്തച്ഛൻെറ കാലംവരെ
മലയാളഭാഷയ്ക്കു ശരിയായ ഒരു അക്ഷരമാലപോലും ഇ
ല്ലാതിരുന്നുവെന്നും, അദ്ദേഹം സംസ്കൃതാക്ഷരമാല സ്വീ
കരിച്ച് അതിൽ തമിഴിനു പ്രത്യേകമുള്ള നാലക്ഷരങ്ങ
ളെക്കൂടി കൂട്ടിച്ചേൎത്ത് ആദ്യമായി അക്ഷരദാരിദ്ര്യം നീ
ക്കിയെന്നും, അതിനാൽ ഭാഷയുടെതന്നെ ജനയിതാവ് അ
ദ്ദേഹമാണെന്നും ഉള്ളതാണ്. എഴുത്തച്ഛനുമുമ്പുവരെയു
ള്ള പദ്യസാഹിത്യത്തിൻെറ വളൎച്ചയെ അവധാനപൂൎവ്വം
അവലോകനം ചെയ്യുന്നതായാൽ എഴുത്തച്ഛൻെറ ജനന
ത്തിനുപോലും വട്ടെഴുത്തെന്നോ ആൎയ്യലിപി ഭാഷ
യിൽ നടപ്പായിരുന്നുവെന്നു സംശയലേശമെന്യേ തീരു
മാനിക്കാമെന്നാണ് തോന്നുന്നതു്. അതുപോലെതന്നെ
അന്യോന്യം അകന്നുനിന്നിരുന്നതും, അനാശാസ്യവും അ
പഹാസ്യവുമായ രീതിയിൽ പ്രയാണംചെയ്തിരുന്നതുമാ
യ പദ്യസാഹിത്യത്തിൻെറ രണ്ടു ശാഖകളെ സ്പൃഹണീ
യമായ വിധത്തിൽ കൂട്ടിയിണക്കി നൂതനമായ ഒരു മ
ണിപ്രവാളപ്രസ്ഥാനം എഴുത്തച്ഛൻ ഏൎപ്പെടുത്തി എന്നു
പറഞ്ഞുവരുന്ന സംഗതിയും ചിന്തനീയമായിരിക്കുന്നു.

'സമേ സംസ്കൃതീകൃതാച' എന്ന ലീലാതിലകസൂ
ത്രപ്രകാരം മലയാളപ്രകൃതികളെ സംസ്കൃതവിഭക്തികം
ചെയ്ത്,

'പൃഥ്വീകിരൻ പന്തലകത്തു ചൂകരാ—
ശ്ശ ചൂടിരഥ മാലപറിച്ചോരോന്നായ

തത്തല്ലിനെ തക്കിറത്തിനു ഘോരമായ്
മമ്മലിനെ കൊണ്ടു മണ്ണാട്ടിതന്നെന്നും'

എന്നീവിധം പ്രയോഗിക്കുന്ന വിലോമസമ്പ്രദായം മല
യാളത്തിൽ കുറേക്കാലം വ്യാപിച്ചിരുന്നു എന്നുള്ളതു നി
സ്സംശയമാണ്. എന്നാൽ എഴുത്തച്ഛന്റെ കാലത്തി
നുമുമ്പുതന്നെ ആവക പ്രയോഗങ്ങളെ പണ്ഡിതന്മാർ
അധിക്ഷേപിച്ചിരുന്നുവെന്നുള്ളതിന്—

'താരപ്പൂപ്പുഴുന്തി തകന്ന കറികൊള്ളുമെടോ:
കാകാഃ കനത്തു മതമേറിയുറങ്ങിയന്തി
മഞ്ഞുന്തി പാമ്പറിവപ്പാ പഴിബോധപെട്ട
മിന്നാകിരന്നുന്നിസ്സംശയം മിന്നത്തന്നി'

എന്നിങ്ങനെയുള്ള പരിഹാസകവനങ്ങൾ ലക്ഷ്യങ്ങളത്രെ.
കണ്ണശ്ശപ്പണിക്കരുടെ കാലംമുതല്ക്കേ പാട്ടുകളിൽ സം
സ്കൃതത്തെയും മലയാളത്തെയും കൂട്ടിച്ചേർത്തുള്ള മണിപ്ര
വാളഭാഷ പ്രയോഗിച്ചിരുന്നു എന്നുള്ളതിന് ആവക
കൃതികൾ തെളിവു നൽകുന്നവയുമാണ്. എന്നാൽ തമി
ഴ്പ്രചുരിമയായിരുന്ന കണ്ണശ്ശൻ കൃതികൾ, ഈ നവീ
നമണിപ്രവാളാന്തരീക്ഷത്തിലെ ശുക്രോദയംപോലെ മാ
ത്രമേ ശോഭിച്ചിരുന്നുള്ളു എന്നും സമ്മതിക്കാതെ തരമി
ല്ല. എഴുത്തച്ഛന്റെ അവതാരം ഈ കവനനഭോമ
ണ്ഡലത്തിലെ അരുണോദയമെന്നോ, സുപ്രഭാതോദയ
മെന്നോ പ്രസ്താവിക്കാവുന്നതാണ്. സംസ്കൃതമലയാള
ശബ്ദങ്ങളെ നിരക്ഷീരന്യായേന സംയോജിപ്പിച്ച്, മുൻ
ഗാമിയായ കണ്ണശ്ശൻ മുതൽപേർ സഞ്ചരിച്ചെയ്യു ഭാഷാ
സരണിയെ അതിവിപുലവും സുഗമവുമായ വിധ
ത്തിൽ വെട്ടിത്തെളിച്ച്, അതിനെ ആധുനിക ഭാഷയോ

ട് ഏറ്റവും സമീപിപ്പിച്ച മഹാൻ, കിളിപ്പാട്ടുകളുടെ ജനയിതാവായ തുഞ്ചത്തെഴുത്തച്ഛനാണെന്നുള്ളതിൽ ആൎക്കും എതിരഭിപ്രായമുണ്ടാകുന്നതല്ല.

സംസ്കൃതപ്രകൃതികളെ മലയാളവിഭക്തി പ്രത്യയം ചേൎത്തു പ്രയോഗിക്കുന്നതാണ് ഭാഷയുടെ ഉൽഗതിക്ക് അനുകൂലമായിരിക്കുന്നതെന്നുള്ള സംഗതി, സ്വകൃതികളെ കൊണ്ടു സുസ്പഷ്ടമാക്കിയിട്ടുള്ളതും എഴുത്തച്ഛൻതന്നെയാണ്. എന്നാൽ വളരെ അപൂൎവ്വമായിമാത്രം—

'ഭവസലിലനാശിക തരണിയെന്നല്ലോ
ദാസോസ്മി കോസലേന്ദ്രസ്യ രാമസ്യ ഞാൻ'

എന്നിങ്ങനെ മേൽപറഞ്ഞതിന്നു വിപരീതമായി പ്രയോഗിച്ചിട്ടുള്ളതു് ഈ വിഷയത്തിൽ അത്ര ഗണ്യമായി കരുതിക്കൂടാത്തതുമാണ്. ശുദ്ധമലയാളപദങ്ങളെക്കൊണ്ട് ഒരു മഹാകാവ്യം രചിച്ച ചെറുശ്ശേരിതന്നെ ഗ്രന്ഥാവസാനത്തിൽ—

'കമലാകര പരിലാളിത കഴൽതന്നിണ കനിവോ-
ടമരാവലി നിറവോടഥ തൊഴുതീടിന സമയേ
നിരവദ്യതര വചസാമപി പൊരുളാകിന ഭഗവാൻ
വിധുശേഖരനുപദേശ്യ മധുസൂദന സവിധേ ....

നിരുപാധികനിയതം തവ തിരുമേനി പരികലയേ
ഘനനന്ദനമൃദുപദയുഗ പരനാദിത വിലസൽ
ശശിമണ്ഡല മണിമണ്ഡിത വരമണ്ഡന ജഗതാം
ഭുജമണ്ഡല പരിവീണാധര ഭിപുമണ്ഡല സതതം
ഭുജമന്ദിര മുനിവന്ദിത ചരണാംബുജ ശരണം'

എന്നിങ്ങനെ വിഭക്ത്യന്തങ്ങളായ സംസ്കൃതപദങ്ങളെ പ്ര

യോഗിച്ചിട്ടുള്ളതു നോക്കുക. ഇവയൊന്നും തത്തൽകൃതികളുടെ മാഹാത്മ്യത്തിന് ഒരു ബാധകമായി ആരും ഗണിച്ചുവരുന്നില്ല.

എഴുത്തച്ഛൻ സ്വകൃതികൾവഴിയായിചെയ്ത മണിപ്രവാളഭാഷാപരിഷ്കരണത്തിൽ ലീലാതിലകത്തിലെ മണിപ്രവാളസംജ്ഞയുടെ അൎത്ഥംതന്നെ കീഴ്മേൽ ഒന്നു മറിഞ്ഞില്ലയോ എന്നു സംശയമുണ്ട്. മണിപ്രവാളമെന്നാൽ, മണിസ്ഥാനീയങ്ങളായ സംസ്കൃതപദങ്ങളും പ്രവാളസ്ഥാനീയങ്ങളായ മലയാളപദങ്ങളും ഇടകലൎന്ന ഭാഷ എന്നുള്ള അൎത്ഥമാണല്ലൊ നാമിന്നു ഗ്രഹിക്കാറുള്ളതു്. ലീലാതിലകകാലത്തെ മണിപ്രവാളത്തിന് ഇങ്ങനെ ഒരു അൎത്ഥപരിണാമം വന്നുകൂടിയതു് എഴുത്തച്ഛന്റെ ഭാഷാപരിഷ്കാരത്തോടു കൂടിത്തന്നെയായിരിക്കാം.

മേൽപ്രകാരം പരിഷ്കൃതമായ മണിപ്രവാളത്തിന് ആകൃതിയിൽമാത്രമല്ല, പ്രകൃതിയിലും ഒരു പരിവൎത്തനം തന്നെ സംഭവിച്ചു. ഭാവോദ്ദീപനമാണ് സഹൃദയാവൎജ്ജകമായിട്ടുള്ള കാവ്യത്തിന്റെ ധൎമ്മം എന്നുള്ള തത്വം പദ്യസാഹിത്യലോകത്തിൽ വേണ്ടവണ്ണം തെളിച്ചുകാട്ടിയതും കിളിപ്പാട്ടുകളുടെ ജനയിതാവായ എഴുത്തച്ഛൻതന്നെയാണ്. വായനക്കാരിൽ സമയോചിതമായി വരുത്തേണ്ട രസഭാവങ്ങൾ ഏതെല്ലാമെന്നു ഗ്രഹിച്ച് അവയെ യഥാവിധി പ്രകാശിപ്പിച്ചിട്ടുള്ളതിനാൽതന്നെയാണ് കിളിപ്പാട്ടുകൾ ഇത്രത്തോളം വിജയശ്രീലാളിതമായിത്തീൎന്നിട്ടുള്ളതു്. ഖാണ്ഡവദാഹം മുതലായ ഭാഗങ്ങളിലെ വൎണ്ണനകൾ ഈ അഭിപ്രായത്തിനു മാറ്റുകൂട്ടുന്നവയുമാണ്.

ഭാരതയുദ്ധാനന്തരം സമരഭൂമിയെ സന്ദർശിക്കുന്ന ഗാന്ധാരിയുടെ ചേതോവികാരത്തെ, സ്ഫടികനിർമ്മലമായ ജലരാശിയിൽ പരിതഃസ്ഥിതികൾ എന്നപോലെ പ്രതിഫലിപ്പിച്ചുകാണിക്കുന്ന ഭാരതം സ്ത്രീപർവ്വത്തിലെ ഗാന്ധാരീവിലാപം എന്ന പ്രസിദ്ധഭാഗം നോക്കുക:—

"കണ്ടുകണ്ടിങ്ങനെ മുഴുത്ത ഗാന്ധാരി ദേവ-
കണ്ണനാം മാധവൻ തന്നോടു ചൊല്ലിനാൾ.
'കാണ്മീലയോ നീ മുകുന്ദ! ധരണിയി-
ലുണ്ടായ മന്നരിൽ മുമ്പൻ ഭഗദത്തൻ
തൻ കരിവീരനരികേ ധരാസ്പൃഷ്ടമായ്
സംഗ്രാമനാഗങ്ങളൊക്കെ ശരത്തിനാൽ
വീണിതല്ലോ കിടക്കുന്നു ധരണിയിൽ
ശോണിതമാർന്നുകിടക്കുന്നല്ലോ ശിവ! ശിവ!!......
ഏതിനെ മറ്റുള്ളവർക്കുപ്രദമെന്ന
ചിന്തിക്കിൽ നിർമ്മരിമായമിക്കോരും."

കരുണരസത്തെ ഇതിനേക്കാളും ആസ്വാദ്യതരമായ വിധത്തിൽ വർണ്ണിക്കുവാൻ എഴുത്തച്ഛനല്ലാതെ മററാർക്കുകഴിയും? എന്തിനധികം, ഭാവനിബന്ധനമാണ് ഏതു കൃതിയുടേയും വിജയത്തിന്റെ മാനദണ്ഡം എന്നുള്ള തത്വം രാമായണഭാരതഗ്രന്ഥങ്ങളിലെ ഏതുഭാഗം നോക്കിയാലും പ്രത്യക്ഷമാകാതിരിക്കുകയില്ല.

ഔചിത്യമാണ് സാഹിത്യത്തിൽ സർവ്വത്ര ദീക്ഷിക്കേണ്ടതെന്നുള്ള പ്രമാണം ശരിയാണെങ്കിൽ അതു് എഴുത്തച്ഛനെപ്പോലെ മററാരും മനസ്സിലാക്കി പ്രവർത്തിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. ദേശം, കാലം, പരിതഃസ്ഥിതികൾ അവസരം എന്നിങ്ങനെയുള്ള പല സംഗതികളെ

പ്പററിയും വേണ്ടവണ്ണം ചിന്തിച്ചേ ഔചിത്യവേദിയായ കവി എന്തെങ്കിലും പ്രസ്താവിക്കാറുള്ളു. കിളിപ്പാട്ടുകളിലെ ഏതുഭാഗം നോക്കിയാലും ഈ സംഗതി കരതലാമലകംപോലെ സ്പഷ്ടമാണ്.

ലോകാഭിരാമനും, പോരാളിവീരനുമായ രാമചന്ദ്രൻ വിശ്വാമിത്രനോടുകൂടി മിഥിലാപുരിയിൽ എത്തുന്നു. സീതാവിവാഹലോലുപന്മാരായ രാജാക്കന്മാർ ശൈവചാപഭഞ്ജനത്തിന് അശക്തരായിത്തീരുകയാൽ നിരാശരായിക്കഴിയുന്നു. ഈ ഘട്ടത്തിലാണ് ഗുരുനാഥനായ വിശ്വാമിത്രന്റെ ആജ്ഞപ്രകാരം രാമചന്ദ്രൻ ചാപഭഞ്ജനം ചെയ്യുന്നതു്. അപ്പോഴുണ്ടായ അവസ്ഥാന്തരത്തെ വർണ്ണിച്ചിട്ടുള്ളതിൽ കവി പ്രദർശിപ്പിച്ചിട്ടുള്ള ഔചിത്യവിചാരം എത്രയോ ശ്ലാഘാർഹമായിരിക്കുന്നു!

'ഇടിവെട്ടീടുംവണ്ണം വില്ലൊടിഞ്ഞൊച്ചകേട്ടു
നടുങ്ങീ രാജാക്കന്മാരശേഷമൊരുപോലെ
മൈഥിലി മയിൽപ്പേടപോലെ സന്തോഷംപൂണ്ടാൾ
കൗതുകമുൾക്കൊള്ളുന്നു ചേതസി കൗശികനും'

ഇത്രയും മിതാക്ഷരങ്ങളെക്കൊണ്ട് അപ്പോഴം അവിടെ സംഭവിച്ച അവസ്ഥകളെല്ലാം, എത്ര ചേതോഹരമായി പ്രദർശിപ്പിച്ചിരിക്കുന്നു. 'മൈഥിലി മയിൽപ്പേടപോലെ സന്തോഷംപൂണ്ടാൾ' എന്നുള്ള ശാലീനമായ വർണ്ണനകൊണ്ടു കുലീനയായ സീതാദേവിയുടെ രാമചന്ദ്രവിഷയകമായ ദിവ്യപ്രേമം എത്ര സ്ഫുടമായി പ്രകാശിപ്പിച്ചിരിക്കുന്നു!! സ്വയംവരഘട്ടത്തിൽ സീതയെ വർണ്ണിച്ചിട്ടുള്ളതും ഇവിടെ പ്രസ്താവയോഗ്യമാണ്.

"സ്വർണ്ണവർണ്ണത്തെപ്പൂണ്ട മൈഥിലി മനോഹരി
സ്വർണ്ണഭൂഷണങ്ങളുമണിഞ്ഞു ശോഭയോടെ
സ്വർണ്ണമാലയും ധരിച്ചാദരാൽ മന്ദം മന്ദം
അർണ്ണോജനേത്രൻ മുമ്പിൽ സത്രപം വിനീതയായ്
വന്നവൾ നേത്രോല്പലമാലയുമിട്ടാൾ മുന്നേ
പിന്നാലെ വരണാർത്ഥമാലയുമിട്ടീടിനാൾ."

ഇവിടെ കവി ചെയ്തിട്ടുള്ള സീതാശൃംഗാരവർണ്ണനയുടെ രസികത്വം ആപാതമധുരവും ആലോചനാമൃതവുമെന്നേ പറവാൻ തരമുള്ളു. സീതയുടെ മന്ദംമന്ദമായുള്ള വരവും, വരണാർത്ഥമാലയിടുന്നതിനുമുമ്പു നേത്രോല്പലമാല ഇട്ടതായി കാണിച്ചിട്ടുള്ള വിധവും എത്ര സജീവമായി ഘടിതിചെയ്യുന്നു! സൗന്ദര്യത്തിന്റെ വാസ്തവമായ അന്തർഭാവയോഗ്യത സംയമത്തിലാണ് അടങ്ങിയിരിക്കുന്നതെന്നുള്ള പരമാർത്ഥബോധം ഈവകവർണ്ണനകൾകൊണ്ടാണ് മഹാകവികൾ ലോകരെ ഉൽബോധിപ്പിക്കുന്നതു്.

എഴുത്തച്ഛന്റെ വർണ്ണനകൾക്കുള്ള മറ്റൊരു മെച്ചം അതിന്റെ വൈചിത്ര്യമാണ്. സന്ദർഭഭേദംകൊണ്ടു് ഒരേ കഥാപാത്രത്തെത്തന്നെ വ്യത്യസ്തരൂപത്തിൽ പ്രദർശിപ്പിക്കുവാനുള്ള പാടവം അത്യത്ഭുതാവഹമായിരിക്കുന്നു. പാണ്ഡവന്മാരുടെ ദൂതനായി പുറപ്പെടുന്ന ശ്രീകൃഷ്ണന്റെ രൂപവർണ്ണനം നോക്കുക:-

"ദാരുകൻ കൊണ്ടുവന്ന രഥത്തിൽക്കരയേറി-
പ്പാരാതെയെഴുന്നള്ളിത്തുടങ്ങീ ഭഗവാനും.......
കാഞ്ചനാമയമായ കാഞ്ചികളിട്ടു മഞ്ഞ-
പ്പൂഞ്ചേലയതിൻമീതെ നാനാശോഭിതങ്ങളായ്
മിന്നുന്ന രത്നങ്ങളുംകൊണ്ടുള്ളിൽ വിളങ്ങുന്ന
വന്യപുഷ്പങ്ങളും കണ്ടു ശത്രുനികരം."

കർണ്ണപർവ്വത്തിൽ പാർത്ഥസാരഥിയായി കൃഷ്ണനെ വർണ്ണിച്ചിട്ടുള്ള ഭാഗം പ്രസിദ്ധമാണല്ലൊ.

'നിരന്ന പീലികൾ നിരക്കവെ കുത്തി
നിറുകയിൽ കൂട്ടിത്തിറമൊടു കെട്ടി
കരിമുകിലൊത്ത ചികരഭാരവും
മണികൾ മിന്നിടും മണികിരീടവും......
മണിവർണ്ണൻതന്നെ തെളിഞ്ഞു കണ്ടു ഞാൻ'

ഈ ഓരോ വർണ്ണനകളുടെയും ഛായാവ്യത്യാസവും സ്വാരസ്യാതിശയവും എത്രകണ്ടു വിസ്മയനീയമായിരിക്കുന്നുവെന്നു സൂക്ഷിക്കുക.

കാവ്യരസം അനുഭവിപ്പിച്ചുകൊണ്ടുതന്നെ, ഭൈഭവജനങ്ങളുടെ ഈശ്വരഭക്തിയെ ഉദ്ദീപിപ്പിക്കുന്നതിന പര്യാപ്തമായ ഇതരഗ്രന്ഥങ്ങൾ, രാമായണവും ഭാരതവുംപോലെ മലയാളത്തിൽ മറ്റൊന്നില്ലതന്നെ.

"നിരതിശയ, നിരുപമ, നിരഞ്ജന, നിരാധാര
നിത്യ നിരാമയ നീരജലോചന
നിഗമ പരജനഹൃദയനിലയന, നമോസ്തു തേ
നീചജനാന്തക, നീതിസ്ഥിതികര"

എന്നിങ്ങനെയുള്ള കാവ്യപ്രവാഹം, ഏതൊരു ഭക്തനെയാണു് പുളകാഞ്ചിതഗാത്രനാക്കിത്തീർക്കാത്തതു്? കേരളഭൂമിയിൽ എഴുത്തച്ഛനെപ്പോലെ അത്രയധികം വേദാന്തതത്വങ്ങളെ പ്രതിപാദിച്ചിട്ടുള്ള ഒരുകവിയും ഇതേവരെ ഉണ്ടായിട്ടില്ലെന്നുവേണം പറയുവാൻ. എഴുത്തച്ഛൻ സ്വകപോലകല്പിതമായി ഒന്നുംതന്നെ എഴുതിയിട്ടില്ലെങ്കിലും അദ്ദേഹത്തിന്റെ ഈ തർജ്ജമകൾത

ന്ന രസോല്ലാദനവിഷയത്തിൽ അദ്ദേഹത്തിനുള്ള അ
നന്യസാധാരണമായ പാടവത്തെ ഉച്ചൈസ്തരം വിളിച്ചു
പറയുന്നുണ്ട്. ഒരു കവിക്കുള്ള സ്വാതന്ത്ര്യംമുഴുവൻ ത
ർജ്ജമയിൽ അദ്ദേഹം കൈക്കൊള്ളാതെയുമിരുന്നിട്ടില്ല.

'നമസ്സമാരാവണകോടതോയമ—രാമസ്യദൂതോഽഹമപാരവിക്രമ'

എന്നുമാത്രം മൂലത്തിൽ രാമദൂതൻ രാവണനോടു പറയുന്ന ഭാഗത്തെ, തർജ്ജമയിൽ എത്ര സജീവവും രസസന്ദായകവുമാക്കിത്തീർത്തിരിക്കുന്നുവെന്നു നോക്കുക:—

'നിനവു തവമനസി പെരുമതേദൃശ്യംനന്ന നീ
നിന്നോടെതിരൊരു നൂറു നൂറായിരം
രജനിചരകുലപതികളായ് വന്നീടുന്നോരു
രാവണന്മാരൊരുമിച്ചെതിർത്തീടിലും
നിയതമിഹ മമ ചെറുവിരൽക്കു പോരാ പിന്നെ—
നീയെന്തു ചെയ്യുന്നിതെന്നോടു കശ്മല'

ഇവിടെ സ്ഫുരിക്കുന്ന വീരഹാസ്യരസങ്ങൾ എത്ര സ്ഫുടവും സജീവവുമായി പരിലസിക്കുന്നുവെന്നു കാണുക. ഇത്തരം ഭാഗങ്ങൾ വായിക്കുന്ന ഒരുവന് കിളിപ്പാട്ടുകളെ കേവലം തർജ്ജമകളെന്നു പറവാൻ ധൈര്യമുണ്ടാകുമോ? അല്ലെങ്കിൽ എന്തിന്?

'ഭാരതീ പദാവലി തോന്നേണം കാലേ കാലേ
വാരിധിതന്നിൽ തിരമാലകളെന്നപോലെ'

എന്നു പ്രാർത്ഥിക്കുന്ന ഈ മഹാകവിയുടെ—

"മാകന്ദമകരന്ദബിന്ദുപാനവും ചെയ്തു
മൂളുന്ന പികകുല പഞ്ചമം കേട്ടു കേട്ടു—"

എന്നിങ്ങനെയുള്ള ആ കാവ്യവാണീപ്രവാഹം ഒന്നുത

ന്നെ സഹൃദയഹൃദയോദ്യാനങ്ങളെ സേചനംചെയ്തു സുഖിപ്പിക്കുന്നതിന്നു തികച്ചും പൎയ്യാപ്തമായിരിക്കുന്നു.

എഴുത്തച്ഛന്റെ കവിതാചാതുൎയ്യം അധികം പ്രകാശിക്കുന്നതു ഭാരതത്തിലാണെന്നു പറയാതെ തരമില്ല. രാമായണത്തിന്നു പ്രൌഢത കൂടുമെങ്കിൽ ഭാരതത്തിന്നു രമ്യതയേറുമെന്നു പറയേണ്ടിയിരിക്കുന്നു. ലക്ഷത്തിയിരുപതിനായിരം ശ്ലോകങ്ങളുള്ള മൂലത്തെ കാവ്യരസത്തിന്നു ലേശം ലോപം വരുത്താതെ, അത്രമാത്രം ചുരുക്കി ഒതുക്കിയ കവിയുടെ സാമൎത്ഥ്യം വാചാമഗോചരംതന്നെ. സംസ്കൃതപദങ്ങളുടെ പ്രയോഗവും രാമായണത്തെ അപേക്ഷിച്ചു ഭാരതത്തിൽ വളരെ കുറവാണ്. സരളപദങ്ങളെ ഉതിൎത്തുകൊണ്ട്, കവിതാകാമിനി നല്ല ചുറുചുറുക്കോടെ ഇതിൽ സുപ്രസന്നയായി കളിയാടുന്ന കാഴ്ച അനുവാചകന്മാരെ ആശ്ചൎയ്യപരതന്ത്രരാക്കുകതന്നെ ചെയ്യും. രാമായണത്തിൽ ഭക്തിരസം പ്രധാനമെങ്കിൽ ഭാരതത്തിൽ സൎവ്വരസങ്ങളും തുല്യപ്രാധാന്യത്തോടുകൂടി വിളങ്ങുന്നുണ്ടെന്നുതന്നെ പറയാം. ചുരുക്കിപ്പറഞ്ഞാൽ, രാമായണവും ഭാരതവും രാമാനുജകവീന്ദ്രന്റെ അനശ്വരവിജയപതാകകളായി മലയാളപദ്യസാഹിത്യത്തിൽ ഏതുകാലത്തും പരിലസിക്കുമെന്നുള്ളതിന്നു സംശയമില്ല.

അദ്ധ്യായം 6

മററു ഭാഷാകൃതികൾ

വാത്മീകി രാമായണം.

എഴുത്തച്ഛനെ അനുകരിച്ച് കിളിപ്പാട്ടുപ്രസ്ഥാനത്തിൽ പലരും കൃതികൾ ചമച്ചിട്ടുണ്ട്. അവയിൽ കോട്ടയം കേരളവർമ്മയുടെ വാത്മീകിരാമായണമാണ് മുന്നണിയിൽ നില്ക്കുന്നതു്. എന്നാൽ എഴുത്തച്ഛന്റെ രാമായണത്തോടു തുലനംചെയ്യുമ്പോൾ പ്രസ്തുതകൃതിക്കു കേരളത്തിൽ സിദ്ധിച്ചിട്ടുള്ള പ്രചാരം വളരെ നിസ്സാരമത്രെ. അതിനുള്ള പ്രധാനകാരണം വാത്മീകിരാമായണം അദ്ധ്യാത്മരാമായണംപോലെ ഒരു മതഗ്രന്ഥമല്ലെന്നുള്ളതായിരിക്കണം. 'പ്രഖ്യാതവംശോരാജർഷി ധീരോദാത്തഃ പ്രതാപവാൻ' എന്ന വിധിക്കൊത്തവണ്ണം പശ്ചനമതത്തിലെ ദിഗ്‌വിജയിയായ ഒരു വീരപുരുഷൻ എന്ന നിലയിലാണ് ഇതിൽ ശ്രീരാമനെ വർണ്ണിച്ചിട്ടുള്ളതു്.

'കോന്വസ്മിൻ സാമ്പ്രതം ലോകേ– ഗുണവാൻ കശ്ചവീര്യവാൻ?'

എന്നും മററുമുള്ള പ്രസ്താവങ്ങൾ നോക്കുക. ഇങ്ങനെ നായകാദിപാത്രങ്ങളുടെ ഈശ്വരാംശതാകല്പനാഭാവം ഈ കൃതിയിൽ വ്യക്തമാണ്. നേരെമറിച്ച് അദ്ധ്യാത്മരാമായണത്തിൽ ശ്രീരാമനെ ഒരു ദിവ്യപുരുഷനായിട്ടാണല്ലോ വർണ്ണിച്ചിരിക്കുന്നതു്. അതിനെ ഉപജീവിച്ചുള്ള കാവ്യങ്ങൾക്ക് കേരളത്തിൽ ധാരാളം പ്രചാരവും വന്നി-

രിക്കുന്നു. ആസ്തികരും ഭക്തരുമായ കേരളീയർ അങ്ങ നെയുള്ള ഒരു പരിതഃസ്ഥിതിയിൽ ജീവിച്ചു പരമ്പരയാ അതിൽ വിശ്വസിച്ചുകൊണ്ടിരിക്കെ, തദിതരമായ ഒരു രീതി അവർക്ക് അതൃപ്തികാരണമായി തീർന്നിരിക്കാൻ ഇടയുണ്ടല്ലൊ. ഈ വിധത്തിലാണ് വാല്മീകിരാമായണം കിളിപ്പാട്ടിന്നു കേരളത്തിൽ പ്രചാരം സിദ്ധിക്കാതിരിക്കുവാൻ ഇടയായിട്ടുള്ളതു്. ഇന്നും കാവ്യരസികന്മാരല്ലാതെ ഭക്തിരസാസ്വാദകന്മാർ അതിനെ ആദരിക്കാറുണ്ടെന്നു തോന്നുന്നില്ല. പ്രസ്തുത കിളിപ്പാട്ടിൽ ഹൃദ്യങ്ങളായ പല വർണ്ണനകളുമുണ്ട്. രാമാശ്രമത്തിൽ വന്നണഞ്ഞ മായാമൃഗത്തെ വർണ്ണിച്ചിട്ടുള്ള ഭാഗമാണ് കീഴെ ഉദ്ധരിച്ചിരിക്കുന്നതു്:—

> "ഇന്ദ്രനീലപ്രഭാശോഭയാം കൊമ്പുകൾ
> പദ്മരാഗച്ഛവി സമ്മിശ്രമാനനം
> ചെന്താമരപോലെയുള്ള മുഖാഗ്രവും
> ഇന്ദ്രനീലനിറമുള്ള ചെവികളും
> ഇന്ദ്രനീലനിറം പൂണ്ടൊരു ഗളവും
> നല്ലൊരിരിപ്പൂത്ത പൂവിൻനിറത്തിനെ
> വെല്ലുന്ന പാർശ്വങ്ങൾ അന്റെ യുഗളിയും
> വൈഡൂര്യനേത്രദ്യുതി ഭംഗകാരിയാം
> വൈഡൂര്യവർണ്ണാ കഠിന കുളമ്പുകൾ
> വൃത്രഘാതനുടെ വില്ലിനെപ്പോലവേ
> ചിത്രമായുള്ളൊരു രോമാവിതാനമായ്
> ക്രീഡിക്കുന്ന മാനിന്റെ രൂപത്തി—
> ലോടിക്കളിച്ചു തുടങ്ങി നിശാചരൻ."

മഹാകവി വള്ളത്തോളിന്റെ വൃത്താനുവൃത്ത തർജ്ജമകൂടെ ഇവിടെ ഉദ്ധരിക്കുന്നതു സന്ദർഭോചിതമായിരിക്കുമല്ലൊ.

"കണ്ഠാലാപമുൾക്കൊണ്ടാൻ — വലമെഴുന്നനാഭിയോനവൾ
നീലക്കൽക്കൊത്തുകൾ, സീതാ — സീതമാം മുഖമണ്ഡലം;
ജന്നീരമെല്ലാമൊത്തു — ചേലക്കോൽത്തരത്തെല്ലാണമാം,
ചെറുമണി കഴുത്തിലും — നീലരത്നത്തിൻ പൂണകൾ;
മല്ലപൃതിയൽ നഖങ്ങൾ — കൊത്തിരാശ് വിരസ്സും വന്നു,
ജടിപൃത്തുമാരിപ്പുരം — നിറന്നതളിതനീരം.
ഒന്നൊന്നുക്കോർത്തുണം കൊല്ലു — ജാന്ദ നൽസ്സുഖിതസഗരം
മക്കളിൽ കൊണ്ടെത്തിക്കിടന്ന — തൊലിമിന്നുന്ന വാഴുമായ്;
ക്ലിശ്ശ് ബദ്ധശ് ധരിക്കുന്ന — തമ്പുരുളിപുഴനാവൾ
ധന്യാനനാർത്ഥനമാ — മാനസ്ത്തിനാൽ നിശാചരൻ"

വാത്മീകിരാമായണം കിളിപ്പാട്ട് ആദ്യമായി അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതു തൃശ്ശൂർ ഭാരതവിലാസം പ്രസ്സിൽനിന്നാണെന്നു തോന്നുന്നു. പിന്നീട് അതിന് ഏതെങ്കിലും പതിപ്പ് എവിടെ നിന്നെങ്കിലും പുറപ്പെട്ടിട്ടുണ്ടോ എന്നറിയുന്നില്ല.

ഗിരിജാകല്യാണം.

ഈ പ്രസ്ഥാനത്തിൽ ഉൾപ്പെട്ടിട്ടുള്ള കൃതികളിൽ പ്രാധാന്യത്തെ അർഹിക്കുന്ന മറ്റൊരു കൃതിയാണ് ഇരിങ്ങാലക്കുട അകത്തൂട്ടു ഉണ്ണായിവാര്യരുടെ ഗിരിജാകല്യാണം കിളിപ്പാട്ട്. കേവലം "മതിമുഖിമണിമാർക്കും ബാലകർക്കും ഗ്രഹിപ്പാൻ" പ്രയാസമുള്ള ഒരു ഭാഷാരീതിയിലാണ് ഈ കാവ്യം രചിച്ചിരിക്കുന്നതു്. സംസ്കൃതഭാഷയായ ഇരുമ്പും,മലയാളഭാഷയായ മരവും ചേർത്തു നിർമ്മിച്ചിട്ടുള്ള ഒരു കപ്പലാണ് ഗിരിജാകല്യാണം. "വിരുതിയുണ്ടെന്നാകിൽ പഠിച്ചു പാടിക്കൊള്ളുവിൻ" എന്നു കവി ആവശ്യപ്പെടുന്നുള്ളു. വ്യുൽപത്തിമാന്മാരായുള്ള ജനതം-

യെ ഉദ്ദേശിച്ചുമാത്രമാണ് തന്റെ കാവ്യനിർമ്മാണമെന്ന കവി പിന്നീടുള്ള പ്രതിപാദനരീതികൊണ്ടു വ്യക്തമാക്കിയിട്ടുമുണ്ട്. വാര്യർ അതതുഘട്ടങ്ങളിൽ തന്റെ രസനയിൽനിന്നുതിച്ച കാവ്യവാണിയെ അങ്ങനെതന്നെ ഒഴുക്കിയെന്നല്ലാതെ വായനക്കാരുടെ തരഭേദമനുസരിച്ചു പാകപ്പെടുത്താൻ ഒട്ടും ശ്രമിച്ചിട്ടില്ല.

> 'ലോകർ മുനികളെന്നോതീടുന്ന ലോകം
> കേവലം മുനികളായ്വരുമെന്നേ വേണ്ടൂ'

എന്നിങ്ങനെ ചിലേടത്തു ലളിതഭാഷയും, മററു ചിലേടത്ത്—

> 'മാനസം സരോവരം മീനസംഘചഞ്ചലൽ-
> ഫേനസംഭിന്നവീചീലീനസംഘീനശ്രദ്ധീ-
> നാതസാരാതി ഹംസസംപാനസമ്പത്ഭൂ—
> സൂനസമുദർശനമാനസസല്ലാപം ചിരം,
> ഘ്രാണസന്തൃപ്തമഷ്ചീമാനകഭാസാമോദ—
> ദാനസമാനകരം, മാനസതോഷകരം'

എന്നിങ്ങനെ കടിച്ചാൽപൊട്ടാത്ത ഗീർവ്വാണപദപ്രവാഹവും ഇതിൽ ആപാദമസ്തകം നിറഞ്ഞു കാണാവുന്നതാണ്. ശബ്ദാഡംബരം ഈ കവിതയിൽ കുറച്ചധികംതന്നെയുണ്ട്:—

> 'ലോകേശോസി ദേവേശോസി ജീവേശോസി കാമേശോസി
> ജായസേ ത്രായസേ സ്ഥായസേ ക്ഷീയസേ
> കർത്താസി ഭർത്താസി ഹർത്താസി ലോകേശോസി
> ശീയസേ സ്തൂയസേ ലീയസേ ശ്രീയസേ
> സ്വാതന്ത്ര്യജാതസന്താനസംഭൂതസാ
> രാമണപാതിസായുജ്യമാർമ്മമേഭേസേ,
> ഭൂതഭേദപൂതസാംസാരിക ബാധാതസേ
> ദീനദീനോദ്ധരസേ ജന്താവാ ദേവസേ.'

എന്നിങ്ങനെ നിസ്സീമമായി പ്രാസംചൊരിയുന്നതിനു കവിക്കു ഒട്ടും ക്ലേശമില്ല. ചിലേടത്തു ഭാവത്തിന്റെ സൗഗതയെക്കൂടി ബലിചെയ്തും അദ്ദേഹം ശബ്ദഭംഗിക്കുവേണ്ടി യത്നിച്ചിട്ടുണ്ട്. ഓജസ്സും മാർദ്ദവ്യവുമാണ് വാര്യരുടെ രചനയ്ക്കുള്ള മുഖ്യഗുണങ്ങൾ. വിചാരരുചിരങ്ങളായ അനവധി അർത്ഥകല്പനകളും ഇതിൽ നിബന്ധിച്ചിട്ടുണ്ട്. ഹിമവാന്റെ പത്നിയായ മേന തന്റെ ഏക പുത്രിയായ പാർവ്വതിയെ കോപമൂർത്തിയായ ശിവനു വേളി കഴിച്ചുകൊടുക്കുന്ന കാര്യത്തിൽ വിമുഖിയായി ഭർത്താവിനോടു പറകയാണ്—

'അയി ഭദ്ര! കുഞ്ഞിവളൊരുത്തിയല്ലാതെ മ-
റ്റാരും നമുക്കില്ല; ഊഴിക്കണ്ണതിവൾ'

മക്കളിൽ വാത്സല്യമേറിയ മാതാക്കളുടെ സ്വഭാവത്തെപ്പറ്റി നിശ്ചയമുള്ളവർക്കേ മേനയുടെ വാക്കിന്റെ മാധുര്യം അനുഭവിച്ചറിയുവാൻ കഴിയുകയുള്ളു. 'ബ്രഹ്മാനന്ദമയിയായ നിന്റെ പുത്രിയെ യാതൊരുവിധ ദുഃഖവും സ്പർശിക്കുന്നതേയല്ല' എന്നിങ്ങനെ തത്വഗർഭിതങ്ങളായ മധുരമൊഴികളാൽ ദീനയായ മേനയെ പിന്നീട് അരുന്ധതി സമാധാനിപ്പിക്കുന്നതു നോക്കുക:—

വ്യസനമശേഷം വിരഹസുഖാസമഭിയയാകേണ്ടുമോ!
വെള്ളത്തിന്നുണ്ടോ പിപാസയുണ്ടാവ്വതും!

ഇത്തരഭാഗങ്ങൾ എത്രത്തോളം ഭാവമധുരങ്ങളായിരിക്കുന്നുവെന്നു വിവരിക്കുവാൻ പ്രയാസം. ചുരുക്കത്തിൽ ശബ്ദസൗന്ദര്യംകൊണ്ടും, ഭാവഗാംഭീര്യംകൊണ്ടും മെച്ചമേ-

റിയ ഈ കാവ്യതല്ലജം മലയാളപദ്യസാഹിത്യത്തിലെ ഒരു അമൂല്യനിക്ഷേപമായി കരുതാം.

*   *   *   *   *   *

ശിവപുരാണം കുഞ്ചൻനമ്പ്യാരുടേതായാലും അല്ലെങ്കിലും കിളിപ്പാട്ടുശാഖയിൽ അതിനു മാന്യമായ ഒരു സ്ഥാനം ലഭിക്കുവാനവകാശമുണ്ട്. പഞ്ചതന്ത്രത്തിൻെറ കഥയും അതുപോലെതന്നെ. നമ്പ്യാരുടെ നളചരിതവും ഈ പ്രസ്ഥാനത്തിലെ കൃതികളിൽ ഒട്ടും അപ്രധാനമല്ലാത്തതാണ്. കല്ലേക്കുളങ്ങര രാഘവപ്പിഷാരടിയുടെ ചാണക്യസൂത്രം, എഴുപള്ളു നാണുക്കുട്ടിമേനവൻെറ ഭാഗവതം, പരവൂർ ശാമുമേനവൻെറ ജ്ഞാനവാസിഷ്ഠം, കടവിൽ ശങ്കരൻകുട്ടിമേനവൻെറ കല്ക്കിപുരാണം എന്നുതുടങ്ങിയ കൃതികളും ഈ ശാഖയിൽ പ്രാധാന്യമർഹിക്കുന്നവയാകുന്നു.

<u>പൂന്താനം കൃതികൾ.</u>

ഏകദേശം എഴുത്തച്ഛൻെറ കാലത്തോടടുത്തു ജീവിച്ചിരുന്ന ഒരു കവിയാണ് പൂന്താനം നമ്പൂതിരി. ഭക്തജനാഗ്രഗണ്യനായ പൂന്താനവും പണ്ഡിതവരേണ്യനായ മേല്പത്തൂർ ഭട്ടതിരിയും സമകാലീനന്മാരായിരുന്നുവെന്നുള്ളതു് അവരെ സംബന്ധിച്ചു പറഞ്ഞുവരുന്ന കഥകൾകൊണ്ടുതന്നെ പ്രസിദ്ധമാണല്ലോ. ചെറുശ്ശേരിയെപ്പോലെ സുലളിതപദങ്ങൾ പ്രയോഗിച്ചു കവിത ചമച്ചിട്ടുള്ള ഒരാളാണ് ഇദ്ദേഹം. സന്താനഗോപാലം, ജ്ഞാനപ്പാന, ഭാഷാകർണ്ണാമൃതം എന്നിവയാണ് ഈ കവിയുടെ വകയായി നമുക്കു ലഭിച്ചിട്ടുള്ള കൃതികൾ. ഈ

ഭക്തകവിയുടെ കവിതകഠം എല്ലാംതന്നെ ചിത്തശുദ്ധിപ്രദവും ഹൃദയാവർജ്ജകവുമത്രെ. സന്താനഗോപാലംപോന്നുള്ള വനിതാലോകത്തിൽ അനിതരസാധാരണമായ പ്രചാരം സിദ്ധിച്ചിട്ടുണ്ട്. ജനിച്ച ശിശുവിൻെറ ശരീരംപോലും കാണാൻ കഴിയാതെവന്നതിനാൽ കോപിഷ്ഠനും നിരാശനുമായ ബ്രാഹ്മണൻെറ അധിക്ഷേപം, ശപഥമനുസരിച്ച് അഗ്നിപ്രവേശനത്തിനൊരുങ്ങുന്ന അജ്ജുനൻെറ താല്ക്കാലികസ്ഥിതി, എന്നിങ്ങനെ ഇതിലുള്ള അനേകം ഭാഗങ്ങഠം എററവും പുളകോൽഗമകാരികളാകുന്നു.

മേൽപ്രസ്താവിച്ച കൃതികഠംക്കുപുറമെ, അദ്ദേഹം സംസ്കൃതത്തിലും മലയാളത്തിലും മററുമായി പല പാട്ടുകളും ശ്ലോകങ്ങളും എഴുതിയിട്ടുള്ളതായി അറിയുന്നുണ്ട്.

"കുവലയവിലോചന! കമനീയാനന! കലുഷനാശന! ശൗരേ!
കാളിയമഥന! കളായമനോഹര! കലിമലവിനാശന! ശൗരേ!
കിങ്കിണിനൂപുരകങ്കണരഞ്ജിതനർത്തനശീല! മുരാരേ!... ....
മാധവ! മാധവ! മദനമനോഹര! വാമപുരേശ്വര ശൗരേ!"

ഇത്യാദി ഗാനങ്ങഠം സംസ്കൃതമയങ്ങളെങ്കിലും അതിലെ കോമളവർണ്ണങ്ങളുടെ മനോഹരമായ സംഘടന ഒന്നുതന്നെ, നമ്മുടെ കാതും കരളും ഒരേ സമയത്ത് ആവർജ്ജിക്കുവാൻ മതിയായവയായിരിക്കുന്നു.

'ഒ മാനിനിതന്നിലൊതുങ്ങിയുമെങ്ങിനെ
ഉള്ളിലൊതുങ്ങിക്കഴിയുമെങ്ങിനെ'

എന്നുതുടങ്ങിയ പാട്ടുകളുടെ ആസ്വാദ്യത അനുഭവിച്ചറിയേണ്ടതുതന്നെ.

"[illegible] — കൃഷ്ണ!
തൃക്കഴൽ [illegible] കമ്പിടുന്നേൻ... ...
രാമസഹോദര! വാസുദേവ! കൃഷ്ണ!
ബാലഗോപാലക! പാഹി മാം"

എന്നീ പാട്ടുകളിലെ രസം അനിർവ്വചനീയമെന്നേ പറയുവാൻ തരമുള്ളൂ.

"കെട്ടിവാർകുഴൽ [illegible] പിന്നിലഴകൊടു പീലികൾ തൊടുത്തു പൂ-
[illegible]
പൊട്ടണിഞ്ഞ [illegible] പാർത്ഥ [illegible]
[illegible] ....

[illegible] -
[illegible]
പാതി [illegible] -
[illegible] ....

പാർത്ഥ [illegible] -
[illegible]
[illegible] -
[illegible] പാഹിപാഹിമാം."

ഏവംവിധമുള്ള മനോഹരപദ്യങ്ങൾകൊണ്ടു സമ്പൂർണ്ണമായ പാർത്ഥസാരഥിസ്തവം, ഭക്തിരസവും കാവ്യരസവും ഒരേ സമയത്തു വായനക്കാർക്കു പ്രദാനംചെയ്യുന്ന ഒന്നത്രെ. ഭാഷാപദ്യസാഹിത്യത്തിന്റെ പുരോഗമനത്തിൽ പൂന്താനത്തിന്റെ കൃതികൾ ഗണ്യമായ ഒരു സ്ഥാനത്തെ അർഹിക്കുന്നവയെന്നുള്ളതു് അനിഷേധ്യമാകുന്നു.

അൎണ്ണോസ്പാതിരിയുടെ കൃതികൾ

18-ാം നൂററാണ്ടിൽ ജീവിച്ചിരുന്ന വിദേശീയനായ ഒരു കവീശ്വരന്റെ നാമധേയമാണ് നാമിനി അനുസ്മരിക്കുവാൻ പോകുന്നത്. "അൎണ്ണോസ് പാതിരി" എന്ന പേരിൽ സുപ്രസിദ്ധനായിത്തീൎന്നിട്ടുള്ള എൎണ്ണെസ്റ്റൊസ് എന്ന ഈ കവികോകിലത്തിന്റെ കൃതികൾ, സാഹിത്യചരിത്രത്തിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു സ്ഥാനത്തെ അൎഹിക്കുന്നവയാണ്. ഒരു വിദേശമിഷ്യനറി, നമ്മുടെ മാതൃഭാഷയിൽ പദ്യകൃതികൾ നിൎമ്മിച്ചു എന്നു പറഞ്ഞുകേൾക്കുമ്പോൾ നാം അത്ഭുതപ്പെടേണ്ടതായിട്ടില്ല. പ്രഥമവ്യാകരണമായ ലീലാതിലകത്തിനുശേഷം ആദ്യമായി ഭാഷയ്ക്കു വ്യാകരണഗ്രന്ഥങ്ങളും, നിഘണ്ടുക്കളും രചിച്ചിട്ടുള്ളതുകൂടി വിദേശീയരാണെന്നോൎക്കുമ്പോഴാണ് അവർ നമ്മുടെ കൃതജ്ഞതാദരങ്ങളെ എത്രമാത്രം അൎഹിക്കുന്നുണ്ടെന്നുള്ളതു വ്യക്തമാകുന്നത്.

അൎണ്ണോസ് പാതിരിയുടെ പ്രധാന കൃതികൾ പുത്തൻപാന, പഞ്ചപൎവ്വങ്ങൾ എന്നു പൊതുക്കപ്പേരിനാൽ പ്രസിദ്ധമായ മരണപൎവ്വം, വിധിപൎവ്വം, നരകപൎവ്വം, മോക്ഷപൎവ്വം, ഉമ്മാപൎവ്വം അഥവാ ദൈവമാതൃചരിതം എന്നിവയാകുന്നു. ഇതിൽ പുത്തൻപാനയിൽ യേശുക്രിസ്തുവിന്റെ ജീവചരിത്രവും, കുരിശിൽതറച്ചുകിടക്കുമ്പോൾ സ്വപുത്രനെ കാണുന്ന കന്യകാമറിയത്തിന്റെ 'നിൎമ്മലദുഃഖവ്യ'മാണ് പ്രതിപാദിക്കപ്പെട്ടിരിക്കുന്നതു്. പൎവ്വങ്ങളിൽ ആദ്യത്തെ നാലു കൃതികളിൽ ക്രിസ്തുമതപ്രകാരം മനുഷ്യന്റെ അവസാനമായിട്ടുള്ള നാലവസ്ഥക

ളെ അതായതു് — മരണം, വിധി, നരകം, മോക്ഷം എ ന്ന നാലുപാധികളെ — ആസ്പദമാക്കിയുള്ള വൎണ്ണനകളാണു്. കന്യകമറിയത്തിന്റെ ചരിത്രസംക്ഷേപമാണു് ഉമ്മാപൎവ്വത്തിലെ പ്രതിപാദ്യവിഷയം.

അൎണ്ണോസുപാതിരിയുടെ വകയായി ഇപ്പോൾ പ്രസിദ്ധപ്പെടുത്തിക്കാണുന്ന കൃതികളിൽ പ്രയോഗസ്ഖാലിത്യം, ഛന്ദോഭംഗം, വിസന്ധി മുതലായ ഒട്ടുവളരെ ന്യൂനതകൾ കാണുന്നുണ്ടു്. എന്നാൽ അവ പലതും സാഹിത്യഗന്ധമില്ലാത്ത പകൎപ്പെഴുത്തുകാരുടേയോ, അച്ചുകൂടക്കാരുടേയോ അശ്രദ്ധയുടേയും, അജ്ഞതയുടേയും ഫലമായി ഉൽഭവിച്ചവയായിരിക്കണം. അൎണ്ണോസുപാതിരിയെപ്പോലുള്ള ഒരു തികഞ്ഞ പണ്ഡിതനിൽനിന്നും അത്തരം വൈകല്യങ്ങൾ സംഭവിച്ചു എന്നു വിശ്വസിക്കാവുന്നതല്ല. ഇന്നും അവ്യുല്പന്നരായ ജനങ്ങളാണു് മേല്പറഞ്ഞ കൃതികളെ കൂടുതൽ കൈകാൎയ്യം ചെയ്തുകൊണ്ടിരിക്കുന്നതു്. വൃത്തഗന്ധംപോലുമില്ലാത്ത അവർ ഇവയെ ഞെക്കിഞെരുക്കുകയോ വലിച്ചുകീറുകയോ എന്തൊക്കെയോ ആണു് ചെയ്യുന്നതെന്നു് ഒരു രൂപവുമില്ല. ആ വഴിക്കും പ്രസ്തുതകൃതികൾ വളരെയധികം ദുഷിച്ചുപോയിട്ടുണ്ടു്, പോകുന്നുമുണ്ടു്. അനേകം പണ്ഡിതന്മാരുടെ അനേകം പ്രാവശ്യത്തെ പരിശോധനയോടുകൂടി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള എഴുത്തച്ഛൻകൃതികളിൽപോലും ഇന്നും ചില വൈകല്യങ്ങൾ കണ്ടുവരുന്ന സ്ഥിതിക്കു്, ആ വക യാതൊരു സൌഭാഗ്യവും സിദ്ധിച്ചിട്ടില്ലാത്തതെന്നു മാത്രമല്ല, മേല്പറഞ്ഞ ദുരവസ്ഥകളൊക്കെ നേരിടുകയും ചെയ്തുകഴിഞ്ഞിട്ടുള്ള പ്രസ്തുതകൃതികളിൽ ചില ന്യൂനത

കരം സംഭവിച്ചുകാണുന്നതിൽ അതിശയിപ്പാനില്ലത ന്നെ. ഭക്തിയും വിഭക്തിയുമുള്ള പണ്ഡിതന്മാരിൽ ആ രെങ്കിലും മേല്പറഞ്ഞ കൃതികളെ ശരിയായവിധത്തിൽ ശുദ്ധിപ്പെടുത്തി പ്രകാശിപ്പിക്കുന്നതു് ഭാഷാസാഹിത്യ ത്തിന് ഗണ്യമായ സാഹായ്യമായിത്തീരുന്നതാണ്.

അർണ്ണോസ്പാതിരിയുടെ പ്രാരംഭകൃതി പുത്തൻ പാന എന്നു പറഞ്ഞുവരുന്ന ക്രിസ്തുചരിതമാണെന്നു തോന്നുന്നു. പദ്യങ്ങളിൽ കാണുന്നതുപോലുള്ള സംസ്കൃത പ്രയോഗം ഇതിൽ കുറവായിരിക്കുന്നു. പദ്യങ്ങൾ എഴു തിയ കാലത്തു സിദ്ധിച്ചിരുന്ന സംസ്കൃതവ്യുല്പത്തി ഇക്കാ ലത്തുണ്ടായിരുന്നില്ലെന്നാണ് ഇതിൽനിന്നു വ്യക്തമാകു ന്നതു്. പാന എന്നുള്ള പേർകൊണ്ടു് സർപ്പിണി എന്ന വൃത്തമാണ് ഇതിൽ ഉപയോഗിച്ചിരിക്കുന്നതെന്നു സ്പ ഷ്ടമാണല്ലൊ. പൂന്താനത്തിന്റെ ജ്ഞാനപ്പാന മുതലായ കൃതികളെ അനുകരിച്ചായിരിക്കാം ഇതെഴുതിയിട്ടുള്ളതെ ന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

പ്രസ്തുതകൃതിയിലെ വർണ്ണനകൾ പലതും അതീവ ഹൃദ്യങ്ങളും അഭിനന്ദനീയങ്ങളുമത്രെ. ക്രിസ്തു ഓറോശലം എന്ന ദേവാലയത്തിലേയ്ക്കു പുറപ്പെടുന്നതിനെ കവി വ ർണ്ണിക്കുന്നതു നോക്കുക. മഹാനുഭാവനായ അദ്ദേഹം 'തേ രിലുമാനക്കഴുത്തിലുമല്ല,' 'വീര്യമേറുമശ്വത്തിന്മേലുമല്ല' എഴുന്നള്ളുന്നതു്, കേവലം നിസ്സാരജീവിയായ ഒരു കഴു തയുടെ പുറത്തുകയറിയാണ്. ഈ സന്ദർഭത്തിൽ കവി യുടെ ഭാവന എങ്ങനെ തത്വഗർഭിതമായിത്തീരുന്നുവെന്നു കാണുക:—

സ്വർണ്ണം സുവർണ്ണം പങ്കത്തിലാകിലും,
വർജ്യം പങ്കമപ്പൊന്നിലിരിക്കിലും

ഈ രണ്ടുവരികളെക്കൊണ്ട് എത്ര വലിയ ആശയമാണ് കവി ഉത്ഭാവനം ചെയ്യുന്നതു്! സ്വർണ്ണം ചളിയിൽ പതിച്ചാലും സുവർണ്ണംതന്നെ, ചളി സ്വർണ്ണത്തിലിരുന്നാലും ചളിതന്നെ. മഹാന്മാർ എളിയനിലയിൽ കഴിഞ്ഞുകൂടിയാലും അവർ സജ്ജനദൃഷ്ടിയിൽ മഹാന്മാർതന്നെയായിരിക്കുമല്ലോ. തേരിലോ, ആനപ്പുറത്തോ എഴുന്നള്ളേണ്ടിയിരുന്ന ക്രിസ്തുവിന്റെ മഹത്വത്തെയാണല്ലോ കവി ഇവിടെ വ്യക്തമാക്കുന്നതു്. ഈവിധം ഭാവമധുരങ്ങളായ പല ഭാഗങ്ങളും ഇതിൽ കാണാവുന്നതാണ്. പ്രസ്തുത കൃതിയിൽ,

സർവ്വമനുഷ്യർക്കുവന്ന സർവ്വദോഷത്തരത്തിന്നായി
സർവ്വനാഥൻ മിശിഹായും മരിച്ച ശേഷം
സർവ്വനന്മകൾക്കുള്ളോന്റെ സർവ്വപാടുപ്പാടുകണ്ടു
സർവ്വദുഃഖം നിറഞ്ഞമ്മ പുത്രനെ നോക്കി — (12-ാം പാദം)

സങ്കടപ്പെടുന്ന ഭാഗം ഏതു കഠിനചിത്തത്തെയും ഇളക്കി മറിക്കുന്നതിനു പര്യാപ്തമായതുതന്നെ.

ചോരനെപ്പോലെ പിടിച്ചു, ക്രൂരമായിക്കരം കെട്ടി
ധീരതയോടവർനിന്നെയടിച്ചോ പുത്ര ......
പ്രാണനുള്ളോനെന്നുചിന്തിച്ചു, സൂക്ഷിക്കാതെ വൈരമോടെ
ഉണ്ടതുനേരം കെട്ടിനിന്നെയടിച്ചോ പുത്ര!

ഇത്യാദിഭാഗങ്ങൾ നോക്കുക. പുത്തൻപാനയിൽ പന്ത്രണ്ടാംപാദം വണ്ടിപ്പാട്ടെന്ന പ്രസിദ്ധമായ നതോന്നതവൃത്തവും, ബാക്കി മുഴുവൻ "പാന"എന്ന പ്രസിദ്ധമായ സ

ഷ്പ്ണീവൃത്തവുമത്രെ. വ്യാകലപ്രബന്ധം എന്ന ഒരു കൃതികൂടി പുത്തൻപാനയുടെ അനുബന്ധമായിട്ടുണ്ട്. ത്രിഷ്ടുപ് ഛന്ദസ്സിൽ എഴുതിയിട്ടുള്ള പ്രസ്തുതകൃതി, ദ്രാവിഡവൃത്തമോ സംസ്കൃതവൃത്തമോ എന്നുള്ള യാതൊരു ചിന്തയുമില്ലാതെയാണ് അച്ചുക്കൂടക്കാർ പ്രസിദ്ധപ്പെടുത്തിക്കാണുന്നതു്. ഇന്ദ്രവജ്ര, ഉപജാതി എന്നീ സംസ്കൃതവൃത്തങ്ങളാണ് അതിൽ മിക്കവാറും എന്നു തോന്നുന്നു. കവിത വളരെ നന്നായിട്ടുണ്ട്. ആദ്യത്തെ ഒരു ശ്ലോകംമാത്രം ഉദ്ധരിക്കാം:—

> അനന്തമജ്ഞേയം ഗുണാസ്പർശമൂലം—മമേഷ്ടദാഴ്ത്തും പ്രതിമാത്സ്യവതാരൻ
> പിറന്നു മീനാംബുധിയിൽ നടന്നു—നടത്തി വേദം ദുരിതം കളഞ്ഞു.

പദ്യങ്ങൾ എല്ലാം കവി എഴുത്തച്ഛന്റെ കിളിപ്പാട്ടുകളെ അനുകരിച്ചെഴുതിയിട്ടുള്ളതാണെന്നു തോന്നുന്നു. കേക, കളകാഞ്ചി മുതലായ കിളിപ്പാട്ടുവൃത്തങ്ങളാണ് പ്രസ്തുതകൃതികളിൽ മുഖ്യമായി പ്രയോഗിച്ചുകാണുന്നതു്. മരണപദ്യത്തിൽ പ്രസിദ്ധമായ ഗാഥ അഥവാ മഞ്ജരീവൃത്തവും പ്രയോഗിച്ചുകാണുന്നു.

പദ്യങ്ങളിലെ കവിത വളരെ പ്രശംസാർഹമായിട്ടുണ്ട്. മോക്ഷപദ്യത്തിലെ സ്വർഗ്ഗപുരിവർണ്ണന, കുചേലവൃത്തം വഞ്ചിപ്പാട്ടിലെ ദ്വാരകാപുരിവർണ്ണനത്തെ അനുസ്മരിപ്പിക്കുവാൻ മിക്കവാറും പര്യാപ്തമായിരിക്കുന്നു. നരകപദ്യത്തിലെ പല ഘട്ടങ്ങളും കവിയുടെ വർണ്ണനാവൈഭവത്തെയും കല്പനാശക്തിയെയും സ്പഷ്ടമായി വിളിച്ചു പറയുന്നവയാണ്. അതിലെ പിതൃപുത്രസംവാദം രസാവഹമെന്നേ ഇവിടെ പറയുവാൻ തരമുള്ളൂ. ഒരു ന

രകജീവിയുടെ ആകൃതിയെ വർണ്ണിച്ചിട്ടുള്ളതിൽ ഒരു ഭാഗം താഴെ ചേർത്തുകൊള്ളുന്നു:—

ശിരസ്സിൽക്കൂടിവരും സർപ്പങ്ങൾ പലതരം
വിരൂപപങ്ക്തികളിൽ വൃശ്ചികമിരിക്കുന്നു;
വളരെ നയനാംബു സന്തതമൊഴുകുന്നു
തിങ്ങിച്ച വെള്ളത്തോടു സമാനം പുകയുന്നു ....
ഉത്തരീയവർണ്ണങ്ങൾ പ്രേതമാംസഭോജനത്തിനെട്ടാർത്തും
അത്യുഷ്ണത്തിൻ ചിഹ്നം പുക വായിലെശ്വാസം

ക്ഷണികമായ ഭൗതികസുഖസൗഭാഗ്യങ്ങളുടെ മറുവശം വിശദമാക്കുവാൻ ഈ ബീഭത്സവർണ്ണനം എത്രകണ്ട് പ്രയോജകീഭവിക്കുന്നുവെന്ന് ചിന്തിച്ചറിയേണ്ടതാണ്. കവി ലത്തീൻ ഭാഷയിലുള്ള ചില കൃതികളിലെ ആശയം മനസ്സിൽ വെച്ചുകൊണ്ടാണ് ഈ മാതിരി തത്വജ്ഞാനബോധകമായ വർണ്ണനകൾ ചെയ്തിട്ടുള്ളതെന്നു കൂടി ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

ഉമ്മാപർവ്വം അഥവാ ദൈവമാതൃസംഗീതം എന്ന കൃതി ഒരു യമകകാവ്യമാണ്. അർത്ഥഭേദത്തോടുകൂടിയ ശബ്ദാവർത്തനം അതിൽ ആപാദചൂഡം പ്രയോഗിച്ചിട്ടുണ്ട്.

പുഷ്കരമുഖിയുടെ തങ്കമാവു കണ്ണിൽക്കൂടി—
പുഷ്കര ധാരയായി നിർഗ്ഗമിച്ചിടുംപോലെ

ചോരനൊന്നത്തുപോലെ കരിപ്പാൻ യാത്രയായി
ചോരനൽത്തിരുമേനി സർവ്വാംഗമൊലിക്കുന്നു.

വലിയ അർത്ഥഭംഗം വരുത്താതെ സ്വകവിതയിൽ ഇങ്ങനെ യമകം മുതലായ ശബ്ദാലങ്കാരങ്ങൾകൂടി പ്രയോ

ഗിപ്പാൻ കഴിഞ്ഞ ഈ പാരദേശികനെ എത്ര പ്രശംസി
ച്ചാലും മതിയാകുന്നതല്ല. ക്രിസ്തുവിൻെറ ജനനം മുതലാ
യവ വൎണ്ണിക്കുന്ന ഭാഗങ്ങളിൽ കവിയുടെ മനോധൎമ്മം മു
തലായവയും നല്ലപോലെ പ്രകടിതമായിട്ടുണ്ടു്.

എഴുത്തച്ഛൻ കൃതികൾപോലുള്ള ചില കിളിപ്പാ
ട്ടുകൾ ക്രിസ്ത്യാനികൾക്കും നിത്യപാരായണത്തിനു വേണ
മെന്നു കരുതിയായിരിക്കണം ഈ വിദേശമിഷ്യനറി പ
ൎവ്വങ്ങൾ മുതലായവ എഴുതിയിട്ടുള്ളതെന്നു വിചാരിക്കേ
ണ്ടിയിരിക്കുന്നു. എഴുത്തച്ഛൻ കൃതികളിൽ അൎണ്ണോ
സിനു ദൃഢമായ പരിചയമുണ്ടായിരുന്നു എന്നുള്ളതിനു
കിളിപ്പാട്ടുകളിലെ ചില ആശയങ്ങൾ അറിയാതെത
ന്നെ ഇവയിൽ കടന്നുകൂടിയിട്ടുള്ളതു് നല്ലൊരു തെളിവാ
യി വിചാരിക്കാം:-

"ഭാഷണത്തേക്കാൾ ശ്രേയസ്സാകുന്ന [illegible]"
"കൎമ്മത്തിനൊത്തഫലം നിയതംവരും നൂനം" (നരകപൎവ്വം)
"ധാത്രിയിൽ വാഴുവാനല്പകാലത്തിനു
വസ്ത്രസമം വപുസ്സെടുത്തതാണെന്നു" (മരണപൎവ്വം)

എന്നീഭാഗങ്ങൾ വായിക്കുമ്പോൾ-

'വ്യാഘ്രത്തേക്കാൾ ശ്രേയസ്സാകുന്നതന്യപുഷ്ടം'
'താന്താൻ നിരന്തരം ചെയ്യുന്ന കൎമ്മങ്ങൾ
താന്താനനുഭവിച്ചീടുകെന്നേ വരൂ'

എന്നുതുടങ്ങിയ കിളിപ്പാട്ടുവരികൾ അനുസ്മരിക്കാതിരി
ക്കുവാൻ സഹൃദയന്മാൎക്കു പ്രയാസമാണു്.

അദ്ധ്യായം 7

കുഞ്ചൻനമ്പ്യാർ

അടുത്തതായി നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നതു തുള്ളൽക്കഥയുടെ ജനയിതാവായ മഹാകവി കുഞ്ചൻനമ്പ്യാരത്രേ. ഈ സുപ്രസിദ്ധകവിയുടെ നാമധേയം ഭാഷാപദ്യസാഹിത്യചരിത്രത്തിൽ സുവർണ്ണ ലിപികളാൽ ലേഖനംചെയ്യപ്പെടേണ്ട ഒന്നാണ്. കാവ്യലോകത്തിൽ അത്രമാത്രം പ്രാധാന്യത്തെ അർഹിക്കുന്ന ഒരു മലയാളമഹാകവിയാണു കലക്കത്തു കുഞ്ചൻനമ്പ്യാർ.

മഹാകവിയുടെ ജന്മഭൂമി ശുകപുരമെന്നു സംസ്കൃതത്തിൽ പറഞ്ഞുവരുന്ന കിള്ളിക്കുറിശ്ശിമംഗലമാകുന്നു. പ്രസ്തുത സ്ഥലം ഇപ്പോൾ ബ്രിട്ടീഷുമലബാറിൽ ഉൾപ്പെടുന്നു. നമ്പ്യാരുടെ ജനനം ഏതു വർഷത്തിലാണെന്ന് ഇനിയും ഖണ്ഡിതമായി നിർണ്ണയിച്ചുകഴിഞ്ഞിട്ടില്ല. കൊല്ലവർഷം 800-ാമാണ്ടിടയ്ക്കാണെന്നു പ്രാമാണികന്മാരായ സാഹിത്യകാരന്മാരിൽ പലരും അഭിപ്രായപ്പെടുന്നുണ്ട്. കുഞ്ചൻനമ്പ്യാരുടെ യഥാർത്ഥമായ നാമധേയം രാമൻ എന്നായിരുന്നുവെന്നാണറിയുന്നതു്. കുഞ്ചൻ എന്നുള്ളതു് ഓമനപ്പേരായിമാത്രം വിളിച്ചുവന്നതാണ്. നമ്പ്യാർക്കു കൃഷ്ണൻ എന്നു പേരായി ഒരു സഹോദരൻ ഉണ്ടായിരുന്നു.

"കൊല്ലം തൊള്ളായിരത്തഞ്ചിരുപത്തിവപത്താറുമെറവത്ത പത്തം
ചെന്നീടുന്നോരുകാലം മിഥുനമുപഗതേ ഭാസ്വരേ ധന്യധന്യ:

ശ്രീകൃഷ്ണപാദാബ്ജ ചതുസ്ത്രീചതയയുതമിദം മാതുലഃ കൃഷ്ണനാമാ
വിഷ്ണുസ്തുത്യാസ്യസൂമാംശ്ച ദിഷ്ടിതമതിനമസ്യന്തികോ വിതനോതു"

എന്ന പ്രസിദ്ധ പദ്യത്തിൽ സൂചിപ്പിച്ചിട്ടുള്ളത് ഈ കൃഷ്ണൻ നമ്പ്യാരെയാണത്രെ.

തുള്ളൽകഥകളുടെ ജനയിതാവെന്നു പ്രസിദ്ധനായ മഹാകവികുഞ്ചൻനമ്പ്യാരും, രാഘവീയാദി വിവിധഗ്രന്ഥങ്ങളുടെ പ്രണേതാവായ രാമപാണിവാദനും ഒരാളാണെന്നും അല്ലെന്നും ഊഹിക്കുന്നതിനുതകുന്ന പല കാരണങ്ങളെ വിവരിച്ചും, എന്നാൽ, നമ്പ്യാർ രാമപാണിവാദൻതന്നെയാണെന്നു തീരുമാനിക്കുന്നതിനാണ് അധികം ന്യായം കാണുന്നതെന്നു സ്ഥാപിച്ചും, അടുത്തകാലത്ത് ഉള്ളൂർ പരമേശ്വരയ്യർ അവർകൾ ഒരു വാദം പുറപ്പെടുവിച്ചിട്ടുള്ള കഥ ഇസ്സന്ദർഭത്തിൽ പ്രസ്താവയോഗ്യമായിരിക്കുന്നു. പക്ഷെ ഈ നവീനാഭിപ്രായത്തിന്, ഇപ്പോഴും നിലവിലുള്ള പൊതുജനവിശ്വാസത്തെ ഇളക്കുന്നതിന് ഇനിയും കാലതാമസം വേണ്ടിവരുമെന്നാണ് തോന്നുന്നത്. ഈയിടെ കാത്തിരംപറമ്പിൽ ശ്രീമാൻ രാവുണ്ണിനായർ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള 'ശ്രീപാർവ്വതീസ്വയംവരം പാന'യുടെ മുഖവുരയിൽ ശ്രീകൃഷ്ണചരിതം മണിപ്രവാളവാക്യത്തിന്റെ ഒരു താളിയോലഗ്രന്ഥത്തിൽനിന്ന്, ചില പദ്യങ്ങൾ ഉദ്ധരിച്ചിട്ടുള്ള വിവരംകൂടി ഈ അവസരത്തിൽ പ്രസ്താവാർഹമാകുന്നു. പ്രസ്തുതപദ്യങ്ങൾ താഴെ ചേർക്കുന്നവയാണ്—

'രാമേണ പാണിവാദേന—രചിതേ മിശ്രസംസ്കൃതേ
ശ്രീകൃഷ്ണ ചരിതേ കാവ്യേ—പ്രഥമഃ സർഗ്ഗഃ സമാപിതഃ'

ഇത് പ്രഥമസർഗ്ഗത്തിന്റെ അവസാനത്തിൽ ചേ

ത്തിട്ടുള്ള ശ്ലോകമായിട്ടാണു പറയുന്നതു്.

> "ശ്രീമൻ മഹീസുരകുലോത്തമ ശിഷ്യഭാവാൽ
> സംസിദ്ധ സൽപുരുഷാർത്ഥ കൃതാർത്ഥ ചേതാഃ
> നിശ്ശേഷ ഭൂമിസുരപാദസരോജസേവീ
> ഭാഷാപ്രബന്ധമകരോദിഹ പാണിവാദഃ'

എന്ന പദ്യം കാവ്യാന്തത്തിലുള്ളതായും അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു. പ്രസ്തുതപദ്യങ്ങൾ രണ്ടും വിശ്വാസയോഗ്യമാണെങ്കിൽ, രണ്ടു സംഗതികളാണു നമുക്കിതിൽനിന്നു് അനുമാനിക്കേണ്ടതായുള്ളതു്. ഒന്നുകിൽ വിഷ്ണുവിലാസം രാഘവീയംതുടങ്ങിയ സംസ്കൃത കാവ്യങ്ങളുടെ കർത്താവായ രാമപാണിവാദനും, ശ്രീകൃഷ്ണചരിതം മണിപ്രവാളം, തുള്ളൽക്കഥകൾ എന്നിവയുടെ കർത്താവായ നമ്പ്യാരും ഒരാൾതന്നെയായിരിക്കണം. അല്ലെങ്കിൽ കുഞ്ചൻനമ്പ്യാർ ഒരു രാമപാണിവാദനും, വിഷ്ണുവിലാസാദികാവ്യങ്ങളുടെ കർത്താവു് വേറൊരു രാമപാണിവാദനും ആയിരിക്കണം. ഇതിൽ രണ്ടാമത്തെ പക്ഷമാണു് പലർക്കും സാംഗത്യമുള്ളതായി തോന്നുന്നതെങ്കിലും, യുക്തിയും തെളിവും ആദ്യത്തേതിൽ കൂടുതൽ ഉള്ളതായി കാണുന്നു. ഏതൽസംബന്ധമായി ഈ ഗ്രന്ഥകാരനുള്ള അഭിപ്രായം, "മഹാകവി കുഞ്ചൻനമ്പ്യാർ" എന്ന കൃതിയിൽ വ്യക്തമാക്കിയിട്ടുള്ളതിനാൽ കൂടുതലായി ഇവിടെ ഒന്നും പ്രപഞ്ചനം ചെയ്യുന്നില്ല.

അമ്പലപ്പുഴ രാജ്യം 923-ൽ തിരുവിതാംകൂറിനോടു കൂട്ടിച്ചേർത്തുവരെ ആ രാജധാനിയിലും, പിന്നീടു് 940-ാമാണ്ടുവരെ മാർത്താണ്ഡവർമ്മ, കാർത്തികതിരുനാൾ

രാമവൎമ്മ എന്നീ മഹാരാജാക്കന്മാരെ ആശ്രയിച്ചു തിരുവനന്തപുരത്തും വസിച്ചിരുന്ന കുഞ്ചൻനമ്പ്യാരെ സംബന്ധിച്ചുള്ള പല ഐതിഹ്യങ്ങളും പ്രസിദ്ധങ്ങളാണല്ലൊ.

നമ്പ്യാരുടെ കൃതികളിൽ മുഖ്യമായതും അദ്ദേഹത്തിൻെറ നാമധേയത്തോട് അവിഭക്തമായി അനുബന്ധിച്ചു നില്ക്കുന്നതുമായ കൃതികൾ, തുള്ളലുകളാകുന്നു. നമ്പ്യാർ ആദ്യകാലത്തു കേരളത്തിൽ പ്രചാരത്തിലിരുന്ന പല സാഹിത്യപ്രസ്ഥാനങ്ങളിലും കൈകടത്തിയിട്ടുണ്ടായിരിക്കണം. രുഗ്മിണീസ്വയംവരം പാട്ടുവൃത്തം, ഭഗവദ്ദൂത് പതിനാലുവൃത്തം, ഭാഗവതം ഇരുപത്തിനാലുവൃത്തം, ശീലാവതി, പാൎവ്വതീസ്വയംവരം പാന, ശിവപുരാണം കിളിപ്പാട്ട്, നളചരിതംകിളിപ്പാട്ട് എന്നിവ അങ്ങനെയുണ്ടായിട്ടുള്ള കൃതികളായിരിക്കാനാണു ഇടയുള്ളതു്. എന്നാൽ ഇവ ഒന്നിലും നമ്പ്യാർ മുൻഗാമികളെ ജയിക്കാൻ സാധിക്കയില്ലെന്നു തോന്നിയിരിക്കണം. തന്നിമിത്തമാണു അദ്ദേഹം തുള്ളൽപ്രസ്ഥാനത്തെത്തന്നെ കാൎയ്യമായി ഗണിക്കയും, അതിൽ ധാരാളം കൃതികൾ എഴുതുകയുംചെയ്തിട്ടുള്ളതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

എന്നാൽ പൂൎവ്വഗാമികളെ അനുകരിച്ചുണ്ടായിട്ടുള്ളവയെങ്കിലും, അദ്ദേഹത്തിൻെറ ശ്രീകൃഷ്ണചരിതം മണിപ്രവാളം ഇന്നും സാഹിത്യലോകത്തിൽ അജയ്യമായിത്തന്നെ സ്ഥിതിചെയ്യുന്നുവെന്നു പറയുന്നതിൽ പക്ഷാന്തരമുണ്ടാകാനിടയില്ലാത്തതാണ്.

'ശ്രീലാന്തരാഗേ തിരുവമ്പാടിക്കു
പാലാഴിതന്നിൽ പരിതോവിലങ്ങും
ലീലാഗൃഹോദ്യാനസുവർണ്ണശാല
ശാലാളികേളീ നിലയങ്ങൾ കണ്ടാൽ.'
'ഉഴറാതെ ചാർത്തുകൊണ്ടൊരു വാസരാന്തം
കഴിക്കേണമൊരു ജനങ്ങളിപ്പോൾ
കിഴക്കേക്കരപ്പൊഴുതാസ്വജന്മാർ
കഴപ്പൂകെട്ടിക്കരയുന്ന കാന്താ!'

ഇങ്ങനെ സരസപദ്യങ്ങൾകൊണ്ടു സമ്പൂർണ്ണമായ ആ കൃതി, മലയാളത്തിലെ സ്വതന്ത്രമഹാകാവ്യങ്ങളിൽ ആദ്യത്തേതായി ചിലർ സങ്കല്പിച്ചുവരുന്നതിൽ അധികം അബദ്ധമുണ്ടെന്നു തോന്നുന്നില്ല. എഴുത്തച്ഛൻ ഉച്ചാടിപ്പെട്ടതിയ ആധുനികമണിപ്രവാളത്തിന്റെ ഒരു പുഷ്ടരൂപമാണ് ശ്രീകൃഷ്ണചരിതത്തിലേതു് എന്നുള്ളതു നിസ്സംശയമാണ്. കവിസ്വാതന്ത്ര്യവും അത്ര കുറവല്ല,

'കേട്ടില്ലയോ കിഞ്ചന വർത്തമാനം
നാട്ടിൽ പൊറുപ്പാനെളുതല്ല മേലിൽ
കോട്ടുപ്പൊഴാതെനൊരു ദേവർതാൻ
കൂട്ടംപിരിഞ്ഞിട്ടുവനേകനായി.'

എന്നു തുടങ്ങി സ്യമന്തകകഥാപ്രസ്താവത്തിലും മറവുമായി പ്രയോഗിച്ചിരിക്കുന്ന മനോധർമ്മങ്ങളും—

'ക്ഷീരാളികം വിറ്റു ദിനം കഴിക്കും
നാരീജനങ്ങൾക്കു മനസ്സുദിച്ചു
ദാരിദ്ര്യമെന്നുള്ളതറിഞ്ഞവർക്കു
പാരിൽ പരക്ലേശമറിവാകയുള്ളു.'
മൺപാത്രമെന്നല്ല നമുക്കൊരോ
പൊൻപാത്രമിപ്പോളുടയുന്നതല്ലാം;

സമ്പൽക്കാലേ സങ്കടമെന്നതോൎത്താൽ
സമ്പന്നന്മാം നിൎദ്ധനന്മാം സമാനം'

എന്നിങ്ങനെ അലങ്കാരരൂപേണ ലോകധൎമ്മങ്ങളെക്കുറിച്ചുള്ള പ്രസംഗങ്ങളും മററും ഒരു സ്വതന്ത്രകവിഹൃദയത്തിൽനിന്നുമാത്രം നിൎഗ്ഗമിക്കാനിടയുള്ള ഒന്നാണെന്നു നിരാക്ഷേപമായി പറയാവുന്നതാണ്.

നമ്പ്യാരുടെ തുള്ളലുകളെപ്പററി മാത്രമെ ഇവിടെ സ്വല്പം പ്രസ്താവിക്കുവാൻ ഉദ്ദേശിക്കുന്നുള്ളു. ഈ മഹാകവിയുടെ വകയായ തുള്ളൽക്കഥകൾ ഏകദേശം എഴുപതെണ്ണത്തോളം വരുമെന്നാണു തോന്നുന്നതു്. ഇവയിൽ അധികവും 'ചെമ്പകനാട്ടിന്നലങ്കാരരത്നമാം- തമ്പുരാൻ ദേവനാരായണസ്വാമി'യെ ആശ്രയിച്ച് അമ്പലപ്പുഴ താമസിച്ചിരുന്നപ്പോൾ നിൎമ്മിച്ചിട്ടുള്ളവയും, ബാക്കി, തിരുവനന്തപുരത്തുവച്ചു രചിച്ചിട്ടുള്ളവയുമാണെന്നുള്ളതു് അവയിൽ പലതിലേയും പ്രസ്താവങ്ങൾകൊണ്ടു് സ്പഷ്ടമാകുന്നു. നമ്പ്യാരുടെ കൃതികളിൽ ഇങ്ങനെ കാലദേശാദ്യവസ്ഥകൾ നിഴലിച്ചിരിക്കുമെന്നുള്ളതു് ഒരു വിശേഷവിധിയാണ്. എഴുത്തച്ഛന്റെ കൃതികൾ ഇതിനു വിപരീതമാണെന്നു പ്രസിദ്ധമാണല്ലൊ.

തുള്ളൽക്കഥകളുടെ മാഹാത്മ്യത്തിനു് അനേകം കാരണങ്ങളുണ്ടു്. അവയിൽ പ്രഥമവും പ്രധാനവുമായതു ഭാഷാരീതിയാണെന്നുതന്നെ പറയാവുന്നതാണ്.

'ഭടജനങ്ങടെ നടുവിലുള്ളൊരു പടയണിക്കിഹ ചേരുവാൻ
വടിവിയന്നൊരു ചാരുകേരളഭാഷതന്നെ ചിതംവരൂ'

എന്നതത്വം നമ്പ്യാർക്ക് നല്ലപോലെ അറിയാമായിരുന്നു. അതിനാൽ അധികംജനങ്ങൾക്കും ഉപകാരപ്രദമായിത്തീരാവുന്ന 'ഭാഷയേറിവരുന്ന മണിപ്രവാള'മാണ് അദ്ദേഹം തുള്ളലുകളിൽ സാർവ്വത്രികമായി പ്രയോഗിച്ചിട്ടുള്ളതു്. അനായാസമായ പ്രാസത്തോടും, ഗംഗാപ്രവാഹംപോലെ അനർഗ്ഗളമായി നിർഗ്ഗളിക്കുന്ന വാഗ്ധോരണിയോടുംകൂടി പ്രസന്നമായി പാഞ്ഞൊഴുകുന്ന അദ്ദേഹത്തിന്റെ കാവ്യാമൃതജലധിക്കുള്ളിൽ പ്രവേശിച്ച് നിർവൃതിനേടാൻ കഴിയാത്ത ഒരു പാമരൻപോലും മലയാളത്തിൽ ജനിച്ചിട്ടുണ്ടോ എന്ന സംശയമാണ്. ശബ്ദാലങ്കാരത്തിൽ കവിക്കുള്ള ഭ്രമം കുറച്ചൊന്നുമല്ല. സാധാരണന്മാരെ ആകർഷിക്കുന്നതിന് അതും മതിയായ ഒരു കാരണമാണ്. ദുര്യോധനനും അനുജന്മാരും കാട്ടിലേക്കു ഘോഷയാത്ര പുറപ്പെടുന്ന ഒരു ഭാഗം നോക്കുക:–

> 'വീടുകളും പല നാടുകളും പല– തോടുകളും പല കോട്ടുകളും പല–
> കാടുകളും പല മേടുകളും പല– കൂടുകളും മലർവാടികളും പല–
> മേടുകളും പലവേടുകളും പല– പാടവമോടു കടന്നവ–
> നാടലകന്ന തകൃത്തു തിമിർത്തു– മഹാരവിപൃക്ഷ ശമിക്കുന്നേരം
> ബന്ധൂകതുല്യതിബന്ധുരമാകിന– സന്ധ്യാസമയം വന്നിടുകൂടി.'

ഇങ്ങനെ അക്ലിഷ്ടമായി പ്രാസം ചൊരിയുവാനുള്ള പാടവം മലയാളത്തിൽ മറെറാരുകവിക്കും ഇന്നുവരെ സിദ്ധിച്ചിട്ടില്ലതന്നെ.

വർണ്ണനകളിൽ ഉള്ള തന്മയത്വമാണ് തുള്ളലുകളുടെ മാഹാത്മ്യത്തിനുള്ള മറെറാരു പ്രധാന കാരണം. ഹസ്തിനപുരത്തോ ഇന്ദ്രസഭയിലോ നടന്ന വൃത്താന്ത

ങ്ങൾ നമ്പ്യാർ വർണ്ണിക്കുന്നതായാൽ അവ കേരളത്തിൽ സംഭവിച്ചിട്ടുള്ളതായിട്ടേ വായനക്കാർക്കു തോന്നുകയുള്ളു. അയോദ്ധ്യയിലും അളകാപുരിയിലും ലങ്കയിലും എന്തു വേണ്ട, സ്വർഗ്ഗത്തിലും പാതാളത്തിലും എല്ലാം കേരളീയർതന്നെ. കേളച്ചാരും കാളിപ്പെണ്ണും ചിരികണ്ടച്ചാരും മാത്രമല്ല, കോന്തൻ, കേളൻ, കമരി, ഇച്ചിരി, ഇട്ടിച്ചിരി, കൊച്ചിളയച്ചി, ഇട്ടുണ്ണീലി മുതലായവരും അവിടങ്ങളിലൊക്കെ ചെന്നുചേർന്നിട്ടുണ്ട്. ദുര്യ്യോധനന്റെ സേവകന്മാർ മുഴുവൻ കേരളത്തിലെ നായന്മാർതന്നെ. മനോധർമ്മവികലന്മാരായ പാമരന്മാരെ ഈദൃശവർണ്ണനകൾ കൂടുതൽ ആകർഷിക്കുമെന്നുള്ളതു് തീർച്ചയാണല്ലോ. ദേശകാലൌചിത്യം തീരെ ഇല്ലെന്നുള്ളതു സാഹിത്യദൃഷ്ട്യാ ഒരു ദോഷമാണെങ്കിലും, 'ഉർവ്വശീശാപം ഉപകാരം' എന്ന മട്ടിൽ അതു് തുള്ളലുകളിൽ വിപരീതഫലമായിട്ടത്രെ കലാശിച്ചിട്ടുള്ളതു്.

സ്വഭാവവർണ്ണനയിൽ കവിക്കുള്ള വൈദഗ്ദ്ധ്യം അനന്യസാധാരണമാണ്. നമ്പ്യാരുടെ വർണ്ണനകൾക്ക് വർണ്ണ്യവസ്തുവിന്റെ സാക്ഷാൽ പ്രതീതിയെ വായനക്കാരിൽ ഉളവാക്കുവാനുള്ള ഒരു പ്രത്യേകശക്തിതന്നെയുണ്ട്. കല്യാണസൗഗന്ധികത്തിലെ കാട്ടാളരാജാവ് മൃതകരണ്ട്, കിരാതത്തിലെ പാർവ്വതീപരമേശ്വരന്മാരുടെ രൂപാന്തരപ്രാപ്തി എന്നിങ്ങനെയുള്ള അനേകം അനേകം ഭാഗങ്ങൾ പ്രസ്താവയോഗ്യങ്ങളാണ്.

തുള്ളൽക്കഥകളുടെ ജീവൻ ഫലിതമാണെന്നുള്ളതു പ്രസിദ്ധമാണ്. തുള്ളൽ എന്ന ശബ്ദംതന്നെ ഫലിതം

എന്നതിന്റെ ഒരു പര്യായമായിത്തീൎന്നിട്ടില്ലയോ എന്നാണു് സംശയം. ഹാസ്യരസം സഫലീഭവിച്ചിട്ടുള്ളതത്രെ ഫലിതം.

'ചിരിക്കുന്ന കഥ കേട്ടാലിരിക്കുമായതല്ലെങ്കിൽ
ചിരിക്കുമങ്ങനെ ഭാവിച്ചിരിക്കുന്ന ജനങ്ങളെ
ചിരിക്കാതെ രസിപ്പിപ്പാനൊരിക്കലുമെളുതല്ല-
ന്നിരിക്കുന്നതിലക്കാര്യമുള്ളാരെന്നതേ വേണ്ടൂ.'

എന്നുള്ള പ്രസ്താവംകൊണ്ടു കഥാകഥനത്തിൽ 'ഫലിതം' ഒഴിച്ചുകൂട്ടുവാൻമേലാത്ത ഒന്നാണെന്നുള്ള ബോധ്യം, നമ്പ്യാൎക്കുണ്ടായിരുന്നുവെന്നു വ്യക്തമാകുന്നു. ഈ വിഷയത്തിൽ നമ്പ്യാരുടെ മാൎഗ്ഗദൎശികൾ, ഒരുപക്ഷെ ചാക്യാന്മാരും, ചമ്പുകാവ്യകൎത്താക്കന്മാരും ആയിരുന്നിരിക്കാം. ഏതുവിധമായിരുന്നാലും തുള്ളൽക്കഥകൾപോലെ ഫലിതമയമായ കവിത മലയാളത്തിൽ ഇന്നോളം ഉണ്ടായിട്ടില്ലെന്നുള്ളതു തീൎച്ചതന്നെ. നവരസങ്ങളിൽ ശൃംഗാരത്തിനല്ല, ഹാസ്യരസത്തിനാണു് രസചക്രവൎത്തിത്വം നൽകേണ്ടതെന്നു തുള്ളലുകൾ വായിക്കുമ്പോൾ പലപ്പോഴും തോന്നിപ്പോകാറുണ്ടു്. കുടിൽതൊട്ടു കൊട്ടാരംവരെ ഒന്നുപോലെ പ്രസിദ്ധമായിരിക്കുന്ന നമ്പ്യാരുടെ കൃതികളിൽനിന്നു് ഇവിടെ ഉദാഹരണങ്ങൾ എടുത്തുചേൎത്തു ഗ്രന്ഥവിസ്തൃതി വരുത്തണമെന്നും വിചാരിക്കുന്നില്ല.

നമ്പ്യാരുടെ പരിഹാസത്തിനുള്ള ഒരു വൈകല്യം അതു് പലപ്പോഴും പുരുഷപരമായി, അഥവാ വൎഗ്ഗീയമായി പ്രകാശിക്കുന്നുവെന്നുള്ളതാണു്. നായന്മാർ, ബ്രാഹ്മണർ തുടങ്ങിയ ചില സമുദായങ്ങളാണു് നമ്പ്യാരുടെ പരി

ഹാസത്തിന്ന അധികവും വിഷയമായിത്തീൎന്നിട്ടുള്ളതു്.

സന്മാൎഗ്ഗനിഷ്ഠയും കൎത്തവ്യബോധവും തത്തൽ സമുദായങ്ങളിൽ വേരുറപ്പിച്ചു നിറുത്തണമെന്നുള്ള സദുദ്ദേശം നമ്പ്യാൎക്കുണ്ടായിരുന്നു എന്നുള്ളതു പ്രത്യക്ഷമാണു്. ഈ ഉദ്ദേശശുദ്ധി ഉള്ളതുകൊണ്ടുതന്നെയാണു് പരിഹാസരസികനായ അദ്ദേഹത്തോടു് ആൎക്കും അതൃപ്തിയോ വൈരാഗ്യമോ ഇല്ലാതിരിക്കുന്നതും.

> 'ഒരുത്തൎക്കും ലഘുതരത്തെ വരുത്തുവാൻ മോഹമില്ല
> ഒരുത്തനും പ്രിയമായിപ്പറവാനും ഭാവമില്ല'
> 'പരമാൎത്ഥം പറയാമെടിയങ്ങൊന്നാത
> പരനിന്ദാദികൾ നാവിലുമില്ല'

എന്നിങ്ങനെ തുള്ളലുകളിൽ അദ്ദേഹം തന്റെ ഉദ്ദേശശുദ്ധിയെ തന്നെ പറഞ്ഞിട്ടുമുണ്ടു്. കേരളീയ പ്രഭുക്കന്മാരിൽ അമിതമായി കണ്ടുവരുന്ന ആഢ്യത്വനാട്യത്തെയും, ആഡംബരഭ്രമത്തെയും അപഹസിക്കുന്നതായ ഒരു ഭാഗം ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ:—

> "വെട്ടുശ്ശൂത്തി പോകണമെങ്കിൽ — കുതിരയൊരാനയുമകമ്പടി വേണം
> പിന്നെച്ചിലവുക വേറെ വേണം — ചെട്ടിയെടുപ്പാൻ പട്ടരുവേണം
> കാച്ചു തിന്മാൻ നായരുവേണം — വെല്ലക്കോണമരികെ വേണം
> സഞ്ചിയെടുപ്പാൻ പുഷ്പവാൾ വേണം...."

സരസവും അവസരോചിതവുമായ പഴഞ്ചൊല്ലുകളും, ലോകോക്തികളും, ഭാഷാശൈലികളും ധാരാളമായി തുള്ളലുകളിൽ പ്രയോഗിച്ചിട്ടുള്ളതു് അവയുടെ പ്രചാരത്തിനു മറെറാരു കാരണമാണു്.

'ഏറെത്തുടങ്ങിയാലൊന്നും ഫലംവരാ'
'വീട്ടിലുണ്ടെങ്കിൽ വിരുന്നുചോറും കിട്ടും
ഊട്ടിലും കിട്ടാ മടിയനെന്നോർക്കണം.'
'എലിയെപ്പോലെയിരിക്കുന്നവനൊരു
പുലിയെപ്പോലെ വരുന്നതു കാണാം.'
'ധനമെന്നുള്ളതു മോഹിക്കുമ്പോൾ
വിനയമൊരുത്തനുമില്ലിഹ നൂനം.'
'കനകമൂലം കാമിനിമൂലം
കലഹം പലവിധമുലകിൽ സുലഭം.'
'അമ്മയ്ക്കൊരു തല്ലു തരുമ്പോൾ
പിള്ളയെടുത്തു തടുക്കേയുള്ളൂ.'
'വല്ലാമക്കളിലില്ലാമക്കളി—
തെല്ലാവർക്കും സമ്മതമല്ലോ.'
'മുല്ലപ്പൂമ്പൊടിയേറ്റു കിടക്കും
കല്ലിനുമുണ്ടാമൊരു സൗരഭ്യം.'
'പണമെന്നുള്ളതിനോടടുപെട്ടാൽ
പ്രാണനകൊണ്ടൊരു ഫലമില്ലേതും.'

എന്നതുടങ്ങിയ പ്രയോഗങ്ങളുടെ സർവ്വസാധാരണതതന്നെ തുള്ളലുകളുടെ ഖ്യാതിയെ നാടെങ്ങും മാറ്റൊലിക്കൊള്ളിക്കുന്നുണ്ട്. മലയാളപദ്യസാഹിത്യത്തിൽ കുഞ്ചൻനമ്പ്യാരെപ്പോലെ ജനസാമാന്യത്തിന്റെ പ്രീതിക്കു പാത്രീഭവിച്ചിട്ടുള്ള ഒരു കവിയോ, തുള്ളലുകൾപോലെ പ്രചുരപ്രചാരം സിദ്ധിച്ചിട്ടുള്ള ഒരു കാവ്യശാഖയോ ഇല്ലെന്നുള്ളതു നിസ്സന്ദേഹംതന്നെ.

അദ്ധ്യായം 8

ദൃശ്യകാവ്യപ്രസ്ഥാനം

ആട്ടക്കഥ.

മദ്ധ്യഘട്ടംമുതൽ ഉദിച്ചുയൎന്നിട്ടുള്ളതും, കേരളീയ സാഹിത്യത്തിന്റെ പ്രത്യേകതയെ കാണിക്കുന്നതുമായ ഒരു പ്രസ്ഥാനമാണ് കഥകളി അല്ലെങ്കിൽ ആട്ടക്കഥ. ഇതിന്റെ ഉല്പത്തിയെ സംബന്ധിച്ച് അഭിജ്ഞന്മാരുടെ ഇടയിൽ അനേകം അഭിപ്രായഭേദങ്ങളുണ്ടായിട്ടുണ്ട്.

മതസംബന്ധമായ ഓരോ ചടങ്ങുകളിൽനിന്നാണ് ഓരോ ദേശങ്ങളിലും ദൃശ്യകാവ്യങ്ങൾ ഉത്ഭവിച്ചിട്ടുള്ളതെന്നു ചരിത്രകാരന്മാർ പ്രസ്താവിക്കുന്നു. മലയാളത്തിലെ സ്ഥിതിയും അതിൽനിന്ന് അധികം ഭിന്നമല്ല. പ്രാചീനകാലത്തു് 'പൂരക്കളിപ്പാട്ട്' കോലടിപ്പാട്ട്' 'മോഹിനിയാട്ടം' മുതലായി ചില അഭിനയങ്ങൾ കേരളക്ഷേത്രങ്ങളിൽ നടപ്പുണ്ടായിരുന്നതായി കേരളചരിത്രം ഘോഷിക്കുന്നു. പ്രസ്തുത അഭിനയങ്ങളിൽ പ്രത്യക്ഷപ്പെട്ട ദൃശ്യകല, 'ചാക്യാർകൂത്തു്' 'കൂടിയാട്ടം' 'അഷ്ടപദിയാട്ടം' എന്നീ മാൎഗ്ഗങ്ങളിൽക്കൂടി സഞ്ചരിച്ചു വളൎന്നു പരിപൂൎണ്ണമായിത്തീൎന്നിട്ടുള്ള ഒന്നാണ്, കേരളത്തിലെ ആട്ടക്കഥ അഥവാ കഥകളിപ്രസ്ഥാനം.

ആട്ടക്കഥകളുടെ ഉല്പത്തി സംസ്കൃതനാടകങ്ങളിൽനിന്നാണെന്നു വാദിക്കുന്നവരും ഇല്ലെന്നില്ല. എന്നാൽ

ശരിയായ ആലോചനയിൽ ആ വാദത്തിന്റെ അസാ
ധുത്വം ആൎക്കും അനായാസേന മനസ്സിലാക്കാവുന്നതാണു്.

'ആംഗികോ വാചികശ്ചൈവ— ഹ്യാഹാൎയ്യസ്സാത്വികസ്തഥാ
ചത്വാരോഭിനയാഹ്യേതേ— യേഷു നാട്യം പ്രതിഷ്ഠിതം'

എന്നിങ്ങനെ നാട്യശാസ്ത്രവിഹിതമായ ചതുൎവ്വിധ അഭി
നയങ്ങളിൽ, വാചികാഭിനയപ്രധാനവും ആംഗികാഭിന
യശൂന്യവുമായ നാടകത്തിനും, ആംഗ്യസങ്കേതബഹുലവും
വാചികാഭിനയശൂന്യവുമായ ആട്ടക്കഥയ്ക്കും തമ്മിലുള്ള
അന്തരം, ഈ സന്ദൎഭത്തിൽ ചിന്താവിഷയമായിട്ടുള്ളതാ
ണു്. ദൃശ്യപ്രസ്ഥാനത്തെ നാട്യം, നൃത്യം, നൃത്തം ഇങ്ങനെ
മൂന്നായി തരംതിരിച്ചിട്ടുണ്ടു്.

"അവസ്ഥാനുകൃതിൎന്നാട്യം രൂപം ദൃശ്യതയോച്യതേ
രൂപകം തത്സമാരോപാൽ ദശധൈവ രസാശ്രയം
അന്യദ്ഭാവാശ്രയം നൃത്യം നൃത്തം താളലയാശ്രയം"

എന്നു ദശരൂപകത്തിൽ വിധിച്ചിരിക്കുന്നു. ഇതിൽ പ
ദാൎത്ഥരൂപഭാവാഭിനയപ്രധാനമായ നൃത്യവൎഗ്ഗത്തിലേ
ആട്ടക്കഥ ഉൾപ്പെടുകയുള്ളു. ദക്ഷയാഗം കഥകളിയുടെ
പ്രാരംഭത്തിൽ—

'കേനാപി തൽപാരജ്ഞേന കില ഭക്തജനേ—
നാട്യപ്രബന്ധമിതി സൂചിതാ പുനശ്ച.'

എന്നു് ഇരയിമ്മൻതമ്പി കഥകളിയെ നാട്യവൎഗ്ഗത്തിൽ
ഉൾപ്പെടുത്തി പ്രയോഗിച്ചിട്ടുണ്ടെങ്കിലും, പ്രസ്തുതകല
നാടകലക്ഷണങ്ങളിൽനിന്നു വളരെ വളരെ ഭേദിച്ചാണു്

നില്ക്കുന്നതെന്ന് അഭിജ്ഞന്മാരോട് വിശേഷിച്ച് പറയേണ്ടതായിട്ടില്ല.

ഈ സംഗതി എങ്ങനെ ഇരുന്നാലും നാടകം ഭാരതീയരുടെ പൊതുസ്വത്തും, കഥകളി കേരളീയരുടെ സ്വകാര്യസ്വത്തും ആണെന്നുള്ള സംഗതി നിർവിവാദമാകുന്നു.

ചാക്യാന്മാരിൽനിന്നു നമ്പ്യാർക്കു നേരിട്ട അഭിഭവം തുള്ളൽക്കഥകളുടെ ഉല്പത്തിക്കു ഹേതുവായി എന്നു പറയാറുള്ളതുപോലെ, സാമൂതിരിപ്പാടും കൊട്ടാരക്കരത്തമ്പുരാനും തമ്മിലുണ്ടായ മത്സരത്തിൽനിന്നാണ് കഥകളിയുടെ പുറപ്പാട് എന്നു പറഞ്ഞുവരുന്നതിൽ വല്ല പരമാർത്ഥവും ഉണ്ടോ എന്നു വിചാരശീലന്മാരായ വിദ്വജ്ജനങ്ങൾ ആലോചിക്കേണ്ടതാണ്.

ആട്ടക്കഥ അഥവാ കഥകളിപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായി നാം ആദരിച്ചുപോരുന്നതു കൊട്ടാരക്കരത്തമ്പുരാനെയാണല്ലൊ.

'പ്രാചൂനാന്തഘനശ്രീയപ്രിയതമ ശ്രീരോഹിണീജന്മനോ
വഞ്ചിക്ഷ്മാവര വീരകേരളവിഭോ രാജ്ഞഃസ്വപുസ്സ്തനൊ
ശിഷ്യേണ പ്രവരേണ ശങ്കരകവേ രാമായണം വർണ്ണ്യതേ
കാതന്ത്ര്യേന കഥാഗുണേന കവയഃ കുർവ്വന്തു തൽകുസ്സയോഃ'

എന്നുള്ള രാമനാട്ടത്തിലെ മംഗളശ്ലോകത്തിൽനിന്നു പ്രസ്തുത തമ്പുരാൻ വഞ്ചിരാജ്യം ഭരിച്ചിരുന്ന ഒരു വീരകേരളവർമ്മരാജാവിന്റെ മരുമകനും, ശങ്കരകവിയുടെ ശിഷ്യനുമാണെന്നു വ്യക്തമാകുന്നുണ്ട് എങ്കിലും അദ്ദേഹത്തിന്റെ ജീവിതകാലത്തെപ്പററി ശരിയായി ഒന്നും അറിയു

വാൻ കഴിയുന്നില്ല. 7-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലാണ് അദ്ദേഹം ജീവിച്ചിരുന്നതെന്നു മിക്കവാറും നാം വിശ്വസിച്ചുപോരുന്നു. ഈ തമ്പുരാനുമ്പാണ് 'കൃഷ്ണനാട്ടം' നിർമ്മിച്ചതെന്നു പറഞ്ഞുവരുന്നുണ്ടെങ്കിലും കേവലം ഐതിഹ്യം മാത്രമല്ലാതെ, അതിലേക്ക് ഇതേവരെ യാതൊരു തെളിവും ആരും പ്രദർശിപ്പിച്ചിട്ടില്ല. 'കിർമ്മീരവധം' ആട്ടക്കഥയുടെ അവതാരികയിൽ ശിരോമണി പി. കൃഷ്ണൻനായർ അവർകൾ കൃഷ്ണനാട്ടം, രാമനാട്ടത്തിനുശേഷം ഉണ്ടായിട്ടുള്ളതായിരിക്കാനേ ഇടയുള്ളു വെന്ന് ഒരു നവീനാഭിപ്രായം പുറപ്പെടുവിച്ചിട്ടുള്ള സംഗതി ഇവിടെ പ്രസ്താവയോഗ്യമായിരിക്കുന്നു.

> 'സ്ഫായദ്ഭക്തിപരേണ സന്മനസാ ശ്രീമാനവേദാഭിധ–
> ക്ഷോണീന്ദ്രേണ കൃതാ നിരാകൃതകലിർഗ്രാഹ്യസ്തുതിർഗ്ഗാഥകൈഃ
> ലക്ഷ്മീവല്ലഭ 'കൃഷ്ണഗീതി'രിതി വിഖ്യാതാ തവാനുഗ്രഹാ–
> ദേഷാപ്രീണയതാച്ചിരേണ ഭവതഃ പുഷ്ട്യാ ച ലോകത്രയം.'

എന്ന ശ്ലോകത്തിലെ 'ഗ്രാഹ്യസ്തുതിർഗ്ഗാഥകൈഃ' എന്ന ഭാഗംകൊണ്ടു കൃഷ്ണനാട്ടമുണ്ടാക്കിയതു കൊല്ലം 829-ാമാണ്ട് ധനുമാസത്തിലാണെന്നു ഗ്രഹിക്കാവുന്നതാണ്. ആ സ്ഥിതിക്ക് 7-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കൊട്ടാരക്കരത്തമ്പുരാനുമ്പാണ് 'ശ്രീ മാനവേദകൃത'മായ കൃഷ്ണനാട്ടം ഉണ്ടായതെന്നു ഭാഷാചരിത്രകാരന്മാരിൽ പലരും പ്രസ്താവിക്കുന്നതിൽ വലുതായ അസാംഗത്യദോഷം ഉള്ളതായി തോന്നുന്നു.

രാമനാട്ടം കൊട്ടാരക്കരത്തമ്പുരാന്റെ കൃതിയാണെന്നു സൂചിപ്പിച്ചുവല്ലോ. ആട്ടക്കഥാപ്രസ്ഥാനത്തിൽ ഇതു്

തുല്യത്തേതു്, എന്നുള്ള ഒരു ചരിത്രപ്രാധാന്യമല്ലാതെ സാഹിത്യഗുണങ്ങളെ പുരസ്കരിച്ചു ചിന്തിക്കുന്നതായാൽ ഈ ഇനത്തിലെ ഇതരകൃതികളെ അപേക്ഷിച്ചു തുലോം താണനിലമാത്രമേ പ്രസ്തുതകൃതി അർഹിക്കുന്നുള്ളുവെന്നു കാണാം. കൊട്ടാരക്കരത്തമ്പുരാന്റെ കാലംമുതൽ കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ കാലംവരെ ഈ പ്രസ്ഥാനത്തിൽ പലരും കൃതികൾ എഴുതിയിട്ടുണ്ടു്. 111 ദിവസത്തെ ആട്ടക്കഥകൾ ഇതിനകം അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുമുണ്ടു്; അനേകം എണ്ണം അമുദ്രിതങ്ങളായിട്ടുമുണ്ടു്. എന്നാൽ അവയിൽ അധികവും നിർഗ്ഗുണങ്ങളും നീരസങ്ങളുമാകയാൽ ഇന്നു ലുപ്തപ്രചാരങ്ങളായിത്തീർന്നിരിക്കയാണു്. കോട്ടയത്തുതമ്പുരാന്റെ കിർമ്മീരവധം, ബകവധം, കല്യാണസൌഗന്ധികം, നിവാതകവചകാലകേയവധം, കാർത്തികതിരുനാളിന്റെ നരകാസുരവധം, ഉണ്ണായിവാര്യരുടെ നളചരിതം നാലു ദിവസത്തെ കഥ, ഇരയിമ്മൻതമ്പിയുടെ ദക്ഷയാഗം, കീചകവധം, ഉത്തരാസ്വയംവരം, അശ്വതിതിരുനാളിന്റെ അംബരീഷചരിതം, പൂതനാമോക്ഷം, രുഗ്മിണീസ്വയംവരം, പൌണ്ഡ്രകവധം, വയസ്കര മൂസ്സതിന്റെ ദുര്യോധനവധം, വിദ്വാൻ കോയിത്തമ്പുരാന്റെ രാവണവിജയം എന്നിവയാണു് ഈ ഇനത്തിൽ മുഖ്യമായി ഗണിച്ചുവരുന്ന കൃതികൾ.

> 'കോട്ടം വിജയന്ത കോട്ടയം കഥകൾ നാലഞ്ചാതെ വഞ്ചീശ്വര-
> ശ്രേഷ്ഠൻ തന്നുടെ നാലു തമ്പിയുടെ മൂന്നാമനക്കവീന്ദ്രന്റെയും'

എന്നുള്ള പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഉണ്ണായിവാര്യരുടെ നളചരിതം കഥകളിക്കാണു് ഈ പ്രസ്ഥാനത്തി

ലെ കൃതികളിൽ പ്രഥമസ്ഥാനം നൽകേണ്ടതെന്നു സകല സഹൃദയന്മാരും സമ്മതിക്കുന്നതും സംവേദിക്കുന്നതുമാണ്.

ആട്ടക്കഥകളിലെ ഭാഷ സംസ്കൃതബഹുലമായ മണിപ്രവാളമാണ്. ചമ്പൂകാവ്യങ്ങളേയും അതിക്രമിക്കുന്ന 'ഭാഷാസംസ്കൃതയോഗ'മാണ് ഇവയിലുള്ളത്. കവിവാക്യങ്ങളെല്ലാം ശ്ലോകങ്ങളും, പാത്രങ്ങളുടെ സംഭാഷണം മുഴുവൻ പദങ്ങളും ആയിരിക്കണമെന്നാണ് ഇത്തരം കൃതികളിലെ സാധാരണ നിയമമെന്നു തോന്നുന്നു. കവിവാക്യങ്ങളായ ശ്ലോകങ്ങൾ മിക്കതും ശുദ്ധ സംസ്കൃതമയങ്ങൾതന്നെ. കോട്ടയത്തു തമ്പുരാൻെറ കിർമ്മീരവധം കഥകളിയിൽ സംസ്കൃതരൂപമല്ലാതെ മലയാളപദം തൊട്ടുവിച്ചിട്ടുള്ള ഒരൊററ ശ്ലോകംപോലും കാണുന്നില്ല. ഇത്തരം കൃതികളെ മണിപ്രവാളപ്രസ്ഥാനത്തിൽ ഉൾപ്പെടുത്തിപ്പറയുന്നതുതന്നെ കുറെ സാഹസമല്ലയോ എന്നുകൂടി തോന്നിപ്പോകുന്നു.

അപ്രാചീന സംസ്കൃതകാവ്യകാരന്മാരിൽ പലരിലും കണ്ടുവരുന്ന അലങ്കാരഭ്രമം ആട്ടക്കഥാകർത്താക്കന്മാരിൽ ഒട്ടും കുറവല്ല.

> 'ഖേലാ ലോലാക്ഷിതിമിരപ്രചലദനിമിഷാ സിന്ധികാസോക്ഷ്യപൃഷ്ടാ—
> ള്ളേഷാ ഭോഗാചരിതം നിജഭവ്യ വപുഷാ ദീപയന്തി പ്രദോഷേ
> ഋക്ഷാ ക്രീഡാകൃതാ പ്രപഞ്ചപദങ്ങാ ജനാക്ഷമാദേയ ഭോഗാ—
> യോഷാളീനാമനൈഷീൽ പ്രിയവയസ്യമിതാ പാർത്ഥീം ഉരുമഹാ'
>
> (കിർമ്മീരവധം.)

എന്നീമട്ടിൽ അലക്ഷ്യമായ പ്രാസപ്രയോഗങ്ങളും,

> 'കദാചന ജലധരേ സുരധുരന്ധരേ മന്ദരേ
> മുദാ സാരജിതാപ്സരാ യുവതി വൃന്ദയാ വൃന്ദയാ

വികചൻ കമലിനീ ദീപിതാ നിമിഷ കേതനം കേതനം
ജനാദ്ദ സുഹൃകോകില പ്രിയതമാന്തരേ മാതരേ’

(ജലന്ധരാസുരവധം)

കല്ലോല കല്ലോലപദേഭ പങ്ക്തി—സാരസ്യസാരസ്യ നിവാസഭൂമിഃ—
നാളീകനാളീക ശരാർദ്ദിതാ സാ—മന്ദാനകന്ദാംബരമേവമൂചേ.’

(കാലകേയവധം)

എന്നിങ്ങനെ യമകം തുടങ്ങിയ ശബ്ദാലങ്കാരങ്ങളും പ്രസ്തുത കൃതികളിൽ പലതിലും സുലഭമാണ്. അർത്ഥാലങ്കാരങ്ങളും അതുപോലെതന്നെ.

‘സുലളിതപദവിന്യാസാ—ശുചിതരങ്ങളരാജിനീമധുരാ
മുരളഭിരംഗനാരേഖ—സുകവിരിവാഭാതി സോൎദ്ധ്വശീതിതയം’

ഇത്യാദി മനോഹരതരമായ ശ്ലിഷ്ടോപമകളും, ചമൽക്കാര സമ്പൂർണ്ണങ്ങളായ ഇതരാലങ്കാരങ്ങളും ആട്ടക്കഥകളിൽ അവിരളമായി കാണാവുന്നതാണ്.

രൗദ്രവീരരസങ്ങളുടെ ബാഹ്യപ്രകടനം ആട്ടക്കഥകളിലെ ശ്ലോകങ്ങളിലും പദങ്ങളിലും കാണുന്നതുപോലെ പദ്യസാഹിത്യത്തിന്റെ മറ്റൊരു ശാഖയിലും സുലഭമല്ലെന്നുതന്നെ പറയാം.

‘തൽക്കാലേ തേന രോഷാദധികതരജടാതാഡിതാൽ ഭൂമിപൃഷ്ഠാ—
ദുത്തിഷ്ഠന്തീ കരാളാ പദയുഗളഭരാൽ കമ്പയന്തീ ധരിത്രീം.
ഉന്നദ്ധോത്തുംഗകേശൈരതിസിതദശനാ പൂരയന്തീ നഭാംസി
ഖഡ്ഗം തീവ്രം ദധാനാ സവിധമഥ മുനേരാശു കൃത്യാ ബഭാഷേ’.

‘കിമരേ രേ ഭഗവൻ! മുനീശ്വര! കിമർത്ഥമാനയുന്നു......

(അംബരീഷചരിതം)

‘ശ്രാവം ശ്രാവം തദാനീം പ്രിയതമനിധനം ക്രോധസന്ധുക്ഷിതാത്മാ
ചക്ഷുർഭ്യാമുദ്വമന്തി സ്ഫുരദനിലധിയോദ്ഗാരബാഷ്പസ്ഫുലിംഗാൻ
ഭ്രാമ്യദ്ഭ്രൂഭീതിഭീമാ ഘടനഝടഝടാടോപമഷ്ടാ സിംഹികേതി
പ്രഖ്യാതാ സാ ഖലാത്മാ ജഗദുപരമകൃന്മാനസീ പ്രൗഢമാസീൽ’
(കിർമ്മീരവധം)

ഇത്യാദി ശ്ലോകങ്ങളിലും പദങ്ങളിലും സ്ഫുരിക്കുന്ന രൗദ്ര വീരരസങ്ങൾ അനുഭവവേദ്യങ്ങളത്രെ.

ആട്ടക്കഥകളിലെ പദങ്ങളും ദണ്ഡകങ്ങളും എല്ലാം മണിപ്രവാളരൂപങ്ങളാണെന്നു സാമാന്യമായി പറയാം. എന്നാൽ അവയിൽത്തന്നെയും ചിലതു സംസ്കൃതസമ്പൂർണ്ണങ്ങളായിരിക്കുന്നു. ജലന്ധരാസുരവധത്തിൽ–

“ഫാലവിലോചന പാലയ മാം—അലിവിമോചന പാലയ മാം
ശൈലസുതാകുചകുങ്കുമപങ്കില!—ശൈലനിലയ! പാലയ മാം
നീലവിലോഹിതലോകപതേ! ഹരി—നീരജനേത്ര! ഭൂതപതേ!
കാലനിഷൂദന! ശിവ! നടരാജ!—ബാലകലാനിധിശേഖര! ഭക്ത
ചേതന! ഭവമയ സാംബശിവ! ഭൂത—കേതന! മാമവ ഭവഭവ.......
മാരകളേബരതൂലതൂലാനല! സുര—മാരാരിവര! സുരാരാധിത!
കാരുണ്യാകര! ചാരുവപുസ്ഥിത!—പാഹി നതാംബുജ തിന്മയശേ!
കാമിതമനോരഥകാമദ! ശിവ—കാമമതാതീപരിശോധിതനോ!
സോമവിഭാകര! പാവകലോചന!—സാമപരായണ! പാഹി വിഭോ!
ത്രിപുരാസുരചാപപതേ! നര—വാരിജവാസനസ്തുതപതേ!
വാരിജനേത്രശരാസന പരാത്പര—ദേവ മഹേശ്വര നമോ നമോ.”

എന്നുള്ള നാരദപദം ശുദ്ധസംസ്കൃതംതന്നെ. പക്ഷെ, ഇവിടെ ശ്രോതാക്കൾക്ക് അനുഭവരസത്തെവരുത്തുന്നതിനുള്ള കവിയുടെ ഔചിത്യവിചാരം മാത്രമായി ഗണിക്കുവാനെ ഉള്ളു. എന്നാൽ പലതിലും അങ്ങിനെയല്ല കണ്ടുവരാറുള്ളത്. വെറും പാണ്ഡിത്യപ്രകടനത്തിനുമാത്രമാണ് ചിലർ സംസ്കൃതം പ്രയോഗിക്കുന്നതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

ഉണ്ണായിവാരിയർ.

ആട്ടക്കഥകളിൽ അഗ്രിമസ്ഥാനത്തെ അർഹിക്കുന്നതു് ഉണ്ണായിവാര്യരുടെ നളചരിതമാണെന്നു മുമ്പു സൂചിപ്പിച്ചുവല്ലോ. നടനോചിതഗുണങ്ങൾ നളചരിതത്തിലെപ്പോലെ ഇതരകൃതികളിൽ ഇല്ലെന്നുതന്നെ പറയാം. എന്നാൽ സംഗീതസാഹിത്യഗുണങ്ങളിലും ഇതു മറെറാന്നിനു പിന്നിലല്ലാ നില്ക്കുന്നതു്.

"സാമ്യമകന്നോരുദ്യാനം എത്രയുമാഭിരാമ്യമിതിനുണ്ടു നൂനം"

എന്നു തുടങ്ങിയ പദങ്ങളിൽ താളമേളങ്ങളുടെ രഞ്ജിപ്പിൽനിന്നുണ്ടാകുന്ന സംഗീതസുഖം അവാച്യമെന്നേ പറയാവൂ.

'ലോകത്രിതയത്തിലനവദ്യം—അദ്ഭുതമെന്നിനിയതിചോദ്യം
ആകൃതി കണ്ടാലതിമോദം—ആരാലിവർ തന്നാഗമം ചൊല്ലാം'

എന്നിങ്ങനെ ആദിപ്രാസവും അന്ത്യപ്രാസവും മററും ചേർന്നു ശബ്ദഭംഗിവരുത്തിയിട്ടുള്ള ഘട്ടങ്ങൾ അനവധിയാണു്. മണിപ്രവാളകർത്താക്കളിൽ പലരുടെയും കൃതികൾ രചനാഭംഗിയുള്ളതായിരിക്കുമെങ്കിലും മിക്കതും പൊള്ളയായിട്ടാണു് കണ്ടുവരാറുള്ളതു്. അവർ ശബ്ദങ്ങളെ ധാരാളം വാരിക്കോരിവിതറാറുണ്ട്. പക്ഷെ അത്രത്തോളമുള്ള അർത്ഥപുഷ്ടിയൊന്നും അവയിൽ കാണുക പതിവില്ല. വാര്യർ ഈ അപവാദത്തിൽനിന്നു തീരെ ഒഴിഞ്ഞുനില്ക്കുന്ന ഒരാളാണു്. അമിതഹസ്തമായി മാത്രമേ അദ്ദേഹം പദങ്ങളെ പ്രയോഗിക്കാറുള്ളൂ. ഗംഭീരാശയങ്ങളെ അവയിൽ നിക്ഷേപിക്കുകയും ചെയ്യും.

'ജ്ഞാനമെന്നും എനിക്കുള്ളതെന്നും—അഭിമാനമെല്ലാവർക്കും തോന്നും
അത്ഭുതമായം, അന്തരമയം—അത്ഭുതമായുന്നതുമല്ലലകിൽ'

എന്നും മററുമുള്ള വരികളിൽ എത്ര പ്രൗഢമായ ആശയങ്ങളെയാണ് അദ്ദേഹം ഉൾക്കൊള്ളിച്ചിരിക്കുന്നത്. രസപോഷണത്തിനൊ, ആശയപ്രകാശനത്തിനൊ മാത്രമല്ലാതെ കവി അനാവശ്യമായി ഒരിടത്തും അലങ്കാരപ്രയോഗം ചെയ്ക പതിവില്ല.

'എന്നൊരു കഴിവിനി ഇതുരുചികളെന്നിൽ
അന്തരംഗത്തിൽ പ്രേമം വന്നിടുവാൻ
പെണ്ണിനൊരാണിലൊരു പ്രേമതാമരപ്പൂ
കണ്ടപ്പാൾ വേണമല്ലോ കവം സമ്പത്തിയും'

'കമനി! രത്നകനകങ്ങളുടെ – ഘടനയെ ഘടന നിങ്ങളുടെ;
വിദ്ധുതമല്ല, നിശ്ശബ്ദദേവാലം, – തമ്മൂ ഹരൻ, നളനോടിൽ നിനക്കു'

എന്നും മററുമുള്ള അർത്ഥാലങ്കാരങ്ങളുടെ ഔചിത്യവും ഭംഗിയും ആലോചിക്കുക!

വാര്യരെപ്പോലെ സ്വതന്ത്രനായ ഒരു കവി ആട്ടക്കഥാസാഹിത്യത്തിലെന്നല്ല, മണിപ്രവാളസാഹിത്യലോകത്തിൽതന്നെ കാണുമോ എന്ന സംശയമാണ്. ആട്ടക്കഥകളിൽ പ്രായേണ ശ്ലോകങ്ങൾ സംസ്കൃതവും, പദങ്ങൾ മണിപ്രവാളവുമായിട്ടാണ് കണ്ടുവരാറുള്ളത്. വാര്യർ ഈ വ്യവസ്ഥയെ സർവ്വത്ര ലംഘിച്ചിട്ടുണ്ട്. ശബ്ദപ്രയോഗത്തിലും സ്വാതന്ത്ര്യംതന്നെയാണ് കൈക്കൊണ്ടിട്ടുള്ളത്. സംസ്കൃതവും മലയാളവും നല്ലപോലെ സ്വാധീനമായിരുന്ന കവി അപ്പോഴപ്പോൾ വന്നുചേരുന്ന ഭാഷയിൽ എഴുതുമെന്നല്ലാതെ താനെഴുതുന്ന കവിത സം

സ്കൃതമൊ മലയാളമൊ എന്നുള്ള ഒരു ചിന്ത അദ്ദേഹം ഒരിക്കലും ചെയ്യുക പതിവില്ലായിരുന്നുവെന്നു തോന്നുന്നു. 'തെളിപ്പ്രായ വള്ളി കാവിൽ ചുററി' എന്ന പാദയങ്ങളിലുള്ള 'മിളിതം പദയുഗളേ നിഗളതയാ മാറ്റിതയാ ലതയാ' എന്നാണു വാൎയ്യൎക്ക് അപ്പോഴം തോന്നുന്നതെങ്കിൽ അതുതന്നെ എഴുതുകയുള്ളു.

> 'നവവിരംഗമയന്ത്യം ജനാലയം ചിന്തയന്ത്യം
> ജനിതവിരമയന്ത്യം ജാതതാപം വഹന്ത്യം
> വൃന്ദനകങ്കണമൊലാൻ വിരിനിരനാളുമേവാൻ
> നളന ജത ഭൊരാൻ നാട്ടുകൂറവൻ തപാവാൻ'

എന്നിങ്ങനെ ഒരു ശ്ലോകത്തിൽതന്നെയും പച്ചമലയാളവും തനിസംസ്കൃതവും ചേരുന്ന പടി ചേൎക്കുവാൻ വാൎയ്യൎക്ക് ഒരു കൂസലുമില്ല.

കവി, ശബ്ദാലങ്കാരപക്ഷപാതിയാകകൊണ്ട് ചിലപ്പോഴം ശബ്ദങ്ങളുടെ വാലും തലയും ഇല്ലാതാക്കുന്നു എന്നുള്ളതാണ് വാൎയ്യരുടെ പേരിൽ ചുമത്താവുന്ന ഒരു കുററം. അതുപോലെതന്നെ അദ്ധ്യാഹാരപൂൎത്തി വേറൊരു ദോഷമായും കല്പിക്കാറുണ്ട്. അന്വയകാഠിന്യം മറെറാരു കുററമായും പറയാറുണ്ട്. ഇങ്ങനെയൊക്കെയാണെങ്കിലും "സംഗീതസാഹിത്യങ്ങൾ രണ്ടും ഒന്നുപോലെ പലമാതിരിയിലും നയിക്കാവുന്നതിനാലുള്ള സൎവ്വതോമുഖത, പ്രകൃതിസിദ്ധമായ ഗാംഭീൎയ്യം, ഉദാരമായ ബന്ധം, സ്വകപോലകല്പിതങ്ങളായ നൂതനഭംഗികൾ, ആലോചിക്കുന്തോറും നീണ്ടുനീണ്ടുപോകുന്ന വ്യംഗ്യാൎത്ഥത്തിൻെറ ബാഹുല്യം, പ്രയോഗവൈചിത്ര്യത്താലുള്ള ഹൃൽപ്പ്രാദകത, എല്ലാ വിഷയത്തിലുമുള്ള ക്ഷോദക്ഷമത ഇതുകൾ നളചരിത

ത്തെ മണിപ്രവാളകൃതികളിൽ പ്രഥമഗണനീയമാക്കിച്ചമച്ചിരിക്കുന്നു"* എന്നുള്ളതു നിർവ്വിവാദമാണ്.

ഇരയിമ്മൻതമ്പി.

ഉണ്ണായിവാര്യർ കഴിഞ്ഞാൽ ആട്ടക്കഥാലോകത്തിൽ ഇരയിമ്മൻതമ്പി മറ്റെല്ലാവർക്കും അസൂയ ജനിപ്പിക്കുമാറ് ഉയർന്നിരിക്കുന്നു എന്നു പറയുന്നതിൽ പക്ഷാന്തരമുണ്ടെന്നു തോന്നുന്നില്ല. ശബ്ദാർത്ഥസാരള്യം, ഒരുപക്ഷെ നളചരിതത്തിലേക്കാൾ കൂടുതലായിത്തന്നെ തമ്പിയുടെ കൃതികളിൽ കാണുവാൻ സാധിക്കുന്നതാണ്. ശ്രവണമാത്രയിൽതന്നെ അർത്ഥം സ്ഫുരിക്കുക എന്ന ഒരു ഗുണം തമ്പിയുടെ കവിതയ്ക്കു പ്രത്യേകമുണ്ട്:—

'ദേവാരിളാപതിയുടെ വാണീം നിശമ്യ പുന-
രേണീവിലോചന നടുങ്ങി
മിഴിയിണ കലങ്ങി വിവശതയിൽ മുങ്ങി പലതരവു-
മതിൽ പുനരതുമോർത്തു പറഞ്ഞു
പങ്കജമൊഴി കേട്ടുനടുങ്ങി
ദാസ്യം സമസ്തജനഹാസ്യം നിനച്ചു നിജ-
മാസ്യം നമിച്ചു പുനരേഷാ
വിജിതസുരയോഷാ, വിഗതപരിതോഷാ
ക്രമശശിമ ബഹുഭൂഷണാനനമതിവ്യസനെ
മുഴുകി ബത! മതിനതരേഷാ
ഗാത്രം വിറച്ചതിമാത്രം കരതലഗ
പാത്രം ധരിച്ചവിടെ നിന്നു
പരിചൊടു നടന്നു പഥി കിമപി നിന്നു
ഹരിണാക്ഷിപ്രവരസഹിതമെന്നിയിലിഹ പോകുമെന്നു
ഹരണിയുടെ വിരുതു കലർന്നു

---

* ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ

നിശ്വസ്യദീർഘമഥ വിശ്വസ്യനാഥമപി–
വിശ്വസ്യചാത്മനി ന്യസന്താ
ധൃതിരഹിതചേതാ—ധൃതപുളകജാതാ
സുതനുതന്നുടെ മണിനികേതമതിലവൾ ചെന്നു–
ഭീതിപരിതാപ പരിതാ.' (കീചകവധം)

ഇവിടെ പാഞ്ചാലി, ക്ഷോണീന്ദ്രപത്നിയുടെ വാക്കുകേട്ടു ഞെട്ടെന്നു നടുങ്ങിയതും, സമസ്തജനാരാദ്ധ്യമായ നിജമാന്യമോർത്ത് ആസ്യംനമിച്ചതും, ശ്രമസലിലം തുടച്ചതും, വിവശത കലർന്നതും മറ്റുമായ ഭാവങ്ങളെ ഇതിലധികം സ്പഷ്ടമായി പ്രകാശിപ്പിക്കുവാൻ കഴിയുന്നതെങ്ങിനെ?

ആട്ടക്കഥകളിലെ ചില പാട്ടുകൾ അവയുടെ ഗുണപൗഷ്കല്യംകൊണ്ടുതന്നെ പ്രസിദ്ധങ്ങളാണ്. നളചരിതത്തിലെ 'കണ്ടിതനായക' 'സാമ്യമകന്നോരുദ്യാനം' 'അംഗനമാർമൗലേ' എന്നു തുടങ്ങിയുള്ള പദങ്ങളും, ഉത്തരാസ്വയംവരത്തിലെ 'പ്രണയവാരിധേ, കേൾക്ക മേ വചനങ്ങൾ പ്രാണനായക' 'വീരവിരാടകുമാരവിഭോ' ഇവയും, കീചകവധത്തിലെ 'മാനിനിമാർ മൗലിമണേ', ദക്ഷയാഗത്തിലെ 'പൂന്തേൻ വാണീ ശൃണു മമ വാണി', 'കണ്ണിണയ്ക്കാനന്ദം നൽകീടുന്ന പാരം കാളിന്ദീനദി സാന്ദ്രതം' 'സന്താപമരുതേ' എന്നു തുടങ്ങിയവയും സംഗീതസാഹിത്യങ്ങളുടെ അന്യോന്യരഞ്ജിതമായ സമ്മേളനത്തിൽ ആപാതമധുരവും ആലോചനാമൃതവുമായിട്ടുള്ളവയാകുന്നു.

ആട്ടക്കഥകളിൽ ആസ്വാദ്യമാനമായ അംശങ്ങൾ ഇങ്ങനെ പലതുമുണ്ടെങ്കിലും അതിന്റെ പ്രചാരം ഇന്നു വളരെ ലോപിച്ചിരിക്കയാണ്. മനുഷ്യജീവിതത്തിന്റെ

പ്രതിരൂപങ്ങളായി വിളങ്ങുന്ന നാടകാദികളിലെപ്പോലെ വികാരോദ്ദീപകങ്ങളായ വർണ്ണനകളോ, കഥാപാത്രങ്ങളുടെ സ്വഭാവപോഷണമോ, അവിച്ഛിന്നമായ ആശയപ്രവാഹമോ, ഉൽകൃഷ്ടമായ ചിന്തകളോ ഇത്തരം കൃതികളിൽ വളരെ വിരളമായിട്ടേ കാണുന്നുള്ളു. 'മാരകേളി ചെയ്‌വതിനു പാരമുണ്ടു മോഹമിന്നു' എന്നിങ്ങനെ കലിനയും നവോഢയുമായ വധുവിനെക്കൊണ്ടു കാമപ്രാർത്ഥന ചെയ്യിക്കുന്നതും മററും ഇത്തരം കൃതികളിൽ സർവ്വസാധാരണമാണ്. സ്ത്രീപുരുഷന്മാരുടെ ഓരോ കാലഘട്ടത്തിലുമുള്ള മനോവികാരങ്ങളെ യഥാവിധി കണ്ടറിയുവാൻ കഥാകൃത്തുക്കൾ അശക്തരാണെന്നുള്ള ആക്ഷേപത്തിന് ഇവ ഉപോൽബലകങ്ങളായ തെളിവുകളായി ചമയുകയല്ലേ ചെയ്യുന്നത്? നളചരിതം മുതലായി അപൂർവ്വം ചില കൃതികൾ ഒഴിച്ചാൽ പറയത്തക്ക യാതൊരു നവീനതയോ, വിവിധതയോ, സ്വതന്ത്രതയോ ഇല്ലാത്തവയാണ് മിക്ക ആട്ടക്കഥകളും. കഥകളിയുടെ സാമാന്യസ്ഥിതി ആലോചിക്കുമ്പോൾ അതിൽ ചില പദങ്ങളോ, വേഷങ്ങളോ, സംഭവങ്ങളോ കൂടാതെ കവികൾക്കു നിർവ്വാഹമില്ലെന്നു തോന്നിപ്പോകുന്നു.

സാധാരണയായി വന്ദനരൂപത്തിലുള്ള ഒരു 'തോടയ'മാണ് ആദ്യം ആരംഭിക്കുക. പിന്നീടു പ്രഥമശ്ലോകത്തിൽതന്നെ നായികാനായകന്മാരെയോ, മറേറതെങ്കിലും ഒരു പ്രധാന കഥാപാത്രത്തെയോ രംഗത്തിൽ പ്രവേശിപ്പിക്കുന്നു. കിർമ്മീരവധത്തിൽ ധർമ്മപുത്രനും പാഞ്ചാലിയുമാണ് ഒന്നാമതായി രംഗപ്രവേശം ചെയ്യുന്നത്. കഥാപാത്രങ്ങളുടെ ഹൃദയത്തെ ദോളായമാനമാ

ക്കുന്ന അവസ്ഥാന്തരങ്ങളും ഉടനെ അവിടെ ആവിർഭവി
ക്കും. അത്ഭുതമന്ന ഒരു ഉദ്യാനമോ നദീതീരമോ ക
ണ്ടേയ്ക്കാം. ബകവധത്തിൽ കാളിന്ദീനദിയെ വർണ്ണിച്ചി
ട്ടുള്ളതു നോക്കുക. നായികയ്ക്കു് ഏതെങ്കിലും ഒരു രാ
ക്ഷസനിൽനിന്നു പരാഭവം നേരിടുന്നതിനുള്ള അവസ
രമാണു് പിന്നീടുണ്ടാകുന്നതു്. കിർമ്മീരവധത്തിൽ പാ
ണ്ഡവന്മാർ 'അമരാപഗയിൽചെന്നു ഇരുവരോടുംകൂടെ
അപരസന്ധ്യ വന്ദിച്ചുവരുവാൻ' പോയ സന്ദർഭം നോ
ക്കി 'സിംഹിക' എന്ന രാക്ഷസി പ്രവേശിച്ചു്, 'വനമു
ണ്ടിവിടെ ഉദ്യാനവുമുണ്ടു് – വനജാക്ഷി പോക നാം
കാണ്മാനായിട്ടുണ്ടു്' എന്നിങ്ങനെ പാഞ്ചാലിയെ പ്ര
ലോഭിപ്പിച്ചു കൊണ്ടുപോകുന്നു. ഇതു കഴിഞ്ഞാൽ അ
പരിഷ്കൃതരീതിയിൽ ഒരു പോർവിളിയും, യുദ്ധവും,
വധവും എല്ലാം ഉടൻ നടന്നുകൊള്ളും. ഒടുവിൽ വിജയി
യെ ദേവന്മാർ പുഷ്പവൃഷ്ടികൊണ്ടും, മഹർഷിമാർ ആശി
സ്സുകളെക്കൊണ്ടും സമ്മോദിപ്പിക്കുന്നതോടുകൂടി നിർവ്വഹ
ണസാഫല്യവും സാധിക്കുന്നു. ഈ രീതിയിലാണു് മിക്ക
കഥകളുടെയും ഗതി.

ഗതാനുഗതികത്വം ആട്ടക്കഥകളിൽ ഉള്ളതുപോ
ലെ മറെറാരു സാഹിത്യപ്രസ്ഥാനത്തിലും കാണുകയില്ലെ
ന്നുവേണം പറയുവാൻ. കൃത്രിമങ്ങളും നീരസങ്ങളും രംഗ
പ്രയോഗാനർഹങ്ങളുമായ പല അംശങ്ങളെയും പരിത്യ
ജിച്ചു കാലാനുകൂലം പരിഷ്കരിക്കയാണെങ്കിൽ ഈ പ്ര
സ്ഥാനത്തിനു് ഇന്നത്തേക്കാളും കൂടുതൽ പ്രചാരം ഉണ്ടാ
കുമെന്നു ആശിക്കാവുന്നതാണു്. ഗാനങ്ങളിൽ പല പു
തിയ രീതികൾ പ്രയോഗിക്കുന്നതും അതിൻെറ പ്രചാര

ത്തിന് ഒരു കാരണമായിരിക്കും. നാടകങ്ങളിലെപ്പോലെ കഥാപാത്രങ്ങൾക്കു യഥോചിതം വേഷവിധാനങ്ങൾ കല്പിക്കുന്നതും നന്നായിരിക്കും. പക്ഷെ അതിന്റെ പഴയ രീതികളെ ഭഞ്ജിക്കുക അത്ര എളുപ്പമാണെന്നും തോന്നുന്നില്ല. തന്നെയുമല്ല, കഥകളിയുടെ പ്രത്യേകതയെ നശിപ്പിക്കത്തക്കവിധത്തിലുള്ള പരിഷ്കാരങ്ങൾ സ്വീകാര്യങ്ങളുമായിരിക്കയില്ല. എന്തായാലും മിക്കവാറും മൃതപ്രായമായിരിക്കുന്ന ഈ കലയുടെ പുനരുദ്ധാരണത്തിന്നായി കലാമണ്ഡലം പ്രവൎത്തകന്മാർ ചെയ്തുവരുന്ന പരിശ്രമം സ്തുത്യൎഹംതന്നെ.

ചവിട്ടുനാടകം.

കഥകളിയുടെ പുനരുജ്ജീവനഘട്ടമായ 11-ാം ശതാബ്ദത്തിൽ ഉത്ഭവിച്ചിട്ടുള്ള ഒരു സാഹിത്യപ്രസ്ഥാനമാണ് ചവിട്ടുനാടകം. അത് കഥകളിയെ അനുകരിച്ചുണ്ടായ ഒരു പ്രസ്ഥാനമാണെന്ന സംശയിക്കേണ്ടിയിരിക്കുന്നു. കഥകളിയിൽ ഭൂരിഭാഗവും, യുദ്ധവും വധവുമാണല്ലൊ. രൗദ്രവീരരസങ്ങളുമാണ് അവയിൽ സ്ഥായിയായിട്ടുള്ളത്. ഗതാനുഗതികത്വേന ഉത്ഭവിച്ചിട്ടുള്ള ചവിട്ടുനാടകങ്ങളുടെ ഗതിയും അധികവും ആ വഴിക്കുതന്നെ തിരിഞ്ഞുകാണുന്നതു് അനുകരണവിശേഷമെന്നേ പറയാനുള്ളു.

പാശ്ചാത്യദേശങ്ങളിൽ പണ്ടു പ്രചുരപ്രചാരത്തിലിരുന്ന ചില കഥകളത്രെ ചവിട്ടുനാടകത്തിന്റെ ഇതിവൃത്തം. ഇവയിൽ പലതും യൂറോപ്യൻ ക്രിസ്തീയയുദ്ധവീ

രന്മാരുടെ വിജയകരമായ വേദപ്രചാരണത്തെ പരാമർ
ശിക്കുന്നവയുമാകുന്നു. മലയാളം കലൎന്ന തമിഴി (മലയാ
ളം തമിഴിൽ) ലാണ് ഈ നാടകങ്ങൾ മിക്കതും രചിച്ചി
ട്ടുള്ളതു്. ചിന്നത്തമ്പിപിള്ള, വേദനായകൻപിള്ള എ
ന്നു തുടങ്ങിയ ചില തമിഴ്കവികളത്രെ ഇവയുടെ രച
യിതാക്കൾ. ഈ നാടകങ്ങളിലെ ഭാഷയിൽ തമിഴിനു
പ്രാധാന്യം സിദ്ധിക്കുവാനുള്ള കാരണവും അതുതന്നെ.
ചവിട്ടുനാടകങ്ങളിൽ ഏററവും പ്രചാരം സിദ്ധിച്ചിട്ടുള്ള
തു കാറൽമാൻനാടകമെന്ന പേരായ പ്രസിദ്ധ കൃതി
യാകുന്നു.

രാമരാവണ സമരംപോലെയോ, പാണ്ഡവകൗരവ
യുദ്ധംപോലെയോ യൂറോപ്പിലെ ചക്രവൎത്തിമാരും തുർ
ക്കികളും തമ്മിൽ ഒരു കാലത്തു ഭീകരമായ പോരാട്ടം ന
ടന്നിരുന്നു. ഫ്രാൻസ്രാജ്യം ഭരിച്ചിരുന്ന കാറൽമാൻ
(ചാറൽസ്മെയിൻ) ചക്രവൎത്തി, റൊറാംദോൻ (Roland)
ഒലിവേർ മുതലായ പന്ത്രണ്ടു രണവീരന്മാരോടുകൂടി പ
ലസ്തീൻ രാജ്യത്തുചെന്നു്, അവധർമാൻ, (അബ്'റഹി
മാൻ) ഫറബ്രാസ് എന്നു തുടങ്ങിയ തുർക്കിത്തലവന്മാരു
മായി രണമാടുന്നതും, ഒടുവിൽ അവരെ പരാജിതരാക്കി
വിജയക്കൊടി പാറിക്കുന്നതുമാണ് കാറൽമാൻ നാടക
ത്തിലെ കഥാവസ്തു. പ്രസ്തുത കഥയെ ആധാരമാക്കി അ
നേകം നാടകങ്ങൾ നിൎമ്മിച്ചിട്ടുണ്ടു്. യുദ്ധവീരമാണ് ഇവ
യിലെ സ്ഥായിയായ രസമെങ്കിലും, ഇവയിൽ ചില അ
നുരാഗകഥകളും അത്ഭുതസംഭവങ്ങളും മററും ഇടകല
ൎത്തിയിട്ടുള്ളതിനാൽ അനേകരസങ്ങളുടെ ആസ്വാദനത്തി
നു് ഈ നാടകങ്ങൾ പൎയ്യാപ്തമായിത്തീരുന്നുണ്ടു്.

ഓരോ കഥയും അഥവാ നാടകവും, അതാതിന്റെ തന്മയത്വത്തോടുകൂടി പൂർണ്ണമായി അഭിനയിക്കപ്പെടണമെങ്കിൽ അറുപതെഴുപതാളും വേഷക്കാരും, ആറേഴു രാത്രികളും വേണ്ടിവരുന്നതാണ്. ചാറൽസ്മെയിൻ ചക്രവർത്തിയുടെ ദിഗ്വിജയത്തെ പുരസ്കരിച്ചുള്ള നാടകങ്ങൾക്കു പുറമെ, ജോസഫ് നാടകം, ജനോവനാടകം ഇസ്താക്കിനാടകം, ജ്ഞാനസുന്ദരിനാടകം എന്നിങ്ങനെ ഭക്തിപരമായ ഇതരകഥകളെ ആസ്പദമാക്കിയുള്ള പല നാടകങ്ങളും ചവിട്ടുനാടകചക്രത്തിൽ ഉൾപ്പെടുന്നവയായിട്ടുണ്ട്. പ്രസ്തുത നാടകങ്ങൾക്കു ചവിട്ടുനാടകം എന്ന പേർ എങ്ങനെ സിദ്ധിച്ചുവെന്നുള്ളതിനെക്കുറിച്ചു സ്വല്പം പ്രസ്താവിച്ചുകൊള്ളട്ടെ.

ആട്ടക്കഥയിൽ ആട്ടം പ്രധാനമായിരിക്കുന്നതുപോലെതന്നെ, ചവിട്ടുനാടകത്തിൽ ചവിട്ടിനാണു പ്രാധാന്യമുള്ളത്. യുദ്ധവീരന്മാരുടെ രണപാടവത്തെ പ്രദർശിപ്പിക്കുകയാണല്ലൊ ഈ നാടകത്തിലെ മുഖ്യസംഭവം. പൊക്കത്തിൽ പലക നിരത്തി തയ്യാർചെയ്തിട്ടുള്ള തട്ടിൽ പത്തിരുപതു നടന്മാർ അണിനിരന്ന് പാട്ടിനും താളത്തിനും ഒപ്പം, ചവിട്ടി ആടുക എന്നുള്ളതാണു തൽസന്ദർഭത്തിലെ പ്രധാനമായ അഭിനയം. അതിനാൽ പ്രസ്തുത നാടകാഭ്യസനത്തിൽ സർവ്വോപരി പ്രയാസമേറിയതും പ്രാധാന്യമേറിയതും താളമേളങ്ങൾക്കനുരൂപമായി കയ്യും മെയ്യും ചലിപ്പിച്ചു ചോടു ചവിട്ടുന്നതാണെന്നു സ്പഷ്ടമാകുന്നുണ്ടല്ലൊ. ഇങ്ങനെ ചവിട്ടു സർവ്വപ്രധാനമായിത്തീർന്നതുകൊണ്ടുതന്നെയാണ് ഈ നാടകത്തിനു ചവിട്ടുനാടകം എന്ന പേർ പ്രസിദ്ധമാകുവാനും കാരണം. പ്രസ്തുത നാ

ടകത്തെപ്പററി പണ്ഡിതനായ പ്രൊഫസർ, കെ. ജെ. അഗസ്റ്റിൻ പ്രസ്താവിച്ചിട്ടുള്ള ഒരു ഭാഗം ഇവിടെ ശ്രദ്ധേയമാണു്:—

'ചവിട്ടുനാടകം പഠിക്കുന്നതിനു ആഗ്രഹിക്കുന്നവർ ചേൎന്നു് എവിടെ നിന്നെങ്കിലും ഒരു 'അണ്ണാവിയെ വരുത്തുകയും, അയാളുടെ നിർദ്ദേശമനുസരിച്ചു, സൗകൎയ്യമുള്ള സ്ഥാനത്തു 'കളരി' കെട്ടുകയും ചെയ്യുന്നു. ഒരു 'ഒന്നാംക്ലാസ്സ്', അണ്ണാവിക്കു പാട്ടിലും ആട്ടത്തിലും ഒരുപോലെ പരിജ്ഞാനമുണ്ടായിരിക്കും; അയാൾ അഭ്യാസവും, ആയോധനമുറകളും, കറകളിയും ശീലിച്ചിട്ടുണ്ടായിരിക്കും. അയാൾ ആദ്യമായി പ്രധാന നടന്മാരെ നിശ്ചയിച്ചു്, ഗുരുദക്ഷിണ വാങ്ങിയശേഷം അവരെ ആയുധാഭ്യാസം ചെയ്യിക്കുന്നു. അതിനു ശേഷമാണു കഥ പഠിപ്പിക്കുന്നതു്. നാടകം മുഴുവനും ഗാനരൂപത്തിലുള്ളതാണു്. ഇംഗ്ലീഷിൽ Opera (സംഗീതനാടകം) എന്നു പറയുന്ന നാടകജാതിയെ ഇതു് അനുസ്മരിപ്പിക്കുന്നു. ഭാഷ തമിഴാണെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ഗദ്യം തീരെ ഇല്ല. വിരുത്തം, കവി, കാപ്പു്, തുകരം, കലിത്തുറ, ഇന്നിശൈ, ചിന്തു, ചൊല്ലു്, കൊച്ചകം, വെണ്പാ ആദിയായ സന്ദർഭോചിതമായ വണ്ണമട്ടുകളിലാണു ഗാനങ്ങൾ രചിക്കപ്പെട്ടിട്ടുള്ളതു്. കാറൾമാൻനാടകമൊഴികെ മറെറാന്നും അച്ചടിച്ചു കണ്ടിട്ടില്ല; ഓലയിലോ, കടലാസിലോ എഴുതി സൂക്ഷിച്ചു വരുന്ന നാടകഗ്രന്ഥങ്ങൾക്കു 'ചുവടി' എന്നാണു പേരു്. പ്രാഥമികപരിശീലനത്തെ 'ചൊല്ലിയാട്ടം' എന്നു പറയുന്നു. പഠനത്തിന്റെ ഏററവും പ്രയാസമേറിയ ഭാഗം ചവിട്ടാണു്. താളത്തിനും മേളത്തിനുമനുസരിച്ചു കയ്യുംമെയ്യും

കണ്ണും സന്ദർഭോചിതമായി ചലിപ്പിച്ചുവേണം ചോടു ചവിട്ടുവാൻ. ഒന്നുമുതൽ പന്ത്രണ്ടുവരെ ചോടുകൾ പഠിക്കുവാനുണ്ടു്. പാട്ടുപാടുമ്പോഴും കലാശത്തിനും പ്രയാസമേറിയ ചോടുകളുണ്ടു്. ചിലപ്പോൾ കവിത്തം പാടി—ഭാഗവതന്മാർ സ്വരം ചൊല്ലിക്കുന്നതുപോലെ—വേഷക്കാരെക്കൊണ്ടു ചോടു ചവിട്ടിക്കാറുണ്ടു്. പന്ത്രണ്ടു ചോടും ചവിട്ടുവാനുള്ള ഒരു കവിത്തം താഴെ ഉദ്ധരിക്കുന്നു:-

കർതിതാം—തൊങ്കതരികിട—തൊകതരികിടതക —
തിങ്ങനാം തക തിത്തതെത്ത—
തൊകർതരികിട—തൊകതരികിട, തകതിങ്ങനാം, തക
തിത്തതെത്ത—കർതിതൊങ്കതരികിട തൊകതരികിത
കി—തത്തടീംതക—തകതക—തടീം തൊങ്കതിലാങ്ക
തതിങ്കിനത്താം—

പ്രധാനവേഷക്കാരുടെ ഈ ചവിട്ടും അതോടൊന്നിച്ചുള്ള ചെണ്ടകൊട്ടും കഥകളിയെ അനുസ്മരിപ്പിക്കാതിരിക്കയില്ല.'

ചവിട്ടുനാടകം കഥകളിയുടെ ഒരു അനുകരണമായിരിക്കാമെന്നു മുമ്പേ സൂചിപ്പിച്ചിട്ടുള്ളതാണല്ലോ. കഥകളിയെ അനുസ്മരിപ്പിക്കുന്ന അനേകം ചടങ്ങുകൾ ഇതിലുണ്ടു്. അവ പലതും യാദൃച്ഛികമായി വന്നുചേർന്നതല്ലെന്നു രണ്ടിന്റെയും സാമാന്യസ്വരൂപംകൊണ്ടു മനസ്സിലാക്കാവുന്നതാണു്.

കഥകളിക്കു്, കളിദിവസം സന്ധ്യയാകുന്നതോടുകൂടി കേളി പെരുക്കുന്നു. ചെണ്ട, മദ്ദളം, ഇലത്താളം, ഈ ഉപ

കരണങ്ങളോടുകൂടി ആ കൃത്യം ഇവിടെയും നിർവ്വഹിക്കുന്നുണ്ട്. ഏകദേശം എട്ടുമണിയായാൽ രണ്ടാമത്തെ കേളി കൊട്ടു ആരംഭിക്കുകയും, അതോടുകൂടിത്തന്നെ വേഷക്കാർ വേഷമിടുന്നതിന് അണിയറയിൽ പ്രവേശിക്കുകയുമായി. കഥകളിയിലും അങ്ങനെതന്നെ. മൂന്നാംകേളി പെരുക്കുന്നതോടുകൂടി രണ്ടിടത്തും കളി ആരംഭിക്കുന്നു.

നാടകത്തിലെ പൂർവ്വരംഗ(നാന്ദി)ത്തിന്റെ സ്ഥാനത്തു കഥകളിയിൽ 'തോടയം' ഉള്ളതുപോലെ, ചവിട്ടുനാടകത്തിൽ അണ്ണാവിയും ഏതാനും പാട്ടുകാരുംകൂടി നിലവിളക്കിന്റെ പിന്നിൽ സ്ഥാനംപിടിച്ചു, നാടകം നിർവ്വിഘ്നം വിജയകരമായി പരിണമിക്കുവാൻ പാട്ടുതുടങ്ങുന്നു. രണ്ടിലും ഗദ്യം ഒന്നുപോലെ ശൂന്യമാണ്. 10 മണിക്കു കഥകളി ആരംഭിച്ചാൽ രാവിലെ 6 മണിക്ക് അവസാനിക്കുന്നു. ചവിട്ടുനാടകത്തിന്റെ ആദ്യന്തവും അതുപോലെതന്നെ.

ചവിട്ടുനാടകത്തിലെ സാഹിത്യം മലയാളം കലർന്ന തമിഴാണെന്നു മുകളിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. സന്ദർഭോചിതമായ രസസ്ഫുരണവിഷയത്തിൽ പ്രസ്തുത നാടകകർത്താക്കൾ പ്രത്യേകം ദൃഷ്ടിപതിച്ചിട്ടുണ്ട്. ചാറൽസ് മെയിൻ ചക്രവർത്തിയുടെ തിരെപുറപ്പാടിനെ സൂചിപ്പിക്കുന്ന ഒരു 'വിരുത്തം' നോക്കുക:—

'അനന്തനാമകുടമുടിശിരശിലങ്കതാർ വേന്തർമനംമകിഴച്ചെയ്തോലൊച്ചു—
ഉയർമതകരിപരികൾ ചൂഴ്ന്നുനിൻ്റു ഇലങ്കിയശോപനശത്തിതംപാട—
ഇലങ്കിതമായിരുപ്പുറം കനിതിവീശ ഇരിതത്തിരനെടികമൊന്നുനമാട—
മിങ്കനെന്തം കാറൾസ്മാനെമ്പിരത്തോർരായൻ ചെൻപാരത്തെപതിയിൽ—
തോവരുകിൻറാരെ'

(തങ്കം, രത്നം എന്നിവകൊണ്ടുള്ള കിരീടം ശിരോലങ്കാരമാക്കിയും, സാമന്തന്മാർ സന്തുഷ്ടചിത്തരാകത്തക്കവണ്ണം ചെങ്കോൽ ധരിച്ചും, കാലാൾ, കരി, കുതിര എന്നിവയുടെ അകമ്പടിയോടും, മനോഹരമായ സംഗീതധ്വനി മുഴക്കിയും, ഇരുപാർശ്വങ്ങളിലും വെഞ്ചാമരംവീശപ്പെട്ടും, മേഘനാദത്തെ ജയിക്കുന്ന ആചാരവെടികൾകൊണ്ട് ആകാശമണ്ഡലത്തെ ഭേദിച്ചും, സിംഹപരാക്രമിയായ കാറൾസ്മാൻ ചക്രവർത്തി ഇതാ രാജസഭയിലേക്ക് എഴുന്നെള്ളുന്നു.)

യുദ്ധരംഗത്തിൽ ശത്രുരാജാവിനെ കണ്ടുമുട്ടുമ്പോൾ ചില വീരവാദങ്ങൾ പരസ്പരം പുറപ്പെടുവിക്കാറുണ്ട്. നാടകത്തിൽ ആ ഭാഗത്തിനു 'കല' എന്നാണ് പേരുപറഞ്ഞുവരുന്നത്. കഥകളിയിലും ഇങ്ങനെ ഒരു ചടങ്ങുണ്ടെന്നറിയാമല്ലോ. പ്രതിപക്ഷബഹുമാനം, കഥകളിയെ അപേക്ഷിച്ചു കുറച്ചുകൂടി പരിഷ്കൃതമായ വിധത്തിൽ ചവിട്ടുനാടകങ്ങളിൽ പ്രയോഗിച്ചു കാണുന്നുണ്ട്.

ഈ നാടകങ്ങളിൽ ചില പ്രണയകഥകളും ഇല്ലെന്നില്ല. കാറൾസ്മാൻ ചക്രവർത്തിയുടെ സചിവേയനായ റൊൾദോമിന് ശത്രുരാജാവിന്റെ പുത്രിയായ 'ആഞ്ചലിക്ക'യിൽ അനുരാഗം ജനിക്കുകയും അവർ പരസ്പരം പ്രേമബദ്ധരായിത്തീരുകയും ചെയ്യുന്നു. പ്രണയപരവശനായ റൊൾദോമ് തന്റെ പ്രാണാധിദർത്രിയെ വർണ്ണിക്കുന്ന ഒരു ഭാഗം ഇവിടെ വക്തവ്യമാണ്—

'അമ്പരത്തിരുതിങ്കളിലങ്കം ചന്ദ്രൻതാനോ
അരിശനെയുമുകം താമരയോ ചേറ്റിനൊത്തും,

പണ്ടാരമോ കണ്ടെന്നെടുത്ത ചിമിഴോകൊണ്ടെ,
പാകമാകാതിരിച്ചിലമ്പോ ശുകിലോ ഗ്രന്ഥൽ,
ഇന്ദ്യാദിയിലാധിക്കിലെന്നെ മറവാതവാതങ്ങോ
എന്തിചെയ്യുന്നതെന്നേക്കാണായിരെടെലേപ്പ്രാണോ?
തുമ്പിപോൽ പറഞ്ഞുനാൻ ഇതിനെക്കാണാ
സുകൃതമെകരക്കകിട്ടുവീര് തോകതാതെ'

ഇതുപോലെ രസം തുളുമ്പുന്ന പല ഭാഗങ്ങളും ചവിട്ടുനാടകത്തിലുണ്ടു്. കഥകളിപോലെതന്നെ ഈ അഭിനയകലയും ലുപ്തപ്രചാരമായിത്തീൎന്നിരിക്കയാണു്. കഥകളി മുതലായ കേരളീയകലകളെ സമുദ്ധരിക്കുന്നതിൽ ബദ്ധശ്രദ്ധരായിതീൎന്നിട്ടുള്ള കലാമണ്ഡലം പ്രവൎത്തകന്മാർ, ആശയവൈശിഷ്ട്യം, ഗാനമാധുൎയ്യം, അഭിനയചാതുൎയ്യം എന്നിവയാൽ സമ്മേളിതമായ ഈ നാട്യകലയേയും പുനരുദ്ധരിക്കുവാൻ യത്നിക്കുന്നതു യുക്തമായിരിക്കും.



അദ്ധ്യായം 9

പലതരംകൃതികൾ

കുചേലവൃത്തം വഞ്ചിപ്പാട്ട്.

കേരളത്തിൽ വളരെ പുരാതനകാലം മുതല്ക്കുതന്നെ വഞ്ചിപ്പാട്ടുകൾ ഉത്ഭവിച്ചിട്ടുണ്ട്. എന്നാൽ അവയിൽ പലതും നഷ്ടപ്രായങ്ങളൊ, സാഹിത്യഗുണം കുറഞ്ഞവയൊ ആകുന്നു. സാഹിത്യഗുണംകൊണ്ട് ഏററവും പ്രാധാന്യമർഹിക്കുന്ന ഒരു പ്രാചീനകൃതിയാണ് രാമപുരത്തു വാര്യരുടെ കുചേലവൃത്തം വഞ്ചിപ്പാട്ട്. തിരുവിതാംകൂറിൽ 933-ാമാണ്ടു നാടുനീങ്ങിയ വീരമാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലത്താണ് പ്രസ്തുതകൃതിയുടെ നിർമ്മാണമെന്ന് അതിലെ പല പ്രസ്താവങ്ങൾകൊണ്ടു തെളിയുന്നു. അത്രതന്നെയുമല്ല, ഇതിന്റെ ഉത്ഭവത്തെപ്പററി പ്രസിദ്ധമായിട്ടുള്ള ഐതിഹ്യവും ഈ വസ്തുതയെ പ്രബലപ്പെടുത്തുകതന്നെ ചെയ്യുന്നുണ്ട്.

"കുചേലവൃത്തം വഞ്ചിപ്പാട്ടിന്റെ പ്രധാന ഗുണം സരളവും സ്ഫടികധവളവുമായ രീതിയിലുള്ള കഥാകഥനവും രസഭാവസ്ഫുരണത്തിനനുഗുണമായ ഭാഷാമധുര്യവുമാണ്" എന്നു പ്രൊഫസ്സർ ശങ്കരൻനമ്പ്യാർ അവർകൾ അഭിപ്രായപ്പെടുന്നു. കുചേലന്റെ ദ്വാരകയിലേയ്ക്കുള്ള യാത്ര, വഴിക്കുള്ള ചിന്താഗതി, തിരുമുല്ക്കാഴ്ചയായി കൊണ്ടുചെന്ന അവൽ ഭക്തവത്സലനായ ഭഗവാൻ വാങ്ങി ഭക്ഷിക്കുന്നതു്, എന്നിങ്ങനെയുള്ള ഭാഗങ്ങൾ

അതീവ ആസ്വാദ്യങ്ങളത്രെ. വളരെ വിശിഷ്ടങ്ങളായ ചില അലങ്കാരപ്രയോഗങ്ങളും ഈ കൃതിയുടെ മാഹാത്മ്യത്തെ വർദ്ധിപ്പിക്കുന്നുണ്ട്. കുചേലൻ ദ്വാരകയെ ദർശിക്കുന്ന ഒരു ഭാഗത്തെ വർണ്ണന നോക്കുക:—

> "രോമാഞ്ചമാകുമിക്കഞ്ചുകമൊന്നു സമ്മാനിച്ചരുളിയ
> ശ്രീമാനന്ദബാഷ്പപ്പൂരമീറനായി ചമയുകയും
> സീമാതീതാനന്ദാശ്രുവിൽ കുളിക്കകൊണ്ടു കുചേല–
> ഭൂമാമരനിതു പുടവായിട്ടതും.
> ഭക്തിയായ കാററു തൈക്കുകണക്കിലേറ്റു പെരുകിയ
> ഭാഗ്യപാരാവാരതരംഗപരമ്പരയാ
> ശക്തിയോടൊരുകൂടിവന്നു മാറിമാറിയെടുത്തിട്ടു
> ശാർങ്ഗിയുടെ പുരദ്വാരം പുക്കിതപ്പോൾ."

ഇതു് എത്രകണ്ടു രസപ്രദമായിരിക്കുന്നുവെന്നു പറഞ്ഞറിയിക്കാൻ പ്രയാസം. ദ്വാരകാപുരി കുചേലനു രോമാഞ്ചമാകുന്ന ഒരു കുപ്പായം സമ്മാനിച്ചുനൽകി. അമിതമായ ആനന്ദബാഷ്പം പൊഴികയാൽ കുപ്പായം ഈറനായതോടുകൂടി, കുചേലനു് അതു വലിയ ഭാരമായിത്തീർന്നു. അപ്പോളെന്തത്ഭുതം! ഭക്തിയാകുന്ന കാററു വീശി, ഭാഗ്യമാകുന്ന സമുദ്രം ഇളകിമറിഞ്ഞുണ്ടായ കല്ലോലപരമ്പര മാറിമാറി എടുത്തു കുപ്പായച്ചുമടു വഹിക്കുന്ന കുചേലനെ ദ്വാരകാപുരിയിലേക്കു പ്രവേശിപ്പിച്ചു. പോരേ? കുചേലൻ ദ്വാരക ദർശിച്ചപ്പോൾ കോൾമയിർ കൊള്ളുകയും, ആനന്ദാശ്രുക്കൾ പൊഴിക്കയും ചെയ്തു എന്നുള്ളതാണു പ്രതിപാദ്യം. എന്നാൽ വാരിയരുടെ അലങ്കാരപ്രയോഗത്തിൽ അതു് എത്രകണ്ടു ഹൃദ്യവും സുന്ദരവുമായിത്തീർന്നിരിക്കുന്നെന്നു ചിന്തിച്ചറിയേണ്ടതാണു്.

കൈകൊട്ടിക്കളിപ്പാട്ട്.

വഞ്ചിപ്പാട്ട്, കിളിപ്പാട്ട് മുതലായ കൈരളീഗാനങ്ങൾക്കൊപ്പം കേരളത്തിൽ പ്രചാരമുള്ള ഒരു സാഹിത്യപ്രസ്ഥാനമാണ് കൈകൊട്ടിക്കളിപ്പാട്ട്. ഇതിനെത്തന്നെ തിരുവാതിരപ്പാട്ട് എന്ന പേരും പറഞ്ഞുവരാറുണ്ട്. പ്രാചീനരീതിയിൽ ഗ്രാമങ്ങളിൽ അധിവസിക്കുന്ന മങ്കമാരാണ് ഇവയെ ഇക്കാലങ്ങളിൽ പാടിവരാറുള്ളത്. ഓരോ പ്രത്യേക സന്ദർഭങ്ങളിൽ, വിശേഷിച്ച് ധനുമാസത്തിലെ തിരുവാതിരനാളിൽ—അവർ ഈവക ഗാനങ്ങളെ ചേതസ്സമാകർഷമായ വിധത്തിൽ താളവൃത്തങ്ങളോടുകൂടി ഗാനംചെയ്യുന്നതു കേൾക്കാം. കേരളസംസ്കാരത്തിന്റെ ഒരു പ്രത്യേകതയായി ഈവക ഗാനങ്ങളെ ഗണിക്കാമെന്നു തോന്നുന്നു. കവിതയും സംഗീതവും ഇവയിൽ പലതിലും കുറവുതന്നെ. എങ്കിലും അകൃത്രിമമനോഹരങ്ങളായ ഈദൃശഗാനങ്ങളിലെ ഭാഷാശൈലിയെ ആരും അഭിനന്ദിക്കുകതന്നെ ചെയ്യും.

ഈ പ്രസ്ഥാനത്തിൽ പ്രസിദ്ധമായിട്ടുള്ള കൃതികളിൽ അധികമെണ്ണവും എഴുതിയിട്ടുള്ളത് കൊല്ലവർഷം 960-നിടയ്ക്കു കൊച്ചി തലപ്പിള്ളിത്താലൂക്കിൽ വടക്കാഞ്ചേരിയിൽ മച്ചാട്ടുദേശത്തു് ജീവിച്ചിരുന്ന ശാന്തമ്പിള്ളി നാരായണൻ ഇളയതാണെന്നു തോന്നുന്നു. വിദ്വാൻ മച്ചാട്ടി ഇളയതു് എന്ന പേരിൽ പ്രസിദ്ധനായിത്തീർന്നിട്ടുള്ളതും ഇദ്ദേഹം തന്നെയാണെന്നറിയുന്നു. പാർവ്വതീസ്വയംവരം, രാസക്രീഡ, വസ്ത്രാപഹരണം, അംബരീഷചരിതം, ഏകാദശീമാഹാത്മ്യം, സീതാസ്വയംവരം, ശാകു

ന്തളംഎട്ടുവൃത്തം എന്നുതുടങ്ങി ഒട്ടുവളരെ ഭാഷാഗാനങ്ങൾ ഇദ്ദേഹം രചിച്ചിട്ടുള്ളതായി അറിയുന്നുണ്ട്. കുഞ്ചൻനമ്പ്യാരുടെ രുഗ്മിണീസ്വയംവരം പത്തുവൃത്തവും, ശീലാവതി നാലുവൃത്തവും കേരളത്തിലെ തിരുവാതിരപ്പാട്ടുകളിൽ വളരെ പ്രസിദ്ധവും പ്രാചീനവുമായ രണ്ടു കൃതികളാണ്. അരിപ്പാട്ടു കൊച്ചുഗോവിന്ദവാരിയരുടെ ശാകുന്തളം പതിനാലുവൃത്തം എന്നുതുടങ്ങി വേറെയും പല കൃതികൾ ഈ ശാഖയിൽ പ്രസിദ്ധിനേടിയിട്ടുള്ളവയായിട്ടുണ്ട്.

പ്രസന്നവും സ്വാഭാവികവുമായ രീതിയിലാണ് ഈവക കൃതികൾ അധികവും കാണപ്പെടുന്നത്. ഏകാദശീമാഹാത്മ്യത്തിൽനിന്ന് ഒരുഭാഗം ഇവിടെ ഉദ്ധരിക്കാം. അംബരീഷന്റെ വ്രതഭംഗത്തെ കാംക്ഷിച്ചുകൊണ്ട് കാളിന്ദിയിൽ സ്നാനംചെയ്യുന്ന ദുർവ്വാസാവിനെ വർണ്ണിച്ചിരിക്കയാണ്:—

“കാലാരിസംഭവനായ മുനീന്ദ്രൻ—കാളിന്ദിയിൽ ചെന്നിറങ്ങി പതുക്കെ
കാലുകഴുകിയും കണ്ണുതുടച്ചും—കാതായവാറും നനച്ചുപിഴിഞ്ഞും
കാറ്റുമെത്തേറ്റു കടവിലിരുന്നും—കാളമാം തോയത്തിൽത്താണുകിടന്നും
കാലമൊട്ടേറെ കഴിഞ്ഞതാം നേരം—കാണാഞ്ഞു ഭൂപതി ചിന്തതുടങ്ങി”

എത്ര പ്രസന്നമായ ശൈലി!

“കല്യാണി കളവാണി ചൊല്ലു നീയാരെന്നതും
കല്യേ നീയാരുടെ പുത്രിയെന്നും”

ഇത്യാദിയായും,

“ആർത്തകുമാരിമാരായ ലോചന—
ഹാരീ കടന്നിട്ടുള്ളൻ കാന്തനാരായ്

കാൎത്താരിൻ വീണൊരരക്കൊണ്ടമൎന്നിടുന്ന
കാൎത്യായനിതന്നെ സേവിപ്പാനായ്
കാളിന്ദിയിൽച്ചെന്നു കാലേ കളിച്ചുടൻ
കാളീചരണങ്ങൾ ചിന്തിച്ചുള്ളിൽ
വല്ലാത്മജയെന്നിയെ വല്ലവിമാർ പിന്നാ-
വല്ലഭ തന്നുടെ പൂജചെയ്തു
ആടയഴിച്ചുവെച്ചാടൽക്കൂടാതെ നീ-
രാടിക്കളിച്ചങ്ങു നീളുംനേരം
വാരിജാക്ഷൻ മായാവാരിധി വസ്ത്രങ്ങൾ
വാരിക്കൊണ്ടാലിൻ മുകളിലേറി.... ....
കരയേണ്ട രാധേ! നീ കരയേറി വന്നാലും
കരയുള്ളതല്ലയോ നിന്റെ വസ്ത്രം?
കളവാണി! കാലത്തെക്കളയാതെ വന്നാകിൽ
കളവല്ല നിന്നുടെ നിൻചേല നല്കാം" (വസ്ത്രാപഹരണം)

എന്നാദിയായും ശ്രുതിമധുരങ്ങളായി പാടുന്ന പല ഗാനങ്ങളുടെയും നിരാഡംബരവും നിസൎഗ്ഗസുന്ദരവുമായ രീതിയെ ആരും അഭിനന്ദിക്കതന്നെ ചെയ്യും. നാട്ടിൻപുറങ്ങളിലെ ചില കുട്ടിമാൎമിഴിമാരുടെ സംരക്ഷണയിലാണു് ഇത്തരം ഗാനങ്ങൾ പലതും ഇപ്പോഴും സൂക്ഷിച്ചു വെച്ചിരിക്കുന്നതു്. ഭാഷാപ്രണയികളെങ്കിലും അവയിൽ ഉത്തമങ്ങളായവയെ എഴുതിവാങ്ങി പരിരക്ഷിച്ചില്ലെങ്കിൽ കാലപ്രവാഹത്തിൽ—പരിഷ്കാരപ്രവാഹത്തിൽ—അവയെല്ലാം ഒലിച്ചുപോയേക്കാനിടയുണ്ടു്.

ഒററശ്ലോകങ്ങൾ.

കുഞ്ചൻനമ്പ്യാരുടെ ശ്രീകൃഷ്ണചരിതം മണിപ്രവാളത്തിനുശേഷം വലിയകോയിത്തമ്പുരാന്റെ കാലംവരെ ആ പ്രസ്ഥാനത്തിൽ ഗണ്യമായ ഏതെങ്കിലും സാഹിത്യ

വ്യവസായം ചെയ്തിട്ടുള്ള കവികളും ഉണ്ടായിട്ടുണ്ടെന്നു പറയുവാനില്ല. പൂന്തോട്ടം, ചേലപ്പറമ്പ്, ഇടവെട്ടിക്കാട്ട് എന്നു തുടങ്ങി നമ്പൂരിമാരായ ഒട്ടുതന്നെ കവികളും ഇക്കാലഘട്ടത്തിൽ ജീവിച്ചിരുന്നവരാണ്. നമ്പ്യാരുടെ ഭാഷയേറിവരുന്ന മണിപ്രവാളത്തിൽ ചില ഒററശ്ലോകങ്ങളും മററും ഇവർ നിർമ്മിച്ചിട്ടുണ്ട്. അവയ്ക്കു സാഹിത്യലോകത്തിൽ സാമാന്യമായ വിലയും പ്രചാരവും സിദ്ധിച്ചിട്ടുമുണ്ട്.

> ‘പൂമെത്തമേലുഴന്നേററിരുന്ന മഹിതേ! പോകുന്നു താരാഗണ കേ-
> ളോമൻ കണ്ണിണനീരണിഞ്ഞു വദനപ്പൂരൊത്തു ശാലാഭം തദാ
> പൂമേനിത്തളിരൊത്തുമെച്ചമകൾമിനിമിഴിക്കുന്നതന്നെന്നുകെ-
> ട്ടുമാലോടലിലോമണി! ചൊന്ന മധുരമൊഴിയിന്നു കൊല്ലുന്നു മാം’
>
> (പൂന്തോട്ടം)

വികാരസ്ഫുരിതവും ഹൃദയസ്പർശിയുമായ ഈ പദ്യം ഒററശ്ലോകങ്ങൾക്കു മകുടം ചാർത്തുന്ന ഒന്നാകുന്നു. അതുപോലെതന്നെ പൂന്തോട്ടത്തിന്റെ—

> ‘കൂടില്ലാതൊരു ദുന്ദുകൊണ്ടു മുടിയും കൂടീട്ടു വൻകുറവും
> ചൂടിക്കൊണ്ടരിവാൾ പുറത്തു തിരുകി പ്രാന്തിക്കിതച്ചങ്ങിനെ
> നാടൻ കച്ചയുടുത്തു മേനിമുഴുവൻ ചേറും പുരണ്ടിപ്പുഴി-
> പ്പാടത്തൂന്നു വരുന്ന നിൻവരവു കണ്ടന്നെക്കൊതിക്കുന്നു ഞാൻ’

എന്ന പദ്യവും ഒററശ്ലോകങ്ങളിൽ മേലെക്കിടയിൽത്തന്നെ സ്ഥിതിചെയ്യുന്നു.

കൊല്ലവർഷം 950-ാമാണ്ടിനടുത്തു ജീവിച്ചിരുന്ന ഒരു നിമിഷകവിയാണ് ചേലപ്പറമ്പു നമ്പൂരി. നമ്പൂരിയുടെ നിമിഷകവനസാമർത്ഥ്യത്തെപ്പററി കേട്ടിരുന്ന സ്വ

പ്രസിദ്ധ വിദുഷീരത്നമായ കോഴിക്കോട്ടു മനോരമത്തമ്പു രാട്ടി, ഒരിക്കൽ ഇദ്ദേഹത്തെ കൊട്ടാരത്തിൽ വരുത്തി. നമ്പൂരിയെ കണ്ടയുടൻ, അല്പം പുച്ഛഭാവത്തോടും, മന്ദ ഹാസത്തോടുംകൂടി തമ്പുരാട്ടി ഇങ്ങനെ കല്പിച്ചു: 'ഉണ്ണി നമ്പൂരി നിമിഷകവനത്തിൽ അതിചതുരനാണെന്നു കേ ട്ടിട്ടാണ് ആളയച്ചു വരുത്തിയതു്. ഉടനെ ഒരു ശ്ലോകം നിർമ്മിച്ചു ചൊല്ലിക്കേട്ടാൽ കൊള്ളാം!' കല്പന കേട്ട ആ നിമിഷത്തിൽത്തന്നെ സരസനായ ചേലപ്പറമ്പൻ ചൊ ല്ലിയ ഒരു ശ്ലോകമാണ് താഴെ ചേർന്നതു്:—

'ചന്ദ്രക്കുള്ളിലതല്ലം [illegible] തൊഴുന്നേൻ—
[illegible] തൊഴുന്നേൻ
[illegible] തൊഴുന്നേൻ
നെറ്റിക്കീഴിൽ കിടക്കും [illegible] തൊഴുന്നേൻ.'

ഒരു ദിവസം വാസഗൃഹത്തിനു സമീപമുള്ള ചാ ലിയാറു കടക്കുവാൻ സംഗതിയായി. അദ്ദേഹം ചെന്ന സ മയം കാറ്റും ഓളവും അതിൽ വളരെ വർദ്ധിച്ചിരുന്നു. തത്സമയം കവി,

'[illegible]! [illegible]! തൊഴാം—
[illegible]
[illegible]
[illegible] കാറ്റും [illegible]'.

എന്ന പദ്യം നിർമ്മിച്ചു ചൊല്ലുകയും, ഉടനെ നദിയിലെ വീചികൾ പ്രശാന്തമായിത്തീരുകയും ചെയ്തുവത്രെ. ഈ കവിതന്നെ വെളിയിൽ പടർന്നുകിടന്നിരുന്ന കല്ലു പറി ച്ചെടുത്ത അവസരത്തിൽ ചൊല്ലിയ ഒരു ശ്ലോകമാ ണിതു്:—

'പാടത്തിൽക്കരനീളെ നീലനിറമായ് വേലിക്കൊരാഘോഷമാ-
യാടിത്തുള്ളിയലഞ്ഞുലഞ്ഞു സുകൃതം കൈകൊണ്ടിരിക്കുംവിധൌ
പാരാതേ വരികെൻറെ കയ്യിലധുനാ പിച്ചകപുഷ്പങ്ങളേയും
മേടിച്ചുള്ളതിനോ കണ്ണുവള്ളിതരാസ പെറ്റുള്ള പൈതങ്ങളേ.'

സഹൃദയശ്ലാഘയെ അർഹിക്കുന്നവയായ ഒട്ടുവളരെ ഒററ ശ്ലോകങ്ങൾ ചമ്പൂകാരന്മാരുടെ കാലം മുതല്ക്കു ഭാഷയിൽ ഓരോ കവികളാൽ ഓരോ സന്ദർഭങ്ങളിലായി നിർമ്മിക്കപ്പെട്ടിട്ടുണ്ട്. അവയിൽ പലതും കാലയവനികയ്ക്കുള്ളിൽ മറഞ്ഞുകൊണ്ടിരിക്കയാണ്.

'ലോലിപ്പൂത്തുന്നതെന്നുതന്റെവെറുവയറിന്മേൽ പിടിച്ചുള്ളതകൾ
ശ്രീപത്മാംഗതവും ഭജിച്ചുപലകാലത്തിന്റെ ദുഃഖേശപരാൻ
നീപോയ് പൂതപൂകളുകൾപാർത്തിരിപ്പതും കെട്ടീട്ടുവാൻ ചിന്തമേ
പാപീ, കംസവൈരിചേവടി നിനച്ചീടിൽ പിഴച്ചീടുമോ?'

എന്നിങ്ങനെ ഫലിതഗർഭങ്ങളും ആശയസമൃദ്ധങ്ങളുമായ അനേകം മുക്തകങ്ങൾ അവയിൽപെട്ടുപോകുന്നുണ്ട്. അങ്ങനെയുള്ളവയെ തേടിപ്പിടിച്ച് സന്ദർഭവിവരണങ്ങളോടുകൂടി പ്രസിദ്ധപ്പെടുത്തുന്നതു നന്നായിരിക്കും. സരസശ്ലോകങ്ങൾ എന്ന നാമധേയത്തിൽ മാലൂർ ഗോപാലൻ നായർ ചിലതു പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതായി ഓർക്കുന്നുണ്ട്. ഒററ ശ്ലോകങ്ങൾ പ്രസിദ്ധപ്പെടുത്തുന്ന വിഷയത്തിൽ രണ്ടു പ്രധാന വൈഷമ്യങ്ങളാണ് ഇപ്പോൾ ഉള്ളത്. ഒന്നാമത്, പല ശ്ലോകങ്ങളുടേയും പ്രണേതാക്കൾ ആരെല്ലാമെന്ന വിവാദരഹിതം നിർണ്ണയിക്കുവാൻ കഴിയാതിരിക്കുന്നു. ഈ അർവ്വാചീന കാലത്തുണ്ടായ 'പൂമെത്തമേലെഴുന്നേററിരുന്നു' എന്ന സുപ്രസിദ്ധ പദ്യംതന്നെ പൂന്തോട്ടത്തിൻേറതോ, വെണ്മണിയുടേയോ എന്ന സം

ശയാസ്പദമായിത്തീൎന്നിട്ടുണ്ട്. രണ്ടാമതായി കാണുന്ന ബു
ദ്ധിമുട്ട്, നഗ്നമായ ശൃംഗാരം നിറഞ്ഞുള്ളതായിപ്പോയി
അധികം ശ്ലോകങ്ങളും എന്നുള്ളതുതന്നെ. അത്തരം ശ്ലോ
കങ്ങൾക്കു സഹൎഷം സ്വാഗതമരുളാൻ ഇക്കാലത്തു് അധി
കം പേരുണ്ടായിരിക്കയില്ലെന്നുള്ളതു തീൎച്ചയാണല്ലോ.
എന്നുവരികിലും പ്രസ്തുത ശ്ലോകങ്ങളിലെ ഒഴുക്ക്, ശയ്യാ
ഗുണം, രസഗുംഫനം, ഫലിതം, ഭാവഭംഗി മുതലായ കാ
വ്യഗുണങ്ങളെ അധുനാതനന്മാരും അനാദരിക്കുമെന്നു
തോന്നുന്നില്ല.



അദ്ധ്യായം 10

കേരളവർമ്മ വലിയകോയിത്തമ്പുരാൻ

കുഞ്ചൻനമ്പ്യാരുടെ തുള്ളൽക്കഥകൾക്കും ഇരയിമ്മൻതമ്പിമുതലായവരുടെ ആട്ടക്കഥകൾക്കുംശേഷം മലയാളപദ്യസാഹിത്യം തഴച്ചു വളരുവാൻ തുടങ്ങിയതു വിദ്വച്ഛിരോമണിയായ കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ കാലംമുതല്ക്കാണ് — മലയാള ഗദ്യസാഹിത്യത്തിന്റെ പരമോന്നതപരിപോഷകൻ എന്ന നിലയിൽ സുപ്രസിദ്ധനായിത്തീർന്നിട്ടുള്ള ആ തിരുമേനിയുടെ ഗദ്യകൃതികൾക്കാണ് സാഹിത്യചരിത്രത്തിൽ പരമപ്രാധാന്യം നൽകേണ്ടതെന്നുള്ളതിനു സംശയമില്ല. എന്നാൽ തൽസംബന്ധമായി എന്തെങ്കിലും ഇവിടെ പ്രതിപാദിക്കുന്നതു് അപ്രകൃതമായിരിക്കുമല്ലോ.

കാവ്യലോകത്തിൽ തിരുമനസ്സിലെ കരസ്പർശം ഏല്ക്കാത്തതായ ഏതെങ്കിലും പ്രസ്ഥാനം അക്കാലത്തുണ്ടായിരുന്നുവോ എന്നുതന്നെ സംശയമാണ്. ആട്ടക്കഥകൾ, തുള്ളലുകൾ, ചമ്പുക്കൾ, സന്ദേശങ്ങൾ, കിളിപ്പാട്ടുകൾ മുതലായി അക്കാലത്തു പ്രചാരത്തിലിരുന്ന സാഹിത്യശാഖകളിൽ പലതിലും അവിടുന്നു പ്രവേശിച്ചുനോക്കാതിരുന്നിട്ടില്ല. ഈ വ്യവസായത്തിൽ 'മയൂരസന്ദേശ'ത്തിനാണ് സർവ്വപ്രാധാന്യവും പ്രചുരപ്രചാരവും സിദ്ധിച്ചിട്ടുള്ളതു്. മലയാളത്തിലെ സന്ദേശകാവ്യങ്ങളിൽ നിർമ്മാണകാലക്രമം അനുസരിച്ചുനോക്കിയാൽ ഈ കൃതി ദ്വി

തീയസ്ഥാനമേ അർഹിക്കുന്നുള്ളുവെങ്കിലും, കാവ്യഗുണം കൊണ്ട് അദ്വിതീയസ്ഥാനത്തെ അർഹിക്കുന്നുണ്ട്. സാങ്കേതികപ്രസ്ഥാനത്തിൽ അർവ്വാചീനകാലത്തു പുറപ്പെട്ടിട്ടുള്ള കാവ്യഗ്രന്ഥങ്ങളിൽ മയൂരസന്ദേശം അഗ്രിമസ്ഥാനത്തെ അർഹിക്കുന്നുണ്ടെന്നുകൂടി പറയാം.

വലിയകോയിത്തമ്പുരാൻ തുടങ്ങിയവരുടെ കൃതികളിൽ 'കവിത' ഇല്ലെന്നും, അവർ വെറും 'ശ്ലോകി'കൾ മാത്രമാണെന്നും ചില രസികചക്രവർത്തികൾ അടുത്ത കാലത്ത് അപലപിച്ചിട്ടുള്ള കഥ ഈ അവസരത്തിൽ സ്മരണയിൽ വന്നുകൂടുന്നു. ആ മഹാരസികന്മാർ തിരുമനസ്സിലെ സ്വതന്ത്രകൃതിയായ പ്രസ്തുത സന്ദേശത്തിലെ—

‘ഓമൽപ്പിച്ചിത്തളിരടിയിലത മന്ദലോലമിതാ വക്ത്രബിംബ—
ന്നോമൽക്കിന്നാ പുതുമലർ പറിക്കെ ത്തുടിപ്പിച്ചിരുന്നോൾ,
പ്രേമക്രോധങ്ങളിലെരവതി സൗഖ്യദാരാളിലാശീ
ശ്രീമന്ദസ്മിതസുഷമയിയാകുന്നതാലിച്ചിരുന്നേൻ.’

എന്നിങ്ങനെയുള്ള ഭാവമധുരങ്ങളായ ശ്ലോകങ്ങളും,

‘മല്ലീജാതിപ്രഭൃതി കുസുമസ്മേരമായുല്ലസിഷ്ഠം
സല്ലീലാളി കിസലയകരംകൊണ്ടു നിന്നെത്തലോടും
വല്ലീനാം നീ പരിചയരസം പൂണ്ടു കണ്ണുവാലാമോ—
ല്ലല്ലീലോമാമാ ചിരതരമിതിന്നങ്ങമാന്തിച്ചിടൊല്ലാ.’

എന്നിങ്ങനെ ചമൽക്കാരസമ്പൂർണ്ണങ്ങളായ ശ്ലോകങ്ങളും മറ്റും വെറും പദ്യങ്ങളായി മാത്രമേ ഗണിക്കുന്നുള്ളുവെങ്കിൽ അവരുടെ രസികത്വത്തിനും സഹൃദയത്വത്തിനും "നമോവാകം നമോവാകം" എന്നു പറയുകയേ നിവൃത്തിയുള്ളു.

മലയാളസാഹിത്യത്തിൽ നാടകം എന്നൊരിനത്തെ ആദ്യമായി അവതരിപ്പിച്ചിട്ടുള്ളതും, ആ വഴിക്കു പദ്യസാഹിത്യത്തിനു കൂടുതൽ പ്രഭാവം വരുത്തീട്ടുള്ളതും വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടത്രെ. കാളിദാസന്റെ അഭിജ്ഞാനശാകുന്തളത്തെ സംസ്കൃതാനഭിജ്ഞന്മാരായ കേരളീയൎക്കുവേണ്ടി പ്രഥമമായി പരിഭാഷപ്പെടുത്തിയ ഈ മഹാനെ 'കേരളകാളിദാസൻ' എന്ന ബിരുദംകൊണ്ടു കേരളീയർ അദ്യാപി ആദരിച്ചാരാധിച്ചുവരുന്നു. ചരിത്രപ്രാധാന്യത്തെ അൎഹിക്കുന്ന ഒരു മഹാസംഭവത്തെ പുരസ്കരിച്ചു നൽകപ്പെട്ടിട്ടുള്ള ഈ 'കേരളകാളിദാസപ്പട്ടം' ആൎക്കെങ്കിലും ഇനി മറെറാരാളിലേയ്ക്കു മാറാവുന്നതൊ, മാറിയാൽ സ്ഥിരപ്രതിഷ്ഠ ലഭിക്കാനിടയുള്ളതോ അല്ലതന്നെ.

സംസ്കൃതസാഹിത്യവുമായി നിത്യസംസൎഗ്ഗമുണ്ടായിരുന്ന തിരുമനസ്സിലെ മണിപ്രവാളഭാഷ, ചമ്പുക്കളും, ആട്ടക്കഥകളും, എന്നിവയിലെ രീതിയിൽനിന്ന് അധികം ഭിന്നമല്ലാതെ തീൎന്നതിൽ അത്ഭുതപ്പെടാനൊന്നുമില്ലല്ലൊ. എന്നല്ല, അക്കാലത്തെ കേരളീയാഭിരുചി അതിനനുകൂലമായിരുന്നതാനും.

തിരുവിതാംകൂറിൽ ഇന്നത്തെ മലയാളം പള്ളിക്കൂടങ്ങളും ആദ്യമായി ഏൎപ്പെടുത്തിയതു് 1040-ാമാണ്ടു മുതല്ക്കാണെന്നു തോന്നുന്നു. അക്കാലംവരെ മലയാളഭാഷയേയും മലയാളവിദ്യാഭ്യാസത്തേയും സംസ്കൃതത്തിൽനിന്ന് അധികം ഭിന്നമായി ആരും ഗണിച്ചിരുന്നില്ല. ആധുനികമണിപ്രവാളത്തിന്റെ ജനയിതാവെന്നു പറഞ്ഞു

വരുന്ന എഴുത്തച്ഛൻതന്നെ.—

> 'അൻപത്തൊന്നക്ഷരവുമാരമ്പറിന്തൻമൊഴിയി-
> ലൻപൊടു ചേൾ ഹരിനാരായണായനമഃ'

എന്നു പ്രയോഗിച്ചിട്ടുള്ളതു നോക്കുക. സംസ്കൃതത്തിലെ അൻപത്തൊന്നക്ഷരം, അതിനെത്തുടൎന്ന് "അമരം", "രൂപം", 'കാവ്യം' എന്നീ ക്രമത്തിൽ മലയാളവിദ്യാഭ്യാസം നയിച്ചിരുന്ന ജനതതിക്ക്, മലയാളവിദ്യാലയങ്ങളുടെ പ്രത്യേകമായുള്ള സ്ഥാപനം അനാശാസ്യവും അപഹാസ്യവുമായി തോന്നിയതിൽ അത്ഭുതപ്പെടുവാനില്ല. അന്നു തിരുവിതാംകൂറിൽ ദിവാനായിരുന്നതു് സർ. ടി. മാധവരായരവർകളുമായിരുന്നു. തന്നിമിത്തം മാതൃൽപ്രിയന്മാരിൽചിലർ,

> 'പണ്ടു നാട്ടിൽ പരന്ന പ്രഥിതതരമതാം സംസ്കൃതത്തിന്നിദാനീ-
> മുണ്ടായുള്ളോരനാദരമതിനു ദിവാനല്ലയോ ഹേതുഭൂതൻ?
> തണ്ടാർമാതിൻകടാക്ഷാമൃതപരിചിതനായ് മാധവീയാഭിധാനം
> പൂണ്ടീടും സംസ്കൃതത്തിന്മഹിമയറിയാതെന്തു വിദ്യാഭിവൃദ്ധി?'

എന്നിങ്ങനെ ചില ആക്ഷേപങ്ങളും മറ്റും പുറപ്പെടുവിക്കുകൂടി ഉണ്ടായിട്ടുണ്ട്. ഏതാദൃശമായ ഒരു കാലഘട്ടത്തിലാണ് സാഹിത്യലോകത്തിൽ വലിയകോയിത്തമ്പുരാനവർകളുടെ രംഗപ്രവേശമുണ്ടായതു്. ഈ സംഗതികൾ സ്മരിക്കുന്നതായാൽ അദ്ദേഹത്തിന്റെ കൃതികളിൽ കാണുന്ന സംസ്കൃതപക്ഷപാതിത്വം കാലോചിതമായിരുന്നു എന്നു മാത്രമേ പറയുവാനുള്ളൂ. അതിനാൽ—

> 'യാതൊന്നാദിപ്രചണ്ഡപ്രതാപകമഹ ഹരിവിഷ്ണുമഹിമം വീതിമോഹാന്തർ
> മോദാന്താത്മാനം ജിനോന്മൻ നിശയുടെ പതിയും നാളലക്ഷ്യം നശ്ശ്ശു'

ഭൂതാനാം സാമ്യതന്തിൽ പ്രകൃതി പ്രഥിതമായും പ്രാണനായ് മാരുതൻതാ–
ന്നന്തർഭാഗത്തിലെല്ലാമവികലമവനു ഭോഗമാരയശ്ശാലിനീശൻ.'

(ശാകുന്തളം തർജ്ജമ)

'മാരക്രീഡാമഹലമഹളയിൽ ജാലമാർഗ്ഗേണ ലീലാ–
ഗാരക്രോഡേ നിഭൃതഗതിയായെത്തി നിത്യം നിശായാം
ദാരസ്ത്രീണാം വപുഷി വിലസും സ്വേദബിന്ദുക്കളാകും
ഹാരസ്തോമം ഝടിതി വിരുതുന്ന ചോരൻ സമീരൻ'

(മ. സന്ദേശം)

'മന്യുപ്രചാരതിമിരക്കുളമുപകാരമേക–
മന്യുക്ഷണത്തിലുടനന്തകനെന്തിടുമ്പോൾ?
സംതൃപ്യ സദ്വിഷയാശ്രയമന്തരംഗേ
ചിന്ത്യം സദാ ഹൃദി ഭവന്തകപാദമേകം'

(ശ്രീപത്മനാഭപാദശതകം)

ഇങ്ങനെ പ്രത്യയാന്തങ്ങളോടു സംസ്കൃതപദങ്ങൾ ഇടകലർന്നുള്ള മണിപ്രവാളഭാഷയാണ് തിരുമനസ്സിലേക്ക് അധികം സ്വാധീനവും പ്രിയതരവുമായിരുന്നത്. എന്നാൽ–

'രണ്ടും മൂന്നും തവണ കൃഷിയേറുന്ന കണ്ടങ്ങളേയും
വണ്ടും ഞണ്ടും വടിവൊടു കളിക്കുന്ന കുള്ളങ്ങളേയും
തണ്ടും കെട്ടിത്തരമൊടു ചരിക്കുന്ന വള്ളങ്ങളേയും
കണ്ടുംകൊണ്ടിച്ചുപ്പുഴകടന്നാൽ തിരമാറ്റേണ്ട പോക.'

'കല്ലാലെത്തി കളികമിയലും കട്ടികർഷം പറിക്കാൻ....

(മ. സന്ദേശം)

എന്നിങ്ങനെ ഒരേ കാവ്യത്തിൽതന്നെ ഭാഷയേറിവരുന്ന ലളിതമണിപ്രവാളത്തേയും ഇഷ്ടംപോലെ പ്രയോഗിക്കുന്നതിനു വൈദഗ്ദ്ധ്യമുണ്ടായിരുന്ന ഈ കവിയുടെ

വാണീവിലാസം വിസ്മയനീയമെന്നേ പറയുവാൻ തരമുള്ളൂ.

മണിപ്രവാളകവിതയിൽ വലിയകോയിത്തമ്പുരാൻ വരുത്തിയിട്ടുള്ള ഒരു പരിഷ്കാരം ദ്വിതീയാക്ഷരപ്രാസനിർബ്ബന്ധമാകുന്നു.

> 'വാസനാശീലപുമാന്റെ വാക്കിനു സജാതീയദ്വിതീയാക്ഷര-
> പ്രാസം ചേർപ്പതു കൈരളീമഹിളക്കു മംഗല്യമാണോർക്കണം'

എന്നുള്ള അഭിപ്രായമാണു് ഈ വിഷയത്തിൽ തിരുമനസ്സിലെയ്ക്കുണ്ടായിരുന്നതു്. സാരസ്യജനകങ്ങൾക്കു് ഐകരൂപ്യമുള്ള ദ്വിതീയാക്ഷരപ്രാസത്തിൽ വലിയകോയിത്തമ്പുരാന് വളരെ പ്രിയമായിരുന്നു. അദ്ദേഹം പരിഷ്കരിച്ചു പുഷ്ടിപ്പെടുത്തിയ ഈ പ്രാസത്തെ 'കേരളവർമ്മപ്രാസം' എന്നുകൂടി പറഞ്ഞുവരാറുണ്ടു്. വലിയകോയിത്തമ്പുരാനെ അനുകരിച്ചു ഗതാനുഗതികന്മാർ പലരും വഴിപിഴച്ചു് ഈ പ്രാസപ്രയോഗത്തിൽ ഭ്രമിക്കുകയും, അതോടുകൂടി അക്കാലത്തു സാഹിത്യലോകത്തിൽ ഒരു പ്രാസയുദ്ധംതന്നെ നടക്കുകയുംചെയ്തു.

> 'പ്രാസം വേണ്ടെന്നൊരാളും പരമിതു വളരെ-
> ബ്ഭംഗിയാണെന്നു വീരാ-
> യാസം പ്രാസംപ്രയോഗിപ്പൊരു കവിവരരും
> തങ്ങളിൽ പോരടിച്ചു,
> ആ സംഗ്രാമത്തിൽ മദ്ധ്യസ്ഥത തടവി മഹാ-
> മാന്യനായ് വാണിജിഹ്വാ-
> വാസം ചെയ്യുന്നൊരാൾവന്നവരിവരെയും
> രാജിയാക്കിപ്പിരിച്ചു!'

പ്രസ്തുതസംഗതികൾ കേരളമൊട്ടുക്കു പ്രസിദ്ധവും

സാഹിത്യപ്രണയികൾ ഇപ്പോഴും സ്മരിച്ചുകൊണ്ടിരിക്കു
ന്നതുമാണല്ലൊ.

ശാകുന്തളം തൎജ്ജമയിൽ തിരുമനസ്സുകൊണ്ട് ഈ
പ്രാസപ്രയോഗം സാൎവ്വത്രികമായി സ്വീകരിച്ചിട്ടുണ്ടെ
ന്നു പറയുവാനില്ല. എന്നാൽ അത് അശക്തികൊണ്ടു
ല്ലെന്നുള്ളതു സ്പഷ്ടവുമാണ്. 'ദൈവയോഗം', 'പ്രിയഭാഗി
നേയ'ന്റെ അഭിലാഷമനുസരിച്ച് 'പ്രാസപ്രയോഗനി
യമത്തെയൊഴിച്ച്' ചമച്ചിട്ടുള്ള ഒരു നവ്യകാവ്യമത്രെ.
തിരുമനസ്സിലെ മററുള്ള എല്ലാ കൃതികളിലും ഈ നിയ
മം നിൎബ്ബന്ധമായി അനുഷ്ഠിച്ചു കാണുന്നുണ്ട്. എന്നാൽ
ഈ പ്രാസനിൎബ്ബന്ധംകൊണ്ടു 'തമ്പുരാട്ടി'യുടെ ഗളഹസ്ത
മം ചെയ്തതുപോലുള്ള യാതൊരു അഭംഗിയും അദ്ദേഹ
ത്തിന്റെ കൃതികൾക്കു സംഭവിച്ചിട്ടില്ലെന്നു തീൎത്തു പ
റയാവുന്നതാണ്. "കൃതി സമുചിതമട്ടിൽ പ്രാസമൂന്നി
പ്രയോഗിപ്പതിന്നു കഴിയുവോളമെന്നൎത്ഥം ഭംഗപ്രസംഗം."
എന്നു വള്ളത്തോൾ ചെയ്തിട്ടുള്ള പ്രശ്നം വലിയകോ
യിത്തമ്പുരാനെ സംബന്ധിച്ചിടത്തോളം എത്രയും അന്വ
ൎത്ഥമായി കാണുന്നുണ്ട്. അദ്ദേഹത്തിന്റെ 'അന്യാപദേ
ശശതകം' തൎജ്ജമ ഒന്നുമാത്രം പരിശോധിച്ചാൽ ഈ
വാസ്തവം സ്പഷ്ടമായി ഗ്രഹിക്കാവുന്നതാണ്.

സുസമ്മതനായ സാഹിത്യസമ്രാട്ടും, സമകാലിക
ന്മാരായിരുന്ന സാഹിത്യകാരന്മാൎക്ക സൎവ്വപ്രകാരേണ
ഹസ്താവലംബവും ആയിരുന്ന ഈ പുണ്യശ്ലോകന്റെ
നാമധേയം കേരളഭാഷാപ്രണയികളിൽ ഒരാളും ഒരുകാ
ലത്തും വിസ്മരിക്കുമെന്നു കരുതാവുന്നതല്ല.

മററു തർജ്ജമകളും സന്ദേശങ്ങളും.

വലിയ കോയിത്തമ്പുരാന്റെ കാലംമുതൽ ഭാഷാപദ്യസാഹിത്യത്തിനുണ്ടായിട്ടുള്ള ഉന്നതി എത്രയും അത്ഭുതാവഹമായ ഒന്നാണ്. ശാകുന്തളം തർജ്ജമയെ പിന്തുടൎന്നു സംസ്കൃതസാഹിത്യത്തിൽനിന്ന് ഒട്ടുവളരെ നാടകങ്ങൾ കേരളകവികൾ വിവൎത്തനം ചെയ്യുവാൻ ആരംഭിച്ചു. ഉത്തരരാമചരിതം, വിക്രമോൎവ്വശീയം, മാളവികാഗ്നിമിത്രം, മഹാവീരചരിതം, മുദ്രാരാക്ഷസം, രത്നാവലി, മൃച്ഛകടികം, ചാരുദത്തൻ, വേണീസംഹാരം, പ്രതിമാനാടകം, സ്വപ്നവാസവദത്തം, പഞ്ചരാത്രം, ജാനകീപരിണയം, ദൂതവാക്യം, മൈഥിലീപരിണയം മുതലായ ഇങ്ങനെ ഉത്ഭവിച്ചിട്ടുള്ളവയാണ്. ഇവയിൽ ചിലതിന് ഒന്നിലധികം തർജ്ജമകളും ഉണ്ട്. ശാകുന്തളത്തിനു തന്നെ ആറോ ഏഴോ തർജ്ജമകൾ ഉള്ളതായി അറിയുന്നു. ഈയിടെ ആറ്റൂരിന്റെയും, വള്ളത്തോളിന്റെയും തർജ്ജമകൾകൂടി പുറത്തുവന്നിട്ടുണ്ടല്ലൊ. എന്നാൽ വലിയ കോയിത്തമ്പുരാന്റെ തർജ്ജമയ്ക്കുള്ള മനോഹാരിതയും പ്രഭാവാതിശയവും ഒന്നു വേറെതന്നെയാണെന്ന് ആരും സമ്മതിക്കാതിരിക്കയില്ല.

നാടകതർജ്ജമകൾക്കു പുറമെ കേരളകാളിദാസൻ തുറന്നിട്ട മാർഗ്ഗത്തിൽകൂടി സഞ്ചരിച്ച് കാളിദാസകൃതികളുടെ ഇതരകാവ്യങ്ങളേയും ഇവരിൽ പലരും തർജ്ജമ ചെയ്യുവാൻ തുടങ്ങി. കോകിലസന്ദേശം, കുമാരസംഭവം, രഘുവംശം, മേഘസന്ദേശം, മാഘം, നൈഷധം, കിരാതാർജ്ജുനീയം, ആംഗലസാമ്രാജ്യം, ശ്രീകൃഷ്ണവിലാ

സം, ഭോജചമ്പു, ഭാരതചമ്പു മുതലായ ഇവയിൽ പ്രധാനമായി ഗണിക്കാവുന്നവയാണ്. കാവ്യനാടകഗ്രന്ഥങ്ങളുടെ ഗുണവൈശിഷ്ട്യംകൊണ്ട് മലയാളപദ്യസാഹിത്യത്തെ പരിപോഷിപ്പിച്ചിട്ടുള്ളവരിൽ, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ, ഏ. ആർ. രാജരാജവൎമ്മ കോയിത്തമ്പുരാൻ, കണ്ടൂർ നാരായണമേനോൻ, കടത്തനാട്ടു കൃഷ്ണവാൎയ്യർ, കവിയൂർ രാമൻനമ്പ്യാർ, ഉണ്ണികൃഷ്ണവാരിയർ, പന്തളത്തു കേരളവൎമ്മതമ്പുരാൻ, കെ. സി. കേശവപിള്ള, കെ. പി. കറുപ്പൻ, പി. എസ്സ്. പുരുഷോത്തമൻ നമ്പൂതിരി, കെ. ശങ്കരവാരിയർ മുതലായവരുടെ നാമധേയങ്ങൾ പ്രത്യേകം സ്മരണീയമായിരിക്കുന്നു.

വലിയകോയിത്തമ്പുരാന്റെ മയൂരസന്ദേശത്തെ പിന്തുടൎന്ന് അനേകം സന്ദേശകാവ്യങ്ങളും ഭാഷയിൽ അവതരിച്ചു. ഗരുഡസന്ദേശം, വിപ്രസന്ദേശം, കപോതസന്ദേശം മുതലായവ ഇങ്ങനെ ഉണ്ടായിട്ടുള്ളവയിൽ പ്രാധാന്യത്തെ അൎഹിക്കുന്നവയാണ്. ഭാത്സൂഹാസസന്ദേശം സന്ദേശകാവ്യങ്ങളുടെ തിരക്കം തടുക്കുവാൻവേണ്ടി ശ്രീ ബൊള്ളി രചിച്ചിട്ടുള്ള പ്രസിദ്ധ പരിഹാസകാവ്യമാണല്ലൊ.



അദ്ധ്യായം 11

മഹാകാവ്യങ്ങൾ.

വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലെ കാലത്തുതന്നെ ഉത്ഭവിച്ചിട്ടുള്ള ഒരു സാഹിത്യപ്രസ്ഥാനമാണ് മലയാളത്തിലെ സ്വതന്ത്ര മഹാകാവ്യങ്ങൾ. അഴകത്തു പത്മനാഭക്കുറുപ്പിന്റെ രാമചന്ദ്രവിലാസം, പന്തളത്തിന്റെ രുക്മാംഗദചരിതം, വള്ളത്തോളിന്റെ ചിത്രയോഗം, ഉള്ളൂരിന്റെ ഉമാകേരളം, കെ. സി. കേശവപിള്ളയുടെ കേശവീയം, കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാന്റെ പാണ്ഡവോദയം, ഗോശ്രീശാദിത്യചരിതം, വഞ്ചീശവംശം, കട്ടക്കയത്തിൽ ചെറിയാൻ മാപ്പിളയുടെ ശ്രീയേശുവിജയം, വടക്കുംകൂർ രാജരാജവർമ്മ രാജാവിന്റെ രാഘവാഭ്യുദയം, രഘുവീരവിജയം, കമ്മനം ഗോവിന്ദപ്പിള്ളയുടെ ശ്രീചിത്രോദയം എന്നുതുടങ്ങിയവയാണ് ഈ പ്രസ്ഥാനത്തിൽ ഭാഷയിൽ ഉണ്ടായിട്ടുള്ള മുഖ്യകൃതികൾ. ഇവയിൽ രാമചന്ദ്രവിലാസം ദണ്ഡിയുടെ കാവ്യധർമ്മത്തെ അക്ഷരംപ്രതി അനുകരിച്ചെഴുതിയിട്ടുള്ള ആദ്യത്തെ മഹാകാവ്യമാകുന്നു. മറ്റുള്ളവയും സംസ്കൃതസാഹിത്യത്തെ ഉപജീവിച്ചെഴുതിയിട്ടുള്ള മഹാകാവ്യങ്ങൾതന്നെ; എന്നുവരികിലും പല സ്ഥലത്തും സ്വാതന്ത്ര്യം സ്വീകരിച്ച് സ്വാരസ്യം വർദ്ധിപ്പിക്കുന്നതിൽ തൽകർത്താക്കൾ പരാങ്മുഖരായി ഭവിച്ചിട്ടില്ല. കെ. സി. യുടെ കേശവീയം 'കാളിദാസകവീന്ദ്രന്റെ കാൽനഖേന്ദു

മരീചികരം' ഉപാശ്രയിച്ച് വൈദർഭീരീതിയിൽ വിരചിച്ചിട്ടുള്ള രസാത്മകമായ ഒരു മഹാകാവ്യമാണ്. ദ്വിതീയാക്ഷര പ്രാസവാദത്തിനുശേഷം രാജരാജവർമ്മ പ്രസ്ഥാനത്തിൽ എഴുതിയിട്ടുള്ള ഈ കാവ്യത്തിൽ പ്രസ്തുത പ്രാസത്തിനു യാതൊരു പ്രാധാന്യവും നൽകുവാൻ അവകാശം ഇല്ലല്ലൊ. മററു മഹാകാവ്യങ്ങളെല്ലാം ദ്വിതീയാക്ഷര പ്രാസനിർബ്ബന്ധത്തോടുകൂടിയവയത്രെ.

കട്ടക്കയവും കൊച്ചുണ്ണിത്തമ്പുരാനും.

ഭാഷയുടെ ലാളിത്യം മുതലായ ഗുണങ്ങൾകൊണ്ടു ശ്രീയേശുവിജയം, വഞ്ചീശവംശം എന്നീ മഹാകാവ്യങ്ങൾക്കു തമ്മിൽ അനന്യസാധാരണമായ സാദൃശ്യം കാണുന്നുണ്ടു്. മണിപ്രവാളത്തിൽ ശുദ്ധ മലയാള പദങ്ങൾക്കാണ് കട്ടക്കയത്തിന്റെയും കൊച്ചുണ്ണിത്തമ്പുരാന്റെയും കൃതികളിൽ പ്രാധാന്യം നൽകിക്കാണുന്നതു്. അക്ലിഷ്ടമായ പ്രാസപ്രയോഗത്തിന് ഈ രണ്ടു കവികളും ഒന്നുപോലെ ശക്തന്മാരാണ്:—

'ഇടിച്ചു സമ്പത്തു നിറഞ്ഞ കൊച്ചിതൻ-
പടിപ്പുരത്താനകത്തിലേറുകയാൽ
വടക്കെഴും വൈരികൾ ഞെനമൊന്നുമേ
കടക്കയില്ലിങ്ങു കൃതാർത്ഥനായി ഞാൻ

നിരാമയം ദക്ഷിണദിക്കിൽനിന്നിനി-
പ്പരാക്രമത്താൻ പരദേശിവൈരികൾ
ധരാതലേ മന്ത്രികളല്ലു! മാമകേ
വരാതിരിപ്പാനൊരു കോട്ടകെട്ടണം.'

(വഞ്ചീശവംശം സ. 5. ശ്ലോ. 1. 2)

'നരാധിപന്മാരെല്ലാവരെയും [illegible]
[illegible] സപ്രധികം നയത്തോടും
ധരാതലംതാൻ പരിരക്ഷചെയ്തുവാൻ
നിരാകുലം വാണ ജനാധിപർകളും

പരാക്രമം മാറ്റിയ ശത്രുമാനവാൻ
[illegible] കരുണയാ
നിരന്തരം [illegible]
നിരങ്കുശന്മാർ തലതാഴ്ത്തി [illegible].'

(ശ്രീയേശുവിജയം സ. 1. ശ്ലോ. 1. 2)

ഈവിധമുള്ള സാദൃശ്യം ഈ ഗ്രന്ഥങ്ങളിലെ പല ഭാഗത്തും വ്യക്തമായി കാണാവുന്നതാണ്. അകൃത്രിമമായ രാമണീയകം ഇരുവരുടെ കവിതകളിലും ഒന്നുപോലെ കളിയാടുന്നുണ്ട്. വളച്ചുകെട്ടുകളൊഴിച്ചുള്ള കാവ്യബന്ധനസമ്പ്രദായമാണ് ഇരുവർക്കുമുള്ളത്.

മലയാളത്തിലെ മഹാകാവ്യങ്ങളിൽ ഭാഷയുടെ ലാളിത്യം, പദ്യങ്ങളുടെ ആധിക്യം, വൃത്തങ്ങളുടെ വൈവിധ്യം എന്നിവകൊണ്ടു ശ്രീയേശുവിജയത്തിനുതന്നെ പ്രഥമസ്ഥാനം നൽകാമെന്നു തോന്നുന്നു. മഹാഭാരതംപോലെ അതിവിസ്തൃതമായ ഒരു കഥയെ മുഴുവൻ സമാഹരിച്ച് എഴുതപ്പെട്ടിട്ടുള്ള ഈ മഹാകാവ്യത്തിൽ മറ്റുള്ള മഹാകാവ്യങ്ങളിലെപ്പോലെ മനം മുട്ടുന്ന വർണ്ണനകളോ, അലങ്കാരപ്രയോഗങ്ങളോ കുറഞ്ഞുപോയിട്ടുണ്ടെങ്കിൽ, അത് പ്രസ്തുതകാവ്യത്തിന് ഒരു ഭൂഷണമായിട്ടാണ് ഗണിക്കേണ്ടത്. "വിഷയവൈവിധ്യംകൊണ്ടു മറ്റൊരു മഹാഭാരതം എന്നു പറയേണ്ട ക്രിസ്തീയവേദപുസ്തകത്തിൽ അടങ്ങിയിട്ടുള്ള കഥകൾ ലോകസൃഷ്ടിമുതൽ

ക്രി. പി. നാലാംശതകംവരെയുള്ളവ ഒന്നും വിടാതെയും, അതതിനുചിതമായ രീതിയിലും, ദൈർഘ്യത്തിലും ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. മാഘന്റെയോ ഭാരവിയുടെയോ ശൈലിയിൽ 'നഗരാർണ്ണവശൈലർത്തുചന്ദ്രാർക്കോദയവർണ്ണന'കളിൽ കവി വ്യാപൃതനാകുകയാണെങ്കിൽ ഇതിവൃത്തം ഇരുപത്തിനാലിനു പകരം ഇരുനൂററിനാല്പതു സർഗ്ഗങ്ങൾകൊണ്ടും അവസാനിക്കുന്നതല്ലല്ലോ. അതിനാൽ വൈചിത്ര്യവേദിയായ കവി, സർവ്വോപരി ഈ കാവ്യത്തിൽ ദൃഷ്ടിവെച്ചിട്ടുള്ളതു് സരസവും സന്ദർഭോചിതവുമായ കഥനത്തിലാകുന്നു. എന്നാൽ ഉല്ലേഖകല്പനയിലും അലങ്കാരത്തിലും ആവശ്യമുള്ള ഭാഗങ്ങളിലെല്ലാം അദ്ദേഹം മനസ്സിരുത്തിയിട്ടുണ്ടെന്നുള്ളതും സഹൃദയന്മാർക്കു കാണാവുന്നതാണ്." ശ്രീയേശുവിജയത്തിന്റെ അവതാരികയിൽ പ്രതിപാദിച്ചിരിക്കുന്ന ഈ സംഗതി അതിശയോക്തിസ്പർശലേശമില്ലാത്ത ഒന്നാണെന്നു നിസ്സംശയം പറയാം.

മഹാകവി കട്ടക്കയത്തിന്റെ ശ്രീയേശുവിജയത്തെ അനുമോദിച്ചു കിടങ്ങൂർ കൃഷ്ണവാര്യർ അവർകൾ എഴുതിയ പഞ്ചവിംശതിയെ ഒരു ശ്ലോകം ഈ അവസരത്തിൽ സ്മരണീയമായിത്തോന്നുന്നു.

> 'ഇന്നിക്കേരളഭൂവിലങ്ങു [illegible] പ്രതിഷ്ഠിച്ചതാം–
> [illegible], [illegible] കവിശ്രേഷ്ഠന്മാർ
> ചെല്ലപ്പിള്ളകളാണിതെന്നു [illegible] കാലത്തിലും
> മന്നിൽ [illegible] കാവ്യ[illegible] തീർന്നതാം.'

വില്ലാൾവട്ടം, ഭുജഗസന്ദേശം, ലീലാവതീവിജയം ആട്ടക്കഥ, മാമാങ്കചരിതം മുതലായവ ഈ മഹാകവിയുടെ മററു പ്രസിദ്ധങ്ങളായുള്ള കാവ്യങ്ങളാകുന്നു.

കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സിലെ മേൽപറഞ്ഞ മഹാകാവ്യങ്ങൾക്കുപുറമെയുള്ള ഒരു വിശിഷ്ട കൃതിയാണ് "മലയാംകൊല്ലം." പന്ത്രണ്ടു സർഗ്ഗങ്ങളുള്ള ഈ കാവ്യത്തിൽ കേരളത്തിലെ പന്ത്രണ്ടു മാസങ്ങളുടെ വർണ്ണനമാണ് നിർവ്വഹിച്ചിട്ടുള്ളത്.

> 'കേദാരകാർകുഴലുമാലകൾകൊണ്ടു ചുറ്റിൽ
> പാടങ്ങൾ പെട്ടെന്നു കണ്ടു ചിരിച്ചു ഭൂമി
> പൂവുള്ള സൂര്യകരമാം തുകിൽകൊണ്ടു തോന്നി-
> ച്ചോടിയ ചന്ദ്രകരവസ്ത്രമണിഞ്ഞിടുന്നു.'

ചിങ്ങമാസത്തെ വർണ്ണിക്കുന്നിടത്തെ ഒരു പദ്യമാണിത്. ഭൂമീദേവിയുടെ സ്ഥാനം എത്ര മനോജ്ഞമായിരിക്കുന്നു!

ചിത്രയോഗം.

ചിത്രയോഗത്തിലെ ഇതിവൃത്തം കൃത്രിമമായ ഒന്നാണ്. തന്നിമിത്തം അതു രസഭംഗത്തിനു കാരണമായിത്തീർന്നിരിക്കുന്നു. ചിത്രയോഗത്തിൽ ചമൽക്കാരജനകമായ പല വർണ്ണനകളും ഉണ്ടെന്നുള്ളതു വാസ്തവംതന്നെ. പക്ഷെ അവയുടെ ദൈർഘ്യം രസഹാനിക്കും അനുവാചകന്മാരുടെ അക്ഷമയ്ക്കും കാരണമായിത്തീരുന്നു.

> 'അടവിയതിലന്നല്ലം ദേവതാപ്പുര, പഴക്കം
> അറിവീലൊരുമറ്റില്ലാതുള്ള മാഹാത്മ്യമാർന്നം
> സ്ഫുടതരമപ്പുരാലയം പിതൃകൃപാപിതാമ-
> ഹന്മാരോടു വിലസുന്ന രാമമന്നൻ മന്നവർ'

'മൃഗപതികൾ പിളർക്കും കുംഭികുംഭത്തിൽനിന്നും-
ന്നഗവനഭുവിചിന്നം നല്ല വെൺമുത്തു കണ്ടാൽ
ഗഗനതലമുഴുക്കും വൻമരക്കൊമ്പുതല്ലി-
പ്പൂഗളിതമുഡുജാലം താനിതെന്നോർത്തുപോകും.'

എന്നിങ്ങനെ അരണ്യവർണ്ണനയിലും മറ്റുമുള്ള പദ്യ
ങ്ങളും ചമല്ക്കാരസമ്പൂർണ്ണങ്ങളുംതന്നെ. പക്ഷെ കവിതാ
കാമിനിയുടെ ഈ അലങ്കാരസമൃദ്ധി, നൈസർഗ്ഗികശോഭ
യെ അധികവും ഗ്രസിച്ചു കളയുവാൻ ഇടയാക്കുന്നതാ
ണ്. ചിത്രയോഗത്തിലെ വർണ്ണനകളുടെ പ്രധാന ദൂഷക
താബീജം. ഒരുപക്ഷെ ചിത്രയോഗം, മഹാകവി തനി
ക്ക് അത്ഭുതമായ രചനാസാമർത്ഥ്യം കൈവരിക്കുന്നതി
നു മാത്രമായി നിർമ്മിച്ച ഒരു കൃതിയല്ലേ എന്നുകൂടി ഇന്ന
ത്തെ നിലയ്ക്കു സംശയം തോന്നിപ്പോകുന്നുണ്ട്.

ഉമാകേരളം.

ഘടനാവൈശിഷ്ട്യം, ഭാവനാവൈശദ്യം, അല
ങ്കാരപ്രാചുര്യം, ഇതിവൃത്തത്തിന്റെ നവീനത്വം എന്നി
വകൊണ്ടു മലയാള മഹാകാവ്യങ്ങളിൽ പ്രഥമസ്ഥാന
ത്തെ അർഹിക്കുന്നതു് ഉള്ളൂരിന്റെ ഉമാകേരളംതന്നെ
യാണെന്നുള്ളതിൽ അധികം പക്ഷാന്തരമില്ലാത്തതാ
ണ്. ഒരു ചരിത്രകഥയെ കഥാവസ്തുവായി സ്വീകരിക്കു
വാൻ ഉള്ളൂരിനു മുൻപുള്ള മഹാകാവ്യകർത്താക്കളിൽ ഒ
രാൾക്കുപോലും ധൈര്യമുണ്ടായിരുന്നില്ല. ആ വിഷയ
ത്തിൽ ആദ്യമായി ഒരു ധീരത പ്രദർശിപ്പിച്ച മഹാകവി
ഉള്ളൂർ, മഹാകാവ്യപ്രസ്ഥാനത്തിൽ ഒരു പരിവർത്തനം
തന്നെയാണു് വരുത്തിയിട്ടുള്ളതെന്നു നിരാക്ഷേപം പ
റയാം.

മണിപ്രവാളഭാഷയുടെ പ്രയോഗവിഷയത്തിൽ പന്തളം, ഉള്ളൂർ, വള്ളത്തോൾ എന്നിവരുടെ കാവ്യങ്ങൾക്കു തമ്മിൽ വലിയ അന്തരം കാണുന്നില്ല. ഭാഷാപാകം കൊണ്ട് അർത്ഥഗ്രഹണവിഷയത്തിൽ സാധാരണക്കാർക്ക് അല്പം ക്ലേശം സഹിക്കേണ്ട വിധത്തിലാണ് മൂന്നു മഹാകാവ്യങ്ങളുടെയും പോക്ക്. അതായത് അന്തർഗ്ഗൂഢരസോദയമായ നാളികേരപാകമാണ് മൂന്നിലും മുഴച്ചു നില്ക്കുന്നതെന്നു താല്പര്യം. എന്നാൽ ഉമാകേരളത്തിലെ ചില പദ്യങ്ങൾ ഇതിനു വിപരീതമായും കാണുന്നില്ലെന്നില്ല:—

'തിരുമേനികൾ പൂനിലാവിലന്നാ-
ളൊഴുകീടുന്നു കേളിയാടുവാനോ?
വരുവിൻ തുണയാണവരുണ്ടു നിങ്ങൾ-
ക്കരുമത്തിരുതങ്ങൾ പോലെ മേടകൾ.'

'മണിവേയിഴകെട്ടഴിഞ്ഞു മോഹമി-
പ്പുരി പാർക്കുന്നിതനേകചീരതയായ്
മണിയുസ്സ്ലികളുള്ള നിങ്ങളെ-
ക്കണികാണാതെയിരിപ്പതെങ്ങിനെ?'

എന്നിങ്ങനെ സുലളിതങ്ങളായ പദ്യങ്ങളും,

'ലോകലോചനരസായനായിതം
ശ്രീകരം ശിവദമിഷ്ടദായകം
ഏകമത്ഭുതമമേയമൈശ്വരം
നാകനാഥവിധി ശങ്കരാർച്ചിതം'

ഈമട്ടിൽ മലയാളപ്രത്യയങ്ങൾ ഒന്നുമില്ലാത്തതായ ശ്ലോകങ്ങളും ഈ കൃതിയിൽ കാണാവുന്നതാണ്.

ഉമാകേരളത്തിലെ പല വൎണ്ണനകളുടെയും ആസ്വാ
ദ്യത അനുഭവിച്ചറിയേണ്ടതുതന്നെ. അഞ്ചാം സൎഗ്ഗത്തിൽ
ആദിത്യവൎമ്മയെ വിഷം കൊടുത്തു കൊല്ലുന്നതായ വ
ൎണ്ണന, ഏഴിൽ രാജകുമാരന്മാരെ കളിപ്പാൻ കുളത്തിൽ
വെള്ളം മുക്കിക്കൊല്ലുന്നതു്, എട്ടാംസൎഗ്ഗത്തിൽ റാണിയു
ടെ വിലാപം മുതലായ ഭാഗങ്ങൾ ആരെയാണു് കരുണ
രസപ്രവാഹത്തിൽ ആറാടിക്കാത്തതു്!

'അത്തിച്ചത്തി പൊന്നോമനകളേ!
വരുവിൻ കണ്ണുകളൊന്നു നോക്കുവിൻ,
ഉരമിച്ചുഴന്നെങ്ങിനെയമന്തി–
പ്പെറ്റമ്മ വിളിക്കയില്ലയോ?'

'ചവിട്ടിൻ സമസ്തങ്ങളെ ഗൃഹം— കവിയും കല്ലുമഹീതലങ്ങളെ
എവിടേക്കു ഗമിച്ചു തങ്ങളെ— ന്റെ ഉദരവിലുള്ളൊരെൻ പൊന്നോമകളേ?'

ഇത്യാദി പദ്യങ്ങൾ എത്രകണ്ടു പുളകജനകമായിരി
ക്കുന്നു!!

കവിയുടെ ദേശാഭിമാനം ഇതിൽ അതിന്റെ പര
മകാഷ്ഠയിൽ എത്തിയിട്ടുണ്ടു്:—

'അടിയനിനിയുള്ള ജന്മങ്ങളെല്ലാം
അടിമതൻ മുതലോളം നിന്നിലാകണു തായേ!
അടിമലരിണവെൺതാം താങ്ങുവാൻ; മറ്റൊരുടെ–
അടിയുവാനുമെനിക്കും മുക്തി സിദ്ധിക്കവേണം'

ഈ ഭാഗം വായിക്കുമ്പോൾ ഏതൊരു ദേശഭക്തനാണു്
പുളകാഞ്ചിതഗാത്രനായിത്തീരാത്തതു്?

അലങ്കാരങ്ങൾക്കുള്ള ചമൽക്കാരഭംഗി ഉമാകേരള
ത്തിലെപ്പോലെ മറ്റൊരു മഹാകാവ്യത്തിലും ഇല്ലെന്നത

ന്നെ പറയാം. നാടകത്തലവന്ന വിധിക്കപ്പെട്ട തൻെറ കാമുകൻ — തമ്പാൻ — നിരപരാധനാണെന്ന പറയുമ്പോഴും,

'പോകട്ടെ, പുഷ്പബാണൻ; വിനാശ-
പാകത്തിൽ ഞാൻ കാന്തനെ തേറി പാർക്കാം;
വാക്കുപ്പുരുഷാന്തരികളിലുള്ള—
ശോകത്തിനല്ലാതെ സുഖത്തിനാണോ?'

എന്നാണ് രാജാവു പുത്രിയെ സമാശ്വസിപ്പിക്കുന്നത്. 'മനസ്വിമാർ മനസ്സൊഴിവതശക്യമൊരാളിലൂന്നിയാൽ' എന്ന തത്വം വല്ലതും ആ ദുർഗ്ഗതിക്കാരൻ അറിയുന്നുണ്ടോ? കവിയുടെ കവനകലാപാടവവും, അലങ്കാരപ്രയോഗചാതുര്യവും ഈ ഭാഗങ്ങളിൽ നല്ലപോലെ തെളിഞ്ഞു വിളങ്ങുന്നുണ്ട്.

കേരളഭൂമിയുടെ ഉത്ഭവത്തെപ്പറ്റിയുള്ള ഐതിഹ്യം അവിശ്വസനീയമെങ്കിലും അതിനെത്തന്നെ ആധാരമാക്കി കവിചെയ്യുന്ന ഒരു വർണ്ണന എത്രകണ്ട് ആസ്വാദ്യമായിരിക്കുന്നുവെന്ന നോക്കുക:—

'നൽ സൽഭാര്യ വിട്ടുതിക്ക അടങ്ങുവാച-
ക്കന്നൻെറ വീണ്ടുമവളെത്തിയറിഞ്ഞൊരാഴി
അന്നന്തികത്തിലവനെസ്സുഖമേ വസിച്ചു-
വന്നപ്പൊഴുള്ളസ്സുതനിതു കാണ്മതൊച്ചു—'

ഭർത്താവായ വരുണൻെറ സമീപത്തേക്കു പാഞ്ഞൊഴുകിക്കൊണ്ടിരുന്ന നർമ്മദാനദിയെ, ഇടയ്ക്കുവെച്ചു കാർത്തവീര്യാർജ്ജുനൻ തടഞ്ഞുനിറുത്തി. അബലാബന്ധനംചെയ്തു, ആ പരമദ്രോഹിയെ പരശുരാമൻ വധിച്ചു. അദ്ഭുത

ന്നെയുമല്ല, അവന്റെ വംശവുംകൂടി മൂലച്ഛേദം ചെയ്തു. ഇങ്ങനെ തനിക്ക് ഉപകാരം ചെയ്ത ആ വീരപുരുഷന വരുണദേവൻ അഥവാ പശ്ചിമരത്നാകരം ആത്മപുത്രിയായ കേരളഭൂമിയെ പ്രീതിയാൽ ഉപഹാരമായി നൽകിയത്രെ! കവികല്പനയുടെ ഈ നൂതനത്വവും, സാരസ്യവും സഹൃദയന്മാൎക്ക് എത്രകണ്ടു സന്തോഷജനകമായിരിക്കുന്നുവെന്നു വിവരിക്കുവാൻ പ്രയാസം.

'വാരാശിതന്നൊടുവിലെഴ്കിത്തു, കേരളത്തെ
നേരായ്‌ പ്പൊൽത്തിടമ്പെന്നകരാഗ്രവാക്കി
ധാരാളമംബുവതുതന്നതുകൊണ്ടുമേഘർ
ധാരാധരങ്ങളിതിൽ മാരി ചൊരിഞ്ഞിടുന്നു.'

ഇതിലെ കല്പനയും ചിന്താമധുരമെന്നേ പറയാവൂ. ഇതു പോലെ സരസങ്ങളായ അൎത്ഥകല്പനകളും, വിശിഷ്ടങ്ങളായ ഉപമാദ്യലങ്കാരങ്ങളും ഈ കാവ്യത്തിൽ അനവധിയുണ്ട്. കഥ നവീനവും, സംഭവബഹുലവുമായതുകൊണ്ടുകൂടിയായിരിക്കാം ഇതിൽ വൎണ്ണനകൾക്ക് ഇത്രയധികം സൗകൎയ്യം സിദ്ധിച്ചതെന്നുകൂടി വിചാരിക്കേണ്ടിയിരിക്കുന്നു. അൎത്ഥാലങ്കാരങ്ങളെപ്പോലെതന്നെ സുലഭങ്ങളായ ശബ്ദാലങ്കാരങ്ങൾക്കും ഉപയോഗത്തിൽ യാതൊരു ക്ഷാമവും കാണുന്നില്ല:—

'കാണാനുമന്നവരകതാരിലോൎക്കിൽ
കാണാമരണം, മാരണമാരണം—
കൂപരവാരണഹതപ്രയാണമല്ലതൽ
ചരണാബ്ജമാരണമൊടത്തൊഴുക.'

എന്നിങ്ങനെ യമകാദിശബ്ദാലങ്കാരങ്ങളും സുലഭമായിട്ടുണ്ട്. എന്നാൽ ദണ്ഡിയുടെ മഹാകാവ്യലക്ഷണപൂൎത്തി

കരണ സംരംഭത്തിനിടയ്ക്കു് ഈ വിശിഷ്ടകൃതിയിലും ചില കൃത്രിമതപങ്ങൾ വന്നുകൂടാതിരുന്നിട്ടില്ല. അയഥാർത്ഥങ്ങളായ വികാരപ്രകടനങ്ങൾ മഹാകാവ്യങ്ങളിലെപ്പോലെ മറെറാന്നിലും ഇല്ലെന്നുള്ളതു പ്രസിദ്ധമാണല്ലോ. ഉമാകേരളത്തിൽ, വിരഹാർത്തയായ കല്യാണിയെ കടൽക്കാററു കൊള്ളിക്കുവാൻ കടൽത്തീരത്തേയ്ക്കു് ആനയിക്കുന്നതുതന്നെ, അർണ്ണവവർണ്ണനയ്ക്കുവേണ്ടിമാത്രമാണെന്നു് ആർക്കും അനായാസേന ഗ്രഹിക്കാവുന്നതാണ്. അതുപോലെതന്നെ ഇതിലെ സന്ദേശവർണ്ണനയും അനൗചിത്യമായി പരിണമിച്ചിട്ടുണ്ടെന്നു പറയാതെ തരമില്ല. എന്നാൽ ഇങ്ങനെയുള്ള ചില ന്യൂനതകൾ 'അങ്കംശശാങ്ക കിരണങ്ങളിലെന്നപോലെ' ഗ്രന്ഥത്തിന്റെ ഗുണപൗഷ്കല്യത്തിൽ മറഞ്ഞുപോകുവാൻമാത്രമേ ഉള്ളൂ. ആകപ്പാടെ ആലോചിക്കുന്നതായാൽ ഉമാകേരളം മലയാളമഹാകാവ്യനിരയിൽ അഗ്രിമസ്ഥാനത്തെ അർഹിക്കുന്ന ഒരു കൃതിയും, അതിന്റെ കർത്താവായ മഹാകവി ഉള്ളൂർ പ്രൗഢമായ അർത്ഥാലങ്കാരകല്പനകളിൽ ശ്രീഹർഷനോടു സമനാകയാൽ 'കേരളശ്രീഹർഷൻ' എന്ന ബിരുദത്തിന് സർവ്വഥാ അർഹനമാണെന്നു നിസ്സംശയം പറയാം.

വേദവിഹാരം:

ഇതിനുപരി പ്രസ്താവിക്കുവാൻപോകുന്ന മഹാകാവ്യം ഇതേവരെ പ്രസ്താവിച്ച രീതിയിൽനിന്ന് അല്പം വ്യത്യസ്തമായ ഒന്നാണ്. സംസ്കൃതവൃത്തങ്ങളിലത്രെ ഇതേവരെയുള്ള നമ്മുടെ മഹാകാവ്യങ്ങളെല്ലാം നിർമ്മിച്ചിട്ടുള്ളതു്. മി. കെ. വി. സൈമൻ എഴുതിയിട്ടുള്ള 'വേദ

വിഹാരം' രാമായണാദി കൃതികളെപ്പോലെ കേരളഭാഷ യ്ക്കനുയുക്തമായ ദ്രാവിഡവൃത്തങ്ങൾ ഉപയോഗിച്ചു രചിച്ചിട്ടുള്ള ഒരു മഹാകാവ്യമാകുന്നു. ശ്രീയേശുവിജയം കേരളഭാഷാഗാനരൂപത്തിൽ പുറപ്പെട്ടിരുന്നുവെങ്കിൽ അതു് ഭാരതരാമായണാദികൃതികളെപ്പോലെതന്നെ ക്രൈസ്തവസാഹിത്യത്തിലെ ഒരു നിത്യപാരായണഗ്രന്ഥമായി പരിണമിക്കുമായിരുന്നുവെന്ന് അസ്മാദൃശന്മാർക്ക് പലപ്പോഴും തോന്നിയിട്ടുള്ളതാണ്. കട്ടക്കയത്തെപ്പോലെയുള്ള അനുഗൃഹീതവാസനാകവികൾ ക്രൈസ്തവലോകത്തിൽ അത്ര ക്ഷണത്തിൽ ആവിർഭവിക്കാനിടയില്ലെന്നുള്ള ധാരണയും ഉണ്ടാകാതിരുന്നിട്ടില്ല. ഈദൃശമായ ഒരു സ്ഥിത്യന്തരത്തിലാണ് മി. വൈപ്പമണ്ണിൻെറ മഹോദ്യമഫലമായ വേദവിഹാരം ദർശിക്കാനിടയായതു്. തന്മൂലമുളവായ ആഹ്ലാദാനന്ദങ്ങൾ അപരിമേയമെന്നേ പറയേണ്ടതുള്ളു.

ഹൈന്ദവസാഹിത്യത്തിന് എഴുത്തച്ഛൻ കൃതികൾ എങ്ങിനെയോ, അതുപോലെ, ക്രൈസ്തവസാഹിത്യത്തിന് അഭിമാനസ്തംഭമായിട്ടുള്ള ഒരു കൃതിയാണ് വേദവിഹാരം എന്നു പറയുന്നതിൽ രണ്ടുപക്ഷമുണ്ടാകാനിടയില്ല. അൻപതു് അദ്ധ്യായങ്ങളും, ഏകദേശം ആറായിരം ഈരടികളുമുള്ള പ്രസ്തുതകൃതി, ക്രൈസ്തവപദ്യസാഹിത്യത്തിലെ ഒരു മഹാഭാരതംതന്നെ; സംശയമില്ല. പഴയനിയമത്തിൽ മോശയുടെ ഒന്നാംപുസ്തകമെന്നു പറഞ്ഞുവരുന്ന ലോകോല്പത്തിയുടെ ഒരു ഏകദേശവിവർത്തനമത്രെ പ്രസ്തുതഗ്രന്ഥം. വേദപുസ്തകത്തെ അനുഗമിച്ചുള്ളതാ

ണ്ട് കാവ്യമെങ്കിലും, സ്വീയങ്ങളായ വർണ്ണനകളിൽ കവിയുടെ മനോധർമ്മം, നിരീക്ഷണപാടവം മുതലായവ നല്ലപോലെ കളിയാടുന്നുണ്ട്. ആദിനരൻ, ആദിനാരിയെ കാണുമ്പോളുണ്ടാകുന്ന ഭാവവികാരങ്ങളെ വർണ്ണിച്ചിട്ടുള്ള ഭാഗം, ഓരോ രസഭാവങ്ങളെ വിശദീകരിക്കുവാനുള്ള കവിയുടെ സുശിക്ഷിതവിചക്ഷണതയെ ഉച്ചൈസ്തരം വിളിച്ചറിയിക്കുന്നു. പറുദീസ എന്ന ഉദ്യാനത്തെ വർണ്ണിക്കുന്നിടത്തു കല്പനാശക്തിയും പ്രകൃതിനിരീക്ഷണവൈഭവവും സുവ്യക്തം പ്രകാശിക്കുന്നുണ്ട്. 'സോദോം നഗരം ദഹിക്കുന്ന സന്ദർഭത്തിലുള്ള അവസ്ഥാന്തരങ്ങളെ വർണ്ണിക്കുന്നിടത്തു കവിയുടെ മനോധർമ്മം വ്യാപരിക്കുന്നതു നോക്കുക:-

'ജ്വലനങ്ങളുടെ ശിഖകളതിവേഗമായ് പാഞ്ഞുടൻ
ചാടിപ്പിടിച്ചു മർത്ത്യാൽക്കരത്തേ ഹാരാൽ
മുടിവസനാദിയിലരമെത്തി ജ്വലിക്കയാൽ
മൂടിപ്പൊന്നാതെ മേനിയിലഗ്നിയും
നിലവിളി തുടങ്ങിനാർ സോദോമ്യരമ്പര-
ന്നതിവിവശമോടിനാരങ്ങുമിങ്ങും വൃഥാ
ദഹനശമനത്തിനായ് വാപിയിൽ ചാടിയും
ഫലമണുവുമെന്നിയേ തണ്ണീരടിഞ്ഞുപോയ്
അജിരമതിൽ നിന്നവർ തിണ്ണയിൽ കേറിനാ-
രുപരിനിലകാണവർ തട്ടിന്നു കീഴിലായ്
അതുമകലമാംവിധം ജീവശരണാർത്ഥമായ്
നിലവറ കടന്നിതന്നാഗ്നേയപീഡയാൽ.
ഒരുവിധവുമനലശമമുണ്ടായതില്ലതു-
മെത്തിജ്വലനൻ ദഹിപ്പിച്ചു പത്തനം.
ബഹുലതര മാളികകൾ നടന്നും വിധൗ പലർ
വെന്തു വെണ്ണീറായ് ചമഞ്ഞു പൊടുന്നനെ.

ചിലനരർ ഉജ്ഝിക്കവേ, കേചിൽ സ്ഥാപിക്കവേ,
ചീത്തവാദക്കേളി ചിലർ പ്രയത്നിക്കവേ,
മദനമഹമതിന്ന ചിലർ മത്സരിച്ചീടവേ,
മല്ലകർമ്മം ചിലർ കണ്ടിരിക്കവേ,
പകിടകളി പടിമവളർപാശി ചൂതെന്നിവ
പാരമുത്സാഹമായ് കേചിൽ കളിക്കവേ,
വലിയൊരവകാശവാദസ്ഥാപനത്തിനായ്
വാൾ വടി കേചിൽ കരത്തിൽ ധരിക്കവേ
നൃപന്മാർ നിരൂപിടകത്തിലുള്ള നാണ്യം തഥാ
ഭൃത്യന്മാരെയൂണ്ണിക്കണ്ണാൽ നോക്കീടവേ,
ഗഗനതലമതിപരമമഗതിയും ഉള്ളിതാം
ഗന്ധകപ്പുകയും നശിച്ച രാവിതിങ്കൽ'—

ഈ മാതിരി വർണ്ണനകൾ ആരെയാണ് രസിപ്പിക്കാതിരിക്കുക. ധ്രുവന്റെ തപശ്ശക്തി മൂലം വായുസ്തംഭനം ഭവിക്കയാൽ ഉണ്ടായ അവസ്ഥാന്തരങ്ങളെ നമ്പ്യർ വർണ്ണിച്ചിട്ടുള്ളതിനെ അനുസ്മരിപ്പിക്കുവാൻ പ്രസ്തുത ഭാഗം സർവ്വഥാ പര്യാപ്തമാണ്. സാറയുടെ ഗർഭവർണ്ണനം വായിക്കുന്ന അവസരത്തിൽ, 'ഗാഥ'യിലെ യശോദയുടെ ഗർഭവർണ്ണനം, ഭാവുകന്മാരുടെ സ്മൃതിപഥത്തിൽ എത്താതിരിക്കുകയില്ല. ആദർശവാന്മാരായ പൂർവ്വകവിപുംഗവന്മാരിൽ പലരെയും ഈ വിശിഷ്ടകവി സേവിച്ചുകാണുന്നത് പ്രശംസാർഹമായിരിക്കുന്നു. എഴുത്തച്ഛനെപ്പോലെ തത്വചിന്താരത്നങ്ങളെ കാവ്യരൂപത്തിൽ പ്രകാശിപ്പിക്കുന്നതിനും, കവി, യഥാവസരം യത്നിച്ചു കാണുന്നുണ്ട്. ചുരുക്കത്തിൽ, വേദവിഹാരം വേദപ്രണയികളും, സാഹിത്യാരാധകന്മാരുമായ സകല സഹൃദയർക്കും സന്തോഷത്തെയും, സ്വാന്തനിർവൃതിയെയും നൽകുന്ന ഒരു ഉത്ത

മ കൃതിയാണെന്നു നിസ്സംശയം പറയാം. മഹാകവി വ ള്ളത്തോൾ പ്രസ്തുത കൃതിയെപ്പററി ഇങ്ങനെ അഭിപ്രായപ്പെട്ടു കാണുന്നു:-

'കെ. വി. സൈമൺ അവർകളുടെ കവിതാവസാന വേദത്തിൽ (ബൈബിളിൽ) വിഹരിച്ചതിൻെറ ഫലമാണ് വേദവിഹാരമെന്ന ഈ ഗാഥാ പ്രബന്ധം. സൂത്രപ്രായങ്ങളായ ശുദ്ധവാക്യങ്ങൾകൊണ്ട് നിബദ്ധമായിരിക്കുന്ന ബൈബിളിലെ പ്രഥമ ഗ്രന്ഥത്തിൻെറ (ഉല്പത്തി പുസ്തകത്തിൻെറ) ഒരു ഭാഷ്യമാണ് - ശ്രീമാൻ സൈമൻെറ തൂലികയാൽ സമ്പാദിക്കപ്പെട്ടിരിക്കുന്നതു്. പ്രമേയത്തിൻെറ പവിത്രതയും, പ്രതിപാദനത്തിൻെറ വിചിത്രതയും ഈ കൃതിയെ ഉയർത്തി നിർത്തുന്ന രണ്ടു കനകസ്തംഭങ്ങളത്രെ.'



അദ്ധ്യായം 12

വെണ്മണിപ്രസ്ഥാനം

വെണ്മണി, ശീവൊള്ളി, നടുവം തുടങ്ങിയവർ.

ഒരുകാലത്തു നല്ല നിലയും വിലയും സിദ്ധിച്ചിരുന്ന ഏതാനും കവികളെപ്പററിയാണ് ഇവിടെ പ്രതിപാദിക്കുവാൻ തുടങ്ങുന്നത്. വെണ്മണിനമ്പൂരിപ്പാടന്മാർ, നടുവത്തുനമ്പൂരിമാർ, ശീവൊള്ളി മുതലായവർ അടുത്തകാലംവരെ കാവ്യലോകത്തിൽ ആരാധനീയന്മാരായിരുന്നു. അന്ന് അവർക്കുണ്ടായിരുന്ന പേരും പെരുമയും ഇന്ന് മിക്കവാറും അസ്തമിച്ചിരിക്കയാണ്. എന്നിരുന്നാലും സാഹിത്യചരിത്രത്തിൽ ഗണ്യമായ ഒരു സ്ഥാനത്തിന് അവർ ഇന്നും അർഹരത്രെ. മണിപ്രവാളശുദ്ധി, ശ്രോത്രപേയമായ ശബ്ദനിബന്ധനം, പ്രാസനിഷ്കർഷം, ഫലിതപ്രയോഗചാതുര്യം, എന്നു തുടങ്ങിയവ ഈ കവികളുടെ കൃതികൾക്കുള്ള വിശേഷഗുണങ്ങളാണ്. മേൽപ്പറഞ്ഞ പ്രസ്ഥാനത്തിന്റെ ജനയിതാവു പൂന്തോട്ടത്തു നമ്പൂരിയാണെന്നാണ് ചിലർ പറയാറുള്ളത്. എന്നാൽ ഈ പ്രസ്ഥാനത്തിനു വേണ്ടിടത്തോളം വികാസവും ശോഭയും വരുത്തിയിട്ടുള്ളതു വെണ്മണിപ്രഭൃതികളാണെന്നു നിസ്സംശയം പറയാം. ആധുനികഭാഷാകവികളിൽ ആരുംതന്നെ ഈ വിഷയത്തിൽ ഇവരോടു കിടപിടിക്കുമെന്നും തോന്നുന്നില്ല.

'കാലാരാതി കനിഞ്ഞിടുന്നതുവരെക്കൊള്ളും തപംചെയ്തു തൻ-
ക്കോലം പാതി പകുത്തെടുത്തൊരു കുളിർമാമലതൻറ കന്യാമണേ,
കാലൻവന്നു കയർത്തുനിന്നു കയറെൻകാലിൽ കടന്നിട്ടിടും—
കാലത്തക്കഴലാവഴിഞ്ഞൻകഥ കഴിക്കേണം മിഴിക്കോണിനാൽ'

'പച്ചില, പൂവു, പുലി, വരണ്ടലി, ഞണ്ടു, പച്ച-
പ്പുല്ലെന്നതൊട്ടു പലമാതിരിയായ ഭക്ഷ്യം
പണ്ടുണ്ടുകഴിഞ്ഞു പുനരിപ്പൊഴുതൊട്ടു നിത്യം
കള്ളിൻ കിടക്കുന്ന കളത്തു കളിച്ചിടാമോ.' (ശീവൊള്ളി)

എന്നിങ്ങനെയുള്ള സുലളിത പദ്യങ്ങളിലെ ശൈലികളും, പ്രാസപ്രയോഗങ്ങളും, ഫലിതങ്ങളും മററും ആരെയും രസിപ്പിക്കുവാൻ മതിയായവതന്നെ. ഹാസ്യരസത്തിൽ വെണ്മണിയേക്കാളും മേലേക്കിടയിൽ നില്ക്കുന്നതു ശീവൊള്ളിതന്നെ. 'ദാത്യൂഹസന്ദേശം' മലയാളത്തിലെ സന്ദേശകാവ്യലഹളകാലക്കിടയിൽ അവയുടെ തിടുക്കം തടുക്കുവാൻവേണ്ടി ശീവൊള്ളി നിർമ്മിച്ച ഒരു ഹാസകവിതയാണല്ലോ. തന്മയത്വമുള്ള പല കവിതകളും ഇവരുടെ കൃതികളിൽനിന്നു് ഉദ്ധരിക്കത്തക്കവയായുണ്ടു്.

'കിണ്ണാകചന്നിട്ടു തീയിൽക്കരുതിവിടന്നെട്ടു തിള-
ക്കുന്ന പാലൊട്ടുപൊന്നിൻ-
കിണ്ണംകൊണ്ടെന്ന കാറൊത്തടവിലുടനടൻ
മുക്കിമുക്കിപ്പുറങ്ങി
കണ്ണുംപൊത്തിട്ടു നിന്നിട്ടു ചൊടിയിണകൊ-
ണ്ടൂതിയൂതിക്കുടിക്കും
കണ്ണൻ കല്യാണപൂർണ്ണൻ കളതരകമല-
ക്കണ്ണനെൻ കണ്ണിലാമോ?'

'ഞാനാശ്ശുകന്മാരെല്ലാം — ആനക്കാരനെൻറ തോട്ടിയും
മാനിയാതെതുള്ള പാഞ്ഞിടാൻ — ആനയാനയുമാനയും'

ശങ്കാഹീനം ശശാങ്കാമലതരയശസാ കേരളോൽപ്പന്ന മായാ–
വങ്കാട്ടിൽ സഞ്ചരിക്കും സിതമണിധരണീദേവപഞ്ചാസ്യവീരൻ
ഹുങ്കാരത്തോടെതൃക്കും കവികരിനിടിലം തല്ലിടച്ചുമ്പോൾ നിരാ–
ഹങ്കാരം പൂണ്ട നില്പാണമ്മാ കവിനികരമഹോ കണ്ടിപോലും'
(വെണ്മണി)

എത്ര സുഖപ്രദമായ രചന! ഇതിലെ പ്രവാഹസാരള്യം ആരെയാണ് ആനന്ദിപ്പിക്കാതിരിക്കുക!! വെണ്മണി മഹൻനമ്പൂരിപ്പാട്ടിലെ,

'ചാല ചാലിച്ച ഗോപിക്കുറി വള പുലിയൻമോതിരം നൂപുരം പൊ–
ന്നേലസ്സോലപ്പുലിത്താലികളൊണകമണികഴലിൽ പീലി പൂമാലികകൾ
കാലേ കൈയ്ചേർത്തു ഉറത്തിണയിലിടയക്കുട്ടിയോടൊത്തു പൂതനാൻ
കോലും കെകകൊണ്ടുമേയ്ക്കും കുതുകമൊടടയും കോലമാലംബനം മേ.'

എന്നുള്ള ഉണ്ണികൃഷ്ണന്റെ വർണ്ണനയും മററും എത്ര മനോഹരമായിരിക്കുന്നു!

'ഇക്കാണുന്ന ചരാചരം മുഴുവനും കല്പാന്തകാലങ്ങളിൽ
തിക്കാതേ ജഠരത്തിലാക്കിയവനാം ചെറ്റും ജഗന്നാഥനെ
ഉൾക്കാമ്പിങ്കൽ നിനച്ചുകൊള്ളുക സദാ സംസാരബന്ധം വിട–
ന്നിക്കാലത്തിതുപോലെ മററൊരു മരുന്നില്ലെന്റെ മാലോകരേ!

എന്നും മററുമുള്ള നടുവത്തച്ഛന്റെ പല പദ്യങ്ങളും രചനാഭംഗികൊണ്ടും അർത്ഥചമൽക്കാരംകൊണ്ടും അത്യന്തം ആസ്വാദ്യമെന്നേ പറയാവൂ.

അകൃത്രിമമായ കവിതാവാസനയാൽ അനുഗൃഹീതന്മാരായ ഈ കവിമൂർദ്ധന്യന്മാരുടെ കൃതികളെ, കാലപ്രവാഹത്തിൽ അതിദൂരം തള്ളിക്കളഞ്ഞത്, ശൃംഗാരവിഷയത്തിൽ അവർക്കുണ്ടായിരുന്ന അതിരററ താല്പര്യം ഒന്നുമാത്രമാണ്. ഒരുപക്ഷേ അന്നത്തെ കാലമോ, സമു

ദായമോ, പരിചിതലോകമോ ആയിരിക്കാം കവിതാമ
ൎത്തെ വഴിപിഴപ്പിക്കുവാൻ ഇവരെ പ്രേരിപ്പിച്ചതെ
ന്നു കരുതുവാൻ തരമുള്ളു. സദാ ആസ്വാദിതമായ ശൃം
ഗാരത്തിൽ മാത്രമേ 'സൃഷ്ടിച്ചുമണ്ണിൽ മഷിക്കുട്ടി ഭഷ്മൻ'
എന്ന് ബ്രഹ്മാവിനെത്തന്നെ ശകാരിച്ചിട്ടുള്ളു 'സിതമ
ണിധരണീ ദേവഹന്തുക്കുവജ്രന്ന്' പരിചയമുണ്ടായിരുന്നു
ള്ളു. ഒരു കലാകാരൻ എന്നനിലയിൽ സ്വകൃതികളിൽ
ശൃംഗാരം പ്രയോഗിക്കുവാൻ വെണ്മണിക്കു സാധിച്ചിട്ടി
ല്ല. രചനയിൽ മാത്രമേ അതു സാധിച്ചിട്ടുള്ളു. ശൃംഗാര
ചന്ദ്രിക, പൂരപ്രബന്ധം, കാമതിലകഭാണം, ഭ്രുതിഭ്രഷ
ചരിതം, അംബോപദേശം മുതലായവ ഈ വിഷയ
ത്തിൽ കുപ്രസിദ്ധിയോ, സുപ്രസിദ്ധിയോ നേടിയിട്ടുള്ള
വയാണല്ലോ. വായനക്കാരെ കർത്തവ്യകുതുകികളാക്കിത്തീ
ൎക്കുവാൻ, ഭാവനാപൂൎണ്ണവും സംസ്കാരശുദ്ധവുമായ കവി
ഹൃദയം ഉള്ളവൎക്കു മാത്രമേ സാധിക്കയുള്ളു എന്നു പറ
യേണ്ടതില്ലല്ലോ. വെണ്മണിപ്രഭൃതികളുടെ കൃതികൾ
കാവ്യാദൎശത്തെ വളരെ അധഃപതിപ്പിച്ചുകളഞ്ഞു എന്നു
ള്ളതു നിസ്തൎക്കമാണ്. എന്നാൽ ഒരു സംഗതിയിൽ ഇ
വരെ പ്രത്യേകം പ്രശംസിക്കുവാനുണ്ട്. ശൃംഗാരവൎണ്ണന
കളിലാണെന്നിരിക്കിലും കേരളീയത്വം വരുത്തുവാൻ ഇ
വർ യത്നിച്ചിരുന്നുവെന്നുള്ളതാണ് അതു്. കേരളീയ ജീ
വിതത്തിലെ ആദ്യത്തെ നേട്ടമായിട്ടുകൂടി വെണ്മണിശൃം
ഗാരത്തെ കല്പിക്കാമെന്നു തോന്നുന്നു. വള്ളത്തോളിന്റെ
ശൃംഗാരം ഇതിന്റെ ഒരു സംസ്കരിക്കപ്പെട്ട രൂപമായും
കണക്കാക്കാം. വാസനയും രസികത്വവും തികഞ്ഞ ഇവ
രുടെ കവിതകൾ ജാതിമതഭേദംകൂടാതെ സകലരെ

യും രസിപ്പിക്കുവാൻപോരുന്നവയാണെന്നു നിസ്സംശയം പറയാം.

> 'ഹാ! തമ്പിജന്റെ കവനം കടിമാറിടാത്ത—
> തപൈതങ്ങളും തലകുലുക്കി രസിച്ചു കേൾക്കും'

എന്നു നടുവത്തുനമ്പൂരിയെപ്പററി മഹാകവി ഉള്ളൂർ പ്രസ്താവിച്ചിട്ടുള്ളതു് ഇവരെയെല്ലാം പൊതുവേ സംബന്ധിക്കുന്നതുതന്നെയാണു്. വെണ്മണിമഹൻ നമ്പൂരിപ്പാട്ടിലെ 'പാഞ്ചാലീസ്വയംവരം' തുള്ളലും, നടുത്തുമഹന്റെ 'മഹിഷമർദ്ദനം' വഞ്ചിപ്പാട്ടും ദ്രാവിഡവൃത്തത്തിൽ എഴുതിയിട്ടുള്ള രണ്ടു നല്ല കൃതികളാകുന്നു.

<u>കുഞ്ഞിക്കുട്ടൻതമ്പുരാൻ.</u>

വെണ്മണിപ്രഭൃതികളുടെ അനന്തരാവകാശികളായി വർത്തിച്ചു് ഭാഷാകവിതയെ മേല്പറഞ്ഞ നൂതനപദ്ധതിയിൽക്കൂടി നയിച്ചു്, വിജയശ്രീലാളിതന്മാരായിട്ടുള്ളവരിൽ അഗ്രഗണ്യനാണു് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ.

> 'താമരശാന്ത്യതിലോമമുകിൽക്കുളി ചെറുകാറേററു ചിന്നിക്കൂന്തൽ
> പെറും നൽപ്പുസ്തകക്കെട്ടുമുച്ചൂട്ടിലാക്കുണിച്ചൂട്ടമെൻ ചേർത്തുവെച്ചു്
> നേരെ നില്ക്കുന്ന ബാലത്തരുണികൾ നടുവിൽ ബാലികാപാഠശാലാ—
> ഭോഗ താണിച്ചുനിന്നോരഴകൊഴുകിന പെൺപൈതലേതായിരിക്കാം?'

എന്നിങ്ങനെയുള്ള കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെ നിസർഗ്ഗസുന്ദരവും, അശ്ലിഷ്ടമനോഹരവുമായ കാവ്യവാണീപ്രവാഹം സഹൃദയഹൃദയങ്ങളെ എത്രകണ്ടു് ആമോദിപ്പിക്കുകയും ഉന്മേഷിപ്പിക്കുകയും ചെയ്യുന്നുവെന്നു പറഞ്ഞറിയിക്കുവാൻ പ്രയാസം. 'ശബ്ദങ്ങളെദ്ദാസരെയെ

ന്നപോലെ, ശരിക്കു കീഴ്നിൎത്തിയ 'ശക്തിയുക്തൻ' തന്നെയായിരുന്നു തിരുമേനി. ഏതാശയത്തേയും ക്ലേശരഹിതമായി ഛന്ദസ്സിൽ ഒഴുക്കുവാൻ ഈ ശബ്ദപ്രജാപതിക്കുണ്ടായിരുന്ന പാടവം അത്ഭുതാവഹമെന്നേ പറയാവൂ.

തമ്പുരാന്റെ സ്വതന്ത്രകൃതികളിൽ പ്രഥമഗണനീയമായിട്ടുള്ളതു "കേരളം"മത്രെ. ചരിത്രപരമായ ഒരു കാവ്യം എന്ന നിലയ്ക്കു് അതിനു കേരളസാഹിത്യചരിത്രത്തിൽ ഒരു മാന്യസ്ഥാനമുണ്ടു്. 'നല്ലഭാഷ'മുതലായ കൃതികൾ തമ്പുരാന്റെ ഭാഷാപരസ്വാധീനതയെ പ്രസ്പഷ്ടമാക്കുന്നു. ഏതാനും കേരളീയ കവികളെ ഭാരതകഥാപാത്രങ്ങളോടു സാദൃശ്യപ്പെടുത്തി ചമച്ചിട്ടുള്ള ഒരു കൃതിയാണു് 'കവിഭാരതം'. തിരുമനസ്സിലെ കവിഭാരതമാണു് മൂലൂരിന്റെ കവിരാമായണത്തെ രംഗപ്രവേശം ചെയ്യിക്കുവാൻ ഹേതുവാക്കിയതെന്നുള്ള സംഗതി പ്രസിദ്ധമാണല്ലൊ. തമ്പുരാന്റെ പലവക "ഒറ്റശ്ലോകങ്ങൾ"തന്നെ നല്ലൊരു സാഹിത്യസമുച്ചയമാണു്. അവിടുന്നു പലപ്പോഴായി രചിച്ചിട്ടുള്ള കൃതികളെയെല്ലാം ശേഖരിച്ചു്, ഭാഷാപ്രണയിയായ കോട്ടയ്ക്കൽ കൃഷ്ണവാരിയർ അവൎകൾ ഏതാനും ഭാഗങ്ങളായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വിവരം ഇവിടെ പ്രസ്താവയോഗ്യമാണു്.

എന്നാൽ 'സരസദ്രുതകവികിരീടമണി'യായ അവിടുത്തെ യശഃപതാക മേല്പറഞ്ഞവയിൽ ഒന്നുകൊണ്ടുമല്ല, സാഹിത്യലോകത്തിൽ സുപ്രതിഷ്ഠിതമായിട്ടുള്ളതു്. അതിവിപുലവും, ബഹുവിധ ധൎമ്മതത്വനികേതനവും,

‘വ്യാസശ്രീമഹർഷിവിനിർമ്മിത’വുമായ ശ്രീമഹാഭാരതത്തെ ‘തനിച്ചു മുവാണിട്ടുകൊണ്ടു’ അവിടുന്നു തർജ്ജമ ചെയ്തു; ആ ഏക സംഗതിയാണു് തിരുമനസ്സിലെ യശഃപതാകയെ ഏററവും ഉയർത്തുവാൻ കാരണമായതു്. മഹാഭാരതത്തെ കണ്ണശ്ശനും, എഴുത്തച്ഛനും ഇതിനുമുമ്പു തന്നെ തർജ്ജമ ചെയ്തിട്ടുണ്ടെന്നുള്ളതു് ഇവിടെ വിസ്മരിച്ചിട്ടില്ല. എന്നാൽ അവ രണ്ടും മൂലത്തിലെ പല ഭാഗങ്ങളേയും ചുരുക്കുകയോ, ത്യജിക്കുകയോ ചെയ്തുകൊണ്ടുള്ള സംഗ്രഹ രൂപങ്ങൾ മാത്രമേ ആയിരുന്നുള്ളു. തമ്പുരാനാകട്ടെ, വിസ്തൃതമായ ആ ഗ്രന്ഥത്തെ ആപാദചൂഡം വൃത്താനുവൃത്തമായി പരിഭാഷപ്പെടുത്തുകയാണു ചെയ്തിട്ടുള്ളതു്. വ്യാസന്റെ വിപുലമായ ആ ഗ്രന്ഥത്തെ അർത്ഥഭംഗംകൂടാതെ വിവർത്തനം ചെയ്വാൻ വ്യവസായസമ്പന്നനായ ‘കേരളവ്യാസനു’ല്ലാതെ, മററാർക്കും സാധിക്കുമെന്നു തോന്നുന്നില്ല. മൂലത്തിലെ പ്രസാദാദി ഗുണങ്ങൾ സവിശേഷം തർജ്ജമയിൽ വരുത്തിയിട്ടുണ്ടു്. ഏററവും പ്രൗഢഗംഭീരങ്ങളായ ആശയങ്ങളെ വെളിപ്പെടുത്തുന്ന, ഭഗവൽഗീത, വിദുരവാക്യം മുതലായ ഭാഗങ്ങൾപോലും തമ്പുരാന്റെ തർജ്ജമയിൽ അക്ലിഷ്ടങ്ങളായി തീർന്നിരിക്കുന്നു.

‘നാസതോ വിദ്യതേ ഭാവോ — നാഭാവോ വിദ്യതേ സതഃ
ഉഭയോരപി ദൃഷ്ടോന്ത — സ്ത്വനയോസ്തത്വദർശിഭിഃ’ 2—16.

എന്നുള്ള ഗീതാപദ്യം തമ്പുരാൻ തർജ്ജമചെയ്തിട്ടുള്ളതിങ്ങനെയാണു്:—

‘ഇല്ലാത്തതുണ്ടാവില്ലുള്ള — തില്ലാതാവില്ലൊരിക്കലും
ഇതു രണ്ടിന്റെയുമന്തം — തത്വദർശികൾ കണ്ടതാം.’

ഇങ്ങനെ ഏറിയ ഭാഗവും അക്ലിഷ്ടമായ 'നല്ല ഭാഷ' യിൽത്തന്നെയാണു് എഴുതിക്കാണുന്നതു്. സർവ്വപ്രകാരേണയും തമ്പുരാൻെറ ഈ മഹാഭാരതതർജ്ജമ ഭാഷാപദ്യ സാഹിത്യത്തിന്നു് അനർഘവും അമൂല്യവുമായ ഒരു നേട്ടമായി പരിണമിച്ചിട്ടുണ്ടു്. വ്യാസകൃതിയെ ഇങ്ങനെ സമഗ്രമായ വിധത്തിൽ കേരളീയർക്ക് പ്രദാനംചെയ്ത അധീമാനെ, "കേരളവ്യാസൻ" എന്ന ബിരുദംകൊണ്ടു സഹൃദയന്മാർ ബഹുമാനിച്ചിട്ടുള്ളതും സർവ്വഥാ ഉചിതമായിട്ടുണ്ടു്.



അദ്ധ്യായം 13

വെണ്മണികാലത്തെ മററു കവികൾ.

ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ

വെണ്മണിപ്രഭൃതികൾക്കുള്ള രചനാഭംഗി സവിശേഷം സ്വാധീനമായിരുന്ന ഒരു സരസകവിയാണ് ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ അവർകൾ. "വിനോദിനി"യാണ് അദ്ദേഹത്തിന്റെ ഏററവും പ്രധാനമായ കൃതി. കാശിരാജാവിന്റെ പുത്രിയായ വിനോദിനിയെ, വിരാടരാജാവായ മനോഹരൻ പാണിഗ്രഹണം ചെയ്യുന്നതാണ് ഇതിലെ ഇതിവൃത്തം. നാലു ഭാഗങ്ങളായി തിരിച്ചു രചിച്ചിട്ടുള്ള പ്രസ്തുതകൃതിയിലെ മിക്ക പദ്യങ്ങളും സഹൃദയഹൃദയങ്ങളെ സദ്യഃ ആഹ്ലാദിപ്പിക്കുന്നവയത്രെ.

'ചാരൻവഴിക്കെഴുതി വിട്ടൊരു കത്തു കിട്ടി
സാരം ഗ്രഹിച്ചു പരിതുഷ്ടി ലഭിച്ചു ചിത്തെ
പാരം പ്രിയം കലരുമാൻ മകളെബ്ഭവാനു
ദാരങ്ങളാക്കുവതിനാരു തരപ്പെടില്ല.'
'ശ്രീജാനകീരമണവംശജനാമയോദ്ധ്യാ-
രാജാവിനാത്മജകളെ നൽകണമെന്നു മോഹം
ആജാനബാഹു ബഹുവിക്രമി യോഗ്യനാമ-
ബ്ഭൂജാനി ശൂരതയിലോർക്കിൽ നില്പുമത്രേ!'
'മെയ്കാന്തിയാൽ മിഴികളൊളിഞ്ഞു കുമാരിമാരെ-
യേകാൻ തുടങ്ങുകിലൊരുക്കമബാധമാകാം
ഭൂകാന്തരിൽ ഭുജപരാക്രമമാണു മുഖ്യം
ഹേ കാന്തവിഗ്രഹ! ഭവാനിതറിഞ്ഞുകൂടേ!'
'ഹേ മത്തകാശിനി, ധരിക്കുക നീ യഥാർത്ഥ-
പ്രേമത്തിനുള്ള വഴിയത്ര തെളിഞ്ഞതല്ല'

എന്നിങ്ങനെയുള്ള പദ്യങ്ങളുടെ ശബ്ദസൗന്ദര്യം തന്നെ സഹൃദയന്മാൎക്ക് പുളകജനകമായിരിക്കുന്നു.

മൂലൂർ പത്മനാഭപ്പണിക്കരുടെ കവിരാമായണം സംബന്ധിച്ചു നടന്ന വാദപ്രതിവാദങ്ങളിൽ ഒരു പ്രധാന പങ്കു വഹിച്ചിരുന്നതു് ഒടുവിലായിരുന്നു. കവിരാമായണം മുതലായവയെ അനുകരിച്ചു 1074-ലെ 'വിദ്യാവിനോദിനി'യിൽ 'കവിമൃഗാവലി' എന്നൊരു കവിത അദ്ദേഹം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. പ്രസിദ്ധന്മാരായ ഏതാനും കവികളെ ഓരോ മൃഗങ്ങളോടു സാദൃശ്യപ്പെടുത്തി വൎണ്ണിച്ചിട്ടുള്ളതാണു പ്രസ്തുതകാവ്യം. ലക്ഷ്മീവിലാസശതകം, കേരളവൎമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ ഷഷ്ടിപൂൎത്തി പ്രമാണിച്ചെഴുതി അദ്ദേഹത്തിനു സമൎപ്പിച്ചിട്ടുള്ള ഒരു കാവ്യമത്രെ.

കൂട്ടുകവിതകൾ നിൎമ്മിക്കുന്നതിൽ ഈ കവിക്കുള്ള പാടവം അന്യാദൃശമെന്നേ പറയാവൂ. 'ഉപകോശ', ചണ്ഡാലീമോക്ഷം തുടങ്ങിയ കൃതികൾ ഏതാനും കവികൾ കൂടിച്ചേൎന്നു് എഴുതിയിട്ടുള്ള കൂട്ടുകവിതകളാകുന്നു. വിഷയവിഭജനാവസരത്തിൽ കവിക്കു കിട്ടുന്ന ഭാഗം എത്രതന്നെ ശുഷ്കമായിരുന്നാലും, അതു മേനവന്റെ തൂലികാചാലനത്തിൽ ഏററവും സുന്ദരഭാഗമായി തീൎന്നുകൊള്ളും. അത്രത്തോളം രസികാഗ്രണിയാണു മേനവൻ. ചണ്ഡാലീമോക്ഷത്തിലെ—

"പലപല ചെലിതപ്പുക്കോണ ശോണ—
ക്കലവികളിൎപ്പുകൾ പൊററ തരുസമൂഹ
[illegible]
നിലവിളി സാധകമാക്കിവാങ്ങിടുന്നു."

"ഏതുപിടിയുമിതില്ല കാര്യകാരണ—
ന്നാതുരാംഗനമാരെന്നറിഞ്ഞുകൂടാ
കണ്ടമനമഴിയുകണ്ടു നാഴി വെള്ളം
അതുവതിനാറവരാമെന്നുമെന്നതില്ല."

എന്നു തുടങ്ങിയ പദ്യങ്ങൾ എത്രകണ്ടു ഹൃദയാകർഷകമായിരിക്കുന്നുവെന്ന് അതതു ഭാഗങ്ങൾ വായിച്ചുതന്നെ ഗ്രഹിക്കേണ്ടതാണ്. ഉപകോശയിലെ,

'പാരിൽ പെണ്ണുങ്ങളെക്കാൾപ്പുരുഷരു ബലവാന്മാരെന്നോ ചിന്തിച്ചിവർക്കും
ചാരിത്രധ്വംസനം ചെയ്യുന്നതു സമുചിതമല്ലാർക്കുമെന്നോർക്ക ധീമൻ!
ചേരില്ലീ വൃത്തിയുക്കാമുഗ്ദ്ധരചിലമറിഞ്ഞോർകളാണാന്മ പെണ്ണു—
ങ്ങളില്ലേ! ഹന്ത! നിങ്ങൾക്കുവരെ ഏറി നിന്ദിച്ചുതന്ന വിദ്യയൊക്കെയ്യും.'

എന്നു തുടങ്ങിയ പല പദ്യങ്ങളുടെയും ആസ്വാദ്യത അനുഭവിച്ചറിയേണ്ടതുതന്നെ.

കണ്ടത്തിൽ വറുഗീസുമാപ്പിള.

ആധുനികഭാഷാസാഹിത്യത്തിന്റെ പേർ പറയുന്ന ഘട്ടത്തിൽ പരേതനായ കെ. ഐ. വറുഗീസുമാപ്പിളയെ സ്മരിക്കാതിരിക്കുവാൻ ഭാഷാഭിമാനിയായ ഒരു കേരളീയനും കഴിയുമെന്നു തോന്നുന്നില്ല. കൊല്ലവർഷം 11-ാംനൂറ്റാണ്ടിന്റെ ഉത്തരാർദ്ധം മലയാളഭാഷയുടെ അഭിവൃദ്ധിക്കു പ്രത്യേകം പ്രസിദ്ധി സമ്പാദിച്ചിട്ടുള്ള ഒരു കാലഘട്ടമാകുന്നു. അക്കാലത്തു വാണിരുന്ന വലിയകോയിത്തമ്പുരാൻ തുടങ്ങിയ കവിസാർവ്വഭൗമന്മാരുടെ രംഗപ്രവേശത്തിനുപോലും സൂത്രധാരത്വം വഹിച്ചിരുന്നതു വറുഗീസുമാപ്പിളയാണെന്നുള്ള വസ്തുതയിൽനിന്നുതന്നെ സാഹിത്യലോകത്തിൽ അദ്ദേഹത്തിനുള്ള സ്ഥാനം ഏകദേശം ഊഹിക്കാവുന്നതാണ്.

വറുഗീസുമാപ്പിള അവർകളെ ഒരു സഹൃദയനും സാഹിത്യപ്രോത്സാഹകനും എന്നുള്ള നിലയിലാണ് പലരും ചിത്രീകരിച്ചുകാണാറുള്ളത്. എന്നാൽ അദ്ദേഹത്തിനുള്ള സാഹിത്യജ്ഞാനം അതിനേക്കാളും ഉപരിയായിട്ടുള്ളതാണെന്നുള്ള വസ്തുത വിസ്മരിക്കുവാൻ പാടുള്ളതല്ല. ഒപ്പ്വിച്ഛേദം അഥവാ യദുകുലരാഘവം ആട്ടക്കഥ, എബ്രായക്കുട്ടിനാടകം, കലഹിനീദമനംനാടകം, അത്ഭുതജനനം പത്തുവൃത്തം, സച്ചരിത്രശതകം, കീർത്തനമാല എന്നു തുടങ്ങിയ പല സൽകൃതികളും വറുഗീസുമാപ്പിളയുടെ സാഹിത്യജ്ഞാനത്തെ വിളിച്ചുപറയുന്നവയാണ്. മലയാളമനോരമയുടെ പത്രാധിപരായിരുന്ന അദ്ദേഹം അന്നു പത്രത്തിലേയ്ക്കു പല സാഹിത്യകാരന്മാരും അയച്ചിരുന്ന കത്തുകളും കവിതകളും പരിശോധിച്ച് ആവശ്യമുള്ള ദിക്കിൽ തിരുത്തലുകൾചെയ്തു ചേർക്കുകയായിരുന്നു പതിവ് എന്നുകൂടി അറിയുമ്പോൾ അദ്ദേഹത്തിന്റെ സാഹിത്യമർമ്മജ്ഞതയുടെ ഏകദേശരൂപം വ്യക്തമാണല്ലോ.

സാഹിത്യവിഷയത്തിലെന്നപോലെതന്നെ, കാര്യത്രാണിയിലും അദ്ദേഹം പ്രശസ്തനായിരുന്നു. വറുഗീസുമാപ്പിളയുടെ ആത്മാവിന്റെ പ്രതിഫലനമായിരുന്ന മനോരമയെ രംഗപ്രവേശം ചെയ്യിക്കമാത്രമല്ല, അറിവും കഴിവുമുള്ള സാഹിത്യകാരന്മാരെ കണ്ടുപിടിച്ചു പലപ്രകാരത്തിൽ അവരെ പ്രോത്സാഹിപ്പിക്കുവാൻകൂടി അദ്ദേഹം ശ്രമിച്ചിരുന്നു. ആ ശ്രമത്തിന്റെ ഫലമായിട്ടുതന്നെയാണു പിൽക്കാലത്തു മഹാകവികളും സാഹിത്യകാരന്മാരുമായി പേർപെററ പലരും തത്തൽസ്ഥാനങ്ങളെ പ്രാപി

ക്കാനിടയായതു്". വറുഗീസുമാപ്പിളയും മലയാളമനോരമയും ഉണ്ടായിരുന്നില്ലെങ്കിൽ, സാഹിത്യത്തെ സംബന്ധിച്ചിടത്തോളം തങ്ങൾ ഇന്നത്തെ നിലയിൽ എത്തുകയില്ലായിരുന്നുവെന്നു പ്രസിദ്ധന്മാരായ കെ. സി. കേശവപിള്ള, നടുവത്തച്ഛൻനമ്പൂരി, കൊട്ടാരത്തിൽ ശങ്കുണ്ണി, എം. ഉദയവൎമ്മരാജാ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, കെ. സി. നാരായണൻനമ്പ്യാർ, മൂലൂർ പത്മനാഭപ്പണിക്കർ, മൂൎക്കോത്തു കുമാരൻ മുതലായി പലരും ഓരോ അവസരത്തിൽ തുറന്നുപറഞ്ഞിട്ടുണ്ടു്.

വലിയകോയിത്തമ്പുരാന്റെ പാണ്ഡിത്യവും പ്രോത്സാഹനപാടവവും രാജകീയവും, വറുഗീസുമാപ്പിളയുടേതു പ്രജാപരവുമായിരുന്നു. അവ രണ്ടുംകൂടി സമ്മേളിച്ചതിന്റെ ഫലമാണു് ആധുനികമലയാളസാഹിത്യത്തിനു കൈവന്ന സൗഭാഗ്യമെന്നു പറയാവുന്നതാണു്.

"അന്നത്തെ ഭാഷാന്തരീക്ഷത്തിലെ ദീപ്തങ്ങളായ രണ്ടു ഉദയതാരങ്ങളായിരുന്നു വറുഗീസുമാപ്പിള അവർകളും വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടും. വറുഗീസുമാപ്പിളയുടെ അത്യുത്സാഹവും വലിയകോയിത്തമ്പുരാന്റെ സഹായവും അന്നില്ലായിരുന്നുവെങ്കിൽ പില്ക്കാലത്തു സാഹിത്യനഭോമണ്ഡലത്തിൽ പ്രോജ്ജ്വലങ്ങളായി തീൎന്നിട്ടുള്ള അനേകം നക്ഷത്രതല്ലജങ്ങൾ രംഗപ്രവേശം ചെയ്യുകതന്നെ ഇല്ലായിരുന്നു. 1067-ൽ കോട്ടയത്തു വെച്ചു നടത്തപ്പെട്ട കവിസമാജവും അതിനെത്തുടൎന്നു മലയാളഭാഷാപരിഷ്കരണാൎത്ഥം പില്ക്കാലത്തു തുടങ്ങിയ 'ഭാഷാപോഷിണിസഭ'യും കേരളത്തിലെ വിദ്വജ്ജനങ്ങ

ളെ ഏകീകരിപ്പിക്കുന്നതിനും, അവരുടെ ശക്തിയെ ഭാഷാപോഷണാൎത്ഥം വിനിയോഗിക്കുന്നതിനും വഴി തെളിച്ചുവിട്ടു. ഈ സദ്വ്യവസായത്തിൽ സകലവിധ സാരഥ്യവും വഹിച്ച്, സാഹിത്യരഥത്തെ മുന്നോട്ടു നയിച്ചിരുന്നതു വറുഗീസുമാപ്പിളയുടെ ഉത്സാഹശക്തി ഒന്നുമാത്രമായിരുന്നു" എന്നു സഹൃദയവൎയ്യനായ പി. വി. കൃഷ്ണവാര്യർ അവർകൾ പ്രസ്താവിച്ചിട്ടുള്ളതു് അതിശയോക്തിസ്പൎശമില്ലാത്ത ഒരു പരമാൎത്ഥം മാത്രമാകുന്നു.

എടമരത്തു വിക്ടർ.

വെണ്മണിപ്രഭൃതികളുടെ കാലത്തു ജീവിച്ചിരുന്ന മഹാനായ ഒരു കവിയാണു്, സുപ്രസിദ്ധനായ എടമരത്തു കെ. വിക്ടർ അവർകൾ. മാൎത്തോമാപാട്ടും കിളിപ്പാട്ട്, പഴയപാന, മരണപാട്ടും, വിധിപാട്ടും, നരകപാട്ടും, മോക്ഷപാട്ടും, മിശിഹാചരിത്രം ഇരുപത്തിനാലുവൃത്തം, സ്തുതിരത്നമാല എന്നിങ്ങനെ അനേകം കൃതികൾ ഈ കവിയുടെ വകയായിട്ടുണ്ടു്. പ്രേഷിതവൎയ്യനായ തോമായുടെ ജീവിതചരിതം മൂന്നുപാദങ്ങളാക്കി നിൎമ്മിച്ചിട്ടുള്ള ഒരു വിശിഷ്ടകൃതിയാണു മാൎത്തോമാപാട്ടും. പദലാളിത്യം, ശബ്ദശുദ്ധി, മനോധൎമ്മം മുതലായ കാവ്യഗുണങ്ങൾ മിസ്റ്റർ വിക്ടരുടെ എല്ലാകൃതികളിലും ഒന്നുപോലെ കളിയാടുന്നുണ്ടു്. എഴുത്തച്ഛനെപ്പോലെ ചിലേടത്തു് ഈ കവിയും ഈരടിപ്പദ്യങ്ങളെ ധാരാളം പ്രയോഗിച്ചു കാണുന്നുണ്ടു്. മാൎത്തോമാപാട്ടിലെ താഴെ ഉദ്ധരിക്കുന്ന ഭാഗം നോക്കുക:-

"അമലാത്മജനായോരീശ്വരൻ വിശ്വേശ്വരൻ
അമരാധീശന്മാരെ പാലിച്ച സ്വശ്ശക്തികൾ
അമരുമാദിനാഥനവ്യയനനാമയൻ
കലിതാനന്ദൻ കല്യൻ കൈവല്യാലയൻ ധന്യൻ
കന്മഷജാലഹീനൻ സൗമ്യമാധുര്യശീലൻ
നിർമ്മലൻ നിരഞ്ജനൻ നിത്യനത്യുദാരജ്ഞൻ
നിഷ്കളാകാരൻ ഭുവികാരുണ്യനിലയനൻ
നിഷ്കലൻ നിരാമയൻ നിരാധാരി സാര–
നിശ്ചയൻ നിരുപമൻ നിർഗ്ഗുണൻ നിരാകാരൻ
നിർവ്വിഘ്നൻ നിഷ്കളങ്കൻ നീതിജ്ഞൻ നിരാധാരൻ
നിർവ്യയാത്മാപി ധർമ്മാധർമ്മസാക്ഷിയായീടും
അച്യുതാനന്ദനോടാ സ്വച്ഛന്ദാത്മൻ ദേവൻ
അച്ഛന്നമശേഷവും സർവ്വപാലകനേകൻ
ആദികാരണൻ [illegible] ലോകനാഥൻ പരൻ
ആദിതൊട്ടുള്ളിലെന്നിലാവസിക്കട്ടെ മുദാ."

ബൈബിളിലെ പഴയനിയമത്തെ മുപ്പത്തിമൂന്ന് അദ്ധ്യായങ്ങളിലായി സംഗ്രഹിച്ചെഴുതിയിട്ടുള്ള ഒരു കൃതിയാണു പഴയപാന. അർണ്ണോസുപാതിരിയുടെ പാട്ടുകളിലെ വിഷയംതന്നെയാണ് ഈ കവിയുടെ നാലുപാട്ടുകളിലും അടങ്ങിയിട്ടുള്ളതു്. എന്നാൽ പദശുദ്ധി, മാധുര്യം മുതലായവയിൽ ഈ രണ്ടു കവികളുടെയും കൃതികൾക്ക തമ്മിൽ അജഗജാന്തരമുണ്ടെന്നുള്ളതു പ്രത്യേകം സ്മർത്തവ്യമാണ്. മിശിഹാചരിത്രംപാട്ട് ഇരുപത്തിനാലു വിവിധവൃത്തങ്ങളിലായി എഴുതിയിട്ടുള്ള ഒരു നല്ല കൃതിയാകുന്നു. ഇതു സ്ത്രീകൾക്കുവേണ്ടി പ്രത്യേകം നിർമ്മിച്ചിട്ടുള്ളതാണെന്നു താഴെപ്പറയുന്ന പദ്യംകൊണ്ട് ഊഹിക്കാവുന്നതാണ്:–

'പുത്തൻപാനയിൽനിന്നെടുത്തു പുതുതായ് പുതിച്ചമോദം ജഗൽ–
സ്വാമിതന്നിൽ കൃപചെയ്യുകകൊണ്ടിതു കിളിപ്പാട്ടായി വാഞ്ഛയിനാ

പുത്തൻതേന്മൊഴിമാൎക്കു പാടുവതിനായ് നിൎമ്മിച്ചു നേരൊത്തു നാം-
നന്ദൻപെട്ടറിഞ്ഞു സങ്കീൎത്തനമിനിക്കാശീൎവ്വചനസ്തകണം.'

സ്തുതിരത്നമാലയിലെ സ്തവങ്ങൾ എല്ലാംതന്നെ കേരളത്തിൽ പ്രചാരത്തിലിരിക്കുന്ന പല കീൎത്തനങ്ങളുടേയും രീതിയിലാകയാൽ വളരെ സുഖമായും സുഗമമായും പാരായണം ചെയ്യുവാൻ കഴിയും. അതിലെ ചില ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കുന്നതു വായനക്കാൎക്കു രസപ്രദമായിരിക്കുമെന്നു വിശ്വസിക്കുന്നു:—

"ആശ്രയൻനീ രക്ഷകൻനീയിക്ഷിതിതലേ പുരാ
അക്ഷിദാസചരപ്രകാരമുണ്ടായിച്ചു ദൈവമേ
ലക്ഷ്യമെന്യേനിന്റെ ചിന്തയൊരു നിത്യവും
രക്ഷമാൎഗ്ഗമേകിടേണമെനിക്കീശാ പാഹിമാം.

ജന്മമയങ്ങാളായിരുന്നൊരാണ്മെരുമൊഴിയിൽ
നന്മതയന്നപോലെ താണു താണു പോകുമെന്ന നൽ
ജന്മചന്ദ്രികയെന്ന താരി നമ്മളെ സകലരേ
നീ മനം തെളിഞ്ഞു സൗഖ്യമേകുകീശാ പാഹിമാം.,

(ഗിരിഹാസ്തുതി)

"അഖിലതരാതലമുഖ്യവിലാസമാം വീടാ-
യമരുമൊരുകന്യേ തവചരണമെന്യേ
ഇഹകരമിലൊത്താലപരഗതിയേതും
നഹി നുവരകന്യേ ജയ ജഗതി വരദേ.

സുഗുണഗണപൂൎണ്ണ മഹിതതരകീൎത്തേ!
നിഗമമൊഴിവിരുതേ! ഹൃദയനയസരതേ!
വിഗതഭയമെന്നിൽ തുണയരുളുകമ്മേ
ക്ഷിതിപാലകന്യേ ജയ ജഗതി വരദേ."

(ദേവമാതൃകീൎത്തനം)

"നിഖിലജനപാലനം നിൎവ്വികാരം പരം
സുഖസുഖദമാനസം സുസ്മിതാനനം

ത്രൈവിഷയനാശനം ത്വദുപാസകാനാം
അംഘ്രിതാമരനേരഹം സദ്ഗുരുകം ഭജേ.

ജഗദഖിലവ്യാപിനം ജന്മശങ്കനാശനം
നിഗമനിലയം നയസംപാദിവ്യഭീഹരം
ദിഗന്തരഗതസുരപൂജിതം ഒരു സാ
ഗരാന്തലശോഭിതം സദ്ഗുരുകം ഭജേ”.

(ദൈവസ്തുതി)

“കരുണാകര ജയ ബാവായേ, മരണാന്തക ജയ ബാവായേ
കരുണാകരജയ മരണാന്തകജയ ശരണം തവകഴൽ ബാവായേ.
ശരണം തവകൃപ ബാവായേ, വരണം മമ ഹൃദി ബാവായേ
വരണം മമ ഹൃദി ശരണം തവ കൃപ ശരണം തവ കഴൽ ബാവായേ,
ഭക്തജനപ്രിയ ബാവായേ, മുക്തിപ്രദ ബാവായേ
ഭക്തജനപ്രിയ മുക്തിപ്രദ നൃപതീശ്വര ബാവായേ
പരലോകപ്രഭു ബാവായേ, സുരലോകാധിപ ബാവായേ
പരലോകപ്രഭു സുരലോകാധിപ പരിത്രാഹി മാം ബാവായേ!”

(ബാവാസ്തുതി)

ഇത്തരം കീർത്തനങ്ങൾ ഏതൊരു ഭക്തചിത്തത്തെയാണു കോൾമയിർക്കൊള്ളിക്കാത്തതു്? പൂന്താനത്തിന്റെ കീർത്തനങ്ങൾക്കു തുല്യമായ നില, മി. വിക്ടരുടെ കീർത്തനങ്ങൾക്കും കല്പിക്കാമെന്നു് ഉദ്ധൃതഭാഗങ്ങൾ തെളിവു നൽകുന്നുണ്ടു്. ചിത്രനിർമ്മാണവിഷയത്തിൽ കവിക്കുള്ള വൈദഗ്ദ്ധ്യത്തെക്കൂടി വെളിപ്പെടുത്തിക്കൊണ്ടു് ഈ ഭാഗം അവസാനിപ്പിക്കാം. ദേവമാതാവിന്റെ വ്യാകുലാവസ്ഥയെ ചിത്രീകരിച്ചിട്ടുള്ള ഒരു പദ്യമാണിതു്:—

വീണ്ടും ശ്വാസം തടഞ്ഞും കരങ്ങളതിനൊടുടനെ, ശങ്കപൊങ്ങിത്തെറിച്ചും
വാർന്നും കണ്ണീർകലർന്നിട്ടാത്തിരമിഴികളെത്രയും മിഴിക്കെപ്പൊഴുതോ

പാൎത്ഥം, പാൎത്ഥിൽ റീണം ബാല്യവിവിധവൃത്തങ്ങളും പിരണ്ടുകല്പലാപം
മീൎത്തും കീൎത്തിപ്പുമൊപ്പം മന്ദിയുടെ മനം നിറങ്ങളെക്കാത്തിടട്ടെ.

മാതൃവക്ഷസ്സിൽ വിഹരിക്കുന്ന ഉണ്ണിമിശിഹായുടെ ഒരു ചിത്രം നോക്കുക:—

'ശ്രീകാന്താവിൻമടിത്തടത്തിലതികൗതുകം കൊണ്ടു ചേൎന്ന് ചാരി—
പ്പൂമെയ് കേളിപ്പുണൎന്നാനന്ദം മുലയോടൊന്നുചാൎത്തു ദിവ്യമന്ദസ്മിതത്തോടെ
ഓമൻ കാന്ത്യാകരങ്ങളാലെ ചിരികിളരും മുല്ലിമെല്ലൊപ്പമെന്തി
സാമൎത്ഥ്യത്തോടുമൊപ്പം മിഹിര തിരുമേനിപ്പുസ്സന്നിധിയോടൊത്തിട്ടുന്നൻ.'

പന്തളത്തുതമ്പുരാൻ.

സുപ്രസിദ്ധനായ പന്തളത്തു കേരളവൎമ്മ തമ്പുരാൻ സംസ്കൃതഭാഷയിൽ അസാമാന്യമായ പാണ്ഡിത്യം നേടിയിരുന്ന ഒരു 'കവിതിലക'നത്രെ. രുഗ്മാംഗദചരിതം മഹാകാവ്യം, വിജയോദയം, വഞ്ചീശശതകം, മാൎത്താണ്ഡദേവോദയം മുതലായവയാണ് ഇദ്ദേഹത്തിന്റെ പ്രധാനഭാഷാകൃതികൾ. ഇവയ്ക്കുപുറമെ തങ്കമ്മ, അംബരീഷശതകം, ശകുന്തള, ശ്രീമതി, സത്യവതി മുതലായി പതിനഞ്ചോളം ക്ഷുദ്രകവിതകളും തമ്പുരാന്റെ വകയായിട്ടുണ്ട്. 1080 മുതൽ ആരംഭിച്ച കവനകൌമുദിയുടെ ആവശ്യത്തെ പുരസ്കരിച്ചു പല വിഷയങ്ങളേയും ആസ്പദമാക്കി മറ്റു ചില കൃതികളും അവിടുന്നു നിൎമ്മിക്കാതിരുന്നിട്ടില്ല. ഉള്ളൂരിന്റെ ഉമാകേരളവും തമ്പുരാന്റെ രുഗ്മാംഗദചരിതവും ഒരേകാലത്തു നിൎമ്മിക്കാൻ തുടങ്ങിയ രണ്ടു മഹാകാവ്യങ്ങളാണെന്നുള്ള സംഗതി ഇവിടെ പ്രത്യേകം പ്രസ്താവയോഗ്യമാണ്. പക്ഷെ ഉമാകേരളത്തിനുള്ള മെച്ചം രുഗ്മാംഗദചരിതത്തിന് ഇ

ല്ലെന്നു സമ്മതിച്ചേ തീരൂ. പുരാണപ്രസിദ്ധമായ ഏകാദശീമാഹാത്മ്യമാണല്ലോ രുഗ്മാംഗദചരിതത്തിലെ ഇതിവൃത്തം. പ്രാക്തനമായ കാവ്യനിയമങ്ങളെ അനുകരിച്ചു ഗതാനുഗതികത്വേന ചെയ്തിട്ടുള്ള ഇതിലെ വൎണ്ണനകൾ, അധുനാതനന്മാരെ ആകൎഷിക്കുവാൻ ശക്തമായി ഭവിക്കുന്നില്ല. എന്നുവരികിലും രുഗ്മാംഗദചരിതത്തിലെ ചിത്രസൎഗ്ഗം, യമകസൎഗ്ഗം തുടങ്ങിയവ വായിക്കുമ്പോൾ തമ്പുരാന്റെ പദസ്വാധീനത, "വാണീദേവിക്കുടയ നടനപ്പന്തലാം പദശയ്യൻ' എന്നു പറഞ്ഞിട്ടുള്ളതിന്റെ അന്വൎത്ഥത, ആരും സമ്മതിക്കുകതന്നെ ചെയ്യും.

'പദമൈത്രനമേറവും ഭുവനത്തിലപമാനത്തെ വരുത്തിടും ദയതൾ
നവമാ നരനാഥസേനയിൽച്ചേൎന്നു, മാനത്തിലണഞ്ഞു മൊട്ടിട്ടേ'

എന്നു തുടങ്ങിയ പദ്യങ്ങളിൽ അൎത്ഥഭേദത്തോടുകൂടി ശബ്ദങ്ങളെ അനായാസമായി ആവൎത്തിച്ചിട്ടുള്ളതിന്റെ ഭംഗി നോക്കുക.

കാവ്യഗുണങ്ങളിൽ ഓജസ്സാണു തമ്പുരാന്റെ കൃതികളിൽ മുഖ്യമായി കാണുന്നതു്. ശബ്ദാഡംബരം പന്തളത്തിന്റെ കൃതികളുടെ ഒരു പ്രത്യേകതയെന്നുതന്നെ പറയാം. ശബ്ദാലങ്കാരത്തിൽ തമ്പുരാനെപ്പോലെ ദത്താവധാനന്മാരായ കേരളീയകവികൾ അധികം ഉണ്ടോ എന്നു സംശയമാണു്.

പുരമഥന പുരാണപുണ്യപൂരസ്ഫുരദതി ദാനഫലായിതാംഗയഷ്ടി
നിരവധി കരുണാപയോധി വേദ്യം മുരഹരസോദരി സാദരം തരട്ടെ'
'കളപദമധുബാലി കണ്ഠനോദ്യൽ കളകള മേളിത ഗീതികേട്ടുറങ്ങും
കളയുമയനിളുളകല്ലിലിത്താം കളമധുരാരവിന്ദതിലെത്തി തേടി'

(വിജയോദയം)

ഇങ്ങനെ യാതൊരു തടവും കൂടാതെ പായുന്ന അദ്ദേഹത്തിന്റെ വാഗ്വിലാസം ആരെയും അത്ഭുതപ്പെടുത്തുന്നതുതന്നെ. "സംസ്കൃതത്തിലും മലയാളത്തിലുമുള്ള സകല ശബ്ദങ്ങളും അവിടത്തേയ്ക്ക് അഹമഹമികയാ വഹിച്ചിരുന്ന ദാസ്യം സഹൃദയന്മാരെ ആശ്ചര്യപരവശന്മാരാക്കിത്തീർത്തിരുന്നു" എന്നു മഹാകവി ഉള്ളൂർ പ്രസ്താവിച്ചിട്ടുള്ളത് ഒരു പരമാർത്ഥം മാത്രമാണ്. ദ്വിതീയാക്ഷരപ്രാസവാദകാലത്ത് ഉള്ളൂർപക്ഷക്കാരനായിരുന്ന തമ്പുരാൻ പ്രാസത്തെപ്പററി ഇങ്ങനെയാണ് അഭിപ്രായപ്പെട്ടിട്ടുള്ളത്:—

'രണ്ടാമതുള്ള ലിപികൾക്കു സമാനതാവാ-
ണ്ടാകിലാക്കവിത കൗതുകദായിയല്ലാ
കണ്ടാലതാർക്കുമറിയാം കറവറ്റിടാതെ
കൊണ്ടാടിവാച്ച മണം സുരഭിപ്രസൂനം
ഉള്ളിൽപരം ഗുണമിയന്നതുകൊണ്ടുമാത്രം
കൊള്ളില്ല, കാന്തി പുനരപ്പടവും പെരണ്ടാൽ;
തുള്ളിക്കുമാറകലരാതെ ശമാദിചർമ്മം
പുള്ളിക്കുരംഗമിഴി കൗതുകമാർക്കുമേകാ.'

സംസ്കൃതപദബാഹുല്യമായ ഭാഷാരീതിയാണു തമ്പുരാന് അധികം സ്വാധീനമായിരുന്നതെങ്കിലും, ലളിതഭാഷയിൽ കവിതയെഴുതാനും തമ്പുരാനു സാധിച്ചിരുന്നുവെന്നുള്ളതിന് ഉദ്ധൃതപദ്യങ്ങൾതന്നെ ദൃഷ്ടാന്തമാണ്. അത്രതന്നെയുമല്ല "തങ്കമ്മ" എന്ന കൂട്ടകവിത തമ്പുരാനു പച്ചമലയാളത്തിൽ കവിതയെഴുതുവാനുള്ള കഴിവിനെക്കൂടി പ്രസ്പഷ്ടമാക്കുന്നു.

രൗദ്രവീരരസങ്ങളെ വർണ്ണിക്കുന്ന വിഷയത്തിൽ ത

മ്പുരാൻ കേരളീയകവികളിൽ ആരുടെയും പിന്നിലല്ല നിലകൊള്ളുന്നതു്. വേണീസംഹാരം നാടകത്തെത്തന്നെ ഇതിനു ദൃഷ്ടാന്തമാണു്. വിജയോദയത്തിലെ കിരാതാൎജ്ജുനന്മാർ തമ്മിൽ നടത്തുന്ന ഉക്തിപ്രത്യുക്തി, യുദ്ധം മുതലായ ഭാഗങ്ങളും,

“ചൊടിച്ചുഗ്രമാം കണ്ണു തെരുപ്പാറനളി”

എന്നു തുടങ്ങുന്ന “ഭീമപ്രഭാവം” കവിതയും, രൗദ്രവീരരസങ്ങളുടെ പാരമ്യത്തെ കാണിക്കുവാൻ പൎയ്യാപ്തമായവയത്രെ. വൃത്തത്തിൽ ഭാഷാകവിതയുടെ ഓജസ്സു വൎദ്ധിപ്പിച്ചവരിൽ ശക്തനായ ഒരാൾതന്നെയായിരുന്നു പന്തളത്തു തമ്പുരാൻ. അവിടുന്നു തീപ്പെട്ട അവസരത്തിൽ,

“എൻപന്തളക്കിളിയിവൻ കവിതാരസാല-
കൊമ്പത്തു മിന്നിയൊരു കോകിലചക്രവൎത്തി
ഇമ്പത്തിൽ മറ്റുമൊഴിയാലനകാലിലോക-
സമ്പന്നമാക്കിയ മഹാൻ ചരിതാൎത്ഥനായോ”

എന്നു് ഉള്ളൂർ മഹാകവി വിലപിച്ചതു്, വാസ്തവത്തിൽ കൈരളീദേവിയുടെ വിലാപംതന്നെയായിരുന്നു എന്നുള്ളതിനു സംശയമില്ല.

അവാന്തരപ്രവൃത്തികൾ.

ഏകദേശം ഇക്കാലഘട്ടത്തിൽ ജീവിച്ചിരുന്നവരായി പേരുപറയത്തക്ക പല കവികളും ഉണ്ടായിട്ടുണ്ടു്. അവരിൽ കെ. സി. നാരായണൻ നമ്പ്യാർ, വിദ്വാൻ മാനവിക്രമ ഏട്ടൻ തമ്പുരാൻ, കാത്തൊള്ളിൽ അച്യുതമേനോൻ, കടത്തനാട്ടു് ഉദയവൎമ്മതമ്പുരാൻ, കടത്ത

നാട്ടു കൃഷ്ണവാര്യർ, പെട്ടരഴിയം വലിയരാമനിളയത്, കവിയൂർ വെങ്കടാചലയ്യർ, ഒറവങ്കര നീലകണ്ഠൻ നമ്പൂരിരാജാ, കൊട്ടാരത്തിൽ ശങ്കുണ്ണി മുതലായവരുടെ രചനകൾ പ്രത്യേകം പ്രസ്താവയോഗ്യങ്ങളാണ്. മണിപ്രവാളത്തിന്റെ ഭംഗി എല്ലാവരുടെ കവിതകളിലും നല്ലപോലെ കളിയാടുന്നുണ്ട്. നാരായണൻനമ്പ്യാരുടെ കവിതയ്ക്കുള്ള ഒഴുക്ക്, സുശ്രാവ്യത എന്നീ ഗുണങ്ങളും സവിശേഷം ശ്ലാഘാർഹങ്ങളാകുന്നു. അകൃത്രിമരാമണീയകം, ആകർഷകത്വം എന്നിവ രാമനിളയതിന്റെ കവിതയുടെ പ്രത്യേകഗുണങ്ങളായി പറയാം. ഒറവങ്കരയുടെ

'മത്സ്യാകാരേണ ഗോപീവസനനിര കവർന്നോരു ദൈത്യാരിയെത്തൻ
ചിത്തേ ബോധിച്ചു വാഗീശ്വര! അവസ്ഥപാനീതിക്കൊരറിവില്ല; പക്ഷേ,
പൊൻതാർമാതാവിതാ തൻകണവനെ വിട്ടുവാനാശ്രയിക്കുന്നു, ഭാസീ-
വൃത്യാ നിത്യം ഭവാനെക്കനിവിനൊടു ഭജിക്കുന്നു കാന്താരാശേ!'

എന്നുള്ള രമണീയാർത്ഥപ്രതിപാദകമായ ഒറ്റശ്ലോകം തന്നെ അദ്ദേഹത്തെ കവിരാജപദത്തിൽ അധിരോഹണം ചെയ്യിക്കുവാൻ പര്യാപ്തമായിരിക്കുന്നു. അന്യാദൃശമായ കവിതാവാസന, വർണ്ണനാചാതുര്യം, അന്യൂനമായ ഫലിതപ്രയോഗം, ശബ്ദഘടനാവൈചിത്ര്യം എന്നിവ രാജൻനമ്പൂരിയുടെ കവിതയ്ക്കുള്ള ചില പ്രത്യേകഗുണങ്ങളാണ്. ഗജേന്ദ്രമോക്ഷം 3-ാം ഭാഗം, ബാലോപദേശം, നാരദോപാഖ്യാനം എന്നിവയാണ് അദ്ദേഹത്തിന്റെ പ്രധാനകൃതികൾ. ഒറവങ്കരയുടെ ഒറ്റശ്ലോകങ്ങൾ പലതും സഹൃദയന്മാരെ തലകുലുക്കി രസിപ്പിക്കുന്നവയാണ്.

'ആരണ്യാമോദമാരന്തതൊട്ടു, മതിപ്പുറ്റകാദിത്യബിംബത്തിനേക്കാ-
ളാരുണ്യം തേടുമംഗത്തൊടുമുടികലിയും മന്ദഹാസങ്ങളോടും,
കാരുണ്യശ്രുത്തരംഗാകിന കടമിഴിയാൽ കോഴവിട്ടേഴുമേഴും
പാരെല്ലാം കാത്തുവാഴും പശുപതിപകതിട്ടേഹി മേ! ദേഹി മോദം.'

എന്നുതുടങ്ങിയുള്ള 'അംബികാവിംശതി'യിലെ ഓരോ പദ്യവും ശബ്ദപ്രയോഗചാതുര്യത്താൽ സരസസരസങ്ങളാണെന്നുതന്നെ പറയാം.

'കൊട്ടാരത്തിലെഴും കവീന്ദ്രമണിയാം ശങ്കുണ്ണി' അവർകളുടെ കാവ്യനിബന്ധനം മിക്കവാറും കൊച്ചുണ്ണിത്തമ്പുരാൻ, കട്ടക്കയം എന്നിവരുടെ സമ്പ്രദായത്തിൽ നിന്ന് അധികം ഭിന്നമായിട്ടുള്ളതല്ല. പ്രാസനിർബ്ബന്ധം ശങ്കുണ്ണിയുടെ കവിതയ്ക്കുള്ള പ്രത്യേകലക്ഷണമാണ്. നിരർത്ഥപദപ്രയോഗം കുറെക്കൂടുമെങ്കിലും പദസ്വാധീനത, ശയ്യാഗുണം എന്നിവ അദ്ദേഹത്തിന്റെ കവിതകളിൽ നല്ലപോലെ കളിയാടുന്നുണ്ട്:-

'കൊഞ്ചിക്കുഴഞ്ഞ മൊഴിയും മിഴിയും ഉദരം
വഞ്ചിക്കുമച്ചിരിയുമാസ്യവുമാദ്യ കണ്ടാൽ
നെഞ്ചിൽ കുരുത്ത കുതുകത്തൊടടുത്തു വേഗാൽ
കൊഞ്ചിക്കുനിഞ്ഞുവരുമേതൊരു കൊറ്റുകമാരം'.

'പന്തിരണ്ടേ കഴിഞ്ഞു വയസ്സാ-
ഹന്ത! ഹന്ത! ബത! കേശവനപ്പോൾ
അന്തരംഗമതിലന്നവനിത്ഥം
ചിന്ത ചെയ്തു ചിരമോടതിലേവം'

(കേശവദാസചരിതം)

മി. ശങ്കുണ്ണിയേയും വെണ്മണിയുടെ നൂതനകവിതാപദ്ധ

തിയെ പോഷിപ്പിച്ചിട്ടുള്ളവരിൽ ഒരാളായി കരുതേണ്ട താണ്.

മൂലൂർ പത്മനാഭപ്പണിക്കർ.

സുപ്രസിദ്ധന്മാരായിരുന്ന ഒടുവം, കെ. സി. മുതലായ കവികേസരികളുടെ ഇടയിൽ ഉന്നതമായ ഒരു സ്ഥാനത്തെ അർഹിച്ചിരുന്ന ഒരു വിശിഷ്ടകവിയാണ 'സരസകവി' എന്നപേരിൽ പ്രസിദ്ധനായിത്തീർന്നിട്ടുള്ള മൂലൂർ എസ്സ്. പത്മനാഭപ്പണിക്കർ. ഹരിശ്ചന്ദ്രോപാഖ്യാനം, ധമ്മപദം, എന്നീ കിളിപ്പാട്ടുകളാണ് അദ്ദേഹത്തിൻെറ കൃതികളിൽ മുഖ്യമായവ. കൃഷ്ണാർജ്ജുനവിജയം തുടങ്ങിയ അനേകം അമ്മാനപ്പാട്ടുകരം, സന്ദേശഗീത തുടങ്ങിയ ഊഞ്ഞാൽപാട്ടുകരം, കചചരിത്രം മുതലായ കഥകളിപ്പാട്ടുകരം, കളഹംസം തുടങ്ങിയ ഖണ്ഡകാവ്യങ്ങരം, എന്നുവേണ്ട അക്കാലത്തു പ്രചാരത്തിൽ ഇരുന്ന കാവ്യപ്രസ്ഥാനങ്ങളിലെല്ലാം ഈ സരസകവി സ്വൈരമായി വിഹരിച്ചിട്ടുണ്ട്. എന്നാൽ ഇവ ഒന്നുകൊണ്ടുമല്ല പണിക്കരുടെ യശസ്സ് അധികവും സഹൃദയലോകത്തിൽ സുസ്ഥാപിതമായിട്ടുള്ളത്. അന്നു വിഖ്യാതമായിരുന്ന 'കേരളമിത്രം', 'കേരളസഞ്ചാരി', 'സുജനാനന്ദിനി', 'മലയാളമനോരമ', മലയാളി, മുതലായ പത്രങ്ങളിൽ, സാഹിത്യായോധനധുരന്ധരന്മാരായ അനേകം കവിവീരന്മാരുമായി പ്രചണ്ഡവും പ്രേക്ഷാഭജനകവുമായ ചില സമരങ്ങരം നടത്തി വിജയശ്രീലാളിതനായിത്തീന്നതിലാണ്, ഇദ്ദേഹത്തിൻെറ കീത്തിപ്രചുരിമ നിലനില്ക്കുന്നതെന്നു നിരാക്ഷേപം പറയാം. അക്കാലത്ത് ഇത്തരം വാദപ്ര

തിവാദങ്ങൾ ഒട്ടും അസാധാരണമായിരുന്നില്ല. എന്നാൽ
അതുമൂലം, ഇക്കാലത്തു ചിലപ്പോൾ കണ്ടുവരാവുള്ളതു
പോലെയുള്ള, സമുദായസ്പർദ്ധയോ, പുരുഷദ്വേഷമോ അ
ന്ന് ആ മഹാന്മാരിൽ തീരെ വേരൂന്നിയിരുന്നില്ലെന്നുള്ള
സംഗതി ഇവിടെ പ്രത്യേകം സ്മർത്തവ്യമാണ്. 'ഉത്തമ
പുരുഷന്മാരുടെ ചിത്തം വജ്രത്തിലും തുലോം കഠിനം,
നൽത്താരിലും മൃദുതരം, സത്യസ്ഥിതി പാർക്കിലാർക്കറി
യാം!' എന്നു പറഞ്ഞിട്ടുള്ളതുപോലെ ഇവർ പോർക്കള
ത്തിൽ എതിരിട്ടുന്നതു കണ്ടാൽ ഭയങ്കരന്മാരായ ശത്രു
ക്കൾ എന്നല്ലാതെ തോന്നുകയില്ല. എന്നാൽ പരമാർത്ഥ
മോ നേരെ മറിച്ചുമായിരുന്നു. വിസ്തരഭയത്താൽ ആവക
സംഗതികളെപ്പറ്റി കൂടുതൽ ഒന്നും വിവരിക്കുവാൻ ഇ
വിടെ ഉദ്യമിക്കുന്നില്ല.

പണിക്കരുടെ 'കവിരാമായണം' പുറപ്പെട്ടതോടുകൂ
ടി പത്രലോകത്തിൽ പ്രചണ്ഡമായ ഒരു കവിതായുദ്ധം
തന്നെ നടന്നു, കുഞ്ഞിക്കുട്ടൻതമ്പുരാനവർകൾ നിർമ്മിച്ച
'കവിഭാരത'ത്തിൽ ഈഴവകവികൾക്കു യാതൊരുസ്ഥാ
നവും നൽകിയിരുന്നില്ല. സമുദായാഭിമാനവിജൃംഭണ
ത്താൽ പ്രക്ഷുബ്ധനായിത്തീർന്ന പണിക്കർ, ഇതിനു പ്രതി
വിധിയായി പല ഈഴവകവികൾക്കും തക്ക സ്ഥാ
നം നൽകിക്കൊണ്ടു നിർമ്മിച്ച ഒരു കൃതിയാണ് കവിരാ
മായണം. അതിനെപ്പറ്റി മലയാളി, മനോരമ, കേരള
ചന്ദ്രിക എന്നീ പത്രങ്ങളിലെല്ലാം ഭീമമായ ഒരു പോരാ
ട്ടംതന്നെ അന്നു നടന്നു. പല വ്യാജനാമങ്ങൾ ധരിച്ച് പ
ത്രലോകത്തിൽ പ്രത്യക്ഷപ്പെട്ടിരുന്ന പ്രതിയോഗികൾ

അനേകരും, അവരോടെല്ലാം എതിർവാദങ്ങൾ നടത്തി
ക്കൊണ്ടിരുന്നതു പണിക്കർ ഏകനായിരുന്നു എന്നുള്ള
സംഗതി ഇവിടെ പ്രത്യേകം പ്രസ്താവയോഗ്യമാകുന്നു.
കുഞ്ഞിക്കുട്ടൻതമ്പുരാൻ, നടുവത്തുമഹൻ, കെ. രാമകൃഷ്ണ
പിള്ള, ഒടുവിൽ കുഞ്ഞുകൃഷ്ണമേനോൻ, ചിറയിൻകീ
ഴ് ഗോവിന്ദപ്പിള്ള, ഉള്ളൂർ എന്നീ സാഹിത്യവീ
രന്മാരായിരുന്നു പ്രതിയോഗികളിൽ പ്രധാനികൾ എന്നു
പറഞ്ഞാൽ ഈ സമരത്തിൻെറ രസികത്വവും ശക്തി
യും ഏതാണ്ട് ഊഹിക്കാവുന്നതാണല്ലൊ. എല്ലാവരും
ഓരോ വ്യാജനാമങ്ങളാണു ധരിച്ചിരുന്നത്. ജാംബ
വാൻ, സിംഹളസിംഹം, പാശുപതം, ബഡവാഗ്നി, എ
ന്നിങ്ങനെ അവസരോചിതമായ പല വ്യാജനാമങ്ങൾ
പണിക്കരും സ്വീകരിച്ചിരുന്നു.

ജാംബവാൻ എന്ന പേരിൽ മൂലൂർ, ഒടുവിൻെറ
ആക്ഷേപങ്ങൾക്കു മറുപടി നൽകിയ ഒരു പദ്യംമാത്രം
ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു:-

'ഗോപാലകോണമഖിലമണ്ഡലവും കിടുകിടുപ്പിക്കും കവികളൊന്നുകർ
വട്ടത്തോടു ജയിച്ച നല്ല കവിതപ്പൂൺപിള്ളയാം പുത്രിയെ
ശീഘ്രം കൈക്കലണച്ച കൃഷ്ണകവിയെ ശ്രീകണ്ഠനാമൻ പരം
വള്ളാതിരയോടുവിൽപെടും മായനെച്ചേർക്കണമെന്നോ മതം?'

ഏതൽസംബന്ധമായി പത്രപംക്തികളിൽ കാട്ടു
തീപോലെ കത്തിപ്പടർന്നിരുന്ന ഈ വാദപ്രതിവാദം കു
ഞ്ഞിക്കുട്ടൻതമ്പുരാൻ അവർകൾക്കുടെ മാദ്ധ്യസ്ഥ്യത്താൽ
ഒടുവിൽ ഒരുവിധം അവസാനിക്കയാണുണ്ടായതു്. ഇതു
പോലെതന്നെ, ഒടുവിൽ കുഞ്ഞുകൃഷ്ണമേനവൻെറ 'കവി

മൃഗാവലി'യെ സംബന്ധിച്ചും മററും അക്കാലത്തു നടന്ന പല വാദങ്ങളിലും ഈ കവിധീരൻ ശക്തിയുക്തം പോരാടിയിട്ടുണ്ട്.

കേരളത്തിലെ ഈഴവകവികളുടെ മാർഗ്ഗദർശിയും സ്വാതന്ത്ര്യനേതാവും ഇദ്ദേഹമാണെന്നു പറയുന്നതിൽ രണ്ടുപക്ഷമുണ്ടാകാൻ വഴിയില്ല. മഹാകവി ഉള്ളൂർ ഈ സരസകവിയെപ്പററി പറഞ്ഞിട്ടുള്ളതു നോക്കുക:— "സരസകവി മൂലൂർ എസ്സ്. പത്മനാഭപ്പണിക്കർ അവർകൾ അന്നുവരെ സവർണ്ണർക്കുമാത്രം പ്രവേശനാർഹമെന്നു സങ്കല്പിക്കപ്പെട്ടിരുന്ന സാഹിത്യവേദിയിൽ നിർഭയമായും നിർബ്ബാധമായും എത്തിച്ചേർന്ന്, അവിടെ ഒരു ഗണനീയമായ പീഠത്തെ ആരോഹണംചെയ്യാതെ ഇരുന്നിരുന്നു എങ്കിൽ, തദനന്തരഗാമിയായ കുമാരനാശാനു നാമിന്നേകമനസ്സോടെ നൽകുന്ന സാഹിതീസാർവ്വഭൗമസ്ഥാനം ഒരിക്കലും ലബ്ധമാകുന്നതല്ലായിരുന്നു. ഏതു വിജിഗീഷുവിന്നും പരിപൂർണ്ണമായ വിജയത്തിനു തുല്യകല്യന്മാരായ ചില പുരോഗാമികളുടെ സഹായം അത്യന്താപേക്ഷിതമാകുന്നു. ആ സഹായമാണ് കുമാരനാശാന്റെ വിഷയത്തിൽ പത്മനാഭപ്പണിക്കർക്കു നൽകുവാൻ ഇടവന്നിട്ടുള്ളതെന്ന വസ്തുത ആർക്കും വാദവിഷയമല്ലെന്നു വിശ്വസിക്കുന്നു."

അദ്ധ്യായം 14

അപ്രാചീനരായ ചില പ്രസിദ്ധകവികൾ

വി. സി. ബാലകൃഷ്ണപ്പണിക്കർ.

പരേതനായ വി. സി. ബാലകൃഷ്ണപ്പണിക്കർ ഇന്നത്തെ പരിവർത്തനദശയിലെ പ്രമുഖനായ ഒരു കവിയായിരുന്നു. 'വിശ്വരൂപം' 'ഒരു വിലാപം' ഇവ രണ്ടുമാണു പണിക്കരുടെ പ്രധാനകൃതികൾ. രണ്ടും ചിന്താമസൃണങ്ങളായ ഒന്നാംതരം കവിതകളാകുന്നു. കവിയുടെ പ്രകൃതിനിരീക്ഷണപാടവത്തെയും കല്പനാശക്തിയെയും വെളിപ്പെടുത്തുന്ന വിശ്വരൂപത്തിൽനിന്നു ചില ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കാം:—

> 'ലോകൈകശില്പി രജനീവനിതയ്ക്കു ചാർത്താൻ
> നക്ഷത്രമാല പണിചെയ്യുവതിന്നു വേണ്ടി
> സ്വർവ്വർണ്ണപിണ്ഡമുരുക്കിയെടുത്തു നീരിൽ
> മുക്കുന്നിതാ തപനമണ്ഡലകൈതവത്താൽ.'

> 'ആരാമമൊന്നു നോക്കുക! ചുകപ്പു വെളുപ്പു പച്ച-
> യെന്നീ നിറങ്ങളിടകലർന്നിരുന്നൊരാരാമം,
> കാന്താരമാമ്പൂക്കളൊരുസമം വിരിഞ്ഞു
> പൊങ്ങുന്ന പൊയ്കയുടെ ചന്തമിയന്നിടുന്നു.'

> 'തെല്ലകലിലീ ശരത്കാലമനോജ്ഞമാമ്പൂ
> ബ്രഹ്മാണ്ഡമാന്ധ്യമകറ്റിയൊരഴിച്ചുനോക്കി
> നോക്കുന്നിതൊരു ചില കല്ലുകളൊട്ടിരിക്കും
> നീലക്കൽപ്പരപ്പതിൽ നിരന്നിരിക്കുന്നതായിരിക്കാം.'

സൂര്യാസ്തമനം, നക്ഷത്രങ്ങൾ എന്നിവയെപ്പററി വർണ്ണിക്കുന്ന പ്രസ്തുതഭാഗങ്ങളിൽ കവിയുടെ ഭാവനാവൈഭവവും മനോധർമ്മപ്രചുരിമയും ആരുടെ അഭിനന്ദനത്തെയാണ് അർഹിക്കാത്തതു്?

> 'ജ്ഞാനം തിരിച്ചറിയുവാനരുതാത്തതൊന്നറിയണം—
> തൊന്നോ കഥിക്കുകയുമില്ല, കഥിച്ചുവെങ്കിൽ
> എല്ലാമസത്യ,മിതുമല്ലതുമല്ല സത്യ—
> മൊന്നാണു;മിങ്ങനെ മറഞ്ഞുനില്പൂ തത്വം.'

ഇത്തരം ചിന്താമധുരങ്ങളായ പല പദ്യങ്ങളും വിശ്വചാപത്തിൽനിന്നുദ്ധരിക്കത്തക്കവയായുണ്ട്.

'ഒരു വിലാപം' ഭാഷയിലെ വിലാപകാവ്യങ്ങളിൽ എന്തുകൊണ്ടും മാന്യസ്ഥാനത്തെ അർഹിക്കുന്ന ഒരു മനോജ്ഞകാവ്യമാണ്. സ്വപ്രേയസിയുടെ അകാലചരമത്തിൽ കവിക്കുണ്ടായ നിർവ്യാജശോകത്തെയാണ് ഇതിൽ പ്രതിപാദിച്ചിട്ടുള്ളത്.

> 'ജിഞ്ജിരപ്രായമാം തമസ്സിൽക്കടലിലലറന്നു കരംപോലെ ഇച്ചക്രവാളം
> മുങ്ങിപ്പോയിരുന്നു; ജലിരിളകമില്ലപാരാവു താരം നിലച്ചു.'

എന്നിങ്ങനെ അപ്പോഴത്തെ ലോകപ്രകൃതിയെ ചിത്രീകരിച്ചുകൊണ്ടു തുടങ്ങുന്ന അതിലെ വർണ്ണനകൾ രോമാഞ്ചജനകമായിരിക്കുന്നു. നായികയെപ്പററി ശോചിക്കുവാൻ തുടങ്ങിയ കവി പിന്നീടു തത്വചിന്തകളെക്കൊണ്ട് ആത്മാവിനെ നിയന്ത്രിക്കുകയും സമാധാനിപ്പിക്കുകയും ചെയ്യുന്ന ഭാഗം ഏററവും ആകർഷകമായിട്ടുണ്ട്.

> 'ആശാഭാരം നിമിത്തം ചിലതിവരതു ചെയ്യുന്നതാരു മരിച്ചാ—
> ലൊക്കാൻ ... ഗതികളറിയുവാനാർക്കുമാവില്ല തെല്ലും;

ദേശാചാരാനുസാരം സുകൃതഫലമെടുത്തീടുവാൻ തത്വചിന്താ—
ലേശാലോലം മനസ്സിന്നരുതി കരുതും; തത്വമോ ഭിന്നഭിന്നം.'

'ഏതേ കല്പുകളെ വിമർശിച്ചറിയുവതിനസാദ്ധ്യങ്ങളാകുന്ന നാനാ-
പാകം പാറുന്ന ദിവ്യപ്രകൃതിയുടെ വിലാസങ്ങൾ വിശാന്തരങ്ങൾ,
ലോകാന്തരം, നരന്മാർ നടരിതു വലരൂപ്പാരമാം തത്വമെങ്ങോ
പോകുന്നു മാംസമേതന്മലകളിന്നുള്ളതാക്കിത്തീർക്കുന്നു മാരോ?'

ധീരശ്രീ സർവ്വസൈന്യാധിപതനു കരവാളുഴിപോന്നുള്ള ചെങ്കോ-
ലീരണ്ടിന്നും നമിക്കാനരുതാത്ത പഴയ മഹാശക്തിയീതെന്നറിവൂ;
സാരജ്ഞേ! തൻപ്രയുക്തം നിയമമനുസരിച്ചീടും ലോകങ്ങളേതോ-
നേരത്തതോരോവിധത്തിൽ തിരിയുമതു തടുത്തീടുവാനാവതല്ല.'

ലാവണ്യംകൊണ്ടിണങ്ങും പുരുമ, കവിതകൊണ്ടുള്ള സത്കീർത്തി, വിദ്വൽ-
പ്രൌഢിമാവംകൊണ്ടുള്ള മാന്യസ്ഥിതി, രണപടുതാമൂലമാം വൻപ്രതാപം,
ഇവയെല്ലാം വിട്ടുനീയ പ്രാണമഖിലമതേവരെവാതലിൽ അടിച്ചി-
ജീവത്താമാദിമൂലപ്രകൃതിയിലൊടുവിൽ ചെന്നുചേരുന്നുവല്ലോ.'

എന്നിങ്ങനെ തത്വചിന്തകളെ കവിതയിൽ കലർത്തി പ്രതിപാദിച്ചിട്ടുള്ളതിന്റെ സാരസ്യം അനിർവ്വചനീയമായിരിക്കുന്നു. ഈമാതിരി തത്വജ്ഞാനമാണ് അസ്വസ്ഥമായ മനുഷ്യചിത്തത്തിന് എപ്പോഴും സമാശ്വാസമരുളുന്നതു്. അഥവാ വിലാപകാവ്യങ്ങൾ കരുണരസപ്രധാനമാകയാൽ അതു് ഇതരകാവ്യങ്ങളെ അപേക്ഷിച്ചു കൂടുതൽ ആസ്വാദ്യമായിത്തീരുന്നു. ശോകം ജ്ഞാനോപദേഷ്ടാവുമാണല്ലോ.

'അഥവാ ക്ഷമപോലെ നന്മചെയ്യുന്നതിനാൻ ഉതകുന്ന നല്ല ബന്ധുവും
വ്യഥപോലറിവേകിടുന്ന സദ്ഗുരുവും മർത്ത്യനു വേറെയില്ല താൻ.'

എന്നു പരമാർത്ഥം ഇത്തരം ഉത്തമകാവ്യങ്ങൾ വഴിക്കാണു നാം അനുഭവിച്ചറിയുന്നതു്. ജീവിതമരണങ്ങളുടെ

പരമമായ പൊരുളുകളെക്കുറിച്ചുള്ള മേൽപറഞ്ഞ പ്രസ്താവങ്ങളിൽനിന്നു കവിയുടെ സ്വാതന്ത്ര്യമായ ചിന്താഗതിയും സ്പഷ്ടമാകുന്നുണ്ടല്ലൊ. ‘പ്രരോദനം’ മുതലായ വിലാപകാവ്യങ്ങൾക്കു വളരെമുമ്പാണു വീ. സി. യുടെ ഒരു വിലാപം പുറപ്പെട്ടിട്ടുള്ളതെന്നുകൂടി വായനക്കാർ ഇവിടെ സ്മരിക്കേണ്ടതായിട്ടുണ്ട്. വളരെ ചെറുപ്പത്തിൽ—26-ാമത്തെ വയസ്സിൽ—ചരമമടഞ്ഞ ഈ യുവകവി കുറച്ചുകാലംകൂടി ജീവിച്ചിരുന്നെങ്കിൽ ഭാഷാകവിതയ്ക്കു പ്രൗഢമായ പല സൽകാവ്യരത്നങ്ങളും പ്രദാനം ചെയ്യുമായിരുന്നു എന്നുള്ളതിനു യാതൊരു സംശയവുമില്ല.

കെ. പി. പീററർ.

മി. ബാലകൃഷ്ണപ്പണിക്കരെപ്പോലെതന്നെ അകാലത്തിങ്കൽ മൃതിയടഞ്ഞ ഒരു യുവകവിയാണു പത്രാധിപർ മി. കെ. പി. പീററർ. പീററരുടെ പല കൃതികളും അപ്രകാശിതങ്ങളാണെന്നറിയുന്നു. സ്വാഭാവികമായ സുഷമാവിലാസവും പ്രസാദവിശേഷവുമാണു പീററരുടെ കവിതയിൽ സാർവ്വത്രികമായി കാണുന്ന പ്രധാന ഗുണം. ഭാഷായോഷയുടെ അകൃത്രിമമായ ലാവണ്യത്തെ വെളിപ്പെടുത്തുവാൻ ഇദ്ദേഹത്തിന്റെ കൃതികൾ തികച്ചും പര്യാപ്തമത്രെ.

> ‘പ്രാലേയപാതകമനീയസുശാന്തി, മന്ദ–
> ഹാസപ്രഭയോൽ ധവളിതാംബരയായിടുന്നോൾ,
> മാതാപിതാക്കളുടെയോമന, കൊച്ചുകുട്ടി–
> യായാൾ നിരഞ്ഞൊരു പള്ളിയിലെത്തി മോദാൽ.

പതിതംപെടാത്ത മതിയാൎന്നിവൾ, കചന്നപാട്ടം
തങ്കുന്ന മേതിരയോട്ടു മുട്ടകൾ കൺതിനിന്നു;
തിരുൾപ്രസന്നമുഖി, 'ഭാൎത്തറീൻ മനോക്കിലയോളം
ശങ്കിച്ചിരാതെ കഥനങ്ങൾ തുടങ്ങിയേവം:—

പ്രമത്തെഴുപ്പു പുലരും മമ നാഥ! നിൻെറ—
യോമന്ദ്യമം സപരികന്തു രസപ്പതിനായ്,
ഹാ! മന്മനസ്സിലതിരാത്തയത്തെ തന്നാ—
ലീമട്ടു ഞാനിറിരിക്കെ, രാപ്പകൽ നിന്നുകൊള്ളും.'

(ഒരു ചെറുബാലികയുടെ കത്ത്)

ഇത്യാദി പദ്യങ്ങളിൽ വഴിഞ്ഞൊഴുകുന്ന ഭാഷാലാളിത്യവും, പുളകോൽഗമകാരിയായ വചഃപ്രസരവും അനിൎവ്വചനീയമെന്നുതന്നെ പറയേണ്ടിയിരിക്കുന്നു.

കെ. പി. കറുപ്പൻ.

അടുത്തകാലത്തു നിൎയ്യാതനായ ഒരു പ്രശസ്ത കവിയാണു കവിതിലകൻ കെ. പി. കറുപ്പൻ അവർകൾ. ബാലാകലേശം, ലളിതോപഹാരം, ശാകുന്തളം വഞ്ചിപ്പാട്ട്, ഉദ്യാനവിരുന്ന്, ഭൎത്തൃപരിത്യക്തയായ ശകുന്തള, കൈരളീകൌതുകം എന്നിവയാണ് ഇദ്ദേഹത്തിൻെറ പ്രധാനകൃതികൾ. ദൈമീപരിണയം തൎജ്ജമയും മി. കറുപ്പൻെറ കൃതികളിൽ മുഖ്യമായിട്ടുള്ള ഒന്നുതന്നെ. മനോജ്ഞങ്ങളായ മററനേകം ഖണ്ഡകവിതകളും അദ്ദേഹം അപ്പോഴപ്പോഴായി കൈരളിക്കു സമൎപ്പിച്ചിട്ടുണ്ട്. അൎത്ഥഭംഗി, ശബ്ദസ്വരം, അശ്ലിഷ്ടമായ ശയ്യ എന്നിവ മി. കറുപ്പൻെറ കവിതയ്ക്കുള്ള പ്രത്യേകതകളാകുന്നു. ഭൎത്തൃപരിത്യക്തയായ ശകുന്തളയിൽനിന്ന് ഒന്നുരണ്ടു പദ്യങ്ങൾ

ഇവിടെ എടുത്തു കാണിക്കാം. ശകുന്തളയുടെ രമണീയ സ്ഥിതിയെ കവി വർണ്ണിക്കുകയാണ്:—

> “അന്യയെ”ന്നരചു, “നൃപവധുവെ”ന്നു തൻ-
> വന്യബന്ധുജനവും ത്യജിക്കയാൽ
> ദൈന്യവാർദ്ധിയിലുഴന്നു, മേനകാ-
> കന്യ, നാരികളൊഴിഞ്ഞ നാകപോൽ.

> ലോകലോചനനിരുദ്ധ തൽസുധാ-
> സേകമായ നവയൗവനത്തിൽ, നീ
> ഏകയായ്, വിധി പിഴച്ചുകിൽ, ഇന-
> ഞ്ഞാകയില്ല നിയമങ്ങളൊന്നുമേ.

അർത്ഥഭംഗിയിലെന്നപോലെ ശബ്ദസൗന്ദര്യത്തിലും കവി ദത്താവധാനനാണ്:—

> ‘അന്തരം പൂക്കളെഴും വനത്തിൽ നീ
> നിരന്തരവും വിഹരിക്ക മത്സുതേ!
> വരന്തരം കാശ്യപമാമുനീശ്വരൻ;
> ദുരന്തരം തൻകുല ദർശനത്തെയും.’

എന്നു തുടങ്ങിയ പദ്യങ്ങളും അതിലേയ്ക്കു ഉദാഹരിക്കാവുന്നവയാകുന്നു.

> ‘പൂമുകിൽസാരികൊണ്ടു പുതച്ചുതാരാളിയാ-
> മാമലയോരാഭരണമഴകിൽ ചൂടിക്കൊണ്ടും,
> ആരാമാധാരകാരപ്രാക്തീരപുഷ്പപ്രാസാ-
> ദ്യാഖിലങ്ങളായി പ്രത്യുൽപ്പബുദ്ധങ്ങൾ,
> പിഞ്ചുനെല്പക്ഷികൾ തൻചൊല്ലുകളായിടുന്ന
> കാഞ്ചനാഭനിഭാളികളും കൂട്ടിക്കൊണ്ടും,
> മിന്നലിൻപ്രാന്താലത്താൽ പുലർമേനിയെ ചെയ്തു
> മിന്നലും നിന്നുറ നിഴൽനീരാജനം
> പങ്കമറ്റുല്ലസിക്കും പങ്കജബന്ധുബിംബ-
> ത്തെരുപ്പൂത്തളിർ കരൾത്തുടിക്കപ്പുതച്ചെങ്ങൾ,

സങ്കലിതാദരം കൂട്ടി വാരുണീഗേഹവതി
നിങ്കഴലാരാധിപ്പൂ സാദരമനുസായം.'

എന്നിങ്ങനെ "കന്യാകുമാരി"യെ വർണ്ണിക്കുന്നിടത്തും മററും കവിയുടെ സങ്കല്പശക്തി എത്രത്തോളം വ്യാപരിച്ചിട്ടുണ്ടെന്ന ഭാവുകന്മാർക്കു കാണാവുന്നതാണ്.

മദ്രാസ് ഗവർണ്ണരായിരുന്ന ഗോഷൻ പ്രഭുവിൻെറ ബഹുമാനാർത്ഥം നടത്തപ്പെട്ട ഉദ്യാനവിരുന്നിൽ ജാതിമൂലം, ക്ഷണിക്കപ്പെടാതിരുന്നതിലുള്ള മനോവേദനയെ പ്രകടമാക്കിക്കൊണ്ടു കവി മാടഭൂപന് അടിയറ വെച്ച ഒരു സുന്ദരകാവ്യമാകുന്നു ഉദ്യാനവിരുന്ന്. അതിലെ ഒന്നുരണ്ടു പദ്യങ്ങൾ ഇവിടെ ഉദ്ധരിക്കാം:—

'ആചാരപ്പേരി ചൊന്നുകൊണ്ടിലടിയൻ സഖീവരർ, നല്ലുഴ—
ന്നാചാരാംഗമമാർച്ചിടുന്നതണികയാലെങ്ങിലും ധീവരൻ;
ആചാരങ്ങളുമുണ്ടു, ചാതുരിയിലന്നാന്തിങ്ങുശിതാമർത്ത്യലോ—
കാചാരജ്ഞതമ! പിന്നെയെന്തടിയനെക്കാച്ചിസ തൊല്ലിക്കുവാൻ?'
"ലാവണ്യക്കടലായിരുന്നരമപ്പൂങ്ങാവ്! കല്ലോലകമാ—
റാവർത്തിക കടന്നിറക്കമവാഹ്ലമാധിച്ചു വെച്ചതാർ?
ആ വന്ദ്യത്തമരാണി തൻെറ ഭവനക്കാർക്കിന്ന് ടീപ്പാർട്ടിയിൽ
കേവലമിതു; ധിക്കരിച്ചിഹ പുരാവൃത്തങ്ങളെ നിങ്ങളെ.''
'മാലോകർക്കു മതിപ്രമോദമരുളും ശ്രീമന്മഹാചാരതാ
ചോലൊലവും അടിപണിമായി വിലസും ഭാരതത്തെ നാടകം
ഈ ലോകോത്തരസൃഷ്ടിതന്നുമതുമേ ഭാവജ്ഞതാ വാളതിങ്ങ—
നാലോലാമല നീലനീരദ മിഴിത്തമ്പി തൻെറ വമ്പല്ലയോ?'

കവിയുടെ 'ബാലാകലേശം' പ്രചണ്ഡമായ വാദപ്രതിവാദത്തിന്ന് വിഷയീഭവിച്ച ഒരു വിശിഷ്ടകൃതിയാണെന്ന സഹൃദയന്മാർക്കറിവുള്ളതാണല്ലോ. ക്ഷീണവും നിരാശയും ഭാവിക്കാതെ പ്രതിക്രിയാപരിതഃസ്ഥിതികളോ

ട്ട പല പ്രകാരത്തിലും എതിരിട്ട സാഹിത്യക്ഷേത്രത്തിലും, സമുദായരംഗത്തിലും ഒന്നുപോലെ അത്യസൂയാവഹമായ വിജയം കൈവരിച്ച ഈ കർമ്മധീരൻ തന്റെ പിൻഗാമികൾക്ക് ഒരു മഹദാദർശവും സുഗമമായ ഒരു സഞ്ചാരമാർഗ്ഗവും തെളിച്ചുകഴിഞ്ഞിട്ടുണ്ടെന്നു നിസ്സംശയം പറയാം.

കുണ്ടൂർ നാരായണമേനോൻ.

പച്ചമലയാളത്തിൽ കവിതയെഴുതി ഭാഷാകവിതയെ പുഷ്ടിപ്പെടുത്തുവാൻ യത്നിക്കുന്നവർ ഇപ്പോഴും ആരുമില്ലെന്നു തോന്നുന്നു. എന്നാൽ ആ വഴിക്കും പദ്യസാഹിത്യത്തിനു സാരമായ അഭിവൃദ്ധി ഉണ്ടായിട്ടുണ്ടെന്നു പറയാതെ തരമില്ല. ഈ മാർഗ്ഗത്തിൽ സഞ്ചരിച്ചുനോക്കിയിട്ടുള്ളവരിൽ മുഖ്യന്മാർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കുണ്ടൂർ നാരായണമേനോൻ, ഉള്ളൂർ. പി. ജി. രാമയ്യർ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ എന്നിവരത്രെ. 'നല്ലഭാഷ'യാണു തമ്പുരാന്റെ പച്ചമലയാളകൃതികളിൽ പ്രഥമസ്ഥാനത്തെ അർഹിക്കുന്നതു്. ഇതു് ഒരൈതിഹ്യത്തെ ആസ്പദമാക്കി രചിച്ചിട്ടുള്ള കഥയാണു്. തമ്പുരാന്റെ നൈസർഗ്ഗികമായ കവിവാണീപ്രയോഗം, ഇതരകൃതികളിലെന്നപോലെ 'നല്ലഭാഷ'യിലും നല്ലപോലെ പ്രോല്ലസിക്കുന്നുണ്ടു്.

> 'കേട്ടാലും പണ്ടു കേളിപ്പെട്ടുള്ള തിരുവിതാംകൂറും കൊച്ചി കോഴി–
> ക്കോട്ടു തമ്പുരാക്കന്മാരുടയവർകളിടഞ്ഞായിരുന്നു നടപ്പ്
> ചിട്ടാവിട്ടീവകക്കാരിവകളിലറിവില്ലാത്തൊരെന്നാക്കയും തറ–
> ച്ചിട്ടാനും രണ്ടിടത്തും വരവുകൾ ശരിയാണെന്നു നമ്പൂരിമാർക്കു്.'

'എല്ലാം, അതങ്ങനെ വസ്തി വരികരികിലിരിക്കു, മൂവുരു മറയെല്ലു—
മെല്ലാമെല്ലാ വടക്കിയിലൊരുത്തിമയതാണല്ലി! സാമൂതിരിക്കം
വല്ലാതെതന്നെ ചടപ്പാൻ, പാക പരിചിലാളൂന്നിതൻ ശ്രോലിയോ കേമ—
ന്നെല്ലാം ചൊല്ലിപ്പിടിച്ചിട്ടുരചനവരനെ മേൽത്തട്ടി മാറിനൂലോടി.'

ഇതുപോലെ ഒഴുക്കം ഭംഗിയുമുള്ള ഒട്ടുവളരെ ശ്ലോകങ്ങൾ 'നല്ലഭാഷ'യിൽനിന്ന് ഉദ്ധരിക്കത്തക്കവയായുണ്ട്.

ഉള്ളൂരിന്റെ ഒരു നേർച്ച, തങ്കമ്മ എന്നീ കൃതികളും ഈ പ്രസ്ഥാനത്തിൽ സ്തുത്യർഹമായ ഒരു സ്ഥാനത്തെ അർഹിക്കുന്നുണ്ട്.

'വെള്ളത്തിലെക്കുമിളപോലുലകത്തിലുള്ള
പൊള്ളപ്പിറപ്പു മറയുന്നതു നോക്കിയാലും
ഉള്ളത്തിലേതുമൊരുമാറ്റമതില്ലയങ്കൾ നിന്റെ—
കള്ളക്കളിപ്പൊരുളു കണ്ടറിയുന്നതില്ല.' (ഒരു നേർച്ച.)

പദങ്ങളെ രസാനുഗുണമായി ചേർത്തുകോർത്തുള്ള ഏതാദൃശപദ്യങ്ങൾ, ഏതൊരു സാഹിത്യത്തിനും ശാശ്വതസമ്പാദ്യമായിത്തന്നെ കരുതപ്പെടേണ്ടവയാണ്.

ഈ പ്രസ്ഥാനത്തിൽ ഉത്ഭവിച്ചിട്ടുള്ള കവിതകളിൽ എന്തുകൊണ്ടും കുണ്ടൂരിന്റെ "നാലു ഭാഷാകാവ്യങ്ങൾ"ക്കാണു പ്രശസ്തവിജയം നേടുവാൻ സാധിച്ചിട്ടുള്ളത്. കോമപ്പൻ, കണ്ണൻ, പാക്കനാർ, ചെറിയ ശങ്കരൻതമ്പുരാൻ എന്നീ നാലു ഖണ്ഡകാവ്യങ്ങളത്രെ നാലുഭാഷാകാവ്യങ്ങൾ എന്ന പേരിൽ പ്രസിദ്ധമായിത്തീർന്നിട്ടുള്ളത്. കുണ്ടൂർ മററുപല കൃതികളും രചിച്ചിട്ടുണ്ടെങ്കിലും അദ്ദേഹത്തിന്റെ യശഃപതാക സുസ്ഥിരമായി പാറിക്കളിക്കുന്നത് ഈ നാലു കൃതികളിലാണ്. 'നല്ലഭാ

ഷ’യിലേതുപോലെതന്നെ ഉത്തരകേരളത്തിലെ ചില ഐതിഹ്യങ്ങളെയാണു പ്രസ്തുതകൃതികളിലും ഇതിവൃത്തമായി സ്വീകരിച്ചിട്ടുള്ളതു്. ആശയങ്ങളെ അകൃത്രിമമായി ആവിഷ്കരിക്കുവാനുള്ള കഴിവു്, രചനാഭംഗി എന്നിവ കണ്ണൂരിന്റെ കൃതികളുടെ പ്രത്യേകഗുണങ്ങളാണു്. പ്രസ്തുതകാവ്യങ്ങളിൽ ഈ ഗുണങ്ങൾ സവിശേഷം വിളങ്ങുന്നുണ്ടു്:—

> ‘പുല്ലാണെനിക്കു പടയാളികൾ, നിൻകടക്കൺ-
> തല്ലാണു തേന്മൊഴി അറുത്തിടുവാൻ മടുത്തു,
> തെല്ലാകയാൻ കനിവിയന്നു ഇണങ്ങുന്നു നീ-
> യല്ലാതിലാതെയകം അൻപൊന്നി ചൊന്നതു ചൊല്ലും.’
>
> വാളേ! തെളിഞ്ഞിടുക, നിൻപണി തീർന്നതില്ല
> നാളേയ്ക്കു നീട്ടിടുക, നിന്റെയുറക്കമെല്ലാം
> ആളേറെയുണ്ടിതു പടയ്ക്കു വരുന്നു തേൻചൊ-
> ല്ലാളേ! നിനക്കിനിയുമുണ്ടൊരു കാര്യ കാലൻ.’ (കോമപ്പൻ)

ഇത്തരംപദ്യങ്ങൾ വായിക്കുമ്പോൾ രചനയുടെ സാരള്യത്തെയോ, ഭാവത്തിന്റെ സുഗമതയേയോ ഏതിനെയാണു കൊണ്ടാടേണ്ടതെന്നു സംശയമായിത്തീരുന്നു.

> ‘പാലാട്ടുകോമന്റെ നന്മയുടച്ചവാൾ-
> പോലൊരുനാളുമൊരു കിടാവുമായി ഉന്നം
> കോലാട്ടു കണ്ണുനായന്റെ വച്ചതു, മാറാൻ-
> കോലത്തിന്നവകാശൊതി നമ്പൂതിരിക്കുന്നായി.
>
> പോരാളിമാരിതാ വാളുമെടുത്തു പാഞ്ഞു-
> ന്നാരാളൊരടിത്തരം ചാന്നന്നെ പോർക്കളത്തിൽ,
> മാറാതെ വാൾപ്പിടി പിടിച്ചു തന്നിൽനിന്നു-
> ന്നൂരാതെനിന്നു മലപോലിളകാതെ കണ്ണൻ.’

ഇത്യാദി ഭാഗങ്ങളുടെ ആസ്വാദ്യത അനുഭവിച്ചറിയേ

ണ്ടുതന്നെ. അങ്കയോധനവീരനായ കണ്ണൻ എതിരാളി യായ മണ്ണാർക്കാട്ടു രാജാവുമായി കൂട്ടിമുട്ടുന്നിടത്തെ വാ ഗ്വാദങ്ങൾ നോക്കുക:-

'അരികൾക്കുള്ളൊരു പോക്കിരിയെൻെറ വേല-
ക്കാരിൽക്കടന്നു തകരാറുകൾ ചെയ്തിടുന്നോൻ?
നേരിട്ടുകൊൾകിവനെ'യെന്നുടൻ ചൊല്ലിടുന്ന
പാരിൻമണാളനൊടു കണ്ണനുരച്ചിതപ്പോൾ-

കോലോത്തെവീരുതൻ പടിച്ചുപറിച്ചുതാഴെ
ചേലായതില്ലറികൊരാണൊരുവിങ്ങുച്ചിടുന്ന
മേലാവുമിങ്ങനെ നടക്കുക വല്ലിതെകാ-
ണ്ടോരോടലാമടലിൽ നിന്നല മാനനൃതം.

പോരെന്നിലായതിനൊരായിരംകാല്ലി കെട്ടു-
പോരെങ്കിലൊട്ടിനിയുമിങ്ങുടനെ വരട്ടു
നേരെതൊട്ടുന്നറിയ വാളിതുണ്ടു് നേരി-
ട്ടാരെതിരിട്ടും ഗതികിനിക്കളയാമ്മനേരം.' (കണ്ണൻ)

ഇവിടെ സ്ഫുരിക്കുന്ന രൗദ്രവീരരസങ്ങൾ ഏതൊരു സഹൃദയനിലാണു രോമാഞ്ചം ജനിപ്പിക്കാതിരിക്കുക! വടക്കേ മലബാറിലെ വീരന്മാരുടെ സ്വഭാവം ഈ വരികളിലെല്ലാം നല്ലപോലെ തെളിഞ്ഞുവിളങ്ങുന്നുണ്ടു്. ഭാഷാപദപ്രയോഗത്തിൽ കണ്ണൂരിനുള്ള പ്രത്യേക ചാതുരി, സഹൃദയന്മാരിൽ പലരുടേയും ആദരവിനും അഭിനന്ദനത്തിനും പലതവണ പാത്രീഭവിച്ചിട്ടുള്ളതാണു്. തനി മലയാളത്തിൻെറ മാറ്ററച്ചുനോക്കുവാൻ മതിയായ ഒരു കാവ്യതല്ലജമാണു നാലു ഭാഷാകാവ്യങ്ങൾ എന്നു നിശ്ശങ്കം പറയാം. മഹാകവി കാളിദാസൻെറ രഘുവംശം കുമാരസംഭവം എന്നീ മഹാകാവ്യങ്ങൾ കണ്ണൂർ സരസമായ ഭാഷയിൽ മലയാളത്തിൽ തർജ്ജമചെയ്തിട്ടുണ്ടു്.

കുട്ടമത്തു്.

അനേകം വിശിഷ്ടകാവ്യമാല്യങ്ങൾ ചാൎത്തി കൈരളിയെ അലങ്കരിച്ചുകൊണ്ടിരിക്കുന്ന ഒരു കവീന്ദ്രനാണു് ഔത്തരാഹനായ കുട്ടമത്തു കുഞ്ഞികൃഷ്ണക്കുറുപ്പവർകൾ. ശബ്ദസൗന്ദൎയ്യം, സംഗീതാത്മകത്വം എന്നിവ കുട്ടമത്തിന്റെ കൃതികൾക്കുള്ള പ്രശസ്തഗുണങ്ങളാകുന്നു. "കാളിയമൎദ്ദനം" എന്ന യമകകാവ്യമാണു് അദ്ദേഹത്തിന്റെ മുഖ്യകൃതിയെന്നു തോന്നുന്നു. കവിയുടെ പദസ്വാധീനത പ്രസ്തുതകൃതിയിൽ സുവ്യക്തമാണു്:—

> 'ശങ്കരി! സരസം കലായേ— സകലാദ്യമിപ്പാലപത്മമാസ്ത, ലയേ!
> കനിവൊടുമായേ! മായേ—യെന്നാൽ ജന്മം കൃതാൎത്ഥമാക്കയേ തായേ!'

ഇതിലെ ശബ്ദം ആരെയും ആനന്ദിപ്പിക്കുന്ന ഒന്നാണെന്നു പറയേണ്ടതില്ലല്ലൊ. ശബ്ദദാരിദ്ര്യമുള്ള ഒരാൾക്കു യമകാദികാവ്യങ്ങൾ ഒരിക്കലും സമ്മോദജനകമായി നിൎമ്മിക്കുവാൻ സാധിക്കുന്നതല്ല.

> 'തുണയാണെന്നുമഹോ! മാമഹേ,
> വാമോ! വാ! കള്ളു തള്ളുക'

എന്നിങ്ങനെ അനുലോമപ്രതിലോമവാച്യമായി ശബ്ദങ്ങളെ പ്രയോഗിക്കുന്നിടത്തു കവിതയില്ലെന്നുവന്നാൽതന്നെ കവിയുടെ ആ ചെപ്പടിവിദ്യയെ സഹൃദയന്മാർ സസ്മിതം മാനിക്കാതിരിക്കുകയില്ലല്ലൊ.

കുറുപ്പവർകൾ വിദ്യാശംഖധ്വനി സംഗീതനാടകം, മൂകാംബികാപുരാണം കിളിപ്പാട്ടു്, ബാലഗോപാലൻ ആട്ടക്കഥ എന്നു തുടങ്ങിയ പല കൃതികൾ വേറെയും ചമച്ചിട്ടുണ്ടു്. എന്നാൽ കുട്ടമത്തിന്റെ കവിതാകാമിനി

സഹൃദയന്മാരെ അധികവും ആകർഷിക്കുന്നത്, ആധുനിക കാലത്തു പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരിക്കുന്ന ലഘുകാവ്യങ്ങൾ വഴിക്കാണെന്നു പറയാതെ തരമില്ല. കവി പ്രായം കൊണ്ടു വൃദ്ധനെങ്കിലും യുവചൈതന്യം തുളുമ്പുന്ന കവിതകൾ അദ്ദേഹം ഇപ്പോഴും കൈരളീദേവിക്ക് ഉപഹാരമായി സമർപ്പിച്ചുപോരുന്നുണ്ട്

'മുന്നോട്ടു പോകനാം മുന്നോട്ടു പോകനാം
മുന്നോട്ടു പോകനാം ലോകമേ! നിർഭയം.
കുന്നോ കുഴികളോ മാർഗ്ഗങ്ങളിൽ കണ്ടു
പിന്നോക്കമേതും തിരിക്കേണ്ട നാം പരം
ഭൂതകാലത്തിൽക്കടന്നു നാം വിസ്മൃതി-
പ്രാന്തരമാക്കിത്തീർത്ത വിഘ്നങ്ങളാണവ.
അല്ലെങ്കിൽ വിഘ്നങ്ങൾ വിശ്വവിജയികൾ-
ക്കുല്ലാസമേകുന്ന മാറ്റുരക്കല്ലുകൾ!'

ഇങ്ങനെയുള്ള ഉജ്ജ്വലകവിതകൾ പലതും കവിയിൽനിന്നു ലഭിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ കൈരളി ധന്യധന്യതന്നെ!

പി. വി. കൃഷ്ണവാര്യർ

കോട്ടയ്ക്കൽ പി. വി. കൃഷ്ണവാര്യർ അവർകൾ പദ്യസാഹിത്യത്തിന്റെ അഭിവൃദ്ധിക്കായി നാനാവിധത്തിൽ പ്രവർത്തിച്ചിട്ടുള്ള ഒരു മുഖ്യകവിപുംഗവനാകുന്നു. പന്തളത്തുതമ്പുരാന്റെ കാലശേഷം, "കവനകൗമുദി"യുടെ അധിപരായിരുന്ന മി. വാര്യർ, തൽകൃത്യനിർവ്വഹണം ഒന്നുകൊണ്ടുതന്നെ ഭാഷാകവിതയ്ക്കു വേണ്ട പോഷണം നൽകിയിട്ടുണ്ട്. രസനിഷ്യന്ദികളായ അനേകം കാവ്യ

ല്ലജങ്ങൾ നിൎമ്മിച്ച് അദ്ദേഹം ഭാഷാകവിതയെ യഥാവിധി അലങ്കരിക്കാതെയുമിരുന്നിട്ടില്ല. അതീതകാവ്യകൎത്താക്കളിൽ പലരുടേയും പദ്യകൃതികളെ സമാഹരിച്ചു പ്രസിദ്ധപ്പെടുത്തുന്ന വിഷയത്തിൽ മി. വാര്യർ സഹിച്ചിട്ടുള്ള ക്ലേശങ്ങൾക്കുതന്നെ സാഹിത്യപ്രണയികൾ എന്നും അദ്ദേഹത്തോടു കടപ്പെട്ടിരിക്കുന്നതാണ്.

പി. ജി. രാമയ്യർ.

മി. പി. ജി. രാമയ്യരുടെ സതീസുകുമാരം, കരിശിലെ ക്രിസ്തു മുതലായ കൃതികൾ ശ്ലാഘാർഹങ്ങളാകുന്നു.

'അന്തരംഗത്തു പിതാവേ! കോപമിപ്പാപകൃത്യം
കരുതിയിവരിലെല്ലാം നിൻപദം കുമ്പിടുന്നേൻ
കരുണയിവരിലുണ്ടാകേണമജ്ഞാനമാണി-
പ്പുതുവഴിയിലിവർ മർത്ത്യരെച്ചേർത്തതിപ്പോൾ.'

എന്നു തുടങ്ങിയ ചില പദ്യങ്ങൾ സന്ദർഭസാരള്യംകൊണ്ട് ആരെയും കോൾമയിർക്കൊള്ളിക്കുവാൻ പൎയ്യാപ്തമായവതന്നെ. ഭാഷയേറിവരുന്ന മണിപ്രവാളമാണു രാമയ്യർ ഉപയോഗിക്കാറുള്ളത്. ലോകപ്രസിദ്ധമായ കാളിദാസശാകുന്തളത്തെ വലിയകോയിത്തമ്പുരാന്റെ കാലത്തുതന്നെ ഇദ്ദേഹം ഭാഷയിൽ തൎജ്ജമചെയ്തിട്ടുണ്ടെന്നുള്ളതും ഇവിടെ പ്രസ്താവയോഗ്യമാകുന്നു.

വി. കെ. ജോസഫ് മാപ്പിള.

ഭാഷാസാഹിത്യത്തറവാട്ടിലെ പേരും പെരുമയും പടുതയും തികഞ്ഞ ഒരു വൃദ്ധകവിയാണു മി. വി. കെ. ജോസഫ് മാപ്പിള. കേരളവൎമ്മപ്രഭൃതികളുടെ നേ

ദ്ധത്തിൽ ഒരു കാലത്ത് കൈരളീരംഗത്തിൽ നടന്ന സാഹിത്യസമരത്തിൽ സജീവമായ ഭാഗം വഹിച്ചിട്ടുള്ള ഒരു യോദ്ധാവാണു മാപ്പിള അവർകൾ. അക്കാലത്തെ മനോരമ, മലയാളി, കേരളമിത്രം, നസ്രാണിദീപിക മുതലായ പത്രഗ്രന്ഥങ്ങളിൽ അദ്ദേഹത്തിന്റെ കവിതാവിലാസം മുടങ്ങാതെ പ്രത്യക്ഷപ്പെട്ടിരുന്നു. യൂദകുലജീവിക, അത്ഭുതപ്രസവം, വേദമണിഗാഥ, സാറാമ്മ, സംഗീതജപമാല മുതലായ കൃതികൾ അദ്ദേഹത്തിന്റെ തൂലികയിൽനിന്നു കൈരളിക്കു ലഭിച്ചിട്ടുള്ളവയാണ്. ക്രിസ്തുവിന്റെ ജനനത്തെ വിഷയീകരിച്ച് എഴുതിയിട്ടുള്ള അത്ഭുതപ്രസവം തുള്ളലിൽനിന്ന് ഒരു ഭാഗം ഇവിടെ ഉദ്ധരിക്കാം:—

'തരുണീമണിയെക്കിട്ടുന്നതിനായ്
തരുണന്മാരെല്ലാരുമിരുന്നു
കന്യകയുടെ വ്രതമഴിയതിനെന്നായ്
ധന്യന്മാരിവരുമതമിരുന്നു...
മലർമിഴിയെത്തേടുന്നതിനായി
പൊന്നുന്നാരിയും തലയും കെട്ടി
ശ്രുതരമായ് വന്നെത്തിയ പുരുഷ—
വിഡ്ഢികളിക്കഥ കണ്ടുരുകിനാൾ.'

കവിയുടെ ഒരു ഒററശ്ലോകവുംകൂടി ഉദ്ധരിച്ചുകൊള്ളുന്നു:—

'ധർമ്മത്താൽ കോട്ടകെട്ടി, സ്സുലളിതമതിയാൽ കൊത്തളം കാത്തി, ശസ്ത്ര—
ക്കർമ്മത്താൽ ഗോപുരം തീർത്തു, പരിമിതയശസ്സാൽക്കൊടിക്കൂറ നാട്ടി,
ശർമ്മത്താൽ ജയേച്ചുന്നതി ജനതതിയിൽ ചേർത്തു ഗൌരീകടാക്ഷാ—
ന്മർമ്മത്താൽ രാമവർമ്മക്ഷിതിപതി വിജയിക്കേണമക്ഷീണമെന്നും.'

അദ്ധ്യായം 15

മഹാകവി കുമാരനാശാൻ.

കവിതാസൗധത്തിന്റെ ഉത്തുംഗശൃംഗത്തിലുള്ള രത്നശിലാതലത്തെയാണു നാമിനി അധിരോഹണംചെയ്തു ദർശിക്കുവാൻ പോകുന്നതു്. കാവ്യദേവതയ്ക്കു് ആകൃതിയെന്നും പ്രകൃതിയെന്നും രണ്ടു വിഭാഗങ്ങളെ കല്പിക്കാമെങ്കിൽ, ആകൃതിയെ പ്രധാനമായി അവലംബിച്ചുള്ള രമണീയതയാണു നാമിതുവരെ കണ്ടുകഴിഞ്ഞതു്. കൈരളീകാവ്യകന്യക പൈതലായി വാണിരുന്ന ആദിമഘട്ടത്തിൽ, കേവലം കോമളവർണ്ണങ്ങൾ കലർന്ന രാമചരിതാദി കീർത്തനങ്ങൾ പാടിക്കൊണ്ടിരുന്നു. ക്രമേണ സംസ്കൃതവരനുമായുള്ള സമ്പർക്കത്തോടെ താരുണ്യദശയെയും കടന്നുപോകുന്നു. സംസ്കൃതപ്രചുരമായ ഭാഷാരീതിയും, മാനംമുട്ടുന്ന അതിശയോക്തികളും, കൃത്രിമങ്ങളായ കവികല്പനകളും മനോധർമ്മങ്ങളും ഈ ദ്വിതീയഘട്ടത്തിലെ കൃതികളുടെ, വിശേഷിച്ചു ചമ്പുകാവ്യങ്ങളുടെ, മുഖ്യലക്ഷണങ്ങളായി കണക്കാക്കാവുന്നതാണു്. "എഴുത്തച്ഛന്റെ ഭക്തിഭാവമയമായ ചൈതന്യവും, ചമല്ക്കാരപൂർണ്ണമായ പ്രതിപാദനരീതിയും, നമ്പ്യാരുടെ കവനധർമ്മങ്ങളായ തന്മയത്വം, അകൃത്രിമത്വം മുതലായവയും" കവിതാദേവിയുടെ നിത്യസൗന്ദര്യത്തെ പ്രോജ്ജ്വലിപ്പിക്കുമാറു് ഈ ദശയുടെ അവസാനത്തിൽ ഉദയംചെയ്തിട്ടുള്ളവതന്നെ. പക്ഷെ, തുഞ്ചൻ, കുഞ്ചൻ മുതലായവരുടെ അനന്തരഗാമികളിൽ പ്രസ്തുതഗുണങ്ങൾ തീരെ കുറഞ്ഞുതുടങ്ങി.

വെണ്മണിപ്രഭൃതികളായ നമ്പൂരിപ്പാടന്മാർ, കൊടുങ്ങ
ല്ലൂർ തമ്പുരാക്കന്മാർ മുതലായവരുടെ ലളിതപദാകലിത
മായ മനോഹരഭാഷയും, ആശയപ്രകടനരീതിയും കാ
വ്യാംഗനയുടെ വളൎച്ചയ്ക്ക് മറെറാരുപ്രകാരത്തിൽ അനു
കൂലമായിരുന്നു എന്നുള്ളത് ഇവിടെ വിസ്തരിക്കുന്നില്ല.
അതുപോലെതന്നെ, കേരളവൎമ്മപ്രഭൃതികളുടെ ശാകുന്ത
ളാദിതൎജ്ജമകളും, ഉമാകേരളമയൂരസന്ദേശാദി കാവ്യ
ങ്ങളും കവിതാവനിതയുടെ ചില അംഗങ്ങളെ പരിപു
ഷ്ടമാക്കുവാൻ ഉപകാരപ്പെട്ടിട്ടുണ്ടെന്നുള്ളതും നിരാക്ഷേ
പമാകുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും, അനുകരണ
ത്തിന്റെയോ അനുവാദത്തിന്റെയോ ചൎവ്വിതചൎവ്വണ
ത്തിന്റെയോ രൂപത്തിലുള്ള കൃതികൾ ഇക്കാലത്തു വള
രെ വൎദ്ധിക്കുകയാൽ പദ്യസാഹിത്യത്തിനു സാരമായ
യാതൊരു ഉൽഗതിയും സിദ്ധിച്ചിരുന്നില്ലെന്നുതന്നെ പറ
യാം. നഗ്നരൂപത്തിൽ ശൃംഗാരത്തെ വെളിച്ചത്തു വിളി
ച്ചോതുന്ന വെണ്മണിപ്രഭൃതികളുടെ കൃതികൾ ഭാഷാക
വിതയെ സ്വല്പമൊന്നു ദുഷിപ്പിക്കാതെയുമിരുന്നിട്ടില്ല.
യാഥാസ്ഥിതികതയും ഗതാനുഗതികത്വവും നാൾക്കു
നാൾ വൎദ്ധിച്ചുതന്നെ വന്നു. ഇങ്ങനെ പരിണാമത്തിൽ
ഭാഷാകവിത ഏതാണ്ടു ത്രിശങ്കുസ്വൎഗ്ഗത്തെ അവലംബി
ക്കുകയാണുണ്ടായത്. കവിതാദേവിയുടെ വിമോചന
ത്തിന് ഒരു പുതിയ മാൎഗ്ഗം വെട്ടിത്തുറക്കേണ്ട ആവശ്യ
വും ഈ ഘട്ടത്തിൽ ഒഴിച്ചുകൂടാത്തവണ്ണം വന്നുചേൎന്നു.
കേരളത്തിലെ പരിതഃസ്ഥിതികൾ ഇങ്ങനെ അസ്വത
ന്ത്രമായും അനിയന്ത്രിതമായും വ്യാപിച്ചുകൊണ്ടിരുന്ന
ആ ഒരു ഘട്ടത്തിലാണ് ബ്രിട്ടീഷുകാരുടെ സുരശാസനമാ

യ ഭരണത്തിൻെറ ഫലമായി ഭാരതഖണ്ഡം ഒട്ടുക്കുണ്ടാ
യ ഒരു പുതിയ ഉണർവും, പ്രബോധനവും കേരളീയരെ
യും ബാധിച്ചുതുടങ്ങിയതു്. രാഷ്ട്രീയമായും സാമുദായിക
മായും ആദ്ധ്യാത്മികമായും തങ്ങളുടെ പുരോഗമനത്തിനു
തകുന്ന സ്വാതന്ത്ര്യമാർഗ്ഗങ്ങൾ പലതും ഇക്കാലത്തു വെട്ടി
ത്തുറക്കുവാൻ തുടങ്ങി. ജനസമുദായങ്ങളുടെ ആചാരവി
ചാരങ്ങളിൽ എല്ലാററിലും വന്നുകൂടിയ ഈ പരിവർത്ത
നം ഒടുവിൽ അവരുടെ അന്തർഗ്ഗതങ്ങളെ വഹിക്കുന്ന ഭാ
ഷയേയും ബാധിച്ചുവെന്നേ പറയുവാനുള്ളു. ഭാഷയും
സാഹിത്യവും ഒരു ഘട്ടത്തിലും, പരിഷ്ക്കാരവിഷയത്തിൽ
മനുഷ്യസമുദായം മറെറാരു ഘട്ടത്തിലും വർത്തിക്കുക ലോ
കചരിത്രത്തിൽ അസംഭാവ്യമാണല്ലോ. ഓരോ കാല
ത്തെ ഭാഷയും സാഹിത്യവും, അതതുകാലത്തെ മനുഷ്യ
ൻെറ വിചാരവികാരങ്ങളുടെ അഥവാ, സംസ്കാരപരി
ഷ്ക്കാരങ്ങളുടെ, പ്രത്യക്ഷദർപ്പണമായിരിക്കുമെന്നുള്ളതു നി
ർവ്വിവാദമാകുന്നു.

മേൽപ്രകാരം സംഭവിച്ച പ്രബുദ്ധത, കേരളീയക
വികളേയും 'കണ്ണുമിഴിപ്പിച്ചു ചുററും നോക്കിച്ചു.' അ
തോടുകൂടി അവർ തങ്ങളുടെ യഥാർത്ഥസ്ഥിതി മനസ്സി
ലാക്കുകയും, സാക്ഷാൽ സംസ്കാരോന്മുഖങ്ങളായ യത്ന
ങ്ങളിൽ വ്യാപൃതരായിത്തുടങ്ങുകയും ചെയ്തു. ഏതാദൃശമാ
യ ഉൽബുദ്ധതയുടെ ഫലമാണു്, ഭാഷയിലെ ഖണ്ഡകാ
വ്യപ്രാധാന്യം. വൃത്തം, ഭാഷ, രീതി, വിഷയം, വിചാ
രം, അലങ്കാരം ആദിയായ എല്ലാ സംഗതികളിലും ക
വിതയ്ക്കു് ഇവിടെ വലുതായ മാററംതന്നെ സംഭവിച്ചു.

ത്രിശങ്കുസ്വൎഗ്ഗത്തിൽ സ്ഥിതിചെയ്തിരുന്ന, അഥവാ പാ
രതന്ത്ര്യത്തിൽ കഴിഞ്ഞുകൂടിയിരുന്ന, കവിതാലക്ഷ്മിയെ
അവിടെനിന്ന വിമുക്തയാക്കി സാക്ഷാൽ സ്വാതന്ത്ര്യസ്വ
ൎഗ്ഗത്തിലേയ്ക്കു പ്രവേശിപ്പിക്കുവാനുള്ള സ്വൎഗ്ഗകവാടത്തെ
ന്നെയാണ് ഖണ്ഡകാവ്യങ്ങൾമൂലം ഇവർ വെട്ടിത്തുറ
ന്നത്.

നവീനപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാക്കളിൽ അ
തിമുഖ്യനായ ഒരാളാണ മഹാകവി കുമാരനാശാൻ. ഖ
ണ്ഡകാവ്യകൎത്താക്കളിൽ എടുത്തുകൊണ്ടും പ്രഥമസ്ഥാനത്തി
നവകാശി കുമാരനാശാൻ അവർകൾതന്നെയാണെന്ന്
പറയുവാൻ ആരും ശങ്കിക്കേണ്ടതില്ല. സഹൃദയവൎയ്യനാ
യ കെ. എം. പണിക്കർ അവർകൾ പറയുന്നതുപോലെ
'അന്യന്മാരുടെ യശോദ്രുമാവിൽ പുഷ്പനടിക്കുന്ന ചില
"കൌശികവൃന്ദ"മൊഴികെ മറ്റുള്ള മലയാളികൾ' സ
കലരും ഈ അഭിപ്രായത്തെ ആദരിക്കുകയും, അഭിനന്ദി
ക്കുകയും ചെയ്യുമെന്നുള്ളതു നിസ്സംശയംതന്നെ. വീണപൂ
വ്, നളിനി, ലീല, പ്രരോദനം, ഗ്രാമവൃക്ഷത്തിലെ കു
യിൽ, ചിന്താവിഷ്ടയായ സീത, ദുരവസ്ഥ, ചണ്ഡാലഭി
ക്ഷുകി, കരുണ എന്നിവയത്രെ അദ്ദേഹത്തിന്റെ സ്വത
ന്ത്രകൃതികളിൽ മുഖ്യമായിട്ടുള്ളവ. ഇതിനുപുറമെ ബുദ്ധ
ചരിതം, ബാലരാമായണം മുതലായ തൎജ്ജമകളുമുണ്ട്.
പ്രസ്തുതകൃതികൾ ഓരോന്നും യശശ്ശരീരനായ അദ്ദേഹ
ത്തിന്റെ വിജയധ്വജവൈജയന്തികളായി എന്നും വി
രാജിച്ചുകൊണ്ടിരിക്കുമെന്നുള്ളതിന സംശയമില്ല.

ആശാന്റെ മിക്ക കൃതികളുടെയും പ്രമേയം, അഥ

വാ പ്രതിപാദ്യവിഷയം, പരിശുദ്ധമായ സ്നേഹമാണ്. ദൈവത്തിന്റെ മൂർത്തിയും, വിശ്വത്തിന്റെ ജീവനും, മോക്ഷത്തിന്റെ കോണിയും ആയിട്ടുള്ളതു യാതൊന്നോ, അങ്ങനെയുള്ള സ്നേഹമത്രെ ഭക്തി, പ്രേമം, മൈത്രി, അനുകമ്പ എന്നിങ്ങനെ വസ്തുഭേദേന നാനാപരിണതിയെ മാറിമാറി വഹിച്ച്, പ്രപഞ്ചത്തിൽ അനശ്വരമായി വിരാജിച്ചുകൊണ്ടിരിക്കുന്നത്. ആശാന്റെ നളിനി, ലീല, പ്രരോദനം തുടങ്ങിയ ഉത്തമകാവ്യങ്ങളുടെ എല്ലാം ജീവനായി സ്ഥിതിചെയ്യുന്നത് ഏതാദൃശമായ സ്നേഹമല്ലാതെ മറ്റൊന്നുമല്ല:—

'സ്നേഹമാണഖിലസാരമൂഴിയിൽ—സ്നേഹസാരമിഹ സത്യമേകമാം.' (നളിനി)

"അറികില്ലന്തരംഗമേതൊരാൾ,—അറിവോർത്തെറിവു, മോഹമൊക്കെയൊക്കിൽ
നിറവേറുകയില്ല കാമിതം,—കറയും ഹാ! സഖി, ഭാഗ്യശാലികൾ".
(ലീല)

സഹജാമലരാഗമേ! മനോ—ഗ്രഹമേതും സ്ഫുടദീപമാണു നീ
മഹനീയമതാണു മാറിലും—അഹമാതാവണിയുന്ന ഭൂഷണം!

'പുരുഷന്നു പുമർത്ഥമൊന്നു നീ—തരുണിക്കെന്തങ്ങീഗ്ഗുണങ്ങൾ നീ,
നിരുപിക്കുകിൽ നീ ചരപ്പു ഹാ!—മനുജമോഹനപുഷ്പവാടിയായ്.'
(ചി: സീത)

'സ്നേഹത്തെക്കുതി സ്വയം കഴികിൽ നരാവതി ചന്തിട്ടവിൻ.'
(പ്രരോദനം)

'സ്നേഹത്തിൽനിന്നുദിക്കുന്നു — ലോകം — സ്നേഹത്താൽ വൃദ്ധിതേടുന്നു,
സ്നേഹം താൻ ജീവിതം ശ്രീമൻ — സ്നേഹ — വ്യാഹതിതന്നെ മരണം.'
(ചണ്ഡാലഭിക്ഷുകി)

എന്നിങ്ങനെ അദ്ദേഹത്തിന്റെ മിക്കകൃതികളും ഈ വി

ശിഷ്ടമായ പ്രേമത്തിന്റെ അജയ്യവും അഭംഗുരവുമായ അവസ്ഥാന്തരങ്ങളെ ആദർശരൂപേണ വൎണ്ണിച്ചു്, കാവ്യലോലുപന്മാൎക്കു പരമനിർവൃതിയെ പ്രദാനംചെയ്യുന്നു. സാൎവ്വജനീനമായ പ്രണയത്തിന്റെ വിവിധപ്രകാരങ്ങളെ ആശാനെപ്പോലെ അത്ര വിശദമായി ഒരു കേരളീയ മഹാകവിയും നാളിതുവരെ പ്രകാശിപ്പിച്ചിട്ടില്ലെന്നുള്ളതു നിൎവ്വിവാദംതന്നെ.

സകലജീവജാലങ്ങളും സുഖത്തെമാത്രം കാംക്ഷിക്കുന്നതായി കാണപ്പെടുന്നു. മനുഷ്യഹൃദയം ആനന്ദോന്മുഖമായിട്ടത്രെ എപ്പോഴും വ്യാപരിക്കുന്നതു്. തന്നിമിത്തം വേദാന്തികളിൽ ചിലർ, മനുഷ്യാത്മാവു് ആനന്ദസ്വരൂപനാണെന്നുപോലും നിൎവ്വചിക്കാനിടയായിട്ടുണ്ടു്. ആനന്ദോന്മുഖനായ ഈ ആത്മാവിനു പരമസുഖം നൽകുന്ന മാൎഗ്ഗം ഏതെന്നുള്ള ചിന്തയാണു 'മത'ങ്ങളുടെ എല്ലാം അസ്ഥിവാരം. ആത്മസ്വാതന്ത്ര്യത്തെ സകലമതങ്ങളും ശാശ്വതസുഖകാരണമായി നിർദ്ദേശിച്ചുംകാണുന്നു. പ്രസ്തുതസ്വാതന്ത്ര്യമോ, ആദ്ധ്യാത്മികമായ സ്നേഹത്തിൽനിന്നു്, അഥവാ ദിവ്യമായ ആത്മൈക്യത്തിൽനിന്നു്, മാത്രമേ ഉത്ഭവിക്കുകയുമുള്ളു. ഇപ്രകാരം നിത്യസുഖപരിണാമിയായും, ഏതവസ്ഥയിലും അവ്യഭിചാരിയായും സ്ഥിതിചെയ്യുന്ന ഉപാധിരഹിതമായ ആ സ്നേഹത്തെയാണു്, ആശാൻ തന്റെ പ്രധാനകാവ്യങ്ങളുടെയെല്ലാം ജീവാത്മാവായി സ്വീകരിച്ചിട്ടുള്ളതു്. അതുകൊണ്ടുതന്നെയാണു ഭിന്നജാതിമതസ്ഥരായ സകല സഹൃദയരും ആശാന്റെ കൃതികളെ കൂടുതലായി ആദ

രിച്ചുപോരുന്നതെന്നുള്ളതും ഇവിടെ സവിശേഷം സ്മരണീയമായിരിക്കുന്നു. ആശാനേയും അദ്ദേഹത്തിൻെറ കൃതികളേയുംപററി വിമൎശിച്ച് സി. എസ്സ്. നായർ അവർകഠം പുറപ്പെടുവിച്ചിട്ടുള്ള ഒരു അഭിപ്രായം ഈ ഘട്ടത്തിൽ പ്രസ്താവയോഗ്യമാണ്:-

"മനുഷ്യൻെറ ബാഹ്യാവയവചേഷ്ടകളേക്കാഠം, അന്തഃകരണവൃത്തികളാണു കവിതയിൽ അധികം പ്രാധാന്യതയുള്ളവയായിരിക്കുന്നതെന്നു കുമാരനാശാൻ അവർകഠം തൻെറ കൃതികഠംകൊണ്ടു തെളിയിച്ചു. ഭവഭൂതിയെപ്പോലെ ഭാവഗായകകവിയായ കുമാരനാശാൻ സാധാരണകവികളുടെ വൎണ്ണനോപകരണങ്ങളെയൊന്നും ആശ്രയിക്കാതെ മനസ്തത്വങ്ങളെ നിരീക്ഷണം ചെയ്ത് സ്വന്തം കല്പനകഠം ഉപയോഗിച്ച്, മനോഭാവങ്ങളെ, വിശേഷിച്ച് സ്നേഹത്തെ, എടുത്തു വൎണ്ണിക്കുകയും ജീവിതതത്വങ്ങളെ വിമൎശിക്കുകയും ചെയ്തുകൊണ്ടാണു തൻെറ കവനങ്ങഠം രചിച്ചിട്ടുള്ളത്. ലോകത്തിൻെറ ഹൃദയതന്ത്രികളുടെ സ്പന്ദനത്തിലാണു മനശ്ശാസ്ത്രപണ്ഡിതനായ കുമാരനാശാൻെറ ദൃഷ്ടി എപ്പോഴും പതിയുന്നത്. പ്രേമത്തിൻെറ മൃദുലമേനിയിൽ, കൎമ്മഗതിയുടെ അല്ലെങ്കിൽ വിധിയുടെ തീക്ഷ്ണമായ തിരിച്ചടിയേററുണ്ടാകുന്ന പരിക്കുകളെ ഇത്ര സൂക്ഷ്മമായി വീക്ഷിച്ചു മനസ്സിലാക്കുകയും ഇത്ര തന്മയത്വത്തോടുകൂടി വൎണ്ണിക്കുകയും ചെയ്തിട്ടുള്ള കവികഠം വളരെ വളരെ ചുരുക്കമാണ്." ഇനി നമുക്ക് അദ്ദേഹത്തിൻെറ പ്രധാനകൃതികളിൽ ചിലതിനെപ്പററി പറഞ്ഞൊന്നു പൎയ്യാലോ

ചിക്കാം.

ആശാൻെറ പ്രഥമവും പ്രധാനവുമായ കൃതി, വീണപൂവത്രെ. വീണപൂവിൻെറ പ്രസിദ്ധീകരണത്തോടുകൂടിയാണു സാഹിത്യലോകത്തിൽ ആശാൻെറ പേർ പൊങ്ങിയതു്. ഈ കാവ്യത്തെ ആദ്യന്തം ഒരു അന്യാപദേശമായി കരുതാവുന്നതാണു്. 'സുന്ദരിയും സൽഗുണവതിയും പരസ്പരാനുരാഗത്തിനു പാത്രീഭവിക്കാതെ പരഹസ്തഗതയുമായ ഒരു നായികയുടെ അകാലമൃതിയിൽ നായകനുണ്ടായ മനോവിചാരമാണു പ്രസ്തുതകാവ്യത്തിലെ വിഷയം. ഈ വിഷയത്തെ ഒരു പൂവിൻെറ ജീവിതത്തോടു പരിപൂർണ്ണമായി സംഘടിപ്പിച്ചതിലാണു കവിയുടെ കലാകൗശലം സ്ഥിതിചെയ്യുന്നതു്.'

> 'ഹാ! പുഷ്പമേ, അധികതുംഗപദത്തിലെത്ര
> ശോഭിച്ചിരുന്നിതൊരു രാജ്ഞികണക്കയേ നീ,
> ശ്രീ ഭുവിലസ്ഥിരയസംശയമിന്നു നിൻെറ—
> യാഭൂതിയെങ്ങു; പുനരെങ്ങു കിടപ്പിതോർത്താൽ.'

എന്നുള്ള പ്രഥമശ്ലോകം വായിക്കുമ്പോൾതന്നെ കവിയുടെ ഈ ആന്തരോദ്ദേശ്യവും, അതിലെ കല്പനാവൈഭവവും, കരതലാമലകംപോലെ അനുവാചകർക്കു ദൃശ്യമാകുന്നുണ്ടു്. പുഷ്പത്തെ രാജ്ഞിയോടു സാദൃശ്യപ്പെടുത്തിയ കവിയുടെ സ്വാതന്ത്ര്യശൈലി ചിന്തനീയമത്രെ. കുലീനയായ നായികയുടെ ബാല്യലീല, വിദ്യാഭ്യാസം, നവയൗവനപ്രാപ്തി, കാമുകാഗമനം, ഭർത്തൃഗമനം, ജീവിതാവസാനം എന്നിങ്ങനെയുള്ള ജീവിതഘട്ടങ്ങളെ സംക്ഷിപ്തമെങ്കിലും പ്രൗഢമായ രസസ്ഫൂർത്തിയോടുകൂടി സാരഗർ

മായ രീതിയിൽ കവികർമ്മമാർമ്മികനായ കവി പിന്നീടു വർണ്ണിക്കുന്നു. നായികയുടെ ആഭ്യന്തരഗുണങ്ങളെ അനുസ്മരിച്ചു സങ്കടപ്പെടുന്ന ഹൃദയത്തെ തദനന്തരം തത്വചിന്തകൊണ്ടു സമാധാനിപ്പിക്കുവാൻ യത്നിക്കുന്നു.

'എന്തിന്നലിഞ്ഞു ഗുണശാലയാരണി ചെയ്തു നിന്നെ
എന്തിന്നതാഴ്ത്തി വിധിയേവമപാകരിച്ചു;
ചിന്തിപ്പതാരതിസൂക്ഷ്മരഹസ്യ? മാരാ—
ലെന്തുള്ളു ഹാ! ഗുണികളൂഴിയിൽ നീണ്ടുവാഴാ.'

'ഖേദിക്കകൊണ്ടു ഫലമില്ല നമുക്കതല്ല
മേലത്തിനും ഭുവി വിപത്തുവരാം ചിലപ്പോൾ
ചൈതന്യവും ജഡവുമായ് കലരാം ജഗത്തി—
ലേതിന്നിലും വടിവിലീശ്വരനൊന്നൊരാത്താൻ'.

എന്നിങ്ങനെ തരളിതചിത്തവൃത്തിയായി കവി ചിന്താപ്രവാഹത്തിൽ കുറേനേരം നീന്തിക്കളിച്ചു മുന്നോട്ടുപായുന്നു. എന്നാൽ അതിനവസാനമില്ലെന്നുകണ്ടു, ഒടുവിൽ—

'കണ്ണേ! മടങ്ങുക, കരിഞ്ഞുമലിഞ്ഞുമാശു
മണ്ണാകുമീമലരു വിസ്മൃതമാകുമിപ്പോൾ,
എണ്ണീടുകാർക്കുമിതുതാൻ ഗതി, സാദ്ധ്യമെന്തു—
കണ്ണീരിനാൽ അവനിവാഴ്‌വു കിനാവുതന്നെ.'

എന്നു സ്വയം സമാധാനപ്പെട്ട്, പ്രയാണപരാങ്മുഖനായി, പ്രശാന്തഗംഭീരനായി, കാവ്യം ഉപസംഹരിക്കുന്നു. 'ധർമ്മബോധോപസ്കൃതമായ സൗന്ദര്യബോധത്തെ ഭാവനാശക്തിയുടെ വൈഭവത്താൽ ഭാസുരമാക്കിത്തീർക്കുന്നതാണു കവിതയെങ്കിൽ, കുമാരനാശാന്റെ വീണപൂവ് താദൃശമായ കവിതയുടെ മൂർദ്ധാഭിഷിക്തോദാഹരണമാ

യി എന്നും പരിലസിക്കുന്നതാണ്.

ആശാന്റെ നളിനി, സത്വഗുണാവലംബിയായ ശൃംഗാരത്തിന്റെ, അഥവാ പരിശുദ്ധമായ അനുരാഗത്തിന്റെ, സൂക്ഷ്മസ്ഥിതിയെ സുവ്യക്തമാക്കുന്ന ഒരു വിശിഷ്ടഖണ്ഡകാവ്യമത്രെ. ആശാനെ കേരളീയസാഹിത്യലോകത്തിൽ ലബ്ധപ്രതിഷ്ഠനാക്കിയിട്ടുള്ളതും ഈ കാവ്യതല്ലജമല്ലാതെ മറ്റൊന്നുമല്ല.

പ്രസ്തുതകാവ്യത്തിലെ നായികയായ നളിനി, കോരകത്തിൽ മധുവെന്നപോലെ ഹൃദയാന്തർഭാഗത്തു തന്റെ ജീവിതേശനായ ദിവാകരനെ നിഗൂഢമായി പ്രതിഷ്ഠിച്ചിരുന്നു. എന്നാൽ ഈ വാസ്തവസ്ഥിതി ഒന്നും അറിഞ്ഞിട്ടില്ലാത്ത ദിവാകരൻ, വിരക്തനായി ദേശാന്തരഗമനം ചെയ്യുകയാണുണ്ടായത്. ഈ ഘട്ടത്തിൽ, നളിനിയുടെ ഉറ്റവർ, അവളെ മറ്റൊരുവന്നു വിവാഹംചെയ്തുകൊടുക്കുവാൻ തീർച്ചപ്പെടുത്തി. വിവരം അറിഞ്ഞു് അവൾ അർദ്ധരാത്രിസമയം ഒരു വനാന്തരത്തിലെത്തി, നിരാശയാൽ ആത്മഹത്യയ്ക്കൊരുങ്ങുന്നു. യദൃച്ഛയാ അവിടെ വന്നെത്തിയ ഒരു വൃദ്ധതാപസിയുടെ കാരുണ്യംകൊണ്ടു് ആ സാഹസത്തിൽനിന്നു് അവൾ രക്ഷപ്പെട്ടു; അവിടെത്തന്നെ തപസ്സുചെയ്യുവാൻ തുടങ്ങി. ഇക്കാലത്തൊരിക്കൽ ഏതോ ശക്തിയുടെ പ്രേരണയാൽ, യാദൃച്ഛികമായി നളിനി ദിവാകരനെ കണ്ടുമുട്ടുന്നു. അവൾ നിശ്ശങ്കം, തന്റെ ഹൃദയത്തിൽ പ്രതിഷ്ഠിച്ചിരുന്ന ആ ആരാധനാമൂർത്തിയുടെ സമീപത്തു ചെന്നെത്തി. അതുവരെ തീവ്രയത്നംചെയ്തു നിഗ്രഹണം ചെയ്തിരുന്ന പ്രണയത്തെ അവ

ളിൽ നിക്ഷേപിച്ച് അവൾ ശാന്തിപദം പ്രാപിക്കുന്നു.

'ഓമലാൾ മുഖമതിന്നു നിഷ്ക്രമി-
ച്ചോമിതി ശ്രുതിനിരുദ്ധവൈഖരി,
ധാമമൊന്നുടനതിൻ മിന്നൽപോൽ
വ്യോമമണ്ഡലമണഞ്ഞു മാഞ്ഞുതേ.'

ഇതാണു നളിനിയിലെ കാവ്യവസ്തു. നായികയായ നളിനി ചക്ഷുഃപ്രീതി ഇടങ്ങിയ കാമത്തിന്റെ പത്തവസ്ഥകളെയും പടിപടിയായി കടന്നു്, ഒടുവിൽ, സ്നേഹത്തിന്റെ പരമകാഷ്ഠയായ ത്യാഗത്തിൽ സ്വജീവനെ അർപ്പിക്കുന്ന ഒരു ചേതോഹരചിത്രമാണു മഹാകവി, ഈ കാവ്യത്തിൽ ഭാവുകന്മാരെ ദർശിപ്പിക്കുന്നതു്.

'സ്വാമിയാം രവിയെ നോക്കി നില്ക്കുമെൻ-താമരേ, അളവായുമേറു നീ
ആമയം കടവിടൊല്ല, തൻകരം - ഓമലേതു തിരിയുന്ന ദിക്കിലും.'
സന്തതം മിഹിരനാത്മമോദവും - സ്വന്തമാം മധു കൊടുത്ത വണ്ടിനും
ചന്തമാർന്നുമിഹ നില്പു ഓമലേ! - ഹന്ത! ധന്യമിഹ നിന്റെ ജീവിതം!'

എന്നിങ്ങനെ സ്വയം ഗാനംചെയ്തു നായികയായ നളിനി, കേരളസാഹിത്യനഭോമണ്ഡലത്തിൽ അനവരതം പ്രകാശിക്കുന്ന ഒരു ആദർശജ്യോതിസ്സാവും, തൽകാവ്യസ്രഷ്ടാവായ കുമാരനാശാൻ എന്നും സഹൃദയന്മാരുടെ മഹാകവിയുമായിരിക്കുമെന്നുള്ളതിൽ രണ്ടുപക്ഷമില്ലാത്തതാണു്.

ലീലയിലെ പ്രതിപാദ്യവിഷയവും പ്രണയംതന്നെ. ഇതിലെ നായികാനായകന്മാരായ ലീലാപ്രഭാകരന്മാർ പ്രായോഗികമായ ലൗകികസ്നേഹത്തെ വഹിക്കുന്ന രണ്ടു കഥാപാത്രങ്ങൾ മാത്രമേ ആകുന്നുള്ളു. നളിനിയെപ്പോ

ലെ വായനക്കാരെ ആദർശഭൂതമായ ഒരു സങ്കല്പലോകത്തിൽ ഉയർത്തി ഉത്തേജിപ്പിക്കുന്നതിന് ഇതിലെ പാത്രങ്ങൾ അത്രതന്നെ പര്യാപ്തങ്ങളല്ല. വർണ്ണനകളിൽ ആശാന്റെ മിതത്വം ചിലേടത്തു ഭഞ്ജിച്ചുകാണുന്നുണ്ട്. കൃത്രിമത്വവും ചിലേടത്തു കടന്നുകൂടാതിരുന്നിട്ടില്ല. മൂന്നാംസർഗ്ഗത്തിലാണ് ഈ വക ന്യൂനതകളുള്ളതു്. അതിലെ വനവർണ്ണന ആ കാവ്യത്തിന്റെ നിലയ്ക്ക് അല്പം അധികമായിപ്പോയി എന്നാണു തോന്നുന്നതു്. മദനനെ അന്വേഷിച്ചു പുറപ്പെട്ട വീല വിന്ധ്യാടവിയിൽവെച്ചു് വിധുരതയോടെ,

> 'കുയിലിണയിലിരുന്നു പാടിടുന്നു;
> മയിലിതാ തൻ പിടയോടുമാടിടുന്നു;
> പ്രിയയെയനുനയിച്ചിടുന്നു സിംഹം;
> പ്രിയതമ, നീയെങ്ങൊളിച്ചു ഞാൻ വലഞ്ഞു?'

എന്നു പ്രാർത്ഥിക്കുന്നു. ഇവിടെ സിംഹം പ്രിയയെ അനുനയിച്ചിടുന്നതും മററും അപ്പോൾ അവിടെ സംഭവിച്ചിരിക്കാൻ ഇടയുള്ളതല്ല. അതിനാൽ ഈ ഭാഗത്തു സാക്ഷാൽകരണപ്രതീതി ഉണ്ടാകാതെ പോകുന്നു. ലക്ഷ്മണൻ സീതയെ കാട്ടിൽ പരിത്യജിച്ചുപോകുന്ന സന്ദർഭത്തിൽ ആ വനഭൂവിനുണ്ടായ ദുഃഖത്തെ കാളിദാസൻ വർണ്ണിച്ചിട്ടുള്ളതു് ഈ അവസരത്തിൽ അനുസ്മരണീയമാണ്:—

> നൃത്യം മയൂരാഃ കുസുമാനി വൃക്ഷാ
> ദർഭാനുപാത്താൻ വിജഹുർഹരിണ്യഃ
> തസ്യാഃ പ്രപന്നേ സമദുഃഖഭാവ-
> മത്യന്തമാസീദ്രുദിതം വനേ/പി.   രഘുവംശം 14—69.

ഈ വർണ്ണനയിൽ സമീപവർത്തികളായി തത്സമയം ആ വനത്തിലുണ്ടായിരിക്കാവുന്ന വസ്തുക്കളുടെ ദുഃഖഭാവത്തെ പ്രകടീകരിച്ചതുകൊണ്ടു സഹൃദയന്മാർക്ക് ആ വർണ്ണനയിൽ വൈരസ്യമോ കൃത്രിമത്വമോ തോന്നുന്നില്ലെന്നുള്ളതു വ്യക്തമാണല്ലോ. ലീലയിൽ ഇങ്ങനെ ചില നിസ്സാര വൈകല്യങ്ങൾ ദോഷൈകദൃഷ്ടിയോടുകൂടിയ ഒരാൾക്ക കാണുവാൻ കഴിഞ്ഞേക്കാം. എന്നാൽ അവയെല്ലാം ആ കാവ്യഹാരത്തിലെ.

'പഴകിയ തരുവല്ലി മാറ്റിടാം
പുഴയൊഴുകും വഴി വേറെയാക്കിടാം
കഴിയുമവ മനസ്വിമാർക്കഹോ—
ഒഴിവതശക്യമൊരാളിലൂന്നിയാൽ' —1—24

'വിലയത്തുഷമന്താഗമത്തലാൽ
ഇലയുവതല്ലു മറിച്ചു മേല്പുമേൽ
വിലസിട്ടുമകിലമൊന്ന വെള്ളിപോ—
ലുലയതിലൂതിയ പൊന്നുപോലെയും' —1—74

'വിഹിതാവിഹിതങ്ങളോർത്തതു
മഹിതം സ്നേഹമഹോ മറക്കലാ;
ജഡ ധർമ്മാനുസൃതമന്താ—
നിഹിതം, നിത്യവിഭിന്നമാം നയം' 2—56

'ഉടലോർക്കുക ബാഹ്യമായതിൽ
ഉടലും ലോകമതിബ്ബാഹ്യമാം;
ദൃഢസൗഹൃദമാന്തരാത്മികം
വെടിയുന്നതെങ്ങനെ തോഴി! ദേഹികൾ' —2—59

'കരളുറതിരമല്ല വല്ല, ചൊല്ലാൻ
വരതി വചിച്ചതിൽ നിന്നിടാ വിചാരം;
പരമഹിതമറിഞ്ഞുകൂട; മായാ—
വഹിതമതുമിളതിനിവൃതി നതപം' 3—40

'ആരന്തരാത്മീ? ഉലകിൽ മറയുന്നില്ല; മാംസം വെടിഞ്ഞാൽ
തീരുന്നില്ലീ പ്രണയജടിലം മോഹിതൻ മോഹബന്ധം;
പോരും ഖേദം; പ്രിയസഖി, ചിരം വാഴ്ക മാഴ്കാതെ; വീണ്ടും
ചേരും നാം കേൾ; വിരതഗതിയായില്ല സംസാരചക്രം.' 3—82

ഈദൃശങ്ങളായ മുക്താമണികളുടെ ദീപ്തിയിൽ അദൃശ്യമായിത്തീരുവാൻ മാത്രമേയുള്ളു.

പണ്ഡിതവരനും കവിയുടെ ഒരു ഉത്തമമിത്രവുമായ എ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻെറ വിയോഗത്തിൽ കവിക്കുള്ള നിർവ്യാജമായ ദുഃഖത്തെയാണു പ്രരോദനത്തിൽ വിവരിക്കുന്നതു്.

'കഷ്ടം! കൈരളി കല്പവല്ലി വിമ[illegible]ശ്രീ നിരാലംബയായ്' വെറും നിലത്തുകിടക്കുന്നു. ശ്മശാനഭൂമി മർത്ത്യരെക്കൊണ്ടും, ശ്മശാനാഭ്രം അമർത്ത്യരെക്കൊണ്ടും നിറഞ്ഞു കഴിഞ്ഞു. ശ്മശാനസ്ഥലമാകുന്ന ആ ആദ്ധ്യാത്മവിദ്യാലയത്തിൽ വെച്ചു കഥാപുരുഷൻെറ മഹാവിയോഗത്തെപ്പററി അനുശോചിപ്പാൻ അവിടെ സന്നിഹിതരായിരിക്കുന്ന സകല അമർത്ത്യമർത്ത്യരേയും ജീവിതമരണങ്ങളുടെ സമഗ്രമായ ഉപപാദനംകൊണ്ടു മഹാകവി സാന്ത്വനം ചെയ്വാൻ ശ്രമിക്കുന്നു. മഹാപുരുഷനെ തേടിപ്പുറപ്പെട്ട മഹാകവി ഒടുവിൽ, 'അഖണ്ഡവിശ്രമസുഖം നൽകുന്ന ഏകാന്താദ്ധ്യയശാന്തിഭൂവിനു നമസ്കാരം പറഞ്ഞുകൊണ്ടു രോദനം നിർത്തുകയും, കാവ്യം ഉപസംഹരിക്കയും ചെയ്യുന്നു. വിലാപകാവ്യങ്ങൾ ശോകഗർഭമായും, ചിന്താബഹുലമായും, കേവലം ആക്രന്ദനമാകാതെയും, നാതിദീർഘമായും ഇരിക്കണമെന്നാണു വിധി. ആ ലക്ഷണങ്ങൾ തികഞ്ഞിട്ടുള്ള പ്രരോദനം അത്തരത്തില

ള്ള കാവ്യങ്ങളുടെ ഒരു മാനനീയമാതൃകയായി വിലസുന്നുണ്ടെന്നു പറയാം.

ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി ഇവരണ്ടും സമുദായപരിഷ്കരണത്തെ പുരസ്കരിച്ചു നിർമ്മിച്ചിട്ടുള്ള രണ്ടു കാവ്യങ്ങളാണ്. ജാതിമാത്സര്യവും, അതിന്റെ ഫലങ്ങളായ തീണ്ടൽ, തൊടീൽ മുതലായ ദുരാചാരങ്ങളുംകൊണ്ടു ഹിന്ദുസമുദായത്തിനു വന്നുചേർന്നിട്ടുള്ള ശൈഥില്യത്തിന്റെ നിവാരണമാണ് ഈ രണ്ടു കാവ്യങ്ങളും ചൂണ്ടിക്കാണിക്കുന്നതു്. ഇന്നത്തെ ഭാരതീയനേതാക്കന്മാരുടെ പരമോദ്ദേശ്യം ഒരു ഐക്യഭാരതം ഇവിടെ സൃഷ്ടിക്കണമെന്നുള്ളതാണല്ലോ. അതിന് ആദ്യവും അടിസ്ഥാനവുമായി വേണ്ടതു സമുദായൈക്യമാണ്. അതിന്റെ അഭാവത്തിൽ സ്വരാജ്യലബ്ധിക്കായി ചെയ്യുന്ന സകലശ്രമങ്ങളും പരാജയത്തിലേ വന്നു കലാശിക്കൂ.

'എന്തിനു ഭാരതധരേ കരയുന്നു പാര-
തന്ത്ര്യം നിനക്കു വിധികല്പിതമാണു തായേ!
ചിന്തിപ്പൂ ജാതിമദിരാന്ധരടിച്ചു തമ്മി-
ലന്തപ്പെടും തനയർ എന്തിനയേ സ്വരാജ്യം?'

എന്നാണ് മഹാകവി ചോദിക്കുന്നതു്? ഇവിടത്തെ ജാതിയേയും മതവും പററി ആശാൻ പറയുന്നതു കേൾക്കുക:—

'എന്തുപറവൂ? എന്തോർപ്പൂ — ജാതി — ഹന്ത വിഡംബനം രാജൻ!
നെല്ലും പുവാട്ടിൽ മുളയ്ക്കും — കഷ്ടം — പുല്ലല്ല സാധുപുലയൻ.
ശങ്കവേണ്ടൊന്നായ് പുലർന്നാൽ — അന്നും — ചെളിയിൽപ്പൂണ്ടചെടിഞാൻ.
ഇന്നലെ ചെയ്തോരബദ്ധം — മൂഢ — ർക്കിന്നത്തെ യാചാരമാവാം.
നാളത്തെ ശാസ്ത്രമതാവാം — അതിൽ — മൂളായ്ക സമ്മതം രാജൻ

വ്യാമോഹമാണം സുഖത്തിൽ—പര—ദ്രോഹത്തിൽ വിപ്രിയമാണം
പാമരചിത്തം പുകഞ്ഞു—പൊങ്ങും—ധൂമമാമീർഷ്യതാൻ ജാതി'

എന്നിങ്ങനെ ചണ്ഡാലഭിക്ഷുകിയിലും,

'അന്തണനെച്ചമച്ചുള്ളോരു കൈയല്ലോ
ഹന്ത! നിർമ്മിച്ചു ചെറുമനേയും
ബാഹുവീര്യങ്ങളും ബുദ്ധിപ്രഭകളും
സ്നേഹകാരുണ്യത്തിന്നുറവുകളും
ആഹന്തയെത്ര വിഫലമാക്കിത്തീർത്തു
നീതിയുധർമ്മമേ ജാതിക്കുലം
എത്രമഹിമാക്കൾ ജനിച്ചുചാവുന്നു
എത്രയോ ഉജ്ജ്വലർ കണ്ണടയുന്നു
ക്രൂരമാം ജാതിയാൽ നാനമലസിപ്പോയ്
കേരളമാതാവേ, നിൻവയറ്റിൽ.'

എന്നിങ്ങനെ ദുരവസ്ഥയിലും പ്രസ്താവിച്ചിരിക്കുന്നു. ഹൃദയമുള്ള ഒരുവൻെറ സിരാചക്രത്തെ തുടിപ്പിക്കുവാൻ ഈ ഭാഗങ്ങൾ സർവ്വഥാ ശക്തിയുള്ളവതന്നെ. ദേശീയവാദവും സ്വരാജ്യസ്നേഹവും വർദ്ധിച്ചുവരുന്ന ആധുനികകാലത്ത്, ശിഥിലീഭവിച്ചിരിക്കുന്ന ഭാരതീയജനസമുദായത്തിൻെറ പുനഃസംഘടനയ്ക്കു പ്രേരകമായിത്തീരത്തക്കവണ്ണം നിർമ്മിച്ചിട്ടുള്ള പ്രസ്തുതകൃതികൾ, കാലോചിതമായ ഒരു സാഹിത്യപ്രസ്ഥാനമായിത്തന്നെ സാഹിത്യലോകത്തിൽ വിരാജിക്കുമെന്നുള്ളതു നിസ്സന്ദേഹമത്രെ. കലാദൃഷ്ട്യാ ദുരവസ്ഥയ്ക്ക് അപകർഷമാണ് സംഭവിച്ചിരിക്കുന്നതെന്നു ചിലർ പറയാറുണ്ട്. അത്തരക്കാർ യഥാഭാവ്യമായ സമുദായപരിഷ്കാരത്തിൽ പുരികം ചുളിക്കുന്ന പുരോഭാഗികളായിരിക്കുവാനേ തരമുള്ളൂ.

ഒരു കലാലോകത്തെ ക്രമേണയുള്ള പരിണാമം
കൊണ്ടല്ല, ഉടനടിയുള്ള വിപ്ലവംകൊണ്ടുമാത്രമേ സൃഷ്ടി
ക്കാവൂ എന്നഭിപ്രായപ്പെടുന്ന ഭൂതകാലവൈരുദ്ധ്യമായ
ഫ്യൂച്ചൂറിസ്റ്റ് പ്രസ്ഥാനമാണ് ആശാൻ ദുരവസ്ഥവഴി
കേരളസാഹിത്യലോകത്തിൽ സമാരംഭിച്ചിട്ടുള്ളതെന്നു
പറയുന്നതിൽ അബദ്ധമുണ്ടെന്നു തോന്നുന്നില്ല. 'കേരള
ത്തിലെ ഫ്യൂച്ചൂറിസ്റ്റ് കവികൾ മിസ്റ്റിക്കായ ടാഗോറിനേ
യോ, നാലപ്പാടനേയോ, റൊമാൻറിക്കുകാരനായ വള്ള
ത്തോളിനേയോ അനുകരിക്കാതെ, കർമ്മസന്ദേശവാഹക
നായ ഇക്ബാലിനേയും, സമകാലീനപ്രശ്നങ്ങളെ അഭി
മുഖീകരിച്ച് അവയ്ക്കു കലാപരമായ പരിഹാരമുണ്ടാക്കു
വാൻ യത്നിച്ച കുമാരനാശാനേയും, പാശ്ചാത്യറിയലി
സ്റ്റിക്കു കവികളായ വാൾട്ട്‌വിറ്റ്മാൻ എന്ന അമേരി
ക്കനേയും, എമിൽവെർഹേറൻ എന്ന ബെൽജിയംകാര
നേയും മാതൃകകളാക്കിയേക്കും' എന്ന് ഏ. ബാലകൃഷ്ണ
പിള്ള അവർകൾ പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായം
തന്നെ മുൻപറഞ്ഞതിനെ—അതായതു്, ദുരവസ്ഥ കേര
ളത്തിലെ ഫ്യൂച്ചൂറിസ്റ്റ് സാഹിത്യപ്രസ്ഥാനമാണെന്നുള്ള
സംഗതിയെ, സുവ്യക്തമാക്കുന്നുണ്ട്. ലോകഘടനയ്ക്കു് ഇ
ണങ്ങുന്ന ഒരു പരിഷ്കൃതസാഹിത്യമാർഗ്ഗം വെട്ടിത്തുറക്കുകയും,
അതിനു വിശ്വസാഹിത്യത്തിൽ ഒരു സ്ഥാനം ഉണ്ടാക്കു
വാൻ ശ്രമിക്കുകയും ചെയ്തിട്ടുള്ളതു് ആശാൻെറ പ്രശ
സ്തിക്കു മുഖ്യകാരണമായിത്തീർന്നിട്ടുണ്ട്. ഇന്നത്തെ സാമു
ദായികപ്രശ്നങ്ങൾക്ക്—അവശതകൾക്ക്—ഒരു പരി
ഹാരമാർഗ്ഗം തന്നെയാണ് ആശാൻെറ ദുരവസ്ഥ എന്നു
പറയുവാൻ ആരും മടിക്കേണ്ടതില്ല. പുതിയ ലോകസൃ

ഷ്ടിയിൽ ഇത്തരം കവിതകളാണ് ഉത്തമ സാഹായ്യമാ-യിത്തീരുവാൻ ഇടയുള്ളത്. സാവിത്രി അന്തർജ്ജനവും ചാത്തൻപുലയനുമായുള്ള പരിണയം, അത്ഭുതപൂർവ്വവും ഇന്ന് ആശ്ചര്യജനകവുമായി തോന്നാമെങ്കിലും, കാലചക്രത്തിരിപ്പിൽ അത് ഒരു സാധാരണ സംഭവമായിത്തീരാവുന്നതാണ്. ആചാരപരിഷ്കാരങ്ങളുടെ ആവശ്യകതയെ ആസ്പദമാക്കി, പ്രസ്തുത കൃതിയിൽ മഹാകവി ചെയ്യുന്ന ഉൽബോധനം നോക്കുക:—

> 'കാലം വൈകിപ്പോയി കേവലാചാര
> നീതികളെല്ലാം പഴകിപ്പോയി
> കെട്ടി നിറുത്താൻ കഴിയാതെ ദുർബ്ബല-
> പ്പെട്ട ചരടിൽ ജനത നില്ലാ,
> മാറ്റുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ
> മാറ്റുമതുകളീ നിങ്ങളെത്താൻ,
> മാറ്റൊലിക്കൊണ്ടീമൊഴിതന്നെ സർവ്വദാ
> കാറ്റിരമ്പുന്നിതാ കേരളത്തിൽ.'

വിസ്തരഭയത്താൽ കരുണ, സീത തുടങ്ങിയ ഇതര കൃതികളെപ്പററി യാതൊന്നും ഇവിടെ പ്രതിപാദിക്കാൻ മുതിരുന്നില്ല. എന്നാൽ ആശാൻെറ കവിതയെക്കുറിച്ച് പരക്കെ പ്രസിദ്ധമായിട്ടുള്ള വേറൊരു സംഗതിയുംകൂടി സൂചിപ്പിച്ചുകൊണ്ട്, ഈ ഭാഗം ഉപസംഹരിക്കാമെന്നു കരുതുന്നു.

ആശാൻെറ മിക്ക കാവ്യങ്ങളുടെയും പ്രതിപാദ്യ വിഷയം പ്രേമമാണെന്നു മുകളിൽ പ്രസ്താവിച്ചുവല്ലോ. അതുപോലെതന്നെ അദ്ദേഹത്തിൻെറ കൃതികളെ പ്രത്യക്ഷത്തിൽ വ്യാപരിക്കുന്ന മറെറാരു മുഖ്യസംഗതി, അതുകളിൽ നിഴലിച്ചുകാണുന്ന ജീവിതവിമർശമാണ്.

ജീവിതം, മരണം എന്നിവയെപ്പററി ആശാൻ നല്ലതുപോലെ ചിന്തിച്ചിട്ടുള്ളതായി അദ്ദേഹത്തിൻെറ പല കൃതികളിലുംനിന്നു സ്പഷ്ടമാകുന്നുണ്ട്. എന്നാൽ ഈ ഭാഗങ്ങളിൽ ഒന്നിലും സ്വാഭിപ്രായത്തെ സ്വതന്ത്രമായി പ്രകടിപ്പിക്കുന്നതായി കാണുന്നില്ല. പ്രത്യുത, പുരാതനന്മാരായ ആചാര്യവര്യന്മാരുടെ അഭിപ്രായങ്ങളെ വിമർശബുദ്ധിയോടുകൂടി നിരീക്ഷിക്കുകയും, സാകൂതമാംവണ്ണം ചില സൂചനകൾ നൽകുകയും മാത്രമേ ആശാൻ ചെയ്യുന്നുള്ളു. ആശാൻെറ ഈ നയം, ആദ്ധ്യാത്മിക തത്വവേദികളുടെ ഇടയിൽ വലിയ എതിർപ്പിന്നു ഹേതുവില്ലാതാക്കിത്തീർത്തിട്ടുണ്ടെന്നു നിസ്സംശയം പറയാം. അവിടം നില്ക്കട്ടെ. നമുക്ക അദ്ദേഹത്തിൻെറ ചില അഭിപ്രായങ്ങളെ തന്നെ കുറഞ്ഞൊന്നു ദർശിക്കാം.

ജീവിതമരണങ്ങളെപ്പററിയുള്ള അഭിപ്രായമാണ് ഏററവും ശ്രദ്ധേയമായിട്ടുള്ളത്. മരണം, ജീവിതത്തിനു തന്നെ സൗഭാഗ്യമേറുന്ന ഒന്നാണെന്നത്രെ ആശാൻെറ അഭിപ്രായം. ബഹുക്രിയാജടിലമായ ജീവൻെറ ദീർഘയാത്രാകഥയ്ക്കും, അതിൻെറ അർത്ഥപ്രതീതിക്കും, മൃതിയാകുന്ന 'വിരാമതിലകം' കൂടിയേ തീരൂ. പ്രത്യക്ഷമായ ഈ ജീവിതംതന്നെ ക്ഷണികമായ ഒരു ബോധം മാത്രമാണ്. നാം ജീവിച്ചുകൊണ്ടിരിക്കുന്ന ഘട്ടത്തിൽപോലും, അനേകം ജനനമരണങ്ങളെ അനുഭവിച്ചുകൊണ്ടിരിക്കുന്നു. അനുക്ഷണം ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ ജീവിതമരണങ്ങൾ നമുക്കു പ്രത്യക്ഷമാകാത്തതു്, ക്ഷണികജീവിതധാരയുടെ അലാതവലയത്തോടൊത്ത വേഗാധിക്യം നിമിത്തമത്രെ!

'ജ്ഞാനം താൻ ക്ഷണവൃത്തി; ബുദ്ധിയിലവൾ പൂമ്പൊടിപോലുത്തമ—
സ്ഥാനം കാണുവതില്ലലാതവലയത്തോടൊത്ത വേഗത്തിനാൽ;
നൂനം ഹാ! ക്ഷണമൃത്യുവിങ്കലതിനും നിലാവ്യമായ് ദീർഘമാ—
മൂനംവിട്ടു നീണ്ടനന്തരമിതാം വിശ്രാന്തി ജന്തുക്കളിൽ.'

ബുദ്ധാഗമപ്രകാരമാണ് കവി ഇവിടെ ജീവിതവിമർശം ചെയ്തിരിക്കുന്നതെന്നു സ്പഷ്ടമാകുന്നു. പ്രപഞ്ചമെല്ലാം വിജ്ഞാനധാരയിൽ ആരോപിതമെന്നു ബുദ്ധാഗമം സിദ്ധാന്തിക്കുന്നു. കാണപ്പെടുന്ന സകലപദാർത്ഥങ്ങളും ക്ഷണവിനാശികളാണ്. വിജ്ഞാനധാരയുടെ, അഥവാ, തുടർച്ചയായി നില്ക്കുന്ന ബോധത്തിന്റെ സ്വഭാവവും ഇതുതന്നെ. ഏതാദൃശമായ വിജ്ഞാനപരമ്പരയാണ് മനുഷ്യരിൽ ചൈതന്യമെന്ന വ്യവഹാരത്തെ അർഹിക്കുന്നതു്.

'ഏതും പാർക്കുമ്പോഴില്ലാതെയുമെതിരിലെഴും മാത്രതോറും മറയും
മാതൊന്നിൽ തോന്നിനിന്നങ്ങനെ വെളിയിൽ വിളങ്ങുന്ന വിശ്വങ്ങളെല്ലാം
ജ്ഞാതൃജ്ഞാനപ്രബോധാവലിയിതു നിയതം വാസനാഹാനിമൂലം
ചേതസ്സിൽ പ്രസ്ഫുരിക്കുന്നിതു വിഷയരസംവിട്ട വിസ്പഷ്ടമിപ്പോൾ.'

എന്ന് 'പ്രബോധചന്ദ്രോദയ'ത്തിൽ ബുദ്ധഭിക്ഷുവിനെക്കൊണ്ടു പറയിക്കുന്ന ഭാഗത്ത് ഈ സംഗതി വ്യക്തമാകുന്നുണ്ട്.

മരണാനന്തരജീവിതത്തെപ്പററി ആശാൻ ചില നവീനന്മാരുടെ സിദ്ധാന്തങ്ങൾ സൂചിപ്പിക്കുന്നുണ്ടെങ്കിലും, അവ ഒന്നിലും അദ്ദേഹത്തിനു വിശ്വാസമുള്ളതായി തോന്നുന്നില്ല. ആത്മാവിന്റെ അനശ്വരതത്വത്തിൽ ആശാൻ പൂർണ്ണവിശ്വാസം പ്രദർശിപ്പിക്കുന്നുണ്ട്. ജീവിതം, മരണത്തോടുകൂടി കെട്ട ദീപംപോലെ പൊലിഞ്ഞുപോകുന്നുവെന്നുള്ള ചാർവ്വാകസിദ്ധാന്തത്തെ, കവി, വിമ

ശിക്കുന്നതു നോക്കുക:—

> 'ചൊല്ലാം തീയുടെ തീക്ഷ്ണദാഹമണിയാതത്യന്ത സൂക്ഷ്മാംഗമായ്
> തെല്ലാരാലുമദൃശ്യമാം 'ഗതി'യിൽ ശേഷിക്കുമക്കാലവും;
> അല്ലാഞ്ഞാൽ നരവാഴ്വയല്ല ഭുവനം താനും വൃഥാരംഭമാ-
> മില്ലാതാംവില കണ്ണുനീരിനുമതിന്നാർക്കന്നമോർക്കാവതോ?'
>
> (പ്രരോദനം)

ഐഹികവാസത്തിന്റെ മാഹാത്മ്യത്തിൽ, ആശാൻ ഒരു വേദാന്തിയെപ്പോലെ നിസ്സാരത പ്രദർശിപ്പിക്കുന്നതായിട്ടാണ് കണ്ടുവരുന്നതു്. പ്രപഞ്ചജീവിതത്തിന്റെ കഷ്ടതകളും അവശതകളുംതന്നെയാണ് ആശാന്റെ കവിതകളിൽ ചിത്രീകരിച്ചിട്ടുള്ളതെന്നു പറയാം. എന്നാൽ അദ്ദേഹത്തിന്റെ കവിതകളിൽ കാണുന്ന വിഷാദാത്മകത്വത്തിനും, ഇന്നത്തെ പല യുവകവികളിലും കണ്ടുവരുന്ന വിഷാദാത്മകത്വത്തിനും തമ്മിൽ വലിയ അന്തരമുണ്ടെന്നുകൂടി ഇവിടെ പ്രസ്താവിക്കേണ്ടതായിട്ടുണ്ട്. നമ്മുടെ ഇന്നത്തെ യുവകവികളിൽ പലരും 'മരണദിനത്തിന്റെ മണിമുഴക്കം' സഹർഷം സ്വാഗതംചെയ്യുന്നതും മററും ജീവിതാശയുടെ കിരണാങ്കുരങ്ങളും പ്രകാശിച്ചുകാണായ്കകൊണ്ടുമാത്രമാണ്. അതിനാൽ അവർ ലോകത്തിനു നൽകുന്ന ആദർശവും ജന്മത്തെ പാഴാക്കിത്തീർക്കുന്ന നിരാശയുടെതുതന്നെ. എന്നാൽ ആശാനാകട്ടെ, നിരാശതാപരമകോടിയായ നിർവ്വേദത്തെയല്ല, ലോകത്തിന്റെ ക്ഷണികതയെക്കുറിച്ചുള്ള ഒരു ജഗദ്ഗുരുവിന്റെ സന്ദേശമാണ് നൽകുന്നതു്. "ആശാൻ ദുഃഖം വർണ്ണിച്ചിട്ടുണ്ടെങ്കിൽ അതു ലോകത്തിലെ കഷ്ടപ്പാടുകളുടെ ഒരു പട്ടിക ഹാജരാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ല, നേരെ മറിച്ച് മനുഷ്യചൈതന്യത്തിന്റെ ഉച്ചകോ

ടിയെ അനാവരണം ചെയ്യണമെന്നുള്ള മഹനീയാദർ ശത്തോടുകൂടിയാണ്. അദ്ദേഹത്തിന്റെ കൃതികളിൽ സന്താപസങ്കുലമായ ജീവിതം, ലോകത്തെ സർവ്വശക്തികളോടുകൂടി ശപിക്കുന്ന നാറിപ്പൊളിഞ്ഞ 'റീയലിസ'ത്തിനു പകരം, മനുഷ്യന്റെ ആത്മശക്തിയെ ഉത്തേജിപ്പിക്കുന്ന അത്യുജ്ജ്വലമായ 'ഐഡിയലിസ'മാണ് ഉദാഹരിച്ചിട്ടുള്ളതെന്ന് അല്പമാലോചിച്ചാലറിയാം." ഇതുതന്നെയാണ് ഈ ഇരുകൂട്ടരും തമ്മിലുള്ള പ്രധാന അന്തരവും. ലീലയിൽ,

'കരുതുവതിഹ ചെയ്യവയ്യ, ചെയ്‌വാൻ
വരുതി ലഭിച്ചതിൽനിന്നിടാ വിചാരം;
പരമഹിതമറിഞ്ഞുകൂട, യായു–
സ്ഥിരതയുമില്ല,തിനിന്ദ്യമീ നരത്വം.'

എന്ന ലീലയെക്കൊണ്ടു പറയിക്കുന്നിടത്തും മററം നൈരാശ്യത്തിന്റെ സന്ദേശമല്ല, ജീവിതത്തിന്റെ പരമസത്യമാണ് വെളിപ്പെടുത്തുന്നതു്. ആശാന്റെ കവിതയുടെ മഹത്തമമായ മെച്ചം, ഇങ്ങനെ മനുഷ്യജീവിതത്തിന്റെ അളീകതയെ സ്വാനുഭവത്താൽ വെളിപ്പെടുത്തി ആധ്യാത്മികസൗന്ദര്യ ദിദൃക്ഷയിൽ സഹൃദയന്മാരെ പ്രേരിപ്പിക്കുക എന്നുള്ളതുമാണ്. ക്ഷണപ്രഭാചഞ്ചലമായ ഈ ജീവിതത്തിലെ സുഖഭോഗങ്ങളെ സാരമായി ഗണിക്കുന്നവരുടെ നിലയെ, കവി, ചിന്തനയിൽ സാനുകമ്പം സമീക്ഷണം ചെയ്യുന്നതു നോക്കുക:—

“ഹാഹാ! സങ്കടമോർത്താൽ മനുഷ്യജീവിതത്തെക്കാൾ
മഹിയിൽ ഭയനീയമായ് മറെറാന്നൊന്നില്ല.
പുഷ്പശക്തി വഹിക്കുമിപ്പളുങ്കുപാത്രം വിരലാൽ
സ്പൃഷ്ടിയാൽമതി തവിടുപൊടിയായ്മാറും.

അതുമല്ല വിപത്തുകളറിയുന്നില്ലഹോ മർത്ത്യൻ
പ്രതിബോധവാനെന്നാലും മതിമോഹത്താൽ,
ഊററമാരോതരംഗത്തിൻ ചുഴലിനെയുറക്കത്താൽ
കാററു തലയിണയായേ കരുതു ലോകർ."

ആശാന്റെ കവിതയെപ്പററി പറഞ്ഞുവരാറുള്ള ചില ദൂഷ്യങ്ങൾ, ദുരവഗാഹത, അനന്വയക്ലേശം എന്നിവയാണ്. പ്രസാദം എന്ന ഗുണവും അല്പം കുറവാണെന്നു പറയാതെ തരമില്ല. ഒരുപക്ഷേ ഇതു് ആശയങ്ങളുടെ ഗാംഭീര്യത്താലായിരിക്കാം. പ്രരോദനത്തിലാണ് ഈ ന്യൂനത അധികവും ഉള്ളതായി തോന്നുന്നതു്. പ്രസ്തുത കാവ്യം, കലാദൃഷ്ട്യാ നോക്കുമ്പോൾ ആശാന്റെ കവിതകളിൽ മേലെക്കിടയിൽ സ്ഥിതിചെയ്യുന്ന ഒന്നാണെന്നു സമ്മതിക്കുവാൻ തരമില്ല. കൃത്രിമങ്ങളായ ഭാവനകളും, അനവീകൃതങ്ങളായ വർണ്ണനകളും ഈ കാവ്യത്തിൽ സ്ഥലംപിടിച്ചിട്ടുണ്ടു്. കഥാനായകന്റെ സംസ്കാരാവസരത്തിൽ കൊച്ചി, തിരുവിതാംകൂർ, ബ്രിട്ടീഷ് മലബാർ എന്നീ രാജ്യങ്ങളിലെ അധിദേവതമാർ വന്നു വിലപിക്കുന്നതായി വർണ്ണിച്ചിട്ടുള്ളതുംമററും, വാസ്തവത്തിൽ ആ വിലാപകാവ്യത്തിന് അപജയം വരുത്തിയിരിക്കയാണു് ചെയ്യുന്നതു്. പ്രരോദനത്തിലെ വൃത്തംതന്നെയും ആശയസ്ഫുടതയ്ക്കു് അല്പം പ്രതിബന്ധമല്ലേ, എന്നും സംശയം തോന്നാതിരിക്കുന്നില്ല. ആഖ്യാനത്തിനും, കരുണാദിരസങ്ങളുടെ പ്രകാശനത്തിനും കൂടുതൽ സൗകര്യമുള്ള ദ്രാവിഡവൃത്തങ്ങളേയോ, അതല്ലെങ്കിൽ സംസ്കൃതത്തിലെ ചെറുവൃത്തങ്ങളെത്തന്നെയോ ഈ കൃതിയിൽ സ്വീകരിച്ചിരുന്നുവെങ്കിൽ ആശാന്റെ ആശയം കൂടുതൽ സ്ഫുട

വും സുഗമവുമായി പരിണമിക്കുമായിരുന്നു എന്നാണു അസ്മാദൃശന്മാൎക്കു തോന്നുന്നതു്. പക്ഷേ വിലാപകാവ്യങ്ങൾക്കു് 'ശാൎദ്ദൂലവിക്രീഡിതം'തന്നെ ഉപയോഗിക്കുന്നാമെന്നു്, ആശാന് എന്തോ ഒരു ഉദ്ദേശമുള്ളതുപോലെ തോന്നുന്നുണ്ടു്. അദ്ദേഹം തന്റെ അമ്മയുടെ ചരമത്തെസംബന്ധിച്ചെഴുതിയിട്ടുള്ള 'അനുതാപം' എന്ന കൃതിയും ഈ വൃത്തത്തിൽതന്നെ നിൎമ്മിച്ചു കാണുന്നതു്, മേല്പറഞ്ഞ ഊഹത്തെ ബലപ്പെടുത്തുന്നു. പ്രരോദനത്തിൽ പരുഷവൎണ്ണങ്ങളുടെ ആധിക്യവും കാവ്യരസത്തിനു ഹാനികരമായിത്തീൎന്നിട്ടുണ്ടു്.

ആകപ്പാടെ ആലോചിക്കുന്നതായാൽ സംസ്കൃതകാവ്യരീതികളെത്തന്നെ വളരെക്കാലം അനുകരിച്ചു് കാവ്യാധ്വാവിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നു തളൎന്ന കൈരളീകാവ്യകന്യയെ, ഭാവശുദ്ധിയോടുകൂടി കാലോചിതമായ ഒരു രീതിയിൽ ഒരു പരിഷ്കൃത സങ്കേതത്തിലേയ്ക്കു്—അല്ല, സാക്ഷാൽ സ്വാതന്ത്ര്യസ്വൎഗ്ഗത്തിലേയ്ക്കുതന്നെ—ആനയിച്ച ഈ മാൎഗ്ഗദൎശിയുടെ കൃതികളിൽ ഈദൃശമായ ചില ചില്ലറ ന്യൂനതകൾ ഉണ്ടെന്നു വന്നാൽതന്നെയും അതെല്ലാം—

> ഏകോഹി ദോഷോ ഗുണസന്നിപാതേ
> നിമജ്ജതീന്ദോഃ കിരണേഷ്വിവാങ്കഃ

എന്നു കാളിദാസമഹാകവി പറഞ്ഞിട്ടുള്ളതുപോലെ ഇതരഗുണപ്രവാഹത്തിൽ അലിഞ്ഞുപോകുവാൻ മാത്രമേ ഉള്ളു.

അദ്ധ്യായം 16

വള്ളത്തോളും ഉള്ളൂരും

വള്ളത്തോൾ.

ഖണ്ഡകാവ്യരചനകൊണ്ട് സഹൃദയസമ്മതനായിത്തീർന്നിട്ടുള്ള ഒരു അനുഗൃഹീതപുരുഷനാണ് മഹാകവി വള്ളത്തോൾ. ബന്ധനസ്ഥനായ അനിരുദ്ധൻ, ബധിരവിലാപം, ഗണപതി, ഒരു കത്ത്, ശിഷ്യനും മകനും, കൊച്ചുസീത, മഗ്ദലനമറിയം എന്നീ ഖണ്ഡകാവ്യങ്ങൾ, ഈ മഹാകവിയുടെ മഹാകാവ്യത്തെക്കാൾ ശതഗുണം ഉൽകൃഷ്ടമായിട്ടുള്ളവയും, സാഹിത്യലോകത്തിൽ സുപ്രതിഷ്ഠനേടിയിട്ടുള്ളവയുമത്രെ.

മഹാകവി വള്ളത്തോൾ, അപ്പോഴപ്പോളായി പത്രമാസികകളിൽ പ്രസിദ്ധപ്പെടുത്തീട്ടുള്ള കാവ്യഖണ്ഡങ്ങളുടെ സമാഹാരമാണ്, "സാഹിത്യമഞ്ജരി" എന്ന പേരിൽ പ്രസിദ്ധമായിത്തീർന്നിട്ടുള്ള ഗ്രന്ഥപരമ്പര. പ്രകൃതിവർണ്ണനം, പ്രണയം, രാഷ്ട്രകാര്യം, സമുദായാചാരങ്ങൾ എന്നുവേണ്ട, മനുഷ്യബുദ്ധിയെ ഉത്തേജനംചെയ്യാൻ കഴിവുള്ള വിഷയങ്ങൾ ഇന്ന് എന്തെല്ലാമുണ്ടോ, അവ മിക്കവാറും ഈ മഹാകവിയുടെ സൂക്ഷ്മാവലോകനത്തിനും, തൂലികാചാലനത്തിനും പാത്രീഭവിച്ചു കഴിഞ്ഞിട്ടുണ്ടെന്നുതന്നെ പറയാം. "മലയാളപദ്യസാഹിത്യത്തിലെ പരിഷ്കൃതവും, പരിപുഷ്ടവുമായ ഒരു നവീന പ്രസ്ഥാ

നത്തിൽ പരമശോഭപൂണ്ട് പരിമളം പരത്തി തേൻതു
ള്ളി ചിന്നുന്ന മനോമോഹനകവനപ്രസൂനങ്ങളുടെ സങ്കേ
തസ്ഥാനമാണ് വള്ളത്തോളിന്റെ സാഹിത്യമഞ്ജരി.''
എന്ന് ഒരു സഹൃദയവര്യൻ അഭിപ്രായപ്പെട്ടിട്ടുള്ളതു്,
എത്രയോ വാസ്തവം! സഹ്യാദ്രിയെക്കൂടി അതിലംഘി
ച്ചു പാഞ്ഞൊഴുകിക്കൊണ്ടിരിക്കുന്ന ഈ നവ്യകാവ്യപ്ര
വാഹത്തിൽ, മജ്ജനോന്മജ്ജനം ചെയ്തു നിർവൃതി അട
യാത്തവരായി കേരളീയസഹൃദയരിൽ ആരെങ്കിലും
ഉണ്ടോ എന്ന സംശയമാണ്. അത്രയ്ക്കു നവമേറിയ ക
വനതല്ലജങ്ങളാണ് സാഹിത്യമഞ്ജരിയുടെ ഓരോ ഭാഗ
ത്തിലും പ്രോത്ഭാസിച്ചുകൊണ്ടിരിക്കുന്നതു്.

മഹാകവി വള്ളത്തോളും എപ്പോഴും പ്രസാദാത്മ
കനായ ഒരു കവിയാണ്. ലോകത്തിന്റെ ദയാവൃത്തത്തി
ലുള്ള വൈരള്യത്തെയും, കഷ്ടാരിഷ്ടങ്ങളുടെ ധാരാള്യത്തെ
യും കണ്ട് ഈ മഹാകവി കണ്ണീരൊലിപ്പിക്കാതിരിക്കുന്നി
ല്ല. 'മാപ്പ്' മുതലായ കവിതകൾ അതിനു ദൃഷ്ടാന്തങ്ങ
ളാണ്. എന്നാൽ അങ്ങനെയുള്ള അവസരങ്ങൾ വളരെ
കുറവുതന്നെ. വള്ളത്തോളിന്റെ കാവ്യകല്ലോലിനി ലോ
കത്തിലെ നിതാന്തരമണീയപ്രദേശങ്ങളിൽ കൂടിയേ അ
ധികഭാഗവും പ്രവഹിക്കാറുള്ളു. 'കാൽകൾക്കടിക്കടി മ
ണ്ണുകേറിക്കഴെ-പ്പേകും മണൽപ്പരപ്പിങ്കലേയ്ക്കല്ല' അദ്ദേ
ഹത്തിന്റെ യാത്ര; പ്രത്യുത, പച്ചവിട്രീസു വിരിച്ചിട്ട
പുൽപ്രദേശത്തെയ്ക്കാണ്:—

'ചോരണ്ടുള്ള കൃഷീവലന്റെ ചുമലിൽച്ചായും അക്കുന്തളിലും
അറാവിന്റെ നാടപ്പിലും തടിയനാം പോക്കിൻ കിടപ്പിലും

മാറത്തുപ്പറ്റിയ ശിശുവിൻ വിളിയിലും, നാനാവിധാകാരമാം—
മാറഹോ! വിളങ്ങിടുന്നു കവിത'—

'മാനം ചെയ്ത ജനൻറ മിന്നൽ ചിരിയും കൈവാളിളക്കത്തിലും
മാനഞ്ചും മിഴി തൻമനോരമണനിൽ പായുന്ന കൺകോണിലും
സാനന്ദം കളിയാടിടുന്ന ശിശുവിൻ തൂവെൺപുഞ്ചിരിപ്പൂനിറം—
സമ്മാനത്തും നിഴലിച്ചു കാണ്മൂ കവിത'—

എന്നിങ്ങനെ അദ്ദേഹംതന്നെ വർണ്ണിച്ചിട്ടുള്ളതുപോലെ നോക്കുന്ന ദിക്കിലെല്ലാം, എത്ര വൈരൂപ്യത്തിൽക്കൂടിയും, സന്തോഷവും സൗന്ദര്യവും മാത്രമേ അദ്ദേഹം കണ്ടെത്തുകയുള്ളൂ. 'ലോകമാസകലം സഞ്ചരിക്കുന്നതായാലും, അങ്ങ് അസ്ഥാനസ്ഥമായോ, അസുന്ദരമായോ, നീചമായോ ഒന്നുംതന്നെ കാണുന്നതല്ല.' എന്നുള്ള എമേഴ്സൻെറ വാക്യം ഈ അവസരത്തിൽ അനുസ്മരണീയമായി തോന്നുന്നു.

എപ്പോഴും പ്രേമത്തിൽക്കൂടി ലോകത്തിൻെറ സൗന്ദര്യം ദർശിച്ച് ആനന്ദാശ്രുകണം പൊഴിക്കുവാനാണ് നമ്മുടെ മഹാകവി താല്പര്യപ്പെടാറുള്ളത്. ആശാൻ വേദാന്തിയായ ഒരു മഹാകവിയെങ്കിൽ, വള്ളത്തോൾ തികച്ചും ലൗകികനായ ഒരു മഹാകവിയാകുന്നു. മരണത്തെ, 'പച്ചത്തൃണരാശിതിന്നരിയപാലേകുന്ന ഗോവ്'ായി ആശാൻ സങ്കല്പിക്കുമ്പോൾ,

'മരണമേ, തവ ശൂന്യതമസ്സിനെ— പ്പൂരണമാക്കുവാനെങ്ങിനെയാണഹോ!
കിരണമാലിയെഴുക്കിയ തൂനീർ— തിരളകീയുലകത്തെ വെടിയുന്നു ഞാൻ?',

എന്നാണ് വള്ളത്തോൾ ചോദിക്കുന്നത്?

ആശാൻെറ കവിതകളിലെ ശൃംഗാരം, വിപ്രലംഭമായിരിക്കുമെങ്കിൽ, വള്ളത്തോളിൻേറതു സംഭോഗശൃം

ഗാരമായിത്തീരുകയാണ് പതിവ്. എന്നാൽ അതു് വെ
ണ്മണിനമ്പൂരിപ്പാടിന്റെ പ്രാകൃതശൃംഗാരമല്ലതാനും.
നേരെമറിച്ച് അതിന്റെ ഏററവും സംസ്കൃതമായ ഒരു
രൂപമാണ് വള്ളത്തോളിന്റെ ശൃംഗാരം. ഇങ്ങനെ മഹാ
കവി ശൃംഗാരപക്ഷപാതിയാണെന്നുവരികിലും, കവിത
യിൽ ഒരിടത്തും അതു് അനൗചിത്യമോ, രസഭംഗമോ
ആയി പരിണമിക്കാറുമില്ല.

ഈ വിഷയത്തിൽ മഹാകവിയുടെ രസികതയേ
യും, കർമ്മകൗശല്യത്തേയും കാണിക്കുവാൻ ഒരു ദൃഷ്ടാന്തം
ഇവിടെ ഉദ്ധരിക്കാം. കവി, ഗുരുവായൂർക്ഷേത്രത്തിലെ
ദീപാരാധനയെ വർണ്ണിക്കുകയാണ് — ചുററും നിറഞ്ഞുള്ള
ദീപാവലിയാൽ ക്ഷേത്രം പകൽപോലെ ശോഭിക്കുന്നു.
ഗോവിന്ദ,ഹരേ,കൃഷ്ണ എന്നുതുടങ്ങിയ തിരുനാമോച്ചാര
ണത്താൽ ആ സ്ഥലമെല്ലാം മുഖരിതമാകുന്നു. ഇടയ്ക്കു
യൊലിയൊത്തു തിരുനാമോൽഘോഷങ്ങൾക്കിടയ്ക്കു് അ
ഷ്ടപദീഗാനം മാറെറാലിക്കൊള്ളുന്നു. ഈ അവസര
ത്തിൽപോലും മഹാകവിയുടെ തൂലിക ഭൗതികസൗന്ദര്യ
ത്തിലേയ്ക്കു് അല്പമൊന്നെത്തിനോക്കുവാനാണ് മുതിരുന്ന
തു്. നടയ്ക്കൽ നിശ്ശബ്ദരായി നെഞ്ചിൽചേർത്ത കൂപ്പു
കൈകളുമായി നാനാതരമാളുകൾ നില്പുണ്ട്. അവരിൽ,

'ഈറനായ്പ്പൂർന്നതുമ്പിൽക്കെട്ടിയ കരിംകൂന്തൽ—
ക്കാറിനാൽ മറഞ്ഞുള്ള നിതംബബിംബത്തോടും
ശുഭ്രവസ്ത്രാലങ്കാരച്ചേലോടും വിളങ്ങുന്ന അനുലതാംഗിമാരെ' ചിത്രീ
കരിക്കുന്നതിലാണ് കവിയുടെ സരസതൂലിക ഉയർന്നുനി
ല്ക്കുന്നതു്. പ്രസ്തുത ഭാഗം വായിക്കുമ്പോൾ, അനുവാചക
ന്മാർ അറിയാതെതന്നെ ഒരു മന്ദസ്മിതം തൂകുന്നു. ക്രിസ്തു

ദേവന്റെ പരിപാവനസമ്പർക്കത്താൽ പവിത്രചരിത
യായിത്തീരുന്ന ഒരു തരുണീമണിയുടെ ജീവിതകഥയാ
ണ് മഗ്ദലനമറിയത്തിൽ വർണ്ണിച്ചിട്ടുള്ളതു്. അങ്ങനെയു
ള്ള ഒരു കാവ്യത്തിൽപോലും നായികയെ കാമുകസന്നി
ധിപൂകവാൻ പുറപ്പെടുന്ന ഒരു അഭിസാരികയായി ക
ല്പിച്ചു വർണ്ണിക്കുന്നതിൽ കവി അത്ഭുതാവഹമായ കർമ്മ
കൗശല്യം പ്രസ്പഷ്ടമാക്കിയിരിക്കുന്നു:—

'താഴത്തെത്തട്ടിന്നു സൂക്ഷിച്ചുനോക്കുന്ന–താരങ്ങളേ നിങ്ങൾ'

എന്നു തുടങ്ങുന്ന ഭാഗം നോക്കുക.

അതുപോലെതന്നെ കൊച്ചുസീതയിൽ വേശ്യാഗൃ
ഹത്തിലെ കാമകചേഷ്ടിതങ്ങളെ ചിത്രീകരിക്കുന്നതിൽ
കാണിച്ചിട്ടുള്ള വൈദഗ്ദ്ധ്യം അനന്യസാധാരണമെന്നേ
പറയേണ്ടൂ.

'ജീവിതമെന്നാൽ യഥേഷ്ടം സുഖിക്കലാ–
ണാവഴിക്കല്ലീ സതീവ്രതത്തിൻ ഗതി
ഛീ! വർത്തമാനത്തെയിട്ടു ചീയിക്കയോ
ഭാവിക്കയ്യിൽ വാങ്ങിവെച്ചുകൊള്ളുവാൻ? ... ...

സുഖമാവു നൽകും വിഭവ–വപുശ്ശ്രീയു–
കില്ലാത്ത പെണ്ണിനാണിതാം സതീവ്രതം
അന്യരാരാകിലും കൊതിക്കാനാമെൻ പൊന്നു–
മേനിക്കതിന്നു മുന്തിപ്പു തോന്നിനാം?'

ഒരു ഗണികാംഗനയുടെ ധർമ്മപ്രസംഗം ഈ മട്ടിൽതന്നെ
യല്ലേ വേണ്ടതു്? വൃദ്ധവേശ്യ, കൊച്ചുസീതയെ പിന്നെ
യും ഉദ്ബോധിപ്പിക്കുന്നു:—

'ധർമ്മം നമുക്കിതു തന്നെ വിനിശ്ചിതം
നന്മ കൊമ്പിൽപോയ് നൃത്തമാടട്ടെ

പുഷ്പാസവങ്ങളെ സ്സന്തമാക്കിക്കൊണ്ടും
നൽത്തേനുറവയിൽ നെറ്റിത്തടത്തിൽ നി-
ന്നൂറു വിയൎപ്പുനീരിറ്റിറ്റു വീഴവേ
അത്ര വെൺമുത്തുകൾ മുന്നിട്ടുതിൎന്നു
സൎവ്വദാസിദ്ധാക്ഷീണശര പ്രീതിയാൽ.'

ഈദൃശഭാഗങ്ങൾ വൎണ്ണിക്കുവാൻ വെണ്മണിയെപ്പോലു
ള്ള ഒരു കവിയാണു പുറപ്പെട്ടിരുന്നതെങ്കിൽ എത്രയേ
റെ ഗ്രാമ്യമായി കലാശിക്കുമായിരുന്നു. എന്നാൽ വള്ള
ത്തോളിന്റെ തൂലിക ഈ ഭാഗങ്ങളിൽ ഒരേടത്തും രസ
ക്ഷതികരമായോ, അസംസ്കൃതമായോ വ്യാപരിക്കുന്നില്ല.
ഇതുപോലെ ശൃംഗാരരസവൎണ്ണനയിൽ മഹാകവിയുടെ
വിമലതൂലിക അതിന്റെ സീമകവിയാതെ എവിടെയും
ഉയൎന്നില്ക്കുന്നതു കാണാം.

പ്രകൃതിയുടെ വിലാസങ്ങളിൽ മഹാകവി എപ്പോ
ഴും പ്രബുദ്ധനും പ്രഹൃഷ്ടനുമാണ്. ആകാശം, ചന്ദ്രനക്ഷ
ത്രാദികൾ, പൎവ്വതങ്ങൾ, വനസ്ഥലികൾ, നദികൾ, ലത
കൾ മുതലായവ ഉൾപ്പെട്ട ഈ ബാഹ്യപ്രപഞ്ചത്തെ വ
ൎണ്ണിക്കുന്നതിൽ വള്ളത്തോളിന് അന്യാദൃശമായ ചാതു
ൎയ്യമുണ്ട്. റൊമാൻറിസിസത്തിന്റെ അംഗിയായ സൗന്ദ
ൎയ്യം ഉടലെടുത്തതാണ് വള്ളത്തോൾക്കവിത. ലോകത്തെ
പൊതുവായും, സുന്ദരവസ്തുക്കളെ പ്രത്യേകിച്ചും അദ്ദേ
ഹം സ്നേഹിക്കുന്നു. നവനവോല്ലേഖകല്പനയോടുകൂടിയ
അദ്ദേഹത്തിന്റെ പ്രകൃതിവൎണ്ണനകൾ പണ്ഡിതപാമര
പൎയ്യന്തമുള്ള സകലരെയും ഓരോവിധത്തിൽ രസിപ്പി
ക്കുവാൻ പോരുന്നവയാകുന്നു. പ്രതിക്ഷണം നവതയെ
പ്രാപിക്കുന്ന രമണീയത, വള്ളത്തോളിന്റെ ഏതു വൎണ്ണ

നയുടേയും ഒരു മുഖ്യലക്ഷണമത്രെ. അനേകം കവികൾ കാവ്യം നിർമ്മിച്ചുകഴിഞ്ഞിട്ടുണ്ടെങ്കിലും, അനുഗൃഹീതനായ ഒരു കവിക്ക്, ഇന്നും നൂതനവസ്തുക്കൾ നൂതനരീതിയിൽ വർണ്ണിക്കത്തക്കവണ്ണം, എത്ര വേണമെങ്കിലും ലഭിക്കുമെന്ന് ഒരുമഹാൻ പ്രസ്താവിച്ചിട്ടുള്ളതു്, വള്ളത്തോളിന്റെ കവിതയെ സംബന്ധിച്ചിടത്തോളം ഒരു വാസ്തവോക്തി മാത്രമാണ്. വൈദികകാലംമുതല്ക്കേ പ്രഭാതദേവിയെ കവികൾ വർണ്ണിച്ചുപോന്നിട്ടുണ്ട്. എന്നാൽ വള്ളത്തോളിന്റെ തൂലിക ആ ദേവിയെ സ്പർശിച്ചപ്പോൾ അദ്ഭുതപൂർവ്വവും അഭിനവവുമായ ഒരു കാന്തിയും സുഷമയും ആ ദേവിക്കു വന്നുചേർന്നു:—

"ചിക്കെന്നുണർന്നെഴുന്നേറ്റുഷസ്സന്നാൾ
ശുക്രനാം കൈവിളക്കേന്തിയെത്തി,
നാനാവിഹംഗമനാദമാം കങ്കണ—
ക്വാണമോടംബര ശാലയിങ്കൽ
ഇന്നലെ രാവുപരത്തിച്ച പൂനിലാ—
ക്കുന്ന താരങ്ങളടിച്ചുവാരി,
താവൽകസ്തൂരിച്ചാറാകിയ വാർതിങ്കൾ—
ത്തൂവെള്ളിക്കിണ്ണവും ദൂരെ മാറ്റി,
വെൺകളിക്കനീരാൽത്തളിച്ചു പൂമാളവി
കങ്കമലംപാവുമാചരിച്ചാൾ;
ആ വേലക്കാരിതൻ നിശ്വാസം പോലവെ
പൂവിൻമണവുമായ് വീശി തെന്നൽ.
ബ്രഹ്മാണ്ഡമന്ദിരത്തിൻ മേൽത്തട്ടും കീഴ്ത്തട്ടും
നിർമ്മലമായി വിളങ്ങീ മേന്മേൽ."

(പ്രഭാതഗീതം)

കവിയുടെ കർമ്മകൗശല്യം — പാവനമായ ഭാവനാവൈഭവം — സൗന്ദര്യാവബോധം — എത്രമാത്രം മനോരമ

ഹനമായി ഇവിടെ പ്രകടീകരിച്ചിരിക്കുന്നുവെന്നു ചിന്തി
ക്കുക — അല്ലിന്റെ അന്തിമയാമത്തിൽ കോഴി കൂവുന്ന
തുകേട്ട്, പ്രപഞ്ചഗൃഹത്തിലെ വേലക്കാരിയായ ഉഷസ്സ്
ചിക്കെന്നുണർന്നെഴുന്നേററു. ശുക്രനക്ഷത്രം, ആ കാല്യദേ
വതയുടെ കൈവിളക്കാണു്. പ്രഭാതത്തിൽ പുറപ്പെടുന്ന
പക്ഷിനാദം, അംബരശാലയിൽനിന്നു് ആ വേലക്കാരി
'ഇന്നലെ രാത്രിപയോഗിച്ച പൂക്കളാകുന്ന താരങ്ങളടിച്ചു
വാരി'ക്കളയുമ്പോൾ കേൾക്കപ്പെടുന്ന അവളുടെ കൈ
വളക്കിലുക്കമത്രെ. ആകാശശാലയിലെ കസ്തൂരിച്ചാറു
ക്കിയ തൂവെണ്ണിക്കിണ്ണമാണു് ചന്ദ്രൻ. പൂക്കളടിച്ചു വാരി,
കിണ്ണവും ദൂരെമാററി, വെൺകുളിർനീരാൽ അവിടെമെ
ല്ലാം തളിച്ചു ശുദ്ധിയാക്കി. ആ കാല്യകാന്തിയിൽ പ്രത്യ
ക്ഷമാകുന്ന ചുവപ്പ്, അവൾ കുങ്കുമം പൂശുന്നതാണു്.
അപ്പോൾ വീശുന്ന സൗരഭ്യമാരുതൻ, ആ വേലക്കാരി
യുടെ നിശ്വാസം മാത്രമാണു്. ഹാവൂ! എന്തൊരു ഭാവ
നാശക്തി!! നാം നിത്യം കാണുന്ന പുലരി, കവിയുടെ വ
ർണ്ണനാചാതുരിയാൽ എങ്ങനെ നൂതനമായ ഒരു വിശേ
ഷരൂപം കൈക്കൊണ്ടിരിക്കുന്നുവെന്നു നോക്കുക. കൃത്രിമ
ത്വം ഈ വിഭാതവർണ്ണനയിൽ കുറെയെല്ലാം കടന്നുകൂടി
യിട്ടുണ്ടെന്നു സമ്മതിക്കാം; എന്നാൽ അതൊന്നും തല്ക്കാ
ലം സഹൃദയരായ അനുവാചകർ അറിയുന്നതേയില്ല.

"പച്ചയാം വിരിപ്പിട്ട" എന്നു തുടങ്ങുന്ന മാതൃവന്ദ
നം പ്രസിദ്ധമാണല്ലോ. കേരളഭൂമിയുടെ സൗഭാഗ്യത്തെ
യും, സൽകീർത്തിയേയും ഇതുപോലെ ഏതൊരു കവിയാ
ണു് ചിത്രീകരിച്ചിട്ടുള്ളതു്? കിളികൊഞ്ചലിൽ, 'വാന
മേ ഗഗനമേ' എന്നു തുടങ്ങുന്ന വർണ്ണനയുടെ മാധുര്യം അ

നുഭവിച്ചറിയേണ്ടതുതന്നെ. പുരാണങ്ങളിൽ ഭാരതവർഷ-
ത്തിലെ പ്രകൃതിരാമണീയകത്തെ വർണ്ണിക്കുന്നതു നോ-
ക്കുക:—

'തേനൊലിപ്പഴങ്ങളും തൂമരന്ദം തുളുമ്പുന്ന
സൂനങ്ങൾക്കൊപ്പം തത്തികളിട്ടും തളിർക്കാവും
മാനസം തെളിയിക്കും പക്ഷികളുടെ കള-
ഗാനവും ചേരും ലീലാരാമങ്ങൾ ചില ദിക്കിൽ;

താമരയിലകളാൽ പച്ചവിരിപ്പിട്ടു പൂന്ത-
ടാകങ്ങളിൽ വിളങ്ങുന്ന പൊയ്കകൾ ചില ദിക്കിൽ,
നക്ഷത്രങ്ങളെച്ചൂഡാരത്നങ്ങളാക്കും നഗാ-
ഗ്രങ്ങൾ തിങ്ങും ഘോരാരണ്യങ്ങൾ ചില ദിക്കിൽ,

പാറമേൽത്തട്ടിപ്പാറും പളുങ്കിന്മണി മിന്നി-
ച്ചാരവമോടെ പായും പുഴകൾ ചില ദിക്കിൽ,
പ്രകൃതിരമണീയം, ശാന്തഗംഭീരം, ഹാഹാ!
സുകൃതിനിഷേവ്യമേ, നിങ്ങൾതൻ മഹാരാജ്യം!'

പ്രകൃതിയുടെ സൗന്ദര്യപൂരത്തെ ഇതുപോലെ വൈചി-
ത്ര്യത്തോടുകൂടി വർണ്ണിച്ച് അനുവാചകന്മാർക്ക് ആനന്ദാ-
നുഭൂതിയരുളുന്നതിൽ മഹാകവി വള്ളത്തോൾ ആധുനി-
ക കവികളിൽ സകലരേയും പിന്നിലാക്കിത്തീർക്കുന്നുണ്ടെ-
ന്ന നിർവിവാദം പറയാം.

ആശയങ്ങൾക്കും പദങ്ങൾക്കുമുള്ള സൗകുമാര്യം, അ-
ഥവാ മാർദ്ദവവിശേഷം, വള്ളത്തോൾ കവിതയുടെ ഒരു
പ്രത്യേക മുദ്രയാണ്. വൈദർഭീരീതിയും, ശയ്യാപാകാദി-
ഗുണങ്ങളും തികഞ്ഞ 'സരസകോമളകാന്ത പദാവലി'
യാണ് മഹാകവിക്കിഷ്ടം. 'ശടപടാ'ദികൾ അദ്ദേഹ-
ത്തെ തീണ്ടുകപോലും പതിവില്ല. മഹാകവി പ്രയോഗി-

ക്കുന്ന പദങ്ങൾ സ്വതേ ലളിതകോമളങ്ങൾ. അതോടുകൂടി പ്രകരണാനുഗുണമായി വൃത്തവും, വൈകല്യരഹിതമായ രചനയും സമ്മേളിക്കുമ്പോളുണ്ടാകുന്ന സംഗീതസുഖം ചേതോഹരമെന്നേ പറയാവൂ.

> 'ആററിലൊഴുക്കുപ്പൂത്ത, ചണ്ടോലല്ല, ചാതനോല്ല;
> കാട്ടിലെപ്പൊയ്കയിൽപ്പോയി നീന്താം;
> കാമക്രൂരോൻ കരകാളമായിന്ന
> കാളിയൻ പാർപ്പുണ്ടിക്കാളിന്ദിയിൽ'

ഇതുപോലെ സംഗീതാത്മകമായ — സമഞ്ജസ്യമനോഹരമായ — ഭാഗങ്ങൾ വള്ളത്തോൾ കവിതകളിൽ എവിടെയും സുലഭമായി കണ്ടെത്താവുന്ന ഒരു കാര്യംതന്നെ. ദ്രാവിഡവൃത്തങ്ങളോടെന്നപോലെ, ആധുനികർക്ക് ഇപ്പോൾ ജനിച്ചുകാണുന്ന പക്ഷപാതിത്വത്തിന് ഒരു പ്രധാനപ്രേരകൻ ഈ മഹാകവിയാണെന്നുള്ളതും പ്രസ്താവയോഗ്യമാണ്.

കേരളീയരിൽ ഇന്നു പ്രത്യക്ഷമായി കാണപ്പെടുന്ന രാഷ്ട്രീയബോധത്തിനും, ദേശാഭിമാനത്തിനും വള്ളത്തോൾ കവിത സർവ്വോത്തമമായ ഉത്തേജകമായി ഭവിച്ചിട്ടുണ്ട്. ഭാരതീയരുടെ പാരതന്ത്ര്യത്തെയും, അനൈകമത്യത്തെയും പലപ്പോഴും അദ്ദേഹം നിശിതമായി നിരൂപണംചെയ്യുകാണുന്നു. 'പരസ്പരസഹായിപ്പിൻ' 'ഐക്യമേ സേവ്യാൽസേവ്യം' എന്നീ കവിതകൾ ഭാരതൈക്യത്തിനുള്ള മാർഗ്ഗങ്ങൾ തെളിയിക്കുന്നു. 'ശൂദ്രനിൽ ശൂദ്രൻ' 'തോണിയാത്ര' മുതലായ കവിതകളിൽ ജാതിപ്രാഭവംകൊണ്ടു കേരളീയർക്ക് വന്നുചേർന്നിട്ടുള്ള അധഃപതനവും, ആ അനാചാരത്തെ അടിച്ചുടച്ച് സമുദായൈക്യം

വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യവും പ്രകീർത്തിക്കുന്നു.

കവിയുടെ ദേശാഭിമാനം പ്രത്യേകം വക്തവ്യമാണ്. തരംകിട്ടിയാൽ ഏതു കവിതയിലും ദേശാഭിമാനദ്യോതകമായ ചില വരികളെങ്കിലും കുറിക്കാതെ വിടുക പതിവില്ല. വിഷയംതന്നെ അതിനു യോജിച്ചിരുന്നാലത്തെക്കഥ പറയേണ്ടതുമില്ലല്ലൊ.

'ലോകമേ തറവാടു തനിക്കീച്ചെടികളും
പുൽകളും പുഴുക്കളും കൂടിത്തൻകുടുംബക്കാർ;
ത്യാഗമെന്നതേ നേട്ടം; താഴ്മ താനഭ്യുന്നതി;
യോഗവിത്തേവം ജയിക്കുന്നിതെൻഗുരുനാഥൻ.... ....
ഗീതമ്യു മാതാവേ ഭൂമിയേ ഉയർമിള—
മാതിരിയൊരു കർമ്മയോഗിയെ പ്രസവിയ്ക്കു—
ഹിമവദ്വിന്ധ്യാചലമദ്ധ്യദേശത്തു കാണും
രമ്യമേ ശീലിച്ചുഴവിത്തരം സിംഹത്തിനെ—
ഗംഗയാറൊഴുകുന്ന നാട്ടിലേ ശരിക്കിത്ര
മംഗളം കാണ്മൂ കല്പപാദപമുള്ളതോ!'

എന്റെ ഗുരുനാഥനെ—മഹാത്മജിയെ—വർണ്ണിക്കുന്ന ഈ വരികളിൽ ദേശാഭിമാനത്തിന്റെ തിളക്കം എത്രമാത്രമുണ്ടെന്നു ചിന്തിച്ചുകാണേണ്ടതാണ്. കൊച്ചുസീതയിൽ

'ഹാ! ഹിമവൽക്കന്യേ നമസ്കാരം,
ദേവി ഭാരതധാത്രി നിൻതൃക്കാൽക്കൽ
ജന്മങ്ങളിനി മേലിലു മേലിൽത്താൻ
നിന്മടിയൊന്നിൽത്തന്നെ പിറക്കാവൂ.'

എന്നു കൊച്ചുസീതയെക്കൊണ്ടു പറയിക്കുന്നിടത്തു കവിയുടെ ദേശഭക്തി മുഴുവൻ നിറഞ്ഞുവഴിയുന്നതു കാണുന്നു. കാളിയനെ മർദ്ദിച്ച 'കർമ്മഭൂമിയുടെ പിഞ്ചുകാലി'നെ വ

ർണ്ണിക്കുന്നിടത്തു്, കവി ദേശാഭിമാനത്തെ ഉജ്ജ്വലിപ്പിക്കുന്നതു നോക്കുക:-

'ധന്യഭുവനമാം ദേശപ്പൂമേ, നിൻതല-
യെത്ര പരന്നിട്ടുയർത്തിയാലും,
ഉൽക്കർഷമിതൻ പിടിയുകാൽ പോരുമേ
ചിരിക്കുന്നതോറുമുയരട്ടിന്നൊളിപ്പൂൻ!'

ഇതുപോലെ ദേശാഭിമാനദ്യോതകമായുള്ള ഭാഗങ്ങൾ ഉദ്ധരിക്കുവാൻ തുടങ്ങിയാൽ അവസാനിക്കുകയില്ല.

വർണ്ണനയുടെ താദാത്മ്യതയെ പ്രകടീകരിക്കുവാൻ കവി പ്രയോഗിച്ചുകാണുന്ന ഉപമ, സ്വഭാവോക്തി മുതലായ ചില അലങ്കാരങ്ങൾ സഹൃദയന്മാരുടെ അഭിനന്ദനം എന്നും അർഹിക്കുന്നവയാണ്. കൊച്ചുസീതയിൽ:-

'ബാലതൻ മുത്തശ്ശിയായ കിഴവിയു-
ണ്ടാലസ്യമോടെടുത്തായ കട്ടിലിൽ
തെല്ലു വളഞ്ഞു ചരിഞ്ഞു കിടക്കുന്നു
മല്ലീശരൻറയൊടിഞ്ഞ വില്ലിൻ പോലവേ.'

എന്നു മുത്തശ്ശിയെ വർണ്ണിക്കുന്നു. മല്ലീശരൻറ ഒടിഞ്ഞ വില്ലിനോടു സാദൃശ്യപ്പെടുത്തി തെല്ലു വളഞ്ഞു ചരിഞ്ഞു കിടക്കുന്ന ആ മുത്തശ്ശിയെ വർണ്ണിച്ച കവിയുടെ ഭാവനയും, രസികതയും ഏതു സഹൃദയനാണു് വിദൂരനമസ്കാരം ചെയ്യാതിരിക്കുക! മുത്തശ്ശിയുടെ ഭൂതകാലചരിത്രത്തിലേയ്ക്കു ഭാവുകൻറ ദൃഷ്ടികളെ ഓടിക്കുവാൻ, ആ മല്ലീശരൻറ ഒടിഞ്ഞ വില്ലിനുള്ള ശക്തി അത്ഭുതകരമെന്നേ പറയാവൂ. അനിരുദ്ധനിൽ,

'ആലസ്യമാണ്ടു മുഖമൊട്ടു കുനിച്ചു വെൺ-
ഫാലസ്ഥലം മൃദുകരത്തളിർകൊണ്ടു താങ്ങി

ചേലഞ്ചിടുന്നൊരു വെൺകതിർക്കൽത്തൂണിൽ
മേലങ്ങു ചാരുമുഖി'യായ ഉഷ ചാരിയിരിക്കുന്നതും,

ചിത്രയോഗത്തിൽ,

'പതഞ്ഞവെള്ളം പതി വായിൽനിന്നു—
തുകുന്ന കന്നാലികളെ മുൻനടത്തി
നുകം കരിക്കോലിവ തോളിലും വെച്ച്'

കൃഷിക്കാർ വേനല്ക്കാലത്തെ മദ്ധ്യാഹ്നത്തിൽ വയൽവിട്ടു പോകുന്നതും മററും സഹൃദയന്മാർ പലവുരു കണ്ടുകഴിഞ്ഞിട്ടുള്ള കാഴ്ചകളാണ്. 'ഉണ്മാനില്ല ഉടുപ്പാനില്ല'എന്ന കവിതയിലെ സ്വഭാവോക്തികളുടെ സ്വാരസ്യം അനുഭവൈകവേദ്യമെന്നേ പറയാവൂ.

'മേലാകവേ ചെളിമുക്കിക്കിതപ്പിൽ
സ്ഥൂലാസ്ഥിപാർശ്വങ്ങളുയർന്നു താഴ്ന്നും
കോലായിലെത്താണ്ടു നമസ്കരിച്ച—
പോലായ് കിടപ്പുണ്ടൊരു സാരമേയം!' എന്നു തുടങ്ങിയ

വർണ്ണനകൾ വായിക്കുമ്പോൾ ആരാണു പുഞ്ചിരിപ്പൂ പൊഴിക്കാത്തതു്? 'കിളിക്കൊഞ്ചലിൽ', ജാനകിക്കുട്ടിയെ രാമചന്ദ്രൻ വേൾക്കുമെന്ന തത്തകൾ ചൊല്ലി കേൾപ്പിക്കുന്നു; അപ്പോൾ അമ്മയോട്,

"രാമൻ ചോദിക്കയാണെന്നു,തിനീ വാത്മീകി
രാമനെക്കൊണ്ടെന്നെ വേൾപ്പിക്കുന്നു?'
അമ്മ സമാശ്വസിപ്പിച്ചു:— 'പെൺകുട്ടികൾ—
ക്കങ്ങിവ്വണ്ണമൊരു കർമ്മം കണ്ടേ.'
കന്യക തീർമാനംചെയ്തു:— 'മററാരെ വേ—
ണ്ടെന്നാലുമീരാമനാർ വേട്ടാൽ മതി!'
പൊട്ടിച്ചിരിച്ചുപോയ് സർവ്വരും; കുട്ടിയോ,
നാണിച്ചിരിച്ചിതു മാതൃകയായ്."

ശൈശവപ്രകൃതിയുടെ അതിമനോജ്ഞമായ ഒരു ചിത്രമാണിതെന്നു പറയേണ്ടതില്ലല്ലോ. 'ശിഷ്യനും മകനും' എന്ന കൃതിയിൽ ഗണപതിയും പരശുരാമനുമായി വഴക്കു മുറുകി, ദ്വിജദേവർ തമ്മിൽ പിടിയും വലിയും തുടങ്ങി. ആ ശണ്ഠയിൽ പരശുരാമൻ ഗണപതിയുടെ കൊമ്പൊന്നു "പരശു"കൊണ്ടു മുറിച്ചിട്ടു. ബഹളം കേട്ടു പാർവ്വതീപരമേശ്വരന്മാർ അവിടെ ഓടിയെത്തി. ചോരയിൽ കുളിച്ചുകിടക്കുന്ന ഗണപതിയെയാണു് അവർ ദർശിച്ചതു്. രാമൻ തൽക്ഷണത്തിൽ പരമേശ്വരന്റെ തൃക്കാല്ക്കൽവീണു മാപ്പപേക്ഷിച്ചുകൊണ്ടു കിടക്കുന്നു. പരമേശ്വരൻ ധർമ്മസങ്കടത്തിലായി എന്നു പറയേണ്ടതില്ലല്ലോ. ഭർത്തൃശിഷ്യനിൽനിന്നു സ്വവത്സലനു സിദ്ധിച്ച ആപത്തുകണ്ടു ക്രുദ്ധയായിത്തീർന്ന പാർവ്വതി, ഈയവസരത്തിൽ ഭർത്താവിന്റെനേർക്കു കലശൽകൂട്ടുന്ന ആ രംഗം, എത്രത്തോളം താദാത്മ്യപ്രതീതിയുള്ളതെന്നു പറഞ്ഞറിയിക്കുവാൻ പ്രയാസം:–

> 'ഇവൻ മഹാത്മാവിവിടെത്തു കല്യാൽ
> അഴിഞ്ഞ വാർപ്പൂങ്കുഴലൊന്നൊതുക്കി
> ജ്വലിച്ചകൺകൊണ്ടൊരു നോക്കുനോക്കി–
> പ്പുരശാസനനാകും പതിയോടുരച്ചു:–
>
> കിട്ടീലയോ ഭക്തിന വേണ്ടുവോളം
> വിശിഷ്ടനാം ശിഷ്യനിൽ നിന്നിദാനീം
> ദിവ്യായുധം വല്ലതുമുണ്ടുബാക്കി–
> യെന്നാലതും നൽകിയനുഗ്രഹിക്കാം.
>
> മകൻ പതുക്കെന്നു മരിക്കിലെന്തു
> മഹാത്മകൻ ശിഷ്യനടുക്കലില്ലേ....'

എന്നു തുടങ്ങിയ ഭാഗങ്ങൾ, വായിക്കുമ്പോൾ ശ്രീപാർവ്വ

തിയൊ, നമ്മുടെ ചുററുപാടുമുള്ള ഇന്നത്തെ സ്ത്രീജനങ്ങളൊ മുമ്പിൽനില്ക്കുന്നതെന്ന ബലമായ സംശയം തോന്നിപ്പോകുന്നു. അത്രത്തോളം തന്മയത്വമുള്ള ചിത്രമാണിത്. പാൎവ്വതിയുടെ തുള്ളിക്കൊണ്ടുള്ള ആ നില്പും, കൊഞ്ചുവാക്കുകളും എത്രമാത്രം സ്വാഭാവികവും, സ്ത്രീസ്വഭാവത്തിന്റെ സാക്ഷാൽ സ്വരൂപത്തെ പ്രതിബിംബിപ്പിക്കുന്നവയുമായിരിക്കുന്നു!

പുരാണകഥാപാത്രങ്ങളിൽ പുതിയ പുതിയ ആശയങ്ങൾ ഇങ്ങനെ കലൎത്തി അവയെ പൂൎവ്വാധികം മനോജ്ഞതരമാക്കിത്തീൎപ്പാൻ മഹാകവി പലപ്രകാരത്തിലും ശ്രമിച്ചിട്ടുണ്ട്. കവിയുടെ അന്തരാത്മാവിൽ നിഴലിക്കുന്ന പ്രകൃതിഭാവങ്ങൾ അതേപ്രകാരം നാദാത്മകമായി ചിത്രീകരിക്കുന്നതാണല്ലൊ കവിത. വിശിഷ്ടപദങ്ങൾ വിശിഷ്ടമായ രീതിയിൽ ചേരുമ്പോൾ കവിത ഉത്ഭവിക്കുന്നു, എന്ന് കാളറിഡ്ജ് പറഞ്ഞിട്ടുള്ളതിന്റെ അൎത്ഥവും ഇതുതന്നെ. ഉചിതങ്ങളും ഉത്തമങ്ങളുമായ ശബ്ദാൎത്ഥങ്ങളെ യഥാസ്ഥാനം വിന്യസിച്ചു സുന്ദരമാക്കാൻ കഴിവുള്ള അനുഗൃഹീതപുരുഷന്മാൎക്കു മാത്രം കവനപടവം ഉണ്ടായിരിക്കയുള്ളു. ഈ വിഷയത്തിൽ സംസ്കൃതസാഹിത്യത്തിൽ കാളിദാസനോടൊപ്പമുള്ള ഒരു നില ഭാഷാസാഹിത്യത്തിൽ മഹാകവി വള്ളത്തോൾ നേടിക്കഴിഞ്ഞിട്ടുണ്ട്:-

> ‘ജീവാധിനായക! ഭവാൻ വ്രണിതാന്തരംഗ-
> നാവാസമോ മലിനബന്ധ ഗൃഹാന്തരത്തിൽ?
> ഈ വാസ്തുവസ്ഥിതി മറന്നവിടത്തെ വിട്ടു-
> പോവാൻ കഴിയുന്നു ദാസിയൊടെൻ മനസ്സേ.’

പ്രാണാധിനേത്രി! കരയല്ലെയിരിക്കെ നന്നാ-
ബാണാളി താങ്ങുവതിനീയൊരു നെഞ്ചുപോരും;
ബാണാത്മജാ നയനനീരൊരു തുള്ളിപോലും
വീണാൽ സഹിപ്പതനിരുദ്ധനസാദ്ധ്യമത്രേ.'

ഉഷയുടെയും അനിരുദ്ധൻ്റെയും ഹൃദയത്തിൻ്റെ അടി
ത്തട്ടിൽനിന്ന് ഉൽഗമിക്കുന്ന ഈ സ്നേഹാവിഷ്കരണം
കവിയുടെ വിശിഷ്ട പദവിന്യാസരീതികൊണ്ട് ഉളവായി
ട്ടുള്ളതാണെന്ന് വിശേഷിച്ചു പറയേണ്ടതില്ലല്ലോ. പു
രാണകഥാപാത്രങ്ങളുടെ പ്രതിപാദനത്തിൽ വരുത്തിയി
ട്ടുള്ള ഈദൃശ നൂതനത്വവും വള്ളത്തോൾ കവിതയുടെ
ഒരു പ്രത്യേകതയെത്തന്നെയാണ് ഉൽഘോഷിച്ചു
കൊണ്ടിരിക്കുന്നത്.

ഉള്ളൂർ.

ആശാൻ, വള്ളത്തോൾ എന്നിവരോടൊപ്പം നവീ
നപ്രസ്ഥാനത്തിൽ ലബ്ധപ്രതിഷ്ഠനായ മറ്റൊരു കവീന്ദ്ര
നാണ് മഹാകവി ഉള്ളൂർ. കിരണാവലി, താരഹാരം, ത
രംഗിണി, മണിമഞ്ജുഷ, ഹൃദയകൗമുദി, രത്നമാല, അ
രുണോദയം, ഭക്തിദീപിക, ചൈത്രപ്രഭാവം എന്നിവ
യാണ് ഇദ്ദേഹത്തിൻ്റെ ഖണ്ഡകൃതികളിൽ പ്രധാനമാ
യവ. ഇപ്പറഞ്ഞവയിൽ ആദ്യത്തെ ആറും, സാഹിത്യമ
ഞ്ജരിയെപ്പോലെ കാവ്യഖണ്ഡങ്ങൾ പലതും സമാഹരി
ച്ചു പ്രസിദ്ധം ചെയ്തിട്ടുള്ളവയാണ്. അരുണോദയം 'മു
ട്ടുകവിത'കൾ ക്രോഡീകരിച്ചിട്ടുള്ളതാകുന്നു. മഹാഭാരത
പ്രസിദ്ധമായ കർണ്ണൻ്റെ ദാനവീരത്വത്തെ അധികരി
ച്ചു നിർമ്മിച്ചിട്ടുള്ള ഒരു വിശിഷ്ട ഖണ്ഡകാവ്യമാണ് ക
ർണ്ണഭൂഷണം. മഹാഭാഗവതത്തിലും ഭാരതത്തിലും പ്രതി

പാലിച്ചിട്ടുള്ള പിംഗള എന്ന ദേവദാസി, യാമാർഗ്ഗം കൊണ്ടു 'ദേവാധിദേവദാസി'യായി മാറുന്നതാണ് പിംഗളയിലെ കഥാവസ്തു. ഭക്തദീപികയിൽ, ഒരു വനവേടനായ ചാത്തന്റെ സൽഗതിയെ വിവരിക്കുന്നു. അമേരിക്കക്കാരിയായ മിസ് മേയോ, ഭാരതീയ വനിതകളെ അധിക്ഷേപിച്ചെഴുതിയ ഒരു ഗ്രന്ഥത്തിനു മറുപടി എന്ന നിലയിൽ, ഗൗരിതൊട്ടുള്ള മഹിളാമണികളുടെ പുരാണചിത്രങ്ങൾ വിടർത്തിക്കാണിച്ചുകൊണ്ട് എഴുതിയിട്ടുള്ള ഒരു മനോമോഹനകൃതിയാണ് ചിത്രശാല. തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീമൂലംതിരുനാൾ തിരുമനസ്സിലെ ഷഷ്ട്യബ്ദപൂർത്തി പ്രമാണിച്ച് എഴുതി അടിയറവെച്ച ഒരു ശബ്ദാർത്ഥസുന്ദരകാവ്യമാണ് മംഗളമഞ്ജരി. ചിത്രോദയവും, ചൈത്രപ്രഭാവവും തിരുവിതാംകൂറിൽ ഇപ്പോൾ വാണരുളുന്ന ശ്രീചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സിലെ അപദാനങ്ങളെ പ്രകീർത്തിച്ചു വിരചിച്ചിട്ടുള്ള രണ്ടു ഖണ്ഡകാവ്യങ്ങളാകുന്നു.

നവനവോല്ലേഖകല്പനം, പ്രൗഢത, ഓജസ്സ്, വാഗ്വിലാസം, ആദർശപ്രകടനം, പാണ്ഡിത്യപാരമ്യം എന്നിവ ഉള്ളൂർക്കവിതയുടെ ചില പ്രത്യേക ലക്ഷണങ്ങളാണ്. കന്യാകുമാരിയിലെ സൂര്യോദയം, മഴത്തുള്ളി മുതലായ കവിതകൾ മഹാകവി ഉള്ളൂർ ഉല്ലേഖഗായകനാണെന്നുള്ള പ്രസിദ്ധിയെ ഉപോൽബലപ്പെടുത്തുവാൻ അത്യന്തം ഉപകരിക്കുന്നവയാകുന്നു.

'ചിരിക്കുന്നു നോക്കുക, ചൊവ്വേ കിഴക്കോട്ടു
ചക്രവാളത്തിൻറയോരത്തായി

മോടിയിൽ സാഗരം വിട്ടു കരയേറി
ക്രീഡിക്കും സാഗരോർമ്മികൾ പോലെ,
താരലൃയിലാഴിയിൽ വാനോർ കുതികൊണ്ടി
ങ്ങിളിയുറപ്പിച്ച ദീപ്പോലെ,
പോരടിനാൽ അന്തിച തെല്ലുറ്റായത്തിട്ടു
വാരിധിചെന്നു കൈകോർത്തപോലെ,
ഇടതൂർന്ന ചീനാംശുകത്തിൻ തിരിയിൽ
പാടലപ്പട്ടുകസവു പോലെ,
അമരാവതിക്കു തുടങ്ങി പൂന്തോപ്പ—
കമനീയ പുറമതിലായോ......
ശരണാംബരത്തിൽ തരംഗഭാസുരം പോൽ—
നാടിയാ മാറും വ്യാംശക്രയോ,
വൻകാരിപ്പാൽപ്പുഞ്ചിരി പ്രസാദിക്കും നിത്യ—
ത്തരണത്തിനെപ്പോഴുമിരിക്കവല്ലി
വാതായനത്തിൽ കാർമുകിൽപ്പാളിയിലൊന്നു—
ന്നതമായ് തെളിയും കാഴ്ചകളോ,
മാറിപ്പോകുന്നു നീ, ഭാനോ, കൈവന്നില
സ്തുതിക്കൊള്ളു മിഴിവുറ്റിരിക്കയോ?

എന്നു തുടങ്ങി അത്യന്തോചിതങ്ങളായ ആശയങ്ങളും ഉല്ലേഖങ്ങളും വാരിക്കോരി വിതറിയിട്ടുള്ള 'കന്യാകുമാരിയിലെ സൂര്യോദയം' വായിക്കുന്ന ഏതൊരു സഹൃദയനും മഹാകവിയുടെ സൂക്ഷ്മമായ നിരീക്ഷണപാടവത്തെയും പ്രതിഭാപ്രഭാവത്തെയും സശിരഃകമ്പം കൊണ്ടാടാതിരിക്കുകയില്ല.

'കിളികളുടെ കൊട്ടുപാട്ടുകൾ കേൾക്കുമ്പോൾ
നീലനഭസ്സിന്റെ നിലയ്ക്കു തുടങ്ങിക്കൊണ്ടും;
ഓമനപ്പൈതലിന്റെ പുഞ്ചിരിപോൽ വിരിഞ്ഞിടുന്ന
ദിനമണിയെ നോക്കി നില്ക്കുന്നോർ തുടങ്ങിക്കൊണ്ടും,

വാനത്തു ചിറകെന്യേ പറക്കും മേഘങ്ങൾക്കു
നാഴൂന്നുംസ്ഥാനത്തിങ്കൽ സൌലഭ്യം നൽകിക്കൊണ്ടും;
വാരിദധാരായന്ത്രനാഡീശീകരങ്ങളാൽ
പാരിടം യഥാകാലം സംസിക്തമാക്കിക്കൊണ്ടും;
അദ്ഭുതകടകളി ലോകക്കാരെയും മൂ–
ഷ്ഠംഘിച്ചു ശാന്താവിജകന്നെന്നു പകിക്കൊണ്ടും;
ധാത്രിയെത്തിന്മാൻവരും സാഗരഗൂർജ്ജനത്തെ
മാത്രയാൽ വരാവരപ്പുറം മാറ്റിക്കൊണ്ടും,
മാനനീർ പൊഴിക്കുന്ന ഭൈരവമാതംഗങ്ങളെ
കാമനീപ്രച്ഛത്തിൽ ചെന്നു തളച്ചു നിർത്തിക്കൊണ്ടും.'

(സഹ്യാദ്രിഗാനം)

വിശ്വസംരക്ഷണം ചെയ്യുന്ന ആ മഹാശക്തിയെ ചിത്രീകരിക്കുന്നിടത്തു കവിയുടെ ഭാവന എത്രകണ്ടു പ്രൌഢവും, അന്യാദൃശവുമായി വിലസുന്നുവെന്നു നോക്കുക. ഇതുപോലെതന്നെ കമനീയമായ കല്പനാശക്തിയും, പ്രശംസനീയമായ ആശയപൌഷ്കല്യവും പരിസ്ഫുരിക്കുന്ന ഭാഗങ്ങൾ ഈ മഹാകവിയുടെ കൃതികളിൽ സുലഭമായി കാണാവുന്നതാണു്.

ഉള്ളൂരിന്റെ കാവ്യനിർഝരിപ്രവാഹത്തിൽ എവിടെയും ഓജസ്സ് തള്ളിവെട്ടുകയാണു ചെയ്യുന്നതു്. ശബ്ദഗുംഫനം മി. പരമേശ്വരയ്യരുടെ കവിതയുടെ ഒരു മുഖ്യഗുണമാണു്. എന്നാൽ വെറും ശബ്ദകോലാഹലമല്ല ഉള്ളൂരിന്നുള്ളതു്. അദ്ദേഹത്തിന്റെ കാവ്യഭാരതി നല്ല ഊക്കിലും ഉറപ്പിലുമാണു് അനുവാചകഹൃദയങ്ങളിൽ ചെന്നു തറയ്ക്കുന്നതു്. ജീവിതപ്പോരിലപജയം തെല്ലൊന്ന യൌവനയുക്തനായ ഒരുവനെ 'ഉത്ബോധനം' ചെയ്യുന്ന കവിത ഇവിടെ ഉത്തമനിദർശനമാണു്:—

'പോരും തളർന്നു! പോരും തളർന്നു!
പൂർണ്ണചൈതന്യപ്പൊൻതിടമ്പേ!
താവിക കൈകൂന്തിത്താഴോട്ടു നോക്കാതെ,
ചുണ്ടെഴും വീർപ്പൊന്നുമിളിടാതെ,
നന്മിഴി മങ്ങാതെ, പാദം കുഴയാതെ,
നടെപ്പു തെല്ലും വളഞ്ഞിടാതെ,
ധീരനായ് മുന്നോട്ടു ചാടിക്കുതിച്ചു നീ
പോരുക! പോരുക! പുണ്യവാനേ! ......

വെററിയും തോൽവിയും പോർക്കളത്തിൽപ്പുണ്ണർ
പാവും; ഇതിനാതുമീതെയല്ല
എന്തിനുവേണ്ടി നീയങ്ങനെ പോർചെയ്തു
ചിന്തിച്ചിടേണ്ടതിനുത്തരം ......' എന്നു തുടങ്ങിയ ഭാഗങ്ങൾ വായിച്ചുനോക്കുക. ഏതു ഭീരുവിനെയും ഉജ്ജ്വലനം, ഉത്തമ കർമ്മയോഗിയുമാക്കിത്തീർക്കുവാൻ ഇതിലെ ഓരോ പദത്തിനും അവാച്യമായ ഒരു ശക്തിവിശേഷമുണ്ട്.

'ശ്വസിച്ചു ചാകുന്നതിലേക്കുമെത്രയും
കരിച്ചു ജീവിപ്പതു കർമ്മരംഗത്തിൽ
അതോർത്തു നീ ചെയ്യുക നിന്റെ ധർമ്മം
അതെപ്പുറത്തെപ്പുധികാരി ദൈവം.' (ഭഗവദ്ഗീതാ)

എന്നിങ്ങനെയുള്ള വരികൾ ഉദ്ധരിക്കുവാൻ തുടങ്ങിയാൽ അവസാനിക്കയില്ല.

'സദാചാരത്തെ പരിപൂർണ്ണമാക്കുന്നതിന് ഒരു ദിവ്യപ്രേരണയും, ഒരു ആഹ്ലാദവികാരവും അത്യന്താപേക്ഷിതമാണെന്നു' മാത്യു ആർനോൾഡ് പറയുന്നതു സ്വീകാര്യമാണെങ്കിൽ, താദൃശങ്ങളായ ഗുണതല്ലജങ്ങൾ ഈ മഹാകവിയുടെ കൃതികളിൽ അവിരളമായി കളിയാടി

കൊണ്ടിരിക്കുന്നതു കാണുവാൻ പ്രയാസമില്ല. 'കല കലയ്ക്കുവേണ്ടി' എന്നുള്ള പാശ്ചാത്യസിദ്ധാന്തത്തെ പൗരസ്ത്യസംസ്കാരപക്ഷപാതിയായ ഈ കവി ഒരിക്കലും ആദരിക്കാറില്ല. നേരെമറിച്ച്, ആത്മീയാംശത്തെ പോഷിപ്പിക്കുന്നതിനുപകരിക്കുന്ന കവിതമാത്രമേ യഥാർത്ഥകവിതയാകൂ എന്ന സിദ്ധാന്തമാണ് ഈ മഹാകവി സ്വകാവ്യങ്ങളിൽ ആദർശമായി സ്വീകരിച്ചിട്ടുള്ളതു്. 'വേണമല്ലോ വേറിട്ടൊന്നും':—

'കണ്ണുകളുണ്ടാക്കിയതെന്തിന്നു നൽകി? നമ്മൾ
സൗന്ദര്യമിന്നൊപ്പംതന്നെ കൊതിതീരെക്കണ്ടീടുവാൻ.
എന്തിനായ് തൂക്കി പാട്ടിടം മുഖത്തിങ്കൽ?
സന്തതം ശ്രീനാദബ്രഹ്മാമൃതം നാം നുണച്ചീടുവാൻ.
കർണ്ണങ്ങളെന്തിന്നൊപ്പം രണ്ടെണ്ണം സമ്മാനിച്ചു?
നിന്ദയെ സ്തോത്രത്തിനു തുല്യമായ് ശ്രവിക്കുവാൻ.
നാവെന്തിനൊതുക്കമായാസ്യത്തിന്നകം നിർത്തി—
ക്കാവലാളതിന്നാക്കി പല്ലുമച്ചുണ്ടും രണ്ടും!
എത്രയും ചപലാംഗനയ്ക്കിതിനിപ്പൂട്ടിട്ടാൻ ജിഹ്വ;
വരാവൂ ശരിക്കുവാൻ മാത്രമായ് വെളിക്കൊൾവാൻ.
എന്തിനായ് നാസികയിൽ ഘ്രാണതയെ പ്രതിഷ്ഠിച്ചു?
പാരിതിൽ സ്വാദുഭക്തിയാം പീയൂഷം പകർന്നീടാൻ.
എന്തിനായ് ഹസ്തങ്ങളിൽ ബാഹുബലം ചേർപ്പിച്ചു?
സന്തപ്തിതം വാക്കിൻമുന്നോടിയായിത്തീരാൻ.
നട്ടെല്ലു കോലുംവടിയെന്തിനായ് തീർത്തു? നമ്മ—
ളുന്നതശീലന്മാരായ് ജീവിതം നയിക്കുവാൻ.'

എന്നിങ്ങനെ സരസോജ്ജ്വലവാണിയിൽ ധർമ്മപ്രബോധനം ചെയ്യുന്ന കവിയുടെ കലാകൗശലത്തെ അഞ്ജലിപൂർവ്വം ആദരിച്ചാരാധിക്കാൻ ആരുതന്നെ മുതിരുകയില്ല? ലി വ്യസനതാപനത്തിൽ പുത്രവിയോഗത്താൽ നാനാവികാര

ശബളിതയായി ആക്രന്ദനം ചെയ്ത വിശാഖയെ, ലോക ബാന്ധവനായ ശാക്യസിംഹൻ സമാശ്വസിപ്പിക്കുന്ന ഒരു ഭാഗം നോക്കുക:—

കുഞ്ഞേ, മനസ്സൊന്നു ചോദിക്കാം; വത്സേ, നീ
ലോകവ്യൂഹത്തിലെ സൃഷ്ടികളിൽ
ആരെയൊന്നു നിൻസുതനെന്നാക്കപ്പോയൊരി—
യാരോമൽപ്പുത്രനിൽ ദ്ദാനമാവുന്നു

കൃത്രിമഭാവനയല്ലിതു; ഏതൊരു
വിസ്തൃതമാകണമത്രേ വേണ്ടു
കാറ്റും വെളിച്ചവുമല്ലതിന്നക—
മേറ്റുകൊണ്ടാലെല്ലാം ഒന്നായാകും

എത്രതനുജർ മരിപ്പു നിനക്കെപ്പോ—
ഴെത്ര തനുജർ ജനിപ്പു നിത്യം?
ഒന്നിനെച്ചൊല്ലിക്കരകയും വേണ്ട മ—
റ്റൊന്നിനെച്ചൊല്ലി ചിരിക്കയും നീ;

രണ്ടുംവരേണ്ട ഇരാവും പകലുമായ്;
രണ്ടിലും ഞെട്ടേണ്ട മോഹത്തിലും.
തെളിവേറ്റതാവഴിക്കല്ലാതെ വെല്ലുവാ—
നാവതല്ലല്ലോ നമുക്ക മകളേ!’

ശാസ്ത്രീയമായ നിലയിൽ യുക്തിവാദവുംചെയ്തുകൊണ്ടാണ് കവി, അനുവാചകരെ സ്വകൃത്യനിരതരാക്കുന്നത്. “മാറ്റ്”, “വിചാരധാര”, “സൗഭ്രാത്രഗാനം” മുതലായ കവിതകളിൽ, ജാതിയുടെ നിരർത്ഥതയെ കവി സയുക്തികം ചോദ്യംചെയ്യുകയും, സദ്ധർമ്മം കൈക്കൊള്ളേണ്ടതിന്ന ഭാവുകരെ ശക്തിയുക്തം പ്രേരിപ്പിക്കയും ചെയ്യുന്നു.

ലോകപരിചയംകൊണ്ടും, മനഃപാകതകൊണ്ടും കാ

ത്യക്ഷമനായ ഒരു കർമ്മയോഗി എന്ന മട്ടിലാണു് ഈ മഹാകവി, കവിതാങ്കണത്തിൽ എപ്പോഴും കച്ചകെട്ടി ഇറങ്ങാറുള്ളതു്. ആശയശുദ്ധിയും, ആദർശമഹത്വവും ഇദ്ദേഹത്തിന്റെ കവിതകളിൽ ആപാദശിഖം നിഴലിച്ചു കാണാവുന്ന അത്യാദ്ഭുതഗുണങ്ങളാണു്. 'ഭാവി'യിൽ പഴയതു പുകഴ്ത്തുകയും, പുതിയതു പഴിക്കുകയും ചെയ്യുന്ന യാഥാസ്ഥിതികന്മാരെ കവി മുന്നോട്ടു നയിക്കുന്നതിങ്ങനെയാണു്:—

"ഇന്നലത്തെത്തിന്നു തന്റെ സന്തതിയ്ക്കിട്ടിനതു—
അന്തരാവിൽ വളർത്തുകിൽത്താഴും അപാരം....
ഹരിപാദത്തിങ്കൽ ഗംഗയൊത്തമട്ടിലൊഴുകുന്നു;
പരിചിൽ മറ്റൊരു മട്ടിൽ പ്രയാഗതീർത്ഥങ്ങൾ;
പൊത്തും പച്ചപ്പട്ടണം തെളിവാനത്തിൽ പിരളവില;
വാഴ്പ്പകത്തിൽ മാത്രം മാത്രം കാന്തായം തെളിയിൽ
'തീൻവിളമ്പിമലണത്തിൽ നീയുമെന്നോടൊപ്പ'മെന്ന
ശീഷ്ട്പതമൊത്തുനീല പല്ലവത്തൊത്തായ്....
ഈശൂപുതുകാന്തരുമാരതിന്റെ യോഗക്ഷേമം
സാധിക്കുകിൽ മതി; ഭാവി മാറിയേക്കാം.
പരിണാമങ്ങളെല്ലാം പരിതാപിതികൾക്കെല്ലാം
പരിപാടി ലോകമെന്നു പരിഷ്കരിക്കും."

അതിനാൽ കാലോചിതവും, സ്പൃഹണീയവുമായ പരിഷ്കാരഗതിയെ ആരും ആദരിക്കേണ്ടതാണെന്നും, അതിൽ വിലങ്ങടിച്ചു നില്ക്കുന്നതു ബുദ്ധിപൂർവ്വകമല്ലെന്നും ലോകത്തോടു് ഉൽബോധിപ്പിക്കുന്നു.

'കുളത്തിലെപ്പായ്‌കെട്ടിറങ്ങിലല്ല
ക്രന്താടിനിൽക്കുന്നതു ലോകമിപ്പോൾ
കുതിച്ചു രത്നാകരസഖ്യമാളും
ക്രമംപെറ്റുള്ള പരപ്പിലല്ലോ' (വിചാരധാര)

എന്നിങ്ങനെയുള്ള പ്രസ്താവങ്ങൾ നോക്കുക. ഇതുപോലെ വിശാലമായ എത്രയെത്ര മഹിതാശയങ്ങൾ വേണമെങ്കിലും ഈ മഹാകവിയുടെ കൃതികളിൽനിന്ന് ഉദ്ധരിക്കുവാൻ കഴിയും. 'ചാകാതെയുള്ളൊരഗതി തേടിനേടി— ത്താൻജീവിതത്തെ പൂരിതമാക്കേണ്ടവനാകുന്നാണ്' അദ്ദേഹം ലോകത്തെ ഉപദേശിക്കുന്നത്. 'ഭാവനാഗതി'യിൽ, മനുഷ്യന്റെ എല്ലാവിധ ഉയർച്ചയ്ക്കും ആശയാണ് ആസ്പദം; അതിനാൽ ആശയെ ശരിയായ വിധത്തിൽ വളർത്തിക്കൊണ്ടിരിപ്പാൻ കവി ഉൽബോധിപ്പിക്കുന്നു:—

'ആശിക്കു; സൃഷ്ടിക്കു ശക്തിപ്പിതാവു—
മാശിച്ചുവന്നായ് ഇതു ചൊല്ലുന്നു;
നരനു തൻ ജീവിതമാതു; ഗുരു—
ത്തൊന്നതാണൊന്നാണിതു ശൈവാക്യം'

'അത്യുന്നതങ്ങൾ പ്രാപ്യമാക്കാമാലി;
ഒരു പാതാളത്തിൽ നിന്നുമുയർത്താൻ;
ആശിച്ച നാം ഉയരമാകുന്നു മാനത്തിൽ:
ആശയ്ക്കുതാൻപോലെയല്ലോ ഗതി.'

'മൃണാളിനി' എന്ന കവിത, മദ്യപാനംകൊണ്ടു സമൃദ്ധമായ ക്ഷേമത്തിനു നേരിടുന്ന വമ്പിച്ച വിപത്തിനെ ചിത്രീകരിച്ചു കാണിക്കുന്നു. കവിയുടെ ലോകപരിചയവും നിരീക്ഷണപാടവവും പ്രസ്പഷ്ടമാക്കുവാൻ ഈ കവിത അത്യന്തം പ്രയോജനീഭവിക്കുന്നതാണ്.

മരണത്തിനു മുന്നിലും, വിരഹത്തിനു മുന്നിലും മോക്ഷത്തിനു മുന്നിലും ആയിട്ടുള്ള സ്നേഹത്തിന്റെ അത്യുത്കടതയെ കവി പല കൃതികളിലും യഥാവസരം വിളംബരംചെയ്യുന്നുണ്ട്:—

'ഇതൊന്നോ മതമുലകിൽ, നായിനാം പ്രേമം; അതുതാനല്ലോ
പാതകനരകപ്പാഴ്ചുഴിയിൽ പാവനഗംഗാപ്രവാഹം.
ശുഷ്കാന്തരാംഗമാം മരുഭൂവിലമൃതധാരാചൈതന്യം
ചലമല്ലാതിപ്പാരിതിനെന്നും പ്രകാശമരുളുന്നു.' (പ്രേമസംഗീതം)

'അന്യോന്യസംശ്ലേഷസൗഖ്യം ഭുജിക്കുന്നി-
ന്നന്യമെന്തുള്ളു മനോഹാസ്യം'? (പ്രണയഗാഥ)

'പ്രേമമേ! വിശുദ്ധമാം ഹേമമേ! അഭംഗുരപര-
നാമമേ! ലോകൈകധാമമേ! ജയിച്ചാലും!' (മൃണാളിനി)

ഇങ്ങനെ ഓരോന്നുദ്ധരിച്ചു തുടങ്ങിയാൽ ഈ ഭാഗം വല്ലാതെ നീണ്ടുപോകും.

ഉള്ളൂരിന്റെ കവിതയെപ്പററി ചിലർ പറഞ്ഞുകേൾക്കാറുള്ള ആക്ഷേപങ്ങളിൽ പ്രധാനമായതു ശബ്ദകാഠിന്യമാണ്.

'ഗൗരീശങ്കരശിരോബിന്ദുസമം ഗ്രീഷ്മപ്രത്താനസം,
പാരാവാരോദയോബിന്ദുപതിതം ജലധാപാതം'
"കാലക്കേടിനാൽ കേളി കാട്ടിച്ചിലർക്കായ് കൃപാളി-
സ്ഥൂലപാകതരാന്തതാൽ പുറമേയും വഹിക്കവേ
പാതാളം ത്രിദിവമായ്; ത്രിദിവം പാതാളമായ്;
ഇതാണല്ലോ കല്പപാന്താദി ലോകവിപര്യാസം."

എന്നിമട്ടിലുള്ള വരികൾ സാധാരണന്മാരെ അമ്പരപ്പിക്കുന്നതിൽ ആശ്ചര്യപ്പെടാനില്ലല്ലോ. കവിയുടെ പാണ്ഡിത്യവൈഭവത്താൽ സാധാരണന്മാർക്ക് കാര്യം മനസ്സിലാകാതെ വിഷമിക്കാൻ ഇടയാകുന്ന ഘട്ടങ്ങളും ഉള്ളൂർക്കവിതയിൽ ഇല്ലെന്നില്ല. മൃണാളിനിയിൽ മദ്ധ്യപാരായണനായ ഭക്തനെ – ശിവഭക്തനായ അഭക്തനെ – വർണ്ണിക്കുന്നതാണ്:—

'വിഭക്തിക്കു കോലാഹലം ഭാഷേ; പാണിനീയത്തിൽ
ഷഷ്ഠ്യന്തമെന്നു ചൊല്ലാം ഷഷ്ഠിക്കിന്നില്ലേ വിധി?
പ്രയോഗമാകയാലു് പേരെന്താണു്; ലോകത്തിന്നു
ഉപയോഗപ്പെടാൻ പണ്ടു രോഗനായ് നാളെന്നേവൻ.'

ഇവിടെ പാണിനീയത്തിലെ ഏകദേശവിധിയും മററും മനസ്സിലാക്കി കാവ്യരസാസ്വാദനത്തിനു പുറപ്പെടാൻ സാധാരണന്മാർ കഴിയുന്നതല്ലോ. അതുപോലെതന്നെ,

'മണിയറസ്സൂതികിടയ്ക്കു് മലരായാൽ മാല്യം കെട്ടാൻ;
മണവാളൻ വരവെന്നായ് മന്ദാടിക്കൊണ്ടോരാൾ
ഭാവം മാറി ഭാവമായി; ഭാവം മാറി ഭേദമായി;
പൂവൻകേനി പൂക്കളതാൻ ഇളിതമായി.'

എന്ന ഭാഗയിൽ കാമനീകാമുകന്മാരുടെ ഉത്തരോത്തരമായ ഭാവപ്രകടനങ്ങളെ വർണ്ണിച്ചിട്ടുള്ളതും സാധാരണന്മാരെ പരിഭ്രമിപ്പിക്കുന്നതുതന്നെയാണു്. നേരെമറിച്ചു്, അലങ്കാരശാസ്ത്രനിഷ്ണാതന്മാരെ അതു് അത്യധികം രസിപ്പിക്കുകയും ചെയ്യും. ഇങ്ങനെ ചില ന്യൂനതകളും, ഇവയ്ക്കു ന്യൂനതകൾ എന്നു പറയാമെങ്കിൽ, ചുരുക്കം ചില സ്ഥലങ്ങളിൽ ഉള്ളതു നിരസിക്കുമ്പോൾ:-

'എല്ലാം തികഞ്ഞിരുന്നാലും ദുര്യോധനനും
തങ്ങൾക്കു് മകൻ എന്തു് ചെയ്തതെന്തോ?' എന്നുള്ള വാക്യമാണു് സ്മരണയിൽ വന്നുകൂടാറുള്ളതു്.

ഉള്ളൂർ, വള്ളത്തോൾ, ആശാൻ എന്നീ കവിത്രയത്തിൽ ഉന്നതൻ ആരാണെന്നുള്ള ഒരു പ്രശ്നം സാധാരണ ജനങ്ങളിൽനിന്നു പലപ്പോഴും പുറപ്പെടാറുണ്ടു്. ശർക്കരയുടെയും, പഞ്ചസാരയുടെയും, തേനിന്റെയും മാധുര്യത്തെപ്പററി ചോദിക്കുന്നതുപോലെയാണിതു്. ഓരോന്നും

ഓരോ തരത്തിൽ മാധുര്യജനകവും ആസ്വാദ്യവുമാകുന്നു. ഏതു കവികളുടേയും, സാഹിത്യകാരന്മാരുടേയും ശൈലി, പരസ്പരം ഭിന്നമായിരിക്കുമെന്നുള്ളതു സാഹിത്യഗ്രന്ഥങ്ങൾ സനിഷ്കർഷം വായിക്കുന്ന ഒരാൾക്കു കാണാവുന്നതാണു്. അവരിൽ ഓരോരുത്തരുടെ വ്യക്തിവിലാസവും ആ വിഭിന്നതയിൽത്തന്നെയാണു് സ്ഥിതിചെയ്യുന്നതും. ഒരാളുടെ ചിന്താഗതി, അനുഭവങ്ങൾ, സാഹിത്യപരിചയം എന്നിവയുടെ ഫലമായിട്ടാണു് അയാളുടെ ശൈലിയ്ക്കു വ്യക്തിത്വം വന്നുചേരുന്നതു്. അതിനാൽ അവരവർ സ്വാധീനമായ ശൈലികളിൽ ഈ മഹാകവികൾ ഓരോരുത്തരും അദ്വിതീയന്മാർ എന്നു പറയുവാൻ മാത്രമേ ഈ വിഷയത്തിൽ നിവൃത്തിയുള്ളൂ.

'ആശാനാശയഗംഭീരൻ — വള്ളത്തോൾ ശബ്ദസുന്ദരൻ
ഉള്ളൂരുജ്ജ്വലശബ്ദാഢ്യൻ — കവിത്രയമിതിങ്ങനെ.'

എന്നു ചിലർ ഇവരുടെ വ്യക്തിത്വത്തെ വേർതിരിച്ചു പറയാറുണ്ടു്. 'ആശാനു് ആശയഗാംഭീര്യമേറുമെങ്കിൽ ഉള്ളൂരിനു് ആശയപൗഷ്കല്യമേറും; വള്ളത്തോളിനു് ആശയസൗകുമാര്യവും. വള്ളത്തോളിനു ലളിതപദാകലിതമായ മനോഹരഭാഷയാണിഷ്ടം. സന്ദർഭമുദ്യോതിക്കുന്ന ഗുണമായുള്ള പ്രൗഢഭാഷ ആശാനു പഥ്യം. ഉള്ളൂരിനു രണ്ടിലേതുതരവും ഒരുപോലെ വശംവദം. ആശാൻെറ പദവിന്യാസം ഒരു രാജന്യസുന്ദരിയുടെ മന്ദംമന്ദമായുള്ള പദവിന്യാസംപോലെ പ്രൗഢമനോഹരം; വള്ളത്തോളിൻേറതു് ഒരു ലളിതാംഗിയുടെ ചുറുചുറുക്കോടുകൂടിയ സുന്ദരനടനമാണു്; ഉള്ളൂരിൻേറതു് ഒരു വിദഗ്ദ്ധനടിയുടെ

താളമേളങ്ങളോടുകൂടിയ കലാശനൃത്തരൂപം. വള്ളത്തോളിന്റെ പേനയിൽക്കൂടി സ്വാരസ്യതീനദി നേരിയ വെള്ളക്കമ്പിപോലെ ഒഴുകുന്നു; ആശാന്റെ തൂലികയിൽക്കൂടി തീർത്ഥവാരിപോലെ പരിശുദ്ധ ബിന്ദുക്കളെ ഗളിച്ചുകൊണ്ടിരിക്കുന്നു. ഉള്ളൂരിന്റേതു്, ധാരായന്ത്രത്തിൽക്കൂടി വിവിധാകൃതിയിൽ ചൊരിഞ്ഞുകൊണ്ടിരിക്കുന്നു.' എന്നിങ്ങനെ ഈ കവിമൂർത്തിത്രയത്തെക്കുറിച്ചു് ഒരു സരസനിരൂപകൻ അഭിപ്രായപ്പെട്ടിട്ടുണ്ടു്. ഈ വ്യാവർത്തനം കൊണ്ടു് ഒരാളും മറ്റൊരാളെ അധഃകരിക്കയോ, ഒരാളും മറ്റൊരാളിൽനിന്നു് ഉയരുകയോ ചെയ്യുന്നില്ലെന്നു സ്പഷ്ടമാണല്ലോ. മേൽ പ്രശ്നത്തിനു് ഈ മഹാകവികളെ സംബന്ധിച്ചു പറയുവാനുള്ളതും ഇതുതന്നെയാണു്.



അദ്ധ്യായം 17

ചില ആധുനിക കവികൾ

I

<u>നാലപ്പാട്ട് നാരായണമേനോൻ.</u>

ആശാൻ മുതൽപേർ വെട്ടിത്തുറന്ന കവിതാമാർഗ്ഗത്തിൽക്കൂടി പ്രയാണംചെയ്ത്, മററു ചിലരും സ്വയശസ്സ് ആർജ്ജിച്ചുകഴിഞ്ഞിട്ടുണ്ട്. അവരിൽ നാലപ്പാട്ടു നാരായണമേനോൻ അവർകളുടെ നാമധേയം ഇവിടെ പ്രത്യേകം പ്രസ്താവയോഗ്യമാണ്. 'കണ്ണുനീർത്തുള്ളി' എന്ന ഒരു ഖണ്ഡകൃതികൊണ്ടുതന്നെ അദ്ദേഹം ഭാഷാപദ്യസാഹിത്യ'ചക്രവാളാ'ന്തരാളത്തിൽ ലബ്ധപ്രതിഷ്ഠനായി കഴിഞ്ഞിരിക്കുന്നു. സ്വപ്രേയസിയുടെ വേർപാടിൽ കവിക്കു നേരിട്ട അസഹ്യമായ ദുഃഖത്തെ അകൃത്രിമമായവിധത്തിൽ വെളിപ്പെടുത്തിയിട്ടുള്ള ഒരു ലഘുകാവ്യമാണ് കണ്ണുനീർത്തുള്ളി. സാധാരണകാവ്യങ്ങളിൽ ഇതിവൃത്തസംബന്ധിയായ വർണ്ണനത്തിനു കവികൾ പ്രത്യേകശ്രദ്ധയും താല്പര്യവും പ്രദർശിപ്പിക്കുക പതിവാണ്. കണ്ണുനീർത്തുള്ളിയിലാകട്ടെ, അങ്ങനെ ഒരു കഥാകഥനംതന്നെ ഇല്ല. 'പരിശുദ്ധപത്നീപ്രണയപ്രഭാവം' അനുസ്മരിച്ചപ്പോൾ കവിയുടെ ഹൃദയാബ്ധിയുടെ അത്യഗാധതയിൽനിന്നും ഉദിച്ചുയർന്ന വികാരവിചാരങ്ങളുടെ ബഹിഃപ്രകടനം മാത്രമാണ് ഈ കാവ്യത്തിലെ കഥാവസ്തു.

എന്നാൽ "ഈ വിലാപകാവ്യം ചിരന്തനമായ തത്വജ്ഞാനത്തിന്റെ നേൎക്കുള്ള മിഴിച്ചുനോക്കലല്ല; അതിന്മേൽ ചെന്നുമുട്ടിയതിനുശേഷമുള്ള പ്രതിപ്രവൎത്തനമാകുന്നു. അതേ, കണ്ണുനീൎത്തുള്ളി തത്വജ്ഞാനത്തിന്റെ ഉജ്ജ്വലിതമായ പ്രകാശത്തെ പ്രപഞ്ചത്തിന്റെ നേൎക്കു തിരിച്ചുപിടിക്കുന്നു; ഇതിലൂടെ കണ്ടുനടത്തുന്നവൎക്ക്", പ്രപഞ്ചത്തെ അദൃഷ്ടപൂൎവ്വമായ ഒരാകൃതിയിലും നിറത്തിലും കാണുമാറാകുന്നു. നമ്മളിൽ ഓരോരുത്തനേയും പിടിച്ച് ഓരോ പ്രപഞ്ചമാക്കുകയും, നമ്മുടെ നോട്ടത്തെ നമ്മളിലേയ്ക്കുതന്നെ തിരിച്ചുവിടുകയും ചെയ്യുന്ന ഒരു നിൎമ്മാണവിശേഷമത്രെ ഇത്."

ശബ്ദാൎത്ഥങ്ങൾക്ക് ഇത്രമാത്രം തുല്യശക്തിയുള്ള കൃതികൾ മലയാളത്തിൽ ചിലതുകൾ മടക്കി എണ്ണുവാൻ മാത്രമേയുള്ളു. കണ്ണുനീൎത്തുള്ളിയിലെ രസപ്രവാഹത്തിൽ അശ്ലേഹൃദയന്മാർപോലും ഒലിച്ചുപോകുകതന്നെ ചെയ്യും. 'അറിവിന്റെ എല്ലാശ്വാസവും സൂക്ഷ്മതരമായ ചൈതന്യവുമാകുന്നു കവിത; അതു വിജ്ഞാനസൎവ്വസ്വത്തിന്റെ മുഖത്തുള്ള ചേതോവികാരപ്രകടനമാകുന്നു' എന്നുള്ള മഹാകവി വേഡ്സ്വൎത്തിന്റെ അഭിപ്രായം കണ്ണുനീൎത്തുള്ളിയിലെ ഓരോ പദ്യവും അന്വൎത്ഥമാക്കിച്ചെയ്യുന്നുണ്ട്. ചുരുക്കിപ്പറഞ്ഞാൽ ഉൽകൃഷ്ടചിന്താശകലങ്ങൾ കണ്ണുനീരിൽപ്പിടിപ്പിച്ചിട്ടുള്ള ഒരു വിശിഷ്ടകാവ്യംതന്നെയാണു കണ്ണുനീൎത്തുള്ളി.

'ഉരുക്കിടുന്നു, മിഴിനീരിലിട്ടു
മുക്കുന്നു മുററും ഭുവനൈകശില്പി

മനമുരുക്കുന്നതാം കനകത്തെ, യെന്തോ
പരിതാപത്തിന്നുപയുക്തമാക്കാൻ!' II—6

'അതീതജന്മങ്ങളിൽ ഞാൻ പണിപ്പെ-
ട്ടാർജ്ജിച്ച പുണ്യാവലി ചാമ്പലായി!
ഇതു മാമകാശാപ്രചിതാനലോഗ്ര-
ശിഖരംപോലൊടിടി മറ്റിടങ്ങളിൽ!' IV—1

'നിസ്തുലമിസ്സംസ്കൃതിയെന്നു ചൊൽവൂ
പ്രാജ്ഞരാം പണ്ഡിതർ—അറിഞ്ഞിരിപ്പൂ;
പ്രേമാർദ്ര മനുഷ്യമനസ്സിനെല്ലാ
വിലപ്പെട്ടതെന്നറിവീ പ്രപഞ്ചം!' V—6

'താതേ, ചിരം ദുഃഖവശാൽത്തപിച്ചു-
ന്നായമെൻ മനസ്സിൽപ്പുരമാനരാഗം
തളിരാഴുന്നു; വെയിൽ തട്ടിവാടാ
ഭക്ത്യപ്രരോഹം കൂടി വേർപിടിപ്പൂ.' VIII—4

നാനാത്മകമാം സംസൃതിയിലുള്ളതാം
നന്മപ്പുറങ്ങൾ പലതും സുലഭങ്ങൾ;
കുടുംബിനീസൗഖ്യമൊന്നുമാത്രം
നാകം ചമപ്പൂ നരകങ്ങളാവും!' IX—5

'ഹാ കഷ്ടം, ദുഃഖാംബുധിയിലാഗതി-
ലയോഗത്തിലല്ലൂ വഴിവെട്ടിടുന്നു;
നീരാഴിമദ്ധ്യത്തിനിരുപ്പൂ കാണാ-
ളുയർച്ച തൻതാഴ്ച്ചയല്ലല്ലോ!' X—8

ഇത്യാദി ചെറുപദ്യങ്ങളിൽ വിപുലാർത്ഥങ്ങളെ നിബന്ധി-
ച്ചിരിക്കുന്നതിന്റെ ഭംഗിയും സ്വാദും അനന്യൈകവേ-
ദ്യമെന്നുമാത്രം പറയാം. ആദ്യപ്രസവത്തോടുകൂടിയാണ-
ല്ലോ കവിയുടെ പ്രിയതമയ്ക്ക് അപായം നേരിട്ടതു്. ഈ

ത്തു ഗർഭിണിയായിരുന്ന കാലത്തു, "കുറച്ചുനാൾകളിലെ-രച്ചുനാവും ഞാനും" എന്ന കവി കൗതുകത്തോടുകൂടി വിചാരിച്ചിരുന്നു. അക്കാലത്തു സ്വന്തം മനോരഥത്തിലേറി താൻ പല വഴിക്കു സഞ്ചരിക്കയും ചെയ്തിരുന്നു. അന്നത്തെ ആ മോഹനപര്യടനത്തെ കവി സവിഷാദം അനുസ്മരിക്കുന്ന ഭാഗം പ്രത്യേകം ശ്രദ്ധേയമാണ്:—

'മാതാവു തന്നാർദ്രമുഖാംബുജത്തിൽ—ത്തിളങ്ങി പാൽപ്പുഞ്ചിരിയൊതുക്കെ,
ഇളംതളിർച്ചേവടികൊണ്ടു മെല്ലെ—ച്ചലിച്ചാറിനിൽപ്പാറ്റുകളെ കണ്ടു,
ആ നങ്ങൾതന്നെ കുമാരനായഹോ—ബാലക്രീഡാംഗലാനവിരിച്ചു,
അതിൻ കളിപ്പൂങ്കാവിലെയുയൊത്തു—ള്ളകന്റെ ദോരന്റെ മനോരഥത്താൽ!'

ഭാഷയിൽ ആദ്യമുണ്ടായ വിലാപകാവ്യം സി. എസ്സ്. സുബ്രഹ്മണ്യൻ പോററിയുടെ 'ഒരു വിലാപം' എന്ന കൃതിയാണെന്നു തോന്നുന്നു. വി. സി. യുടെ വിലാപം, ആശാന്റെ വീണപൂവ്, പ്രരോദനം മുതലായ കൃതികൾ ഈ പ്രസ്ഥാനത്തിൽ പിന്നീട് ഉണ്ടായിട്ടുള്ള ഉൽകൃഷ്ട കാവ്യങ്ങളാകുന്നു. എന്നാൽ അവയിൽ ഏതുകൊണ്ടും കനിഷ്ഠികാധിഷ്ഠിതമായ സ്ഥാനം, കണ്ണുനീർത്തുള്ളിക്കുതന്നെയാണ് നൽകേണ്ടതെന്നുള്ളതിന് പക്ഷാന്തരം ഉണ്ടാകുമെന്നു തോന്നുന്നില്ല. കണ്ണുനീർത്തുള്ളിപോലെതന്നെ തത്വചിന്താതരംഗിതമാണ് 'ചക്രവാളം' തുടങ്ങിയ കൃതികൾ; എന്നു വരികിലും നാലപ്പാടന്റെ യശഃപതാക കണ്ണുനീർത്തുള്ളികൊണ്ടു പടുത്തിട്ടുള്ള അനശ്വരാനന്ദസൗധത്തിന്റെ ശൃംഗത്തിലാണ് ആടിക്കളിച്ചുകൊണ്ടിരിക്കുന്നതെന്നു നിസ്സംശയം പറയാം.

ശ്രീബുദ്ധചരിതത്തെ ആധാരമാക്കി സർ എഡ്വിൻ അർനോൾഡ് ഇംഗ്ലീഷിൽ രചിച്ചിട്ടുള്ള The

Light of Asia എന്ന പ്രശസ്തഗ്രന്ഥത്തിന്റെ പരിഭാഷയാണു പൌരസ്ത്യദീപം. പദാനുപദതൎജ്ജമയിൽ കവികളുടെ ശ്രമാതിരേകത്താൽ ചില അസ്പഷ്ടങ്ങൾ ചില ഭാഗങ്ങളിൽ വന്നുചേൎന്നിട്ടുണ്ടെങ്കിലും ആകപ്പാടെ ആസ്വാദനീയമായ ഒരു കൃതിയാണിതു്.

കുററിപ്പുറത്തു കേശവൻനായർ.

കാവ്യങ്ങളെ ധ്വനി എന്നും ഗുണീഭൂതവ്യംഗ്യം എന്നും രണ്ടായി വിഭജിക്കാമെങ്കിൽ, മിസ്റ്റർ കുററിപ്പുറത്തു കേശവൻ നായരുടെ മിക്ക കൃതികളും ആദ്യത്തെ ഇനത്തിൽ ഉൾപ്പെടുന്നതായിരിക്കും. കാവ്യോപഹാരം, നവ്യോപഹാരം മുതലായ അദ്ദേഹത്തിന്റെ കാവ്യശേഖരങ്ങളിൽ നിന്നു വ്യംഗ്യപ്രധാനമായ ഏതു പദ്യമെങ്കിലും സഹൃദയന്മാൎക്കു് ആസ്വാദിക്കുവാൻ ലഭിക്കുന്നതാണു്. മി. കേശവൻ നായർ, ശബ്ദാൎത്ഥങ്ങളെ വിന്യസിക്കുന്നതുതന്നെ, വളരെ സൂക്ഷ്മതയോടും, നല്ല വിമൎശബുദ്ധിയോടുംകൂടിയാണെന്നു്, അദ്ദേഹത്തിന്റെ ഏതു കൃതിയും തെളിവു നൽകുന്നുണ്ടു്. ദുൎവ്വാസാവിന്റെ ശാപത്താൽ ദുഷ്ഷന്തൻ വിവാഹസംഗതിതന്നെ വിസ്മരിച്ചിരിക്കുന്നു; ശകുന്തളയോ, പ്രതിജ്ഞയനുസരിച്ചു വരന്റെ വരവു കാണാതെ ഏററവും വിഹ്വലയായി കഴിയുന്നു. നായികയുടെ ഈ വിഷമാവസ്ഥയെ വൎണ്ണിക്കുവാൻ തുടങ്ങുന്ന കവി, അതിനു മുമ്പിലെ പ്രഭാതത്തെ വൎണ്ണിച്ചിട്ടുള്ള ഒരു ഭാഗമാണിതു്:—

‘ഹരിണാങ്കനഹോ! പിരിഞ്ഞിതിപ്പി-
രികത്തുന്നണയാത്തതോൎക്കയാലോ

അരിമയാമരയാളതൻമുഖം തെ-
ല്ലരിശം കൊണ്ടവിധം ചുകന്നിരുന്നു.
വരനെത്തുവരാത്തതന്യനാരീ-
കരബന്ധത്തിൽ കുടുങ്ങിയെന്നോ?
പരമീവിധമോർത്തിടുന്ന പെണ്ണിൻ-
കവിൾപോലെ വെയിൽ ചുവന്നിതു മെല്ലെ.'

ഈ പ്രഭാതവർണ്ണനം ശകുന്തളയുടെ തൽക്കാല മനഃസ്ഥിതിയെ എത്രകണ്ടു സ്പഷ്ടമായി ധ്വനിപ്പിച്ചിരിക്കുന്നു!

'കനമുടയ ഘനാഘനങ്ങളിന്മേൽ—കനകൊളി ചേർത്തരുളുന്ന കാലചക്രം
അതിനിടയിലണഞ്ഞിടും മദാശാ—മധുരബലാകയവന്ധ്യയാകുമാവോ?'

'വെയിൽ തെളിവിന്നുകൾ ചൂടകേകാം—മഴയഥ മങ്ങലിനൊപ്പമേ തണുപ്പും,
പ്രകൃതിനിലയിൽനിന്നുനോക്കിടുമ്പോൾ—ചിരിയിലുമൊട്ടു കരച്ചിലാണുമേലേ.'
(വർഷാരംഭം)

'നാട്യപ്രധാനം നഗരം ദരിദ്രം—നാട്ടിൻപുറം നന്മകളാൽ സമൃദ്ധം
കാട്ടിന്നകത്തോ കടലിൻ നടുക്കോ—കാട്ടിത്തരുന്നൂ വിധി രത്നമെല്ലാം.'
(ഗ്രാമീണകന്യക)

'ഉള്ളതിലുള്ളതി, ലെനിക്കു കല്ല്യാ — തിരിക്കുവാൻകഴിയുകയില്ല മന്ദം
മരിച്ചുപോം മർത്ത്യതയെന്തിനാണോ — കരഞ്ഞിടാതാം കരയിച്ചിടാനോ?'

ഏതാദൃശപദ്യങ്ങളുടെ ആസ്വാദനത്തിൽനിന്നു് ഉൽഭൂതമാകുന്ന രസം അവാച്യമത്രെ. പ്രകൃതിവിലാസങ്ങളെ ചിത്രീകരിക്കുന്ന വിഷയത്തിലാണു് ഈ കവിക്കു കൂടുതൽ ശ്രദ്ധ കാണുന്നതു്. ദേശാഭിമാനിയായ കവി തന്റെ മാതൃഭൂമിയായ കേരളത്തിന്റെ മഹിമാതിശയത്തെ പുകഴ്ത്തുന്ന ഒരു ഭാഗം നോക്കുക:—

'അമ്മേ! മഹിദേവി! മൽചിത്തസഞ്ചാരി
യുന്മേഷകമാറ്റിനിൻ ദിവ്യവിഭൂതികൾ

കാണ്മൂ നടപ്പതുവെന്നിയേ ലോകങ്ങൾ
കണ്ടകേളീനങ്ങളെന്നറിയുന്നില്ല,
കോമളശ്യാമള വ്യോമത്തിൽ തൂങ്ങുന്ന
കാർമലക്കൂട്ടവും മേച്ചിൽപ്പുറങ്ങളും
ആടും മയിലുകൾ ചാടും വനങ്ങളും
തോടും പുഴകളും പൂങ്കാവനങ്ങളും
തെങ്ങും കവുങ്ങും കടമ്പും കരിമ്പുമി—
ങ്ങിങ്ങു തിങ്ങി വിളങ്ങുമിടങ്ങളും,
ഇങ്ങനെയുള്ള മനോഹരപുഷ്പ വാടിയിനാൽ—
സ്സംഗീതസാന്ദ്രമല്ലോ ഭവദംഗം.' (കേരളീയം)

ഈ ഉത്തരഭാഗങ്ങൾ ദേശഭക്തനായ ഏതൊരുവനെയാണ് കോൾമയിർക്കൊള്ളിക്കാത്തത്? ഈ കവിയുടെ, 'സരള' 'ശ്രീമതി' മുതലായ ക്ഷുദ്രകവിതകൾ മണിപ്രവാളകവിതയുടെ മനോജ്ഞതയെ വിളംബരം ചെയ്യുന്നവയാണ്.

കെ. എം. പണിക്കർ.

സർദാർ കെ. എം. പണിക്കർ എന്ന പേരിൽ സുപ്രസിദ്ധനായിത്തീർന്നിട്ടുള്ള ശ്രീമാൻ ചാലയിൽ മാധവപ്പണിക്കരവർകൾ, മലയാളസാഹിത്യലോകത്തിൽ പലപ്രകാരത്തിലും ആരാദ്ധ്യനായ ഒരു പുരുഷശ്രേഷ്ഠനത്രെ. അദ്ദേഹം വിദ്യാർത്ഥിയുടെ നിലയിൽ ഇംഗ്ലണ്ടിൽ താമസിച്ചുകൊണ്ടിരുന്ന നാലഞ്ചുവർഷത്തിനിടയിൽ പല അവസരങ്ങളിലായി എഴുതി, അക്കാലത്തെ 'കവനകൗമുദി' 'ആത്മപോഷിണി' മുതലായ മാസികകളിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന 26 ഖണ്ഡകൃതികളടങ്ങിയ ഒരു പദ്യപുസ്തകമാണ് 'അപകപഹാരം.' ഇതിലെ ഒട്ടുവളരെ കവിതകളും ഏറ്റവും മനോഹരങ്ങളായിട്ടുണ്ട്. മിസ്റ്റർ പണിക്കരുടെ സ്വഗ

മമായ പദപ്രാചുര്യം, അവക്രമായ രചന എന്നിവ പ്രശംസാർഹമായിരിക്കുന്നു:—

'സുഖമൊത്താടെൻ യൗവനകാലമഖിലം
കഴിച്ച ഞാനെപ്പുരധരാലയമമേ!
അനോപമശ്രീയണിയുന്ന നിൻപദം
ഒഴിയുന്ന ഞാനിന്ന വിനീതനായിതാ.

പവിത്രയാം ഭാരതഭൂമിയെൻ പ്രിയ-
പ്പെടുന്ന പെറ്റമ്മ; മനോഹരാംഗി നീ
വളർത്തി വാഴിച്ചൊരു ധാത്രിതന്നെയീ-
വിധത്തിൽ ഞാൻ പുണ്യകളേബരാംശം ഉപിയം.'

'ഇതാ ദിനേശൻ മറയുന്നു! ഹന്ത! നിൻ-
തടങ്ങൾ കാണ്മാൻ കഴിയാതെയായ് ഇപ്പോൾ;
കവിഞ്ഞുവീഴും മമ ബാഷ്പധാരയാൽ
വരാംഗി ഞാൻ യാത്ര പറഞ്ഞിടുന്നതേ.'

ആംഗലഭൂഭാഗത്തെ വിട്ടുപിരിയുമ്പോഴുള്ള യാത്രാവചനങ്ങളാണ് ഉദ്ധൃതപദ്യങ്ങളിൽ അടങ്ങിയവ. നൈസർഗ്ഗികമായ മാധുര്യത്താൽ ഇവ എത്രമാത്രം പുളകോൽഗമകാരികളായിരിക്കുന്നുവെന്ന കാവ്യരസാസ്വാദകന്മാർതന്നെ വിധികല്പിക്കട്ടെ.

"കള്ളക്കാർ പൂത്തിരി കൊളുത്തലിന്നുള്ളവ
വെള്ളക്കാർ സ്ത്രീകൾക്കു സുപ്രസിദ്ധം:
ഉള്ളകമായവർക്കേകിയിട്ടിട്ടിങ്ങി-
യുള്ള ജനത്തെ മറന്നിടൊല്ലേ."

എന്നു തുടങ്ങിയ പദ്യങ്ങളിൽ കവിഞ്ഞൊഴുകുന്ന സരസവും ലളിതവുമായ ഭാഷയും ആശയവും ആരെയാണ് ആഹ്ലാദിപ്പിക്കാത്തത്?

യൂറോപ്പിൽനിന്നു മടങ്ങിവന്നശേഷവും കേരളത്തിൽതന്നെ വസിക്കാൻ ഇടവരാതെ, മലയാളഭാഷയോടു യാതൊരുബന്ധവുമില്ലാത്ത ഉത്തര ഇൻഡ്യയിൽ ഉദ്യോഗവശാൽ താമസിക്കേണ്ടതായിവന്നിട്ടും, മാതൃഭാഷയോടുള്ള സ്നേഹംവിടാതെ പ്രയോജനകരമായവിധത്തിൽ അദ്യാപി പലതും ഈ സ്വദേശാഭിമാനി എഴുതിക്കൊണ്ടാണിരിക്കുന്നതു്. അപക്വഫലത്തിന്റെ അനന്തരഗാമികളായി ബാലികാമതം, ഭൂപസന്ദേശം, ചിന്താതരംഗിണി, മണ്ഡോദരി (നാടകം) ഹൈദർനായിക്കൻ (പ്രബന്ധം) എന്നു തുടങ്ങിയ അനേകം പദ്യകൃതികൾ ഈ സരസകവിയുടെ തൂലികയിൽനിന്നു പുറത്തുവന്നിട്ടുണ്ടു്. ഏതു പ്രസ്ഥാനത്തിലും കൈവെക്കുവാൻ കവിക്കുള്ള ക്ലേശമില്ലായ്മയെ പ്രസ്തുതകൃതികൾ ഓരോന്നും വിളിച്ചുപറയാതിരിക്കുന്നില്ല. ബാലികാമതം, ശൃംഗാരരസപ്രധാനമായ ഒരു കാവ്യമാണെങ്കിൽ, അതിന്റെ സ്പർശം ലവലേശമില്ലാത്ത വിചാരരമണീയമായ — ആദ്ധ്യാത്മിക സുന്ദരമായ — ഒരു കാവ്യതല്ലജമാണു് 'ചിന്താതരംഗിണി.'

> കഴിഞ്ഞൊരെൻ ജീവിതമൊന്നു ഞാനി—
> മാശിച്ചതാം ശോഭനഭാവിയെന്നോ,
> വളരെ നീണ്ടുള്ളൊരു ജീവിതാഭാ—
> വമന്നു നോക്കീടുകിലെന്തു പുണ്യം!'

എന്നു ഹൃദയം വെന്തുനീറുന്ന നെടുവീർപ്പോടുകൂടി അതിന്റെ അഗാധതയിൽനിന്നും പുറപ്പെട്ട ചിന്താതരംഗിണി അനേകം, കല്ലോലപരമ്പരകളോടുകൂടി പലവഴി ചുറ്റിത്തിരിഞ്ഞു് ഒടുവിൽ പ്രാപ്യസ്ഥാനത്തു ചെന്നുചേരു

ന്ന വിധത്തിലുള്ള ഒരു ചിത്രമാണ് ഈ കാവ്യത്തിലുള്ളത്. ഭാവഗംഭീരങ്ങളും ചിന്താമധുരങ്ങളുമായ ഏതാനും പദ്യങ്ങൾ ഇവിടെ എടുത്തു കാണിക്കാം:—

'ജയത്തിലൊന്നിൽക്കൊതി; മെച്ചമാററ — പദം ലഭിച്ചുന്നത കീർത്തിയോടെ
തനിക്കു മറവുള്ളവരെക്കവിഞ്ഞു — വാഴാൻ നരൻ ചെയ്തിതു സാഹസങ്ങൾ.'

'അന്യോന്യസംപീഡനശക്തിയോടെ — നിർമ്മിച്ച ജന്തുക്കളെ ഹാ! ദൈവം
ജയിച്ചവർക്കും, ബത! തോററവർക്കും, — കൊടുപ്പതോ പാർത്തിലതൃപ്തിതന്നെ.'

'നിരന്തരം മാറിമറിഞ്ഞു രൂപാ — ന്തരം ഭവിച്ചോരു മനുഷ്യചിത്തം
സൗന്ദര്യമിന്നസ്ഥിര ധർമ്മമായി — കാണുന്നതിൽ വിസ്മയമെന്തു പിന്നെ!'

'അനന്തകാരണനെ വെളിച്ചമൊന്നു — ദൈവത്തിനാലും ജീവിതയുദ്ധഭൂവിൽ
സ്വധർമ്മശസ്ത്രങ്ങൾ ധരിച്ചു യുദ്ധം — നടത്തുവോൻ ശാന്തിയണഞ്ഞിടുന്നു.'

'ചഞ്ചലമാമൈഹികജീവിതത്തിൽ — സ്നേഹാദിബന്ധങ്ങളവശ്യമത്രെ,
നിസ്നേഹവൈരാഗ്യജമായ ശാന്തി — മരിപ്പതിൽ കഷ്ടതരം നിനച്ചാൽ.'

ഇങ്ങനെ ചിന്താമധുരങ്ങളായ പല പദ്യങ്ങൾ തരംഗിണിയിൽനിന്നു ഉദ്ധരിക്കത്തക്കവയായുണ്ട്.

പള്ളത്തു രാമൻ.

സരസ്വതീസ്തനദ്വയങ്ങളിൽ ഒന്നായ സാഹിത്യം, ആലോചനാമൃതമായിരിക്കണമെന്നാണല്ലോ ആലങ്കാരികവിധി. രസം ആത്മാവായിട്ടുള്ള വാക്യമാണ് കാവ്യം എന്നു സാഹിത്യദർപ്പണകാരൻ പറയുന്നു. ഇപ്പറഞ്ഞതിൽ ഏതുമതം സ്വീകരിച്ചുനോക്കുമ്പോഴും, മി. പള്ളത്തുരാമൻെറ കൃതികൾ ഉത്തമകാവ്യഗണത്തിൽ ഉൾപ്പെടുന്നതായി കാണാവുന്നതാണ്. പല ഖണ്ഡകവനങ്ങൾ കൂട്ടിച്ചേർത്തു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള 'ഉദയരശ്മി'

“കൈത്തിരി” “മിന്നുകാന്തി” മുതലായ കൃതികൾ കാവ്യലോകത്തിൽ സുവിദിതമാണല്ലൊ. മി. രാമന്റെ കവിതയ്ക്കുള്ള ഗുണവിശേഷങ്ങളെപ്പററി മഹാകവി പരമേശ്വരയ്യർ അവർകൾ പ്രസ്താവിച്ചിട്ടുള്ള ഒരു ഭാഗം ഇവിടെ ഉദ്ധരണീയമായി തോന്നുന്നു. “സുകുമാരമായ പദങ്ങളുടെ സുന്ദരമായ ഘടന, നവനവങ്ങളായ ഉല്ലേഖങ്ങളുടെ നാനാരീതിയിലുള്ള ചിത്രണം, പ്രാചീനവും നവീനവുമായ കവനസമ്പ്രദായങ്ങളുടെ പരിഷ്കൃതരീതിയിലുള്ള സംയോജനം, പ്രകൃതിരഹസ്യത്തിന്റേയും, രമണീയതയുടേയും പരിനിഷ്ഠിതമായ പ്രതിഫലനം ഇത്യാദി പല ഗുണങ്ങളെക്കൊണ്ടും ഈ അനുഗൃഹീതകവിയുടെ കവിതയ്ക്കു് അസാമാന്യമായ ഒരു ചൈതന്യം സിദ്ധിച്ചിട്ടുണ്ടെന്നുള്ളതു സഹൃദയന്മാൎക്കു് അനുഭവവേദ്യമാണു്”.

‘നീലിമകോലും കേവലമാൎഗ്ഗത്തിൻ നീരിൽ, വീചി–
മാലികന്മാരിൽക്കളിച്ചീടുമോടികൾ പോലെ
നിറവെൺകതിർനിര വീശവേ, പാടിപ്പാടി–
ച്ചിറകിട്ടടിച്ചെത്തും, പറവപ്പക്ഷിവൃന്ദം
‘സ്വാതന്ത്ര്യം ശുഭസ്ഥിതി’യെന്നീശാസനമല്ലീ–
സ്വാന്തനിർവൃതിയോടും ചെയ്യുമീ വിളംബരം?’

(ഈ ലോകം വിലോകനം)

എന്നു തുടങ്ങിയ പദ്യങ്ങളിൽ കവിയുടെ ഭാവനാശക്തി, ഉല്ലേഖവൈചിത്ര്യം മുതലായി മേല്പറഞ്ഞ കവിതാഗുണങ്ങൾ പലതും പരിലസിക്കുന്നുണ്ടു്.

‘ബാലവിഹഗങ്ങൾ പാടിപ്പറക്കമി — ശാലത്തു കണ്ണുമിഴച്ചു നിങ്ങൾ
സ്വാതന്ത്ര്യസ്വപ്നങ്ങൾ കണ്ടുകൊണ്ടാണാത — ചേതനായാസം ശമിച്ചുവർപ്പോതു

പൊള്ളും സഹാറയിൽ പൂഞ്ചോലകണ്ടിടാം — മുള്ളുകൾക്കുള്ളിൽ മലർക്കുലയും
നീളെച്ചുരുക്കവിൻ നീരന്ധ്ര നീരദം — നാളെപ്പൊഴിക്കും പനിനീർവർഷം'
(പൊള്ളും സഹാറയിൽ പൂഞ്ചോല)

ഏതാദൃശവരികൾ എത്രകണ്ടു മനോഹരവും, ഉന്മേഷസന്ദായകവുമായിരിക്കുന്നുവെന്നു വിവരിക്കുവാൻ പ്രയാസം.

'കണ്ണുനീർ വാറ്റുന്നൊരൊന്ന വെറ്റിലക്കണ്ടം—
കൊണ്ടിവർ പരിതൃപ്തിപ്പൂണ്ടു പുഞ്ചിരിക്കൊൾവു!
പാഴ്ത്തരി ചിലകൊറിന്ത പാൻതിരകൾ, മറ്റുള്ളോർക്കോ—
വിദേശങ്ങൾക്കാരം പോരാ, പൊന്നല്ല വേണംപോലും!......

എന്നു തുടങ്ങിയ 'സ്വപ്നോപഹാര' ഭാഗങ്ങൾ ആശയസൗന്ദര്യംകൊണ്ടു്, അല്ല — ജീവിതത്തിന്റെ ആഭ്യന്തരസ്വഭാവസ്പഷ്ടതകൊണ്ടു്, ആരുടെ ഹൃദയത്തെയാണു് അലൗകികാനന്ദതരളി കോൾമയിർക്കൊള്ളിക്കാത്തതു്?

കുമാരനാശാനെപ്പോലെ മി. രാമനും പിന്നിൽ കിടക്കുന്ന അവശസമുദായത്തെ മുന്നണിയിലേയ്ക്കു വരുത്തുന്നതിനു നിത്യവും തീവ്രയത്നം ചെയ്തുകൊണ്ടാണിരിക്കുന്നതു്.

'പുല്ലും വഴി വാഴാത്ത പുലയനും — തെല്ലു തലപൊക്കി നോക്കീടുന്നു'

ഇന്നു് ഇക്കൂട്ടർക്കു് ഇത്രത്തോളമുള്ള ഒരു സ്വാതന്ത്ര്യം ലഭിച്ചതു് അററലാൻറിക്സമുദ്രം കടന്നുവന്ന 'പടിഞ്ഞാറൻകാററു'വഴിക്കാണത്രെ. ഈ പാശ്ചാത്യമാരുതപ്രവാഹത്തിൽമുഴങ്ങുന്ന സ്വാതന്ത്ര്യശംഖധ്വനിതന്നെയാണു് ഈ പ്രബുദ്ധതയ്ക്കു ഹേതുഭൂതമായിത്തീർന്നതെന്നുള്ള സംഗതി, ശ്രീമാൻ രാമന്റെ കവിത തുറന്നു പറയുന്നുണ്ടു്:—

വംഗോപസാഗരം തന്നിലും, ഗംഭീര-
ഗംഗാസരിത്തിലും തത്തിച്ചാടി
ചേതോഹരം ചെറുവീചിവൃന്ദങ്ങളെ-
ന്നാതതമാക്കിടുന്നോൻ പ്രാണൻ വീശി.
നീഹാരശൈലവിഹാരിതാനെങ്കിലും
കൈരവബന്ധമാനന്ത! കേൾപ്പൂ പോരാ.
ശൈത്യമപായന സ്വാന്തം കൂട്ടിപ്പാൻ
ഹന്ത! നിപുണൻ നീ നിസ്സന്ദേഹം.
വായുണ വായുരവാനല്ലാതെയില്ലയി-
ട്ടാതണ താപാപനോദനത്തിന
കാർക്കോടകൻ കടുകാകോളം തള്ളവേ,
നീലക്കാലിയും കൂടിക്കുളിച്ചു!
പൊന്നും വിളയുന്ന കാളിന കാമാദ്ര-
മണ്ണുമിത്താം നീന്തി നീയടിച്ചു.
സ്വച്ഛസിംഹങ്ങൾ തൻ സ്വൈരമാർഗ്ഗമൊത്തീട-
താപുനിശ്വാസമി നിരവദ്യം
ഒഴ്വരൈക്യത്തിൻ സ്വാതന്ത്ര്യമേയൊലി-
നിർമ്മിച്ചീടുന്ന നിന്നിലൂടെ
ശീതാംശു ശീകരഹാരി നീ! പാശ്ചാത്തിൻ
ശീത്ക്കാരംകൊണ്ടു മുഴക്കുന്നതും
പുല്ലും വഴി വഴങ്ങാത്ത പുലയനും
തെല്ലു തല പൊക്കി നോക്കിടുന്നു.'

ഉത്തിഷ്ഠമാനനും സമുദായാഭിമാനിയുമായ ഈ കവീന്ദ്രന്റെ കവിതാരീതി മനസ്സിലാക്കുവാൻ ഇത്രത്തോളമുള്ള വിവരണം മതിയാകുമെന്നു വിശ്വസിക്കുന്നു.

മേലങ്ങത്തു് അച്യുതമേനോൻ.

മണിപ്രവാളത്തിന്റെ മനോജ്ഞമായ മാധുര്യം മിസ്റ്റർ മേലങ്ങത്തു് അച്യുതമേനവന്റെ കൃതികൾക്കുള്ള ഒരു വിശിഷ്ടഗുണമാണു്. സന്ദർഭാനുസൃതമായ പദങ്ങളും

ഫനം വിശേഷിച്ചും പ്രസ്താവയോഗ്യമാകുന്നു.

'ശങ്കാഹീനം സരോജാതവസുകൃതസുധാരാശിയാം തയ്യലാൾ തൻ–
ചൊടിയാൾ പൂവിൻമച്ചിൽ പരിമളലഹരി സഞ്ചരൻ ചന്ദ്രികേ
പങ്കാപേതം വിളങ്ങും പരിണതകറിതേ! ചന്ദ്രസാന്ദ്രാഭതോയ്യൻ–
ത്ധങ്കാരാനന്ദഗാനാൽ പുളകമിഹ നമ്മെക്ക് നീ ചേർക്കുന്നോ.'

'പൂനത്തിൽത്തന്നെയവൾ കരമാതലമുറപ്പിച്ചു കല്യാണശാലി–
സ്ഥാനത്രപ്രാപ്തനാം മമ്മകന ദിനകരനിൽ സ്വാഗതം ചെയ്തുനില്ലേ,
പിന്നശ്രീ പത്മലോലാശ്രിതാളുടെ വദനം ചേർന്ന ചുംബിച്ചു മേളേ–
ലാനന്ദാമന്ദഗാനാമൃതലഹരി പൊഴിക്കുന്ന പുഷ്പന്ധയങ്ങൾ.'

ത്ധങ്കാരംകൊണ്ടു വണ്ടിൻതതി, കരനിരയാൽ ഭാനുമാൻ ചന്ദ്രമാരുതീ–
സങ്കാശാനന്ദഗാനാൽ ചെറുകിളികളിലും മന്ദമന്ദൻ മരങ്ങൾ,
ശങ്കാഹീനം പ്രഭാതപ്രകൃതി ഭുവനിയെപ്പിടിച്ചിട്ടിതല്ലേ –
തൻ കാമപ്രാപ്തിയുണ്ടോ ഭഗവതിയരുളിച്ചെയ്തു സാധിച്ചതില്ലേ?'

(ഒരു യുവതിയുടെ പ്രഭാതധ്യാനം)

'കണ്ടോൾ കണ്ണിനിണ സുധാഗുളികയോ 'ധാതാവുതൻ നിർമ്മിതി–
യുണ്ടോയുണ്ടെന്നതി സാരമമോ? സ്വർമ്മഞ്ജതോയിക പുത്തിന്നമോ
തണ്ടാർമാനിനി താണ്ഡവാരാധന കൊണ്ടുനിർത്തിയ വിശേഷമോ തളിർ–
ച്ചുണ്ടാളും മിവളാണല്ലൊ പൂവിനൊന്നുമേൽപ്പെട്ടതിപ്പു തുടങ്ങാം.'
'ആരാണോ പ്രകൃതിപ്രധാനതയണിയും ശ്രീവിലാസം മുറ–
ജ്ഞാരാധിച്ചിഹ ചിത്സാന്ദ്രതയമരുമിടങ്ങളിൽ കഴിക്കുന്നവൾ?
ആരാരുൾ കവിരത്നമാത്രകമിതാവാണെന്നതി വിവാഹ്യമാ–
മാരാമത്തിലണിഞ്ഞിരുന്ന മരവാകപ്പൂവല്ലേ യിവളല്ലോ.'

(ഒരു വന്യകന്യക)

രചനാരീതിയെത്ര സ്വച്ഛപ്രദമായിരിക്കുന്നുവെന്നു നോക്കുക. സാമഞ്ജസ്യമനോഹരമായ ഇത്തരം പദ്യങ്ങൾ ശ്രീമാൻ അച്യുതമേനവന്റെ ഏതു കൃതിയിലും സുലഭമായി കാണാവുന്നതാകുന്നു. ബി. കെ. ഏ. പോൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ കവിയുടെ 'ചെറുപുഷ്പഹാരം' എന്ന കൃതിയിൽ അതിലെ നായികയുടെ ജീവിതരീതിയെ വർണ്ണി

ക്കുന്ന ഭാഗത്തെ ഒരു പദ്യം അമൃതമധുരമാകയാൽ അ
തിവിടെ ഉദ്ധരിച്ചുകൊള്ളുന്നു:—

‘പാരാവാരത്തിരകളെപ്പോഴ് മെല്ലെയുള്ളിൻ–
പടച്ചിലൊട്ടുക്കുള്ള തള്ളിയാലും
പൂന്തെന്നലിൻ മുല്ലിനെ പൂമ്പൊടി—
കാതുകൂർത്തിരിപ്പു കൊഴുപ്പുമേറും.’

എം. ആർ. കൃഷ്ണവാര്യർ.

ഭാഷാകവനസാമ്രാജ്യത്തിൽ പേരും പെരുമയും ധാ
രാളമായി സമ്പാദിച്ചുകഴിഞ്ഞിട്ടുള്ള ഒരാളാണ് ശ്രീ
മാൻ എം. ആർ. കൃഷ്ണവാരിയരവർകൾ: ഇദ്ദേഹത്തി
ന്റെ പ്രകൃതിവിലാസസുന്ദരമായ ‘പ്രകൃതി’ ‘മൂന്നു സ
ഹോദരികൾ’ മുതലായ പല കൃതികളും, ഭാഷാപദ്യസാ
ഹിത്യലോകത്തിൽ ഒരു മാന്യസ്ഥാനത്തെ അർഹിക്കുന്നവ
യത്രെ. സുന്ദരമായ ശയ്യ, അകൃത്രിമമായ ആശയപ്രവ
ഹം എന്നിവ മിസ്റ്റർ വാരിയരുടെ കവിതയ്ക്കുള്ള ചില
ഗുണങ്ങളാണ്. ‘രീതിരാത്മാകാവ്യസ്യ’ എന്നുള്ള ജഗ
ന്നാഥപണ്ഡിതരുടെ മതം, സഹൃദയസമ്മതമെങ്കിൽ,
ഇദ്ദേഹത്തിന്റെ ‘സുമിത്ര’ മുതലായ കൃതികൾ ഉത്തമ
കാവ്യകോടിയിൽ ഉൾപ്പെടുത്തി പറയാവുന്നതാണ്. ര
മണീയങ്ങളായ പല ഉല്ലേഖങ്ങളും, സ്വാഭാവികമായ
പല വർണ്ണനകളും ശ്രീമാൻ വാരിയരുടെ കൃതികളിൽ
പ്രോല്ലസിക്കുന്നതു കാണാം. സുമിത്രയിലെ ശാരദാകോ
വിലിൽ പ്രതിഷ്ഠചെയ്ത അംബികാബിംബത്തെ വർണ്ണി
ക്കുന്ന ഒരു ഭാഗമാണിത്:

‘അംബരത്തിലുതാംശുപോലെ, നീ-
ലാംബരത്തിലൊളി മിന്നലെന്നപോൽ,
അംബുജംപെടി സരസ്സി,ലല്പസൽ-
ക്കാമ്പുവിൽക്കളനിനാദമെന്നപോൽ,

ദേഹിപോലെ തനുവിൽ,സ്സമുജ്ജ്വലി-
ക്കുന്നതായ തിരിപോലെ റാന്തലിൽ,
ശാരദാമണിമനോജ്ഞബിംബമാ-
ണുല്ലസിച്ച പുതുതായ കോവിലിൽ.’

ഈ ഭാഗം വായിക്കുമ്പോഴും ഉപമയുടെ വൈശിഷ്ട്യം കൊണ്ട് ‘ഹാ! മൺകുടത്തിലെരിയുന്ന മണിപ്രദീപം’, എന്നു തുടങ്ങിയ അനിരുദ്ധനിലെ പ്രസിദ്ധങ്ങളായ ചില ഉപമകൾ നമ്മുടെ സ്മൃതിപഥത്തിൽ വന്നുചേരാതിരിക്കുകയില്ല.

‘ഇച്ഛപൂർണ്ണമണപോതമേറിയുൾ-
ച്ചേതനിയും തുറമുഖത്തണഞ്ഞിവൻ
ഗ്രാമവാസിനികൾ നാമകീർത്തന-
ധ്യാനമാം തുഴകൾ കൊണ്ടുലാക്കിനാർ.’

എന്നു തുടങ്ങിയ പ്രയോഗങ്ങളും മററും ആരെയും രസിപ്പിക്കുവാൻ പോരുന്നവയാണ്.

എം. എൽ. കമോയൻസ്.

ജ്ഞാനവൃദ്ധനും വയോവൃദ്ധനുമായ ഒരു യൂറേഷ്യൻ കവിയാണ് മി: കമോയൻസ്. അനേകം ഖണ്ഡകൃതികൾ ഇദ്ദേഹം കൈരളിക്ക സസമ്മാനിച്ചിട്ടുണ്ട്.

ശ്രീമൻ! ഗുണാഗുണ വിവേചന ചെയ്യിലും സു-
ധീമൻ!! ഭവാളുദ മഹാശയനെന്നിരാനി

സാരസ്യമോടു വിവദിപ്പതിനങ്ങരാണി—
ന്നീമന്ദരശിഖരമൊരുങ്ങുന്നതിപ്പോൾ.'

'വന്ദേപദം വരദ!' എന്നു കരങ്ങൾ കൂപ്പി
മന്ദതരം ഗതകരോടൊരുമിച്ചു നാമാൻ
സന്ദേഹമറ്റു വിമലാശ്യ മുനീന്ദ്ര വന്ദ്യ—
സന്ദേശമാനിത മനസ്സൊടുടൻ നടന്നു.'

'അത്യന്തഭക്തി വിനയാനത ശൈത്യവീര്യ—
കൃത്യങ്ങളാൽ പുകളെഴും ഭടവൃന്ദനാഥൻ
പ്രത്യഗ്രസൂനമിളി പരിചൊഴുകോടു വീണ്ടും
ശുത്ത്യഗ്രകൊലം കൃതകൃത്യതയിൽ കളിച്ചാൻ.'

'അത്ഭുതചരിതകൾ വഴിഞ്ഞിട ശാശ്വതീവി—
തലോകമൊന്നൊടുകളെങ്ങും ഭടാധിനാഥൻ
ചേലോടണഞ്ഞുരുമിലിനാ യതിശേഖരൻ തൻ—
കാലോടു തന്റെ തലകൂപ്പുതകൊണ്ടു വീണ്ടും.'

(ലൂസിയാദം നാലാമതം)

രസപ്രവാഹത്തിനും ശയ്യാഗുണത്തിനും ഹാനിവരാതെ ഇങ്ങനെ അനായാസമായി സജാതീയദ്വിതീയാക്ഷരപ്രാസത്തോടുകൂടി ശ്രീമാൻ കമോയൻസ് കാവ്യനിർമ്മാണം ചെയ്തിട്ടുള്ളതു കാണുമ്പോൾ, ഒരു സാക്ഷാൽ കേരളീയനോടുള്ളതിനേക്കാൾ കൂടുതലായി കൈരളീകാവ്യദേവതയ്ക്കു ഇദ്ദേഹത്തിൽ പക്ഷപാതമുണ്ടെന്നു തോന്നിപ്പോകുവാനിടയാകുന്നു. മി: കാമോയൻസിന്റെ കവിതയ്ക്കുള്ള മറെറാരു ഗുണം അനർഗ്ഗളമായ വാഗ്വിലാസവും, വായിക്കുന്നതോടുകൂടി അർത്ഥസ്ഫുടത തോന്നിക്കുന്ന പ്രസാദവുമാണ്. മേലുദ്ധരിച്ച ഭാഗങ്ങൾതന്നെ ഇതിലേയ്ക്കു ഉപോൽബലങ്ങളാണല്ലൊ.

ശ്രീമാന്മാരായ കോയിപ്പിള്ളി പരമേശ്വരക്കുറു

ഷ്ണ്", ആർ. സി. ശർമ്മ, ആർ. വാസുദേവൻകർത്താ, വിചോൻ, സി. ഐ. ഗോപാലപിള്ള, തെങ്ങുംമൂട്ടിൽ വറുഗീസുമാപ്പിള എന്നിവർ കാവ്യസാമ്രാജ്യത്തിൽ സർവ്വപ്രകാരേണയും സുവിദിതന്മാരും സുപ്രതിഷ്ഠന്മാരുമത്രെ.

* * * * *

ക. നി. മൂ. സ. മാണിക്കത്തനാർ.

പണ്ഡിതവൃദ്ധനും ഈയിടെ പരേതനുമായ ഈ കവിവര്യനെ അർവ്വാചീനകവികളുടെ ഗണനയിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു. ഗദ്യപദ്യങ്ങളായ അനവധി സൽകൃതികൾ ഇദ്ദേഹം സാഹിത്യദേവതയ്ക്കു് ഉപഹാരമായി നൽകിയിട്ടുണ്ടു്. പദ്യകൃതികളിൽ പ്രാസംഗികൻ, സുഭാഷിതങ്ങൾ ഭക്തഗീതാവലി എന്നിവയാണു് ഏറ്റവും പ്രാധാന്യത്തെ അർഹിക്കുന്നവ. ഭാഷയേറിവരുന്ന മണിപ്രവാളമാണു കത്തനാർ അവർകൾ പ്രയോഗിക്കാറുള്ളതു്. നൈസർഗ്ഗികമായലാളിത്യം, ഭാവഭംഗി പ്രസാദം എന്നിവ ഈ മഹാന്റെ കൃതികൾക്കുള്ള ചില വിശിഷ്ടങ്ങളാകുന്നു.

'ചിരിയും ദുഃഖവും തമ്മിൽ — ചിരിയാറില്ലതിക്കൂറു
സ്വന്തത്താമവസാനത്തിൽ — സന്താപത്തിൽ ലയിച്ചുപോം.'
'ക്ഷമാശീലവും, പരരിൽ കോപ — ശീലവും വിളയിച്ചിടും
കാന്തയെ വിട്ട കാന്താര — വാസമാനാധികം സുഖം.'

(സുഭാഷിതങ്ങൾ)

'വാടുന്ന പുഷ്പമൊത്ത വൃക്ഷാഗ്രശാഖാ–
ത്താഴുന്ന പത്രനിരയും വെയിലേറ്റുലഞ്ഞപ്പോൾ

ഈറ്റമ്മ ജീവനിവഹങ്ങളുമിങ്ങു സിദ്ധി–
ക്കുടുന്ന ഭേദമതിനില്ല വികല്പമേതും.' (പ്രാസംഗികൻ)

എന്നിങ്ങനെയുള്ള പദ്യങ്ങൾ എത്രമാത്രം ഭാവസുന്ദരങ്ങ ളാണെന്നു വിവരിക്കുവാൻ പ്രയാസം.

II

ജി. ശങ്കരക്കുറുപ്പ്.

നവീനപ്രസ്ഥാനത്തിൽ കാവ്യനിർമ്മാണംചെയ്തു പ്രശസ്തവിജയം നേടിക്കഴിഞ്ഞിട്ടുള്ള ഉല്പതിഷ്ണുവായ ഒരു കവികോകിലമാണു് ശ്രീമാൻ ജി. ശങ്കരക്കുറുപ്പവർകൾ. ജി. കുറുപ്പിന്റെ "സാഹിത്യകൌതുകം" ഓരോ ഭാഗവും, മഹാകവി വള്ളത്തോളിന്റെ സാഹിത്യമഞ്ജരിയുടെ സാഹോദര്യം വഹിക്കുവാൻ സർവ്വപ്രകാരേണയും അർഹതയുള്ളതത്രെ. ലളിതപദമാകലിതമായ വാണീവിലാസം വള്ളത്തോൾ കൃതികളിലെന്നപോലെ ശ്രീമാൻ കുറുപ്പിന്റെ കവിതകളിലും സർവ്വത്ര തെളിഞ്ഞുവിളങ്ങുന്നുണ്ടു്. പ്രകൃഷ്ടമായ പ്രകൃതിനിരീക്ഷണം, കമനീയമായ കല്പനാശക്തി, പഴയതിനെ പുതിയരൂപത്തിൽ പ്രകടിപ്പിക്കുവാനുള്ള പ്രതിഭ എന്നിവയിൽ കുറുപ്പിനോടു കിടപിടിക്കുന്ന യുവകവികൾ കേരളത്തിൽ ഇന്നു വളരെ ചുരുക്കമേ ഉള്ളു.

"നീരന്ധ്രനീലജലദപ്പലകപ്പുറത്തു – വാരിജ്ഞിടുന്നവരർവില്ലു വരച്ചു മാച്ചും
നേരറ്റ കൈകവരുകൾ ചില മിന്നൽചേർത്തും – പാരം ലസിക്കുമലപ്രകൃ-
തിക്കുട്ടി"

ഒക്കൊണ്ടാണു് ശ്രീമാൻ കുറുപ്പിന്റെ സാഹിത്യകൌതുകം

ത്തുരംഭിച്ചിട്ടുള്ളതുതന്നെ. മാധുര്യമേറുന്ന പല നല്ല കവി
തകളും ഓരോന്നിലും അടങ്ങിയിട്ടുണ്ട്.

"ഇന്നലത്തെത്തളിർച്ചില നാളെയ്ക്കു പൊടിമണ്ണിൽ
ചെന്നടിയുന്ന ജീർണ്ണശുഷ്കപത്രരൂപത്തിൽ
പൂത്തിരുക്കരങ്ങളാൽ തഴുകാൻ ലതയില്ല
ചഞ്ചച്ചാമരികങ്ങളില്ല പ്രണാമം ചെയ്യാൻ;
കുടിലമന്ദമാരുതങ്ങളിൽ പിറുപിറു—
ത്തീടുവാനിലകളില്ലറികെ, യെന്തന്തരം." (ഏകാന്തതരം)

ജീവിതമരണങ്ങളുടെ അന്തരത്തെയും, ഐഹികസൗഭാ
ഗ്യത്തിന്റെ ക്ഷണപ്രഭാചഞ്ചലതയെയും എത്ര ശാന്ത
മായും, എന്നാൽ എത്ര മർമ്മസ്പൃക്കായും ഇവിടെ പ്രതി
ഭാസിപ്പിച്ചിരിക്കുന്നു! മഴവില്ല്, രാധ, വൃന്ദാവനം, പുഷ്പ
ഗീതി മുതലായ കൃതികളിലെ പല ഭാവനകളും മനോഹ
രമായിട്ടുണ്ട്. ധർമ്മഭീരു, ധർമ്മപത്നി, സതി, സ്വതന്ത്ര രാജ്യ
ത്തിനുവേണ്ടി എന്നതുടങ്ങിയ കവിതകളിലെ ശബ്ദാർത്ഥ
ഭംഗി സഹൃദയന്മാരുടെ ശ്ലാഘയെ സർവ്വഥാ അർഹിക്കു
ന്നവയത്രെ. അതുപോലെതന്നെ ഇവയിൽ ചിലതിലെ
സന്ധ്യാവർണ്ണനകൾ, പ്രതിപാദനരീതിയുടെ വിവിധത,
നവീനത, എന്നിവയെ തെളിച്ചുകാണിക്കുന്നവയുമത്രെ.

'ജ്വലിതമൃദുലവിലസും നിജകാന്തിപാതക
ചെരിച്ചു താഴ്ത്തിയകലെപ്പുകലൊന്നൊളിച്ച്' എന്നും മ
റവുമുള്ള ഭാഗങ്ങൾ നോക്കുക. വൃന്ദാവനം മുതലായ കവി
തകൾ കവിയുടെ സ്വഗതമായ പ്രകൃതിനിരീക്ഷണ
ത്തിന്റെ മാററുരച്ചു കാണിക്കുന്നവയാകുന്നു. സുഭദ്രയി
ലെ,

'മേലാകെയും പുളകമാർന്നിടുമാ യുവാവെൻ—
ചാരത്തുവന്നു നടകൊള്ളുകിൽ രണ്ടുപേർക്കും,
കാലങ്ങളിങ്ങിനിയും, ഹൃദയം തുടിക്കും,
ഫാലം വിയർക്കുമൊരു മിന്നലകത്തു പായും.'

എന്ന ശ്ലോകത്തിലെ ആശയം അചുംബിതമെന്നേ പറയാവൂ. കാമുകനാകന്മാരുടെ അഭിനവസാമീപ്യത്തെ എത്ര ഹൃദയസ്പൃക്കായി ഇവിടെ ചിത്രീകരിച്ചിരിക്കുന്നു!

സാഹിത്യകൗതുകത്തിലെ കവിതകളിൽ നല്ലൊരു ഭാഗം പ്രേമഗീതങ്ങളാണ്. ആശാനെപ്പോലെ ശ്രീമാൻ കരുപ്പും പ്രേമഗായകനായ ഒരു കവിയത്രെ. യഥാർത്ഥ പ്രേമത്തിന്റെ തിളക്കം—അതിന്റെ അനശ്വരതാം— അദ്ദേഹത്തിന്റെ കവിതകളിൽ പല സ്ഥലത്തും പ്രകീർത്തിതമായിട്ടുണ്ട്:—

'പ്രേമം ജയിപ്പൂ സകലോപരി; ജീവജാല—
വ്യൂഹത്തിനെപ്പൊഴുമിതാശ്രയമൊന്നുതന്നെ
ഹേമപ്രഭാതകിരണങ്ങൾ കലർന്നമന്ന—
വ്യോമാന്തവും വിളറുമെങ്കിലതിന്നു ഭംഗം.

വേറില്ല തീയിലതു; വാരിധി വേർപെടുത്താ—
നാവില്ല; കാലഗതി മാറ്റു കുറയ്ക്കുകില്ല;
ഇല്ലുന്നിതൊന്നുമതിനില്ലതിനുള്ള ചൂടു
പോവില്ല ശോഭനതിന്റെ തണുപ്പിനാലും.' (ഒരു സതി)

സാഹിത്യകൗതുകത്തിന്റെ അനന്തരഗാമികളായ നവാതിഥി, സ്വപ്നസൗധം, സൂര്യകാന്തി, ധർമ്മരശ്മി എന്നീ കൃതികളും പല കാവ്യഖണ്ഡങ്ങളുടെ സമുച്ചയമാകുന്നു. കവിതാസാമ്രാജ്യത്തിൽ ഉന്നതോന്നതം പൂരോഗ

മനനം ചെയ്ത് അതിലെ ഒരു വിശിഷ്ടസ്ഥാനത്തിലെത്തിയിട്ടുള്ള ഉൽപതിഷ്ണുവായ ഈ കവികോകിലത്തിന്റെ പ്രസ്തുതകൃതികളിലെ ഓരോ ഗാനവും, ശ്രവണസൗഭാഗ്യത്താൽ ആരെയും പുളകംകൊള്ളിക്കുന്നതത്രെ. നവാതിഥിയിലെ ഒരു സന്ധ്യാവർണ്ണനമാണ് താഴെ ചേർക്കുന്നത്:—

കുന്നിൻനിരനിറഞ്ഞ താനൊന്നുമിഴുപ്പൂക്കൾ; സന്ധ്യ
പൊന്നിറക്കതിർക്കറ ഞൊറുവാതനാത്തുമാറു
ചിന്നിയൊന്നതിർമലിനന്നപോലാകാശത്തു
മിന്നിയങ്ങിങ്ങായിപ്പൂ താരകം താരാനിര
കാറൊക്കൽതിരുകിയ കാച്ചിയൊരർവിവാളി—
ന്നൊറമണ്ണേരം കാണാമെവിളിപ്പൂളിയായി., (പഴയ ഏട്)

കവിയുടെ കല്പനാശക്തിയും ആശയവൈചിത്ര്യവും ആരെയാണ് അത്ഭുതസ്തിമിതനും അപഹൃതചിത്തവൃത്തിയുമാക്കിത്തീർക്കാത്തത്?

പല ജീവൽപ്രശ്നങ്ങളും യാഥാർത്ഥ്യത്തിന്റെ വെളിച്ചത്തിൽ തെളിച്ചുകാണിക്കുവാൻ കുറുപ്പ ശ്രമിച്ചിട്ടുണ്ട്. നവാതിഥിയിലെ ഏഴകൾ, കാവിപ്പാട്ട് മുതലായവ അതിനുദാഹരണങ്ങളാകുന്നു. ഹൃദയസ്പർശിയായ ഒരു ഭാഗം ഇവിടെ ഉദ്ധരിക്കാം:-

'മറ്റവും കൊച്ചിളപ്പൂവും മകനും; പാടത്തിന്റെ
കരയിൽ പ്രാവിൻകൂടുപോലൊരു ചെറുകുടിൽ
വേലിയും പടിയുമില്ലാപ്പുരയ്ക്കുതിൽ കറി—
ച്ചൂലിനു നേരായ് മൂന്നാലു വാഴകൾ മാത്രം
ഏഴകൾ പൊറുക്കുന്ന മാടങ്ങളിങ്ങനെത്ര!
പാഴ്ത്തു നാഗരികത്തിൻ ജനനാർന്നാലയം.'

ഏഴകളുടെ ഈ ചിത്രം ഏതൊരാളെയാണ് അനുകമ്പാപൂരിതഹൃദയനാക്കിത്തീൎക്കാത്തതു്?

മി. കറുപ്പിന്റെ കവിതകളിൽ നല്ലൊരുഭാഗവും അന്തൎമ്മുഖമായി ആദ്ധ്യാത്മിക തത്വങ്ങളെ ഉൽബോധിപ്പിക്കുന്നവയാണ്. അദൃശ്യപുഷ്പം, കാമുകൻ എന്നു തുടങ്ങി നവാതിഥിയിൽത്തന്നെ ഇതിനു വേണ്ടുവോളം ദൃഷ്ടാന്തങ്ങളും ഉണ്ട്. സൂക്തികാന്തിയിലെ "എന്റെ വേളി" പ്രത്യേകം പ്രസ്താവയോഗ്യമാണ്. അതിൽ ഒരു വധു, വരന്റെ വരവിനെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നതായി വൎണ്ണിക്കപ്പെട്ടിരിക്കുന്നു. അതാണു വാച്യാൎത്ഥം. എന്നാൽ ആത്മീയമായ ഒരു തത്വവും അതിൽ ഉള്ളടക്കിയിട്ടുണ്ട്. മരണസമയത്തു ജീവിതേശന്റെ വരവിനെ സൂക്ഷിച്ചുകൊണ്ടിരിക്കുന്ന ജീവിതം, അഥവാ ജീവാത്മാവാണ് അതിലെ വധു. സാക്ഷാൽ ജീവിതേശനായ മരണം—അഥവാ കാലനത്രെ വരൻ. ജീവിതത്തിന്റെയും മരണത്തിന്റെയും വെറും സാങ്കേതികരൂപത്തിനെ (Symbol) മാത്രമാണ് ഇതിൽ വധൂവരന്മാരായി കല്പിച്ചിട്ടുള്ളതു്. മിസ്റ്റിസിസം * എന്നു പറയുന്ന ഈ പുതിയ കാവ്യപ്രസ്ഥാനത്തിനു ഭാഷയിൽ വേണ്ട പുഷ്ടിയും വികാസവും വരുത്തിയിട്ടുള്ളവരിൽ അഗ്രഗണ്യനാണ് ശ്രീമാൻ ശങ്കരക്കുറുപ്പ്.

---

* ആംഗലസാഹിത്യത്തിന്റെ സമ്പൎക്കത്തോടെ ഭാഷയിൽ സംക്രമിച്ചിട്ടുള്ള ഒരു കവിതാസമ്പ്രദായമാണ് മിസ്റ്റിസിസം. ഗൂഢാത്മകവിത, അദ്ധ്യാത്മികരഹസ്യവാദം എന്നൊക്കെ ഇതിനു മലയാളത്തിൽ പേരു പറഞ്ഞുവരാറുണ്ട്. നിരൂപവും അപരിമേയവുമായ

'വിലാസലഹരി' കരപ്പിന്റെ ഒരു വിവൎത്തനകാവ്യമാകുന്നു. 'ഒമർഖയ്യാം' എന്ന പാരസികകവിയുടെ 'റുബായിയാത്തു്' എന്ന കൃതിയെ ഫിററ്സ്ജെറാൾഡ് എന്ന ആംഗ്ലേയകവി ആംഗലഭാഷയിൽ തൎജ്ജമചെയ്തിട്ടുണ്ടു്. പ്രസ്തുതകൃതിയെയാണു മി. കരപ്പ് വിവൎത്തനംചെയ്തിരിക്കുന്നതു്. വിലാസലഹരി ഒരു തൎജ്ജമമാത്രമാണെങ്കിലും വാസനാകവിയായ കരപ്പിന്റെ കവനകലാവൈശദ്യം അതിൽ സൎവ്വത്ര തെളിഞ്ഞു കാണുന്നുണ്ടു്.

ആമുഷ്മികപുരുഷാൎത്ഥത്തെ വിശേഷാദരമായി കാംക്ഷിക്കുന്നവരാണല്ലോ പൌരസ്ത്യന്മാർ. ബൃഹസ്പതിയുടെ ചാൎവ്വാകമതം അഥവാ ലോകായതമതം ഇതിനു വിപരീതമാണു്. ദൃഷ്ടിഗോചരമായ ഈ ജീവിതത്തിന്നു് അപ്പുറമായി ഒരു നിത്യജീവിതം ഉണ്ടെന്നു വിശ്വസിക്കുന്നതു് അബദ്ധവും, തൽപ്രാപ്തിക്കു ശ്രമിക്കുന്നതു് ആകാശകുസുമം അണിയുവാൻ ആഗ്രഹിക്കുന്നതുപോലെ നിഷ്പ്രയോജനവും ആണെന്നത്രെ ചാൎവ്വാകസിദ്ധാന്തം.

ഒരു ദിവ്യശക്തിയെ — സൎവ്വാന്തൎയ്യാമിയെന്നോ, ഈശ്വരമൂൎത്തിയെന്നോ അതിനു പേർ എന്തുതന്നെ പറയുന്നതിനും വിരോധമില്ല — അനിത്യവും പരിമേയവുമായ പ്രപഞ്ചവസ്തുക്കളിൽക്കൂടി പ്രതിഫലിച്ചിട്ടു സാക്ഷാൽക്കരിക്കുക, അഥവാ പ്രകൃതിയിൽ കാണുന്ന ഏതോ പദാൎത്ഥത്തിലുംകൂടെ ആദ്ധ്യാത്മികചൈതന്യത്തെ ദൎശിക്കുക എന്നുള്ളതാണു് ഇതിന്റെ സ്വഭാവം. ബാഹ്യാൎത്ഥത്തിനപ്പുറമേ, ആദ്ധ്യാത്മികമായ ഒരു തത്വത്തെക്കൂടി ഉള്ളടക്കി അന്യാപദേശരീതിയിൽ പ്രതിപാദിക്കുന്ന കവിത എന്നു പറയുന്നതായാലും അധികം തെററില്ലെന്നു തോന്നുന്നു.

‘കെട്ട ദീപംപോലെ മരണത്തോടുകൂടി ജീവിതം അവസാനിക്കുന്നു. അതിനാൽ, നാളെയാവട്ടെ എന്നു കരുതാതെ, ഇപ്പോഠം ലഭിച്ചിരിക്കുന്ന ജീവിതത്തിലെ ഓരോ നിമിഷത്തേയും യഥാൎത്ഥം അനുഭവിക്കുക.’. എന്നുള്ള ഐഹികസുഖതത്വത്തെത്തന്നെയാണു് പ്രസ്തുതകാവ്യവും പ്രത്യക്ഷപ്പെടുത്തുന്നതു്.

> ഹാ! ലഭിക്കുമെല്ലാം മണ്ണിൽ നാശം, ഇനിയുള്ള
> കാലമെന്തിനും കളയാതുപയോഗിപ്പിൻ!

എന്നാണു കവി മാനവസമുദായത്തോടുപദേശിക്കുന്നതു്. മരണാനന്തരം പരമാനന്ദമനുഭവിപ്പാൻ പോകുന്നതെങ്കിൽ തന്നെയും, ഐഹികസുഖവിലാസലഹരിയിൽ മതിമറന്നതുകൊണ്ടു യാതൊരു വിരോധവുമില്ലെന്നത്രെ ഓമർഖയ്യാം അഭിപ്രായപ്പെടുന്നതു്. മി. കുറുപ്പിന്റെ ഈ തൎജ്ജമയും സ്വതന്ത്രകൃതികഠപോലെ തന്നെ രസാത്മകമായിട്ടുണ്ടെന്നുമാത്രം പറയുവാനെ നിൎവ്വാഹമുള്ളു.

കെ. കെ. രാജാ.

നവീനപ്രസ്ഥാനത്തിൽ കവിതയെഴുതി ലബ്ധപ്രതിഷ്ഠനായിക്കഴിഞ്ഞിട്ടുള്ള ഒരു കവിശ്രേഷ്ഠനാണു കെ. കെ. രാജാ അവർകഠ. കവനകുസുമാഞ്ജലി, തുളസീദാമം, വെള്ളിത്തോണി, സാന്ത്വാഞ്ജലി, ഹൎഷാഞ്ജലി മുതലായ അദ്ദേഹത്തിന്റെ കൃതികഠ സൎവ്വഥാ സഹൃദയശ്ലാഘയെ അർഹിച്ചിട്ടുള്ളവയത്രെ. സ്വതഃസിദ്ധമായ ഭാവനാപടുത്വം ഈ കവിയുടെ കൃതികഠക്കുള്ള ഒരു പ്രത്യേകഗുണമാണു്.

പദങ്ങളെ ചേതോഹരമാംവണ്ണം യോജിപ്പിച്ചു്, ചൈത
ന്യസമുജ്ജ്വലങ്ങളായ, ആശയപരമ്പരകളെ വെളിപ്പെടു
ത്തുവാൻ രാജാവവർകളുടെ തൂലികയ്ക്കുള്ള ശക്തിയും നി
പുണതയും അതീവ അഭിനന്ദനീയമായിരിക്കുന്നു. ചുരു
ങ്ങിയ പദങ്ങളെക്കൊണ്ടു വിപുലമായ ആശയങ്ങളെ വ്യ
ഞ്ജിപ്പിക്കുവാൻ കവിക്കുള്ള കഴിവു് അനന്യസാധാരണമെന്നേ
പറയാവൂ:—

> 'ഒരൊററ മുററിൻതിരിയൊട്ടരികെ
> മർത്ത്യന്റെ പാണ്ഡിത്യമറിഞ്ഞതില്ല;
> പാർത്താൽ വലതിൻ പുറമേപ്പറയും
> ആകാശമാകുന്ന തിരശ്ശീലയെന്നോ!'

(മനുഷ്യപാണ്ഡിത്യം)

എന്നിങ്ങനെ മനുഷ്യന്റെ വസ്തുജ്ഞാനത്തെപ്പററി പ്ര
സ്താവിച്ചിട്ടുള്ളതും മററും നോക്കുക. ഉദാത്തങ്ങളായ
ആശയങ്ങളും ഔന്നത്യം ഉള്ള ആരുടെ ശിരസ്സിനെയാ
ണു് സ്വയം വിനമ്രമാക്കാൻ പ്രേരിപ്പിക്കാത്തതു്?

> 'അനന്തമജ്ഞാതമവർണ്ണനീയ-
> മീലോകഗോളം തിരിയുന്ന മാർഗ്ഗം;
> അതിങ്കലെങ്ങാനൊരിടത്തിരുന്നു
> നോക്കുന്ന മർത്ത്യൻ കഥയെന്തു കണ്ടു!'

എന്നുള്ള കണ്ണുനീർത്തുള്ളിയിലെ ശ്ലോകത്തിനേക്കാൾ
മേല്പറഞ്ഞതിനു് അർത്ഥശക്തിയേറുമെന്നു നിസ്സംശയം
പറയാം. ഇതുപോലെ ദാർശനികങ്ങളും, വികാരോത്തേ
ജകങ്ങളുമായ പദ്യങ്ങൾ പലതും ഉദ്ധരിക്കുവാനുണ്ടു്. അ
ല്ലെങ്കിലെന്തിനു്? മർത്ത്യചിന്തയെ അനന്തവാരിധിയിൽ
ആറാടിച്ചു്, സൗഷ്ഠവവും സാരള്യമിശ്രവുമായ ആലോച

നകളിൽ അനായാസേന ആനയിക്കുവാൻ പര്യാപ്തമായ ഒരു ദിവ്യപ്രേരണ രാജാവവർകളുടെ മിക്ക കവിതകളിലും ഉണ്ടെന്ന സഹൃദയന്മാർ അനുഭവിച്ചറിഞ്ഞിട്ടുള്ളതു തന്നെയാണല്ലോ.

ആശാന്റെ പ്രരോദനം എന്നപോലെതന്നെ, ഉൽക്കവിയുടെ ഒരാപ്തമിത്രത്തിന്റെ അകാലമൃത്യുവെക്കുറിച്ചുള്ള ഒരു അനുശോചനമാണു്", ബാഷ്പാഞ്ജലിയിലെ പ്രതിപാദ്യവസ്തു. ഇതിലെ രചനാമാധുര്യം, ആരെയും ആനന്ദിപ്പിക്കുന്നതുതന്നെ. ആശാന്റെ 'കാൽനഖേന്ദുമരീചികൾ' ആശ്രയിച്ചുവർത്തിക്കുന്ന കവി, പ്രസ്തുതകൃതിയിൽ തത്വചിന്താതരംഗിതമായ പല പദ്യങ്ങളും ഹൃദയംഗമമായവിധത്തിൽ നിബന്ധിച്ചിട്ടുണ്ടു്.

'നരന്റെ കർമ്മത്തിൻ വേഗമേറിയാൽ
വരുന്ന നിഷ്ഫലത മൃത്യുവെന്നതോ;
തിരിഞ്ഞിടും പമ്പരമന്ദകാന്ത്യം
നിരന്തമല്ലല്ലി മനുഷ്യരുള്ളിൽ.'

എന്ന തുടങ്ങിയ പദ്യങ്ങൾ ഇവിടെ ഉദ്ധരിക്കത്തക്കവയാണു്.

'പരന്നുവന്നെത്തിയശക്ത നിന്നൊരു—
മരത്തിലൂടിന്നിനെ രണ്ടു പക്ഷികൾ
ഒരേതരം കായ്കനി തിന്നു തങ്ങളി—
ലൊരേ മരക്കൊമ്പിലിരുന്നിതൊട്ടുനാൾ'.

എന്നിങ്ങനെ പരേതന്റെ മൈത്രിയേയും,

'ഭവാൻ സ്വതന്ത്രമറിഞ്ഞകക്കാരാം
രസിപ്പതാര്യന്റെ ഗുണങ്ങളൊന്നു താൻ

പതിച്ചിടും കാറ്റിൽ പൂർപ്പത്രപ്പിയും,
ഇടിപ്പതാഴിസ്സ്കാളമൊന്നമാത്രമാം.'

എന്നിങ്ങനെ സ്വഭാവവിശേഷത്തെയും വർണ്ണിച്ചിട്ടുള്ള ഭാഗങ്ങൾ ഇവിടെ സവിശേഷം അനുസ്മരണീയമായിരിക്കുന്നു.

'ശിവമസ്തു വസന്തവൃന്ദമേ — കവിതാഗീതകലാവിലാസമേ,
ശിവമാണ്ടു ജഗതിക്കു് ആസ്പദമി — ബ്ഭുവനം; നിങ്ങടെ നാടിതല്ലിനി.'

എന്നവസാനിപ്പിക്കുന്ന പ്രസ്തുതകൃതി, കാവ്യഗുണവിശേഷത്താൽ പ്രരോദനത്തിന്റെ സാഹോദര്യം വഹിക്കുവാൻ സർവ്വപ്രകാരേണയും അർഹതയുള്ളതുതന്നെ.

വെണ്ണിക്കുളം ഗോപാലക്കുറുപ്പ്.

വള്ളത്തോൾ പ്രഭൃതികൾ വെട്ടിത്തെളിച്ച കാവ്യസരണിയിൽ സഞ്ചരിക്കുന്നവരായ യുവകവികളിൽ അഗ്രഗണ്യനായ ഒരാളാണു ശ്രീമാൻ ഗോപാലക്കുറുപ്പ്. നല്ല ഒഴുക്കും ശബ്ദഗുണവും ലാളിത്യവുമുള്ള പദ്യങ്ങൾ എഴുതുന്നതിൽ മി. കുറുപ്പിനെ അതിലംഘിക്കുന്നവർ അധികംപേരുണ്ടെന്നു തോന്നുന്നില്ല. ഭാവസുന്ദരങ്ങളും രസനിഷ്യന്ദികളുമായ അനേകം ഖണ്ഡകവിതകൾ അദ്ദേഹത്തിൽനിന്നും കൈരളിക്കു ലഭിച്ചിട്ടുണ്ടു്. ഒരു സാധു തൊഴിലാളിയുടെ ദയനീയതയേയും, ദരിദ്രരിൽ കാരുണ്യമില്ലാത്ത ലോകത്തിന്റെ കാർക്കശ്യത്തേയും കവി ചിത്രീകരിച്ചിട്ടുള്ളതിൽ ഒരു ഭാഗമാണു താഴെ ചേർക്കുന്നതു്:—

'ആതപജ്ജ്വാലതളിർത്താപാരപൂരം ചെറ്റും—
നാലുനാഴികകൊണ്ടു പട്ടണം പൂകീ പാവം!

മേലെല്ലാം ഭസ്മമാക്കി, തൻനാഥസ്വരൂപത്തിന്റെ
കോലയിൽ നില്പതാണെന്നം ചെന്നവൻ കരം കൂപ്പി
നാലഞ്ചുവട്ടമത്ര താണുതാണിരന്നിട്ടും
‘നാളെവാ, പൊയ്ക്കൊൾക’യെന്നമാത്രമായ് പ്രത്യുത്തരം.
ചിന്തിയ കണ്ണീരോടെ പിന്തിരിഞ്ഞവൻ മന്ദ—
മന്ദിയിലിഴഞ്ഞിഴഞ്ഞെത്തിനാൻ കുടിലിങ്കൽ.
മൺചട്ടിയൊന്നിൽ കരത്തുള്ളിരച്ചൂറ്റീട്ടിൽ
തൊഴിടിടിപ്പുന്നപോലെ കണ്ണുകേ! തിളയ്ക്കുന്നു!!’

(കണ്ണീരും കണ്ണീരും)

ശ്രീമാൻ കറുപ്പിന്റെ ‘തുളസീദാസരാമായണം’ തർജ്ജമ കൈരളിയ്ക്കു് അനർഘമായ ഒരു നേട്ടംതന്നെയാണു്.

ചങ്ങമ്പുഴ കൃഷ്ണപിള്ള.

നവീനപ്രസ്ഥാനത്തിൽ കവിതയെഴുതി പ്രസിദ്ധി നേടിവരുന്ന ഒരു യുവകവിയാണു ശ്രീമാൻ ചങ്ങമ്പുഴ കൃഷ്ണപിള്ള. കവിതാവാസനയും സാഹിത്യപരിശ്രമവും ഒത്തിണങ്ങി ഉയർന്നുവരുന്ന ഈ യുവകവിയിൽനിന്നു് ഉദ്യാനലക്ഷ്മി, ബാഷ്പാങ്കരം, രമണൻ എന്നതുടങ്ങിയ കൃതികൾ ഭാഷാദേവിക്കു ലഭിച്ചുകഴിഞ്ഞിട്ടുണ്ടു്.

ഇവയിൽ ആദ്യത്തെ രണ്ടും പലവിധ കവിതകളുടെ സമാഹാരമാകുന്നു. രമണൻ, കവിയുടെ ഒരാപ്തമിത്രവും, അകാലത്തിൽ ആത്മഹത്യ ചെയ്ത ഭാവുകമായ യുവകവി ഇടപ്പള്ളി രാഘവൻപിള്ളയുടെ സ്മാരകമായി നിർമ്മിച്ചിട്ടുള്ള ഒരു കൃതിയാണു്. ഭാഷയിൽ നാടകീയ രീതിയിൽ — സംഭാഷണരൂപത്തിൽ — ഉത്ഭവിച്ചിട്ടുള്ള ഒരു കവിതയും കൂടിയാണു രമണൻ.


'ചന്ദ്രികേ! മന്ദാനസ്മിതയിലൊഴും പ്രേമ—
ചന്ദ്രികേ, നീയിന്നെന്നെ മറന്നാരാമാക്കിത്തീർത്തു.
ആയിരം ജന്മംകൊണ്ടു നേടുവാൻ കഴിയാവു—
ന്നാനന്ദമാസ്വദിപ്പൂ ഞാനൊരു മാത്രതന്നുള്ളിൽ.
അതുപോൽ പാരംകോടി ജന്മത്താൽ സഹിക്കേണ്ടും
ഏതൊരാവ്യഥയെന്നെക്കാത്തു നില്ക്കുന്നു ചാരേ....
ആയതിൻമുഖം കാൺകെ വിറച്ചുപോകുന്നു ഞാ—
നാരോമലാളേ, പനിപ്പൂന്തോട്ടമല്ലാ ലോകം!!.... —
ചലനം, ചലനം—ഹാ!—മാത്രമീ മർത്ത്യജന്മം
ചലനം — പ്രപഞ്ചത്തെ മുന്നോട്ടു നയിക്കുന്നു!
അതി,ലൊന്നെല്ലാം മാറു,മൊന്നെല്ലാം പരിണാമ—
മെതിരിട്ടീടാനാകാ,തൊന്നാൻ പാടില്ലെന്നില്ല!
നിസ്സഹായന്മാർ, പാവം പുഴുക്കൾ, മർത്ത്യന്മാർ നാം
നിഷ്ഠുരവിധിയുടെ കല്ലിടുമ്പനാശരന്മാർ!
നാമെന്നെ നിരൂപിക്കും മറ്റൊന്നായ്ത്തീരും ഫലം
നാമതു കണ്ടാർത്തരായ് നിഷ്ഫലം വിലപിക്കും.
ജീവിതമൊരു കടങ്കഥയാണാവില്ലതി—
ന്നൊരുവനും, ശരിയായൊരുത്തരം സ്ഥാപിക്കുവാൻ!!'

ഇങ്ങനെ രമണീയമായ ഭാഗങ്ങൾ ഇതിൽ പലതുമുണ്ട്. "കാമുകൻ വന്നാൽ" എന്ന കവിതയിൽ കാണുന്ന പ്രതിപാദനരീതിയുടെ നൂതനത്വവും രസികതയും സഹൃദയന്മാരാൽ ആസ്വാദനീയമെന്നു മാത്രമേ പറയുവാൻ നിർവ്വാഹമുള്ളൂ.

പ്രേമകവിതകൾ നിർമ്മിക്കുന്നതിലാണു ശ്രീമാൻ കൃഷ്ണപിള്ളയുടെ തൂലികയ്ക്കു കൂടുതൽ ഉത്സാഹവും വാസനയും എന്നു തോന്നിപ്പോകുന്നു. ശബ്ദസൗഭഗവും പ്രയോഗഭംഗിയും മി. കൃഷ്ണപിള്ളയുടെ മിക്ക കൃതികളിലും നല്ലപോലെ കളിയാടുന്നുണ്ട്.

മുകളിൽ പ്രസ്താവിച്ചവരെപ്പോലെതന്നെ ഭാഷാപദ്യസാഹിത്യലോകത്തിൽ യശഃപ്രതിഷ്ഠ ലഭിച്ചവരായി വേറെയും അനേകം ഉത്തമ കവികോകിലങ്ങളുണ്ട്. ഇവരിൽ മിക്കവരും ഖണ്ഡകാവ്യകർത്താക്കളാണെന്നുള്ളതും അവിസ്മരണീയമാകുന്നു. ഒരു സൂക്ഷ്മദർശകന്റെ നിലയിൽ, വസ്തുക്കളുടെ സ്ഥിതിഗതികളെ അവലോകനംചെയ്തു ചിത്രീകരിക്കുന്ന വസ്തുസ്വഭാവനിഷ്ഠമായ പ്രതിപാദനരീതി, സ്വാനുഭവങ്ങളേയും വിചാരവികാരങ്ങളേയും ഉണർത്തിക്കാണിക്കുന്ന കർത്തൃസ്വഭാവനിഷ്ഠമായ പ്രതിപാദനരീതി എന്നിങ്ങനെ ആധുനികഖണ്ഡകാവ്യങ്ങളിലെ പ്രതിപാദനരീതിയെ രണ്ടായി വ്യവച്ഛേദിക്കാമെങ്കിൽ, അവയിൽ ആദ്യത്തെ വകുപ്പിൽ പ്രമുഖന്മാരായി ഗണിക്കാവുന്നവരത്രെ, ശ്രീമാന്മാരായ കെ. പി. ശാസ്ത്രികൾ, പി. കുഞ്ഞിരാമൻനായർ, കെ. ടി. ലോനപ്പൻ, ഡാനിയൽ കണിയാകട, ഫാദർ നെടുഞ്ചിറ, കീഴ്ക്കുളം രാമൻപിള്ള, നമ്പ്യാരുവീട്ടിൽ നാരായണമേനോൻ, കെ. കെ. രാഘവപ്പണിക്കർ, സ്വാമി ബ്രഹ്മവ്രതൻ, എം. ഒ. അവര, ബാപ്പുറാവു, പ്രവിത്താനം പി. എം. ദേവസ്യ, വി. ഉണ്ണിക്കൃഷ്ണൻനായർ തുടങ്ങിയവർ. ശ്രീമാന്മാരായ പാലാ നാരായണൻനായർ, പുത്തൻകാവു മാത്തൻതരകൻ, കെ. പ്രകാശം, തൈക്കാട്ടു ചന്ദ്രശേഖരൻ നായർ, പന്തളം കെ. പി. രാമൻപിള്ള, കെ. എസ്സ്. കെ, മേടയിൽ എം. പി. അപ്പൻ, വൈലോപ്പിള്ളി ശ്രീധരമേനോൻ, പൊൻകുന്നം സെയ്ദ് മുഹമ്മദ്, കെ. ശങ്കരനെഴുത്തച്ഛൻ ടി. എൻ. ഗോപിനാഥൻനായർ തുടങ്ങിയവർ രണ്ടാമത്തെ ഗണത്തിൽ ഉൾപ്പെടുന്നവരുമത്രെ. ഈ പരി

ഗണനം, സൂക്ഷ്മമായ വിവേചനത്തോടുകൂടിയതല്ലെന്നും, കൎത്തൃസ്വഭാവനിഷ്ഠവും വസ്തുസ്വഭാവനിഷ്ഠവുമായ പ്രതിപാദനരീതി പരസ്പരം ഓരോന്നിലും കലൎന്നു കാണാമെന്നും, ഓരോന്നിലുമുള്ള ആധിക്യത്തെമാത്രം ആസ്പദമാക്കി ഇങ്ങനെ ഒരു വേൎതിരിവു കാണിച്ചിട്ടുള്ളതാണെന്നുംകൂടി ഇവിടെ പറഞ്ഞുകൊള്ളട്ടെ. ഏതായാലും പ്രതിപാദനരീതിയുടെ പ്രകൃഷ്ടതയാണു് കാവ്യോല്കൎഷത്തിന്നു മുഖ്യകാരണമെന്നുള്ളതിൽ സംശയമില്ല. രസനിഷ്യന്ദികളും, ആലോചനാമൃതങ്ങളുമായ അനേകം കവിതകളും, ഖണ്ഡകാവ്യങ്ങളും മേല്പറഞ്ഞവരിൽനിന്നു കൈരളിക്കു് ഇതിനകം ലഭിച്ചുകഴിഞ്ഞിട്ടുണ്ടു്. വിസ്തരഭയത്താൽ അവരുടെയും കൃതികളെക്കുറിച്ചു് ഇവിടെ യാതൊന്നും പ്രസ്താവിക്കുന്നില്ല.



അദ്ധ്യായം 18

കവിതാലോകത്തിലെ വനിതാരത്നങ്ങൾ.

ഭാഷാകാവ്യലോകത്തിൽ കേരളീയവനിതകളുടെ രംഗപ്രവേശം വളരെ കറവായിട്ടുമാത്രമേ കാണപ്പെടുന്നുള്ളു. കാവ്യകർത്രിമാരായി തീൎന്നിട്ടുള്ള, പ്രാചീനവനിതമാരിൽ ആരെപ്പററിയും നാം ഒന്നുംതന്നെ അറിയുന്നില്ല. പ്രഗത്ഭകളും പ്രതിഭാശാലിനികളുമായ മഹിളാമണികളുടെ കേളീരംഗമായിരുന്ന കേരളക്കരയിൽ ആ പുരാതനകാലത്തും അനേകം കവയിത്രികൾ ജീവിച്ചിരുന്നിരിക്കുവാൻ ഇടയുണ്ട്.

"ചന്ദ്രോത്സവം" എന്ന കാവ്യത്തിലെ വനിതാസദസ്സ് സഹൃദയന്മാൎക്കു പരിചയമുള്ളതാണല്ലൊ. കാവ്യസംസാരത്തിലെ പ്രജാപതി, കവിതന്നെയാണെന്നുള്ള വസ്തുതയെയാണ്, പ്രസ്തുതകാവ്യത്തിലെ കഥാവസ്തു വ്യക്തമാക്കുന്നതെങ്കിലും, അതിൻെറ മൂന്നാംഭാഗത്തിൽ ഒരു വനിതാസമാജത്തെ വൎണ്ണിക്കുവാൻ കവിയെ പ്രത്യേകം പ്രേരിപ്പിച്ചിട്ടുള്ളതിൽനിന്ന്, കേരളത്തിൽ അക്കാലത്ത് അത്തരം സഭകളിൽ വന്നുകൂടുവാൻ യോഗ്യതയുള്ള വിദുഷികളും, കവയിത്രികളും ധാരാളമുണ്ടായിരുന്നു എന്നൊരനുമാനത്തിനു വഴിനൽകുന്നുണ്ട്. പേരെങ്കിൽ,

'മനോജ്ഞവേഷ്ടാ സുവിചിത്രവേഷാ—നിരസ്തനാനാസുരനാരിരൂപാ
ഇണ്ടേരചെമന്തിക ചൊന്നവാണീ—മഹാകവേസ്സൂക്തിരിവ സുപ്രസന്നാ.'

എന്നു കാവ്യനിരൂപണത്തോടുകൂടി ഒരു വനിതാരത്നം

ചെയ്യുന്ന പ്രസംഗത്തിൽനിന്ന് ഈ സംഗതി കുറച്ചുകൂടി വ്യക്തമാകാതിരിക്കുന്നുമില്ല. എന്നാൽ, ഈ ഭാഗം ഗവേഷകന്മാരുടെ അന്വേഷണത്തിനും, തീരുമാനത്തിനും മാത്രമായി വിട്ടൊഴിയുവാനേ ഇവിടെ നിർവ്വാഹമുള്ളു.

സംസ്കൃതപണ്ഡിതയായിരുന്ന മനോരമത്തമ്പുരാട്ടിയുടെ പേർ പ്രസിദ്ധമാണല്ലോ.

'യസ്യ ഷഷ്ഠീ ചതുർത്ഥീ ച — വിഹസ്യ ച വിഹായ ച
അഹം കഥം ദ്വിതീയാസ്യ — ദ്വിതീയാസ്യാമഹം കഥം?'

എന്നുള്ള ശ്ലോകംതന്നെ ആ മഹതിയുടെ പാണ്ഡിത്യത്തെയും പ്രാഗത്ഭ്യത്തെയും ദേശാന്തരങ്ങളിൽക്കൂടി മററൊലിക്കൊള്ളിക്കുവാൻ വേണ്ടുവോളം പര്യാപ്തമായിരിക്കുന്നു.

ഇരയിമ്മൻതമ്പിയുടെ പുത്രിയായ കുട്ടിക്കുഞ്ഞുതങ്കച്ചി, ദ്രാവിഡവൃത്തഘടിതമായ വൈദികഗാനങ്ങളും, അനേകം ഒററശ്ലോകങ്ങൾ, പാർവ്വതീസ്വയംവരം കഥകളി, അജ്ഞാതവാസം നാടകം എന്നിങ്ങനെ മററനേകം കൃതികളും വിരചിച്ചിട്ടുള്ള ഒരു പ്രശസ്ത കവയിത്രിയാണ്. ശബ്ദഗുണം, അപ്രതിഹതമായ ഒഴുക്ക് മുതലായവ തങ്കച്ചിയുടെ കൃതികളുടെ ചില പ്രത്യേകതകളാകുന്നു.

'തുള്ളിച്ചാടുന്ന പുള്ളിക്കനകമൃഗത്തിങ്കലുള്ളോരാമോദമെല്ലാം
തള്ളിപ്പാരം കെടുക്കും ചടുലമിഴി, മദോന്മത്തമാതംഗയാനേ!'

എന്നും മററുമുള്ള സംബുദ്ധികൾതന്നെ എത്ര ചേതസ്സമാകർഷകമായിരിക്കുന്നു!

തിരുവിതാംകൂറിലെ ആയില്യംതിരുനാൾ മഹാരാ

ജാവു തിരുമനസ്സിലെ പ്രിയതമയായിരുന്ന കല്യാണിക്കുട്ടിഅമ്മച്ചി 'പാതിവ്രത്യപഞ്ചകം' മുതലായി ചില സൽകൃതികൾ രചിച്ചിട്ടുള്ള ഒരു മഹതിയത്രെ.

'ജാതിശ്രേഷ്ഠത കമ്മിടുന്നു, വഴിഞ്ഞീടുന്ന സൗന്ദര്യവും,
ഖ്യാതിപ്പെണ്മണി പൊൻപിടികടെ പിടിച്ചീടുന്ന ക്രൂരങ്ങളും;
ഇക്കാരണിമാരണി കല്പനകൾ കേട്ടീടുന്ന പെൺനാട്ടിലി-
പാതിവ്രത്യ മഹാമഹേശ്വരിയെഴുന്നെള്ളിരിക്കുന്നഹോ.'

ഇതിലെ പ്രതിപാദനരീതി വളരെ കൗതുകകരമെന്നേ പറയാവൂ.

1096-ൽ തൃപ്പൂണിത്തുറെ തീപ്പെട്ട സുഭദ്രയെന്ന ഇക്കുഅമ്മതമ്പുരാട്ടി വൈദുഷ്യമേറിയ ഒരു കാവ്യകർത്രിയായിരുന്നു. സംസ്കൃതത്തിലും മലയാളത്തിലും ആ മഹതി പല വിശിഷ്ട കൃതികളും രചിച്ചിട്ടുണ്ട്. ഭാഷാകവിതയിൽ അക്കാലത്തു പ്രചാരത്തിലിരുന്ന പല പ്രസ്ഥാനങ്ങളിലും ആ വിദുഷീരത്നത്തിന്റെ കരാംഗുലികൾ സവിശേഷം സ്പർശിക്കയുണ്ടായിട്ടുണ്ട്. പൂർണ്ണത്രയീശഭഗവദ്ധ്യാനപ്പാന, അഷ്ടമിരോഹണീമാഹാത്മ്യം കിളിപ്പാട്ട്, കംസവധം തുള്ളൽ, ധ്രുവചരിതം മണിപ്രവാളം, ഭിക്ഷുഗീത, യുദ്ധകാണ്ഡം പാന, പൂതനാമോക്ഷം എന്നിവയാണ് തിരുമനസ്സിലെ പ്രധാനഭാഷാകൃതികൾ. ഭക്തിയും മാധുര്യവും അവിടത്തെ എല്ലാകൃതികളിലും ആപാദശിഖം തെളിഞ്ഞുകാണുന്ന മുഖ്യഗുണങ്ങളാകുന്നു.

"സംസാരാമയത്തിന്റെ ഹിംസയെ ചെയ്തീടുവാൻ
കംസാരിചരിത്രത്തെ സംസാരിപ്പതുപോലെ
കിംസുഖമായ മറ്റും ശംസിപ്പാനൊന്നൊന്നുള്ളൂ
ഹംസമേ വാഴ്ത്തിച്ചാലും സംസ്കൃതിഹരൻ കഥ."

രചന എത്ര സുന്ദരവും, ആശയം എത്ര സുമധുരമനോഹരവുമായിരിക്കുന്നു! ഇക്കാവ്യതമ്പുരാട്ടി തിരുമനസ്സിലെ ചിത്രീകരണപാടവത്തെ വെളിപ്പെടുത്തുന്ന ഒരു മണിപ്രവാളപദ്യവുംകൂടി ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു:–

“മഞ്ഞപ്പട്ടുടയാടയും മുരളിയും ചാലിന്ദ്രനീലാഭയും,
മഞ്ജുശ്രീയിൽക്കുചാലേ്ശ്വതരിയു മാറതിൽ മിന്നുന്ന മുത്തും ഹാരം!
ഉന്നതിന് കണ്ഠമാലയും കരികളും കണ്ഠികരെ വെണ്ണയും
കണ്മഷക്കുറ്റികൊണ്ടെഴുതിയ നീൾകണ്ണികളും കാണ്മാൻ സദാ കാമയേ.”

“സുഭദ്രാർജ്ജുനം” മുതലായ കൃതികൾ നിർമ്മിച്ച തോട്ടയ്ക്കാട്ട് ഇക്കാവമ്മ അടുത്തകാലത്തു ജീവിച്ചിരുന്ന സുപ്രസിദ്ധയായ ഒരു കവയിത്രിയത്രെ.

‘മല്ലാക്ഷീമണിയായ മാമ സമരം ചെയ്തീലയോ? തേർ തെളി–
ച്ചില്ലേ പണ്ടു സുഭദ്ര? പാരിതു തിരിക്കാനില്ല വിദ്വാനിയോ?
മല്ലാക്ഷീമണികൾക്കു പാടവമിരിക്കുമ്പോൾ ധരിത്രീതലേ
ചൊല്ലേറും കവിതയ്ക്കു മാത്രമിവരാളല്ലെന്നു വന്നീടുമോ?’

എന്നുള്ള നാന്ദിയോടുകൂടി രംഗപ്രവേശനം ചെയ്ത ആ മഹതി കേരളീയ വനിതാലോകത്തിൽ അത്ഭുതപൂർവ്വമായ ഒരു ഉണർവ്വു വരുത്തിയിട്ടുണ്ടെന്നുള്ളതിൽ രണ്ടുപക്ഷമില്ല.

ശ്രീമതി കെ. എം. കുഞ്ഞുലക്ഷ്മിക്കുട്ടിഅമ്മ, കാവ്യലോകത്തിൽ ലബ്ധപ്രതിഷ്ഠനേടിയിട്ടുള്ള ഒരു കാവ്യകർത്രിയാകുന്നു. പുരാണചന്ദ്രിക അവരുടെ ഒരു പ്രധാന കൃതിയാണ്. ശ്രീമതി തൈക്കണ്ടത്തു കല്യാണിക്കുട്ടിയമ്മ ചന്ദ്രതേയി, സുമതി മുതലായ പല കവിതകളും എഴുതിപ്രസിദ്ധയായിത്തീർന്നിട്ടുള്ള ഒരു മാന്യകവയിത്രിയാകുന്നു.

ശ്രീമതി കടത്തനാട്ട മാധവിയമ്മ കാവ്യലോകത്തിൽ സുപ്രസിദ്ധയത്രെ. ദേശാഭിമാനത്തേയും ഭാഷാഭിമാനത്തേയും പ്രോജ്ജ്വലിപ്പിക്കുന്ന അനേകം കവിതകൾ നിർമ്മിച്ച് ഈ മാന്യകവയിത്രി ഭാഷാഭഗവതിയ്ക്ക് ഉപഹാരമായി നൽകിയിട്ടുണ്ട്. "കവനകൌമുദി" മുതലായ മാസികകളിൽ ഒരു കാലത്ത് ഈ മഹതിയുടെ വിഹാരം ധാരാളമായിരുന്നു. സന്ദർഭാനുഗുണമായ ഭാവപ്രകടനത്തിൽ മാധവിയമ്മ അതിചതുരയാണ്. 'മുറിച്ചിട്ടമാവ്' വീണപൂവിനെ അനുകരിച്ച് എഴുതിയിട്ടുള്ള ഒരു സരസകൃതിയത്രെ.

'ചിരവും സുഖവാസമയാൾ സ്വയം— ഹത! ഏതാകിലെ മാനമാതാമൻ
ബത! കാശിനവാഴി നിൻ്റെമേൽ—ശിരസ്സാം പാഴ്മഴ തല്ലിയൊടിയെയോ?'

എന്നു തുടങ്ങിയ പദ്യങ്ങൾ അത്യന്തം ഹൃദയദ്രവീകരണസമർത്ഥങ്ങളാണെന്നു പറയേണ്ടതില്ലല്ലോ.

ആധുനിക കാലത്തു കാവ്യലോകത്തിൽ ഏററവുമധികം പുകളൊളിപരത്തിയിട്ടുള്ള മൂന്നു കവയിത്രികളാകുന്നു, ശ്രീമതിമാരായ മേരി ജോൺ തോട്ടം, ബാലാമണിയമ്മ, ലളിതാംബിക അന്തർജ്ജനം എന്നീ വനിതാരത്നങ്ങൾ.

മേരി ജോൺ തോട്ടം.

ഭാഷാകവനസരണിയിൽ നിസ്സർഗ്ഗരമണീയമായ സ്ഥാനം നേടിയിട്ടുള്ള ചുരുക്കം ചില വനിതാരത്നങ്ങളിൽ പരമാദരമായ സ്ഥാനമർഹിക്കുന്ന ഒരു കവയിത്രിയാണ് ശ്രീമതി മേരി ജോൺ തോട്ടം.

"സമസ്തനായ സീസറും പ്രസിദ്ധനായ ഹോമറും
സമത്വമററ സോളമൻ തുടങ്ങിയുള്ള വിജ്ഞരും
അമർത്ത്യരായി കാലം ഗ്രസിച്ചതിനെന്നിലി,
നമുക്കു പിന്നെയുള്ള ഗതി, മാററമൊന്നുമില്ലിതിൽ."

എന്ന പരമസത്യത്താൽ സന്യാസിനിജീവിതം വരിച്ച്, സിസ്റ്റർ മേരി ബനീഞ്ഞാ എന്ന നാമധേയം സ്വീകരിച്ചിട്ടുള്ള ഈ മഹതിയിൽനിന്ന് അനേകം ഖണ്ഡകവിതകൾ കൈരളിക്കു ലഭിച്ചിട്ടുണ്ട്. അവയിൽ ഗീതാവലിയും, കവിതാരാമവും പല കാവ്യഖണ്ഡങ്ങളെയും സമാഹരിച്ചു പ്രസിദ്ധം ചെയ്തിട്ടുള്ളവയാകുന്നു. ഹൈന്ദവമല്ലാത്ത വിഷയങ്ങളെ ആധാരമാക്കി പാശ്ചാത്യരീതിയിലുള്ള മനോഹരകവനങ്ങൾ നിർമ്മിക്കുന്നതിലാണ് ഈ ശ്രീമതി അധികം ശ്രദ്ധവെച്ചിട്ടുള്ളത്. പക്ഷേ, ഹൈന്ദവമായ കവിസങ്കേതങ്ങളെ സ്വീകരിക്കുന്നതിൽ അവർ യാതൊരു വൈമുഖ്യവുമില്ലെന്നുള്ളതിന്,

"ഉർവ്വശി മേനക രംഭ തുടങ്ങിയ — സ്വർഗ്ഗവരാംഗനമാരന്നു"

എന്ന തുടങ്ങിയുള്ള ഉദാഹരണങ്ങൾതന്നെ തെളിവുകളാകുന്നു.

ശ്രീമതി മേരിയുടെ വർണ്ണനാവൈദഗ്ദ്ധ്യത്തെയും, കല്പനാവൈഭവത്തെയും ഉദാഹരിക്കുന്ന ചില ഭാഗങ്ങൾ കീഴെ ഉദ്ധരിക്കാം:–

"സമ്പൂർണ്ണനാകിയുമിരാൻ നിജവാലവിളി–
ട്ടിമ്പത്തിനൊത്തു കയറും കളിവട്ടകിളി;
ഇമ്മേ തുടങ്ങിയിവരങ്ങനെയാർത്തിടുന്ന
സമ്പാദ്യമേറുമവരും കരവിട്ടു തെല്ലും. (വേമ്പനാടൻ)

'നീലപ്പട്ടു വിരിച്ചതിന്റെ നടുവിൽ "ഗ്യാസ്‌ലൈറ്റു" വെച്ചതുവും
ചേലെഴുന്നൊരു രത്നജാലമതിമേൽ ചുറ്റും വിരിച്ചിട്ടപോൽ
ചേലയ്ക്കൊന്നൊരു ചന്ദ്രനെയുമതുപോൽ നക്ഷത്രജാലത്തെയും
താലോലിച്ചു വഹിച്ചുകൊണ്ടു വിലസീടുന്നു നഭോമണ്ഡലം.'

(ഇതല്ലേ കാണേണ്ടതു!)

'അസ്തപ്പൂച്ചിനകത്തു നേർത്ത മിന്നൽപ്രഭ പറ്റിൽപരം
പകൽസൂര്യനഴാതെ പൊന്തുമഴകേറീടുന്ന ശാന്ത്രങ്ങളും
അരം വൈരക്കല്ലുകളെല്ലാമൊയ്യു വെടിയും മണ്ണിന്നടിയിൽ വിവിധം
ശബ്ദിക്കുന്നോരോ നാൾ ശയിക്കമഖിലം മണ്ണോടു മണ്ണായിടും.'

(സായാഹ്നത്തിലെ ഏകാന്തയാത്ര)

'പച്ചപ്പട്ടുടനെ വിരിച്ചതുപോലെയേറ്റം— കൺകുളിർത്തീടുമാ പുൽപ്രദേശം
മാലകളില്ലാതൊരു വനങ്ങൾപോലെയാം— നീളത്തിലങ്ങു കിടന്നിടുന്നു.
ലോകമാം വിദ്യാലയത്തിലെ കുട്ടികൾക്കാകവേ ചേർന്നു കളിപ്പതിന്നായ്
സന്തോഷപൂർത്തി നല്ലു കളിത്തട്ടു— ഭൂവാസ്തുശില്പി ചമച്ചതാവാം.'

(കവിതാകാമിനി)

ശ്രീമതി മേരിയുടെ ഖണ്ഡകവിതകളിൽ ഏറ്റവും പ്രധാനസ്ഥാനമർഹിക്കുന്നവ പ്രഭാവതി, ലോകമേ യാത്ര, സ്വർഗ്ഗീയസ്വയംവരം മുതലായവയാണ്:

'തരുണീമണികൾക്കു പ്രേമമുഴിയാത്തുള്ള രാഗം
പുരുഷരിലൊരുനാളും കാണ്മതില്ല'

എന്നുള്ള തത്വത്തെ ഉദാഹരിക്കുന്ന ഒരു കഥയാണ് പ്രഭാവതി.

'ഒരുത്തി നല്ല സുന്ദരാംഗി സാദ്ധ്വിഗുണത്തിലും
പെൺമണികളിൽ ചേർന്നിടുന്ന മോഹനാംഗിമാർമണി
വിരിച്ചമെത്ത തന്നിലങ്ങിരുന്നിടുന്നു, ദീപമാ—
ണന്നറിഞ്ഞിടുന്നതുള്ളതന്നെ മങ്ങി മങ്ങിയപ്പോഴും'

കാമുകപരിത്യക്തയായ ആ പ്രഭാവതിയുടെ ദുരന്തചരിത്രം ഹൃദയസ്പൃക്കായ രീതിയിൽ വർണ്ണിക്കുന്നതിന് ഈ കവയിത്രിക്കു സാധിച്ചിട്ടുണ്ട്. കേവലം സങ്കല്പകല്പിതമായ

ഒരു കഥയാണെങ്കിൽതന്നെയും, പ്രസാദിനി ഭാവുകന്മാരെ ത്തന്നെ പുളകംകൊള്ളിക്കുന്ന ഒരു കവിതയാണെന്നു പറയുവാൻ മടിക്കേണ്ടതില്ല. കവയിത്രിയുടെ കന്യകാമഹാപ്രഭാവത്തെയും, ദൃഢവ്രതത്തെയും വർണ്ണിക്കുന്ന രചിച്ചിട്ടുള്ള ശ്ലോകങ്ങൾ മാത്രം, സംഗീതസാഹിത്യം എന്നിവയും തത്വജ്ഞാനവും അനുഭവവൈവിധ്യവും സമ്മേളിച്ചിട്ടുള്ള രണ്ടു കൃതികളുമാകുന്നു.

മേൽപ്പറഞ്ഞതുകൂടാതെ, ചെറുപ്പത്തിന്റെ ബാല്യകാലസ്മരണകൾ, ഭാരതപ്രസാദം, വിധിവൈചിത്രം, ആത്മാവിന്റെ [illegible] ആയ ഖണ്ഡകാവ്യങ്ങളും ഈ കവയിത്രിയുടെ [illegible] അന്യാദൃശമായ വർണ്ണനാരീതികൊണ്ടും, [illegible] ഭാവവിലാസംകൊണ്ടും, [illegible] ശബ്ദസൗന്ദര്യങ്ങൾകൊണ്ടും, വികാരത്തിന്റെ തീവ്രതകൊണ്ടും മനോഹരമായ ഒരു വിശിഷ്ടകൃതിയാണ് സ്നേഹഗീത. പ്രപഞ്ചത്തിന്റെ ബഹുമുഖങ്ങളായ പ്രലോഭനങ്ങൾക്കു മദ്ധ്യേ ജീവിതയാത്രചെയ്യുന്ന കവയിത്രി, മുമുക്ഷുവായി 'അറയിൽ തിരിയും കൊളുത്തി' കുറെക്കാലം അസഹ്യമായ വിരഹദുഃഖം സഹിച്ച് പ്രിയനെ കാത്തു ദിനങ്ങൾ പോക്കിയിട്ടും കാണായ്കയാൽ, തന്റെ ആത്മനാഥനെ അന്വേഷിക്കുകയും, അത്യുൽക്കണ്ഠയോടെ വരഗൃഹത്തിലേയ്ക്കു തിരിക്കുകയും, മന്ദിരപ്രദേശത്തിലുള്ള ആകാംക്ഷയോടുകൂടി പ്രാന്തപ്രദേശത്തുള്ള പൂവാടിയിൽ വിഹരിക്കുകയും ചെയ്യുന്നു. ഇതാണ് സ്നേഹഗീതയിലെ വിഷയം. പ്രഥമഗ്രന്ഥത്തിൽ കവയിത്രിയുടെ ആത്മാനുഭവങ്ങളും, കന്യാകാ

ലയജീവിതവുമാണ് ഇതിലെ പ്രമേയമെന്നു പറയാം. എന്നാൽ, ജഡികങ്ങളായ വ്യാമോഹങ്ങളിൽനിന്നു നിർവൃതിനേടി സച്ചിദാനന്ദസ്വരൂപനെ പ്രാപിക്കുവാൻ ബദ്ധപ്പെടുന്ന ഒരു ശുദ്ധാത്മാവിന്റെ മനോഹരമായ വർണ്ണനവുമാണിക്കൃതി. അങ്ങനെ ഡാന്റിയുടെ 'ഡിവൈൻ കോമഡി'പോലെ അതുല്യമായ ഒരു മിസ്റ്റിക് കവിതയത്രെ മേരിയുടെ സ്നേഹഗീത. മലയാളത്തിൽ ഇത്ര സമഗ്രവും ഗുണപുഷ്കലവുമായ ഒരു മിസ്റ്റിക്കാവ്യം വേറെ ഇല്ലെന്നു തന്നെ പറയാം. പാവനവും നിഷ്കളങ്കവുമായ സനാതന പ്രേമത്തിന്റെ അനന്യസാധാരണവും അതിരമണീയവുമായ ഒരു നിസർഗ്ഗരൂപമാണ് സ്നേഹഗീതയിൽ ദൃശ്യമാകുന്നത്. സ്ഥാലീപുലാകന്യായേന, ചില ശ്ലോകങ്ങൾ ഇവിടെ ഉദ്ധരിക്കാം:-

ഇരുളാന്തിര തന്റെ പിന്നിലായ് — ന[illegible] നടിന്നിനകൊണ്ടിതാ
അമ്പരന്നതിനാ കൊപ്പുരാന്തിൽ — [illegible] സമാഗമതിപ്പൊഴും! II—5

മതിയിങ്കലി [illegible] — യുലക[illegible]ദ്വയത്തിനു ഉന്നമെ
വരികെന്നരികത്തു വല്ലഭാ — അതുവേണേൻ എന്റെ നിനക്കു മനേൻ. II–10

കളിയല്ലനുരാഗബാധയാ — ലുഴലുന്നേനിവൾ ജീവനായകാ!
അരുളേകയിനിയും വിളംബമെന്ത്–കരുണാസാഗര! സാധ്വിയാണിവൾ II–12

നരകത്തിലുമെന്റെ നാഥനെ — യരികിൽ കണ്ടതു സായൂജ്യമതിലേറെ
എതിരില്ലാതിരുന്നതൊന്ന് — പുതുമാമേതരത്താസ്ഥനെയാണിതോ. II–35

ഉണരുക സഖേ, സുമംഗലേ നീ — യുണരുക, നീലസരോജലോചനേ
മതിമുഖിമണി നീ ഉറക്കമോ — മനം വാടിപ്പറമ്പോ പുറപ്പെടാം നമുക്ക്. III–5

സ്ഥിരവാസമിതല്ല സഖ്യമാവും — വരുവാനാണു കലങ്ങരുന്നു ശേഷം
ഉണരുക [illegible] — മറിമനമുണ്ടോ [illegible] താമസിക്കാം. III–6

അയിവരിക ലോകപാലയോനിധേ! ഞാൻ—പാവമശരണയാണവലംബമാരുമില്ല
ഇരുളു വിജനവനം, തളമാർന്നതാൻ–വഴിയറിയാതലഞ്ഞിട്ടുമില്ല. IV-43

കരലതകൾ വിടർത്തു മാറിടത്തിൽ—പ്രിയതമനന്നണച്ചു; രണ്ടുപേരും
നരകുലമറിയാത്ത ദിവ്യരാഗ—പ്രചുരിമയോടെ പരസ്പരം പുണർന്നു. IV-86

പതിയുടനരുൾചെയ്തു 'വല്ലഭേ! നീ—കനകവെടിയാതിഹ നിന്റെയൊപ്പമല്ലോ
ഞാനീമിഴിയിണയാർന്നതെന്നും നിനക്കായ്-പ്രതികരണാഭമായി ദൃശ്യമാകം. IV-108

അനുരാഗരതി ഭാഗ്യപ്പെട്ടവയ് നീ—ഭുവനതലസീമനി സഞ്ചരിച്ചിടേണം
വിരഹമൊരുമിനിയില്ല, ജീവിതത്തിൽ—ഉരിയരുമയില്ല നിനക്ക മേലിലൊന്നും.

ഇങ്ങനെ ഉദ്ധരിക്കുവാൻ തുടങ്ങിയാൽ ഈ മനോഹരകാവ്യം മുഴുവൻ പകർത്തേണ്ടിവരും. സാത്വികമായ ശൃംഗാരം അതിന്റെ വിപ്രലംഭാവസ്ഥയിൽ സമഗ്രമായും, സംഭോഗാവസ്ഥയിൽ സമഷ്ടിയായും അതിപ്രഗത്ഭമായി ഈ കാവ്യത്തിൽ വർണ്ണിച്ചിട്ടുണ്ട്. പ്രണയത്തെ – ദിവ്യപ്രേമത്തെ – ആദ്ധ്യാത്മികവും, നിത്യാനന്ദമയവുമായ ഉന്നതപദത്തിലേയ്ക്കുയർത്തുവാൻ, അതിന്റെ ദിവ്യമാധുരിയെ സങ്കുചിതമായ ലൗകികതാനികരങ്ങളിൽ തളച്ചുനിർത്താതിരിക്കുവാൻ, അഭിനന്ദനീയമായ യത്നം ചെയ്തിട്ടുള്ള കേരളീയ കാവ്യകാരരിൽ കനിഷ്ഠികാധിഷ്ഠിതമായ സ്ഥാനം പ്രസ്തുതകാവ്യംവഴി സിസ്റ്റർ ബനിഞ്ഞ–മേരിജോൺ തോട്ടം– കരസ്ഥമാക്കിയിട്ടുണ്ടെന്ന് അസന്ദിഗ്ദ്ധമായിപ്പറയാം. 'സായാഹ്നംവരെ യാതനാഗ്നനാളമിച്ച്' ആശ്രമവാടികകളിൽത്തന്നെ വാഴുവാൻ ദൃഢനിശ്ചയംചെയ്തിട്ടുള്ള ഈ യുവയോഗിനി അവരുടെ വാഗ്ദാനമനുസരിച്ചു കേരളീയരെ 'ദിവ്യപ്രേമസുധാബ്ധിയിൽ' ആറാടിക്കുന്ന അനേകം സൽകാവ്യങ്ങൾ ചമച്ച് ആനന്ദിപ്പിക്കുമാറാകട്ടെ!

നാലപ്പാട്ട് ബാലാമണിയമ്മ.

കാവ്യകർത്രികളായ ഇന്നത്തെ കേരളീയവനിതകളിൽ എന്തുകൊണ്ടും അഗ്രപൂജയെ അർഹിക്കുന്ന ഒരു ശ്രീമതിയാണ് നാലപ്പാട്ട ബാലാമണിയമ്മ. "കൂപ്പുകൈ"യുമായി സാഹിത്യക്ഷേത്രത്തിൽ പ്രവേശിച്ച്, "സ്ത്രീഹൃദയം" വ്യക്തമാക്കി, "അമ്മ"യായും, അനന്തരം "കുടുംബിനി"യായും മാറി "ധർമ്മമാർഗ്ഗത്തിൽ" വർത്തിക്കുന്ന ഈ മഹതിയുടെ കൃതികൾ ഓരോന്നും അകൃത്രിമമായ ഭാവത്തിന്റെയും, അതിസുന്ദരമായ ഭാവനയുടെയും വിലാസരംഗങ്ങളാകുന്നു. കൂപ്പുകൈ ബാലാമണിയമ്മയുടെ പ്രഥമകൃതിയാണെന്നു സൂചിപ്പിച്ചുവല്ലൊ. വിവിധവൃത്തങ്ങളിലായി എഴുതിയിട്ടുള്ള അനേകം കാവ്യഖണ്ഡങ്ങളുടെ സമാഹാരമാണ് പ്രസ്തുത കൃതി. വാസനയുടെ ചെല്ലസ്സന്താനമാണ് ഈ കവയിത്രിയെന്ന് അതിലെ ഓരോ കവിതയും വിളിച്ചുപറയുന്നു. യാത്രാനുവാദം, സ്വപ്നം, ഗൃഹിണി എന്നു തുടങ്ങിയ പത്തു ചെറുകവിതകൾ ഉള്ളടക്കിയിട്ടുള്ളതാണ് സ്ത്രീഹൃദയം. 'അവയിൽ ഒററയൊററ വികാരങ്ങൾ, ഇടയ്ക്കു പതറാതെ, പടി പടിയായി വളർന്നു പരകോടിയോളം എത്തി, പെട്ടെന്നു നിലകൊള്ളുന്നു. അധികപ്പററായോ, അസ്വാഭാവികമായോ യാതൊന്നും അവയിലില്ല' എന്നു പ്രസ്തുത കൃതിയെപ്പററി പ്രൊഫസർ, ജോസഫ് മുണ്ടശ്ശേരി അവർകൾ പ്രസ്താവിച്ചിട്ടുള്ളത് അധികം അതിശയോക്തി കലരാത്ത ഒരു പരമാർത്ഥമാണ്. ശിശുപരിപോഷണത്തിന്റെ ഓരോ ഘട്ടങ്ങളെയും വികാരതരളിതമായവിധത്തിൽ ചിത്രണം ചെയ്തു വെച്ചിട്ടുള്ള പത്തു രംഗങ്ങളാണ് അമ്മയിലുള്ള

ത്ത്. ശിശുക്കളെ മുൻനിറുത്തിയുള്ള ജീവിതതത്വാന്വേഷ
ണത്തിൽ അതികാമ്യമായ്ത്തന്നെ കവയിത്രി കുറെയ
ധികം ഇതിൽ യത്നിച്ചിട്ടുണ്ട്. ഓമനക്കുഞ്ഞുങ്ങളുടെ
ഇളംചുണ്ടുകളിൽനിന്നു പുറപ്പെടുന്ന ബാലിശവചസ്സു
കളെയും, അവരുടെ പാവനമുഖങ്ങളിൽ പരിസ്ഫുരിക്കു
ന്ന ഭാവവിലാസങ്ങളെയും സൂക്ഷിച്ചു നിരീക്ഷിച്ച് ഒരു
കവയിത്രിയുടെ നിലയിൽ ചിത്രീകരിക്കുകയും, ഒരു അ
ധ്യാത്മജ്ഞാനിയുടെ നിലയിൽ വ്യാഖ്യാനിക്കുകയും ചെ
യ്യുന്ന ഒരു കൃതിയാണ് കുടുംബിനി. ഒരു കുടുംബിനിയ്ക്ക്
അവരുടെ ജീവിതത്തിൽ ഉണ്ടായിട്ടുള്ള വിവിധാനുഭവ
ങ്ങളിൽ ഓരോന്നിനെയും പ്രത്യേകം പ്രത്യേകമായി വ
ർണ്ണിച്ചുകാണിക്കുകയാണ് ധർമ്മമാർഗ്ഗത്തിൽ കവയിത്രി
ചെയ്തിട്ടുള്ളത്.

ശ്രീമതി ബാലാമണിയമ്മയുടെ കൃതികൾ എല്ലാം
തന്നെ ഭാവനയുടെ ഭംഗികൊണ്ടും, വൃത്തങ്ങളുടെ വൈ
ചിത്ര്യംകൊണ്ടും, ശയ്യയുടെ മാർദ്ദവംകൊണ്ടും ബഹിരന്ത
സ്സരസമായ ദ്രാക്ഷാപാകത്തിലുള്ളവയാണ്. ഒരു സ്ത്രീ
യുടെ — മാതാവിന്റെ — കുടുംബിനിയുടെ — യഥാർത്ഥമാ
യ മനോഭാവം, അവരുടെ സകല കവിതകളിലും പ്രത്യ
ക്ഷമായും പരോക്ഷമായും കളിയാടുന്നതു കാണാം. ബാ
ലാമണിയമ്മയുടെ കവിതയെ ഇതരകൃതികളിൽനിന്നു
വ്യാവർത്തിച്ചു കാണിക്കുന്ന പ്രധാനധർമ്മവും അതുത
ന്നെ. തന്നെയുമല്ല, പലതിലും നൂതനചിന്തകളെ ആ
വിഷ്കരിക്കുവാനുള്ള യത്നവും സാധാരണമാകുന്നു. വിമ
ലപ്രേമമയമായ ദാമ്പത്യജീവിതത്തിന്റെ കുടിഞ്ഞൂൽ

ഫലത്തെ മാത്രമിൽവെച്ചാരാധിക്കുന്ന ഒരു മാതാവി ന്റെ ഹൃദയവേദിയിൽനിന്നും ഉതിച്ചുയരുന്ന വിചാര ഗതി ഇങ്ങനെയാണ്:—

'ഒപ്പമിനിയപ്പൂവുകളോരോന്നും
തൃപ്തിതടങ്ങളു കരുണാദുഃഖം;
മാതൃമാത്രത്തിൽ നിരന്തരമെന്നോമന,
ശാരദനാളത്തെപ്പൂർണ്ണമാക്കാൻ.'

കുട്ടി പിച്ചവെച്ചു നടക്കുന്ന അവസരത്തിന്റെ ഒരു വ ർണ്ണനയാണിത്:—

'ഉണ്ണാട്ടെ പോത്'താതനെ'ന്നാളുന്നോരാൽ കൊഞ്ചി
ഉദ്യാനരത്നത്തിലൊട്ടുപ്പുറത്തിരി;
'കൊച്ചുമ്പ്രാന്തിലെ'ന്നാദരാൽതിരപ്പറ്റ
കാതിലുലയുന്ന തങ്കത്തോടകൾ;
വീണ്ടും ദ്രുതിതകണ്ഠാനന്ദം കാണിച്ചു
വിശ്രമം തേടുന്ന പിഞ്ചുകാൽകൾ;
'എന്നെ സ്വർഗ്ഗമെടുക്ക'യെന്നു താനമർത്തി—
തെറ്റുവിളിച്ചു കണ്ണീരുകൾ;
ദൈന്യസംഭരിത കാരുണ്യത്തെതി—
നീ മണവാക്യങ്ങൾ സുഗന്ധങ്ങൾ.'

ശിശുപ്രകൃതിയെ സൂക്ഷിച്ചു നിരീക്ഷിച്ചിട്ടുള്ളവർക്ക്—ശിശുക്കളോട് ഇടപെട്ടുള്ള ഒരു ജീവിതം നയിച്ചിട്ടുള്ളവർക്ക്— ഈ വരികളിലെ ആശയസ്വരൂപം ഹസ്താമലകംപോലെ ഉള്ളിൽ പ്രതിബിംബിച്ചു കാണാവുന്നതാണ്. നിഷ്കളങ്കാത്മാവായ ശിശുവിനെ പിച്ചനടക്കാൻ പരിശീലിപ്പിക്കുന്ന മാതാവ്, ആ കൃത്യത്തിൽ താൻ അനർഹയാണെന്നു നിർണ്ണയിക്കുകയും, ഒടുവിൽ ഇങ്ങനെ സമാധാനപ്പെടുകയും ചെയ്യുന്നു:-

'അന്യോന്യ മാത്സര്യം വിധിച്ചാവാ-
മസൂയ മർത്ത്യനെ നൽകി ദൈവം.'

ഇനി വേറൊരു രംഗം. തൊട്ടിലിൽ കിടക്കുന്ന കൊച്ചനിയത്തിയെ, അമ്മയുടെ തടസ്സം വകവെയ്ക്കാതെ കൊച്ചുസോദരൻ ചെന്നു താലോലിക്കുന്നു:-

'ആമ്പൽത്തണ്ടുകൾകൊണ്ടു പിടിക്കയാൻ-
പ്പിഞ്ചുകയ്യിൽപ്പൊൻവള ചാർത്തിച്ചും,
തൻ തലോടലാൽ ചുളച്ചുവരും
കാതുകളിൽ കൈതപ്പൂ ചൂടിച്ചും,
നെഞ്ചിടത്തിൽ പ്പൂമാലയണിയിച്ചും,
നെറ്റിമേൽപ്പുരു ഗോരോചനം തേച്ചും,
കൈനഖകാന്തികൊണ്ടു തളിരിളം-
കാലിൽ വെള്ളിച്ചിലങ്കയിട്ടുവിച്ചും,
പൈതലിൻ മെയ്യലങ്കൃതമാക്കി, തൻ-
സ്സോദരനവ വിരുതു തികഞ്ഞ നേരം.
ഉണ്ണിത്തന്റെയിക്കേളികൾ കാൺകയാൽ-
കണ്ണിലാനന്ദബാഷ്പം പൊടിഞ്ഞാലും,
അമ്മ ശാസിച്ചാൾ:— "നിൻചളിക്കയ്യുകൊ-
ണ്ടമ്മുവിൻ പൊന്നുമേനി തൊടായ്കനീ"
വാക്കുകളാൽക്കരി പുരട്ടപ്പെടുന്നു,
വാത്സല്യമനോഭാവം പലപ്പോഴും.'

ശിശുപ്രകൃതിയും മാതൃഹൃദയവും ഇവിടെ എത്ര മനോജ്ഞമായി ചിത്രണം ചെയ്തിരിക്കുന്നു!

ദാമ്പത്യം, മാതൃത്വം എന്നിവയിൽ കവയിത്രി കാണുന്ന ദിവ്യവും ഭവ്യവുമായ നില ഇന്നത്തെ പരിഷ്കാരികളിൽ ചിലർക്കു മന്ദഹാസജനകമായിരുന്നേയ്ക്കാം. എ

ന്നാൽ കാലമാണല്ലൊ എല്ലാവരേയും കണ്ണു തുറപ്പിക്കുന്നതു്.

ദാമ്പത്യജീവിതത്തിലെ എല്ലാ വശങ്ങളും, അഥവാ എല്ലാ ദാമ്പത്യജീവിതവും സുരഭിലമാണെന്നു കവയിത്രി കരുതുന്നില്ല. അതിന്റെ നാരകീയവശങ്ങളും അവരുടെ ദൃഷ്ടിയിൽ പെടുന്നുണ്ടു്:-

> 'ദാരിദ്ര്യം മഥിച്ചുമരണോന്നം ക്ലേശിച്ചും
> പാരമുറങ്ങാത്തവർ കൊറ്റകളാലേ
> ദാമ്പത്യാമോദസൗഭാഗ്യമേതുമേ-
> ന്നനുഭവിക്കാത്തവരായിരംപേർ.' (നിഴലുകൾ)

എന്നു് അത്തരം ദമ്പതിമാരുടെ ദയനീയസ്ഥിതിയിൽ അവർ സഹതാപം പ്രദർശിപ്പിക്കുകതന്നെ ചെയ്യുന്നു.

ബാലാമണിയമ്മയുടെ കൃതികളിൽ ചിലതു് മിസ്റ്റിസിസം എന്നു പറഞ്ഞുവരുന്ന നിഗൂഢാർത്ഥപ്രതിപാദന സമ്പ്രദായത്തെ ഉദാഹരിക്കുന്നവയാണു്. ധർമ്മമാർഗ്ഗത്തിൽ, പനിനീർപ്പൂ പറിക്കുന്ന ഓമനസ്സന്താനം, വിമാനയാത്ര ചെയ്യുന്ന കവി എന്നതുടങ്ങിയ കവിതകളിൽ വാച്യാർത്ഥത്തിനു പുറമെ, ആഭ്യന്തരമായ അർത്ഥത്തെക്കൂടി ഉള്ളടക്കം ചെയ്തിട്ടുണ്ടു്.

ബാലാമണിയമ്മ പദ്യസാഹിത്യത്തിന്റെ പല ശാഖകളിലും അനർഹമായി പ്രവേശിക്കുവാൻ ഉദ്യമിച്ചിട്ടില്ലെന്നുള്ളതു് അവൎക്കു് ഒരു ന്യൂനതയല്ല. വാസ്തവത്തിൽ ഭാഷാകവിതയ്ക്കു് അതൊരനുഗ്രഹംതന്നെയായിത്തീർന്നിട്ടുണ്ടു്. സ്വന്തം ആശകളേയും ആശയങ്ങളേയും ഒരേ മാർഗ്ഗത്തിൽക്കൂടി നയിക്കുവാനാണു് അവർ ഇതേവരെ യ

ന്നിച്ചിട്ടുള്ളതു്. ധൎമ്മമാൎഗ്ഗത്തിൽക്കൂടിയുള്ള അവരുടെ ആ പ്രയാണം, അവൎക്കും കൈരളിക്കും ശ്രേയസ്കരമായിത്തീരുമെന്നുതന്നെ നമുക്കു വിശ്വസിക്കാം.

ലളിതാംബിക അന്തൎജ്ജനം.

ലളിതാഞ്ജലി, വഞ്ചിരാജേശ്വരി, ഓണക്കാഴ്ച, മുതലായ സൽകവിതകൾകൊണ്ടു കാവ്യദേവതയെ പ്രസാദിപ്പിച്ചുകഴിഞ്ഞിട്ടുള്ള ഒരു മാന്യകവയിത്രിയാണു ശ്രീമതി ലളിതാംബിക അന്തൎജ്ജനം. കേവലം ഒരു കാവ്യകൎത്ത്രി എന്ന നിലയിൽ മാത്രമല്ല, ഒന്നാംതരം സമുദായപരിഷ്കൎത്ത്രി എന്ന നിലയിൽക്കൂടി ഈ ശ്രീമതിക്കു സാഹിത്യലോകത്തിൽ ശ്രേഷ്ഠമായ സ്ഥാനമുണ്ടു്. ഈ മഹതിയുടെ അനേകം ചെറുകഥകൾ— ഈ വിഷയത്തിൽ പ്രത്യേകം പ്രസിദ്ധിയുള്ളവയാണു്. സ്ത്രീകളുടെ— വിശേഷിച്ചു് അന്തൎജ്ജനങ്ങളുടെ — അവശതകളെ തുറന്നുകാണിച്ചു തൽപരിഹാരത്തിനു ശ്രമിച്ചിട്ടുള്ള കേരളീയ കവയിത്രികളിൽ ശ്രീ. ലളിതാംബിക അന്തൎജ്ജനം സൎവ്വപ്രകാരേണയും മുന്നണിയിൽത്തന്നെ നില്ക്കുന്നു. അന്തൎജ്ജനജീവിതം, ഭ്രഷ്ട മുതലായ കവിതകൾ ഇതിലേയ്ക്കു് ഉപോൽബലകങ്ങളത്രെ. “അന്തൎജ്ജനജീവിത”ത്തിൽ, നമ്പൂതിരിമാരുടെ കുടുംബജീവിതത്തെ പൊതുജനജീവിതത്തിൽനിന്നും മറച്ചുവെയ്ക്കുന്ന തിരശ്ശീല മാററി, മുന്ന ദയനീയ ചിത്രങ്ങൾ പ്രദൎശിപ്പിക്കുകയാണു് കവയിത്രി ചെയ്തിട്ടുള്ളതു്. “ഭ്രഷ്ട”യിൽ സ്ത്രീജനങ്ങളുടെ ദുസ്സഹമായ അവശതയെ ചിത്രീകരിക്കുന്നതോടുകൂടി പരമ്പരാജന്യമായാലെല്ലാം ന്യായമാണെന്നു കരുതുന്ന മനുഷ്യനീതിയെ

— നിരാധാരജനങ്ങളിൻ കതിരകയറുന്ന ലോകത്തിന്റെ ദുരാചാരപ്രപീഡനത്തെ–സഹോദരീസ്നേഹത്താൽ പ്രേരിതയായി ഒരു നീതിവാദവിദഗ്ദ്ധയെപ്പോലെ നിരൂപണം ചെയ്കയും, പുരുഷന്മാർ സ്ത്രീകളെപ്പററി ചെയ്യുന്ന നിന്ദയേയും അനീതിയേയും ഒരു അനുഭവസ്ഥയുടെ നിലയിൽ അവഹേളിക്കുകയും ചെയ്യുന്നു. സ്വസമുദായത്തിലെ ഉല്പതിഷ്ണുക്കളായ യുവജനങ്ങളുടെ അന്തഃകരണങ്ങൾ ഉണർത്തുവാൻ ഈ കവിതകൾ ഓരോന്നും തികച്ചും പര്യാപ്തമാണ്.

ശാന്തമായ പരിഹാസരസം ഈ ശ്രീമതിയുടെ കവിതയിൽ പലയിടത്തും കാണാം. മനുഷ്യനെ മാത്രമല്ല, ജഗത്താകെ മയക്കമാ–മഹാമോഹത്താൽ ഗ്രസിതയായി ഗർഭധാരണത്തിനിടവന്ന ഒരു അന്തർജ്ജനത്തിന്റെ നരലോകത്തിലെ നിസ്സഹായനിലയെ വർണ്ണിക്കുന്നിടത്തു കവയിത്രി പ്രയോഗിച്ചിട്ടുള്ള പൊടിക്കൈകൾ നോക്കുക:–

'പരിശുദ്ധ കന്യകയായ് മനുഷ്യകത്തിനുമുന്നിൽ
സ്മരനെന്തിനിന്നിവിധം കുഴപ്പം ചെയ്തു!
അവസരം വരുമന്നേരമാരെയും വിഭ്രമിപ്പിക്കു-
മവിവേകിയ്ക്കാശ്ശം അതറിഞ്ഞുകൂടാ.'

ഇവിടെ മനസിജനെ – അല്ല, ആലോചനാരഹിതമായ ലോകത്തെ – എത്ര മൃദുലവും, എന്നാൽ എത്ര നിശിതവുമായ വിധത്തിൽ കളിയാക്കിയിരിക്കുന്നുവെന്നു നോക്കുക. അതോടുകൂടി മാതാപിതാക്കന്മാർക്ക് വധൂജനങ്ങളുടെ നേരെയുള്ള കർത്തവ്യത്തേയും കവയിത്രി ഉത്തേജകമായ വിധത്തിൽ അനുസ്മരിപ്പിക്കാതിരിക്കുന്നില്ല:–

'പുഷ്പകാലം വന്നണഞ്ഞാൽ പക്ഷേ നിന്റെ വല്ലികളെ
വൃക്ഷമോടണച്ചിടാത്തതാരതെ കഷ്ടം!
ചെയ്തിടേണ്ട കൃത്യം നമ്മൾ ചിലപ്പോൾ മറന്നുപോയാൽ
ചെയ്യുന്നതാരതും ചിലർ ചെയ്തുപോയേക്കും.'

ധർമ്മമാർഗ്ഗത്തിൽനിന്നു വ്യതിചലിക്കാനിടവരാത്ത സ്ത്രീപുരുഷസമത്വത്തെ — പുരുഷനെ അനുഗമിച്ചുള്ള — ഉല്ലംഘിച്ചുള്ളതല്ല, വനിതാസ്വാതന്ത്ര്യത്തെ ഈ ശ്രീമതി ശക്തിയുക്തം കവിതകളിൽ പലപ്പൊഴും പ്രകീർത്തിക്കാറുണ്ട്. ലോകത്തിന്റെ യഥാർത്ഥമായ പുരോഗതിക്ക് ആവശ്യവും അതുതന്നെയാണല്ലൊ. ജീവിതപ്പോരിൽ പുരുഷന്മാർ തങ്ങളുടെ അർദ്ധശക്തിയായ സ്ത്രീവർഗ്ഗത്തെ അകററിനിറുത്തി, അവരെ അനാഥകളും അടിമകളുമാക്കിത്തീർത്ത് സ്വയം പൊരുതുവാൻ തുടങ്ങിയതോടുകൂടിയാണ് ഭാരതത്തിനു പണ്ടുണ്ടായിരുന്ന വീര്യമെല്ലാം ഇടക്കാലത്തു നഷ്ടീഭവിച്ചത്. സത്യഭാമ മുതലായവർ പണ്ട് അടരാട്ടുകൂടി ചെയ്തിട്ടുണ്ടല്ലൊ. 'വല്ലാതല്ലൽ പിണഞ്ഞാൽ വനിതകൾ പരദൈവങ്ങൾ ചൊല്ലു പുംസാം' എന്നുള്ളതു് അനുഭവവേദ്യവുമാകുന്നു. അതിനാൽ ആ പഴയ മഹത്വത്തെ വീണ്ടെടുക്കണമെങ്കിൽ സ്ത്രീകളെ അടുക്കളപ്പണിക്കുമാത്രമാക്കാതെ മന്ത്രശാലകളിലും തന്ത്രശാലകളിലും എന്നല്ല, പുരുഷനു സഹായകമായിത്തീരേണ്ട എല്ലാ കാര്യങ്ങളിലും, എല്ലാസ്ഥാനങ്ങളിലും പ്രവേശിപ്പിച്ചേ മതിയാവൂ. ഈ ആശയത്തെ — ആദർശത്തെ — കവയിത്രി നിർഭയം പ്രഖ്യാപനം ചെയ്യുന്നതു കേൾക്കുക:—

'വരൂ! വരൂ! നീയന്തമതിയിനിമേലേനിന്ന ഭൂമാവേ
വരൂ വരൂ! നാം പിരിയരുതിനായ് കരങ്ങൾ കോർത്തിടാം

അനന്തിരയോടൊടുകടിനിറങ്ങും ഭവാൻ പിന്നാലെ
വരുന്നൊരാത്മജനിവളെയിതന്നെ വൃഥാ വിലക്കാ.
പരാജയം താൻ, പരമജയം താൻ, വരുന്നതെന്താനും
ശരാശരിക്കീവനിതയുമൊരുപോൽ സഹിച്ചിടേണ്ടല്ലീ
അഭ്യുദയം മഹിതമിതിലീ മനോധൈര്യം
പരുഷതകളും പാഴ്മതിലെഴുമാമിടിച്ചു തള്ളീടാൻ
തനിച്ചു നീതാൻ പണിയുകിൽ മതിയോ? തുണ പോരില്ലേ?
ഇനിമേലൊരാളിവളുടെതിന്നായ് പ്രവൃത്തി ചെയ്യട്ടെ.
മകളേ! നിനക്കുയർച്ചയിൽ വഴിച്ചിരുന്ന പോരാടീടാൻ
ശുഭിക്കയാലെന്നതിന്റെ സദാ നാമധേയത്തെല്ലി
നമുക്കു ലക്ഷ്യം സ്വാതന്ത്ര്യമൊരുക്കം നമുക്കു പാദവും
നിനക്കിലൊന്നേ പിന്നെയിതേതിനാണത്രെ ഐക്യം.....
പരസ്പരം നാം പരിചരിക്കുമ്പോൾ പ്രപഞ്ചചക്രത്തിൻ
കരക്കുമേറാൻ! കളയുക ഭീതിയും, കരങ്ങൾ കോർത്തീടാം.
ഉണ്ണീ! ഉണ്ണീ! നീയവസരമതിനായുണർന്നിരിക്ക മോളേ!
ഉണ്ണീ! നമുക്കൊന്നായൊരുമിച്ചിനി പുരോഗമിച്ചീടാം.'

(സഹചാരിണി)

ആശയവും പ്രതിപാദനവും എത്ര ഔചിത്യസമുജ്ജ്വലം! ലാളിത്യം, ഭാഷാശുദ്ധി, ഭാവനാസൗന്ദര്യം എന്നിവ ഈ ശ്രീമതിയുടെ കവിതകളുടെ ഇതരഗുണങ്ങളത്രെ. ഒരു പെററമാതാവ് ഒരു പുത്രിയുടെ ഭാവിയെ എങ്ങനെ അഭിലഷിക്കണമോ അതിന്റെ ഹൃദയംഗമമായ ഒരു ഉത്തമരൂപമാണ് 'പെൺമൈതലിനോട്' എന്ന താരാട്ടിൽ പ്രദർശിപ്പിച്ചിട്ടുള്ളത്.

കവയിത്രിയുടെ ശ്രീവഞ്ചിരാജരാജേശ്വരി, ശ്യാമാസ്തവം, ആശയഭംഗി എന്നിവകൊണ്ട് ഉയർന്നുനില്ക്കുന്ന ഒരു വിശിഷ്ടകൃതിയാകുന്നു. പ്രസ്തുത കൃതിയിൽ ഓരോ സംഭവങ്ങളെ വർണ്ണിക്കുമ്പോഴും അതതിനനുയുക്തമായ വൃത്ത

ങ്ങളെ തിരിഞ്ഞെടുക്കുന്നതിൽ കവയിത്രി പ്രദർശിപ്പി
ച്ചിരിക്കുന്ന വൈദഗ്ദ്ധ്യം അതീവ അഭിനന്ദനാർഹമായിട്ടു
ണ്ട്. ദ്രാവിഡവൃത്തങ്ങൾ ഒട്ടുമിക്കവയും ഈ കാവ്യകർ
ത്രിക്കു നല്ലപോലെ സ്വാധീനമായിട്ടുണ്ടെന്ന് അതിലെ
ഓരോ ഭാഗവും വിളിച്ചു പറയുന്നു. ശ്രീവഞ്ചിരാജേശ്വ
രിയായ പാർവ്വതീഭായി തിരുമനസ്സിലെ ജനനം, ശ്രീചി
ത്തിര തിരുമനസ്സിലെ മഹോത്സവം, കാർത്തികതിരുമേ
നിയുടെ പള്ളിക്കെട്ട് മുതലായ വർണ്ണനകൾ ഏററവും
ഹൃദയാവർജ്ജകമായിട്ടുണ്ട്.

ചുമതലയേറിയ ഒരു പത്നിയുടേയും, മാതാവിൻെറ
യും, കുടുംബിനിയുടേയും നിലയിൽ കാര്യാന്തരവ്യഗ്രയായി
കഴിഞ്ഞുകൂടുന്ന ശ്രീമതി ലളിതാംബിക അന്തർജ്ജനം,
കവിതാദേവിക്ക് അവരിലുള്ള വാത്സല്യത്തേയും ആനു
കൂല്യത്തേയും മേലിലും ആദരിച്ചു വർദ്ധിച്ചുകൊണ്ടിരിക്കു
മെന്നുതന്നെ വിശ്വസിക്കാം.

ശ്രീമതിമാരായ മേരി ജോൺ തോട്ടം, ബാലാമണി
യമ്മ, ലളിതാംബികഅന്തർജ്ജനം എന്നീ കവയിത്രി
മാർ ഭാഷാസാഹിത്യലോകത്തിൽ അവിസ്മരണീയരാ
യിത്തീർന്നിട്ടുണ്ട്. സ്ത്രീകളെ പരാമർശിച്ചുള്ള കവിതകൾ
ഭാഷയിൽ വളരെയധികമുണ്ടെങ്കിലും, സ്ത്രീകൾതന്നെ
വളരെ കവിതകൾ രചിച്ചിട്ടുണ്ടെങ്കിലും, ഒരു സ്ത്രീയുടെ
നിലയിൽ, സ്ത്രീഹൃദയത്തിൽ പ്രതിഫലിക്കുന്ന ഭാവന
കളെ അകൃത്രിമമായി വർണ്ണിക്കുവാൻ ഇവർക്കേ സാധിച്ചി
ട്ടുള്ളു. ലോകത്തേയും ലോകജീവിതത്തേയുംപററി ഒരു
സ്ത്രീഹൃദയത്തിൻെറ ഭാവനകൾ എന്തൊക്കെയാണെന്നു

മലയാളസാഹിത്യത്തിൽനിന്നറിയുവാൻ ഈ ശ്രീമതിമാരുടെ കാവ്യങ്ങൾ വായിക്കേണ്ടിയിരിക്കുന്നു. അതിൽ പ്രത്യേകിച്ചും, ബാലാമണിയമ്മയുടെ കൃതികൾ പ്രഥമസ്ഥാനത്തു നിൽക്കുന്നുവെന്നു പറയാതെ തരമില്ല.

ശ്രീമതിമാരായ കൃത്താട്ടുകളം മേരി ജോൺ, വിദ്വാൻ മുതുകളം പാർവ്വതിയമ്മ, തോട്ടയ്ക്കാട്ടു ഭവാനിയമ്മ, വിദ്വാൻ പി. ചെല്ലമ്മ മുതലായ മഹിളാമണികൾ ഇന്നു സാഹിത്യലോകത്തിൽ സുവിദിതരായിക്കഴിഞ്ഞിട്ടുള്ളവരാണ്. വാസനയുടെ ചെല്ലസ്സന്താനങ്ങളും ഭാവനാസമ്പന്നകളുമായ ഇവരുടെ കൃതികളെക്കുറിച്ചു വിസ്തരഭയത്താൽ മറ്റൊന്നും പ്രതിപാദിക്കുവാൻ നിവൃത്തിയില്ലാതെ തീർന്നിരിക്കുന്നു.



അദ്ധ്യായം 19

വിനോദകവനപ്രസ്ഥാനം

ആംഗലഭാഷയിലുള്ള പല സാഹിത്യരീതികളും ഭാഷയിൽ സംക്രമിച്ചുകൊണ്ടാണല്ലോ ഇരിക്കുന്നതു്. അവയിൽ ഒന്നാണ് ഭാഷയിൽ ഇന്നു കാണുന്ന വിനോദകവനങ്ങൾ. എന്നാൽ പാശ്ചാത്യസാഹിത്യസമ്പർക്കം ലഭിക്കുന്നതിനു വളരെക്കാലംമുമ്പുതന്നെ വിനോദാത്മകം പലവിധ പരിഹാസകവനങ്ങൾ മലയാളഭാഷയിൽ ഉണ്ടായിട്ടുണ്ടെന്നും, വിനോദകവനങ്ങൾക്കു ഭാരതീയസാഹിത്യത്തിൽ ഒരു മാന്യസ്ഥാനം നല്കിപ്പോന്നിട്ടുണ്ടെന്നും ഉള്ള വസ്തുത ഈ അവസരത്തിൽ വിസ്മരിച്ചുകൂടാത്തതാകുന്നു. തോലന്റെ വിദൂഷകശ്ലോകങ്ങൾ പ്രസിദ്ധമാണല്ലോ.

> "വെള്ളക്കോപ്പുകിടാചെറീ—യ്യരമാം നെറ്റക്കമാണായ്യോ
> ചെണ്ണുന്നസ്സുത്തപ്പെണ്ണോ—ത്തമാകാശ ചേറിതം."

എന്നുതുടങ്ങിയ ശ്ലോകങ്ങൾ ഒന്നാന്തരം ഹാസ്യാനുകരണങ്ങളാകുന്നു. കുഞ്ചൻനമ്പ്യാരുടെ പരിഹാസകവനങ്ങൾക്കു സമാനമായ കൃതികൾ ഇതരഭാഷകളിൽപ്പോലും കാണുമോ എന്നു സംശയമാണ്. ഇങ്ങനെ പിന്നോട്ടു നോക്കുമ്പോൾ, പാശ്ചാത്യസാഹിത്യസമ്പർക്കത്തിനു മുമ്പുതന്നെ ഭാഷയിൽ വിനോദരസപ്രധാനമായ കവിതകൾ പലതുമുണ്ടായിട്ടുണ്ടെന്നു കാണാം. എന്നാൽ ഇന്നത്തെ

രീതിയിലുള്ള വിനോദകവനങ്ങളിൽ അധികപക്ഷം പാശ്ചാത്യസാഹിത്യസമ്പൎക്കത്താൽ പരിഷ്കൃതമായിട്ടുള്ളതാണെന്നുമാത്രമേ മേല്പറഞ്ഞതിനൎത്ഥമുള്ളു.

മനുഷ്യൻ എല്ലായ്പോഴും വിനോദോന്മുഖനാണ്. ജീവിതത്തിന്റെ ഏതുഘട്ടത്തിലും വിനോദരസത്തിന്റെ അപരിഹാൎയ്യമായ പ്രേരണ അവനിൽ ഭവിച്ചുകൊണ്ടു ഇരിക്കുന്നു. മനുഷ്യമനസ്സിന്റെ വളൎച്ചയും സംസ്കാരവും അനുസരിച്ച് അതിനു വ്യത്യാസം ഉണ്ടെന്നുമാത്രമേയുള്ളു. ജീവിതസുഖത്തെ വൎദ്ധിപ്പിക്കുന്നതിനെന്നപോലെതന്നെ, ഓരോ സാഹിത്യകാരനും സാഹിത്യലോകത്തിലുള്ള താന്താങ്ങളുടെ നിലയെ ശരിയായി ഗ്രഹിച്ചു പ്രവൎത്തിക്കുന്നതിനും, ഇത്തരം ഹാസ്യാനുകരണങ്ങളും ഹാസ്യകവിതകളും വളരെ പ്രയോജനപ്പെടുന്നു.

'ഇപ്രകാരം നോക്കുന്നതായാൽ, ഈ രസത്തിന്റെ പ്രവൎത്തനം, സ്വാന്ത ദൂഷ്യങ്ങളേയും ശക്തിപരിധികളേയും നമ്മെ ദൃഢീകരിച്ചു മനസ്സിലാക്കി, സാധ്യമെങ്കിൽ അവയെ വിജയാശയോടെ എതിരിടാനും, അല്ലെങ്കിൽ തൃപ്തിയോടെ സഹിപ്പാനും നമുക്കവസരമുണ്ടാക്കിത്തരുന്നു. അതുകൊണ്ടു വ്യക്തിവിദ്വേഷം കൂടാതെയും, അന്യൂന മനഃശല്യം ഉണ്ടാകാത്ത രീതിയിലും, വിനോദരസം സ്വച്ഛന്ദം പ്രവൎത്തിക്കയാണെങ്കിൽ സാമൂഹ്യജീവിതത്തിൽ സന്തോഷവും സമാധാനവും വൎദ്ധിപ്പിക്കുന്നതിനും, വിജ്ഞാനാന്വേഷണത്തിന് അത്യാവശ്യമായ വിനീതമനഃസ്ഥിതിയെ സൃഷ്ടിക്കുന്നതിനും അതു പ്രയോജകീഭവിക്കുമെന്നു നിസ്സംശയം അഭിപ്രായപ്പെടാം.'

ഭാഷയിൽ ചില സാഹിത്യപ്രസ്ഥാനങ്ങളുടെ നിര ങ്കുശമായ പ്രവാഹമുണ്ടായപ്പോഴം അവയെ നിയന്ത്രിക്കുന്നതിന് പരിഹാസപ്രചുരമായ പല കവനങ്ങളും അടുത്ത കാലങ്ങളിലുണ്ടായിട്ടുണ്ട്. നാടകങ്ങളെ നിയന്ത്രിക്കുവാൻ ചക്കീചങ്കരവും, നാലുപേരിലൊരുത്തനും, നോവലുകളെ നിയന്ത്രിക്കുവാൻ പറങ്ങോടീപരിണയവും പ്രത്യക്ഷപ്പെട്ടതുപോലെ മയൂരസന്ദേശത്തെത്തുടർന്ന് തുരുതുരെയുണ്ടായ സന്ദേശകാവ്യങ്ങളെ അപഹസിച്ചുകൊണ്ടു പുറപ്പെട്ടതാണ് ശീവൊള്ളിയുടെ "ദാത്യൂഹസന്ദേശം."

> "മണ്ണിപ്പോതം വഴിയിലധികം കാളവണ്ടിത്തരം നി
> ഷ്കണ്ണത്തീണ്ടും കടവരമ്പത്തിൽ കേറിയാൽ താമസിക്കാം
> വാഴിക്കേറാം വളരെ വഴക്കാതീ പറഞ്ഞാവക്കീ
> കണ്ടാമണ്ടിക്കത്താഴിലൊരു മുഴുക്കമ്പസംബന്ധമേളം."

എന്നിങ്ങനെയുള്ള മാർഗ്ഗനിർദ്ദേശവർണ്ണനകളും,

> "പൂവും പൊൽപ്പൂന്നുണ്ടവുമികളും ചട്ടി പൊരിച്ചി കൂട്ടിൽ—
> ക്കൂട്ടും കിട്ടും കരിക്കു ചിരവ തീ രത്നി ചെമ്മീൻ കിടാവും
> തലിൻകക്കും മുരിങ്ങ കടം കൂട കേമേലിത്തൊട്ടു—
> ക്കേലൊലൊരോട്ടുകൊറിക്ക വളരെ സ്വാദനം സാധു കരണം."

എന്നിങ്ങനെയുള്ള നായികാഗൃഹവർണ്ണനകളും മററും ഗതാനുഗതികന്മാരായ കവികളെക്കൊണ്ടു സ്വകൃത്യത്തിൽ ഒരു സ്വയംപരിശോധന ചെയ്യിക്കുവാൻ ഒട്ടേറെ പ്രേരകമായി ഭവിച്ചിട്ടുണ്ട്.

മഹാകാവ്യങ്ങളുടെ ബാഹുല്യം വർദ്ധിച്ചപ്പോഴും അവയുടെ ചരിതഗതിയെ നിയന്ത്രിക്കുവാൻവേണ്ടി ശ്രീമാൻ കിടങ്ങൂർ കൃഷ്ണവാര്യർ അവർകൾ പ്രസിദ്ധപ്പെടുത്തിയ

ഒരു വിനോദകൃതിയാണ് "കോതാകേളം." തുള്ളൽപ്രസ്ഥാനത്തെ ആലോചനാരഹിതം അനുകരിച്ച്, കവിതയെ ദുഷിപ്പിച്ചുതുടങ്ങിയ കവി കുഞ്ജരന്മാരെ കളിയാക്കുവാൻകൂടി പോരുന്നവിധത്തിൽ വിരചിച്ചിട്ടുള്ള വാര്യരുടെ മറെറാരു കൃതിയാണ് മഹാത്മാഗാന്ധിയുടെ "ദണ്ഡിയാത്ര." പ്രാരംഭത്തിലുള്ള അതിലെ ഈശപ്രസ്തുതി നോക്കുക:—

"നമസ്തേ കൊമ്പടിക്കുന്നോനേ—നമസ്തേ കമ്പവീക്കാരനേ!
നമസ്തേ ഇമ്പിയുള്ളോനേ—നമസ്തേ ശംഖ്ഷൻ മോനേ!
സത്യലോകത്തിനപ്പുറൻ—ഇത്തണിത്താമരപ്പൂവൻ
മർത്ത്യരെഹൃപ്പുറനിക്കൊണ്ട്യ—ഉത്തുകാരനാമവൻ
കെട്ടിയോളം മഹാറാണി—കട്ടിയാറവിയാനൊത്തും....
ചൊട്ടുത്തെൻറ നാവിന്മേൽ—തൊട്ടുതേയ്ക്കാൻ ക്ഷണാമ്മേണം."

ഈവിധത്തിൽ പല പ്രസ്ഥാനങ്ങളുടേയും നിരങ്കുശമായ ഗതിയെ തടുക്കുവാൻ പര്യാപ്തമായ വിധത്തിൽ പല ഹാസകവനങ്ങളും ശ്രീമാൻ വാര്യർ എഴുതിയിട്ടുണ്ട്. മർമ്മമറിഞ്ഞു പരിഹസിക്കുവാൻ വാര്യർ വളരെ സമർത്ഥനാണ്. ഭാഷയിൽ കുറച്ചുകാലംമുമ്പുവരെ ഈ മാർഗ്ഗത്തിൽ അധികമായി വിഹരിച്ചിട്ടുള്ളതും വാര്യർതന്നെയാണ്. അതിനാൽ അദ്ദേഹത്തെ ഹാസസാഹിത്യലോകത്തിലെ അഭിനവതോലൻ എന്നു ബഹുമാനിച്ചുപറയുന്നതിനും വിരോധമുണ്ടെന്നു തോന്നുന്നില്ല.

നെട്ടെല്ലില്ലാതെ ഒരുമാതിരി അയഞ്ഞമട്ടിൽ, ആശയമോ, ഭാവനയോ കൂടാതെ ഭാഷാവൃത്തങ്ങളെ കൈകാര്യം ചെയ്തിരുന്ന പുത്തൻകൂട്ടരെ കണക്കിനു കളിയാക്കുവാൻ പുറപ്പെടുവിച്ചതാണ്, സാഹിത്യപഞ്ചാനനൻെറ

"ഭേകഗാഥ." തവളയെപ്പിടിച്ചു പുളവനെ തല്ലിക്കൊല്ലു
വാൻ ആളുകളെ ക്ഷണിക്കുന്നതാണു് അതിലെ പ്രമേയം.

"അയ്യോ! വരുവിൻ, വരുവിനെല്ലാവരും— കയ്യോടെ കല്ലും തടിയുമായി!"

എന്നു തുടങ്ങുന്ന വർണ്ണന സാഹിത്യരസികന്മാരെ പൊട്ടി
ച്ചിരിപ്പിക്കുകതന്നെ ചെയ്യും.

> "തുഞ്ചനും കുഞ്ചനും വാര്യരുണ്ണായിയും
> സഞ്ചിതാനന്ദരായ് സ്വർഗ്ഗത്തിലേകദാ
> ചഞ്ചലാക്ഷീജനം കാണാതൊരേടത്തു
> കിഞ്ചിൽ സ്ഥിതിചെയ്തു ചൊന്നൊരു വാർത്തകൾ
> പൂഞ്ചാറ്റുമൂലം ഗ്രഹിച്ചതാലോചിച്ചു"

'കവി പ്രതി
പാദിക്കുന്ന ഒരു നേരംപോക്കാണു്. "ഒരു സ്വർഗ്ഗീയസമാ
ഗമം" തുഞ്ചൻ കുഞ്ചൻ ഉണ്ണായി എന്നിവരുടെ കവിതാ
രീതി നിശ്ചയമുള്ളവർ പ്രസ്തുതകൃതി വായിക്കുമ്പോൾ,
സാഹിത്യപഞ്ചാനനന്റെ അനുകരണവൈഭവത്തെ അ
ത്ഭുതാദരപൂർവ്വം കൊണ്ടാടാതിരിക്കുകയില്ല. അത്രമേൽ
തന്മയത്വമുള്ള വിനോദകവിതയാണതു്.

വിമർശകധർമ്മത്തെ വ്യതിചലിപ്പിച്ചു—യഥാർത്ഥവി
മർശനധർമ്മത്തെ വിസ്മരിച്ചു—പുസ്തകത്തിന്റെ പുറം
നോക്കിയും മറ്റും അന്തസ്സാരവിഹീനമായി പുറപ്പെടു
വിക്കുന്ന നിരൂപണങ്ങളെ അപഹസിച്ചുകൊണ്ടുള്ള വി
ശിഷ്ടമായ ഒരു വിനോദകൃതിയാണു് പ്രപഞ്ചാചാര്യരു
ടെ—പ്രൊഫസ്സർ പി. ശങ്കരൻ നമ്പ്യാർ അവർകളുടെ—
"അഭിനവനിരൂപണാദർശം."

> "വിജയം സാക്ഷിനിലോക—വ്യാപാരത്തിൽ കിടക്കുവാൻ
> വിമർശകശ്രേഷ്ഠരാമി—വരന്മാർ താൻ തുനിയുന്നു ..."

'മുഖപ്പൂത്തം—പൂർണ്ണനോക്കി—മാനംനോക്കിയുമപ്പിയും
തക്കത്തിലെപ്പറ്റിയും പിന്നെ—പകപോക്കിയനന്തരം'
കടംപോക്കിയിടംപോക്കി—ഇത്ഥം [illegible] നോക്കിയും
എട്ടുപോക്കി, [illegible] നോക്കി—തന്നത്താൻ പൊക്കിയിങ്ങനെ"

പത്തുവിധത്തിലാണ് ഇന്നത്തെ നിരൂപണസ്വഭാവത്തെ തരംതിരിച്ചിരിക്കുന്നത്. പ്രസ്തുതകൃതി സഹൃദയരെ എത്രകണ്ടു ചിരിപ്പിക്കയും ചിന്തിപ്പിക്കയും ചെയ്യുന്ന ഒന്നാണെന്നുള്ളത് ആധുനിക നിരൂപണസമ്പ്രദായം സ്വല്പമെങ്കിലും നിശ്ചയമുള്ളവരോടു വിവരിക്കേണ്ടതില്ല.

നമ്പ്യാരവർകളുടെ "അഭിനവകാവ്യാമൃത്"വും ഇതിൽനിന്ന് അധികം ഭിന്നമല്ല. അതിലെ നാന്ദീശ്ലോകമാണിത്:-

"നാലുപാലിതു [illegible] ലാകം [illegible]
ടെന്നിസ്കോർട്ടിൽ [illegible] പൂവല്ലരി [illegible]
ശീമക്കുതിരകളുടെമേൽ കയറിയിരുന്ന [illegible] ഹാ!
സ്വാതന്ത്ര്യപ്രകടം പിത്തപാട്ടുകൾ പൊഴിക്കും കേരളീം [illegible]."

പത്രപ്രവർത്തനത്തിന്റെ അധഃപതനിലയെ അപഹസിക്കുവാൻ "അച്യുതസ്വാമി" ഈയിടെ പുറപ്പെടുവിച്ചിട്ടുള്ള ഒരു സരസകൃതിയത്രെ "പത്രമീമാംസ." അതിൽ, പത്രഭാഷയെപ്പററി പ്രതിപാദിക്കുന്നിടത്തെ രണ്ടു മൂന്നു പദ്യംമാത്രം ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു:-

"പത്രഭാഷയ്ക്കു സാഹിത്യ—മര്യാദയൊന്നും വേണ്ടപോലെ
[illegible] സാ—[illegible] പതിതപദം.
അച്ചടിപ്പുകാർ തോന്നിടും [illegible]—[illegible] പത്രപംക്തിയിൽ
കോത ചൊല്ലുന്ന വാക്കൊക്കെ—ശീതമാമെന്ന ചൊല്ലുപോൽ
പത്രഭാഷയ്ക്കുള്ള ശുദ്ധി—[illegible] നിശ്ചയിക്കണം;
[illegible]—[illegible] ചെയ്യുന്നു."

നമ്പ്യാരവർകളുടെ കൃതികൾ പണ്ഡിതോചിതമാക യാൽ, പ്രൗഢജനങ്ങളെയാണു് അവ കൂടുതൽ രസിപ്പിക്കുന്നതെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

ഈ ഇനത്തിൽ പ്രാധാന്യമർഹിക്കുന്ന വേറൊരു കൃതിയാണു് സീതാരാമന്റെ "നിഴലും വെളിച്ചവും." അതിലെ ഹാസ്യാനുകരണങ്ങൾ ഒരോന്നും ആരെയും മന്ദഹസിപ്പിക്കുവാൻ പോരുന്നതുതന്നെ. കവിത എന്നാൽ എന്തു്? എന്ന ചോദ്യത്തിനു് ഓരോ കവികളിൽനിന്നും ലഭിക്കാവുന്ന മറുപടിയാണു് താഴെ ചേർന്നതു്:—

"മാറാപ്പേറ്റിയ ഭിക്ഷുവിന്റെ പുലരിത്തുള്ളുന്ന ഗാനത്തിലും,
പാറാക്കാരുടെ ശോകത്തിലും, പതിതർ ചൊല്ലീടുന്ന ശൈത്യത്തിലും,
ക്രൂരന്മാരുടെ നോക്കിലും ജനനിതൻ നീളും മിഴിക്കോണിലും,
മാറാതങ്ങിനെ കണ്ടിടുന്നു കവിതേ നിൻ ചാരുരൂപത്തെ ഞാൻ."

(വള്ളത്തോൾ)

"ഉദ്വേലസാരശിക്ഷിതമന്ദപവിത്രമേറെ—
യുല്ലാസദായനിരസാദികളാൽ പ്രഫുല്ലം
കല്ലോലിതാശയചമൽകൃതിയുക്തമേവം
ചൊല്ലേതുമേകവിത, സര്വ്വകലാമന്യം."

(വടക്കുംകൂർ)

"അരുളിമാതാവു പാമ്പിൻവാക്കു കേട്ടന്നക്കല—
മേദനോദ്യാനത്തിൽ വിലക്കപ്പെട്ട പഴം
തിന്നുപോയ്; അന്നാരംഭിച്ചതിക്കവിതയുതന്നി—
ങ്ങെന്നാലോ പൂജിനടം കൈവിട്ടുപോയീതാനും."

(കുട്ടമത്തം)

വള്ളത്തോൾ പ്രഭൃതികളുടെ കവിതാരീതി നിശ്ചയമുള്ളവരെ ഈ അനുകരണങ്ങൾ എത്രമേൽ ആമോദിപ്പിക്കു

മെന്നു പറഞ്ഞറിയിക്കുവാൻ പ്രയാസം. പ്രസ്തുതകൃതിയിലെ, 'അമ്പാടിയിൽ ചെല്ലുന്ന അക്രൂരൻ,' 'കന്യാകുമാരിയിലെ സൂര്യോദയം' 'നോഹയുടെ കപ്പൽ' എന്നിവ ഹാസ്യാനുകരണത്തിന് (Parodies) ഉത്തമനിദർശനങ്ങളാകുന്നു.

ശ്രീമാൻ പട്ടമന കൊച്ചുണ്ണിനമ്പൂരിയുടെ ചില കൃതികളെയും ഹാസ്യാനുകരണത്തിന് ഉദാഹരിക്കാവുന്നതാണ്. കന്യാകുമാരിയിലെസൂര്യോദയത്തിന് എതിരായി 'ഗോകർണ്ണത്തിലെ ചന്ദ്രോദയം' എന്ന പേരിൽ അദ്ദേഹം പ്രസിദ്ധപ്പെടുത്തിയിട്ടുള്ള കൃതിയിലെ ചിലവരികൾ നോക്കുക. ചന്ദ്രനെക്കണ്ടിട്ട് കവി ഉല്ലേഖിക്കുകയാണ്:—

വട്ടിയോ കൊട്ടയോ ദേവവാദ്യങ്ങടെ – മൊട്ടക്കഷണ്ടിത്തലയതാണോ,
കോഴിക്കോട്ടെത്തമ്പുരാനവർ വച്ച [illegible] – [illegible],
ഇന്ദ്രാണിയമ്മ [illegible] – നീന്ത [illegible],
കോല്ലൂട്ടിപ്പട്ടിന്റെ കാതിലെത്തോടയോ, – ചക്കപ്പുഴത്തിൻനടുക്കുറിയോ,
കൊച്ചിക്കോവിലകത്തെ തിരുമാസത്തിന്നു – കാച്ചി വിളമ്പിയ പപ്പടമോ.'

വാസ്തവത്തിൽ ഉള്ളൂരിന്റെ ഉല്ലേഖങ്ങളുടെ സമീപത്തു ചെല്ലുവാനുള്ള യോഗ്യത ഇവയ്ക്കില്ലെങ്കിലും സാധാരണന്മാരെ പൊട്ടിച്ചിരിപ്പിക്കുവാൻ ഇതുകൾക്കു ധാരാളം കഴിവുണ്ടെന്നുള്ളതിനു യാതൊരു സംശയവുമില്ല.

മഹാകവി വള്ളത്തോളിന്റെ കൊച്ചുസീതയെ അനുകരിച്ചു ഈ അടുത്തകാലത്തു "വിശ്വരൂപ"ത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒരു ഹാസ്യകൃതിയാണ് "കുഞ്ഞിമാത." കൊച്ചുസീതയിലെ വരികൾ അനുസ്മരിക്കുന്നവർക്കു താഴെ ചേർക്കുന്ന ഭാഗങ്ങൾ അത്യന്തം വിനോദ

പ്രമാദമായിരിക്കുമെന്നു നിർവ്വിവാദം പറയാം. കൊച്ചുസീതയിൽ വൃദ്ധയെ വർണ്ണിച്ചിട്ടുള്ളതിനു പകരം, ഇവിടെ വൃദ്ധനെ വർണ്ണിച്ചിരിക്കയാണ്:–

> "പോരാത്തൻ മാതുലനാകിയ വൃദ്ധനു–
> ണ്ടോരന്യമാറാവതു പള്ളിയറയിൽ
> ഭാവം പകർന്നു മറന്നു കിടക്കുന്നു;
> രാവണൻ കൂട്ടത്തിൽ ചൊല്ലിയപോലവേ."

ഇനി വേറൊരു രംഗം:—

> "ഓരോ, കഥാകേളികളെന്റെ നാടേ! നിന്റെ
> ഭാഗത്തിലുള്ളിലും 'മാനവി'യല്ലോ;
> [illegible]
> [illegible]....."

മാതുലനായ വൃദ്ധൻ കുന്തിമാതയോടു ചെയ്യുന്ന ധർമ്മപ്രസംഗമാണിതു്:–

> "ദേവദാസിമാരാണിവിടെ നിത്യമായ് കൊണ്ടന്ന
> പാവങ്ങൾ, തീരെ [illegible],
> ഇന്നീ ലോകത്തിലുണ്ടായിരുന്നപോ,–
> [illegible]!
> ഇന്നെത്രയോ കാലം [illegible]–
> [illegible];
> മാന്യത കൽപ്പിച്ചാരം സദാചാര–
> മെന്നല്ല അതുപോലും കണ്ടു പോരാളുകൾ!...."

ഇങ്ങനെ രസകരമായ പല ഭാഗങ്ങളും അതിൽനിന്ന് ഉദ്ധരിക്കുവാനുണ്ട്. യഥാർത്ഥത്തിൽ കുന്തിമാത മഹാകവി വള്ളത്തോളിന്റെ കൊച്ചുസീതയിലെ വർണ്ണനകളുടെ മർമ്മം നല്ലപോലെ മനസ്സിലാക്കി എഴുതിയിട്ടുള്ള ഒരു കൃതിയാണ്. കുന്തിമാതയിൽ തൽകർത്താവു് മർമ്മമറി

ഞ്ഞു പരിഹസിക്കുക മാത്രമല്ല, ചിലേടത്തു ശകാരിക്കുക കൂടി ചെയ്തിട്ടില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

മലയാളമനോരമ, നസ്രാണിദീപിക, സത്യനാദം, ശ്രീവാഴുംകോട്, ഭാഷാപോഷിണി, കവനകൗമുദി, കവിതാവല്ലരി, വിദൂഷകൻ, വിനോദകാഹളം, രസികൻ മുതലായ പത്രമാസികകളിൽ പണ്ട് ഒന്നാന്തരം ഹാസകൃതികൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അടുത്തകാലത്തു പുറപ്പെട്ട "സഞ്ജയനി"ലും, അതിനെത്തുടർന്ന് പ്രസിദ്ധപ്പെടുത്തിവരുന്ന "വിശ്വരൂപ"ത്തിലും പ്രശംസാർഹങ്ങളായ പല ഹാസകവനങ്ങളും കണ്ടുവരുന്നുണ്ടെന്നുള്ളതും ഇവിടെ വിസ്മരിക്കത്തക്കതല്ല. പ്രസ്തുത പ്രസിദ്ധീകരണങ്ങളിൽ പദ്യഗദ്യങ്ങൾ രണ്ടുമുണ്ടെന്നുള്ളതും പ്രസ്താവയോഗ്യമാകുന്നു. വിനോദകവനങ്ങൾ എന്നും, എവിടെയും, എല്ലാവരെയും രസിപ്പിക്കുവാൻ പര്യാപ്തമായവതന്നെ. വ്യക്തിവിദ്വേഷം വന്നുകൂടിയാൽ ഇത്തരം പ്രസ്ഥാനങ്ങളുടെ പവിത്രത തീരെ നാമാവശേഷമായിത്തീരുമെന്നുള്ളതിനു സംശയമില്ല. ശകാരിച്ചു കണ്ണുപൊട്ടിക്കുന്നതിലും, കരയിപ്പിക്കുന്നതിലുമല്ല, മർമ്മംനോക്കി പ്രയോഗിച്ചു പ്രതിയോഗിയെക്കൂടി ചിരിപ്പിക്കുന്നതിലാണ് ഹാസകവനങ്ങൾ അവയുടെ വിജയമകുടമണിയുന്നതെന്നുള്ളതു നിരാക്ഷേപമത്രെ. വാസ്തവമാലോചിച്ചാൽ ഹാസകൃതികൾ സംസ്കാരത്തിന്റെ മാറ്റുരച്ചു കാണിക്കുന്ന നികഷോപലങ്ങൾ തന്നെയാണ്. ഭാഷയിൽ ഈ പ്രസ്ഥാനത്തിന് ഇനിയും വേണ്ടത്ര പുഷ്ടിയും പ്രചാരവും സിദ്ധിക്കേണ്ടതായിട്ടുണ്ട്.

അദ്ധ്യായം 20

പ്രത്യവലോകനം

ഭാഷാപദ്യസാഹിത്യത്തിന്റെ അന്നുമുതൽ ഇന്നുവരെയുള്ള പല പരിവർത്തനങ്ങളും സാമാന്യമായി നാം ദർശിച്ചുകഴിഞ്ഞു. കൈരളീകാവ്യകന്യക 'മാവാരതം കാളി തച്ചൊള്ളിതോററം' തുടങ്ങിയ പേശലഗാനങ്ങൾ പാടിക്കൊണ്ടിരുന്ന ആദ്യഘട്ടത്തിലാണ് സംസ്കൃതവരനുമായി അടുത്തു് ബന്ധവും സംബന്ധവും ആചരിക്കുവാനാരംഭിച്ചതു്. അന്നത്തെ സംസ്കൃതസാഹിത്യം രാജാക്കന്മാർക്കും പ്രഭുക്കന്മാർക്കും വിധേയമായിത്തന്നെ വികസിച്ചുപോന്നു. സുഖലോലുപന്മാരായ ചില പ്രഭുക്കന്മാരേയും രാജാക്കന്മാരേയും സേവിച്ചുകൊണ്ടാണ് അക്കാലത്തെ ഭൂരിപക്ഷം കവികളും കാവ്യനിർമ്മാണം ചെയ്തിരുന്നതും. രാജധാനികളിലെ മൃഷ്ടാന്നഭുക്തിയും കഴിഞ്ഞു മണ്ഡപത്തിൽ എത്തി സ്വൈരവിഹാരം ചെയ്യുന്ന രാജാക്കന്മാരെ, പാർശ്വവർത്തികളായ കവികൾ രംഗംനോക്കി ചൊല്ലി സമ്മോദിപ്പിക്കുവാൻ തുടങ്ങിയതിൽ അത്ഭുതപ്പെടുവാനില്ലല്ലൊ.

'ദീപസ്തംഭം മഹാശ്ചര്യം– നമുക്കും കിട്ടണം പണം'

എന്നുള്ള ആദർശമനുസരിച്ച് ആശ്രിതന്മാരായ കവികൾ തങ്ങളുടെ ആശ്രയീഭൂതന്മാരായ പ്രഭുക്കന്മാരുടെ മനോഗതികളനുസരണമായി കാവ്യദേവതയെ ആരാധിക്കുവാനും ആരംഭിച്ചു. അക്കാലത്തെ പ്രഭുക്കന്മാരും,

രാജാക്കന്മാരും 'അക്ഷരലക്ഷം'കൊണ്ടും മററും സമ്മാനിക്കയും, സന്തോഷിപ്പിക്കയും ചെയ്തുവന്നതും ഇത്തരം കവികളെത്തന്നെയാണു്. അനുകരണപ്രസക്തി ഭാരതീയ കവികൾക്കുള്ളതുപോലെ മററാക്കുമില്ലല്ലൊ. പില്ക്കാലത്തെ കവിപരമ്പര, ആ പൂർവ്വസമ്പ്രദായത്തെത്തന്നെ കണ്ണടച്ചു് അനുകരിച്ചുവന്നതുകൊണ്ടു് ഈ ദുസ്ഥിതി ഏറെനാളും നീണ്ടുനിന്നു. സമുദായസോപാനത്തിന്റെ ഉന്നതപടിയിൽ സ്ഥിതിചെയ്തിരുന്ന ന്യൂനപക്ഷക്കാരായ പ്രഭുക്കന്മാർ സമയംപോക്കാനുദ്ദേശിച്ചു കവിതകൾ നിർമ്മിച്ചുകൊണ്ടിരുന്ന കവികൾ, ഭൂരിപക്ഷബഹുജനത്തിന്റെ വികാരങ്ങളോ, ചിന്താഗതികളോ എന്തെന്നറിയുവാൻ തീരെ ശക്തരായിരുന്നില്ല; അതിനുള്ള പരിചയമൊ സാഹചര്യമോ അവർ ലവലേശം സിദ്ധിച്ചിരുന്നതുമില്ല. അതിനാൽ പ്രഭുലോകപരിധിയിൽ മാത്രം ജീവിച്ചിരുന്ന അവർ പ്രഭുക്കന്മാരുടെ സുഖലോലുപമായ ജീവിതവ്യവഹാരങ്ങൾ മാത്രമേ ചിത്രീകരിച്ചിരുന്നുള്ളു.

ഭാരതീയസാഹിത്യത്തെയും സാഹിത്യകാരന്മാരെയും സർവ്വപ്രകാരേണയും അനുകരിച്ചുപോന്നിട്ടുള്ള കേരളീയ സാഹിത്യത്തിന്റെയും, സാഹിത്യകാരന്മാരുടെയും സ്ഥിതിയും മേല്പറഞ്ഞതിൽനിന്നു ഭിന്നമല്ല. ഉണ്ണുനീലീസന്ദേശം, ചന്ദ്രോത്സവം മുതലായ കൃതികളിൽ കാണുന്ന വർണ്ണനകൾ, അക്കാലത്തെ പ്രഭുസമുദായത്തിന്റെ ജീവിതരീതിയെത്തന്നെയാണു മിക്കവാറും പ്രതിഫലിപ്പിക്കുന്നതു്. ചമ്പുക്കൾ, ആട്ടക്കഥകൾ, മഹാകാവ്യങ്ങൾ മുതലായ സാഹിത്യപ്രസ്ഥാനങ്ങളിൽ കാണുന്നതും പ്രഭുജീവിതത്തിന്റെ ചില നിഴലുകൾ മാത്രമാണു്. ഭക്തനായ

എഴുത്തച്ഛൻ ബാഹ്യലോകത്തുനിന്നു് അല്പം ഒഴിഞ്ഞു്, വ്യാസാദികളെമാത്രം അനുകരിക്കയാൽ ആദർശപരമായ ഒരു സാഹിത്യം നിർമ്മിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. 'സാഹിത്യലക്ഷ്മിയെ പൊട്ടിച്ചിരിപ്പിച്ച' സൎവ്വതന്ത്രസ്വതന്ത്രനായ നമ്പ്യാരാകട്ടെ, സമുദായപരിഷ്കരണാൎത്ഥം പുരാണകഥാവ്യാജേന വസ്തുസ്ഥിതികളെ നിശിതമായി വ്യാഖ്യാനിക്കുകയും, ചിത്രണം ചെയ്യുകയും ചെയ്തു. ഈ രണ്ടു മഹാകവികളുടെ കാവ്യങ്ങൾ ഒഴിച്ചാൽ കേരളീയസാഹിത്യത്തിൽ, അടുത്തകാലംവരെ പറയത്തക്ക ഉത്തമകൃതികൾ ഉണ്ടായിട്ടില്ലെന്നുതന്നെ പറയാം. അപ്പ്രാചീനകാലത്തു ജീവിച്ചിരുന്ന വെണ്മണിപ്രഭൃതികളാകട്ടെ, പ്രഭുസേവകന്മാരായിരുന്നതുകൊണ്ടും, അന്നത്തെ പരിതഃസ്ഥിതികൾക്കു വശംവദന്മാരായി വൎത്തിച്ചിരുന്നതുകൊണ്ടും 'കല കലയ്ക്കുവേണ്ടി' എന്ന ആദർശത്തിനു തന്നെയാണു പ്രാമുഖ്യം നല്കിയിരുന്നതു്. സ്ഥിതിഗതികൾ ഈ മട്ടിൽ കലാശിച്ചിരുന്ന ഒരു ഘട്ടത്തിലാണു് ആധുനികവിദ്യാഭ്യാസത്തിന്റെ ഫലമായി ഭാരതഭൂമിക്കുണ്ടായ ഉണൎവ്വ് കേരളീയരേയും ബാധിച്ചുതുടങ്ങിയതു്. അതോടുകൂടി സാൎവ്വദേശീയവും സാൎവ്വജനീനവുമായ ഉന്നതമനോഭാവങ്ങളെ ഉന്മുഖീകരിച്ചുള്ള ഏതാനും കാവ്യരത്നങ്ങൾ കൈരളീദേവിക്കു് അണിയുവാനുള്ള ഭാഗ്യവും സിദ്ധിച്ചു.

ആരംഭകാലത്തു വെറും വികാരസ്ഫുരണങ്ങൾ മാത്രമായിരുന്ന സാഹിത്യം, പില്ക്കാലത്തു വിചാരപരമായിട്ടുകൂടി വളരുവാൻ തുടങ്ങി. കവിതയുടെ ഉദ്ദേശ്യം ആനന്ദസന്ദായകമാണെന്നുള്ള ആദ്യത്തെ നിലയ്ക്കു മാറ്റംവന്നു്,

കൃത്യാകൃത്യോപദേശമാണെന്നുള്ള വിധിയുണ്ടായതു് ഇതരത്തിലാകുന്നു. മദ്ധ്യയുഗത്തിലെ സാഹിത്യസംരംഭങ്ങൾ — മലയാളത്തിൽ എഴുത്തച്ഛൻകൃതികൾ — ആശയപ്രധാനമായിത്തീരുവാൻ കാരണവും ഇതുതന്നെ. ആനന്ദദായകത്വവും, കൃത്യാകൃത്യോപദേശവും ഉണ്ടായാൽ മാത്രംപോരാ, സമുദായഹൃദയങ്ങളിൽ ഉൽകൃഷ്ടാദർശങ്ങളെയും, ഉൽകൃഷ്ടവികാരങ്ങളെയും ജനിപ്പിക്കുവാനുള്ള ശക്തികൂടി കാവ്യത്തിനുണ്ടായിരിക്കണമെന്ന അഭിപ്രായമാണു് ആധുനികസാഹിത്യനിരൂപകന്മാർക്കുള്ളതു്. വികാരനിർഭരവും തത്വജിജ്ഞാസാഭരിതവുമായ കാവ്യങ്ങൾക്കു മാത്രമേ ഇന്നു ജീവിക്കുവാൻ കഴിയൂ എന്നുള്ള മട്ടായിത്തീർന്നു. വീണപൂവു്, നളിനി, കണ്ണുനീർത്തുള്ളി മുതലായവ ഈ ഘട്ടത്തിൽ ഉണ്ടായിട്ടുള്ള കൃതിരത്നങ്ങളാകുന്നു. സമുദായത്തിന്റെ പുരോഗതിയാണു സാഹിത്യത്തിന്റെ ഉദ്ദേശ്യത്തിൽ വരുത്തിയിട്ടുള്ള ഈ മാററത്തിനും കാരണമെന്നു പറയേണ്ടതില്ലല്ലോ. സമുദായപുരോഗമനം സാഹിത്യത്തെയും, സാഹിത്യപുരോഗമനം സമുദായത്തെയും, പരസ്പരം എന്നും ആശ്ലേഷിച്ചുകൊണ്ടിരിക്കുമെന്നുള്ളതു നിസ്സംശയമാകുന്നു. ദേശാഭിമാനം, സമത്വം, സമസൃഷ്ടിസ്നേഹം മുതലായ ഉൽകൃഷ്ടവികാരങ്ങളെ ജനതാഹൃദയത്തിൽ ജനിപ്പിക്കുവാൻ പര്യാപ്തമായ കവിതകളെ ഇന്നു് ഏററവും പൂജനീയമായിരിക്കുന്നുള്ളു. ഈ വിഷയത്തിൽ, കുമാരനാശാൻ, വള്ളത്തോൾ, ഉള്ളൂർ മുതലായ കവീശ്വരന്മാർ അവരുടെ ഖണ്ഡകാവ്യങ്ങൾവഴി കേരളീയരിൽ അഭിനവമായ ഒരു പ്രബുദ്ധത ഉളവാക്കിയിട്ടുണ്ടു്.

ഭാഷാപദ്യസാഹിത്യതരുവിന്റെ ഓരോ ശാഖയിലും ആരംഭംമുതൽ ഓരോ കവികോകിലങ്ങൾ കയറിയിരുന്നു കളകൂജനം ചെയ്തു സഹൃദയലോകത്തെ ഇന്നുവരെ ഓരോ പ്രകാരത്തിൽ സുഖിപ്പിച്ചുകൊണ്ടുതന്നെയാണു പോന്നിട്ടുള്ളതു്. എന്നാൽ അതിന്റെ വളൎച്ച ഇനിയും നിലച്ചിട്ടില്ല. പല ശാഖകളും പൊട്ടിപ്പൊടിക്കേണ്ടതായും, പുഷ്ടിപ്പെടേണ്ടതായിട്ടുമുണ്ടു്. ശബ്ദാലങ്കാരാദികാൎയ്യങ്ങളിൽ സംസ്കൃതസാഹിത്യവും, അഭിനവാദൎശാദികളിൽ ആംഗലസാഹിത്യവും, ഇപ്പോൾ ഹിന്ദിയും വംഗസാഹിത്യവും കൈരളീദേവിയെ സൎവ്വപ്രകാരേണയും സഹായിച്ചുകൊണ്ടിരിക്കയാണു്. ഈ സ്ഥിതി ഭാഷാകവിതയുടെ ഭാസുരമായ ഭാവിയെയാണു വിളംബരം ചെയ്യുന്നതെന്നുള്ളതിനു സംശയമില്ല. തന്നെയുമല്ല, കാവ്യോദ്യാനത്തിൽ യത്നിക്കുവാൻ ഉദ്യുക്തരായിട്ടുള്ള യുവകവികളുടേയും, കവയിത്രികളുടേയും എണ്ണം നമുക്കിന്നു് അഭിമാനിക്കത്തക്കവിധത്തിലുമുണ്ടു്. അവരുടെ പ്രയത്നഫലം ഒട്ടൊക്കെ വെളിപ്പെട്ടുവരുന്നുമുണ്ടു്. നാതിദൂരമായ ഭാവിയിൽ ഭാഷാകാവ്യകല്പതരുവിന്റെ സകലശാഖകളും അഭികാമ്യമായി തഴച്ചുവളൎന്നു് അതു പൂൎണ്ണഫലോപനമ്രമായിത്തീരുമെന്നും നമുക്കു വിശ്വസിക്കാം. പക്ഷേ, ഒന്നുമാത്രം: വികാരം, വിചാരം, ഭാവന ഇവയുടെ മൂൎത്തീകരണമാണു് ഉത്തമസാഹിത്യം. യാഥാൎത്ഥ്യത്തിന്റെ പേരിൽ ഇന്നത്തെ പ്രശ്നങ്ങളെ – ദയനീയസ്ഥിതികളെ – ചിത്രീകരിക്കുന്നവർ മേല്പറഞ്ഞ തത്വം പലപ്പോഴും വിസ്മരിച്ചുകാണുന്നതു ശോചനീയമായിരിക്കുന്നു. സാഹിത്യത്തിനു സഹജമായുള്ള സൗന്ദൎയ്യബോധം സാഫല്യവും കളയാ

ത്ത ഭാവനയുടെ സഹായത്തോടുകൂടി വസ്തുസ്ഥിതികളെ ഉത്തമരൂപത്തിൽ വർണ്ണിച്ചു ഫലിപ്പിക്കുവാനാണു യത്നിക്കേണ്ടതു്. അപ്പോഴും, കവിത, ഏതു പ്രസ്ഥാനത്തിലുള്ളതായാലും വിരോധമില്ല, അതു് ഹൃദയൈകമയിയായി, സജീവമായി, സൽപ്രേരകമായിത്തീർന്നു്, മർത്ത്യസമുദായത്തെ സദാ മുന്നോട്ടു നയിച്ചുകൊള്ളും.

'പ്രഭാവഭരമാർന്നിടും പ്രകൃതിദേവിതൻ പാവന-
പ്രഭാവലയമൊക്കെയും പ്രതിഫലിച്ചു കാണുന്നതായ്
സ്വഭാവമധുരോജ്ജ്വലത്കവനമാം മഹാദർപ്പണം
ശുഭാർത്ഥികൾ നിർമ്മിക്ക ഭൂതലമിതാകെ നേടും ദ്രുതം.'



ശുഭം

ശുദ്ധിപത്രം

പുറം	വരി	അശുദ്ധം	ശുദ്ധം
11	8	[illegible]	[illegible]
20	20	[illegible]	[illegible]
20	26	[illegible]	[illegible]
32	25	[illegible]	[illegible]
35	22	[illegible]	[illegible]
49	19	[illegible]	[illegible]
49	24	[illegible]	[illegible]
51	16	[illegible]	[illegible]
56	10	[illegible]	[illegible]
60	10	[illegible]	[illegible]
61	19	[illegible]	[illegible]
62–240	8–16	[illegible]	[illegible]
63	7	[illegible]	[illegible]
63	12	[illegible]	[illegible]
64–289	3–6	[illegible]	[illegible]
65	12	[illegible]	[illegible]
65	25	[illegible]	[illegible]
66	2	[illegible]	[illegible]
69	5	[illegible]	[illegible]
75	23	[illegible]	[illegible]
79	3	[illegible]	[illegible]
81	2	[illegible]	[illegible]
106	25	[illegible]	[illegible]
107	1	[illegible]	[illegible]
107	8	[illegible]	[illegible]
107	9	[illegible]	[illegible]
113	13	[illegible]	[illegible]

പുറം	വരി	അബദ്ധം	സുബദ്ധം
119	14	മനസ്സസല്ലാപം	മനസ്സല്ലാപം
125	3	കന്യകമറിയ	കന്യകാമറിയ
128	6	ഉപഗ്രന്ഥങ്ങ	ഉപഗ്രന്ഥങ്ങ
141	8	കനകക്കൂലം	കനകാംകൂലം
141	10	[illegible]	[illegible]
143	19	[illegible]	[illegible]
150	17	രചനാരംഗി	രചനാഭംഗി
153	26	വിശത	വിവശത
154	23	[illegible]	[illegible]
165	18	[illegible]	[illegible]
166	8	[illegible]	[illegible]
166	26	രിക്കന്നന്ന	രിക്കന്നവന്ന
168	18	[illegible]	[illegible]
172	4	[illegible]	[illegible]!
178	1	[illegible]	[illegible]
178	12	പകര	പാര
181–82	11–1	മുതലയ	മുതലായവ
183	17	[illegible]	[illegible]
186	19	വിംശതിയ	വിംശതിയില
194	4	[illegible]	[illegible]
194	8	[illegible]	[illegible]
194	12	[illegible]	[illegible]
196	15	നമ്പൂർ	നമ്പ്യാർ
201	3	[illegible]	[illegible]
210	7	മൂലർ	മൂപ്പർ
212	13	ഏകാൻ	ഏകൻ
214	18	[illegible]	[illegible]
221	19	[illegible]	[illegible]
227	6	കലിന	കലിത
229	6	[illegible]	[illegible]
231	23	[illegible]	[illegible]

പുറം	വരി	അശുദ്ധം	ശുദ്ധം
243	3	[illegible]	[illegible]
252	17	[illegible]	[illegible]
253	18	[illegible]	[illegible]
259	26	[illegible]	[illegible]
268	18	[illegible]	[illegible]
268	19	[illegible]	[illegible]
275	14	[illegible]	[illegible]
277	20	[illegible]	[illegible]
278	18	[illegible]	[illegible]
284	23	[illegible]	[illegible]
288	3	[illegible]	[illegible]
391	3	[illegible]	[illegible]
305	20	[illegible]	[illegible]
306	14	[illegible]	[illegible]
306	22	[illegible]	[illegible]
312	6	[illegible]	[illegible]
328	23	[illegible]	[illegible]
331	9–10	[illegible]	[illegible]
333	1	[illegible]	[illegible]
336	18	[illegible]	[illegible]
337	9	[illegible]	[illegible]
346	2	[illegible]	[illegible]
348	26	[illegible]	[illegible]
351	18	[illegible]	[illegible]
357	26	[illegible]	[illegible]

[illegible]